*“അവർ ഖുർആനിനെപറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു.”*

*(ഖുർആൻ 4: 82)*

എം.എം. അക്ബർ

# ഖുർആനിന്റെ മൗലികത
## ഭാഗം – 2

നിച്ച് ഓഫ് ട്രൂത്ത്

qur'aninte moulikatha- part II
(malayalam)
author:
m.m. akbar
first edition: december 2002
publishers:
niche of truth,
kalabhavan road,
kochi-18.
cover page:
yoonus.k.k
type setting:
creative media
printing:
screen offset, cochin-18

**Rs: 120**

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് -നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത്.

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

ഡയറക്ടർ

# വായനക്കു മുമ്പ്

സർവശക്തന് സർവസ്തുതികളും!

'ഖുർആനിന്റെ മൗലികത'യുടെ രണ്ടാം ഭാഗമാണ് നിങ്ങളുടെ കൈകളിൽ. ഈ ഗ്രന്ഥം വായനക്കാർക്കു മുമ്പിൽ സമർപ്പിക്കുമ്പോൾ ഏറെ ആശങ്കകളുണ്ട്. സർവശക്തനോടുള്ള പ്രാർഥന മാത്രമാണ് ആശങ്കകളിൽ നിന്ന് ആശ്വാസം നേടുവാനുള്ള മാർഗം. 'നാഥാ... നീ ഈ പുസ്തകത്തിലെ അബദ്ധങ്ങൾ പൊറുത്തുതരികയും ആളുകൾക്ക് നേർവഴി കാണിക്കുവാൻ വേണ്ടി മാത്രം ഇത് പ്രയോജനപ്പെടുത്തുകയും ചെയ്യേണമേ...' (ആമീൻ)

'ഖുർആനിന്റെ മൗലികത' - കുറെ നാളുകളായി മനസ്സിൽ കൊണ്ടു നടന്ന ആശയം. ഖുർആനിനെതിരെ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന വിമർശനങ്ങൾ ക്രോഡീകരിച്ച് അവയ്ക്കെല്ലാം മറുപടി പറയുന്ന ഒരു കൃതി വേണം. സത്യാന്വേഷികൾക്ക് വിമർശനങ്ങളെക്കുറിച്ച യഥാർഥ വെളിച്ചം ലഭിക്കുവാനും പ്രബോധകർക്ക് ഒരു ഗൈഡായിത്തീരാനും കഴിയുന്ന ഒരു രചന. കുറേ ചിന്തിച്ചു. പഠിക്കാൻ ശ്രമിച്ചു. വിമർശന ഗ്രന്ഥങ്ങൾ വായിച്ചു. പണ്ഡിതന്മാരുമായി ചർച്ച ചെയ്തു. അങ്ങനെയാണ് 'ഖുർആനിന്റെ മൗലികത'യുടെ ഒന്നാം ഭാഗം രണ്ടു വർഷങ്ങൾക്കുമുമ്പ് പുറത്തിറങ്ങിയത്. അതു പുറത്തിറങ്ങുമ്പോൾ ഏറെ ആശങ്കകളുണ്ടായിരുന്നു. മത പണ്ഡിതനല്ലാത്ത ഒരാൾ ഖുർആനിനെതിരെയുള്ള വിമർശനങ്ങൾക്ക് മറുപടി പറഞ്ഞാൽ എത്രത്തോളം ശരിയാവുമെന്ന ആശങ്ക. പല പണ്ഡിതന്മാരുടെയും സഹായത്തോടെയാണ് പ്രസ്തുത ഗ്രന്ഥം പൂർത്തിയാക്കിയത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒന്നാം ഭാഗത്തിന് വമ്പിച്ച സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം പതിപ്പ് പ്രസിദ്ധീകരിക്കപ്പെട്ട് ഒരു മാസത്തിനകംതന്നെ കോപ്പികൾ തീർന്നുപോയി. ഇപ്പോൾ മൂന്നാമത്തെ പതിപ്പാണ് വിപണിയിലുള്ളത്. പുസ്തകത്തിന്റെ ഒന്നാം ഭാഗം പ്രസിദ്ധീകരിക്കപ്പെട്ടിട്ട് രണ്ടു വർഷം കഴിഞ്ഞു. ഈ കാലയളവിന്നുള്ളിൽ ഇസ്‌ലാമിനെതിരെ ഇൻറർനെറ്റിലൂടെ വന്നുകൊണ്ടിരിക്കുന്ന വിമർശനങ്ങളാണ് പ്രധാനമായും പഠനവിധേയമാക്കുവാൻ ശ്രമിച്ചത്. ഇസ്‌ലാമിനെ വിമർശിക്കുവാനായി മാത്രം ഒട്ടനവധി വെബ്സൈറ്റുകളുണ്ട്. ഇസ്‌ലാമിന്റെയും ഖുർആനിന്റെയും മുഖം മൂടിയണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന വിവരസാങ്കേതിക വിദ്യയുടെ വലകൾ! അവയിലൂടെ പുതിയ പുതിയ വിമർശനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിനെ വിമർശിക്കുന്നതെങ്ങനെയെന്ന് ഗവേഷണത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച 'ബുദ്ധിജീവി'കളാണ് ഇവക്കു മുന്നിൽ. ഖുർആനിൽ വൈരുധ്യങ്ങളുണ്ടെന്നും ചരിത്രപരമായ അബദ്ധങ്ങൾ നിരവധിയുണ്ടെന്നും സ്ഥാപിക്കാൻ ശ്രമിക്കുന്ന സൈറ്റുകൾ സാധാരണക്കാരിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുമെന്നതിൽ സംശയമൊന്നുമില്ല. ഓരോ വിമർശനങ്ങളെയും അപഗ്രഥിച്ചു മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോഴാണ് ഖുർആനിന്റെ ഉജ്ജ്വല പ്രകാശത്തിനു മുമ്പിൽ വിമർശനങ്ങളെല്ലാം കരിഞ്ഞുവീഴുമെന്ന വസ്തുത നമുക്ക് ബോധ്യമാവുക.

ഖുർആനിനെതിരെയുള്ള വൈരുധ്യാരോപണങ്ങളും ചരിത്രപരമായ അബദ്ധാരോപണങ്ങളുമാണ് ഈ രണ്ടാം ഭാഗത്തിൽ പ്രധാനമായും ചർച്ച ചെയ്തിരിക്കുന്നത്. ഇത്തരം വിമർശനങ്ങളുടെ അകക്കാമ്പിലേക്ക് ഇറങ്ങിച്ചെന്ന് പരിശോധിക്കുകയും അവയുടെ ഭൂമികയിൽ വെച്ചുതന്നെ മറുപടി കണ്ടെത്തുകയും ചെയ്യുന്ന രീതിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വിമർശകരുടെ കൈവശമുള്ള പ്രമാണങ്ങളെക്കുറിച്ച അപഗ്രഥനംകൂടി വിമർശനങ്ങൾക്ക് മറുപടി പറയുന്നതിൻെറ ഭാഗമായി കടന്നുവരുന്നുണ്ട്. ആരുടെയും പ്രമാണങ്ങളെ വിമർശിക്കുക ഈ പുസ്തകത്തിൻെറ ലക്ഷ്യമല്ലെന്നും ഖുർആനിനെതിരെയുള്ള വിമർശനങ്ങളെക്കുറിച്ച പഠനത്തിൻെറ ഭാഗമായി മാത്രമാണ് പ്രസ്തുത അപഗ്രഥനം കടന്നുവരുന്നതെന്നും അവയെക്കുറിച്ച പൂർണമായ പഠനത്തിന് മറ്റു ഗ്രന്ഥങ്ങളെ ആശ്രയിക്കുകയാണ് വേണ്ടതെന്നും ഉണർത്തുകയാണ്.

ഈ രണ്ടാം ഭാഗത്തിൻെറ രചന ഒരു പ്രത്യേക അനുഭവമായിരുന്നുവെന്ന് പറയാതിരിക്കാൻ വയ്യ. മുമ്പ് ഒരു പുസ്തകത്തിൻെറയും രചനയിൽ ഉണ്ടായിട്ടില്ലാത്ത അനുഭവം. ഓരോ വിഷയങ്ങൾ പഠനത്തിന് വിധേയമാക്കുമ്പോഴും ഖുർആനിൻെറ ദൈവികത കൂടുതൽ ഉജ്ജ്വലമായി തിളങ്ങുന്നതായുള്ള അനുഭവം. വിമർശനങ്ങൾ കാണുമ്പോൾ ഇതിന് മറുപടി പറയാൻ കഴിയില്ലേയെന്ന് തോന്നും അത്രക്കും സമർഥമായാണ് വിമർശനങ്ങളെല്ലാം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. എല്ലാ തെളിവുകളും ഖുർആനിനെതിരെയാണെന്ന് തോന്നും വിമർശകരുടെ സമർഥനം കണ്ടൽ. എന്നാൽ പ്രസ്തുത വിമർശനങ്ങളെ അപഗ്രഥിക്കുകയും ഖുർആനിൻെറയും സുന്നത്തിൻെറയും മാർഗത്തിലൂടെ അവയ്ക്കുള്ള മറുപടി ചികയുകയും ചെയ്യുമ്പോൾ ഖുർആനിൻെറ അപ്രമാദിത്വവും ദൈവികതയും കൂടുതൽ കൂടുതൽ ബോധ്യപ്പെടുന്ന അനുഭവം. അത് വല്ലാത്തൊരു അനുഭവമാണ്. പറഞ്ഞറിയിക്കാൻ കഴിയാത്ത അനുഭവം. ഈ ഗ്രന്ഥത്തിൻെറ രചനയിൽ നിന്നു മാത്രമേ പ്രസ്തുത അനുഭവം ഇത്ര തീവ്രമായി അനുഭവിക്കുവാൻ എനിക്ക് അവസരമുണ്ടായിട്ടുള്ളൂ എന്നതാണ് വാസ്തവം.

അല്ലാഹുവിന് സ്തുതി!

ഈ ഭാഗം രചിക്കാൻ എന്നെ പ്രധാനമായും സഹായിച്ചത് ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയാണ്. അദ്ദേഹത്തോടുള്ള കടപ്പാട് അക്ഷരങ്ങളിലൊതുങ്ങുന്നതല്ല. അദ്ദേഹത്തിന് അല്ലാഹു അനുഗ്രഹങ്ങൾ നൽകുകയും പരിശുദ്ധ മതത്തെ സേവിക്കുവാൻ ആരോഗ്യവും ആയുസ്സും നൽകുകയും ചെയ്യട്ടെ (ആമീൻ).

എന്നെ ദീൻ പഠിക്കാൻ പ്രേരിപ്പിച്ച; പ്രബോധന രംഗത്തേക്ക് കൈപിടിച്ച് നടത്തി ക്കൊണ്ടുപോയ എന്റെ ഉപ്പ - മേലേവീട്ടിൽ അബ്ദുറഹ്മാൻ- നാഥാ നിന്റെയടു ത്തെത്തിക്കഴിഞ്ഞ എന്റെ ഉപ്പാക്ക് നീ സ്വർഗം നൽകി ആദരിക്കേണമേ (ആമീൻ).

നാഥാ.... ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**എം.എം. അക്ബർ**

# താളുകളിൽ

## I ഖുർആനും വൈരുധ്യങ്ങളും 23

1. വൈരുധ്യങ്ങളൊന്നും ഉൾക്കൊള്ളുന്നില്ലെന്നത് ഖുർആനിന്റെ അമാനുഷികതയ്ക്കുള്ള തെളിവാകുന്നതെങ്ങനെയാണ്?
2. ഇസ്‌ലാം വിമർശകൻമാർ ഖുർആനിൽ ചില വൈരുധ്യങ്ങൾ ആരോപിക്കാറുണ്ടല്ലോ. ഇവയുടെ നിജസ്ഥിതിയെന്താണ്?
3. യേശുവിന്റെ ജനനത്തെകുറിച്ച് മര്യത്തോട് സന്തോഷവാർത്തയറിയച്ചത് മലക്കുകൾ ആണെന്ന് ഖുർആനിൽ 3:45ലും,എന്നാൽ ഒരു മലക്ക് മാത്രമാണെന്ന് 19:17-21ലും പറയുന്നുണ്ടല്ലോ. ഇത് വ്യക്തമായ വൈരുധ്യമല്ലേ?
4. അല്ലാഹുവിന്റെയടുക്കൽ ദിവസത്തിന്റെ അളവ് ഭൂമിയിലെ ആയിരം വർഷങ്ങൾക്കു തുല്യമാണെന്ന് ഖുർആൻ 22:47, 32:5ലും പറയുമ്പോൾ അമ്പതിനായിരം വർഷങ്ങൾക്ക് തുല്യമാണെന്ന് 70:4ലും പറയുന്നുണ്ടല്ലോ, ഇത് വ്യക്തമായ വൈരുധ്യമല്ലേ?
5. പരലോകത്ത് എത്ര സ്വർഗ്ഗമാണുള്ളത്? ഖുർആനിലെ ചില സൂക്തങ്ങളിൽ ഒരു സ്വർഗ്ഗമെന്നും (ഉദാ: 39:73, 41:30, 57:21, 79:41) മറ്റു ചിലവയിൽ ധാരാളം സ്വർഗ്ഗങ്ങളെന്നും (ഉദാ: 18:31, 22:23, 35:33, 78:32) പരാമർശിച്ചിട്ടുണ്ടല്ലോ. ഇത് വൈരുധ്യമല്ലേ?
6. പരലോകത്തെ മനുഷ്യരെ രണ്ടു വിഭാഗങ്ങളാക്കി തിരിക്കുമെന്ന് (90:17-20,99:6-8)ലും അങ്ങനെ മറ്റ് പല സൂക്തങ്ങളിലും പറയുന്നതിന് വിരുദ്ധമായി മൂന്ന് വിഭാഗങ്ങളാക്കുമെന്ന് (56:7)ൽ പ്രസ്താവിക്കുന്നുണ്ടല്ലോ. എന്താണ് ഇതിനുള്ള വിശദീകരണം?
7. മനുഷ്യൻ മരണപ്പെടുമ്പോൾ അവന്റെ ആത്മാവ് പിടിക്കുന്നത് മരണത്തിന്റെ മാലാഖയാണെന്ന് 32:11ലും മാലാഖമാരാണെന്ന് 47:27ലും അല്ലാഹു തന്നെയാണെന്ന് 39:42 ലും പറയുന്നുണ്ടല്ലോ. ഈ സൂക്തങ്ങളിൽ വ്യക്തമായ വൈരുധ്യമില്ലേ?
8. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ആറ് ദിവസം കൊണ്ടാണെന്ന് ഖുർആനിൽ പല തവണ പറയുന്നുണ്ട്. (ഉദാ:7:54,10:3,11:7,25:59). എന്നാൽ 41:9-12 സൂക്തങ്ങളിലെ സൃഷ്ടിവിവരണ പ്രകാരം എട്ട് ദിവസം കൊണ്ടാണ് പ്രപഞ്ചസൃഷ്ടി നടന്നതെന്നാണ് മനസ്സിലാവുന്നത്. ഇത് വ്യക്തമായ വൈരുധ്യമല്ലേ?

9. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടത് ആറു ദിവസങ്ങളിലായിട്ടാണെന്ന് പല സ്ഥല ങ്ങളിലും പറയുന്ന ഖുർആനിൽ തന്നെ അല്ലാഹു ഒരു കാര്യം സൃഷ്ടിക്കാൻ തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുമ്പോഴേക്ക് അതുണ്ടാകുമെന്നും പ്രസ്താ വിക്കുന്നു. ഇത് വൈരുദ്ധ്യമല്ലേ?

10. ആകാശങ്ങളോ ഭൂമിയോ ഏതാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്? ആദ്യം ഭൂമിയാ ണെന്ന് 2:29ലും ആദ്യം ആകാശമാണെന്ന് 79:27 -30ലും പറയുന്നു.ഇത് വൈരു ധ്യമല്ലേ ?

11. ആകാശഭൂമികൾ ഒന്നായിരുന്നുവെന്നും പിന്നീട് അവ വേർപെടുത്തപ്പെട്ടതാ ണെന്നുമുള്ള 21:30 ലെ പരാമർശത്തിന് വിരുദ്ധമായി അവ രണ്ടും വേർപ്പെട്ടവ യായിരുന്നുവെന്നും പിന്നീട് ഒന്നിച്ച് വരികയാണ് ചെയ്തതെന്നുമാണ് 41:11 ൽ പറയുന്നത്. ഇതെങ്ങനെ വിശദീകരിക്കാനാവും ?

12. മനുഷ്യൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്? രക്തക്കട്ടയിൽ നിന്നാ ണെന്നും (96:2) വെള്ളത്തിൽ നിന്നാണെന്നും (21:30, 24:45,25:54) ശബ്ദമുണ്ടാ ക്കുന്ന കളിമണ്ണിൽ നിന്നാണെന്നും(15:26) മണ്ണിൽ നിന്നാണെന്നും (3:59,30:20, 35:11) ഭൂമിയിൽ നിന്നാണെന്നും (11:61) ശുക്ളത്തിൽ നിന്നാണെന്നു (16:4,75:37) മെല്ലാം ഖുർആ നിൽ പറയുന്നുണ്ടല്ലോ. ഇത് വ്യക്തമായ വൈരുധ്യമല്ലേ?

13. അല്ലാഹു സിംഹാസനസ്ഥനാണെന്ന് 57:4ലും പ്രസ്തുത സിംഹാസനം ജലത്തി നുമുകളിലാണെന്ന് 11:7ലും പറയുന്നതിന് വിരുദ്ധമായി 50:16ൽ അവൻ നിങ്ങ ളുടെ ജീവനാഡിയേക്കാൾ അടുത്താണെന്ന് പറയുന്നുണ്ടല്ലോ. ഇത് വൈരുധ്യ മല്ലേ ?

14. തിന്മകളെല്ലാം ചെകുത്താനിൽ നിന്നാണ് ഉണ്ടാകുന്നതെന്ന് 38:41ലും നമ്മിൽ നിന്നുതന്നെയാണെന്ന് 4:79ലും, അല്ലാഹുവിൽ നിന്നാണെന്ന് 4:78 ലും പറയുന്നു. ഇതെല്ലാം ഒരേ പോലെ ശരിയാവുന്നതെങ്ങിനെ?

15. അല്ലാഹു കാരുണ്യത്തെ സ്വന്തത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയെന്ന് പറ യുന്ന ഖുർആൻ സൂക്തത്തിന് (6:12) എതിരല്ലേ അവൻ താൻ ഉദ്ദേശിക്കുന്നവരെ വഴിതെറ്റിക്കുകയും നരകത്തിലിടുകയും ചെയ്യുമെന്ന് പറയുന്ന (ഉദാ 6:35,14:4) സൂക്തങ്ങൾ ?

16. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ആരും പരസ്പരം അന്വേഷിക്കുകയില്ലെന്ന 23:101ലെ പ്രസ്താവനയക്ക് വിരുദ്ധമായി അവിടെ നടക്കുന്ന അന്വേഷണ ങ്ങളെപ്പറ്റി 52:25, 37:27 എന്നീ സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ടത് കാണാം. ഇവയെ എങ്ങനെ വിശദീകരിക്കും?

17. അല്ലാഹുവല്ലാതെ ആരും തന്നെ രക്ഷാധികാരികളായി ഇല്ലെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന ഖുർആൻ വാക്യങ്ങൾ (2:107, 29:22) ക്കെതിരല്ലേ ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ രക്ഷാധികാരികളാ കുന്നു(41:31) വെന്ന് മലക്കുകൾ പറയുമെന്ന് പ്രഖ്യാപിക്കുന്ന ഖുർആൻ വാക്യം?

18. ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിനെ അനുസരിക്കുന്നു (30:26, 3:83) വെന്ന് ഖുർആനിന്റെ അവകാശവാദത്തിനു വിരുദ്ധമായി ചെകുത്താൻ അവ നോട് അനുസരണക്കേട് കാണിച്ചുവെന്ന് ഖുർആനിൽ തന്നെ (7:11,15:28-31, 17:61,20:116, 38:71-74,18:50) പല തവണ പറയുന്നു. മനുഷ്യരുടെ അനുസരണക്കേ ടിനെ കുറിച്ച പരാമർശങ്ങളും എമ്പാടുമുണ്ട്. ഇത് വൈരുധ്യമല്ലേ?

19. ശിർക്ക് എന്ന മഹാപാപം ഒരിക്കലും പൊറുക്കപ്പെടുകയില്ലെന്ന് ഖുർആനിലെ ചില സൂക്തങ്ങളിൽ (4:48, 4:116) വ്യക്തമാക്കുന്നു. ഇതിനു വിരുദ്ധമായി ശിർക്ക് ചെയ്തവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുന്നതായി (4:153,25:68-71) സൂക്തങ്ങ ളിൽ പറയുന്നുണ്ട്. ഇവയെങ്ങനെ പൊരുത്തപ്പെടും?

20. ശിർക്ക് (ബഹുദൈവത്വം) മഹാപാപമാണെന്ന് ഖുർആനിൽ പല തവണ പറ യുന്നുണ്ടല്ലോ. എന്നാൽ, വിശ്വാസികളുടെ നേതാവായി പരിചയപ്പെടുത്തപ്പെ ടുന്ന ഇബ്റാഹീം നബി (അ) ചന്ദ്രനെയും സൂര്യനെയും നക്ഷത്രങ്ങളെയുമെല്ലാം ദൈവമാക്കിയെന്ന് 6:76-78 സൂക്തങ്ങളിൽ പറയുന്നുണ്ട്. ഇബ്റാഹീം ബഹുദൈ വാരാധകനായിരുന്നുവെന്നല്ലേ ഇതിന്നർത്ഥം?

21. ഇസ്‌റാഈല്യർ കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കി അതിനെ ആരാധിക്കുകയും പിന്നീടതിൽ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തതായി ഖുർആനിൽ പറയുന്നു. അവർ പശ്ചാത്തപിച്ചത് എപ്പോഴാണ്? മോശ സീനായിൽ നിന്ന് മടങ്ങുന്നതിന് മുമ്പ് തന്നെ പശ്ചാത്തപിച്ചിട്ടുണ്ടെന്ന് 7:149ൽ പറയുന്നതിന് വിരുദ്ധമായി മടങ്ങി വന്നതിന് ശേഷമാണ് പശ്ചാത്തപിച്ചതെന്നാണ് 20:91 ൽ

22. ഇസ്‌റാഈല്യർ കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കിയ സംഭവവുമായി ബന്ധപ്പെട്ട ഖുർആൻ സൂക്തങ്ങളിൽ പ്രസ്തുത പ്രവർത്തനത്തിൽ ഹാറൂനിന് പങ്കുണ്ടായി രുന്നില്ലെന്ന് പറയുന്ന സൂക്തങ്ങളും (20;85-90) പങ്കുണ്ടായിരുന്നെന്ന് സൂചിപ്പി ക്കുന്ന സൂക്തങ്ങളു (20:92, 7:151)മുണ്ട്. ഇതൊരു വൈരുധ്യമല്ലേ ?

23. യൂനുസ് നബിയെ മത്സ്യം പാഴ് ഭൂമിയിൽ തള്ളിയെന്ന് ഖുർആനിലെ 37:145 വചനത്തിൽ പറയുന്നു. ഇതിൽ നിന്ന് വ്യത്യസ്തമായി പാഴ്ഭൂമിയിൽ അദ്ദേഹം തള്ളപ്പെട്ടിട്ടില്ലെന്ന രീതിയിലാണ് 68:49ൽ പരാമർശിച്ചിരിക്കുന്നത്. ഇത് വ്യക്ത മായ വൈരുധ്യമല്ലേ?

24. പതിവ്രതകളുടെമേൽ വ്യഭിചാരമാരോപിക്കുന്നത് പൊറുക്കപ്പെടാവുന്ന പാപമാ ണെന്ന് 24:4,5 ലും പൊറുക്കപ്പെടുകയില്ലെന്ന് 24:23 ലും പറയുന്നു ഇത് വൈരുധ്യ മല്ലേ?പ്രതിഫലനാളിൽ അവിശ്വാസികൾക്ക് ഗ്രന്ഥം ലഭിക്കുക പിന്നിലൂടെയാ ണെന്ന് 84:10 ലും ഇടത് കൈയ്യിലാണെന്ന് 69:25ലും പറയുന്നു. ഇത് വൈരുധ്യ മല്ലേ? മലക്കുകൾ ദൈവികകൽപന ധിക്കരിക്കാത്തവരാണെന്ന് 16:49,50 സൂക്ത ങ്ങളിൽ പറയുന്നതിന് വിരുദ്ധമായി, ആദമിനെ സാഷ്ടാംഗം നമിക്കാൻ മലക്കു കളോട് പറഞ്ഞപ്പോൾ ഇബ്‌ലീസ് വിസമ്മതിച്ചുവെന്ന് 2:34 ൽ പറയുന്നു. ഈ വൈരുധ്യം എങ്ങനെ വിശദീകരിക്കാനാവും?

25. പുതിയ വെളിപാട് പഴയ വെളിപാടുകളെ ശരിവെക്കുന്നുവെന്ന് 2:97ലും പകരം വെക്കുന്നുവെന്ന് 16:101 ലും പറയുന്നു. ഇവ തമ്മിൽ വൈരുധ്യമില്ലേ?

26. ഖുർആൻ ശുദ്ധമായ അറബി ഭാഷയിലാണ് എന്ന് 16:103 ൽ പറയുന്നു. എന്നാൽ ഖുർആനിൽ ഒട്ടനവധി അനറബി പദങ്ങൾ ഉപയോഗിക്കപ്പെട്ടതായി കാണുന്നു ണ്ട്. സൂചിപ്പിക്കപ്പെട്ട ഖുർആൻ വാക്യം തെറ്റാണെന്നല്ലേ ഇതിനർഥം?

27. ഖുർആനിനെപ്പറ്റി തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട് (26:196) എന്നു പറഞ്ഞിട്ടുണ്ടല്ലോ, ഹിബ്രുവിലും ഗ്രീക്കിലും എഴുതപ്പെട്ട പൂർവ്വ വേദഗ്രന്ഥങ്ങളിൽ ഖുർആൻ അടങ്ങിയിട്ടുണ്ട് എന്നുപറയുന്നത് വിഡ്ഢിത്ത മല്ലേ?

28. ലൂത്ത് നബിയുടെ സമുദായത്തെ അല്ലാഹു നശിപ്പിച്ചപ്പോൾ ലൂത്ത് നബിയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും അല്ലാഹു രക്ഷിച്ചുവെന്ന് ഖുർആനിൽ പലയി ടത്തും പറയുന്നുണ്ട്. ഇതിൽ 26:171 ഒരു കിഴവി ഒഴികെയുള്ള കുടുംബക്കാരെ യെന്നും 7:83 ൽ ഭാര്യ ഒഴികെയുള്ള കുടുംബക്കാരെയെന്നുമാണ് പറഞ്ഞിരിക്കു ന്നത്. ഇത് വൈരുധ്യമല്ലേ?

29. ലൂത്ത് നബി തന്റെ ജനതയോട് പ്രകൃതിവിരുദ്ധ രതിയെക്കുറിച്ച് ചോദ്യം ചെയ്ത പ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നുവെന്ന് വിവരിക്കുന്നേടത്ത് ഖുർ ആനിൽ രണ്ട് വചനങ്ങളിൽ വ്യത്യസ്ത പരാമർശം കാണുന്നു: ഇവരെ നിങ്ങ ളുടെ നാട്ടിൽ നിന്നും പുറത്താക്കുക. ഇവർ പരിശുദ്ധി പ്രാപിക്കുന്ന ആളുക ളാകുന്നു എന്നു പറഞ്ഞത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജനതയുടെ മറുപ ടി. (7:82). നീ സത്യവാൻമാരുടെ കൂട്ടത്തിലാണെങ്കിൽ ഞങ്ങൾക്കു അല്ലാഹു വിന്റെ ശിക്ഷ നീ കൊണ്ടുവാ എന്നു പറഞ്ഞതു മാത്രമായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി (29:29). അദ്ദേഹത്തിന്റെ ജനത ഒരു മറു പടി മാത്രമേ പറഞ്ഞിട്ടുള്ളൂവെങ്കിൽ ഈ രണ്ടു വചനങ്ങളിൽ ഒന്ന് ശരിയാകാൻ സാധ്യതയില്ലല്ലോ?

30. ഇബ്റാഹീം നബിയുടെ ചരിത്രം പറയുമ്പോൾ 21:51,59 ൽ തന്റെ ജനതയോട് അദ്ദേഹം അതിശക്തമായി പ്രതികരിക്കുകയും വിഗ്രഹങ്ങളെ തകർക്കുകയുമെ ല്ലാം ചെയ്തതായി പ്രതിപാദിക്കുന്നതിന് വിരുദ്ധമായി 19:41,49 ൽ തന്റെ പിതാവി ന്റെ ഭീഷണിക്ക് വഴങ്ങിക്കൊണ്ട് അവരെയെല്ലാം വെടിഞ്ഞ് അദ്ദേഹം പോയി എന്നാണ് കാണുന്നത്. ഈ വൈരുധ്യം എങ്ങനെ വിശദീകരിക്കാനാവും?

31. നൂഹ് നബിയേയും കുടുംബത്തെയും വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷപ്പെടുത്തി യെന്ന 21:76 ലെ പരാമർശത്തിന് വിരുദ്ധമായി അദ്ദേഹത്തിന്റെ മകൻ പ്രളയത്തി ലകപ്പെട്ട് നശിച്ചുവെന്ന് 11:42,43 ൽ പറയുന്നുണ്ടല്ലോ. ഇത് വ്യക്തമായ വൈരുധ്യ മല്ലേ?

32. നൂഹ് നബിയെ അദ്ദേഹത്തിന്റെ ജനത വിരട്ടിയോടിച്ചുവെന്ന് 54:9 ൽ പറയുന്നു. എന്നാൽ അദ്ദേഹം കപ്പൽ നിർമ്മിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ ജനതയിലെ പ്രമാണിക്കൂട്ടം അദ്ദേഹത്തിന് അടുത്ത് കൂടെ കടന്നുപോയി എന്നും, പരിഹസി ച്ചുവെന്നും 11:38ൽ കാണാം. നാട്ടിൽ നിന്ന് ഓടിക്കപ്പെട്ട നൂഹ് നബിയുടെ കപ്പൽ നിർമാണം നാട്ടുകാർ കണ്ടു എന്നു പറയുന്നത് അടിസ്ഥാനരഹിതമല്ലേ?

33. തന്റെ മരണത്തിനു മുമ്പ് ഫറോവ പശ്ചാത്തപിക്കുകയും അയാളെ ദൈവം രക്ഷപ്പെടുത്തുകയും ചെയ്തതായി 10:90-92 വരെ സൂക്തങ്ങളിൽ പറയുന്നു. എന്നാൽ മരണം ആസന്നമാകുമ്പോഴുള്ള പശ്ചാത്താപം സ്വീകാര്യമല്ലെന്ന് 4:18ലും പറയുന്നു. ഇത് വൈരുധ്യമല്ലേ?

34. അല്ലാഹുവിന്റെ വചനങ്ങൾക്ക് മാറ്റം വരുത്താൻ ആരുമില്ല എന്ന് 6:115 ൽ പറഞ്ഞ തിന് വിരുദ്ധമായി ആയത്തുകൾ അല്ലാഹു ദുർബലപ്പെടുത്തുമെന്ന് 2:106 ലും പറയുന്നതായി കാണാം. ഈ വൈരുധ്യത്തെ എങ്ങനെ വിശദീകരിക്കും?

35. വ്യഭിചാര കുറ്റത്തിന് നൂറടി നൽകണമെന്ന 24:2 ലെ വിധിക്ക് വിരുദ്ധമായി അവരിലെ സ്ത്രീകളെ വീട്ടുതടങ്കലിൽ വെക്കണമെന്ന് 4:15 ലും പുരുഷൻമാരെ പീഡിപ്പിക്കണമെന്ന് 4:16 ലും പറയുന്നു. ഇത് വൈരുധ്യമല്ലേ?

36. ക്രൈസ്തവർക്ക് യാതൊന്നും ഭയപ്പെടുകയോ ദുഖിക്കുകയോ വേണ്ടി വരിക യില്ലെന്ന് 5:69 ൽ പറയുന്നു. ഇതിന് വിരുദ്ധമായി അവർക്ക് സ്വർഗം നിഷിദ്ധമാ ണെന്ന് 5:72 ലും പറയുന്നു. ഇതിലേതാണ് ശരി?

37. ഖുർആൻ സുവ്യക്തമായ അറബിയിലാണെന്ന് 16:103 പറയുന്നതിനു വിരുദ്ധമായി അല്ലാഹുവിന് മാത്രമേ അതിന്റെ വ്യാഖ്യാനം അറിയൂ എന്ന് 3:7 ൽ പരാമർശി ക്കുന്നു. ഇത് വൈരുധ്യമല്ലേ?ഫറോവ വെള്ളത്തിൽ മുങ്ങി നശിച്ചുവെന്ന് 28:40, 17:103, 43:55 തുടങ്ങിയ സൂക്തങ്ങളിൽ പറയുന്നതിന് വിരുദ്ധമായി 10:93ൽ അദ്ദേഹ ത്തെ രക്ഷപ്പെടുത്തി എന്നു പറയുന്നുണ്ട്. ഇതു രണ്ടും കൂടി ശരിയാകുന്നതെ ങ്ങനെ?

38. മോശയുടെ ജനനകാലത്താണ് ഇസ്‌റാഈല്യർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളെ യെല്ലാം കൊന്നുകളയുവാൻ ഫറോവ കൽപന പുറപ്പെടുവിച്ചതെന്ന് 20: 38, 39ൽ പറയുന്നതിന് വിരുദ്ധമായി 40:23-25 ൽ മോശ പ്രവാചകനായതിനു ശേഷ മാണ് പ്രസ്തുത കല്പന പുറപ്പെടുവിച്ചതെന്ന് കാണുന്നു. ഇതിലേതാണ് ശരി?

## II ഖുർആനും ബൈബിളും 102

39. ബൈബിളിലേതിന് ഏകദേശം സമാനമായ ചരിത്രകഥകൾ തന്നെയാണല്ലോ ഖുർആനിലുമുള്ളത്. ബൈബിളിലേതിൽനിന്ന് എന്ത് വ്യതിരിക്തതയാണ് ഖുർആ നിലെ ചരിത്രകഥനത്തിനുള്ളത്?

40. ബൈബിളിലും ഖുർആനിലും ഏകദേശം സമാനമായ ചരിത്രകഥകളാണ് പരാ മർശിച്ചിട്ടുള്ളത് എന്ന വസ്തുതയിൽനിന്ന് മുഹമ്മദ് നബി (സ) ബൈബിളിൽ നിന്ന് കോപ്പിയടിച്ച് പകർത്തി എഴുതിയതാണ് ഖുർആൻ എന്ന് വാദിച്ചുകൂടെ?

## III ഖുർആനും വേദക്കാരും 127

41 പ്രവാചക പത്നിയായ ഖദീജ (റ)യുടെ ബന്ധുവും ക്രിസ്ത്യാനിയുമായിരുന്ന വറഖത്തുബ്നു നൗഫൽ പറഞ്ഞുകൊടുത്ത് എഴുതിയതാണ് ഖുർആനിലെ ചരി ത്രകഥകളെന്ന ആരോപണത്തെക്കുറിച്ച് എന്ത് പറയുന്നു?

42. താൻ ജീവിച്ചിരുന്ന സമൂഹത്തിലെ യഹൂദരും ക്രൈസ്തവരും പറയുന്ന കഥ കളിൽ നിന്ന് മുഹമ്മദ് നബി രൂപപ്പെടുത്തിയെടുത്തതാണ് ഖുർആനിലെ ചരി ത്രകഥനങ്ങളെന്ന് വന്നുകൂടെ?

43. പൂർവ്വ വേദങ്ങളെക്കുറിച്ചറിയാവുന്ന പ്രവാചക ശിഷ്യനായ സൽമാനുൽ ഫാരി സി പറഞ്ഞുകൊടുത്തതിൻെറ അടിസ്ഥാനത്തിലാണ് പ്രവാചകന്മാരുടെ കഥ

കൾ ഖുർആനിൽ സ്ഥലം പിടിച്ചത് എന്ന് കരുതിക്കൂടെ?

44. പ്രവാചകൻെറ പത്നിമാരിൽ ചിലർ വേദക്കാരികളായിരുന്നവരാണല്ലോ. അവരിൽനിന്ന് ലഭിച്ച അറിവിൻെറ അടിസ്ഥാനത്തിലാണ് പൂർവ്വ പ്രവാചകന്മാരെക്കുറിച്ച് ഖുർആനിൽ മുഹമ്മദ് നബി (സ) പരാമർശിച്ചത് എന്ന് കരുതിക്കൂടെ?

## IV ഖുർആനും യഹൂദ പുരാണങ്ങളും 139

45. മൂസാ (അ)യും ഖിള്റും (അ) തമ്മിൽ നടന്ന സംഭാഷണവും പിന്നീട് നടന്ന സംഭവങ്ങളും ഖുർആനിൽ വിവരിക്കുന്നുണ്ടല്ലോ. ഏലീജാ പ്രവാചകനും യോശുവ ബെൻലെവി എന്ന റബ്ബിയും കൂടി നടത്തിയ യാത്രയെക്കുറിച്ച യഹൂദ ഐതിഹ്യത്തിൻെറ മാതൃകയിൽ മുഹമ്മദ് നബി രചിച്ചതല്ലേ ഈ കഥ?

46. ഖുർആനിലെ സുലൈമാൻ നബി-ബൽഖീസ് രാജ്ഞി കഥ യഹൂദ തർഗുമിലെ സോളമൻ -ശേബ കഥയിൽനിന്ന് മുഹമ്മദ് നബി പകർത്തിയെഴുതിയതാണെന്ന ആരോപണത്തെക്കുറിച്ച് എന്ത് പറയുന്നു?

## V ഖുർആനും ചരിത്രവും 147

47. ഖുർആനിലെ ചരിത്രപരാമർശങ്ങൾ അതിൻെറ ദൈവികതയ്ക്കുള്ള തെളിവാകുന്നതെങ്ങനെയാണ്?

48. ഖുർആനിൽ മർയത്തെക്കുറിച്ച് 'ഹാറൂണിൻെറ സഹോദരി'യെന്ന് പറഞ്ഞിട്ടുണ്ടല്ലോ. മർയത്തിന് നൂറ്റാണ്ടുകൾക്ക്മുമ്പ് ജീവിച്ച ഹാറൂൺ അവരുടെ സഹോദരനാകുന്നതെങ്ങനെയാണ്?

49. ഫിർഔൻെറ ചരിത്രവുമായി ബന്ധപ്പെടുത്തി ഖുർആൻ പറയുന്ന ഹാമാൻെറ കഥ ബൈബിളിലെവിടെയുമില്ല. പഴയ നിയമത്തിലെ എസ്തേറിൻെറ പുസ്തകത്തിൽ അഹശ്വേറോശ് രാജാവുമായിബന്ധപ്പെട്ട് പരാമർശിക്കുന്ന ഹാമാൻെറ കഥയെ ഫറോവയുമായി മുഹമ്മദ് നബി കൂട്ടിക്കുഴച്ചപ്പോഴല്ലേ ഈ കഥയുണ്ടായത്?

50. ഖുർആനിൽ സ്നാപക യോഹന്നാന് മുമ്പ് ആർക്കും യോഹന്നാൻ എന്ന പേരുണ്ടായിരുന്നില്ലെന്ന് പറയുന്നുണ്ടല്ലോ. പഴയ നിയമത്തിൽ 27 തവണ യോഹന്നാൻ എന്ന നാമം പ്രയോഗിച്ചിരിക്കെ ഈ ഖുർആനിക പരാമർശം ചരിത്രപരമായ ഒരു വങ്കത്തമല്ലേ?

51. യോസഫിൻെറ യജമാനനായി ബൈബിൾ പരിചയപ്പെടുത്തുന്നത് പോത്തിഫർ എന്ന ഈജിപ്തുകാരനെയാണ്. ഖുർആനിലാകട്ടെ യൂസുഫ് നബി (അ)യുടെ യജമാനനെ അസീസ് എന്നാണ് വിളിച്ചിരിക്കുന്നത്. ഇത് ഒരു വൈരുധ്യമല്ലേ?

52. മുഹമ്മദ് നബിയുടെ നിശായാത്രയെക്കുറിച്ച് പറയുമ്പോൾ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് അദ്ദേഹത്തെ കൊണ്ടുപോയെന്നാണല്ലോ ഖുർആനിൽ പറയുന്നത്. മുഹമ്മദ് നബിയുടെ കാലത്ത് മസ്ജിദുൽ അഖ്സായെന്ന ഒരു കെട്ടിടം ഇല്ലെന്നിരിക്കെ ചരിത്രപരമായി നോക്കിയാൽ ഈ ഖുർആനിക പരാമർശം ഒരു അബദ്ധമല്ലേ?

53. മൂസാനബി സീനായ് മലയിലേക്ക് പോയ അവസരത്തിൽ കാളക്കുട്ടിയുടെ പ്രതിമയുണ്ടാക്കിയത് ഒരു ശമരിയക്കാരൻ (സാമിരി) ആയിരുന്നുവെന്നാണല്ലോ ഖുർആൻ പറയുന്നത്. മോശെയ്ക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ശമരിയ പട്ടണമുണ്ടായത് എന്നിരിക്കെ ഖുർആനിലെ ഈ പരാമർശം ചരിത്രവിരുദ്ധമല്ലേ?

54. മൂസാനബിയുടെ കാലത്ത് ചിലരെ ക്രൂശിക്കുവാൻ കൽപിച്ചതായി ഖുർആനിലുണ്ടല്ലോ. പൗരാണിക ഈജിപ്തിനെക്കുറിച്ച പഠനങ്ങൾ അവിടെയൊന്നും ക്രൂശീകരണം ഒരു ശിക്ഷയായി നിലനിന്നിരുന്നുവെന്നതിന് യാതൊരു തെളിവും നൽകുന്നില്ലയെന്നല്ല. മോശക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ക്രൂശീകരണം ഒരു ശിക്ഷാമുറയായി ഉപയോഗിക്കുവാനാരംഭിച്ചത് എന്ന നിഗമനവും ഈ ഖുർആനിക പരാമർശങ്ങൾ അബദ്ധമാണെന്നല്ലേ വ്യക്തമാക്കുന്നത്?

## VI ഖുർആനും പ്രവചനങ്ങളും 225

55. ഖുർആനിലുണ്ടെന്ന് പറയപ്പെടുന്ന പ്രവചനങ്ങൾ എങ്ങനെയാണ് അതിൻെറ ദൈവികതക്കുള്ള തെളിവാകുക?

56. ബൈബിളിലും നിരവധി പ്രവചനങ്ങളുണ്ടെന്നും അവ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നും വസ്തുതകൾ അതിൻെറ ദൈവികത വ്യക്തമാക്കുന്നുവെന്ന് സുവിശേഷകന്മാർ പറയാറുണ്ടല്ലോ. ഇത് ശരിയാണോ?

57. പ്രവചനങ്ങൾ ഒരു ഗ്രന്ഥത്തിൻെറ ദൈവികത നിശ്ചയിക്കുന്നുവെങ്കിൽ നൊസ്ട്രാഡമസിൻെറ പുസ്തകങ്ങളും ദൈവികമാണെന്ന് പറയേണ്ടിവരികയില്ലേ? അദ്ദേഹത്തിൻെറ പല പ്രവചനങ്ങളും പൂർത്തീകരിക്കപ്പെട്ടതായി പറയുന്നുണ്ടല്ലോ.

58. മറ്റ് ഗ്രന്ഥങ്ങളിലുണ്ടെന്ന് പറയപ്പെടുന്ന പ്രവചനങ്ങളിൽനിന്ന് വ്യത്യസ്തമായി എന്ത് സവിശേഷതയാണ് ഖുർആനിലെ പ്രവചനങ്ങൾക്കുള്ളത്?

59. ഖുർആനിലെ മറ്റ് പ്രവചനങ്ങൾ ഏതൊക്കെയാണ്?

60. ഖുർആനിൽ ഉണ്ടെന്ന് പറയുന്ന പ്രവചനങ്ങൾ തൻെറ അനുയായികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും വിശ്വസ്തരാക്കുകയും ചെയ്യുന്നതിനായി മുഹമ്മദ് നബി ബോധപൂർവ്വം മെനഞ്ഞെടുത്തവയാണെന്ന് വന്നുകൂടെ?

# അവതാരിക

ലോകത്തിന് മുമ്പാകെ അവതരിപ്പിക്കപ്പെട്ട സഹസ്രകോടിക്കണക്കിൽ ഗ്രന്ഥങ്ങളിൽ ഒന്നിൻേറയും കർത്താവ് ഉന്നയിക്കാത്ത ഒരു വെല്ലുവിളി വിശുദ്ധ ഖുർആൻ അവതരിപ്പിച്ച അല്ലാഹു ഉന്നയിക്കുന്നുണ്ട്. 'നമ്മുടെ ദാസന്ന് (മുഹമ്മദ് നബിക്ക്) നാം അവതരിപ്പിച്ചുകൊടുത്തതിനെ (ഖുർആനിനെ) സംബന്ധിച്ച് നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻേറത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനു പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചു കൊള്ളുക; നിങ്ങൾ സത്യവാന്മാരാണെങ്കിൽ' (വി.ഖു. 2:23)

ചെറുതും വലുതുമായ നൂറ്റിപ്പതിനാല് അധ്യായങ്ങളാണ് വിശുധ ഖുർആനിലുള്ളത്. മൂന്ന് ചെറിയ സൂക്തങ്ങൾ മാത്രം അടങ്ങിയ കൗഥർ, നസ്ർ എന്നീ അധ്യായങ്ങളും നാലു ചെറിയ സൂക്തങ്ങൾ മാത്രമുള്ള ഇഖ്‌ലാസ് എന്ന അധ്യായവും ഇതിൽ ഉൾപ്പെടുന്നു. അല്ലാഹുവല്ലാത്ത എല്ലാവരുംകൂടി ശ്രമിച്ചാലും വിശുദ്ധ ഖുർആനിലെ ഒരു ചെറിയ അധ്യായത്തിന് തുല്യമായ രചന നടത്താൻ കഴിയില്ലെന്നാണ് 2:23, 24 സൂക്തങ്ങളിൽ ഉറപ്പിച്ചു പറയുന്നത്. ഭാഷാപരവും ആശയപരവുമായ ഒട്ടേറെ സവിശേഷതകളാണ് വിശുദ്ധ ഖുർആനിനെ അതുല്യവും അനനുകരണീയവുമാക്കുന്നത്. മുഹമ്മദ് നബി(സ)യുടെ കാലത്ത് അറേബ്യയിൽ കവികളും പ്രസംഗകരും ഗദ്യകാരന്മാരുമായി സാഹിത്യരംഗത്ത് ശ്രദ്ധേയരായ പലരുമുണ്ടായിരുന്നു. ആദ്യഘട്ടത്തിൽ അവരെല്ലാം വിശുദ്ധ ഖുർആനിൻേറ ദൈവികതയെ നിഷേധിക്കുന്നവരായിരുന്നു. മുഹമ്മദ് കേവലം ഒരു കവിയാണെന്നോ മാന്ത്രികനാണെന്നോ ആയിരുന്നു അവരുടെ അഭിപ്രായം.

പക്ഷേ, അറേബ്യയിലെ കവികൾക്കോ ഗദ്യകാരന്മാർക്കോ മാന്ത്രികർക്കോ അന്നു മുതൽ ഇന്നുവരെ വിശുദ്ധ ഖുർആനിൻേറ വെല്ലുവിളി നേരിടാൻ കഴിഞ്ഞിട്ടില്ല. ആധുനിക കാലത്ത് ക്രൈസ്തവവരും യഹൂദരും നാസ്തികരുമായ അറബി സാഹിത്യകാരന്മാർ ഏറെയുണ്ട്. പക്ഷേ, അവരാരും വിശുദ്ധ ഖുർആനിലെ ഒരു കൊച്ചു അധ്യായത്തിന് തുല്യമായ രചന നടത്തുന്നതിൽപോലും ഇതഃപര്യന്തം വിജയിച്ചിട്ടില്ല. ഖുർആനിലും പ്രവാചക ജീവിതത്തിലും കുറ്റം കണ്ടെത്താൻ വേണ്ടി ധാരാളം ബുദ്ധിജീവികൾ ഗവേഷണം നടത്തുന്ന സാഹചര്യത്തിലും അല്ലാഹുവിൻേറ വെല്ലുവിളി അജയ്യമായി നിലനിൽക്കുന്നു.

വിശുദ്ധ ഖുർആൻ അതിൻേറ അമാനുഷികതക്ക് തെളിവായി ഉന്നയിക്കുന്ന കാര്യങ്ങളിലൊന്ന് അതിൽ യാതൊരു വൈരുധ്യവും ചൂണ്ടിക്കാണിക്കാൻ കഴിയില്ല എന്നതാണ്. "അവർ ഖുർആനിനെക്കുറിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്തവരുടെ പക്കൽനിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു". (വി. ഖു. 4:82) പ്രവാചകത്വലബ്ധിക്കുശേഷമുള്ള നബി(സ)യുടെ ഇരുപത്തിമൂന്നുവർഷത്തെ ജീവിതത്തിനിടെ വ്യത്യസ്ത സന്ദർഭ

ങ്ങളിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളുടെയും അധ്യായങ്ങളുടെയും സമാഹാരമാണ് വിശുദ്ധ ഖുർആൻ. എന്നിട്ടും ഒന്നിനൊന്ന് വിരുദ്ധമായ കാര്യങ്ങൾ ഖുർആനിൽ വന്നിട്ടില്ല എന്നത് അത്യന്തം ശ്രദ്ധേയമാകുന്നു. വിമർശകർ ആരോപിക്കുന്നതുപോലെ ഒരു മനോരോഗിയോ മാന്ത്രികനോ ആയ മുഹമ്മദ് സ്വന്തമായി രചിച്ചതാണ് ഖുർആനെങ്കിൽ പൂർവാപരവിരുദ്ധമായ പല വാക്കുകൾ അതിൽ കാണപ്പെടേണ്ടതായിരുന്നു. എന്നാൽ പ്രപഞ്ചത്തെയും മനുഷ്യനെയും ചരിത്രത്തെയും സംബന്ധിച്ച ഖുർആനിക പ്രതിപാദനങ്ങളിലൊന്നും ഒട്ടും വൈരുദ്ധ്യം ദൃശ്യമാകുന്നില്ല.

ഖുർആനിലെ ഒരധ്യായത്തിനെയും തുല്യമായ സാഹിത്യ രചന നടത്താനുള്ള വെല്ലുവിളി നേരിടാൻ സാധ്യമല്ലെന്ന് ബോധ്യപ്പെട്ട വിമർശകർ ഇപ്പോൾ ഖുർആനിൽ ചില ആശയവൈരുധ്യങ്ങളുണ്ടെന്ന് സമർഥിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ക്രൈസ്തവരും യഹൂദരുമടങ്ങുന്ന ഓറിയൻറലിസ്റ്റുകളും ഹിന്ദുത്വ പ്രചാരകരും യുക്തിവാദികളും ഇപ്പോൾ ഈ വിധത്തിൽ വിശുദ്ധ ഖുർആനിൻെറ ദൈവികതയെ ചോദ്യം ചെയ്യാൻ വേണ്ടി കിണഞ്ഞുശ്രമിക്കുന്നുണ്ട്. വിമർശന ഗ്രന്ഥങ്ങളിലും വെബ്സൈറ്റുകളിലും 'ഖുർആനിലെ വൈരുധ്യങ്ങൾ' സംബന്ധിച്ച വിശകലനങ്ങൾ ഏറെ കാണാം. വിശുദ്ധ ഖുർആനിനെ സംബന്ധിച്ച് ശരിയായി പഠിച്ചവർക്ക് ഈ വൈരുധ്യ ആരോപണങ്ങളൊക്കെ അടിസ്ഥാനരഹിതമാണെന്ന് ഗ്രഹിക്കാൻ വിഷമമുണ്ടാവില്ല. എന്നാൽ, ദൈവിക ഗ്രന്ഥത്തെ യഥാവിധി വിലയിരുത്തിയിട്ടില്ലാത്തവർക്ക് ഈ വിഷയത്തിൽ ആശയക്കുഴപ്പമുണ്ടാകാൻ സാധ്യതയുണ്ട്.

ചില വിഷയങ്ങളുടെ വിവിധ വശങ്ങളെസംബന്ധിച്ച വ്യത്യസ്ത പരാമർശങ്ങളാണ് വിമർശകർ വൈരുധ്യമായി ചിത്രീകരിക്കുന്ന ഒരു ഇനം. ഉദാഹരണമായി, മനുഷ്യൻെറ സൃഷ്ടിപ്പ് വിവിധ ഘട്ടങ്ങളിലായിട്ടാണ് നടക്കുന്നതെന്ന് എല്ലാവർക്കുമറിയാം. മനുഷ്യൻ മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടു എന്ന് പറയുന്നത് ഒരടിസ്ഥാനത്തിൽ ശരിയാണ്. ബീജത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടു എന്ന് പറയുന്നത് മറ്റൊരു വിധത്തിൽ ശരിയാണ്. ഭ്രൂണത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടുവെന്ന് പറയുന്നതും അതുപോലെതന്നെ. ഈ പരാമർശങ്ങൾ തമ്മിൽ വൈരുധ്യമല്ല, വൈവിധ്യമാണ് യഥാർഥത്തിൽ ഉള്ളത്. വൈവിധ്യങ്ങളെ വൈരുധ്യങ്ങളായി ചിത്രീകരിക്കുന്ന വിമർശനങ്ങൾക്കു പുറമെയുള്ള ഒരു പ്രധാന ഇനം ബൈബിളിനെ ആധാരമാക്കി ഖുർആനിൽ അബദ്ധങ്ങളുണ്ടെന്ന് സ്ഥാപിക്കാനുള്ള ശ്രമങ്ങളാണ്.

ഹാമാനെ സംബന്ധിച്ചും യഹ്യാ നബി(അ)യെ സംബന്ധിച്ചും ഖുർആനിൽ പറഞ്ഞ കാര്യങ്ങൾ ചരിത്രവസ്തുതകൾക്ക് നിരക്കുന്നതല്ലെന്നും മർയമിനെ ഹാറൂൻെറ സഹോദരി എന്ന് വിശേഷിപ്പിച്ചത് വിവരക്കേടാണെന്നും മറ്റുമാണ് ക്രിസ്ത്യൻ വിമർശകർ നടത്തുന്ന വൈരുധ്യാരോപണങ്ങൾ. ബൈബിളിലെ ആശയ വൈരുധ്യങ്ങളും ചരിത്ര വസ്തുതകൾക്ക് നിരക്കാത്ത പരാമർശങ്ങളും തുറന്നുകാണിക്കുന്ന മുസ്ലിം പണ്ഡിതന്മാരുടെ മുമ്പിൽ ഉത്തരം മുട്ടുമ്പോൾ കണ്ടെത്തുന്ന ഒരു രക്ഷോപായവുംകൂടിയാണ് അവർക്ക് ഈ വൈരുധ്യാരോപണങ്ങൾ.

വിവിധ കേന്ദ്രങ്ങളിൽനിന്ന് ഉന്നയിക്കപ്പെടുന്ന വിമർശനങ്ങൾക്ക് വസ്തുനിഷ്ഠമായി ലളിതമായി ഭാഷയിൽ മറുപടി നൽകുന്നതാണ്, മതതാരതമ്യ പഠനരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച എം.എം. അക്ബറിൻെറ ഈ കൃതി. ചരിത്രവസ്തുതകൾക്ക് നിരക്കാത്ത ഏറെ പരാമർശങ്ങളുള്ളത് ബൈബിളിലാണെന്നും വിശുദ്ധ ഖുർആനിൻെറ അമാനുഷികതയും അപ്രമാദിത്വവും വിമർശനങ്ങൾ നേരിടുമ്പോൾ കൂടുതൽ വ്യക്തമായി തെളിയുകയാണ് ചെയ്യുന്നതെന്നും അനിഷേധ്യമായ തെളിവുകളുടെ പിൻബലത്തോടെ ഗ്രന്ഥകാരൻ സമർഥിക്കുന്നു. 'ഹാമാൻ', 'യഹ്യ', 'ഹാറൂൻെറ സഹോദരി' തുടങ്ങിയ ചില വിഷയങ്ങളിൽ ഗ്രന്ഥകാരൻെറ വിശകലനം മികച്ച നിലവാരം പുലർത്തുന്നതത്രേ.

**ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി**

# ഒന്ന്

## ഖുർആനും വൈരുദ്ധ്യങ്ങളും

**വൈരുധ്യങ്ങളൊന്നും ഉൾക്കൊള്ളുന്നില്ലെന്നത് ഖുർആനിന്റെ അമാനുഷികതയ്ക്കുള്ള തെളിവാകുന്നതെങ്ങനെയാണ്?**

ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ച പ്രതിപാദ്യങ്ങളുടെ സമാഹാരമോ കുറേ സംഭവങ്ങളുടെ വിവരണങ്ങളോ അല്ല ഖുർആൻ ഉൾക്കൊള്ളുന്നത്. ഖുർആനിലെ പ്രതിപാദ്യവിഷയങ്ങൾ വളരെ വിപുലവും ബൃഹത്തുമാണ്. ദൈവത്തിന്റെ ഏകത്വത്തെ സംബന്ധിച്ച പ്രതിപാദനങ്ങൾ, സൃഷ്ടിപൂജയുടെ നിരർത്ഥകത വ്യക്തമാക്കുന്ന പരാമർശങ്ങൾ, മരണാനന്തര ജീവിതത്തെക്കുറിച്ച സമർത്ഥനങ്ങൾ, പ്രാപഞ്ചിക പ്രതിഭാസങ്ങളെ സംബന്ധിച്ച വിവരണങ്ങൾ, പ്രവാചക കഥനങ്ങൾ, ചരിത്രപാഠങ്ങൾ, ധർമികോപദേശങ്ങൾ, കുടുംബകാര്യങ്ങൾ, സാമൂഹികബാധ്യതകൾ, സാമ്പത്തിക-രാഷ്ട്രീയ നിയമങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങൾ ഉൾക്കൊള്ളുന്ന വചനങ്ങളുടെ സമാഹാരമാണ് ഖുർആൻ.

ഇരുപത്തിമൂന്ന് വർഷക്കാലത്തെ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലാണ് ഖുർആൻ സൂക്തങ്ങൾ അവതീർണമായത്. അവ അവതരിക്കപ്പെട്ട ഉടനെ തന്നെ പ്രവാചകന്റെ എഴുത്തുകാർ അവ രേഖ

പ്പെടുത്താറുണ്ടായിരുന്നു. എന്നാൽ നിരക്ഷരനായ പ്രവാചകൻ ഓരോ സൂക്തം അവതരിക്കുമ്പോഴും മുൻപ് അവതരിച്ച സൂക്തങ്ങൾ പരിശോധിച്ചു നോക്കിക്കൊണ്ടോ അവയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് ഒത്തു നോക്കിക്കൊണ്ടോ ആയിരുന്നില്ല അവ രേഖപ്പെടുത്താൻ നിർദേശിച്ചിരുന്നത്. വിവിധ സാഹചര്യങ്ങളിൽ അവയുമായി ബന്ധപ്പെട്ട സൂക്തങ്ങൾ അവതരിക്കുകയായിരുന്നു പതിവ്. ഒരേ സാഹചര്യത്തിലും പരിതസ്ഥിതിയിലും തന്നെ എഴുതപ്പെടുന്ന കൃതികളിൽ പോലും വൈരുധ്യങ്ങളുണ്ടാകാറുണ്ട്. ഖുർആൻ ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഖുർആനിലെ ഒരു സൂക്തവും മറ്റൊരു സൂക്തവുമായി യാതൊരുവിധ വൈരുധ്യവും പുലർത്തുന്നില്ല. വ്യത്യസ്ത സാഹചര്യങ്ങളിൽ ഒരു മനുഷ്യൻ നടത്തിയ പ്രസ്താവനകളായിരുന്നു ഖുർആനിലുള്ളതെങ്കിൽ അവയിലെ പരാമർശങ്ങൾ തമ്മിൽ ധാരാളം വൈരുധ്യങ്ങൾ കണ്ടെത്താൻ കഴിയുമായിരുന്നു. സർവജ്ഞനായ സ്രഷ്ടാവിൽ നിന്നുള്ളതാണ് ഖുർആൻ എന്ന വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്. ഖുർആൻ പ്രഖ്യാപിക്കുന്നത് എത്ര ശരി!

അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്ത വല്ലവരുടെയും പക്കൽ നിന്നായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു. *(വി.ഖു.4:82)*

**ഇസ്‌ലാം വിമർശകൻമാർ ഖുർആനിൽ ചില വൈരുധ്യങ്ങൾ ആരോപിക്കാറുണ്ടല്ലോ. ഇവയുടെ നിജസ്ഥിതിയെന്താണ്?**

ഖുർആൻ ദൈവവചനമാണ്. അതിൽ യാതൊരുവിധ വൈരുധ്യവുമില്ല. മനുഷ്യനിർമ്മിതമായ ഒരു വചനമെങ്കിലും ഖുർആനിൽ ഉണ്ടായിരുന്നുവെങ്കിൽ അത് ഖുർആനിന്റെ മറ്റു ഭാഗങ്ങളുമായി സാരമായ വൈരുധ്യങ്ങൾ ഉള്ളതാകുമായിരുന്നു. എന്നാൽ മനുഷ്യരുടെ കൈകടത്തലുകളിൽ നിന്ന് ദൈവം തമ്പുരാൻ തന്നെ തന്റെ അന്തിമ വേദഗ്രന്ഥത്തെ സംരക്ഷിച്ചിട്ടുണ്ട്; ഇനിയും അന്ത്യനാളുവരെ അത് സംരക്ഷിക്കപ്പെടുകയും ചെയ്യും. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. നിശ്ചയം നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്. *(വി.ഖു.15:9)*

മനുഷ്യരുടെ കൈകടത്തലുകളുണ്ടായപ്പോഴാണ് പൂർവ്വവേദങ്ങൾ വികലമാക്കപ്പെട്ടത്; പ്രസ്തുത വൈകല്യത്തിന്റെ അനിവാര്യതയാ





യിരുന്നു അവയിലെ വൈരുധ്യങ്ങൾ. വ്യത്യസ്ത വ്യക്തികൾ ഒരേ കാര്യത്തെ കുറിച്ചു തന്നെ പ്രതിപാദിച്ചാലും അവയിൽ വൈരുധ്യങ്ങളുണ്ടാവുക സ്വാഭാവികമാണ്. ബൈബിളിലും മറ്റു വേദഗ്രന്ഥങ്ങളിലുമെല്ലാം കാണപ്പെടുന്ന വൈരുധ്യങ്ങൾ ഇത്തരത്തിലുള്ളവയാണ്. വൈരുധ്യങ്ങളാൽ നിബിഡമായ വേദഗ്രന്ഥങ്ങളുടെ സ്വന്തക്കാർ എന്ന് അവകാശപ്പെടുന്നവർ പ്രസ്തുത ഗ്രന്ഥങ്ങളിലെ വൈരുധ്യങ്ങൾ വിശദീകരിക്കുവാൻ പ്രയാസപ്പെടുകയാണ് ചെയ്യുന്നത്. പ്രസ്തുത വൈരുധ്യങ്ങൾ മറച്ചുവെക്കാനും അതിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാനും വേണ്ടിയാണ് ഖുർആനിൽ വൈരുധ്യങ്ങളുണ്ടെന്ന വാദവുമായി അത്തരക്കാർ രംഗത്തുവരുന്നത്.

ഖുർആനിൽ വൈരുധ്യങ്ങളൊന്നുമില്ലെന്ന് പറയുമ്പോൾ അതിൽ വൈവിധ്യങ്ങളില്ലെന്ന് അർത്ഥമാക്കിക്കൂടാത്തതാണ്. വൈവിധ്യവും വൈരുധ്യവും ഒന്നല്ല; അവ തികച്ചും വ്യത്യസ്തങ്ങളാണ്. വൈവിധ്യങ്ങളെ വൈരുധ്യങ്ങളായി തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ഖുർആനിൽ വൈരുധ്യങ്ങളുണ്ടെന്ന വാദവുമായി വിമർശകൻമാർ രംഗത്തുവരാറുള്ളത്. ഒരു ഉദാഹരണം: ബൈബിൾ പുതിയ നിയമത്തിലെ പ്രധാനപ്പെട്ട വൈരുധ്യമാണ് വംശാവലിയിലെ വൈരുധ്യങ്ങൾ. മത്തായിയും (1:6-16) ലൂക്കോസും (3:23-31) രേഖപ്പെടുത്തിയ യേശുവിന്റെ വംശാവലികൾ തമ്മിൽ കുറേയധികം വൈരുധ്യങ്ങളുണ്ട്. അതിനുകാരണം മത്തായി, ദാവീദിന്റെ പുത്രനായ സോളമന്റെ പുത്രപരമ്പരയിലും ലൂക്കോസ്, ദാവീദിന്റെ മകനായ നാഥാന്റെ പുത്രപാരമ്പര്യത്തിലും യേശുവിനെ പ്രതിഷ്ഠിക്കാൻ പരിശ്രമിച്ചതാണ്. മത്തായിയുടെ വംശാവലി പ്രകാരം ദാവീദു മുതൽ യേശുവരെ 28 പേരാണ് ഉള്ളതെങ്കിൽ ലൂക്കോസ് നൽകിയ വംശാവലി പ്രകാരം 43 പേരാണുള്ളത്. യേശുവിന്റെ പിതാവായി അറിയ പ്പെട്ട യോസേഫിന്റെ പിതാവ് ആരാണെന്ന പ്രശ്നം മുതൽ വൈരുധ്യങ്ങൾ ആരംഭിക്കുന്നു. മത്തായി പറയുന്നത് യാക്കോബാണെന്നും ലൂക്കോസ് പറയുന്നത് ഹേലിയാണെന്നുമാണ്. ഒരാൾക്ക് ഒരൊറ്റ പിതാവേയുണ്ടാവൂയെന്നതിനാൽ ഇതൊരു വ്യക്തമായ വൈരുധ്യമാണ്. എന്നാൽ മത്തായിയും ലൂക്കോസും യോസേഫിന്റെ സഹോദരന്റെ പേരായിരുന്നു പറഞ്ഞതെങ്കിലോ? മത്തായി യോസേഫിന്റെ സഹോദരൻ യാക്കോബ് എന്നും, ലൂക്കോസ് യോസേഫിന്റെ സഹോദരൻ ഹേലിയെന്നും പറഞ്ഞുവെന്നിരിക്കട്ടെ. ഈ പരാമർശങ്ങൾ തമ്മിൽ

വൈരുധ്യം ആരോപിക്കുന്നത് ശരിയായിരിക്കുകയില്ല. ഒരാൾക്ക് രണ്ടു സഹോദരൻമാർ ഉണ്ടാവുക സ്വാഭാവികമാണല്ലോ. മത്തായി, യോസേഫിന്റെ യാക്കോബ് എന്ന സഹോദരനെ കുറിച്ചും ലൂക്കോസ്, ഹേലിയെന്ന സഹോദരനെ സംബന്ധിച്ചുമാണ് പറഞ്ഞതെന്ന് വിചാരിക്കാവുന്നതാണ്. ഇത് രണ്ടുപേരുടെ പരാമർശങ്ങളിലുണ്ടാകാവുന്ന വൈവിധ്യത്തിന് ഉദാഹരണമാണ്; ഈ വൈവിധ്യം വൈരുധ്യമല്ലെന്ന വസ്തുത മനസ്സിലാക്കേണ്ടതുണ്ട്.

ഖുർആൻ ഒരു ചരിത്രഗ്രന്ഥമല്ല. എന്നാൽ ചരിത്ര സംഭവങ്ങളെ കുറിച്ച പ്രതിപാദനങ്ങൾ ഖുർആനിലുണ്ട്. പ്രസ്തുത പ്രതിപാദനങ്ങൾ ബൈബിളിലേതുപോലെ ഓരോന്നും സംഭവിച്ച ക്രമത്തിലല്ല ഖുർആനിൽ പ്രത്യക്ഷപ്പെടുന്നത്. അതിന്ന് കാരണമുണ്ട്, ഇസ്റാഈൽ സമുദായത്തിന്റെ ചരിത്രമാണ് ബൈബിൾ പഴയനിയമത്തിന്റെ പൊതുവായ പരാമർശം. ഉൽപത്തി മുതൽ മോശയുടെ മരണം വരെയുള്ള സംഭവങ്ങളാണ് പഞ്ചപുസ്തകത്തിലുള്ളത്. മറ്റു പ്രവാചകൻമാരുടെയും ദീർഘദർശിമാരുടെയും ചരിത്രങ്ങൾ മറ്റു പഴയ നിയമ ഗ്രന്ഥങ്ങളിൽ കാണാം. പുതിയ നിയമത്തിലെ സുവിശേഷങ്ങളിലാകട്ടെ യേശുവിന്റെ കഥയാണ് നമുക്ക് കാണാൻ കഴിയുക. ഇവയെല്ലാം ചരിത്ര പ്രതിപാദനഗ്രന്ഥങ്ങളായതിനാൽ സംഭവവിവരണത്തിന്റെ രീതിയാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത്. ഖുർആനാകട്ടെ സംഭവവിവരണത്തിന്റെ രീതിയിലല്ല ചരിത്രങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്. ഖുർആൻ പ്രദാനം ചെയ്യുന്ന ധാർമ്മിക നിർദേശങ്ങൾക്ക് ഉപോൽബലകമായ ചരിത്രസംഭവങ്ങൾ എടുത്തുദ്ധരിക്കുകയാണ് അത് ചെയ്യുന്നത്. അതുകൊണ്ട് തന്നെ പ്രതിപാദ്യ വിഷയങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് ചരിത്രത്തിലെ സംഭവങ്ങൾ എടുത്തുദ്ധരിക്കുന്ന രീതിയാണ് ഖുർആൻ സ്വീകരിച്ചിരിക്കുന്നത്. ഇങ്ങനെ ഉദ്ധരിക്കുമ്പോൾ ചരിത്രത്തിലെ കാലക്രമം ഖുർആൻ പരിഗണിക്കുന്നേയില്ല. അത്തരമൊരു പരിഗണന അനാവശ്യമാണല്ലോ.

ചരിത്ര പ്രതിപാദനത്തിന് ഖുർആൻ സ്വീകരിച്ചിരിക്കുന്ന രീതിയുടെ സവിശേഷത മറച്ചുവെച്ചുകൊണ്ടാണ് ചില വൈരുധ്യങ്ങൾ അതിന്മേൽ ആരോപിക്കപ്പെടുന്നത്. മോശയുടെ ചരിത്രം പറഞ്ഞതിനു ശേഷമായിരിക്കും ഖുർആൻ ചിലപ്പോൾ അബ്രഹാമിന്റെ ചരിത്രത്തിൽ നിന്നുള്ള സംഭവങ്ങൾ ഉദ്ധരിക്കുന്നത്. അബ്രഹാമിന് മുമ്പാണ് മോശ ജീവിച്ചത് എന്ന് ഖുർആൻ ഇതുകൊണ്ട് അർഥമാക്കുന്നില്ല. മോശയുടെ ചരിത്രത്തിൽനിന്ന് പാഠമുൾക്കൊള്ളേണ്ട കാര്യങ്ങൾ പ്രതിപാദിക്കുമ്പോൾ അത് ഉദ്ധരിക്കപ്പെടുന്നു; അബ്രഹാമിന്റെ ജീവിത സംഭവങ്ങൾ പറയേണ്ടിവരുമ്പോൾ അതും ഉദ്ധരിക്കുന്നു. അവയെ കാലിക ക്രമത്തിൽ എടുക്കേണ്ടതില്ല. അങ്ങനെ എടുക്കണമെന്ന് ഖുർആൻ ഒരിടത്തും ആവശ്യപ്പെടുന്നില്ല. അതുകൊണ്ട് തന്നെ അത്തരം സംഭവവിവരണങ്ങൾ വൈരുധ്യങ്ങളുടെ ഗണ ത്തിൽ ഉൾപ്പെടുന്നില്ല.

**യേശുവിന്റെ ജനനത്തെകുറിച്ച് മര്യത്തോട് സന്തോഷവാർത്തയറിയച്ചത് മലക്കുകൾ ആണെന്ന് ഖുർആനിൽ 3:45ലും,എന്നാൽ ഒരു മലക്ക് മാത്രമാണെന്ന് 19:17-21ലും പറയുന്നുണ്ടല്ലോ. ഇത് വ്യക്തമായ വൈരുധ്യമല്ലേ?**

ഇവിടെ വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ സാരം പരിശോധിക്കുക:

മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേര് മർയമിന്റെ മകൻ മസീഹ് ഈസ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽപെട്ടവനുമായിരിക്കും. *(വി.ഖു. 3:45)*

എന്നിട്ട് അവർ കാണാതിരിക്കാൻ അവൾ ഒരു മറയുണ്ടാക്കി. അപ്പോൾ നമ്മുടെ ആത്മാവിനെ നാം അവളുടെ അടുത്തേക്ക് നിയോഗിച്ചു. അങ്ങനെ അദ്ദേഹം അവളുടെ മുൻപിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അവൾ പറഞ്ഞു: തീർച്ചയായും നിന്നിൽ നിന്ന് ഞാൻ പരമകാരുണികനിൽ ശരണം പ്രാപിക്കുന്നു. നീ ധർമ്മനിഷ്ഠയുള്ളവനാണെങ്കിൽ (എന്നെ വിട്ടുമാറിപ്പോകൂ). അദ്ദേഹം പറഞ്ഞു: പരിശുദ്ധനായ ഒരാൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന്നു വേണ്ടി നിന്റെ രക്ഷിതാവ് അയച്ച ദൂതൻ മാത്രമാകുന്നു ഞാൻ. അവൾ പറഞ്ഞു: എനിക്കെങ്ങനെ ഒരാൺകുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ഒരു ദുർനടപ്പുകാരിയായിട്ടുമില്ല. അദ്ദേഹം പറഞ്ഞു: കാര്യം അങ്ങനെ തന്നെയാകുന്നു. അത് തന്നെ സംബന്ധിച്ചിടത്തോളം നിസ്സാരമായ ഒരു കാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. അവനെ

മനുഷ്യർക്ക് ഒരു ദൃഷ്ടാന്തവും നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവുമാക്കുവാനും (നാം ഉദ്ദേശിക്കുന്നു). അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു. *(വി.ഖു. 19:17-21)*

മർയമി (റ) ന്റെ ജീവിതത്തിലുണ്ടായ രണ്ടു സംഭവങ്ങളാണ് മുകളിൽ ഉദ്ധരിച്ച ഖുർആൻ സൂക്തങ്ങളിൽ പരാമർശിച്ചിട്ടുള്ളതെന്ന് അവ ഒരാവർത്തി മനസ്സിരുത്തി വായിച്ചാൽ തന്നെ മനസ്സിലാകും. മർയമി (റ)ന്റെ ജീവിതത്തിൽ ഒരേയൊരു തവണ മാത്രമേ മലക്കുകളുമായി സംഭാഷണമുണ്ടായിട്ടുള്ളൂവെന്ന് ഖുർആനിലൊരിടത്തും പറയുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. അങ്ങനെ പറയുന്നുണ്ടെങ്കിൽ ഈ സൂക്തങ്ങൾ തമ്മിൽ വൈരുധ്യങ്ങളുണ്ടെന്ന് പറയുന്നതിൽ അർത്ഥമുണ്ടാകുമായിരുന്നു. സത്യത്തിൽ സൂറത്തു ആലു ഇംറാനിൽ(3:42,45)പരാമർശിക്കപ്പെട്ട മാലാഖമാരുടെ സംഭാഷണം ഒരു സന്തോഷവാർത്ത അറിയിക്കൽ മാത്രമാണ്. അതു നിർവ്വഹിച്ചത് മലക്കുകളുടെ ഒരു സമൂഹമായിരുന്നു. ഏതെല്ലാം മാലാഖമാരായിരുന്നു പ്രസ്തുത സമൂഹത്തിൽ ഉണ്ടായിരുന്നതെന്ന് പ്രസ്തുത സൂക്തങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഈ സന്തോഷവാർത്ത അറിയിക്കപ്പെട്ട കാര്യത്തിന്റെ നിർവ്വഹണത്തിനും പൂർത്തീകരണത്തിനുമായിട്ടാണ് പരിശുദ്ധാത്മാവ് എന്ന് വിളിക്കപ്പെടുന്ന ജിബ്രീൽ (അ) എന്ന മാലാഖയെ അല്ലാഹു മർയമിന്റെ അടുക്കലേക്ക് അയച്ചത്. ജനങ്ങളിൽ നിന്ന് അകന്ന് ദൈവസ്മരണയിൽ കഴിയുന്ന മർയമിന്റെ അടുക്കലേക്ക് ദൈവിക ദൗത്യവുമായെത്തിയ ജിബ്രീൽ കടന്നുവന്നപ്പോഴുള്ള സംഭാഷണമാണ് സൂറത്തു മർയമിൽ (19:17-21) വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ജിബ്രീലിന്റെ ആഗമനോദ്ദേശ്യം മാലാഖമാർ ചെയ്തതുപോലെ ദൈവിക വചനത്തെ കുറിച്ച സന്തോഷവാർത്ത അറിയിക്കുകയായിരുന്നില്ല. പ്രത്യുത, പരിശുദ്ധനായ ഒരു ആൺകുട്ടിയെ ദാനം ചെയ്യുകയായിരുന്നു. അഥവാ മാലാഖമാർ സന്തോഷവാർത്തയറിയിച്ച കാര്യത്തിന്റെ നിർവ്വഹണമായിരുന്നു ജിബ്രീലിന്റെ ദൗത്യം. ഒരു പുരുഷന്റെ സ്പർശമേൽക്കാതെ ഒരു കുഞ്ഞുണ്ടാവാൻ പോകുന്നുവെന്ന മാലാഖമാരുടെ അറിയിപ്പ് നടപ്പിലാക്കുകയായിരുന്നു ജിബ്രീലിന്റെ ആഗമനോദ്ദേശ്യം. ദൈവിക വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിന് അനുഗുണമായ രീതിയിൽ മർയമിന്റെ ശരീരത്തിലുണ്ടാവേണ്ട മാറ്റം ഉണ്ടാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഏതായാലും ഈ സൂക്തങ്ങളിലെ പ്രതിപാദ്യം രണ്ടു സംഭവങ്ങളാണ്. ഒന്ന്, മാലാഖമാരുടെ സന്തോഷവാർത്തയറിയിക്കലും രണ്ടാമത്തേത്, പ്രസ്തുത സന്തോഷവിഷയത്തിന്റെ പൂർത്തീകരണത്തിനായുള്ള ജിബ്രീലിന്റെ ആഗമനവും അതോടനുബന്ധിച്ച് നടന്ന സംഭാഷണങ്ങളുമാണ്. രണ്ടും രണ്ടു സംഭവങ്ങൾ. രണ്ടിലെയും സംഭാഷണങ്ങൾ വ്യത്യസ്തം. രണ്ടിലും സംസാരിക്കുന്നവരും വ്യത്യസ്തം. പിന്നെയെങ്ങനെയാണ് ഈ സൂക്തങ്ങൾ തമ്മിൽ വൈരുധ്യമുണ്ടെന്ന് പറയാനാവുക?





**അല്ലാഹുവിന്റെയടുക്കൽ ദിവസത്തിന്റെ അളവ് ഭൂമിയിലെ ആയിരം വർഷങ്ങൾക്കു തുല്യമാണെന്ന് ഖുർആൻ 22:47, 32:5ലും പറയുമ്പോൾ അമ്പതിനായിരം വർഷങ്ങൾക്ക് തുല്യമാണെന്ന് 70:4ലും പറയുന്നുണ്ടല്ലോ, ഇത് വ്യക്തമായ വൈരുധ്യമല്ലേ?**

വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ സാരം പരിശോധക്കുക:

(നബിയെ) നിന്നോട് അവർ ശിക്ഷയുടെ കാര്യത്തിൽ ധൃതി കൂട്ടികൊണ്ടിരിക്കുന്നു. അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുകയേയില്ല.തീർച്ചയായും നിന്റെ നാഥന്റെയടുക്കൽ ഒരു ദിവസമെന്നാൽ നിങ്ങൾ എണ്ണിവരുന്ന തരത്തിലുള്ള ആയിരം കൊല്ലം പോലെയാകുന്നു. (22:47)

അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്നു പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു ആ ദിവസത്തിന്റെ അളവ്. (32:5)

അമ്പതിനായിരം കൊല്ലത്തിന്റെ അളവുള്ളതായ ഒരു ദിവസത്തിൽ മലക്കുകളും ആത്മാവും അവങ്കലേക്ക് കയറിപ്പോകുന്നു. (70:4)

ഈ മൂന്ന് സൂക്തങ്ങളിലും ദിവസം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'യൗം' എന്ന അറബി പദത്തെയാണ്. സാധാരണയായി ഇരുപത്തിനാല് മണിക്കൂറുള്ള ഒരു ദിവസത്തിനാണ് അറബിയിൽ യൗം എന്നു പറയാറുള്ളത്. എന്നാൽ ഘട്ടം, കാലയളവ് എന്നീ അർത്ഥങ്ങളിലും ഈ പദം ഉപയോഗിക്കാറുണ്ട്. ഖുർആനിലും ഈ അർത്ഥ കൽപ്പനകളിലെല്ലാം വ്യത്യസ്ത സാഹചര്യങ്ങളിൽ യൗം

എന്ന പദം പ്രയോഗിച്ചിട്ടുണ്ട്.

മരണാനന്തര ജീവിതത്തെകുറിച്ച് പ്രതിപാദിക്കുമ്പോൾ വിവിധ സംഭവങ്ങളുടെ കാലയളവിനെ കുറിക്കുന്നതിനു വേണ്ടിയാണ് ഖുർആൻ 'യൗം' എന്നുപ്രയോഗിച്ചിരിക്കുന്നത്. അനന്തമായ മരണാനന്തര ജീവിതത്തെക്കുറിച്ച് മൊത്തമായി തന്നെ യൗമുദ്ദീൻ (പ്രതിഫലത്തിന്റെ ദിവസം) എന്നാണ് ഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. അനന്തതയുടെ ദിവസത്തെ കുറിച്ചും ഖുർആനിൽ പരാമർശമുണ്ട്.

(അവരോട് പറയപ്പെടും) സമാധാനപൂർവ്വം നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക. അനശ്വര ജീവിതത്തിന്റെ ദിവസ (യൗമുൽഖുലൂദ്) മാണത്. (50:34). അനശ്വരതയുടെ ദിവസമെന്നത് ഏതായിരുന്നാലും സൂര്യനുദിച്ച് അസ്തമിക്കുന്നതിനിടയിലെ കാലയളവാകുകയില്ലല്ലോ. അത് അനന്തമായ ദിവസമാണ്. ഒരിക്കലും അവസാനിക്കാത്ത ദിവസം. ശാശ്വത ജീവിതത്തിന്റെ ദിവസം. ഇവിടെ ദിവസം എന്ന് പ്രയോഗിക്കപ്പെട്ടിരിക്കുന്നത് ഏത് അർത്ഥത്തിലാണെന്ന് പ്രസ്തുത പ്രയോഗത്തിൽ നിന്ന് തന്നെ വ്യക്തമാണല്ലോ. അന്ത്യനാളിൽ സംഭവിക്കുന്ന പല കാര്യങ്ങളെ കുറിച്ചും ഖുർആനിൽ ദിവസം (യൗം) എന്നാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യൻ ചിന്നിച്ചിതറിയ പാറ്റകളെപ്പോലെയും പർവ്വതങ്ങൾ കടഞ്ഞ രോമംപോലെയുമാകുന്ന ദിവസം (10:4,5.), ഭൂമി ഈ ഭൂമിയല്ലാതെ മറ്റൊന്നായും അതുപോലെ ഉപരിലോകങ്ങളും മാറ്റപ്പെടുകയും ഏകനും സർവ്വാധകാരിയുമായ അല്ലാഹുവിങ്കലേക്ക് അവരെല്ലാം പുറപ്പെട്ടു വരികയും ചെയ്യുന്ന ദിവസം. (14:48), അന്നേ ദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ് (99:6), അന്നേ ദിവസം ചില മുഖങ്ങൾ താഴ്മ കാണിക്കുന്നതും പണിയെടുത്ത് ക്ഷീണിച്ചതുമായിരിക്കും. (88:2,3), രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം. (86:9), ലോക രക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം. (83:6), ഒരാളും മറ്റൊരാൾക്ക് വേണ്ടി യാതൊന്നും അധീനപ്പെടുത്താത്ത ഒരു ദിവസം, അന്നേ ദിവസം കൈകാര്യ കർതൃത്വം അല്ലാഹുവിനായിരിക്കും. മനുഷ്യൻ തന്റെ സഹോദരനെയും മാതാവിനെയും പിതാവിനെയും തന്റെ ഭാര്യയെയും തന്റെ മക്കളെയും വിട്ടോടിപ്പോകുന്ന ദിവസം. (80:34-36.), മനുഷ്യൻ താൻ അധ്വാനിച്ചു വെച്ചതിനെ കുറിച്ച് ഓർമ്മിക്കുന്ന ദിവസം (79:35) കാണുന്നവർക്കു വേണ്ടി നരകം വെളിവാക്കപ്പെടുന്ന ദിവസം. (79:35), ആ നടുക്കുന്ന സംഭവം നടുക്കമുണ്ടാക്കുന്ന ദിവസം. (79:6), ആത്മാവും മലക്കുകളും അണിയണിയായി നിൽക്കുന്ന ദിവസം. (78:38), മനുഷ്യൻ തന്റെ കൈകൾ മുൻകൂട്ടി ചെയ്തു വെച്ചത് നോക്കികാണുകയും, അയ്യോ ഞാൻ മണ്ണായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെയെന്ന് സത്യനിഷേധി പറയുകയും ചെയ്യുന്ന ദിവസം. (78:40). അതത്രെ യഥാർത്ഥ ദിവസം. (78:39).





ഈ സൂക്തങ്ങളിൽ പ്രയോഗിക്കപ്പെട്ട ദിവസത്തിന് എന്താണ് അർത്ഥം? ഓരോ സംഭവങ്ങളോടൊപ്പവും പ്രതിപാദിക്കപ്പെട്ട ദിവസത്തിന് ആ സംഭവം നടക്കുന്നതിനുള്ള കാലയളവ് എന്നാണ് അർത്ഥമാക്കുന്നതെന്ന് സുതരാം വ്യക്തമാണ്. അതുകൊണ്ട് തന്നെ പ്രസ്തുത ദിവസങ്ങളുടെ കാലദൈർഘ്യം വ്യത്യസ്തമായിരിക്കും. മനുഷ്യർ ചിന്നിച്ചിതറിയ പാറ്റകളെപ്പോലെയാകുന്ന ദിവസത്തിന്റെ കാലദൈർഘ്യമാവുകയില്ല അവർ പല സംഘങ്ങളായി പുറപ്പെടുന്ന ദിവസത്തിന്. രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസത്തിന്റെ ദൈർഘ്യമാവുകയില്ല നരകം വെളിവാക്കപ്പെടുന്ന ദിവസത്തിനുണ്ടാവുക. ഓരോ ദിവസത്തിന്റെയും ദൈർഘ്യം വ്യത്യസ്തമായിരിക്കും. അവയുടെ ദൈർഘ്യം എത്രയാണെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. പ്രസ്തുത ദിവസങ്ങളുടെ ദൈർഘ്യത്തെകുറിച്ച് അറിയുവാൻ നമ്മുടെ കൈയിൽ മാർഗ്ഗങ്ങളൊന്നുമില്ല.

അന്ത്യനാളിനോടനുബന്ധിച്ച് നടക്കുന്ന രണ്ട് കാര്യങ്ങളുടെ സമയദൈർഘ്യം മാത്രമേ ഖുർആനിലൂടെ അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടുള്ളൂ. കാര്യങ്ങൾ അല്ലാഹുവിങ്കലേക്ക് ഉയർന്നു പോകുന്ന ഒരു ദിവസത്തിന്റെ അളവ് മനുഷ്യ ഗണനയിലുള്ള ആയിരം വർഷത്തിന് സമമാണെന്ന വസ്തുതയാണ് അല്ലാഹു സൂറത്തു സജദയിലൂടെ (32:5) വെളിപ്പെടുത്തുന്നത്. മലക്കുകളും ആത്മാവും അല്ലാഹുവിങ്കലേക്ക് കയറിപോകുന്ന ദിവസത്തിന്റെ ദൈർഘ്യം നമ്മുടെ അമ്പതിനായിരം കൊല്ലങ്ങൾക്ക് തുല്യമാണെന്ന് സൂറത്തുൽ മആരിജിലും(70:4) വ്യക്തമാക്കുന്നു. രണ്ട് സൂക്തങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുള്ളത് അന്ത്യദിനവുമായി ബന്ധപ്പെട്ട രണ്ട് സംഭവങ്ങളാണ്. പ്രസ്തുത സംഭവങ്ങൾക്ക് എടുക്കുന്ന കാലദൈർഘ്യം വ്യത്യസ്തമാണെന്ന വസ്തുത ഈ ഖുർആൻ സൂക്തങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാകുന്നുവെന്നല്ലാതെ ഇവ തമ്മിൽ യാതൊരു വിധ വൈരുധ്യങ്ങളുമി

ല്ലെന്നതാണ് വാസ്തവം. രണ്ടും രണ്ട് സംഭവങ്ങൾ, അവയുടെ സമയ ദൈർഘ്യം വ്യത്യസ്തമാണെന്നു മാത്രം. ഇവയെങ്ങനെ വൈരുധ്യ മാകും?

എന്നാൽ സൂറത്തുൽ ഹജ്ജിൽ നിന്ന് ഉദ്ധരിക്കപ്പെട്ട സൂക്ത (22:47) ത്തിന്റെ പശ്ചാത്തലം വ്യത്യസ്തമാണ്. സത്യനിഷേധികളുടെ പരിഹാസത്തിനുള്ള മറുപടിയായാണ് പ്രസ്തുത സൂക്തം അവത രിപ്പിക്കപ്പെട്ടത്. നിഷേധികൾക്ക് ദൈവിക ശിക്ഷ ലഭിക്കുമെന്ന മുഹ മ്മദ് നബി(സ)യുടെ മുന്നറിയിപ്പിനെ പരിഹസിച്ചുകൊണ്ട്, ഞങ്ങൾ നിഷേധ സ്വഭാവം സ്വീകരിച്ചിട്ട് വർഷങ്ങളായെങ്കിലും ശിക്ഷയുണ്ടാ കാത്തത് എന്തേ എന്ന ചോദ്യത്തിനുള്ള മറുപടി. ദൈവിക ശിക്ഷ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ വന്നുഭവിച്ചു കൊള്ളണമെ ന്നില്ലെന്നും ചരിത്രത്തിലെ ദൈവിക ഇടപെടലുകൾ നടക്കുന്നത് മനുഷ്യരുടെ ഗണനാക്രമത്തിനനുസരിച്ചല്ല, പ്രത്യുത അല്ലാഹുവിന്റെ തീരുമാനപ്രകാരമാണെന്നും വ്യക്തമാക്കുകയാണ് ഈ സൂക്തത്തിൽ ചെയ്യുന്നത്. അല്ലാഹുവിന്റെയടുക്കൽ ഒരു ദിവസമെന്നാൽ മനുഷ്യ ഗണനയിലെ ഒരു സഹസ്രാബ്ദത്തിന് തുല്യമാണെന്നും അതു കൊണ്ട് തന്നെ ശിക്ഷ വന്നുഭവിച്ചില്ലെന്ന് കളിയാക്കേണ്ടതില്ലെന്നു മാണ് ഈ സൂക്തം വ്യക്തമാക്കുന്നത്. മനുഷ്യ ചരിത്രത്തിലെ ദൈവിക ഇടപെടലുകളെ മനുഷ്യഗണനയുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടതില്ലെന്നാണ് ഈ സൂക്തം നൽകുന്ന പാഠം. ഈ സൂക്തത്തിലെ പരാമർശവുമായി ഉദ്ധരിക്കപ്പെട്ട മറ്റു രണ്ട് സൂക്ത ങ്ങൾക്കും ബന്ധമൊന്നുമില്ല. മൂന്നു സൂക്തങ്ങളിലും വിശദീകരിക്ക പ്പെട്ടിരിക്കുന്നത് മൂന്നു തരം ദിവസങ്ങൾ, അവയുടെ കാലദൈർഘ്യം വ്യത്യസ്തമായിരിക്കാം. അവയിലെ സംഭവങ്ങളും വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ അവ തമ്മിൽ വൈരുധ്യമുണ്ടെന്ന് പറയാനാ വില്ല. അവ തമ്മിൽ യാതൊരു വൈരുധ്യവും ഇല്ല തന്നെ!

**പരലോകത്ത് എത്ര സ്വർഗ്ഗമാണുള്ളത്? ഖുർആനിലെ ചില സൂക്തങ്ങളിൽ ഒരു സ്വർഗ്ഗമെന്നും (ഉദാ: 39:73, 41:30, 57:21, 79:41) മറ്റു ചിലവയിൽ ധാരാളം സ്വർഗ്ഗങ്ങളെന്നും (ഉദാ: 18:31, 22:23, 35:33, 78:32) പരാമർശിച്ചിട്ടുണ്ടല്ലോ. ഇത് വൈരുധ്യമല്ലേ?**

മരണാനന്തര ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഖുർആ നിൽ സ്വർഗ്ഗം (ജന്നത്ത്) എന്നും സ്വർഗ്ഗങ്ങൾ (ജന്നാത്ത്) എന്നും





പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. രണ്ടു പ്രയോഗങ്ങൾക്കും ഓരോ ഉദാഹര ണങ്ങൾ കാണുക.

തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗ്ഗത്തി ലേക്ക് കൂട്ടം കൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാട ങ്ങൾ തുറന്നുവെക്കപ്പെട്ട നിലയിൽ അവർ അതിനടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചുകൊള്ളുക. (39:73)

അക്കൂട്ടർക്കാകുന്നു സ്ഥിരവാസത്തിനുള്ള സ്വർഗ്ഗത്തോപ്പുകൾ. അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകികൊണ്ടിരിക്കുന്നതാ ണ്.(18:31)

ഈ പ്രയോഗങ്ങൾ തമ്മിൽ യാതൊരു വൈരുധ്യവുമില്ല. സത്യ വിശ്വാസികൾ കൂട്ടം കൂട്ടമായി ആനയിക്കപ്പെടുന്നത് സ്വർഗ്ഗലോക ത്തിലേക്കാണ്. ആ സ്വർഗ്ഗലോകത്ത് ഒരുപാട് സ്വർഗ്ഗങ്ങളുണ്ട്. ഓരോ രുത്തരുടെയും സൽകർമ്മങ്ങളുടെ തോതനുസരിച്ച് വ്യത്യസ്ത സ്വർഗ്ഗ ങ്ങളിലായിരിക്കും പ്രവേശിപ്പിക്കപ്പെടുകയെന്ന് ഹദീസുകളിൽ വന്നി ട്ടുണ്ട്. ഒരു തോട്ടത്തിനകത്ത് തന്നെ വിവിധ തരം തോട്ടങ്ങളുള്ളത് നമുക്ക് പരിചയമുള്ളതാണ്. റോസാചെടിയുടെ തോട്ടവും ഡാലി യയുടെ തോട്ടവും മല്ലികാ തോട്ടവും ഓർക്കിഡുകളുടെ തോട്ടവു മെല്ലാം ഉൾക്കൊള്ളുന്ന സ്ഥലത്തെ നാം തോട്ടം (ഗാർഡൻ) എന്നു തന്നെയാണ് പറയുക. ഒരു തോട്ടത്തിൽ തന്നെ അനേകം തോട്ടങ്ങ ളുണ്ടാകുമെന്നർത്ഥം. ഇതേപോലെത്തന്നെ സ്വർഗ്ഗലോകത്ത് അനേകം സ്വർഗ്ഗത്തോപ്പുകളുണ്ട്. ഒരേയൊരു സ്വർഗ്ഗത്തിനകത്തു തന്നെയുള്ള സ്വർഗ്ഗത്തോപ്പുകളെക്കുറിച്ച് പരാമർശിക്കുമ്പോൾ ഖുർ ആൻ ബഹുവചനവും മൊത്തം സ്വർഗലോകത്തെപ്പറ്റി പറയുമ്പോൾ ഏകവചനവും ഉപയോഗിക്കുന്നു എന്നുമാത്രമേയുള്ളൂ. ഇതിൽ യാതൊരുവിധ വൈരുധ്യവുമില്ല.

**പരലോകത്തെ മനുഷ്യരെ രണ്ടു വിഭാഗങ്ങളാക്കി തിരിക്കുമെ ന്ന് (90:17–20,99:6–8)ലും അങ്ങനെ മറ്റ് പല സൂക്തങ്ങളിലും പറ യുന്നതിന് വിരുദ്ധമായി മൂന്ന് വിഭാഗങ്ങളാക്കുമെന്ന് (56:7)ൽ പ്രസ്താവിക്കുന്നുണ്ടല്ലോ. എന്താണ് ഇതിനുള്ള വിശദീകരണം?**

ഇവിടെ പരാമർശിക്കപ്പെട്ട സൂക്തങ്ങൾ പരിശോധിക്കുക:

പുറമെ വിശ്വസിക്കുകയും, ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ അവൻ ആയി തീരുകയും ചെയ്യുക. അങ്ങനെ ചെയ്യുന്നവരാണ് വലതുപക്ഷക്കാർ. നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവരത്രെ ഇടതുപക്ഷത്തിന്റെ ആൾക്കാർ. അവരുടെ മേൽ അടച്ചുമൂടിയ നരകാഗ്നിയുണ്ട്. (90: 17-20).

അന്നേ ദിവസം മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതാണ്; അവർക്ക് അവരുടെ കർമ്മങ്ങൾ കാണിക്കപ്പെടേണ്ടതിനായിട്ട്.

അപ്പോൾ ആര് ഒരണുത്തൂക്കം നൻമ ചെയ്തിരുന്നുവോ അത് അവൻ കാണും. ആര് ഒരണുത്തൂക്കം തിൻമ ചെയ്തിരുന്നുവോ അതും അവൻ കാണും. (99:6-8)

നിങ്ങൾ മൂന്ന് തരക്കാരായി തീരുന്ന സന്ദർഭമത്രെ അത്. (56:7)

മുകളിൽ പറഞ്ഞ സൂക്തങ്ങളിലൊന്നും തന്നെ പരലോകത്ത് രണ്ടു വിഭാഗക്കാരേ ഉണ്ടാവൂ എന്ന് പറഞ്ഞിട്ടില്ല. ആദ്യം ഉദ്ധരിക്കപ്പെട്ട സൂറത്തുൽ ബലദിലെ (90:17-20) സൂക്തങ്ങളിൽ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന വലതു പക്ഷക്കാരെ കുറിച്ചും നരകത്തിലേക്ക് എറിയപ്പെടുന്ന ഇടതുപക്ഷക്കാരെ കുറിച്ചുമാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. പരലോകത്ത് ഇങ്ങനെ രണ്ടു വിഭാഗം മാത്രമേ ഉണ്ടാവൂയെന്ന് അവിടെയൊന്നും യാതൊരു പരാമർശവുമില്ല. രണ്ടാമതായി ഉദ്ധരിക്കപ്പെട്ട സൂറത്തു സൽസലഃയിലെ സൂക്തങ്ങളിലാകട്ടെ (99:68) അണുത്തൂക്കം നൻമ ചെയ്തവർ അതും തിൻമ ചെയ്തവർ അതും കാണുമെന്ന് മാത്രമാണ് പറയുന്നത്. തങ്ങളുടെ കർമ്മഫലങ്ങൾ കാണുന്നതിനായി മനുഷ്യർ പല സംഘങ്ങളായി പുറപ്പെടുന്നതിനെ കുറിച്ച് സൂചിപ്പിക്കുന്ന ഈ സൂക്തങ്ങളിൽ എത്ര സംഘങ്ങളാണെന്ന കൃത്യമായ പ്രതിപാദനം ഉൾകൊള്ളുന്നില്ല. സൂറത്തുൽ വാഖിഅ:യിലാകട്ടെ (56:7) കൃത്യമായി തന്നെ പരലോകത്തിലെ മൂന്ന് വിഭാഗങ്ങളെ പറ്റി പറഞ്ഞിരിക്കുന്നു. ആ മൂന്ന് വിഭാഗക്കാർ ആരൊക്കെയാണെന്നും പ്രസ്തുത സൂറത്തിലെ മറ്റു സൂക്തങ്ങൾ വ്യക്തമാക്കുന്നുണ്ട്. സ്വർഗത്തിലേക്ക് അയക്കപ്പെടുന്ന വലതു പക്ഷക്കാരിൽ തന്നെ സൽഗുണങ്ങളിലെ മികവ് കൊണ്ട് അല്ലാഹുവിങ്കൽ കൂടുതൽ സാമീപ്യം നൽകപ്പെട്ടവരും ഉന്നതസ്ഥാനീയരുമായ ഒരു പ്രത്യേക വിഭാഗം വേറെ ഉണ്ടാകുമെന്ന് ഈ വചനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. ഇവരെക്കൂടി പരിഗണിച്ചു കൊണ്ടാണ് മൂന്നു വിഭാഗക്കാരെന്ന് പരാമർശിച്ചിരിക്കുന്നത്. പരലോകത്ത് മനുഷ്യരിൽ ഒരു വിഭാഗം നരകാവകാശികളും മറ്റൊരു വിഭാഗം സ്വർഗ്ഗാവകാശികളും ആയി തിരിക്കപ്പെടുന്നതോടൊപ്പം തന്നെ സ്വർഗ്ഗവാസികളിൽ ദൈവ സാമീപ്യം കൂടുതലായി ലഭിക്കുന്ന ഒരു ശ്രേഷ്ഠ വിഭാഗം കൂടി ഉണ്ടാവുന്നതിൽ വൈരുധ്യമൊന്നുമില്ല.





പരലോകത്ത് മൂന്ന് വിഭാഗങ്ങൾ ഉണ്ടാവുകയില്ലെന്നോ രണ്ട് വിഭാഗങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂവെന്നോ ഖുർആനിലെവിടെയും പരാമർശിക്കുന്നില്ലഎന്നതുകൊണ്ട് തന്നെ ഈ സൂക്തവുമായി വൈരുധ്യം പുലർത്തുന്ന ഒരു ഭാഗവും ഖുർആനിലില്ലെന്ന് അർഥശങ്കയ്ക്കിടയില്ലാതെ പറയാൻ സാധിക്കും.

**മനുഷ്യൻ മരണപ്പെടുമ്പോൾ അവന്റെ ആത്മാവ് പിടിക്കുന്നത് മരണത്തിന്റെ മാലാഖയാണെന്ന് 32:11ലും മാലാഖമാരാണെന്ന് 47:27ലും അല്ലാഹു തന്നെയാണെന്ന് 39:42 ലും പറയുന്നുണ്ടല്ലോ. ഈ സൂക്തങ്ങളിൽ വ്യക്തമായ വൈരുധ്യമില്ലേ?**

(നബിയേ) പറയുക : നിങ്ങളുടെ കാര്യത്തിൽ ഏൽപ്പിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്. (32:11) അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചു കൊണ്ട് അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ എന്തായിരിക്കും അവരുടെ സ്ഥിതി? (47:27)

ആത്മാവുകളെ അവരുടെ മരണവേളയിൽ അല്ലാഹു പൂർണ്ണമായി ഏറ്റെടുക്കുന്നു. മരണപ്പെടാത്തവയെ അവരുടെ ഉറക്കത്തിലും. (39:42)

ഈ സൂക്തങ്ങളിലാണ് വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്നത്. മരണ സമയത്തെ സംഭവങ്ങളുമായി ബന്ധപ്പെട്ട സൂക്തങ്ങളാണ് ഇവ. അല്ലാഹുവാണ് ജീവിതവും മരണവുമെല്ലാം നിശ്ചയിക്കുന്നത്. മനുഷ്യന് ജീവൻ നൽകിയതും മരണത്തിലേക്ക് നയിക്കുന്നതുമെല്ലാം അല്ലാഹുവാണ്. എല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങളും നടക്കുന്നത് അല്ലാഹുവിന്റെ അലംഘനീയമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇവയെല്ലാം നടന്നു പോകുന്നതിന്നായി അവൻ തന്നെ ചില വ്യവസ്ഥകൾ വെച്ചിട്ടുണ്ട്.

മഴ പെയ്യിക്കുന്നതിനും ഇടിമിന്നലുണ്ടാകുന്നതിനുമെല്ലാം അല്ലാഹു ഭൂമിയിൽ ചില വ്യവസ്ഥകളേർപ്പെടുത്തിയതുപോലെ മനുഷ്യനെ മരണപ്പെടുത്തുന്നതിനും അവൻ ചില സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. മലക്കുകളിലൂടെയാണ് അല്ലാഹു മനുഷ്യരെ മരണപ്പെടുത്തുന്നത്. മലക്കുകളാണ് മനുഷ്യരെ മരണപ്പെടുത്തുന്നതെങ്കിലും അതിന്റെ ആത്യന്തികമായ കാരണക്കാരൻ അല്ലാഹുവാണെന്നർത്ഥം. അല്ലാഹുവിന്റെ തീരുമാനങ്ങൾ നടപ്പാക്കാൻ മാത്രമേ മലക്കുകൾക്ക് അധികാരമുള്ളൂ. ഇക്കാര്യമാണ് സൂറത്തു സുമറിലെ (39:42) വാക്യം വ്യക്തമാക്കുന്നത്. മനുഷ്യരേ മലക്ക് മരണപ്പെടുത്തിയ ശേഷം നിങ്ങളുടെ രക്ഷതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ് എന്ന സൂറത്തു സജദയിലെ (32:11) പരാമർശവും വ്യക്തമാക്കുന്നത് മരണത്തിലെ അല്ലാഹുവിന്റെ ആത്യന്തികമായ നിയന്ത്രണത്തെയാണ്.

മനുഷ്യരെ മരണപ്പെടുത്തുക എന്ന ചുമതലയേൽപ്പിക്കപ്പെട്ടിരിക്കുന്നത് ഒരു പ്രത്യേക മാലാഖയെയാണ്. നിങ്ങളുടെ കാര്യത്തിൽ ഏൽപ്പിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ് എന്ന് പറയുമ്പോൾ (32:11) അക്കാര്യത്തിനു വേണ്ടി ചുമതലയേൽപ്പിക്കപ്പെട്ട പ്രത്യേക മാലാഖയെയാണ് ഖുർആൻ വിവക്ഷിക്കുന്നത്.

മരണത്തിന്റെ ഈ മാലാഖയക്ക് കീഴിൽ മലക്കുകളിൽ നിന്ന് തന്നെയുള്ള ഒരു വലിയ പ്രവർത്തക വ്യൂഹമുണ്ട്. ഈ മാലാഖമാർ മരണത്തോടനുബന്ധിച്ച വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതേ കുറിച്ച് വ്യക്തമാക്കുന്ന പല ഖുർആൻ സൂക്തങ്ങളിൽ ഒന്നു മാത്രമാണ് സൂറത്തു മുഹമ്മദിൽ നിന്ന് ആദ്യം ഉദ്ധരിക്കപ്പെട്ട സൂക്തം (47:27). മരണത്തോടനുബന്ധിച്ച് മലക്കുകൾ ചെയ്യുന്ന പ്രവർത്തനങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന മറ്റു ചില സൂക്തങ്ങൾ കാണുക:

സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങൾ എന്തൊരു നിലപാടിലായിരുന്നു? (4:97).

നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞു കൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കുകയാണ്. (6:93)





നല്ലവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവസാനിപ്പിക്കുന്നുവോ അവരോട് മാലാഖമാർ പറയും: നിങ്ങൾക്ക് സമാധാനം! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക. (16:32).

ഈ സൂക്തങ്ങളിലെല്ലാം മനുഷ്യരുടെ മരണത്തോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മാലാഖമാരുടെ വ്യുഹത്തെപ്പറ്റിയാണ് വിശദീകരിക്കപ്പെട്ടിരിക്കുന്നത്. ഈ വ്യൂഹം മരണത്തിന്റെ മലക്കിന്റെ കീഴിലുള്ളതാണ്. മരണവും മരണത്തോടനുബന്ധിച്ച പ്രവർത്തനങ്ങളും ചെയ്യാനായി ഒരു മാലാഖവ്യൂഹത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വ്യൂഹത്തിന്റെ നേതാവാണ് മരണത്തിന്റെ മലക്ക് എന്ന് അറിയപ്പെടുന്നത്. ഈ വ്യൂഹവും നേതാവുമെല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിന് കീഴിലാണ്. ഇക്കാര്യങ്ങൾ മനസ്സിലാക്കിയാൽ വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്ന സൂക്തങ്ങളിൽ യാതൊരു വൈരുധ്യവുമില്ലെന്ന വസ്തുത സുവ്യക്തമാകും .

**ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ആറ് ദിവസം കൊണ്ടാണെന്ന് ഖുർആനിൽ പല തവണ പറയുന്നുണ്ട്. (ഉദാ:7:54,10:3,11:7,25:59). എന്നാൽ 41:9-12 സൂക്തങ്ങളിലെ സൃഷ്ടിവിവരണ പ്രകാരം എട്ട് ദിവസം കൊണ്ടാണ് പ്രപഞ്ചസൃഷ്ടി നടന്നതെന്നാണ് മനസ്സിലാവുന്നത്. ഇത് വ്യക്തമായ വൈരുധ്യമല്ലേ?**

ആറു ദിവസം കൊണ്ടാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിലുണ്ട്. ഒരു ഉദാഹരണം 7:54: തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ ആല്ലാഹുവാകുന്നു.

ദിവസം എന്ന് പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്ന യൗം എന്ന അറബി പദത്തിന് ഘട്ടം എന്നും അർത്ഥമുണ്ട്. ഇവിടെ ആറു ദിവസങ്ങൾ എന്നതുകൊണ്ട് സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള ഒരു ദിവസമല്ല വിവക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. അല്ലാഹുവിന്റെയടുക്കൽ ദിവസമെന്നാൽ മനുഷ്യ പരിഗണനയിലുള്ള ദിവസമല്ലെന്ന വസ്തുത ഖുർആൻ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഉപരിലോകങ്ങളും ഭൂമിയുമെല്ലാം സൃഷ്ടിക്കപ്പെട്ടത് ആറ് വ്യത്യസ്ത ഘട്ടങ്ങളായികൊണ്ടാണെന്ന് വ്യക്തമാക്കുകയാണ് അക്കാര്യം വിവ

രിച്ച സൂക്തങ്ങളെല്ലാം ചെയ്യുന്നത്. ഈ ഘട്ടങ്ങളുടെ കാലദൈർഘ്യം എത്രയാണെന്ന് നമുക്കറിയില്ല. അത് ഖുർആൻ വ്യക്തമാക്കുന്നുമ്മില്ല.

ആറു ഘട്ടങ്ങളിലായാണ് ആകാശ ഭൂമികളുടെ സൃഷ്ടി സംഭവിച്ചത് എന്ന കാര്യം ഖുർആനിൽ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. അതിലധികമോ കുറച്ചോ ഘട്ടങ്ങളായിട്ടാണ് സൃഷ്ടി സംഭവിച്ചതെന്ന് പറയുന്ന ഒരൊറ്റ സൂക്തവും ഖുർആനിലില്ല. എട്ടു ദിവസം കൊണ്ടാണ് സൃഷ്ടി നടത്തിയതെന്ന് ഖുർആനിൽ ഒരിടത്തുമില്ല. എന്നാൽ ഖുർആനിൽ ഇങ്ങനെ പറയുന്നുവെന്ന് ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത് സൂറത്തു ഫുസ്സിലത്തിലെ (അധ്യായം 41) 9 മുതൽ 12 വരെയുള്ള സൂക്തങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത സൂക്തങ്ങൾ പരിശോധിക്കുക:

നീ പറയുക ; രണ്ടു ഘട്ടങ്ങളിലായി ഭൂമിയെ സൃഷ്ടിച്ചവനിൽ നിങ്ങൾ അവിശ്വസിക്കുകയും അവന് നിങ്ങൾ സമൻമാരെ സ്ഥാപിക്കുകയും തന്നെയാണോ ചെയ്യുന്നത്? അവനാകുന്നു ലോകങ്ങളുടെ രക്ഷിതാവ്.

അതിൽ അതിന്റെ ഉപരിഭാഗത്ത് ഉറച്ചുനിൽക്കുന്ന പർവ്വതങ്ങൾ അവൻ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധി ഉണ്ടാക്കുകയും, അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു, നാലു ഘട്ടങ്ങളിലായി. ആവശ്യപ്പെടുന്നവർക്കുവേണ്ടി ശരിയായ അനുപാതത്തിൽ.

അതിനു പുറമെ അവൻ ഉപരിലോകത്തിന്റെ നേർക്കു തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ രണ്ടുപേരും അനുസരണ പൂർണ്ണമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു. അങ്ങനെ രണ്ട് ഘട്ടങ്ങളിലായി അവയെ അവൻ ഏഴ് ആകാശങ്ങളാക്കിത്തീർത്തു.

ഈ സൂക്തങ്ങളിലെവിടെയും എട്ട് ഘട്ടങ്ങളിലായിട്ടാണ് അല്ലാഹു ആകാശ ഭൂമികളെ സൃഷ്ടിച്ചതെന്ന് പറഞ്ഞിട്ടില്ല. ഒൻപതാം സൂക്തത്തിലെ രണ്ടു ഘട്ടങ്ങളും പത്താം സൂക്തത്തിലെ നാലു ഘട്ട ങ്ങളും പന്ത്രണ്ടാം സൂക്തത്തിലെ രണ്ടു ഘട്ടങ്ങളും കൂട്ടിയാൽ എട്ടു ഘട്ടങ്ങളാകുമെന്നതിനാൽ ഈ സൂക്തങ്ങൾ ആറു ഘട്ടങ്ങളായിട്ടാണ്





പ്രപഞ്ച സൃഷ്ടി നടന്നതെന്ന സൂക്തങ്ങളുമായി വൈരുധ്യം പുലർത്തുന്നുണ്ടെന്നാണ് വിമർശകൻമാരുടെ വാദം. ഈ വാദത്തിൽ യാതൊരു കഴമ്പുമില്ല. ഒമ്പത്, പത്ത് സൂക്തങ്ങളിൽ ഭൂമിയുടെയും അതിലുള്ളതിന്റെയും സൃഷ്ടിപ്പിനെ സംബന്ധിച്ചാണ് പരാമർശിക്കുന്നത്. ഭൂമിയുടെ സൃഷ്ടിപ്പ് രണ്ടു ഘട്ടങ്ങളിലായി നിർവ്വഹിച്ചതിനെ കുറിച്ച് ഒൻപതാം സൂക്തത്തിൽ പറയുന്നു. ഭൂമിയെയും അതിലെ പർവ്വതങ്ങളെയും ആഹാരസംവിധാനങ്ങളെയുമെല്ലാം സൃഷ്ടിച്ചത് നാലു ഘട്ടങ്ങളായിട്ടാണെന്ന് പത്താം സൂക്തത്തിലും പറയുന്നു. ഒൻപതാം സൂക്തത്തിൽ പ്രതിപാദിക്കപ്പെട്ട രണ്ടു ഘട്ടങ്ങൾ കൂടി പത്താം സൂക്തത്തിലെ നാലു ഘട്ടത്തിൽ ഉൾപ്പെടുന്നുവെന്നർഥം. ഒൻപതും പത്തും സൂക്തങ്ങളിൽ പ്രതിപാദിക്കപ്പെട്ട സൃഷ്ടി മൊത്തമായി നാലു ഘട്ടങ്ങളായിട്ടാണ് നിർവഹിക്കപ്പെട്ടതെന്നാണ് പത്താമത്തെ സൂക്തത്തിന്റെ അവസാനത്തിൽ നാലു ഘട്ടങ്ങളിലായി എന്ന് പറഞ്ഞതിനർഥം. അപ്പോൾ ആകാശത്തെ സൃഷ്ടിച്ച രണ്ടു ഘട്ടങ്ങളും കൂടി കൂട്ടുമ്പോൾ ആകെ പ്രപഞ്ച സൃഷ്ടി നടന്നത് ആറു ഘട്ടങ്ങളായിട്ടാണെന്ന വസ്തുത സുതരാം വ്യക്തമാവുന്നു. യഥാർത്ഥത്തിൽ ഈ വചനങ്ങൾ, സൃഷ്ടി നടന്നത് ആറു ഘട്ടങ്ങളിലായിട്ടാണെന്ന് പറയുന്ന മറ്റു വചനങ്ങളുമായി വൈരുദ്ധ്യങ്ങളൊന്നും വെച്ചുപുലർത്തുന്നില്ല.

**ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടത് ആറു ദിവസങ്ങളിലായിട്ടാണെന്ന് പല സ്ഥലങ്ങളിലും പറയുന്ന ഖുർആനിൽ തന്നെ അല്ലാഹു ഒരു കാര്യം സൃഷ്ടിക്കാൻ തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുമ്പോഴേക്ക് അതുണ്ടാകുമെന്നും പ്രസ്താവിക്കുന്നു. ഇത് വൈരുദ്ധ്യമല്ലേ?**

വൈരുദ്ധ്യം ആരോപിക്കപ്പെട്ട ഖുർആൻ സൂക്തങ്ങൾ കാണുക:

തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളേയും ഭൂമിയേയും ആറ് ദശകളിലായി സൃഷ്ടിക്കുകയും, പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു.(10:3)

ആകാശങ്ങളുടേയും ഭൂമിയുടേയും നിർമ്മാതാവത്രെ അവൻ. അവൻ ഒരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമേ വേണ്ടതുള്ളു. ഉടനെ അതുണ്ടാകുന്നു. (2:117)

ആകാശ ഭൂമികൾ ആറു ഘട്ടങ്ങളിലായിട്ടാണ് സൃഷ്ടിക്കപ്പെട്ട തെന്ന് പ്രസ്താവിക്കുന്ന ഖുർആൻ സൂക്തങ്ങൾ അവന്റെ സൃഷ്ടി വൈഭവം വ്യക്തമാക്കുന്ന സൂറത്തുൽ ബഖറയിലെ വചനവുമായി (2:117) യാതൊരു വിധത്തിലും വൈരുധ്യം പുലർത്തുന്നില്ല. ദൈവ പുത്രവാദമുന്നയിക്കുന്ന ക്രൈസ്തവരെ വിമർശിച്ചുകൊണ്ടാണ് സൂറ ത്തുൽബഖറയിൽ ഇക്കാര്യം പ്രസ്താവിക്കുന്നത്. അവർ പറയുന്നു, അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നുവെന്ന്. അവനത്രെ പരി ശുദ്ധൻ! അങ്ങനെയല്ല, ആകാശഭൂമികളിലുള്ളതെല്ലാം തന്നെ അവ ന്റെതാകുന്നു. എല്ലാവരും അവന് കീഴ്പ്പെട്ടിരിക്കുന്നവരാകുന്നു (2:116) എന്ന് പറഞ്ഞ ശേഷമാണ് സൂറത്തുൽ ബഖറയിലെ നടേ പറഞ്ഞ വചനമുള്ളത്. ആകാശ ഭൂമികളിലുള്ള ചെറുതും വലുതുമായ വസ്തു ക്കളെല്ലാം പടച്ചവന്റെ കൽപ്പന പ്രകാരം ഉണ്ടാവുകയെന്ന അവന്റെ വചനപ്രകാരം ഉണ്ടായതാണെന്നിരിക്കെ, ദൈവത്തിന്റെ വചന പ്രകാരം അത്ഭുതകരമായി ജനിച്ച യേശുക്രിസ്തു മാത്രം ദൈവപു ത്രനാണെന്നു പറയുന്നതിൽ യാതൊരു ന്യായവുമില്ലെന്ന വസ്തുത വ്യക്തമാക്കുകയാണ് ഈ സൂക്തങ്ങൾ ചെയ്യുന്നത്.

സൂറത്തുൽ ബഖറയിലെ സൂക്തം (2:117), അല്ലാഹുവിന്റെ സൃഷ്ടി വൈഭവം വ്യക്തമാക്കുക മാത്രമാണ് ചെയ്യുന്നത്. യാതൊരു മുൻമാതൃകയുമില്ലാതെ സൃഷ്ടി നിർവഹിക്കുന്നവനാണ് അല്ലാഹു. അവന്റെ സൃഷ്ടി ഒന്നുമില്ലായ്മയിൽ നിന്നാണ്. ശൂന്യതയിൽ നിന്നു ള്ള സൃഷ്ടിപ്പ് അവന്നു മാത്രം കഴിയുന്ന കാര്യമാണ്. ഒരു വസ്തു ഉണ്ടാക്കണമെന്ന് അവൻ തീരുമാനിച്ചു കഴിഞ്ഞാൽ അവന്ന് ഉണ്ടാ വുക എന്ന് പറയേണ്ടതേയുള്ളൂ, ആ വസ്തു ഉണ്ടാവും. ഉണ്ടാവുക എന്ന ദൈവവചനത്തിൽ തന്നെ പ്രസ്തുത വസ്തു എത്രകാലം കൊണ്ടാണ് ഉണ്ടാവേണ്ടത് എന്നും എത്ര ഘട്ടങ്ങളായാണ് ഉണ്ടാ വേണ്ടത് എന്നുമുള്ള ദൈവിക തീരുമാനങ്ങളും ഉൾക്കൊണ്ടിരിക്കും. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു ഉണ്ടാകു ന്നു. ആകാശഭൂമികൾ ഉണ്ടായിരിക്കുന്നതും അല്ലാഹുവിന്റെ ഉണ്ടാ വുകയെന്ന വചനപ്രകാരം തന്നെയാണ്. പ്രസ്തുത വചനത്തിൽ തന്നെ അത് ആറുഘട്ടങ്ങളായാണ് ഉണ്ടാവേണ്ടതെന്നും പ്രസ്തുത സൃഷ്ടി പ്രക്രിയക്ക് ആവശ്യമായ കാലയളവ് ഇത്രയാണെന്നും എങ്ങനെയാണ് അത് ഉണ്ടാകേണ്ടതെന്നുമുള്ള ദൈവിക തീരുമാ നങ്ങൾ കൂടി ഉൾക്കൊണ്ടിരിക്കും. അതനുസരിച്ചാണ് അവൻ





നിശ്ചയിച്ച കാലയളവിനുള്ളിൽ ആറു ഘട്ടങ്ങളായി അവ സൃഷ്ടിക്ക പ്പെട്ടത്.

ചുരുക്കത്തിൽ, ആറു ഘട്ടങ്ങളിലായാണ് അല്ലാഹു ആകാശ ഭൂമികളെ സൃഷ്ടിച്ചത് എന്ന പരാമർശവും അവൻ ഒരു കാര്യം തീരുമാനിച്ചാൽ ഉണ്ടാവുക എന്ന വചനപ്രകാരം അതുണ്ടാവുന്ന താണെന്ന പ്രസ്താവനയും തമ്മിൽ യാതൊരുവിധ വൈരുധ്യങ്ങ ളുമില്ല. ഒന്ന് ആകാശ ഭൂമികളുടെ സൃഷ്ടിക്രമം വ്യക്തമാക്കുന്നു, മറ്റേതാകട്ടെ അല്ലാഹുവിന്റെ സൃഷ്ടി വൈഭവമാണ് വിശദീകരി ക്കുന്നത്.

## ആകാശങ്ങളോ ഭൂമിയോ ഏതാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്? ആദ്യം ഭൂമിയാണെന്ന് 2:29ലും ആദ്യം ആകാശമാണെന്ന് 79:27 -30ലും പറയുന്നു.ഇത് വൈരുധ്യമല്ലേ?

2:29 അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടി ച്ചു തന്നത്. പുറമെ ഏഴു ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരി ലോകത്തെ സംവിധാനിച്ചവനും അവൻ തന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

79:27-30 നിങ്ങളാണോ സൃഷ്ടിക്കപ്പെടാൻ കൂടുതൽ പ്രയാസമു ള്ളവർ അതല്ല ആകാശമാണോ? അതിനെ (ആകാശത്തെ) അവൻ നിർമ്മിച്ചിരിക്കുന്നു. അതിന്റെ വിതാനം അവൻ ഉയർത്തുകയും, അതിനെ അവൻ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതിലെ രാത്രിയെ അവൻ ഇരുട്ടാക്കുകയും, അതിലെ പകലിനെ അവൻ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരിക്കുന്നു: അതിനു ശേഷം അവൻ ഭൂമിയെ വികസിപ്പിച്ചിരിക്കുന്നു

ഈ സൂക്തങ്ങളിലാണ് വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്നത്. സൂറത്തുൽ ബഖറയിലെ ഇരുപത്തിയൊമ്പതാം സൂക്തത്തിൽ പുറ മെയെന്ന് പരിഭാഷപ്പെടുത്തപ്പെട്ടിരിക്കുന്നത്. 'ഥുമ്മ' യെന്ന അറബി അവ്യയമാണ്. പിന്നെയെന്നാണ് 'ഥുമ്മ'ക്ക് സാധാരണയായി നൽക പ്പെടാറുള്ള അർത്ഥം. പ്രസ്തുത അർത്ഥം ഈ സൂക്തത്തിൽ നൽകു മ്പോൾ ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചതിനു ശേഷമാണ് ആകാശം സൃഷ്ടിക്കപ്പെട്ടതെന്നാണ് ഖുർആനിൽ പറയുന്നതെന്ന് വരുത്താ നാവും. ഈ അടിസ്ഥാനത്തിലാണ് വിമർശകൻമാർ ഈ സൂക്തം സൂറത്തുന്നാസിആത്തിലെ ഉദ്ധരിക്കപ്പെട്ട വചനങ്ങളുമായി (79:27

-30) വൈരുധ്യം പുലർത്തുന്നുവെന്ന് ആരോപിക്കുന്നത്.

ഥുമ്മ യെന്ന അവ്യയം സംഭവങ്ങളുടെ കാലക്രമത്തെ സൂചിപ്പിക്കുവാൻ മാത്രമല്ല അറബിയിൽ പ്രയോഗിക്കപ്പെടുന്നത്. വിവരണത്തിലെ ക്രമാനുഗതികത്വത്തെ സൂചിപ്പിക്കുവാനും ഥുമ്മയെന്ന് പ്രയോഗിക്കാറുണ്ട്. ഇത് പൊതുവെ എല്ലാ ഭാഷകളിലുമുള്ള പ്രയോഗ രീതിയാണ്. മലയാളത്തിൽ നാം ഇങ്ങനെ പറയാറുണ്ട്. നീ ഇന്ന് എങ്ങോട്ട് പോയതായിരുന്നുവെന്ന് എനിക്കറിയാം, പിന്നെ, നീ ഇന്നലെ എങ്ങോട്ടായിരുന്നു പോയതെന്നും എനിക്കറിയാം. ഈ പ്രയോഗത്തിൽ നിന്ന് ഇന്നലത്തെ യാത്ര ഇന്നത്തേതിന് ശേഷമാണുണ്ടായതെന്ന് ആരും അർഥമാക്കാറില്ല. സംഭവക്രമത്തിനു പകരം വിവരണക്രമം സൂചിപ്പിക്കുന്നതിന് വേണ്ടിയാണ് ഇവിടെ പിന്നെയെന്ന് പറഞ്ഞിട്ടുള്ളതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഇതേ പോലെതന്നെ വിവരണക്രമം സൂചിപ്പിക്കുന്നതിന് വേണ്ടിയാണ് 2:29 ൽ ഥുമ്മയെന്ന് പ്രയോഗിച്ചിരിക്കുന്നത്. അല്ലാതെ ഭൂമിയുണ്ടായതിന് ശേഷമാണ് ആകാശങ്ങൾ ഉണ്ടായതെന്ന് പ്രസ്തുത സൂക്തം അർഥമാക്കുന്നേയില്ല. മാത്രവുമല്ല, സൂറത്തുൽ ബഖറയിലെ സൂചിത വാക്യം അല്ലാഹുവിന്റെ സൃഷ്ടിക്രമം വിവരിക്കുകയല്ല, പ്രത്യുത അവന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് മനുഷ്യരെ തെര്യപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനു നേരെ മുമ്പുള്ള വാക്യവുമായി അത് ചേർത്തു വായിച്ചാൽ ഇക്കാര്യം സുതരാം വ്യക്തമാവും.

നിങ്ങൾക്കെങ്ങനെയാണ് അല്ലാഹുവിനെ നിഷേധിക്കുവാൻ കഴിയുക? നിങ്ങൾ നിർജീവവസ്തുക്കളായിരുന്ന അവസ്ഥയ്ക്കു ശേഷം അവൻ നിങ്ങൾക്ക് ജീവൻ നൽകി. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് അവങ്കലേക്കു തന്നെ നിങ്ങൾ തിരിച്ചു വിളിക്കപ്പെടുകയും ചെയ്യും (2:78) എന്നു പറഞ്ഞ ശേഷമാണ്, അവനാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത് എന്നു പറഞ്ഞു കൊണ്ട് അടുത്ത സൂക്തം ആരംഭിക്കുന്നത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രഥമ പ്രാധാന്യമുള്ളത് ഭൂമിയും അതിലെ അനുഗ്രഹങ്ങളുമാണ്. ദൈവനിഷേധികളോട് ഒന്നാമതായി സ്വന്തത്തെകുറിച്ചും പിന്നീട് അവർ വസിക്കുന്ന ഭൂമിയെ കുറിച്ചും അതിനുശേഷം ആകാശ ക്രമീകരണത്തെ കുറിച്ചുമെല്ലാം ചിന്തിക്കുവാൻ വേണ്ടി ആവശ്യപ്പെടുകയാണ് ഈ സൂക്തങ്ങളിൽ ചെയ്യുന്നത്. അതുകൊണ്ട് തന്നെ ഇത് ആകാശ ക്രമീകര





ണങ്ങൾക്കു ശേഷമാണ് ഭൂമിയെ വികസിപ്പിച്ചെടുത്തതെന്ന സൂറത്തുനാസിആത്തിലെ വചനവുമായി (79:30) യാതൊരുവിധ വൈരുധ്യവും പുലർത്തുന്നില്ലെന്നതാണ് വാസ്തവം.

**ആകാശഭൂമികൾ ഒന്നായിരുന്നുവെന്നും പിന്നീട് അവ വേർപെടുത്തപ്പെട്ടതാണെന്നുമുള്ള 21:30 ലെ പരാമർശത്തിന് വിരുദ്ധമായി അവ രണ്ടും വേർപ്പെട്ടവയായിരുന്നുവെന്നും പിന്നീട് ഒന്നിച്ച് വരികയാണ് ചെയ്തതെന്നുമാണ് 41:11 ൽ പറയുന്നത്. ഇതെങ്ങനെ വിശദീകരിക്കാനാവും ?**

ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽ നിന്ന് എല്ലാ ജൈവ വസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?

അതിനു പുറമെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരുപുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു. നിങ്ങൾ രണ്ടും അനുസരണ പൂർവമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു.

വൈരുധ്യമാരോപിക്കപ്പെട്ട സൂക്തങ്ങളാണിവ. സത്യത്തിൽ പ്രപഞ്ചോൽപത്തിയുടെ രണ്ടു ഘട്ടങ്ങളാണ് ഈ സൂക്തങ്ങളിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നത്. ആധുനിക ശാസ്ത്രത്തിന്റെ നിഗമനങ്ങൾ ഖുർആനിൽ സൂചിപ്പിക്കപ്പെട്ട രണ്ടു ഘട്ടങ്ങളും കൃത്യമായി സംഭവിച്ചതു തന്നെയാണെന്നാണ് മനസ്സിലാക്കി തന്നിരിക്കുന്നത്. ഏകദേശം രണ്ടായിരം കോടി കൊല്ലങ്ങൾക്കു മുമ്പ് പ്രപഞ്ചം ആദിമ ഭ്രൂണാവസ്ഥയിലായിരുന്നുവെന്നും ഒരു ഉഗ്രസ്ഫോടനത്തോടെയാണ് പ്രപഞ്ചം നിലവിൽവന്നതെന്നുമാണ് ഇന്ന് ഏറ്റവുമധികം അംഗീകരിക്കപ്പെട്ടിട്ടുള്ള മഹാവിസ്ഫോടന സിദ്ധാന്തം പറയുന്നത്. ഈ സിദ്ധാന്തം അംഗീകരിച്ചാലും ഇല്ലെങ്കിലും പ്രാപഞ്ചിക വസ്തുക്കളെല്ലാം ഒന്നിച്ച് ഒരൊറ്റ ആദിപദാർഥത്തിന്റെ ഭാഗമായിരുന്നുവെന്ന വസ്തുത ഇന്ന് ശാസ്ത്ര ലോകത്ത് ഏതാണ്ട് തർക്കമറ്റ സംഗതിയാണ്. ഈ ആദിപദാർഥത്തിൽ നിന്ന് വേർപ്പെട്ടാണ് ആകാശ ഗോളങ്ങളും ഭൂമിയുമെല്ലാം ഉണ്ടായത്. പ്രപഞ്ചോൽപത്തിയുടെ ആദ്യ നിമിഷത്തിൽ സംഭവിച്ചതാണ് ഈ വേർപെടൽ. ശക്തമായ ഒരു

പൊട്ടിത്തെറിയിലൂടെ നടന്ന ഈ വേർപെടലിനാണ് സാങ്കേതിക മായി മഹാവിസ്ഫോടനം എന്ന് പറയുന്നത്. സൂറത്തുൽ അമ്പിയാ ഇലെ സൂചിത സൂക്തത്തിൽ(21:30) പരാമർശിക്കപ്പെട്ടിരിക്കുന്നത് ഈ വേർപ്പെടുത്തലാണ്. ആകാശവും ഭൂമിയും ഒട്ടിച്ചേർന്ന് ഒരു ആദിമ പിണ്ഡാവസ്ഥയിലായിരുന്നുവെന്നും പിന്നീട് അല്ലാഹു അവയെ വേർപെടുത്തിയെന്നുമുള്ള ഖുർആനിക പരാമർശങ്ങൾ പ്രപ ഞ്ചോൽപത്തിയുടെ ആദ്യ ഘട്ടത്തെയാണ് കുറിക്കുന്നതെന്നർഥം.

എന്നാൽ, മഹാ വിസ്ഫോടനത്തോടെ പ്രാപഞ്ചിക വസ്തുക്ക ളെല്ലാം ഇന്നു നിലനിൽക്കുന്ന രീതിയിൽ ആയിക്കഴിയുകയല്ല ചെയ്തത്. അതിന് വീണ്ടും പരിണാമദശകൾ കഴിയേണ്ടതായി ഉണ്ടാ യിരുന്നു. ആകാശ വസ്തുക്കളുടെ രൂപീകരണത്തിൽ പ്രധാനം നക്ഷത്രരൂപീകരണത്തിനാണല്ലോ. ഒരു നക്ഷത്രം ഉണ്ടാകുന്നത് എങ്ങനെയെന്ന് ഏകദേശം കൃത്യമായിത്തന്നെ ഇന്ന് നമുക്ക് പറയാൻ കഴിയും. ഉപരിലോകത്തുള്ള ധൂളി വാതക പടലങ്ങളായ നെബുലകളിൽ നിന്നാണ് നക്ഷത്രങ്ങൾ പിറവിയെടുക്കുന്നത്. നെബുലകളിലെ പൊടിപടലങ്ങൾക്കകത്ത് പെട്ടെന്നുണ്ടാകുന്ന ആഘാതത്തിന്റെ ഫലമായി അവ ഘനീഭവിച്ച് സാന്ദ്രമാവുകയും നക്ഷത്ര ഭ്രൂണമായിത്തീരുകയും ചെയ്യുന്നു. ഈഭ്രൂണം ചുറ്റുമുള്ള വാതക പടലത്തിൽനിന്ന് കണികകളെ ആകർഷിച്ചുകൊണ്ട് വലുപ്പം വർധിപ്പിച്ച് പ്രാഗ് നക്ഷത്രമായിത്തീരുന്നു. ഈ പ്രാഗ് നക്ഷത്രം സ്വന്തം ഗുരുത്വാകർഷണം മൂലം ചുരുങ്ങികൊണ്ടാണ് നക്ഷത്രങ്ങ ളുണ്ടാകുന്നത്. 1100 പ്രകാശവർഷങ്ങൾ അകലെയുള്ള എം ജി സി 1333 എന്ന നെബുലയിലെ നക്ഷത്രാന്തരീയ പുകപടലങ്ങളിൽ നിന്ന് ഒരു പ്രാഗ് നക്ഷത്രം പിറവിയെടുക്കുന്നത് ഹാവായിലെ മാക്സ്വെൽ ദൂരദർശിനിയിലൂടെ കാണാൻ ശാസ്ത്രജ്ഞൻമാർക്ക് കഴിഞ്ഞ തോടെ നക്ഷത്ര രൂപീകരണത്തെ കുറിച്ച ഈ സിദ്ധാന്തം ഏതാണ്ട് സർവ്വാംഗീകൃതമായിട്ടുണ്ട്. പ്രപഞ്ചോൽപത്തിയുടെ രണ്ടാം ഘട്ട ത്തിലുള്ള നക്ഷത്രങ്ങളുടെ സൃഷ്ടിയെ കുറിച്ചായിരിക്കാം സൂറത്തു ഫുസ്സിലത്തിലുള്ള 11-ാം വചനത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. പുകപടലങ്ങളിൽ നിന്നുള്ള ആകാശഗോളങ്ങളുടെ സൃഷ്ടിയാ ണല്ലോ ഈ വചനത്തിലെ പ്രതിപാദ്യവിഷയം. ഇത് മഹാവിസ്ഫോ ടനത്തിനു ശേഷം സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ശാസ്ത്രം പറ യുന്ന നെബുലകളിൽ നിന്നുള്ള നക്ഷത്ര രൂപികരണത്തെ കുറിച്ചു





തന്നെയാകാനാണ് സാധ്യത.

ഖുർആനിൽ രണ്ടു സ്ഥലങ്ങളിൽ പറയുന്ന പ്രപഞ്ചസൃഷ്ടി യുടെ ക്രമം രണ്ടും ശരിയാണെന്ന വസ്തുതയാണ് നമുക്ക് ഇവിടെ ബോധ്യമാകുന്നത്. പ്രത്യക്ഷത്തിൽ വൈരുധ്യമുള്ളതെന്ന് തോന്നു ന്ന ഖുർആനിക പരാമർശങ്ങൾ പോലും പരസ്പരപൂരകങ്ങളും വസ്തുതകൾ മാത്രം വിവരിക്കുന്നവയുമാണെന്ന വസ്തുതയാണ് ആധുനിക ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നതെന്ന കാര്യം എന്തു മാത്രം വലിയ അത്ഭുതമാണ്!. ഖുർആനിന്റെ അമാനുഷികതയും ദൈവികതയും വ്യക്തമാക്കുന്നവയാണ് ഈ വചനങ്ങളെന്നുള്ള താണ് വാസ്തവം.

**മനുഷ്യൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്? രക്തക്കട്ട യിൽ നിന്നാണെന്നും (96:2) വെള്ളത്തിൽ നിന്നാണെന്നും (21:30, 24:45,25:54) ശബ്ദമുണ്ടാക്കുന്ന കളിമണ്ണിൽ നിന്നാണെന്നും(15:26) മണ്ണിൽ നിന്നാണെന്നും (3:59,30:20,35:11) ഭൂമിയിൽ നിന്നാണെന്നും (11:61) ശുക്ളത്തിൽ നിന്നാണെന്നു (16:4,75:37)മെല്ലാം ഖുർആ നിൽ പറയുന്നുണ്ടല്ലോ. ഇത് വ്യക്തമായ വൈരുധ്യമല്ലേ?**

മനുഷ്യന്റെ സൃഷ്ടിയെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഖുർആൻ നടത്തുന്ന പ്രസ്താവനകളിൽ വൈവിധ്യം കാണപ്പെടുന്നുവെന്നത് ഒരു നേരാണ്.ഈ വൈവിധ്യങ്ങൾ പക്ഷേ വൈരുധ്യങ്ങളല്ല. മനുഷ്യ സൃഷ്ടിയെപ്പറ്റി ഖുർആനിൽ പരാമർശിക്കപ്പെട്ട എല്ലാം ശരിയാണെ ന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

ഖുർആനിൽ മനുഷ്യ സൃഷ്ടിയെ കുറിച്ച് പറയുന്ന സൂക്തങ്ങൾ രണ്ടു തരത്തിലുള്ളവയാണ്. മനുഷ്യന്റെ ആദിമ സൃഷ്ടിയെ കുറിച്ച് പ്രതിപാദിക്കുന്നവയാണ് ഒന്ന്. രണ്ടാമത്തെതാകട്ടെ, സ്ത്രീപുരുഷ സംഗമത്തിലൂടെയുള്ള പ്രത്യുൽപാദനത്തെ സൂചിപ്പിക്കുന്നവയാണ്. രണ്ടും കൂട്ടിക്കലർത്തി കൊണ്ടാണ് പലപ്പോഴും വൈരുധ്യങ്ങൾ ആരോപിക്കപ്പെടുന്നത്. ഇവയെ രണ്ടായി കണ്ടുകൊണ്ട് തന്നെ പഠന ത്തിന് വിധേയമാക്കിയാൽ ഇവയിൽ യാതൊരു വിധ വൈരുധ്യങ്ങ ളുമില്ലെന്ന് മാത്രമല്ല, ഇവയെല്ലാം കൃത്യവും ശാസ്ത്രീയവുമാണെന്ന് വ്യക്തമാവും.

ആദിമ മനുഷ്യന്റെ സൃഷ്ടിയെ കുറിച്ച് പ്രതിപാദിക്കുന്ന സൂക്ത ങ്ങൾ താഴെ:

കറുത്ത ചെളി പാകപ്പെടുത്തിയുണ്ടാക്കിയ (മുട്ടിയാൽ) മുഴക്ക മുണ്ടാകുന്ന കളിമൺ രൂപത്തിൽ നിന്ന് നാം മനുഷ്യരെ സൃഷ്ടിച്ചി രിക്കുന്നു-(15:26)

അവനെ(ആദമിനെ) മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു -(3:59)

നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു-(30:20)

അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജകണത്തിൽ നിന്നും സൃഷ്ടിച്ചു-(35:11)

അവനത്രേ കളി മണ്ണിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചത്-(6:2)

എല്ലാ ജന്തുക്കളെയും അവൻ വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരി ക്കുന്നു-(24:45)

അവൻ തന്നെയാണ് വെള്ളത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കു കയും, അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. (25:54)

ആദി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് മണ്ണിൽ നിന്നാണെന്നാണ് ഈ സൂക്തങ്ങളിൽ നിന്ന് നാം ഒന്നാമതായി മനസ്സിലാക്കേണ്ടത്. മണ്ണിൽ നിന്ന് എന്നപ്രയോഗം പൊതുവായ ഒരു പരാമർശമാണ്. തുറാബ് എന്നാണ് മണ്ണിന് അറബിയിൽ പറയുക. ഏതു തരം മണ്ണിനും പറയാവുന്ന ഒരു പൊതു നാമമാണിത്. ഏതുതരം മണ്ണിൽ നിന്നാണ് മനുഷ്യ സൃഷ്ടി നടന്നത് എന്ന ചോദ്യത്തിന് കളിമണ്ണി ൽ (ഹമഅ്,ത്വീൻ) നിന്ന് എന്ന ഉത്തരമാണ് ഖുർആൻ നൽകുന്നത്. ഏതുതരം കളിമണ്ണ് എന്ന ചോദ്യത്തിനാണ് ഖുർആൻ സ്വൽസ്വാൽ എന്നും മസ്നൂൻ എന്നും ഉത്തരം പറയുന്നത്. കളിമണ്ണിന്റെ രണ്ട് സ്വഭാവങ്ങളാണ് ഈ നാമങ്ങളിൽ പ്രകടമാവുന്നത്. മുട്ടിയാൽ ശബ്ദി ക്കുന്ന മണ്ണ് എന്നും പശിമയുള്ള കുഴഞ്ഞ മണ്ണ് എന്നുമാണ് യഥാ ക്രമം ഈ പദങ്ങളുടെ അർത്ഥം. അഥവാ, ആദിമനുഷ്യൻ സൃഷ്ടിക്ക പ്പെട്ടത് മണ്ണിൽനിന്നാണ് എന്ന പൊതു പ്രസ്താവനയുടെ വിശദീ കരണങ്ങളാണ് നാം മറ്റു സൂക്തങ്ങളിൽ കാണുന്നത്.

മനുഷ്യൻ ജലത്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് പറ യുന്ന ഖുർആൻ സൂക്തം(25:54) മണ്ണിൽ നിന്നാണ് സൃഷ്ടിക്കപ്പെ





ട്ടത് എന്നു വ്യക്തമാക്കുന്ന സൂക്തങ്ങളുമായി വൈരുധ്യം പുലർത്തു ന്നില്ലേയെന്ന് ചോദിക്കാവുന്നതാണ്. ഇല്ലയെന്നു തന്നെയാണ് ഉത്തരം. മനുഷ്യനെ മണ്ണിൽനിന്നു മാത്രമായി സൃഷ്ടിച്ചിരിക്കുന്നു വെന്നോ ജലത്തിൽനിന്നു മാത്രമായി പടക്കപ്പെട്ടിരിക്കുന്നുവെന്നോ ഖുർആനിലൊരിടത്തും പരാമർശമില്ല. അതുകൊണ്ട് തന്നെ ഈ വചനങ്ങൾ തമ്മിൽ വൈരുധ്യമുണ്ടെന്ന് പറയാനാവില്ല. മനുഷ്യനെ വെള്ളത്തിൽ നിന്നും മണ്ണിൽ നിന്നുമായി വെള്ളത്തിന്റെയും മണ്ണി ന്റെയും മിശ്രിതത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടുവെന്ന് മാത്രമെ ഈ വചനങ്ങളുടെ അടിസ്ഥാനത്തിൽ പറയാനാകൂ. വെള്ളം ചേർത്ത് മണ്ണ് കുഴച്ച് കളിമൺ രൂപമുണ്ടാക്കുക എന്നത് സ്വാഭാവികമായ കാര്യമാണല്ലോ. ഇപ്രകാരമായിരിക്കും അല്ലാഹു ആദിമനുഷ്യന്റെ രൂപം നിർമിച്ചത്. ആദി മനുഷ്യന്റെ രുപം കളിമണ്ണിൽനിന്ന് രൂപപ്പെ ടുത്തിയ ശേഷം അല്ലാഹുവിന്റെ ആത്മാവിൽ നിന്ന് ഊതിയപ്പോ ഴാണ് മനുഷ്യനുണ്ടായതെന്നത്രെ ഖുർആനിൽ പറയുന്നത്.(15:28,29). ആദ്യത്തെ മനുഷ്യന്റെ മാത്രമല്ല എല്ലാ മനുഷ്യരുടെ ഘടനയിലും വെള്ളം ഒരു നിർണ്ണായക ഘടകം തന്നെയാണ്. അതുപോലെ തന്നെ മണ്ണിലെ മൂലകങ്ങളും.

എല്ലാ ജൈവ വസ്തുക്കളും ജലത്തിൽ നിന്നാണ് സൃഷ്ടിക്ക പ്പെട്ടത് എന്ന ഖുർആനിക പരാമർശ(24:45,21:30)ത്തിന്റെ വരുതിയിൽ വരുന്നവനാണ് മനുഷ്യനുമെന്ന വസ്തുത വ്യക്തമാക്കുക കൂടി യാണ് സൂറത്തുൽ ഫുർഖാനിലെ വചനം(25:54) ചെയ്യുന്നത്. സത്യ ത്തിൽ ജൈവ വസ്തുവിന്റെ അടിസ്ഥാന ഘടകം ജലമാണ്. കോശ ത്തിന്റെ ചൈതന്യം നിലനിൽക്കുന്നതു തന്നെ ജലത്തിന്റെ സാന്നി ധ്യത്തെ ആശ്രയിച്ചാണ്. ഏതൊരു ജൈവ ശരീരത്തെയും വിഘട നത്തിന് വിധേയമാക്കിയാൽ പ്രധാനമായും ലഭിക്കുക ജലമായിരി ക്കും. മനുഷ്യശരീരമെടുക്കുക അതിന്റെ മൂന്നിൽ രണ്ടു ഭാഗവും ജലമാണ്. അസ്ഥികളിൽ പോലും 22 ശതമാനത്തോളം ജലം അട ങ്ങിയിട്ടുണ്ട്. മനുഷ്യൻ ജലത്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന ഖുർആനിക പരാമർശം തികച്ചും വാസ്തവമാകുന്നു. മനു ഷ്യശരീരത്തിൽ മണ്ണിലുള്ള ധാതുലവണങ്ങളും ജലവുമാണ് അട ങ്ങിയിരിക്കുന്നത്. മനുഷ്യൻ കളിമണ്ണിൽ നിന്നും ജലത്തിൽ നിന്നു മാണ് സൃഷ്ടിക്കപ്പെട്ടതെന്ന ഖുർആൻ സൂക്തങ്ങൾ മനുഷ്യ സൃഷ്ടി വിശദീകരിക്കുമ്പോൾ വന്ന വൈരുധ്യങ്ങളല്ല, പ്രത്യുത, സൃഷ്ടിക്കു

വേണ്ടി അല്ലാഹു ഉപയോഗിച്ച വസ്തുക്കളുടെ വൈവിധ്യമാണ് വ്യക്തമാക്കുന്നത്.

സ്ത്രീപുരുഷ സംഗമത്തിലൂടെയുള്ള മനുഷ്യസൃഷ്ടിയെ കുറിച്ച് പ്രതിപാദിക്കുന്ന ഖുർആൻ സൂക്തങ്ങൾ തമ്മിലും വൈരുധ്യങ്ങളൊന്നും വെച്ചു പുലർത്തുന്നതായി കാണുവാൻ സാധിക്കുന്നില്ല. ഏതാനും സൂക്തങ്ങൾ കാണുക:

അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ? (75:37)

മനുഷ്യനെ അവൻ ഒരു ബീജകണത്തിൽനിന്ന് സൃഷ്ടിച്ചു.(16:4)

കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചു. (76:2)

മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു.(96:2)

ഈ വാക്യങ്ങളെല്ലാം തന്നെ ലൈംഗിക പ്രത്യൽപാദനത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെ ക്കുറിക്കുന്നവയാണ്. സൂറത്തുൽ ഖിയാമയിൽ (75:37) പറഞ്ഞിരിക്കുന്ന ശുക്ലത്തിൽ നിന്നുള്ള കണം (നുത്ഫത്തൻ മിൻ മനിയ്യ്) ബീജ സങ്കലനം നടക്കാത്ത പുംബീജത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രയോഗമാണ്. സൂറത്തു ന്നഹ്ലിൽ (16:4) പ്രതിപാദിക്കപ്പെട്ട ബീജ കണം (നുത്ഫ) എന്ന പദ പ്രയോഗത്തിന്റെ വിവക്ഷയും അതുതന്നെ. ബീജ സങ്കലനം കഴിഞ്ഞ ശേഷമുള്ള അവസ്ഥയെകുറിക്കുന്നതാണ് സൂറത്തുൽ ഇൻസാനിലെ(76:2)കൂടിച്ചേർന്നുണ്ടായ ബീജം (നുത്ഫത്തിൻ അംശാജിൻ) എന്ന പ്രയോഗം. സൂറത്തുൽ അലഖിൽ ഭ്രൂണമെന്ന് (അലഖ്) പറഞ്ഞിരിക്കുന്നത് ബീജ സങ്കലനത്തിന് ശേഷമുള്ള സിക്താണ്ഡത്തെ കുറിക്കുന്നതിനാണ്. അലഖ് എന്ന അറബി പദത്തിനർത്ഥം പറ്റിപിടിക്കുന്നത് എന്നാണ്. ജന്തുശരീരത്തിൽഅള്ളിപിടിക്കുന്നതിനാൽ, അട്ട എന്ന ജീവിക്ക് 'അലഖ്' എന്നുപറയാറുണ്ട്. ബീജസങ്കലനത്തിനു ശേഷമുണ്ടാകുന്ന സിക്താണ്ഡം ഗർഭാശയഭിത്തിയിൽ അള്ളിപിടിച്ചാണ് വളരാനാരംഭിക്കുന്നത്. ഈ അവസ്ഥയിലുള്ള ഭ്രൂണത്തിന്റെ രൂപം അട്ടയുടേതിന് സമാനവുമാണ്. (അലഖ് എന്ന പദത്തിനാണ് മുൻകാലത്തെ ഖുർആൻ വ്യാഖ്യാതാക്കൾ അവരുടെ കാലഘട്ടത്തിലെ ധാരണ പ്രകാരം രക്തക്കട്ടയെന്ന് അർത്ഥം പറഞ്ഞിരിക്കുന്നത്). ഭ്രൂണവളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങൾ പ്രതിപാദിക്കുന്ന ഖുർആൻ





സൂക്തങ്ങളെല്ലാം കൃത്യവും സൂക്ഷ്മവുമായ വിവരങ്ങളാണ് നൽകുന്നത് എന്ന വസ്തുതയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. മനുഷ്യന്റെ ആദി സൃഷ്ടിയും ബീജസങ്കലനവും ഭ്രൂണവളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളും പ്രതിപാദിക്കുന്ന സൂറത്തുൽ മുഅ്മിനൂനിലെ സൂക്തങ്ങളിൽ (23:12-14) ഇക്കാര്യം കുറേകൂടി വ്യക്തമായി കാണാനാവും: തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തയിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജ(നുത്ഫ)മായി കൊണ്ട് അവനെ നാം ഭദ്രമായ ഒരുസ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി (അലഖ) രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസ പിണ്ഡമായി (മുള്ഗഃ) രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂട(ഇളാം)മായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം (ലഹ്മ്) കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു.

വിഷയാവതരണത്തിൽ ഖുർആൻ സ്വീകരിച്ചിരിക്കുന്ന വൈവിധ്യത്തിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് മനുഷ്യ സൃഷ്ടിയെ കുറിച്ച് ഖുർആൻ നടത്തുന്ന പരാമർശങ്ങൾ. ശുക്ലകണത്തിൽ നിന്നാണ് മനുഷ്യ സൃഷ്ടി നടന്നത് എന്ന പരാമർശവും കൂടിച്ചേർന്നുണ്ടായ ഭ്രൂണമാണ് മനുഷ്യ ശിശുവായി മാറുന്നത് എന്ന പ്രസ്താവനയും ഒരേ പോലെ ശരിയാണ്. നുത്ഫ, അലഖ, മുള്ഗ, ഇളാം തുടങ്ങി ബീജസങ്കലനത്തെയും ഭ്രൂണ വളർച്ചയുടെ വിവിധ ഘട്ടങ്ങളെയും കുറിക്കാൻ വേണ്ടി ഖുർആൻ ഉപയോഗിച്ച പദപ്രയോഗങ്ങളെല്ലാം ശരിയാണെന്ന് ഭ്രൂണശാസ്ത്രപഠനങ്ങൾ വ്യക്തമാക്കുന്നു. ഇതേ പോലെ തന്നെയാണ് മനുഷ്യരുടെ ആദിമ സൃഷ്ടി നടന്നത് മണ്ണിൽ നിന്നാണെന്നും ഭൂമിയിൽ നിന്നാണെന്നും കളിമണ്ണിൽ നിന്നാണെന്നും വെള്ളത്തിൽ നിന്നാണെന്നുമെല്ലാം ഉള്ള പരാമർശങ്ങൾ. ഇവയെല്ലാം ശരിയാണ്. ഇവയിൽ യാതൊരു വൈരുധ്യവുമില്ല. ഒരേ കാര്യത്തിന്റെ വ്യത്യസ്ത മാനങ്ങൾ പ്രതിപാദിക്കുകയെന്ന വൈവിധ്യത്തിന്റെ രീതി സ്വീകരിച്ചുകൊണ്ട് മനുഷ്യന് അസ്തിത്വ ബോധം പ്രദാനം ചെയ്യുകയാണ് ഈ സൂക്തങ്ങളെല്ലാം ചെയ്യുന്നത്.

**അല്ലാഹു സിംഹാസനസ്ഥനാണെന്ന് 57:4ലും പ്രസ്തുത സിംഹാ**

**സനം ജലത്തിനുമുകളിലാണെന്ന് 11:7ലും പറയുന്നതിന് വിരുദ്ധ മായി 50:16ൽ അവൻ നിങ്ങളുടെ ജീവനാഡിയേക്കാൾ അടുത്താ ണെന്ന് പറയുന്നുണ്ടല്ലോ. ഇത് വൈരുധ്യമല്ലേ ?**

പ്രപഞ്ചത്തിലെ ചെറുതും വലുതുമായ സകല പ്രതിഭാസങ്ങളു ടെയും സ്രഷ്ടാവാണ് അല്ലാഹു. പദാർത്ഥപ്രപഞ്ചത്തിന്റെ സ്രഷ്ടാ വായ അവൻ പ്രപഞ്ചാതീതനാണ് പദാർഥാതീതനാണ്. പദാർത്ഥ ലോകത്തെ കുറിച്ച് മാത്രമെ മനുഷ്യന് പരീക്ഷണ നിരീക്ഷണങ്ങ ളിലൂടെ മനസ്സിലാകൂ. സ്ഥലകാലസാതത്യത്തിന് അതീതമായ യാതൊന്നിനെക്കുറിച്ചും മനസ്സിലാക്കുവാനുള്ള കഴിവ് മനുഷ്യമസ്തി ഷ്കത്തിന് നൽകപ്പെട്ടിട്ടില്ല. ഈ പരിമിതി മനസ്സിലാക്കിക്കൊണ്ടു വേണം അല്ലാഹുവിനെയും അവന്റെ ഉണ്മയെയുമെല്ലാം കുറിച്ച് ഖുർ ആൻ പറഞ്ഞകാര്യങ്ങൾ നാം വിലയിരുത്താൻ. ദൈവികോണ്മയെ ക്കുറിച്ച് അറിയുവാൻ മനുഷ്യന്റെ പക്കൽ മാർഗ്ഗങ്ങളൊന്നുമില്ല, ദൈ വിക വെളിപാടുകളല്ലാതെ. അല്ലാഹു തന്നെ സ്വയം വെളിപ്പെടുത്തിയ കാര്യങ്ങൾ മാത്രമേ അവന്റെ അസ്തിത്വത്തെകുറിച്ച് നമുക്കറിയൂ. ദൈവിക വെളിപാടുകളുടെ മാത്രം സമാഹാരമായി ഇന്ന് നിലനിൽ ക്കുന്ന ഒരു ഗ്രന്ഥം മാത്രമേയുള്ളൂ, ഖുർആൻ. മനുഷ്യരുടെ കൈക ടത്തലുകളിൽ നിന്ന് അല്ലാഹുവിനാൽ തന്നെ സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥം. ദൈവികാസ്തിത്വത്തെകുറിച്ച് ഖുർആൻ നൽകുന്ന അറിവ് അപ്പടി സ്വീകരിക്കുകയല്ലാതെ അവ വിശദീകരിക്കുകയോ വ്യഖ്യാ നിക്കുകയോ ചെയ്യാൻ മനുഷ്യർ അശക്തരാണ്. മനുഷ്യവിജ്ഞാന ത്തിന്റെ വരുതിയിൽ വരാത്ത കാര്യത്തെ അവർ എങ്ങിനെ വ്യാഖ്യാ നിക്കാനാണ് ?

ദൈവിക സിംഹാസനത്തെ കുറിച്ച് ഖുർആൻ പറയുന്ന ഏതാനും സൂക്തങ്ങൾ കാണുക:

ആകാശങ്ങളും ഭൂമിയും ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചവ നാണ് അവൻ. പിന്നീട് അവൻ സിംഹാസനസ്ഥനായി. (57:4)

പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു. (20:5)

അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊ ള്ളുന്നതാണ്. (2:255)

ആറു ദിവസങ്ങളിലായി ആകാശഭൂമികളെ സൃഷ്ടിച്ചവൻ അവ നത്രെ. അവന്റെ സിംഹാസനം ജലത്തിൻ മേലായിരുന്നു.(11:6)





ഈ സൂക്തങ്ങളിൽ പ്രതിപാദിക്കപ്പെട്ട സിംഹാസനം കൊണ്ടു ള്ള വിവക്ഷയെന്താണെന്നോ അത് ജലത്തിലായിരുന്നു എന്ന് പറ ഞ്ഞതിന്റെ അർഥമെന്താണെന്നോ നമുക്കറിയില്ല. സ്ഥലകാല നൈര ന്തര്യത്തിന്നതീതനായ സ്രഷ്ടാവിനെപ്പറ്റി അറിയാൻ വെളിപാട ല്ലാത്ത മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെങ്കിൽ അവന്റെ സിംഹാസനത്തെ കുറിച്ച് അറിയുവാനും പ്രസ്തുത മാർഗം മാത്രമെ സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. ഖുർആനും പ്രവാചക വചനങ്ങളും പറഞ്ഞ കാര്യ ങ്ങൾ അപ്പടി സ്വീകരിക്കുകയും സ്വന്തമായ വ്യാഖ്യാനങ്ങൾ നൽകാ തിരിക്കുകയും ചെയ്യുകയാണ് ഇത്തരം സൂക്തങ്ങളുടെ കാര്യത്തിൽ സച്ചരിതരായ പ്രവാചക ശിഷ്യൻമാരുടെ നിലപാട്. ആ നിലപാട് സ്വീകരിക്കുക മാത്രമാണ് നമുക്കു കരണീയം. അല്ലാഹു മനുഷ്യരു ടെ സമീപത്താണുള്ളത് എന്നു വ്യക്തമാക്കുന്ന സൂക്തങ്ങൾ ഖുർആ നിലുണ്ട്. പ്രസ്തുത സൂക്തങ്ങൾ എന്താണ് അർഥമാക്കുന്നത് എന്നറിയാൻ അവയുടെ സാരം ഒന്നു പരിശോധിച്ചാൽ മതിയെന്ന താണ് യാഥാർത്ഥ്യം.

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥ നക്ക് ഉത്തരം നൽകുന്നതാണ്. (2:186)

നീ പറയുക: ഞാൻ പിഴച്ചു പോയിട്ടുണ്ടെങ്കിൽ ഞാൻ പിഴക്കു ന്നതിന്റെ ദോഷം എനിക്കുതന്നെയാണ്. ഞാൻ നേർമാർഗ്ഗം പ്രാപി ച്ചുവെങ്കിലോ, അത് എനിക്ക് എന്റെ രക്ഷിതാവ് ബോധനം നൽകു ന്നതിന്റെ ഫലമായിട്ടാണ്. തീർച്ചയായും അവൻ കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു. 34:50

തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവന്റെ) കണ്ഠനാഡിയേക്കാൾ അവനോട് അടുത്തവനുമാ കുന്നു. (50:16)

ഈ സൂക്തങ്ങളെല്ലാം അല്ലാഹുവിന്റെ ഗുണ വിശേഷങ്ങളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്, അവന്റെ സത്തയെ സംബന്ധിച്ചല്ല. അതുകൊണ്ട് തന്നെ അവന്റെ സത്ത മനുഷ്യരുടെ സമീപത്താണു ള്ളത് എന്നോ അവൻ കണ്ഠനാഡിയേക്കാൾ അടുത്താണ് സ്ഥിതി

ചെയ്യുന്നതെന്നോ അല്ല ഈ സൂക്തങ്ങൾ അർഥമാക്കുന്നത്; പ്രത്യുത അവന്റെ ശക്തിയും കഴിവും മനുഷ്യരുടെ സമീപസ്ഥമാണെന്നാണ്. പ്രപഞ്ചം അല്ലാഹുവിന്റെ സൃഷ്ടിയാണ്. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ സത്ത പ്രപഞ്ചത്തിന് അതീതമായിരിക്കും. പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു പദാർത്ഥ ലോകത്തെവിടെയോ കുടിയിരിക്കുന്നവനാണെന്ന് കരുതുന്നത് ശരിയല്ല. എന്നാൽ അവന്റെ കഴിവുകളും ശക്തിയും പ്രപഞ്ചമാസകലം വ്യാപിച്ചു കിടക്കുകയാണ്, പ്രപഞ്ചത്തിലെ ഒരോ വസ്തുവിനെയും ചൂഴ്ന്നുകിടക്കുകയാണ്. അതിനാൽ അവനോട് പ്രാർഥിക്കുവാൻ ഒരു ഇടയാളന്റെ ആവശ്യമില്ല. അവനെ സമീപിക്കുവാൻ ഒരു ശുപാർശകനും വേണ്ടതില്ല. അവനിൽ നിന്ന് എന്തെങ്കിലും മറച്ചുവെക്കാൻ കഴിയുമെന്ന് മനുഷ്യർ വിചാരിക്കേണ്ടതുമില്ല. അവരുടെ മനസ്സിനകത്തുള്ളതുപോലും അറിയുന്നവനാണവൻ. ഇതാണ് ഉപര്യുക്ത സൂക്തങ്ങൾ അർഥമാക്കുന്നത്. അല്ലാഹു സിംഹാസനസ്ഥനായതിനെ കുറിച്ച് പ്രതിപാദിക്കുന്ന സൂക്തങ്ങൾ അവന്റെ സത്തയെ കുറിച്ച് മനുഷ്യർ അറിയേണ്ടതായ കാര്യങ്ങൾ വെളിപ്പെടുത്തുന്നു. മനുഷ്യരുമയി ബന്ധപ്പെട്ട് അല്ലാഹുവിനെക്കുറിച്ച് പ്രതിപാദിക്കുന്ന സൂക്തങ്ങളാകട്ടെ, അവന്റെ ഗുണവിശേഷങ്ങളെയാണ് ദ്യോതിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ഇവ തമ്മിൽ യാതൊരു വൈരുധ്യവുമില്ല. അല്ലാഹു സിംഹാസനസ്ഥൻ തന്നെയാണ്. എന്നാൽ അവന്റെ കഴിവുകളും ശക്തിയും മനുഷ്യരുടെ കണ്ഠനാഡിയേക്കാൾ അടുത്താണുള്ളത്. അവരുടെ ശരീരത്തെയും മനസ്സിനെയും ആ കഴിവുകൾ ചൂഴ്ന്നുനിൽക്കുന്നു.

**തിന്മകളെല്ലാം ചെകുത്താനിൽ നിന്നാണ് ഉണ്ടാകുന്നതെന്ന് 38:41 ലും നമ്മിൽ നിന്നു തന്നെയാണെന്ന് 4:79ലും, അല്ലാഹുവിൽ നിന്നാണെന്ന് 4:78 ലും പറയുന്നു. ഇതെല്ലാം ഒരേപോലെ ശരിയാവുന്നതെങ്ങിനെ?**

നന്മയുടെ ഫലം നന്മയും തിന്മയുടെ ഫലം തിന്മയുമായിരിക്കും. ഈ വ്യവസ്ഥ നിശ്ചയിച്ചിരിക്കുന്നത് അല്ലാഹുവാണ്. നല്ല ഭക്ഷണങ്ങളുപയോഗിക്കുകയും സദ്‌വൃത്തരായി ജീവിക്കുകയും ചെയ്യുന്നവർ പൊതുവെ അരോഗദൃഢഗാത്രരായിരിക്കും. മദ്യപാനവും അധാർമ്മികവൃത്തികളും ജീവിതചര്യയാക്കിയവർ ദു:ഖങ്ങളിലും ദുരിതങ്ങളിലും പ്രയാസപ്പെടേണ്ടിവരും. ഇത് കർമ്മഫലങ്ങളെ കുറിച്ച





ദൈവിക വിധിയാണ്. ഈ വിധിക്കനുസൃതമായാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഒരാൾ അരോഗദൃഢഗാത്രനാകുന്നത് ദൈവവിധി പ്രകാരമാണ്. പക്ഷേ, ഈ ദൈവ വിധികൾ മനുഷ്യർക്ക് ബാധകമാകുന്നത് അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ്. നന്മയുടെയും തിന്മയുടെയും അടിസ്ഥാനപരമായ ഉറവിടം അല്ലാഹുവാണെന്ന വസ്തുതയാണ് സൂറത്തുന്നിസാഇലെ 78ാം സൂക്തം വ്യക്തമാക്കുന്നത്.

അവർക്ക് വല്ലനേട്ടവും വന്നുകിട്ടിയാൽ അവർപറയും: ഇത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണ് എന്ന്. അവർക്ക് വല്ല ദോഷവും വന്നുഭവിച്ചാൽ അവർ പറയും: അത് നീ കാരണം ഉണ്ടായതാണെന്ന്. പറയുക: എല്ലാം അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണ്. അപ്പോൾ ഈ ആളുകൾക്ക് എന്തുപറ്റി? അവർ ഒരു വിഷയവും മനസ്സിലാക്കാൻ ഭാവമില്ല. (4:78)

നന്മതിന്മകളുടെ അടിസ്ഥാനപരമായ കാരണക്കാരൻ അല്ലാഹു തന്നെയാണെന്ന് വ്യക്തമാക്കുകയാണ് ഈ ഖുർആൻ സൂക്തം ചെയ്യുന്നത്. എന്നാൽ അടിസ്ഥാനപരമായി അല്ലാഹുവിന്റെ സൃഷ്ടികളെല്ലാം നന്മയാകുന്നു. രോഗാണുക്കൾപോലും ആത്യന്തികമായി മനുഷ്യരുടെ നന്മക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന വസ്തുതയാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. നന്മയായി ഭവിക്കാവുന്ന ദൈവിക സൃഷ്ടികളെ തിന്മയാക്കിത്തീർക്കുന്നത് മനുഷ്യരുടെ പ്രവർത്തനങ്ങൾ തന്നെയാണ്. ലൈംഗിക ശേഷിയും അവയവങ്ങളും നല്ലൊരു ഉദാഹരണമാണ്. മനുഷ്യരുടെ സമാധാനപൂർണമായ ജീവിതത്തിനും സംതൃപ്തമായ കുടുംബാന്തരീക്ഷത്തിനും കെട്ടുറപ്പുള്ള സാമൂഹ്യ ജീവിതത്തിനുമെല്ലാം നിമിത്തമാവുന്ന രീതിയിലാണ് ലൈംഗികാനന്ദം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ലൈംഗികാവയവങ്ങളെ ദൈവിക മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗപെടുത്തിയാൽ അത് വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം നന്മ മാത്രമേ വരുത്തൂ. എന്നാൽ പ്രസ്തുത അവയവങ്ങൾ തന്നെ എയ്ഡ്സിനും ഗൊണേറിയക്കും സിഫിലിസിനുമെല്ലാം കാരണമാക്കുന്ന രീതിയിലും ഉപയോഗിക്കുവാൻ മനുഷ്യന് സാധിക്കും. ലൈംഗികത കൊണ്ട് ദൈവം നിശ്ചയിച്ചിരിക്കുന്നത് നന്മയാണ്; എന്നാൽ അതിനെ തിന്മയാക്കി തീർക്കുവാൻ മനുഷ്യപ്രവർത്തനങ്ങൾക്ക് കഴിയുമെന്നർഥം.ഈ വസ്തുതയിലേക്കാണ്

സൂറത്തുന്നിസാഉലെ തൊട്ടടുത്ത സൂക്തം വിരൽ ചൂണ്ടുന്നത്.

നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്ന് കിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽ നിന്നു തന്നെയുണ്ടാവുന്നതാണ്.(4:79)

സത്യത്തിൽ, ദൈവവിധിയും മനുഷ്യ പ്രവർത്തനങ്ങളും തമ്മിൽ നിലനിൽക്കുന്ന പാരസ്പര്യത്തെ അതിസുന്ദരമായി വരച്ചുകാട്ടുകയാണ് സൂറത്തുന്നിസാഉലെ 78,79 സൂക്തങ്ങളെന്നുള്ളതാണ് വാസ്തവം. അതു മനസ്സിലാക്കാത്തതാണ് ഈ സൂക്തങ്ങൾ തമ്മിൽ വൈരുധ്യമുണ്ടെന്ന് വാദിക്കുന്നതിന് കാരണം. അല്ലാഹുവിൽ നിന്നുണ്ടാകുന്ന കാര്യങ്ങളെല്ലാം ആത്യന്തികമായി നന്മയാണെന്നും അതാണ് മനുഷ്യ വർത്തനങ്ങളിലൂടെ നന്മയും തിന്മയുമായി തീരുന്നതെന്നുമുള്ള വസ്തുതയാണ് ഈ സൂക്തങ്ങളിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. ധൂർത്ത് മനുഷ്യരെ പാപ്പരാക്കുന്നു. ഇതു ദൈവവിധിയാണ്. മനുഷ്യ സമൂഹത്തിന്റെ മൊത്തം നിലനിൽപ്പുമായി ബന്ധപ്പെടുത്തിനോക്കുമ്പോൾ വിധിയാണെന്നു പറയുന്നതിൽ അപാകതയൊന്നുമില്ല. എന്നാൽ അയാൾ പാപ്പരാകുവാനുള്ള കാരണക്കാരൻ അവൻ തന്നെയാണ്. വിവാഹേതര ലൈംഗിക ബന്ധത്തിലേർപ്പെടുന്ന പലർക്കും ഗുരുതരമായ ലൈംഗിക രോഗമുണ്ടാകുന്നു. ഈ രോഗം അതുണ്ടായ വ്യക്തിക്ക് തിന്മയായാണ് അനുഭവപ്പെടുക. എന്നാൽ മനുഷ്യ സമൂഹത്തിന്റെ ധാർമ്മികവും സദാചാരപരവുമായ പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ ഈ നിയമം പോലും നന്മയാണ്. തോന്നിവാസിയായ ഒരാൾക്ക് എയ്ഡ്സ് വരുന്നത് ദൈവിക വിധി പ്രകാരമാണ്. പ്രസ്തുത വിധി മനുഷ്യസമൂഹത്തിന്റെ കെട്ടുറപ്പിന് അനിവാര്യവുമാണ്. അതുകൊണ്ട് തന്നെ അത് നന്മയാണ്. എന്നാൽ അയാൾക്ക് എയ്ഡ്സ് വരാനുള്ള കാരണക്കാരൻ അയാൾ തന്നെയാണ്. പ്രസ്തുത തിന്മ വന്നുഭവിക്കുന്നത് അയാളുടെ തന്നെ പ്രവർത്തനഫലമായാണ് എന്നർഥം. ഇക്കാര്യമാണ് ഈ സൂക്തങ്ങളിലൂടെ അല്ലാഹു നമ്മെ തെര്യപ്പെടുത്തുന്നത്. ഈ സൂക്തങ്ങൾ തമ്മിൽ വൈരുധ്യമുണ്ടെന്ന് തോന്നുന്നത് ഇത് മനസ്സിലാക്കാത്തതുകൊണ്ടാണ്.

ചെകുത്താനാണ് മനുഷ്യർക്ക് ദുരിതങ്ങളെല്ലാം ഉണ്ടാക്കുന്നതെന്ന് ഖുർആനിൽ ഒരിടത്തും പറയുന്നില്ല. സൂറത്തുസ്വാദിലെ





(38:41) വൈരുധ്യമാരോപിക്കപ്പെട്ടിരിക്കുന്ന സൂക്തം അത്തരമൊരു തത്വം പഠിപ്പിക്കുവാൻ വേണ്ടി അവതരിപ്പിക്കപ്പെട്ടതുമല്ല. പ്രവാചകനായ അയ്യൂബി(അ)ന്റെ ഒരു പ്രാർഥനയാണ് ഈ സൂക്തത്തിലുള്ളത്. പിശാച് എനിക്ക് അവശതയും പീഡനവുമേൽപ്പിച്ചിരിക്കുന്നു എന്ന് തന്റെ രക്ഷിതാവിനെ വിളിച്ച് അദ്ദേഹം പറഞ്ഞ സന്ദർഭം... (38:41) സ്മരിക്കുവാനാവശ്യപ്പെടുന്നതാണ് ഈ സൂക്തം. അയ്യൂബ് നബി (അ) ക്കുണ്ടായ രോഗങ്ങളെല്ലാം പിശാചിന്റെ സൃഷ്ടിയാണെന്ന് ഈ സൂക്തം പഠിപ്പിക്കുന്നില്ല. ദുരിതങ്ങൾ അകറ്റുവാൻ അല്ലാഹുവിനോട് അർഥിച്ചുകൊണ്ടുള്ള അയ്യൂബ് നബി (അ)യുടെ പ്രാർത്ഥന സൂറത്തുൽ അമ്പിയാഇൽ ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ്:

എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. (21:83).

ഈ പ്രാർഥനയിലെവിടെയും പിശാചാണ് തന്റെ ദുരിതങ്ങളുടെ കാരണക്കാരനെന്ന സൂചന പോലുമില്ല. പിന്നെ, പിശാച് എനിക്ക് അവശതയും പീഡനവുമേൽപിച്ചിരിക്കുന്നു(38:41) എന്ന അയൂബ് (അ)ന്റെ സംസാരം എന്താണർഥമാക്കുന്നത്?. രോഗത്തിന്റെ കാഠിന്യവും സാമ്പത്തിക ഞെരുക്കങ്ങളും കുടുംബക്കാരുടെയും ബന്ധുക്കളുടെയുമെല്ലാം അവഗണനയും സൃഷ്ടിക്കുന്ന പ്രയാസങ്ങ ളേക്കാൾ ദൈവത്തെ കൈവിട്ടുകളയുവാനും അവനോട് കൃതഘ്നനാകുവാനും അവന്റെ കാരുണ്യത്തെ കുറിച്ച് നിരാശനാകുവാനും വേണ്ടിയുള്ള പൈശാചിക ദുർബോധനങ്ങളാണ് തനിക്ക് ദുരിതമായി തീർന്നിട്ടുള്ളതെന്നാണ് അയ്യൂബ് (അ) അല്ലാഹുവിനോട് ആവലാതിപ്പെടുന്നത്. ശാരീരികവും മാനസികവുമായ ദുരിതങ്ങളോടൊപ്പമുള്ള പിശാചിന്റെ ദുർമന്ത്രണം മൂലം ആത്മാവ് അവശമായി തീരുമോ എന്ന ഭയമാണ് ആ ദൈവദാസന്റെ വചനങ്ങളിൽ പ്രകടമായി കാണാൻ കഴിയുന്നത്. ഈ സൂക്തം (38:41) ഖുർആനിലെ മറ്റേതെങ്കിലും ഒരു സൂക്തവുമായി വൈരുധ്യം പുലർത്തുന്നതായി കാണാൻ കഴിയുന്നില്ല.

**അല്ലാഹു കാരുണ്യത്തെ സ്വന്തത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയെന്ന് പറയുന്ന ഖുർആൻ സൂക്തത്തിന് (6:12) എതിരല്ലേ അവൻ താൻ ഉദ്ദേശിക്കുന്നവരെ വഴിതെറ്റിക്കുകയും നരകത്തിലിടുകയും ചെയ്യുമെന്ന് പറയുന്ന (ഉദാ 6:35,14:4) സൂക്തങ്ങൾ ?**

കരുണാവാരിധിയാണ് അല്ലാഹു. അളവറ്റ കാരുണ്യത്തിന്റെ

സ്രോതസ്സാണവൻ. പരമാണുവിനകത്തെ ചലനങ്ങൾ മുതൽ താരാസമൂഹങ്ങളിലെ സ്ഫോടനങ്ങൾ വരെ അല്ലാഹുവിന്റെ അപാരമായ കാരുണ്യത്താലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മൃഗങ്ങളും സസ്യങ്ങളും തമ്മിൽ നിലനിൽക്കുന്ന പാരസ്പര്യവും വന്യമൃഗങ്ങളിൽ പോലും കണ്ടുവരുന്ന പരസ്പര സഹകരണവുമെല്ലാം ദിവ്യകാരുണ്യത്തിന്റെ ഫലമാണ്. എന്റെ കാരുണ്യം സകല വസ്തുക്കൾക്കും വ്യാപകമായിരിക്കുന്നു (7:156) വെന്നാണ് അല്ലാഹു പറയുന്നത്.

അവൻ കാരുണ്യത്തെ സ്വന്തം പേരിൽ (ബാധ്യതയായി) രേഖപ്പെടുത്തിയിരിക്കുന്നു (6:12) വെന്നും അവൻ പറയുന്നു. സൂറത്തുൽ അൻആമിലെ 54-ാമത്തെ വചനത്തിലും ഇക്കാര്യം തന്നെ സൂചിപ്പിക്കുന്നുണ്ട്. സ്വന്തത്തെയും തന്റെ ചുറ്റുപാടുകളെയും കുറിച്ച് പഠിക്കുന്ന മനുഷ്യന് ദിവ്യകാരുണ്യത്തെ കുറിച്ച് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. മാതാവിന്റെയും പിതാവിന്റെയും ശരീരത്തിലെ രണ്ട് അർധകോശങ്ങളെ കൂട്ടിയോജിപ്പിച്ച് സിക്താണ്ഡമാകുന്നത് മുതൽ ഭ്രൂണത്തിന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അതിനു നൽകുന്ന പരിരക്ഷ വരെയുള്ള കാര്യങ്ങളിലും ശേഷമുള്ള കാര്യങ്ങളിലും ശേഷമുള്ള ജനനത്തിലും വളർച്ചയിലുമെല്ലാം അല്ലാഹുവിന്റെ അപാരമായ കാരുണ്യമാണ് നമുക്ക് കാണാൻ കഴിയുന്നത്.

പടച്ചതമ്പുരാന്റെ ഈ കാരുണ്യത്തിന്റെ ഭാഗമായിട്ടാണ് മനുഷ്യർക്ക് വിശേഷബുദ്ധിയും ചിന്താസ്വാതന്ത്ര്യവും നൽകിയത്. സ്വതന്ത്രമായ കൈകാര്യകർത്തൃത്വത്തിന് കഴിയുന്ന ഏക ജീവിയാണല്ലോ മനുഷ്യൻ. ചിന്തിച്ച് കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിയുന്ന അവന്ന് നന്മ ചെയ്ത് ഉൽകൃഷ്ടനാകുവാനും തിന്മ ചെയ്ത് നികൃഷ്ടനാകാനും സാധിക്കും.നന്മയുടെ മാർഗം തിരഞ്ഞെടുത്ത് ഉത്തമ മനുഷ്യരായി ജീവിക്കണമെന്നതാണ് ദൈവിക ശാസന. ദൈവികമായ വിധി വിലക്കുകൾ അനുസരിച്ച് ജീവിക്കുമ്പോൾ മാത്രമേ മനുഷ്യസമൂഹം ഭദ്രമായി നിലനിൽക്കുകയുള്ളൂ. ധാർമിക നിയമങ്ങൾ അനുസരിക്കപ്പെടുന്ന സമൂഹത്തിൽ മാത്രമേ സന്തോഷവും സമാധാനവും നിലനിൽക്കൂ. അപ്പോൾ, ധാർമ്മിക നിയമങ്ങൾ അനുസരിക്കേണ്ടത് മനുഷ്യരുടെയെല്ലാം ബാധ്യതയാണ്. പക്ഷേ, ഈ നിയമങ്ങൾ അനുസരിക്കാതിരിക്കുവാനുള്ള പൈശാചികമായ ഒരു തൃഷ്ണ അകത്തളത്തിലുണ്ട്. ഈ തൃഷ്ണക്ക് കടിഞ്ഞാണിട്ടാൽ മാത്രമെ ആഹ്ലാദഭരിതവും സമാധാന





സമ്പുഷ്ഠവുമായ മനുഷ്യ സമൂഹത്തിന്റെ സൃഷ്ടി സാധിക്കൂ.

ചിന്താശേഷിയുള്ള മനുഷ്യരെ സൃഷ്ടിച്ച അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഭാഗം തന്നെയാണ് ഉൽകൃഷ്ടമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ട കാര്യങ്ങൾ ചെയ്യുകയെന്നത്. അതുകൊണ്ടാണ് പരമകാരുണികനായ അല്ലാഹു ഈ ഭൂമിയിൽ നന്മ ചെയ്തവർക്ക് മരണാനന്തരം നന്മയും തിന്മ ചെയ്തവർക്ക് പരലോകത്ത് തിന്മയും പ്രതിഫലമായി ലഭിക്കുമെന്ന നിയമമുണ്ടാക്കിയത്. നന്മയെയും, തിന്മയെയും, സത്യത്തെയും, അസത്യത്തെയും, നീതിയെയും അനീതിയെയുമെല്ലാം അല്ലാഹുവിന്റെ കാരുണ്യം തുല്യമായാണ് ഗണിക്കുന്നതെങ്കിൽ പിന്നെ സത്യത്തിനും നന്മക്കും നീതിക്കുമെന്തു വില? അതു ശരിയല്ല നന്മക്കും തിന്മക്കും അവക്കനുസൃതമായ പ്രതിഫലം നൽകണം. ഇതാണ് അല്ലാഹുവിന്റെ നീതി. പരലോകത്ത് വെച്ച് ഇഹലോകത്തിലെ ചെയ്തികൾക്ക് പ്രതിഫലം നൽകപ്പെടും. തെറ്റു ചെയ്ത വ്യക്തികൾക്ക് മരണാനന്തരം ലഭിക്കുന്ന കഠിനമായ ശിക്ഷപോലും മാനവരാശിയോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഭാഗമാണെന്ന് അൽപം ചിന്തിച്ചാൽ ബോധ്യമാകും.

ഓരോരുത്തരും ചെയ്ത നന്മകൾക്ക് പരലോകത്ത് വെച്ച് തക്കതായ പ്രതിഫലവും തിന്മകൾക്ക് ശിക്ഷയും ലഭിക്കുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അവനവൻ ചെയ്ത നന്മതിന്മകൾക്ക് അവൻ തന്നെയാണ് ഉത്തരവാദി. നന്മ തെരഞ്ഞെടുക്കുവാനും തിന്മ തെരഞ്ഞെടുക്കുവാനും ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം ദൈവിക ശാസനകൾക്കനുസൃതമായി വിനിയോഗിക്കപ്പെടുമ്പോഴാണ് ഒരാൾ സ്വർഗ്ഗാവകാശിയായി തീരുന്നത്. മറിച്ചാകുമ്പോൾ നരകാവകാശിയും. (3:57,2:39,2:286,73:19 എന്നിവ നോക്കുക).

സന്മാർഗപ്രാപ്തി ഒരു ദൈവിക ദാനമാണ്. അത് ലഭിക്കുന്നത് മനുഷ്യ പ്രയത്നം കൊണ്ടാണെന്ന് മാത്രം. തുറന്ന മനസ്സും സത്യം കണ്ടെത്തണമെന്ന ആഗ്രഹവും വെച്ചുകൊണ്ട് സന്മാർഗത്തിലെത്താൻ കഠിനാധ്വാനം ചെയ്യുന്നവർക്ക് അല്ലാഹു നൽകുന്ന ദാനമാണ് സന്മാർഗ പ്രാപ്തി. അതു നൽകുവാൻ ഒരാൾക്കും കഴിയില്ല. ഒരാളെയും സന്മാർഗത്തിലെത്തിക്കുവാൻ മറ്റൊരാൾക്കാവില്ല.സൽപന്ഥാവിനെ കുറിച്ച് ഉപദേശിച്ചുകൊടുക്കുക മാത്രമാണ് ഇവ്വിഷയ

കമായി മനുഷ്യർക്ക് പരസ്പരം ചെയ്യാൻ കഴിയുന്ന കാര്യം. സത്യ മാർഗത്തിലെത്തിക്കുന്നത് അല്ലാഹു മാത്രമാണ്.

പാശ്ചാതപിച്ചു മടങ്ങിയവരെ തന്റെ മാർഗത്തിലേക്കവൻ നയി ക്കുന്നു. (13:27).

തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കു കയും ചെയ്തവരാരോ അവരുടെ വിശ്വാസത്തിന്റെ ഫലമായി അവ രുടെ രക്ഷിതാവ് അവരെ നേർവഴിയിലാക്കുന്നതാണ്. (10:9).

സത്യനിഷേധത്തിന്റെ കാര്യവും ഇതേപോലെ തന്നെയാണ്. അഹങ്കാരം മൂലം ദൈവശാസനകൾ ലംഘിച്ചു ജീവിക്കുകയും ദൈവം നൽകിയ ഇന്ദ്രിയങ്ങൾ സത്യാന്വേഷണത്തിന് ഉപയോഗി ക്കാതിരിക്കുകയും ചെയ്യുന്നവരെ ദുർമാർഗത്തിലാക്കുന്നതും അല്ലാ ഹുതന്നെയാണ്. മനുഷ്യരുടെ കർമങ്ങൾ ദുഷിക്കുകയും വിശ്വാസം പിഴക്കുകയും ചെയ്യുമ്പോൾ ദൈവ വിധിപ്രകാരം അവർ ദുർമാർഗ ത്തിൽ ചെന്ന് ചാടുന്നു. ദുർമാർഗത്തിൽ നിന്ന് ഒരാളെ രക്ഷിക്കാൻ ആരു വിചാരിച്ചാലും കഴിയില്ല; അല്ലാഹുവാണ് ആളുകളെ ദുർമാ ർഗത്തിലാക്കുന്നത്. അങ്ങനെ ആക്കുന്നതിനു കാരണം അവരുടെ കർമങ്ങളാണെന്നു മാത്രം.

അവിശ്വസിക്കുകയും അന്യായം പ്രവർത്തിക്കുകയും ചെയ്തവ രാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തു കൊടുക്കുന്നതല്ല. നരകത്തിന്റെ മാർഗത്തിലേക്കല്ലാതെ മറ്റൊരു മാർഗത്തിലേക്കും അവൻ അവരെ നയിക്കുന്നതുമല്ല. (4:168).

താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ദുർമാർഗത്തിലാക്കുകയും താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു (14:4) വെന്ന ഖുർആൻ വചനത്തിനർഥം അല്ലാഹു യാതൊരു മാനദണ്ഡ വുമില്ലാതെ കുറേയാളുകളെ സന്മാർഗത്തിലും വേറെ കുറേപേരെ ദുർമാർഗത്തിലുമാക്കും എന്നല്ല. സന്മാർഗത്തിന്റെയും ദുർമാർഗത്തി ന്റെയും വിഷയത്തിലെ അല്ലാഹുവിന്റെ ഉദ്ദേശ്യംമനുഷ്യരുടെ കർമ ങ്ങളുടെ അടിസ്ഥാനത്തിലായിരിക്കുമെന്ന് മറ്റു സൂക്തങ്ങളിൽ ഖുർ ആൻ വ്യക്തമാക്കുന്നുണ്ട്. സൻമാർഗത്തിലെത്തുവാനുള്ള ആത്മാ ർത്ഥമായ അഭിവാഞ്ഛയും പശ്ചാത്താപ വിവശമായ ഹൃദയവും തുറന്ന മനസ്സുമുള്ളവരെയാണ് അല്ലാഹു സൻമാർഗത്തിലാക്കുന്നത്. സത്യാന്വേഷണ തൃഷ്ണയില്ലാതിരിക്കുകയും അഹങ്കാരം മൂലം





ദൈവശാസനകൾ ലംഘിച്ചു ജീവിക്കുകയും ചെയ്യുന്നവരെയാണ് അല്ലാഹു ദുർമാർഗത്തിലെത്തിക്കുന്നത്. ഓരോരുത്തരും ആഭിമുഖ്യം കാണിക്കുന്ന മാർഗത്തിലേക്കാണ് അല്ലാഹു അവരെ നയിക്കുകയെ ന്ന വസ്തുതയും ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കു കയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന് നാം ഏറ്റവും എളുപ്പമുള്ളതിലേക്ക് സൗകര്യപ്പെടുത്തിക്കൊടു ക്കുന്നതാണ്. എന്നാൽ ആർ പിശുക്ക് കാണിക്കുകയും സ്വയം പര്യാ പ്തത നടിക്കുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളു കയും ചെയ്യുന്നുവോ അവന്ന് നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കി കൊടുക്കുന്നതാണ് (92:5-10).

നന്മയും തിന്മയും പ്രവർത്തിക്കുവാൻ മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകപ്പെട്ടതിനാലാണ്, സൻമാർഗത്തിനും ദുർമാർഗത്തിനും നിമി ത്തമായി തീരുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ അവർക്ക് സാധിക്കു ന്നത്. മറ്റു ജീവികളെ പോലെ നന്മ തിന്മകൾ വിവേചിച്ചറിയുവാനുള്ള കഴിവ് മനുഷ്യർക്ക് നൽകപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ സൻമാർഗ ത്തിന്റെയും ദുർമാർഗത്തിന്റെയും പ്രശ്നം തന്നെ ഉൽഭവിക്കുകയില്ലാ യിരുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെയും മറ്റു ജീവിക ളെപ്പോലെ ജന്മവാസനകൾക്കനുസരിച്ചു മാത്രം ജീവിക്കുന്നവരാ ക്കിത്തീർക്കാമായിരുന്നു. അവരെയെല്ലാം വിശ്വാസികളാക്കി തീർക്കാ മായിരുന്നു.എന്നാൽ മറ്റു സൃഷ്ടികളിൽ നിന്ന് തികച്ചും വ്യതിരി ക്തമായ ഒരു അസ്തിത്വമാണ് മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത്. നന്മയും തിന്മയും സ്വപ്രയത്നം കൊണ്ട് വ്യവഛേദിച്ചു മനസ്സിലാ ക്കുവാൻ കഴിയുന്ന ഏക ജീവിയാണവൻ. പ്രസ്തുത സവിശേഷത തന്നെ എടുത്തുകളഞ്ഞുകൊണ്ട് ജന്മനാ തന്നെ മനുഷ്യരെ വിശ്വാ സികളായി സൃഷ്ടിക്കാൻ അല്ലാഹുവിന് സാധിക്കുമായിരുന്നു. ഇക്കാ ര്യമാണ്, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയൊക്കെ അവൻ സന്മാർഗത്തിൽ ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യുമായിരുന്നു (6:35) വെന്ന് പറയുമ്പോൾ അർഥമാക്കുന്നത്.

അല്ലാഹുവിന്റെ കാരുണ്യത്തെ ക്കുറിച്ച് പ്രതിപാദിക്കുന്ന സൂക്ത ങ്ങൾ മാർഗദർശനം നൽകുവാനുള്ള അവന്റെ പരമാധികാരം പ്രഖ്യാ പിക്കുന്ന സൂക്തങ്ങളുമായോ മനുഷ്യ സമൂഹത്തിലെ വിശ്വാസവൈ വിധ്യത്തെ അംഗീകരിക്കുന്ന സൂക്തങ്ങളുമായോ യാതൊരു വിധ

വൈരുധ്യങ്ങളും പുലർത്തുന്നില്ലെന്നതാണ് വാസ്തവം.

**ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ആരും പരസ്പരം അന്വേഷിക്കുകയില്ലെന്ന 23:101ലെ പ്രസ്താവനയക്ക് വിരുദ്ധമായി അവിടെ നടക്കുന്ന അന്വേഷണങ്ങളെപ്പറ്റി 52:25, 37:27 എന്നീ സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ടത് കാണാം. ഇവയെ എങ്ങനെ വിശദീകരിക്കും?**

എന്നിട്ട് കാഹളത്തിൽ ഊതപ്പെട്ടാൽ. അന്ന് അവർക്കിടയിൽ കുടുംബ ബന്ധങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. അവർ അന്യോന്യം അന്വേഷിക്കുകയുമില്ല. (23:101)

പരസ്പരം പലതും ചോദിച്ചുകൊണ്ട് അവരിൽ ചിലർ ചിലരെ അഭിമുഖീകരിക്കും.(52:25)

അവരിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞ് പരസ്പരം ചോദ്യം ചെയ്യും.(37:27)

വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്ന മൂന്ന് സൂക്തങ്ങളാണ് ഇവ. അന്ത്യനാളുമായി ബന്ധപ്പെട്ടിരിക്കുന്ന സംഭവങ്ങൾ തന്നെയാണ് ഇതു മൂന്നിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇവ മൂന്നും മൂന്നു സമയത്ത് സംഭവിക്കുന്ന കാര്യങ്ങളാകുന്നു.

ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസമാണ് സൂറത്തുൽ മുഅമിനൂനി (23:101) ൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. കാഹളത്തിൽ ഊതപ്പെട്ട ശേഷം, ആത്മാവും ജഡവും തമ്മിൽ കൂടിച്ചേർന്നു കഴിഞ്ഞ ശേഷമുള്ള വെപ്രാളത്തെയാണ് ഈ സൂക്തം ചിത്രീകരിച്ചിരിക്കുന്നത്. ഓരോരുത്തരും അവനവന്റെ കാര്യത്തിൽ മാത്രം ചിന്താകുലനാകുന്ന സമയമാണത്. കുടുംബ ബന്ധത്തെക്കുറിച്ച വിചാരമോ ബന്ധുമിത്രാദികളെ ക്കുറിച്ച അന്വേഷണമോ ഇല്ലാതെ തന്റെ രക്ഷയുടെ മാർഗമെന്തെന്ന് വെപ്രാളപ്പെടുന്ന മനുഷ്യന്റെ നിസ്സഹായാവസ്ഥയാണ് ഇവിടത്തെ പ്രതിപാദ്യം.

സ്വർഗ പ്രവേശത്തിന് അർഹരായിത്തീരുന്ന സച്ചരിതൻമാർ അനുഭവിക്കുന്ന അനുഗ്രഹങ്ങളാണ് സൂറത്തു ഖാഫിലെ (52:25) പ്രതിപാദ്യം. സ്വർഗവാസികൾ നിശ്ശബ്ദരായിരിക്കുകയല്ല, പരസ്പരം കുശലാന്വേഷണങ്ങൾ നടത്തുകയും സംസാരിക്കുകയും ചെയ്യുമെന്നാണ് ഈ സൂക്തം വ്യക്തമാക്കുന്നത്.

സൂറത്തു സ്വാഫ്ഫാത്തിലെ വചനത്തിലാകട്ടെ (37:27), നരകവാസികളുടെ പരസ്പരമുള്ള ചോദ്യം ചെയ്യലാണ് ചിത്രീകരിച്ചിരിക്കുന്നത്. നിങ്ങളുടെ നിർബന്ധം കൊണ്ടാണ് ഞങ്ങൾ ദുർമാർഗം സ്വീകരിച്ചതെന്ന് ഒരു വിഭാഗം നരകവാസികൾ മറ്റൊരു വിഭാഗത്തോട് പറയുകയും, അപ്പോൾ മറ്റേ വിഭാഗം അത് നിഷേധിക്കുകയും ചെയ്യുമെന്ന കാര്യം വ്യക്തമാക്കുകയാണ് ഈ സൂക്തത്തിൽ ചെയ്യുന്നത്.





മൂന്ന് സൂക്തങ്ങളിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് മൂന്ന് സംഭവങ്ങൾ.ഒന്ന്, ഉയർത്തെഴുന്നേൽപ്പിന്റെ ദിവസത്തിലെ വെപ്രാളം. രണ്ട്, സ്വർഗത്തിലെ സന്തോഷദായകമായ സംഭാഷണം. മൂന്ന്, നരകത്തിലെ പരസ്പരമുള്ള കുറ്റപ്പെടുത്തൽ. പിന്നെയെങ്ങനെ ഈ മൂന്ന് സൂക്തങ്ങളും തമ്മിൽ വൈരുധ്യമുണ്ടാകും?

**അല്ലാഹുവല്ലാതെ ആരും തന്നെ രക്ഷാധികാരികളായി ഇല്ലെന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന ഖുർആൻ വാക്യങ്ങൾ (2:107, 29:22) ക്കെതിരല്ലേ ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ രക്ഷാധികാരികളാകുന്നു(41:31)വെന്ന് മലക്കുകൾ പറയുമെന്ന് പ്രഖ്യാപിക്കുന്ന ഖുർആൻ വാക്യം?**

നിനക്കറിഞ്ഞു കൂടെ അല്ലാഹുവിന് തന്നെയാണ് ആകാശ ഭൂമികളുടെ ആധിപത്യമെന്നും, നിങ്ങൾക്ക് അല്ലാഹുവിനെ കൂടാതെ ഒരു രക്ഷകനും സഹായിയും ഇല്ലെന്നും.(2:107)

ഭൂമിയിലാകട്ടെ ആകാശത്താകട്ടെ നിങ്ങൾക്ക് (അവനെ) തോൽപ്പിക്കാനാവില്ല. നിങ്ങൾക്ക് അല്ലാഹുവിന് പുറമേ ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ല.(29:22)

അല്ലാഹുവിന്റെ പരമാധികാരത്തെ കുറിക്കുന്ന സൂക്തങ്ങളാണിവ. രക്ഷാധികാരിയെന്ന് പരിഭാഷ നൽകിയിരിക്കുന്നത് വലിയ്യ് എന്ന പദത്തിനാണ്. രക്ഷിതാവ്, ബന്ധു, മിത്രം, എന്നെല്ലാം ഈ പദത്തിനർത്ഥമുണ്ട്. 'ഔലിയാഅ്' എന്നാണ് ഇതിന്റെ ബഹുവചനം. പരമമായ അർഥത്തിൽ അല്ലാഹു മാത്രമാണ് മനുഷ്യരുടെ രക്ഷാധികാരി. അവൻ നൽകുന്ന രക്ഷയെ തടയുവാനോ ശിക്ഷയെ നിയന്ത്രിക്കുവാനോ ആർക്കും കഴിയില്ല. മനുഷ്യർ പരസ്പരം സഹായിക്കുന്നതും രക്ഷിക്കുന്നതുമെല്ലാം അല്ലാഹുവിന്റെ പരമാധികാരത്തിന് വിധേയമായിട്ടാണ്.

അവൻ അഭയം നൽകുന്നു അവനെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല (23:88) എന്ന ഖുർആൻ വചനം വ്യക്തമാക്കു

ന്നത് ഈ ആശയമാണ്. എന്നാൽ മനുഷ്യർക്കു തമ്മിൽ സഹായിക്കുവാൻ കഴിയില്ലെന്നോ രക്ഷിക്കാനാകില്ലെന്നോ ഖുർആനിലൊരിടത്തും പറയുന്നില്ല. യഹൂദരും ക്രൈസ്തവരും പരസ്പരം സഹായികളാണെന്നും (5:51) സത്യനിഷേധികൾ അന്യോന്യം മിത്രങ്ങളാണെന്നും (8:73) അക്രമകാരികളിൽ ചിലർ ചിലർക്ക് രക്ഷാകർത്താക്കളാണെന്നും (45:19) മുഹാജിറുകളും അൻസാറുകളും പരസ്പരം ഉറ്റ മിത്രങ്ങളാണെന്നും (8:72)സത്യവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും അന്യോന്യം മിത്രങ്ങളാണെന്നു (9:71) മെല്ലാമുള്ള പരാമർശങ്ങൾ ഖുർആനിൽ കാണാവുന്നതാണ്. ഈ വചനങ്ങളിലെല്ലാം വലിയ്യ് എന്ന പദത്തിനു തന്നെയാണ് സഹായി, മിത്രം, രക്ഷാകർത്താവ് തുടങ്ങിയ പരിഭാഷകൾ നൽകപ്പെട്ടിരിക്കുന്നത്. മനുഷ്യർക്ക് പരസ്പരം മിത്രങ്ങളും രക്ഷകരുമാകാൻ കഴിയുമെന്ന വസ്തുത ഖുർആൻ അംഗീകരിക്കുന്നുണ്ട്. എന്നാൽ പരമമായ വലിയ്യ് അല്ലാഹുവാണ്. അഭൗതിക രീതിയിൽ സഹായിക്കുകയും രക്ഷിക്കുകയും ചെയ്യുന്നവനാണ് യഥാർഥത്തിലുള്ള വലിയ്യ്. മറ്റുള്ളവരെല്ലാം അവനെ ആശ്രയിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന ഔലിയാക്കളാണ്.

ഇതേ പോലെത്തന്നെയാണ് മാലാഖമാരും. അവർ സത്യവിശ്വാസികളുടെ സഹായികളും ഉറ്റ മിത്രങ്ങളുമാണ്. ഇഹലോകത്ത് സത്യവിശ്വാസികളെ സൻമാർഗത്തിലൂടെ മുന്നോട്ട് പോകാനും പരലോകത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രമാകുവാനും മലക്കുകൾ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു (41:31) എന്ന് സ്വർഗപ്രവേശത്തിന് അർഹരായ സദ്‌വൃത്തരോടായി മലക്കുകൾ പറയുന്നതിന്റെ താൽപര്യം. മലക്കുകളുടെ സഹായം അല്ലാഹുവിന്റെ കൽപന പ്രകാരമാണെന്ന വസ്തുതയും ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

മനുഷ്യന് അവന്റെ മുമ്പിലൂടെയും പിന്നിലൂടെയും തുടരെത്തുടരെ വന്നുകൊണ്ട് അല്ലാഹുവിന്റെ കൽപന പ്രകാരം അവനെ കാത്തു സൂക്ഷിച്ചു കൊണ്ടിരിക്കുന്നവർ (മലക്കുകൾ) ഉണ്ട് (13:11).

അല്ലാഹു വിധിച്ച രക്ഷയും ശിക്ഷയും നടപ്പാക്കുകയാണ് അവന്റെ ഹിതപ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴിയുന്ന മലക്കുകൾ ചെയ്യുന്നത്. അതിനാൽ ത്തന്നെ അല്ലാഹു മാത്രമാണ് രക്ഷാധികാരി





എന്ന വചനങ്ങളും മലക്കുകൾ നൽകുന്ന സംരക്ഷണത്തെപ്പറ്റി സൂചിപ്പിക്കുന്ന സൂക്തങ്ങളും തമ്മിൽ യാതൊരു വിധ വൈരുധ്യങ്ങളുമില്ല.

**ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിനെ അനുസരിക്കുന്നു (30:26, 3:83) വെന്ന് ഖുർആനിന്റെ അവകാശവാദത്തിനു വിരുദ്ധമായി ചെകുത്താൻ അവനോട് അനുസരണക്കേട് കാണിച്ചുവെന്ന് ഖുർആനിൽ തന്നെ (7:11,15:28-31, 17:61,20:116, 38:71-74,18:50) പല തവണ പറയുന്നു. മനുഷ്യരുടെ അനുസരണക്കേടിനെ കുറിച്ച പരാമർശങ്ങളും എമ്പാടുമുണ്ട്. ഇത് വൈരുധ്യമല്ലേ?**

ഈ പ്രപഞ്ചത്തിലെ ചെറുതും വലുതുമായ വസ്തുക്കൾക്കെല്ലാം അവയുടേതായ ചില സ്വഭാവ സവിശേഷതകളും വ്യവസ്ഥകളും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ഈ ദൈവിക നിശ്ചയത്തിൽ നിന്ന് തെന്നിമാറികൊണ്ട് സചേതനമോ അചേതനമോ ആയ യാതൊരു വസ്തുവിനും നിലനിൽക്കാനാവില്ല. മനുഷ്യരും മറ്റു ജീവജാലങ്ങളുമടക്കം സൂക്ഷ്മ സ്ഥൂല പ്രപഞ്ചങ്ങളിലെ മുഴുവൻ പ്രതിഭാസങ്ങളും ദൈവവിധി പ്രകാരം വ്യവസ്ഥാപിതമായാണ് നിലനിൽക്കുന്നത്. നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും ഭൂമിയുമെല്ലാം ദൈവിക വ്യവസ്ഥ പ്രകാരമാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത വ്യവസ്ഥ അന്യൂനവും പ്രമാദമുക്തവുമാണ്. ഈ വ്യവസ്ഥയിൽ നിന്ന് തെന്നിമാറുവാൻ സൃഷ്ടികൾക്കൊന്നും കഴിയില്ല.

അല്ലാഹുവിന്റെ അത്യുൽകൃഷ്ട സൃഷ്ടിയായ മനുഷ്യനും ഈ ദൈവിക വ്യവസ്ഥ പ്രകാരം തന്നെയാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. ബീജസങ്കലനം മുതൽ വളർച്ചയെത്തി മനുഷ്യശിശു പുറത്തുവരുന്നത് വരെയുള്ള ഘട്ടങ്ങളിലെല്ലാം കാര്യങ്ങൾ മുന്നോട്ട് പോകുന്നത് ദൈവവിധി പ്രകാരമാണ്. സ്വയം നിയന്ത്രിക്കാനാവുന്ന ഏതാനും അവയവങ്ങൾ മാത്രമേ മനുഷ്യനുള്ളൂ. അവ തന്നെ അവന്റെ പൂർണ നിയന്ത്രണത്തിലാണെന്ന് പറയാൻ വയ്യ. കൈവിരലുകൾ ഇളക്കുവാനുള്ള നമ്മുടെ കഴിവ് അവയ്ക്കുള്ളിലെ അസ്ഥികളുടെ നിലനിൽപുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അസ്ഥികൂടമടക്കം മനുഷ്യശരീരത്തിലെ വ്യവസ്ഥകളൊന്നും തന്നെ നമ്മുടെ പൂർണ നിയന്ത്രണത്തിനു കീഴിലല്ല. നമ്മുടെ ആകാരം മുതൽ വികാരങ്ങൾവരെ ജീനുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടത്രെ. മനുഷ്യന്റെ

ഇന്ദ്രിയങ്ങളും അവയവങ്ങളും വ്യവസ്ഥകളുമെല്ലാം പ്രവർത്തിക്കുന്നത് ഈ ജനിതക നിർദ്ദേശങ്ങൾക്കനുസരിച്ചാണ്.

മനുഷ്യ ശരീരമടക്കം പ്രപഞ്ചത്തിലെ സചേതനവും അചേതനവുമായ വസ്തുക്കളെല്ലാം ദൈവിക വിധി പ്രകാരമാണ് നിലനിൽക്കുന്നതെന്ന വസ്തുത ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാവസ്തുക്കളും അല്ലാഹുവിനെ അനുസരിച്ചു കൊണ്ടിരിക്കുകയാണെന്നാണ് ഖുർആൻ പറയുന്നത്:

ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അവന്റെ അധീനത്തിലത്രെ.എല്ലാവരും അവന് കീഴടങ്ങുന്നവരാകുന്നു. (30:26).

അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (യഥാർത്ഥത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന് കീഴ്പ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും. (3:83)

എന്നാൽ കർമ്മങ്ങളുടെ കാര്യത്തിൽ മൃഗങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ ചില സ്വാതന്ത്ര്യങ്ങൾ അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യം പോലും അലംഘനീയമായ ദൈവിക വിധിയുടെ പരിധിക്കുള്ളിലാണ്. പേനയുപയോഗിക്കുവാൻ മനുഷ്യർക്ക് സാധിക്കുന്നത് അല്ലാഹുവിന്റെ വ്യവസ്ഥ പ്രകാരമാണ്. എന്നാൽ പേനകൊണ്ട് എന്തെഴുതണമെന്ന് തീരുമാനിക്കുന്നത് മനുഷ്യരുടെ ഇഛാശക്തിയാണ്. ഈ ഇഛാശക്തിയാകട്ടെ ഒരു പരിധിവരെ ദൈവികവ്യവസ്ഥയുടെ വരുതിക്കുള്ളിൽ സ്വതന്ത്രമാണ്. ഈ സ്വാതന്ത്ര്യം എങ്ങനെ ഉപയോഗിക്കുന്നുവെന്നതാണ് മനുഷ്യനെ ഉദാത്തനും അധമനുമാക്കുന്നത്. തൂലികയെ മനുഷ്യരെ സംസ്കരിക്കാനും അവരെ വഴിതെറ്റിക്കുവാനും ഉപയോഗിക്കാം. ഒന്നാമത്തേത് ഔന്നത്യത്തിന്റെ മാർഗം, രണ്ടാമത്തേത് അധമത്വത്തിന്റെ പാത. ഇതിൽ ഏതു സരണി തിരഞ്ഞെടുക്കണമെന്ന് മനുഷ്യന് തീരുമാനിക്കാം. അത് അവന്റെ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്.

തീർച്ചയായും നാം അവന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ അവൻ നന്ദികെട്ടവനാകുന്നു. (76;3)

മനുഷ്യരെ പോലെ തന്നെ ഇഛാസ്വാതന്ത്ര്യം നൽകപ്പെട്ട സൃഷ്





ടികളാണ് ജിന്നുകൾ എന്നാണ് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ജിന്നുകളിൽപ്പെട്ടവനാണ് ഇബ്‌ലീസ് (18:50). ജിന്നുകളും പൂർണമായി ദൈവിക വ്യവസ്ഥക്ക് കീഴിലുള്ളവർ തന്നെയാണ്. എന്നാൽ മനുഷ്യന് സാഷ്ടാംഗം നമിക്കുവാനുള്ള ദൈവിക കൽപന അവൻ അതിലംഘിച്ചു. കൽപന ലംഘിക്കുവാനും സ്വീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം മനുഷ്യനെ പോലെ അവനുമുണ്ടായിരുന്നു. ഈ സ്വാതന്ത്ര്യം പോലും അല്ലാഹുവിന്റെ ദാനമാണ്. അതുകൊണ്ട് തന്നെ ഈ സ്വാതന്ത്ര്യമുപയോഗിച്ച് ദൈവിക കൽപന ലംഘിച്ചതിനാൽ അല്ലാഹുവിന്റെ പൊതുവ്യവസ്ഥയെ അവൻ ലംഘിച്ചുവെന്ന് പറയാവതല്ല. ലംഘിക്കുവാനും സ്വീകരിക്കുവാനും അല്ലാഹു അവന് നൽകിയ സ്വാതന്ത്ര്യത്തിൽ തന്നിഷ്ടത്തിന്റെ -അഹങ്കാരത്തിന്റെയും-മാർഗം അവൻ തെരെഞ്ഞെടുത്തുവെന്നേയുള്ളൂ. ഈ സ്വാതന്ത്ര്യം നൽകപ്പെടാത്ത മലക്കുകളാകട്ടെ, അല്ലാഹുവിന്റെ ആജ്ഞ അതിലംഘിക്കാതെ നിറവേറ്റുകയും ചെയ്തു.

ജിന്നുകൾക്കും മനുഷ്യർക്കുമെല്ലാം നൽകപ്പെട്ടിരിക്കുന്ന ഇഛാസ്വാതന്ത്ര്യം അവയുടെ സൃഷ്ടി വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറുതാണ്. ഈ സ്വാതന്ത്ര്യം പോലും അല്ലാഹുവിന്റെ നിയന്ത്രണത്തിനു വിധേയമാണുതാനും. അതുകൊണ്ട് തന്നെ ആകാശ ഭൂമികളുടെ എല്ലാവസ്തുക്കളും അല്ലാഹുവെ അനുസരിക്കുന്നുവെന്ന് പറഞ്ഞ സൂക്തങ്ങളുമായി പിശാചോ മനുഷ്യനോ അനുസരണക്കേട് കാണിക്കുന്നുവെന്ന് പ്രസ്താവിക്കുന്ന സൂക്തങ്ങൾ വൈരുധ്യം പുലർത്തുന്നുവെന്ന് പറയാനാവില്ല. ഇവർ ചെയ്യുന്ന അനുസരണക്കേട് പോലും ഇവരുടെ സൃഷ്ടി വ്യവസ്ഥയിലെ അനുസരണത്തിന്റെ ഭാഗമാണെന്നർഥം.

**ശിർക്ക് എന്ന മഹാപാപം ഒരിക്കലും പൊറുക്കപ്പെടുകയില്ലെന്ന് ഖുർആനിലെ ചില സൂക്തങ്ങളിൽ (4:48, 4:116) വ്യക്തമാക്കുന്നു. ഇതിനു വിരുദ്ധമായി ശിർക്ക് ചെയ്തവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുന്നതായി (4:153,25:68-71) സൂക്തങ്ങളിൽ പറയുന്നുണ്ട്. ഇവയെങ്ങനെ പൊരുത്തപ്പെടും?**

പാപങ്ങൾ പല തരമുണ്ട്. അതിൽ ഏറ്റവും ഗുരുതരമായതാണ് ശിർക്ക് അഥവാ ബഹുദൈവാരാധന. സ്രഷ്ടാവും സംരക്ഷകനു

മായ അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധനകൾ സൃഷ്ടികൾക്ക് സമർപ്പിക്കുന്നതിനേക്കാൾ വലിയ പാപങ്ങളേതുമില്ല. ശിർക്ക് ചെയ്യുന്നവന് ദൈവിക കാരുണ്യത്തിന്റെ ഭവനമായ സ്വർഗം നിഷിദ്ധമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അല്ലാഹുവോട് വല്ലവനും പങ്ക് ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും.(5:75)

ശിർക്കിൽ നിന്ന് പൂർണമായി മുക്തനാവുമ്പോഴാണ് ഒരാൾ സത്യവിശ്വാസിയായിത്തീരുന്നത്. ബഹുദൈവാരാധന ഉൾകൊള്ളുന്ന സകലമാന പ്രവർത്തനങ്ങളിൽ നിന്നും പരിശുദ്ധി പ്രാപിച്ച്, അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ഇസ്ലാമിലേക്ക് പ്രവേശിക്കുന്നത്. ഇങ്ങനെ പ്രവേശിക്കുന്ന വ്യക്തിയുടെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം -ബഹുദൈവാരാധനയും ദൈവനിഷേധവുമടക്കം- പൊറുക്കപ്പെടുന്നതാണ്. ബഹുദൈവാരാധകരായിരുന്ന ജനങ്ങളിലേക്കാണ് അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചത്. പ്രവാചകൻമാരുടെ ശിഷ്യൻമാരായിത്തീരുകയും ഏകദൈവവിശ്വാസത്തിന്റെ പ്രചാരണത്തിനു വേണ്ടി ജീവൻ വരെ ത്യജിക്കുവാൻ സന്നദ്ധരാവുകയും ചെയ്തവർ മുമ്പ് ബഹുദൈവാരാധകരായിരുന്നു. ഇസ്ലാം സ്വീകരിച്ചതോടുകൂടി അവരുടെ പാപങ്ങളെല്ലാം പൊറുക്കപ്പെടുകയും ജനിച്ചുവീണ കുഞ്ഞിനെപ്പോലെ പരിശുദ്ധരായിത്തീരുകയും ചെയ്തു. നരകത്തിന്റെ പാതയായ ശിർക്കിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗത്തിന്റെ മാർഗമായ ഏകദൈവവിശ്വാസത്തിൽ എത്തിച്ചേർന്നവരെ സംബന്ധച്ചിടത്തോളം അവരുടെ മുൻകാല പ്രവർത്തനങ്ങളെ കുറിച്ചുള്ള വിചാരണയില്ലെന്നും മുസ്ലിമായതിനു ശേഷമുള്ള കർമ്മങ്ങളെ സംബന്ധിച്ചു മാത്രമെ ചോദ്യം ചെയ്യപ്പെടുകയുള്ളൂവെന്നും വ്യക്തമാക്കുന്ന ഒട്ടനവധി ഹദീസുകളുണ്ട്. എത്ര കൊടിയ ബഹുദൈവാരാധകനും തോന്നിവാസിയുമാണെങ്കിലും സത്യവിശ്വാസം സ്വീകരിക്കുന്നതോടെ അയാൾ പാപമുക്തി പ്രാപിക്കുന്നുവെന്നർഥം.

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്ന് സ്വന്തം ജീവിതത്തെ സമർപ്പിച്ചവനാണ് മുസ്ലിം. ദൈവിക വിധി വിലക്കുകൾ പാലിക്കുന്നതാണ് മുസ്ലിമിന്റെ ജീവിതത്തെ വിമലീകരിക്കുകയും മാതൃകാ യോഗ്യമാക്കുകയും ചെയ്യുന്നത്. എങ്കിലും മനുഷ്യൻ എന്ന





നിലക്ക് മുസ്ലിമിന്റെ ജീവിതത്തിലും തെറ്റുകൾ കടന്നുവരാം; കുറ്റങ്ങളുണ്ടാകാം. ഏതെങ്കിലുമൊരു ദുർബല നിമിഷത്തിൽ വല്ല തെറ്റുകുറ്റങ്ങളിലും ഏതെങ്കിലും ഒരു മുസ്ലിം അകപ്പെട്ടുപോയാൽ അതിനുള്ള പരിഹാര നിർദ്ദേശങ്ങളും ഖുർആനിലും നബി വചനങ്ങളിലുമുണ്ട്. പശ്ചാത്താപമാണ് പാപത്തിനുള്ള പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ചെയ്തുപോയ തെറ്റിൽ ആത്മാർഥമായി അനുതപിക്കുകയും ഇനിയത് ആവർത്തിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും, പൊറുത്തു തരുന്നതിനുവേണ്ടി അല്ലാഹുവിനോട് അകമുരുകി പ്രാർഥിക്കുകയും ചെയ്തുകൊണ്ടുള്ള പശ്ചാത്താപമാണ് പാപത്തിനുള്ള പരിഹാരം.

പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹു ബാധ്യതയേറ്റിരിക്കുന്നത് അറിവുകേട് നിമിത്തം തിൻമ ചെയ്യുകയും, എന്നിട്ട് താമസിയാതെ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. പശ്ചാത്താപമെന്നത് തെറ്റുകൾ ചെയ്തു കൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാവുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യനിഷേധികളായി മരണമടയുന്നവർക്കുമുള്ളതല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്. (4:17,18).

ഏതുതരം പാപങ്ങളും പശ്ചാത്താപം വഴി അല്ലാഹു പൊറുത്തു തന്നേക്കുമെന്ന പ്രതീക്ഷ നൽകുന്നുണ്ട് ഖുർആൻ. ഒരു മുസ്ലിമിന്റെ ജീവിതത്തിൽ വന്നു ഭവിക്കുന്ന ചെറിയ ചെറിയ തെറ്റുകൾ അവൻ ചെയ്യുന്ന സൽകർമ്മങ്ങൾ വഴി പൊറുത്തു കൊടുക്കുമെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുമുണ്ട്. പാപം പൊറുക്കുക എന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. എത്ര തന്നെ പാപപങ്കിലമായ ജീവിതം നയിച്ച വ്യക്തിയാണെങ്കിലും അവൻ ആത്മാർഥമായി പശ്ചാത്തപിച്ചു മടങ്ങിയാൽ അല്ലാഹു അവനിൽ നിന്ന് വന്നുപോയ പാപങ്ങൾ പൊറുത്തു കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്:

പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചു പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ പ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ

പൊറുക്കുന്നവനും കരുണാനിധിയും (39:53).

എന്നാൽ, ഒരു മുസ്ലിമിന്റെ ജീവിതത്തിൽ ഒരിക്കലും വന്നു ഭവിക്കാൻ പാടില്ലാത്ത പാപമാണ് ശിർക്ക്. അല്ലാഹുവിൽ പങ്ക് ചേർക്കുകയെന്ന പാപം അവന്റെ ജീവിതത്തിലുണ്ടാവുകയെന്ന് പറഞ്ഞാൽ അത് അവന്റെ വിശ്വാസത്തിൽ നിന്നുള്ള വ്യതിചലനമാണ്. കേവല പശ്ചാത്താപം കൊണ്ടോ മറ്റു സൽകർമ്മങ്ങൾ വഴിയോ പൊറുക്കപ്പെടുന്ന പാപമല്ല അത്. പ്രത്യുത, സകലമാന സൽകർമ്മങ്ങളെയും വിഴുങ്ങിക്കളയുന്ന അത്യുഗ്ര പാപമാണത്. സത്യമത പ്രബോധനത്തിന് വേണ്ടി നിയോഗിക്കപ്പെടുകയും ആ മാർഗത്തിൽ ഒട്ടനവധി ത്യാഗപരിശ്രമങ്ങൾ നടത്തുകയും ചെയ്ത പ്രവാചകൻമാരുടെ ജീവിതത്തിലെവിടെയെങ്കിലും ശിർക്ക് എന്ന മഹാ പാപം വന്നു പോയാൽ അവരുടെ കർമ്മങ്ങളെല്ലാം നിഷ്ഫലമാവുകയും അവർ നരകാവകാശികളിൽ പെടുകയും, ചെയ്യുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

നീ ശിർക്ക് ചെയ്യുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോവുകയും തീർച്ചയായും നീ നഷ്ടകാരുടെ കൂട്ടത്തിലാവുകയും ചെയ്യും (39:65) എന്നാണ് അന്തിമ പ്രവാചകന്പോലും ഖുർആൻ മുന്നറിയിപ്പ് നൽകുന്നത്.

ശിർക്ക് ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണെന്ന് ഖുർആൻ പലതവണ വിശ്വാസികളെ ഉൽബോധിപ്പിക്കുന്നുണ്ട്: തീർച്ചയായും അല്ലാഹു അവനോട് പങ്ക് ചേർക്കപ്പെടുന്നത് പൊറുക്കുകയില്ല. അതിനു പുറമെയുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുകയും ചെയ്യും. ആര് അല്ലാഹുവിനോട് പങ്ക് ചേർക്കുന്നുവോ അവൻ, തീർച്ചയായും വമ്പിച്ച കുറ്റം ചമച്ചുണ്ടാക്കിയിരിക്കുന്നു. (4:48)

ശിർക്ക് ഒരിക്കലും പൊറുക്കുകയില്ലെന്നു പറഞ്ഞതിനർത്ഥം കേവല പശ്ചാത്താപം കൊണ്ടോ സൽകർമ്മങ്ങൾ വഴിയായി മാത്രമോ അത് പൊറുക്കപ്പെടുകയില്ലെന്നാണ്. ശിർക്ക് ചെയ്യുന്നതോടെ അത് ചെയ്യുന്നയാൾ സത്യവിശ്വാസത്തിന്റെ വൃത്തത്തിൽ നിന്ന് പുറത്തു കടന്നു കഴിഞ്ഞു. സൽകർമ്മങ്ങൾ വഴി തെറ്റുകൾ പൊറുക്കാമെന്നത് വിശ്വാസികളോടുള്ള വാഗ്ദാനമാണ്. വിശ്വാസ വൃത്തത്തിൽ നിന്ന് പുറത്തു കടന്നവന് ഈ വാഗ്ദാനം ബാധകമല്ല. ശിർക്ക് ചെയ്യുന്നതോടെ അവന്റെ സൽകർമ്മങ്ങളെല്ലാം നിഷ്ഫലമായിപ്പോയി. അറിവുകേടു കൊണ്ടോ അബദ്ധവശാലോ ഒരു വിശ്വാസിയുടെ പ്രവർത്തനങ്ങളിൽ ശിർക്കു വന്നുപോയാൽ പിന്നെ അയാൾക്ക് ഒരിക്കലും മോചനമില്ലെന്നല്ല ഇതിനർഥം. പിന്നെയോ? അയാൾക്ക് ഇനി മോചനം വേണമെങ്കിൽ വിശ്വാസത്തിലേക്ക് മടങ്ങണം. ഒരു അവിശ്വാസി എങ്ങനെയാണോ വിശ്വാസിയായിത്തീരുന്നത്, ആ രൂപത്തിൽ ഏകദൈവാദർശത്തിന്റെ സാക്ഷ്യവചനങ്ങൾ മനസ്സിൽ ഉൾകൊണ്ട് പ്രഖ്യാപിക്കണം. ബഹുദൈവാരാധനയുടെ ലാഞ്ഛനയെങ്കിലും ഉൾക്കൊള്ളുന്ന വിശ്വാസാചാരങ്ങളിൽ നിന്ന് പൂർണമായും ഛേദിച്ചു മടങ്ങുകയും വേണം.





ശിർക്ക്, കൊലപാതകം, വ്യഭിചാരം തുടങ്ങിയ പാപങ്ങൾ ചെയ്തവർക്ക് പാപമോചനത്തിനുള്ള മാർഗമെന്താണെന്നതിനെ കുറിച്ചാണ് സൂറത്തുൽ ഫുർഖാനിലെ വചനങ്ങളിൽ (25:68–71) വ്യക്തമാക്കുന്നത്:

പക്ഷേ, ആരെങ്കിലും പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ, അങ്ങനെയുള്ളവരുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (25:70).

ശിർക്കു ചെയ്ത വ്യക്തികൾ പശ്ചാത്തപിക്കുന്നതോടൊപ്പം സുദൃഢവും കളങ്കലേശമില്ലാത്തതുമായ ഏകദൈവ വിശ്വാസത്തിലേക്ക് മടങ്ങുക കൂടി ചെയ്യണമെന്ന് ഈ വചനങ്ങളിൽ നിന്ന് സുതരാം വ്യക്തമാണ്.

ഇക്കാര്യത്തിലുള്ള ഒരു സംഭവ വിവരണമാണ് സൂറത്തുന്നിസാ ഇലെ വചനത്തി (4:153)ലുള്ളത്. പശുക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കി അതിനെ ആരാധിച്ചവർക്ക് അല്ലാഹു പൊറുത്തു കൊടുത്തത് അവർ വിശ്വാസത്തിലേക്ക് മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്തതു കൊണ്ടാണ്. ഇക്കാര്യം സൂറത്തു അഅ്റാഫിലെ 152,153 വചനങ്ങളിൽ ഖുർആൻ വ്യക്തമാക്കുന്നുണ്ട്:

നിശ്ചയമായും പശുക്കുട്ടിയെ ഉണ്ടാക്കി (ആരാധന നടത്തിയ)വർക്കു തങ്ങളുടെ റബ്ബിങ്കൽ നിന്ന് കോപവും, ഐഹിക ജീവിതത്തിൽ നിന്ദ്യതയും ബാധിക്കുന്നതാണ്. അപ്രകാരമത്രേ (വ്യാജം) കെട്ടിച്ചമക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നത്. തിന്മകൾ പ്രവർത്തി

ക്കുകയും പിന്നീട് അതിനുശേഷം പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും അതിനുശേഷം നിന്റെ റബ്ബ് (അവർക്ക്) പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയും തന്നെ.

ഗോപൂജകൻമാരായിത്തീർന്ന ഇസ്‌റാഈൽ മക്കളിൽ ഏകദൈവാദർശത്തിലേക്ക് തിരിച്ചുവന്ന് കളങ്കലേശമില്ലാത്ത വിശ്വാസം സ്വീകരിക്കുകയും, ചെയ്തുപോയ തെറ്റിൽ ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്തവർക്ക് അല്ലാഹു പൊറുത്തു കൊടുത്ത കാര്യമാണ് ഈ സൂക്തങ്ങളിൽ പ്രതിപാദ്യം.

ശിർക്ക് മഹാപാപമാണെന്നും അത് പൊറുക്കുകയില്ലെന്നും പറഞ്ഞതിന്റെ താൽപര്യം, അതു ചെയ്ത ശേഷം പശ്ചാത്തപിച്ച് സത്യവിശ്വാസത്തിലേക്ക് മടങ്ങാതെ മരണപ്പെട്ടവർക്ക് സ്വർഗം നിഷിദ്ധമാണെന്ന വസ്തുത വ്യക്തമാക്കുകയാണ്. വിശ്വാസിയായിരിക്കെ സംഭവിക്കുന്ന മറ്റു പാപങ്ങളെപ്പോലെ അല്ലാഹു പൊറുത്തു കൊടുക്കുമെന്ന പ്രതീക്ഷ ശിർക്കിന്റെ കാര്യത്തിൽ അസ്ഥാനത്താണെന്നാണ് ഇതിന്നർഥം. അല്ലാതെ, ശിർക്ക് ചെയ്തുപോയവർക്ക് ഒരിക്കലും യാതൊരു വിധ മോചനവുമില്ലെന്ന് പഠിപ്പിക്കുകയല്ല, ശിർക്ക് പൊറുക്കപ്പെടാത്ത പാപമാണെന്ന് പറയുന്ന സൂക്തങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് തന്നെ വിശ്വാസത്തിലേക്ക് മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്തവർക്ക് അവർ ചെയ്തുപോയ ശിർക്ക് പൊറുത്തു കൊടുക്കുമെന്ന് വ്യക്തമാക്കുന്ന സൂക്തങ്ങളുമായി ഇവ യാതൊരു വിധ വൈരുധ്യങ്ങളും വെച്ചുപുലർത്തുന്നില്ല. എന്നാൽ വിശ്വാസത്തിൽ നിന്നും അവിശ്വാസത്തിലേക്കും വീണ്ടും വിശ്വാസത്തിലേക്കും പിന്നെയും അവിശ്വാസത്തിലേക്കും മാറി കൊണ്ടിരിക്കുന്ന പാപം അല്ലാഹു പൊറുക്കുകയേയില്ലെന്ന് 4:137 ൽ വ്യക്തമാക്കിയിട്ടുണ്ട്: ഒരിക്കൽ വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും വീണ്ടും വിശ്വസിച്ചിട്ട് പിന്നെയും അവിശ്വസിക്കുകയും അനന്തരം അവിശ്വാസം കൂടിക്കൂടി വരികയും ചെയ്തവരാരോ അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുകയേ ഇല്ല. അവരെ അവൻ നേർവഴിയിലേക്ക് നയിക്കുന്നതുമല്ല.

**ശിർക്ക് (ബഹുദൈവത്വം) മഹാപാപമാണെന്ന് ഖുർആനിൽ പല തവണ പറയുന്നുണ്ടല്ലോ. എന്നാൽ, വിശ്വാസികളുടെ നേതാവായി പരിചയപ്പെടുത്തപ്പെടുന്ന ഇബ്റാഹീം നബി (അ) ചന്ദ്രനെയും സൂര്യനെയും നക്ഷത്രങ്ങളെയുമെല്ലാം ദൈവമാക്കിയെന്ന് 6:76-78 സൂക്തങ്ങളിൽ പറയുന്നുണ്ട്. ഇബ്റാഹീം ബഹുദൈവാരാധകനായിരുന്നുവെന്നല്ലേ ഇതിന്നർത്ഥം?**





ഇബ്റാഹീം നബി(അ) ശിർക്ക് ചെയ്തുവെന്ന് ഖുർആനിൽ ഒരിടത്തും പറയുന്നില്ല. ഏകദൈവാദർശത്തിനു വേണ്ടി ഏറെ ത്യാഗങ്ങൾ സഹിച്ച വ്യക്തിയാണ് ഇബ്റാഹീം (അ). ബഹുദൈവാരാധനയുടെ വ്യർഥതയും, സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കേണ്ടതിന്റെ ആവശ്യകതയും തന്റെ ജനതയ്ക്ക് വിശദീകരിച്ചു കൊടുക്കുന്നതിന്നായി വിവിധ മാർഗങ്ങൾ അദ്ദേഹം ഉപയോഗിച്ചതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഉപദേശ നിർദ്ദേശങ്ങൾ വഴി വിഗ്രഹാരാധനയുടെ വ്യർഥത വ്യക്തമാക്കാൻ അദ്ദേഹം ശ്രമിച്ചു (21:51-56); അവരോട് വാദപ്രതിവാദം നടത്തി (6:80-83); അവരെ ശക്തമായി വിമർശിച്ചു (6:74,75). അവരുടെ ചിന്തയെ തൊട്ടുണർത്തുന്നതിന് വേണ്ടി ക്ഷേത്രത്തിലെ വിഗ്രഹങ്ങളെയെല്ലാം ഉടക്കുകയും അവയിലെ വലിയതിനെ ബാക്കിയാക്കി വിഗ്രഹഭഞ്ജനമെന്ന കുറ്റം അതിന്റെ മേൽ ആരോപിക്കുകയും ചെയ്തു (21:57-67).

ഇതേപോലെ ഒരു സംഭവമാണ് സൂര്യചന്ദ്ര നക്ഷത്രാദികളെയൊന്നും പൂജിക്കുവാൻ കൊള്ളുകയില്ലെന്ന് വ്യക്തമാക്കുന്നതിന് വേണ്ടി നക്ഷത്ര പൂജകരായിരുന്ന ജനങ്ങളുടെ മുന്നിൽ ഇബ്റാഹീം (അ) ചെയ്തതായി സൂറത്തു അൻആമിൽ (76-79) വിവരിച്ചിരിക്കുന്നത്. സൂര്യദേവനെയും ചന്ദ്രദേവനെയും ശുക്രദേവനെയുമെല്ലാം ആരാധിച്ചിരുന്ന ജനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങളിലെ വ്യർഥത വ്യക്തമാക്കികൊടുക്കുയാണ് ഇബ്റാഹീം (അ) ചെയ്തത്. ഉദിച്ചുയർന്ന നക്ഷത്രത്തെ നോക്കി ഇതാണ് എന്റെ രക്ഷിതാവ് എന്ന് പ്രഖ്യാപിക്കുകയും, അത് മറഞ്ഞപ്പോൾ മറഞ്ഞുപോകുന്നുവയെ ഞാൻ ഇഷ്ടപ്പെടുന്നില്ലെന്ന് പറഞ്ഞ് നക്ഷത്ര പൂജകർക്ക് അവരുടെ പ്രവർത്തനത്തിന്റെ വ്യർഥത വ്യക്തമാക്കി കൊടുക്കുകയുമാണ് ഇബ്റാഹീം (അ) ചെയ്തത്. ചന്ദ്രൻ ഉദിച്ചപ്പോൾ ഇതാണെന്റെ രക്ഷിതാവ് എന്നു പറയുകയും അതും അസതമിച്ചപ്പോൾ, ഇതിനെയും ആരാധിക്കാൻ കൊള്ളുകയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്ത അദ്ദേഹം ചന്ദ്രപൂജകരെ തങ്ങളുടെ വിഡ്ഢിത്തം

തെര്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതേ പോലെ തന്നെ സൂര്യ പൂജകരെ ചിന്തിപ്പിക്കുന്നതിനായി, വലിയവനായ സൂര്യനാണ് രക്ഷി താവെന്ന് പറഞ്ഞ് അത് അസ്തമിച്ചപ്പോൾ ഇതും ആരാധനക്ക് കൊള്ളുകയില്ലെന്ന് പഠിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. യഥാർ ത്ഥത്തിൽ സൂര്യനോ ചന്ദ്രനോ നക്ഷത്രങ്ങളോ ആരാധനകൾ അർ ഹിക്കുന്നുവെന്ന വിശ്വാസം ഇബ്റഹീം (അ) മിന്ന് ഉണ്ടായിരുന്നില്ല എന്നത് കൊണ്ട് തന്നെ അദ്ദേഹം ബഹുദൈവാരാധന നടത്തിയെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇങ്ങനെയെല്ലാം ചെയ്തത് എന്റെ ജനങ്ങളേ, നിശ്ചയമായും ഞാൻ,നിങ്ങൾ പങ്ക് ചേർക്കുന്ന തിൽ നിന്നെല്ലാം ഒഴിവായവനാകുന്നു. ഞാൻ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക് ഋജുമനസ്കനായി ക്കൊണ്ട് എന്റെ മുഖം തിരിച്ചിരിക്കുന്നു. ഞാൻ ശിർക്ക് ചെയ്യുന്നവ രിൽ പെട്ടവനല്ലതാനും (6:78,79) എന്നു പ്രഖ്യാപിക്കുന്നതിന്നു വേണ്ടി യായിരുന്നുവെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്.

മനസ്സിൽ വിശ്വാസമില്ലാതെ ഞാൻ അതിനെ രക്ഷിതാവായി സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നതുകൊണ്ട് മാത്രം ഒരാൾ ശിർക്കു ചെയ്യുന്നവനായി തീരുകയില്ലെന്ന് ഖുർആനിൽ തന്നെ (16:106) വ്യ ക്തമാക്കുകയും ചെയ്തിട്ടുണ്ട്.

**ഇസ്റാഈല്യർ കാളകുട്ടിയുടെ വിഗ്രഹമുണ്ടാക്കി അതിനെ ആരാ ധിക്കുകയും പിന്നീടതിൽ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്ത തായി ഖുർആനിൽ പറയുന്നു. അവർ പശ്ചാത്തപിച്ചത് എപ്പോ ഴാണ്? മോശ സീനായിൽ നിന്ന് മടങ്ങുന്നതിന് മുമ്പ് തന്നെ പശ്ചാ ത്തപിച്ചിട്ടുണ്ടെന്ന് 7:149ൽ പറയുന്നതിന് വിരുദ്ധമായി മടങ്ങി വന്ന തിന് ശേഷമാണ് പശ്ചാത്തപിച്ചതെന്നാണ് 20:91 ൽ**

മൂസാ(അ) തൗറാത്ത് സ്വീകരിക്കുന്നതിന് വേണ്ടി സീനായ് പർവ്വ തത്തിലേക്ക് പോയപ്പോൾ ഇസ്റാഈല്യരുടെ നേതൃത്വം സഹോദ രനായ ഹാറൂനെ (അ) ഏൽപ്പിച്ചതും അദ്ദേഹത്തിന്റെ വിലക്ക് ലംഘി ച്ചുകൊണ്ട് സാമിരി കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കുകയും ഇസ്റാ ഈല്യർ അതിനെ ആരാധിക്കുവാനാരംഭിക്കുകയും ചെയ്തതും മൂസ (അ) വന്ന ശേഷം ഹാറൂനി(അ)നോടും സാമിരിയോടും ഇസ്റാ ഈല്യരോടും കോപിച്ചതും അപ്പോൾ അവർ പാശ്ചാത്തപിച്ചതുമായ സംഭവങ്ങൾ ഒന്നിനു പിറകെ ഒന്നായി ചരിത്രവിവരണത്തിന്റെ രീതി





യിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നത് സൂറത്തു ത്വാഹ (20:83-98) യി ലാണ്. ഈ വിവരണത്തിന് വിരുദ്ധമായി ഖുർആനിൽ ഒരിടത്തും ഈ ചരിത്രം വിശദീകരിച്ചിട്ടില്ല. മൂസാ(അ) സീനായ് പർവ്വതത്തിൽ നിന്ന് മടങ്ങി വരുന്നതിന് മുമ്പ് തന്നെ ഇസ്റാഈല്യർ പശ്ചാത്ത പിച്ചു മടങ്ങിയിരുന്നുവെന്ന് ഖുർആനിലൊരിടത്തും പരാമർശിക്കു ന്നില്ലെന്നതാണ് സത്യം.

സൂറത്തുൽ അഅ്റാഫിലെ വൈരുധ്യമാരോപിക്കപ്പെട്ട സൂക്ത ങ്ങളിലെവിടെയും (7:149) മൂസാ(അ) യുടെ ആഗമനത്തിനു മുമ്പ് തന്നെ ഇസ്റാഈല്യർ പാശ്ചാത്തപിച്ചു മടങ്ങിയെന്ന് പറഞ്ഞിട്ടില്ല. 7:149 ൽ ഇസ്റാഈല്യരുടെ പശ്ചാത്താപത്തെ കുറിച്ച് പരാമർശിച്ച ശേഷം അടുത്ത വചനത്തിൽ മൂസാ(അ)യുടെ സീനായിൽ നിന്നുള്ള ആഗമനത്തെ കുറിച്ചു പറഞ്ഞിരിക്കുന്നുവെന്നത് ശരിയാണ്. ഇതി ന്നർഥം ഇസ്റാഈല്യർ പശ്ചാത്തപിച്ച ശേഷമാണ് മൂസാ(അ) മടങ്ങി വന്നതെന്നാണെന്ന് പ്രസ്തുത ഖുർആൻ സൂക്തങ്ങൾ മനസ്സിരുത്തി വായിച്ച ആരും പറയില്ല. സൂറത്തുൽ അഅ്റാഫിലെ 148 മുതൽ 150 വരെയുള്ള സൂക്തങ്ങളുടെ സാരം നോക്കുക.

മൂസായുടെ ജനത അദ്ദേഹം പോയശേഷം അവരുടെ ആഭര ണങ്ങൾ കൊണ്ടുണ്ടാക്കിയ മുക്രയിടുന്ന ഒരു കാളക്കുട്ടിയുടെ സ്വരൂ പത്തെ ദൈവമായി സ്വീകരിച്ചു. അതവരോട് സംസാരിക്കുകയി ല്ലെന്നും അവർക്ക് വഴികാണിക്കുകയില്ലെന്നും അവർ കണ്ടില്ലേ? അതിനെ അവർ (ദൈവമായി) സ്വീകരിക്കുകയും അതോടെ അവർ അക്രമികളാവുകയും ചെയ്തിരിക്കുന്നു (148).

അവർക്ക് ഖേദം തോന്നുകയും തങ്ങൾ പിഴച്ചുപോയിരിക്കുന്നു വെന്ന് അവർ കാണുകയും ചെയ്തപ്പോൾ അവർ പറഞ്ഞു: ഞങ്ങളു ടെ രക്ഷിതാവ് ഞങ്ങളോട് കരുണ കാണിക്കുകയും ഞങ്ങൾക്ക് പൊറുത്തുതരികയും ചെയ്തിട്ടില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടക്കാരിൽ പെട്ടവരായിരിക്കും (149).

കുപിതനും ദു:ഖിതനുമായിക്കൊണ്ട് തന്റെ ജനങ്ങളിലേക്ക് മടങ്ങി വന്ന് മൂസ പറഞ്ഞു: ഞാൻ പോയശേഷം എന്റെ പിന്നിൽ നിങ്ങൾ പ്രവർത്തിച്ച കാര്യം വളരെ ചീത്തതന്നെ! നിങ്ങളുടെ രക്ഷി താവിന്റെ കൽപ്പന കാത്തിരിക്കാതെ നിങ്ങൾ ധൃതികാട്ടിയോ? അദ്ദേഹം പലകകൾ താഴെയിടുകയും തന്റെ സഹോദരന്റെ തലപി

ടിച്ച് തന്റെയടുത്തേക്ക് വലിക്കുകയും ചെയ്തു.... (150)

ഇവിടെ 148,149 സൂക്തങ്ങളിൽ മൂസാ(അ) യുടെ യാത്രയ്ക്ക് ശേഷം ഇസ്റാഈല്യരിലുണ്ടായ മാർഗഭ്രംശത്തെയും അതിൽ നിന്ന് അവർ പശ്ചാത്തപിച്ച് മടങ്ങയതിനെയും കുറിച്ചാണ് പ്രതിപാദിക്കുന്നത്. 150-ാം സൂക്തത്തിൽ മൂസാ(അ) മടങ്ങി വന്നപ്പോൾ അദ്ദേഹത്തിനുണ്ടായ ദു:ഖവും ദേഷ്യവും വിവരിക്കുകയും നേതൃത്വമേൽപ്പിച്ചിരുന്ന സഹോദരനോട് കയർക്കുന്നതിന്റെ ചിത്രം വരച്ചുകാണിക്കുകയുമാണ് ചെയ്യുന്നത്. ഇസ്റാഈല്യരുടെ വഴികേടിനെക്കുറിച്ച് പറഞ്ഞയുടനെ തന്നെ അവരുടെ പശ്ചാത്താപത്തെ കുറിച്ചു പരാമർശിച്ചുവെന്ന് മാത്രമേയുള്ളൂ. ശേഷം മൂസാ(അ)യുടെ ആഗമനവും അതോടനുബന്ധിച്ചുണ്ടായ സംഭവങ്ങളും വിശദീകരിക്കുന്നുമുണ്ട്. ഇത് ഖുർആനിൽ പലപ്പോഴും കാണാൻ കഴിയുന്ന പൊതുവായുള്ള ഒരു ശൈലിയാണ്. ഗുണപാഠത്തിനനുസരിച്ച് വിഷയക്രമത്തിൽ കാര്യങ്ങൾ വിശദീകരിക്കുന്നിടത്ത് സംഭവങ്ങളുടെ കാലക്രമം പാലിക്കണമെന്ന് ഖുർആൻ നിഷ്കർഷിക്കാറില്ല. എന്നാൽ ഒരു സംഭവത്തിന്ന് ശേഷമോ മുമ്പോ ആണ് മറ്റൊരു സംഭവമെന്ന് ഖുർആനിൽ വ്യക്തമാക്കിയേടത്തൊന്നും ചരിത്രവസ്തുതകൾക്ക് വിരുദ്ധമായ പരാമർശങ്ങൾ കാണപ്പെടുന്നേയില്ല.

**ഇസ്റാഈല്യർ കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കിയ സംഭവവുമായി ബന്ധപ്പെട്ട ഖുർആൻ സൂക്തങ്ങളിൽ പ്രസ്തുത പ്രവർത്തനത്തിൽ ഹാറൂനിന് പങ്കുണ്ടായിരുന്നില്ലെന്ന് പറയുന്ന സൂക്തങ്ങളും (20;85-90) പങ്കുണ്ടായിരുന്നെന്ന് സൂചിപ്പിക്കുന്ന സൂക്തങ്ങളു (20:92, 7:151)മുണ്ട്. ഇതൊരു വൈരുധ്യമല്ലേ ?**

ഹാറൂൻ (അ) അല്ലാഹുവിന്റെ പ്രവാചകനാണ്. പ്രവാചകൻമാരെല്ലാം പാപസുരക്ഷിതരാണെന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. വിഗ്രഹ നിർമ്മാണവും ആരാധനയുമെല്ലാം പാപങ്ങളിൽ ഏറ്റവും ഗുരുതരമായ ശിർക്കിലുൾപ്പെടുന്നവയാണ്. അത് ചെയ്തവൻ ഇസ്‌ലാമിൽ നിന്ന് പുറത്താണ്. ഇസ്റാഈല്യരിൽപ്പെട്ട സാമിരിയുടെ വിഗ്രഹ നിർമ്മാണത്തിലോ അതിനുള്ള ആരാധനയിലോ ഹാറൂനി (അ)ന് എന്തെങ്കിലും പങ്കുണ്ടായിരുന്നതായി ഖുർആനിൽ ഒരിടത്തും യാതൊരു വിധ സൂചനയും നൽകുന്നില്ല. ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു പരിശുദ്ധ പ്രവാചകനിൽനിന്ന് അത്തരമൊരു അക്ഷ





ന്തവ്യമായ പാപം വന്നുഭവിച്ചുവെന്ന് ചിന്തിക്കുക പോലും ചെയ്യാൻ മുസ്‌ലിംകൾക്കാവില്ല. എന്നാൽ പഴയ നിയമത്തിൽ പറയുന്നത്, വിഗ്രഹം നിർമ്മിച്ചതും അതിനുള്ള ആരാധനകൾ നിർവഹിക്കാൻ നേതൃത്വം നൽകിയതും അഹറോൻ ആണെന്നാണ് (പുറപ്പാട് 32:1-6). ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായി, വിഗ്രഹം നിർമ്മിച്ചതും അതിനുള്ള ആരാധനകൾക്ക് നേതൃത്വം നൽകിയതും സാമിരിയാണെന്നും ഇസ്റാഈല്യർ സാമിരിയുടെ പിന്നിൽ അണി നിരന്നപ്പോൾ എന്റെ ജനങ്ങളെ, ഇതു (കാളക്കുട്ടി)മൂലം നിങ്ങൾ പരീക്ഷിക്കപ്പെടുക മാത്രമാണുണ്ടായത്. തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് പരമകാരുണികനത്രെ. അതുകൊണ്ട് നിങ്ങൾ എന്നെ പിൻതുടരുകയും എന്റെ കൽപ്പനകൾ അനുസരിക്കുകയും ചെയ്യുക. (20:90) എന്ന് ഉപദേശിച്ച് ഹാറൂൻ അവരെ നേർമാർഗത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചുവെന്നുമാണ് ഖുർആൻ വ്യക്തമാക്കുന്നത്.

എന്നാൽ മൂസാ നബി(അ) യെ പോലെ, അത്രക്ക് നേതൃപാടവമോ ജനത്തെ നിയന്ത്രിക്കുവാനുള്ള കഴിവോ ഹാറൂനി(അ) നില്ലായിരുന്നു. അതിനാൽ ജനങ്ങളെല്ലാം കാളപൂജകരായിത്തീരുകയും അവരെ ഉപദേശിച്ചിട്ട് ഫലമൊന്നുമില്ലെന്ന് അനുഭവപ്പെടുകയും ചെയ്തപ്പോൾ അതിശക്തമായ നടപടികളൊന്നും എടുക്കാതെ അദ്ദേഹം നിശബ്ദനായി. ഈയൊരു അവസ്ഥയിലാണ് മൂസാ (അ) ഇസ്റാഈല്യർക്കിടയിലേക്ക് മടങ്ങിയെത്തുന്നത്. അവിടെയുണ്ടായിരുന്ന അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിന് ദു:ഖവും കോപവും ഉണ്ടായി. ഏകദൈവാദർശത്തിനു വേണ്ടി നിലകൊള്ളേണ്ട തന്റെ ജനതയാകെ ഗോപൂജകരായിത്തീർന്നിരിക്കുന്നു; അവരെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട ചുമതലയേൽപ്പിക്കപ്പെട്ടിരുന്ന ഹാറൂനാകട്ടെ, ശക്തമായ നടപടികളൊന്നുമെടുക്കാതെ നിശബ്ദനായി നിൽക്കുകയുമാണ്. ഇത് കണ്ട് കലികയറിയ മൂസാ (അ) ഹാറൂനി (അ) ന്റെ താടിയിലും തലയിലും പിടിച്ച് ചോദ്യം ചെയ്യുന്നതാണ് സൂറത്തു ത്വാഹായിലെ 92 മുതൽ 94 വരെയുള്ള വചനങ്ങളിൽ വിശദമാക്കിയിട്ടുള്ളത്.

ഹാറൂനേ, ഇവർ പിഴച്ചുപോയതായി നീ കണ്ടപ്പോൾ എന്നെ പിൻതുടരാതിരിക്കാൻ നിനക്ക് എന്തു തടസ്സമാണുണ്ടായിരുന്നത്? നീ എന്റെ കൽപനയ്ക്ക് എതിരു പ്രവർത്തിക്കുകയാണോ ചെയ്തത്. (20:92,93) എന്നാണ് മൂസാ (അ) ഹാറൂനി (അ) നോട് ചോദിക്കു

ന്നത്. ശക്തമായ നടപടികളെടുക്കാതെയും അനുയായികളെ ശരിക്ക് നിയന്ത്രിക്കാതെയും നിന്ന ഹാറൂനി (അ) നെ വിമർശിക്കുകയാണ് ഇവിടെ മൂസാ(അ) ചെയ്യുന്നത്. ഈ വചനത്തിൽ ഇസ്റാഈല്യരോടൊപ്പം ഹാറൂനും (അ) വിഗ്രഹാരാധനയിൽ പങ്കുചേർന്നുവെന്ന ആശയത്തിന്റെ ലാഞ്ഛന പോലുമില്ല. മൂസാ (അ) യുടെ ചോദ്യത്തിന് അദ്ദേഹം നൽകുന്ന മറുപടിയിൽ ഇക്കാര്യം അല്പം കൂടി സ്പഷ്ടമാണ്. ഇസ്റാഈൽ സന്തതികൾക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിക്കളഞ്ഞു, എന്റെ വാക്കിനു നീ കാത്തുനിന്നില്ല എന്ന് നീ പറയുമെന്ന് ഞാൻ ഭയപ്പെടുകയാണുണ്ടായത്. (20:94) എന്ന് സൂറത്തു ത്വാഹായിലും എന്റെ ഉമ്മയുടെ മകനേ, ജനങ്ങൾ എന്നെ ദുർബലനായി ഗണിച്ചു. അവരെന്നെ കൊന്നേക്കുമായിരുന്നു. അതിനാൽ (എന്നോട് കയർത്തുകൊണ്ട്) നീ ശത്രുക്കൾക്ക് സന്തോഷത്തിന് ഇടവരുത്തരുത്. അക്രമികളായ ജനങ്ങളുടെ കൂട്ടത്തിൽ എന്നെ കണക്കാക്കുകയും ചെയ്യരുത്. (7:150) എന്നു സൂറത്തുഅഅ്റാഫിലും ഹാറൂനി (അ)ന്റെ മറുപടി ഉദ്ധരിച്ചിട്ടുണ്ട്. ഇവയിൽ നിന്ന് ഹാറൂൻ (അ) കൂടി കാളകുട്ടി പൂജയിൽ പങ്കാളിയായതുകൊണ്ടല്ല മൂസാ(അ) അദ്ദേഹത്തെ വിമർശിച്ചതെന്ന് സുതരാം വ്യക്തമാവുന്നുണ്ട്.

സൂറത്തുൽ അഅറാഫിലെ (7:151) മൂസാനബി (അ)യുടെ പ്രാർഥനയിൽ എന്റെ രക്ഷിതാവേ, എനിക്കും എന്റെ സഹോദരനും നീ പൊറുത്തു തരികയും, ഞങ്ങളെ നീ നിന്റെ കാരുണ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ എന്ന് പറഞ്ഞതിൽ നിന്ന് ഹാറൂൻ(അ) വിഗ്രഹാരാധന നടത്തി പാപിയായി തീർന്നുവെന്ന് വ്യക്തമാകുന്നുവെന്നാണ്, ഖുർആനിൽ വൈരുധ്യങ്ങൾ ആരോപിക്കുന്നവരുടെ വാദം. ഇത് അടിസ്ഥാനരഹിതമായ ഒരു വാദമെന്നതിൽ കവിഞ്ഞയാതൊന്നുമല്ല. ഹാറൂൻ(അ) കാളകുട്ടിയെ പൂജ ചെയ്തുവെന്ന് ഈ വചനത്തിൽ എവിടെയുമില്ല. പാപമോചനത്തിനു വേണ്ടിയുള്ള പ്രാർഥന വിശ്വാസികളുടെ ജീവിതത്തിൽ എപ്പോഴുമുണ്ടാകുന്നതാണ്. ഇവിടെയാകട്ടെ, ശക്തമായ നടപടിയെടുക്കാത്ത ഹാറൂൻ(അ)ന്റെ നിലപാട് തെറ്റാണെന്ന് തന്നെയാണ് മൂസാ (അ) യുടെ അഭിപ്രായം. മാത്രവുമല്ല, എനിക്കും സഹോദരന്നും പൊറുത്തു തരണം എന്ന മൂസാ (അ) യുടെ പ്രാർഥനയിൽ നിന്ന് ഹാറൂൻ വിഗ്രഹപൂജ നടത്തിയെന്ന് അനുമാനിക്കുകയാണെങ്കിൽ മൂസാ(അ) യും പ്രസ്തുത തെറ്റ് ചെയ്തുവെന്ന് കൂടി സമ്മതിക്കേണ്ടിവരും. അങ്ങനെ ആരും പറയു





ന്നില്ലല്ലോ. അതിനാൽ ഈ പ്രാർഥനയിൽ നിന്ന് ഹാറൂൻ (അ) കാള പൂജക്കു കൂട്ടു നിന്നുവെന്ന നിഗമനത്തിലെത്തി ഖുർആനിലെ മറ്റു സൂക്തങ്ങളുമായി വൈരുധ്യം ആരോപിക്കുന്നതിന് യുക്തിയുടെ പിൻബലമില്ല; പ്രമാണങ്ങളുടെ അടിത്തറയുമില്ല.

**യൂനുസ് നബിയെ മത്സ്യം പാഴ് ഭൂമിയിൽ തള്ളിയെന്ന് ഖുർആനിലെ 37:145 വചനത്തിൽ പറയുന്നു. ഇതിൽ നിന്ന് വ്യത്യസ്തമായി പാഴ്ഭൂമിയിൽ അദ്ദേഹം തള്ളപ്പെട്ടിട്ടില്ലെന്ന രീതിയിലാണ് 68:49ൽ പരാമർശിച്ചിരിക്കുന്നത്. ഇത് വ്യക്തമായ വൈരുധ്യമല്ലേ?**

വൈരുധ്യമാരോപിക്കപ്പെട്ടിരിക്കുന്ന സൂക്തങ്ങളുടെ സാരം പരിശോധിക്കുക:

എന്നിട്ട് അദ്ദേഹത്തെ (യൂനുസിനെ) അനാരോഗ്യവാനായ നിലയിൽ തുറന്ന സ്ഥലത്തേക്ക് നാം തള്ളി. അദ്ദേഹത്തിന്റെ മേൽ നാം യഖ്ത്വീൻ വൃക്ഷം മുളപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ നാം ഒരു ലക്ഷമോ അതിലധികമോ വരുന്ന ജനവിഭാഗത്തിലേക്ക് നിയോഗിച്ചു. (37:145-147)

അദ്ദേഹത്തിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം അദ്ദേഹത്തെ വീണ്ടെടുത്തില്ലായിരുന്നെങ്കിൽ അദ്ദേഹം ആ പാഴ് ഭൂമിയിൽ ആക്ഷേപാർഹനായികൊണ്ട് പുറന്തള്ളപ്പെടുമായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്തു.(68:49,50)

യൂനുസ് നബി(അ) യെ വിഴുങ്ങിയ മത്സ്യം ഏതാനും ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തെ കരയിലേക്ക് ഛർദ്ദിച്ചതുമായി ബന്ധപ്പെട്ട വിവരണങ്ങളുൾകൊള്ളുന്ന സൂക്തങ്ങളാണ് ഇവ. മത്സ്യം അദ്ദേഹത്തെ കരയിലേക്കിടുമ്പോൾ വളരെ വിഷമം പിടിച്ച അവസ്ഥയിലായിരുന്നു അദ്ദേഹം. രണ്ടു മൂന്ന് ദിവസം മത്സ്യത്തിന്റെ വയറ്റിൽ കഴിച്ചു കൂട്ടേണ്ടിവന്ന അദ്ദേഹത്തെ അവശനും രോഗാതുരനുമായിക്കൊണ്ടാണ് പാഴ്ഭൂമിയിലേക്ക് മത്സ്യം പുറന്തള്ളിയത്. ആ അവസ്ഥയിൽ അദ്ദേഹത്തിന് നൽകപ്പെട്ട പ്രത്യേകമായ ദൈവികാനുഗ്രഹങ്ങളാണ് സൂറത്തു സ്വാദിലേയും(37:145-147) സൂറത്തു ഖലമിലെയും (68:49,50) പരാമർശിക്കപ്പെട്ട വചനങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ അനാരോഗ്യത്തെ അതിജീവിക്കുവാനാവശ്യമായ ഫലങ്ങളുൽപാദിപ്പിക്കുന്ന യഖ്ത്വീൻ വൃക്ഷത്തെ

യൂനുസ് നബി(അ) ഉപേക്ഷിക്കപ്പെട്ട സ്ഥലത്തുതന്നെ മുളപ്പിക്കുകയും അങ്ങനെ ആരോഗ്യം വീണ്ടെടുത്ത അദ്ദേഹത്തെ വീണ്ടും പ്രവാചകനായി നിയോഗിക്കുകയും ചെയ്ത അല്ലാഹുവിന്റെ അനുഗ്രഹത്തെയാണ് സൂറത്തു സ്വാദിലെ വചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇങ്ങനെ അനുഗ്രഹങ്ങൾ നൽകി സംരക്ഷിച്ചിട്ടില്ലായിരുന്നുവെങ്കിൽ ആ പാഴ്ഭൂമിയിൽ ആരാരുമറിയാതെ ആക്ഷേപാർഹനായി യൂനുസ് (അ) പുറംതള്ളപ്പെടുമായിരുന്നുവെന്ന യാഥാർഥ്യം വ്യക്തമാക്കുകയാണ് സൂറത്തുൽ ഖലമിലെ വചനങ്ങൾ ചെയ്യുന്നത്. ഇവ തമ്മിൽ യാതൊരു വൈരുധ്യവുമില്ല. ഒരേ കാര്യം തന്നെ രണ്ട് രൂപത്തിൽ പറഞ്ഞിരിക്കുന്നുവെന്ന് മാത്രമേയുള്ളൂ.

## പതിവ്രതകളുടെമേൽ വ്യഭിചാരമാരോപിക്കുന്നത് പൊറുക്കപ്പെടാവുന്ന പാപമാണെന്ന് 24:4,5 ലും പൊറുക്കപ്പെടുകയില്ലെന്ന് 24:23 ലും പറയുന്നു ഇത് വൈരുധ്യമല്ലേ?

വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ സാരം പരിശോധിക്കുക:

ചാരിത്ര്യവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും എന്നിട്ട് നാല് സാക്ഷികളെ കൊണ്ട് വരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാണ് തോന്നിവാസികൾ. അതിനുശേഷം പശ്ചാത്തപിക്കുകയും, നിലപാട് നന്നാക്കി തീർക്കുകയും ചെയ്തവരൊഴികെ. എന്നാൽ അല്ലാഹു ഏറെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാകുന്നു.(24:4,5)

പതിവ്രതകളും (ദുർവൃത്തിയെപ്പറ്റി) ഓർക്കുകപോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെ പറ്റി ദുരാരോപണം നടത്തുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; തീർച്ച. അവർക്ക് ഭയങ്കരമായ ശിക്ഷയുണ്ട്. (24:23)

ഇവിടെ ഉദ്ധരിക്കപ്പെട്ട സൂറത്തു നൂറിലെ നാലാം വചനം സാക്ഷികളില്ലാതെ വ്യഭിചാര ആരോപണം ഉന്നയിക്കുന്നവർക്ക് ഇസ്‌ലാമിക ഭരണകൂടം നല്കേണ്ട ശിക്ഷയെ കുറിച്ചുള്ളതാണ്. അവർ തന്നെയാണ് തോന്നിവാസികൾ എന്ന് പറഞ്ഞുകൊണ്ട് ഈ സൂക്തം അവസാനിക്കുകയും ചെയ്യുന്നു. ദൈവിക വിധിവിലക്കുകൾ തൃണവൽഗണിക്കുന്ന അത്തരം ആളുകൾക്കുള്ള അതി കഠിനമായ





ദൈവിക ശിക്ഷയെ കുറിച്ച് ഖുർആനിലെ മറ്റു സൂക്തങ്ങളിൽ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. മ്ലേഛമായ ഈ കുറ്റം ചെയ്ത് ഭരണകൂടത്തിന്റെ ശിക്ഷ ഏറ്റു വാങ്ങിയ ആളുകൾ പോലും ദൈവിക കാരുണ്യത്തിൽ നിരാശരാകേണ്ടതില്ലെന്ന സദ്‌വാർത്തയാണ് 5 ാം മത്തെ സൂക്തത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നത്. അതി നികൃഷ്ടമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ദൈവകോപത്തിന്ന് വിധേയരായ ആളുകൾക്ക് പോലും പശ്ചാത്താപത്തിലൂടെ പാപ പരിഹാരം സാധിക്കുമെന്ന് പ്രതീക്ഷ നൽകുകയാണ് ഈ സൂക്തം ചെയ്യുന്നത്. പശ്ചാത്തപിക്കാത്തവർ പരലോകത്ത് കഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരിക തന്നെ ചെയ്യും.

24:23 ലാകട്ടെ സദ്‌വൃത്തകളെക്കുറിച്ച വ്യഭിചാരാരോപണത്തിന്റെ കാഠിന്യം കുറേക്കൂടി വ്യക്തമായി പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. സൂറത്തുന്നൂറിലെ പതിനൊന്ന് മുതൽ ഇരുപത്തി ആറ് വരെയുള്ള സൂക്തങ്ങൾക്ക് പ്രത്യേകമായ ഒരു അവതരണ പശ്ചാത്തലമുണ്ട്. പ്രവാചക പത്നിയായ ആയിശ(റ) യുടെ മേലുള്ള വ്യഭിചാരാരോപണവുമായി കപടവിശ്വാസികളും പ്രവാചകാനുചരൻമാരിൽ ചിലരും രംഗത്ത് വന്ന സാഹചര്യത്തിലുണ്ടായ പ്രതിസന്ധിക്ക് പരിഹാരമെന്നോണം അവതരിക്കപ്പെട്ട സൂക്തങ്ങളാണിവ. പതിവ്രതകളും ദുർവൃത്തിയെപ്പറ്റി ഓർക്കുകപോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെപ്പറ്റി ദുരാരോപണം നടത്തുന്നവർക്ക് ഇഹത്തിലും പരത്തിലും ശാപവും മരണാനന്തരം ഭയങ്കരമായ ശിക്ഷയുമാണുള്ളത് എന്ന മുന്നറിയിപ്പാണ് 24:23 ൽ ഉള്ളത്. ഈ സൂക്തത്തിൽ പശ്ചാത്താപത്തെക്കുറിച്ച് യാതൊരു പരാമർശവുമില്ല. അതുകൊണ്ട് തന്നെ പശ്ചാത്തപിച്ചവർക്ക് ലഭ്യമായേക്കാവുന്ന പാപമോചനത്തെ ക്കുറിച്ച സൂചനകളൊന്നും ഈ സൂക്തം ഉൾക്കൊള്ളുന്നില്ല. പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കി തീർക്കുകയും ചെയ്തവർക്ക് 24:5 ൽ വാഗ്ദാനം ചെയ്യപ്പെട്ട പാപമോചനം ഈ സൂക്തത്തിലെ പരാമർശങ്ങൾക്കും ബാധകമാണ്. നിഷ്കളങ്കമായി പശ്ചാത്തപിക്കുകയും കുറ്റം ആവർത്തിക്കാതിരിക്കുകയും ചെയ്താൽ അല്ലാഹു പൊറുക്കുമെന്ന വാഗ്ദാനം എല്ലാ കുറ്റങ്ങൾക്കും ബാധകമായിട്ടുള്ളതാണ്. 24:23 ലാകട്ടെ പശ്ചാത്താപം സ്വീകരിക്കപ്പെടുകയില്ലെന്ന് പറഞ്ഞിട്ടുമില്ല. ആയിശ(റ)യുമായി ബന്ധപ്പെട്ട ദുരാരോപണ പ്രചാരണത്തിൽ പങ്കെടുത്ത പ്രവാചകാനുചരൻമാരിൽ ചിലർ,

അവർക്ക് എൺപത് അടി ശിക്ഷ ലഭിച്ചതിന് ശേഷം, തങ്ങളുടെ നിലപാട് നന്നാക്കി തീർക്കുകയും, പ്രവാചകന്റെ അനുയായി വൃന്ദത്തിൽ സജീവമായി നിലകൊള്ളുകയും ചെയ്ത ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നതും അതാണ്. അതിനാൽ 24:4,5 സൂക്തങ്ങളുമായി ഈ സൂക്തം (24:23) യാതൊരുവിധ വൈരുധ്യവും പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു.

**പ്രതിഫലനാളിൽ അവിശ്വാസികൾക്ക് ഗ്രന്ഥം ലഭിക്കുക പിന്നിലൂടെയാണെന്ന് 84:10 ലും ഇടത് കൈയ്യിലാണെന്ന് 69:25ലും പറയുന്നു. ഇത് വൈരുധ്യമല്ലേ?**

ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ സാരം കാണുക:

എന്നാൽ ഏതൊരുവന്ന്, തന്റെ രേഖ അവന്റെ മുതുകിന്റെ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ അവൻ നാശമേ എന്ന് നിലവിളിക്കുകയും, ആളി കത്തുന്ന നരകാഗ്നിയിൽ കിടന്ന് എരിയുകയും ചെയ്യും.

എന്നാൽ ഇടത് കൈയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവനാകട്ടെ ഇപ്രകാരം പറയുന്നതാണ്. ഹാ! എനിക്ക് എന്റെ ഗ്രന്ഥം നൽകപ്പെടാതിരുന്നെങ്കിൽ. (69:25)

പരലോകത്ത് വെച്ച് അവിശ്വാസികൾക്ക് അവരുടെ കർമങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥം നൽകപ്പെടുക അവരുടെ പിൻഭാഗത്തുകൂടി ഇടത് കൈയിലായിരിക്കുമെന്ന് മുഹമ്മദ് നബി(സ) വ്യക്തമാക്കിയതായി ഹദീസുകളിൽ വന്നിട്ടുണ്ട്. വൈരുധ്യം ആരോപിക്കപ്പെട്ടിരിക്കുന്ന സൂക്തങ്ങളിൽ ഇക്കാര്യമാണ് വ്യക്തമാക്കിയിരിക്കുന്നത്. സൂറത്തുൽ -ഇൻശിഖാഖി-ലെ പത്താം വചനത്തിൽ (84:10)അവിശ്വാസിക്ക് അവന്റെ മുതുകിന് പിന്നിലൂടെയാണ് രേഖ ലഭിക്കുന്നത് എന്നും സൂറത്തുൽ ഹാഖയിലെ 25ാം വചനത്തിൽ (69:25) അവന്റെ ഇടത് കൈയിലാണ് അത് കിട്ടുകയെന്നും പറയുമ്പോൾ ഒരു സൂക്തം മറ്റൊരു സൂക്തത്തെ വിശദീകരിക്കുകയാണ് ചെയ്യുന്നത്.

**മലക്കുകൾ ദൈവിക കൽപന ധിക്കരിക്കാത്തവരാണെന്ന് 16:49,50 സൂക്തങ്ങളിൽ പറയുന്നതിന് വിരുദ്ധമായി, ആദമിനെ സാഷ്ടാംഗം നമിക്കാൻ മലക്കുകളോട് പറഞ്ഞപ്പോൾ ഇബ്‌ലീസ് വിസമ്മതിച്ചുവെന്ന് 2:34 ൽ പറയുന്നു. ഈ വൈരുധ്യം എങ്ങനെ വിശദീകരിക്കാനാവും?**





ഇബ്‌ലീസ് മലക്കല്ല, പ്രത്യുത ജിന്നുകളിൽപ്പെട്ടവനാണെന്ന വസ്തുത ഖുർആൻ 18:50ൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ദൈവിക ശാസനകൾ ചോദ്യം ചെയ്യാതെ അനുസരിക്കുന്നവരാണ് മലക്കുകൾ എന്ന വസ്തുതയുമായി ഇബ്‌ലീസിന്റെ അനുസരണക്കേട് യാതൊരുവിധ വൈരുധ്യവും പുലർത്തുന്നില്ല.

മലക്കുകളോട് ആദമിനെ സാഷ്ടാംഗം നമിക്കുവാൻ അല്ലാഹു കൽപിച്ചപ്പോൾ പിന്നെ എന്തിന് ജിന്നുകളിൽ പെട്ട ഇബ്‌ലീസ് ആ കൽപന അനുസരിക്കണം എന്ന ചോദ്യം ഉയരാറുണ്ട്. ഇതിന് ഖുർആൻ വ്യാഖ്യാതാക്കൾ മറുപടി പറഞ്ഞിട്ടുണ്ട്. ജിന്നുകളുടെ തലവനായിരുന്ന ഇബ്‌ലീസ് തന്റെ ജ്ഞാനം കൊണ്ടും വിശുദ്ധികൊണ്ടും മലക്കുകളോടൊപ്പമെത്താൻ അർഹത നേടിയെടുത്തിരുന്നു. മലക്കുകൾക്കിടയിൽ കഴിഞ്ഞു കൂടിയവനെന്ന നിലക്ക് ആദമിന് സാഷ്ടാംഗം നമിക്കാൻ വേണ്ടിയുള്ള കല്പന അവന് കൂടി ബാധകമായിരുന്നു. തന്റെ പുത്രൻമാരോടൊപ്പം ജീവിക്കുന്ന ദത്തുപുത്രനുള്ള ഒരു പിതാവ് തന്റെ മക്കളോടായി എന്തെങ്കിലും ഒരു കാര്യം കല്പിച്ചാൽ ദത്ത് പുത്രൻ കൂടി അത് ചെയ്യണം എന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ലെങ്കിലും പ്രസ്തുത കൽപന പാലിക്കുവാൻ അയാൾ കൂടി ബാധ്യസ്ഥനാണ് എന്നത് പോലെ മലക്കുകളോടൊപ്പം കഴിയാൻ അർഹത നേടിയെടുത്തിരുന്ന ഇബ്‌ലീസ് കൂടി മലക്കുകളോടുള്ള ദൈവിക കൽപന അനുസരിക്കുവാൻ ബാധ്യസ്ഥനാണ്. വിദേശത്ത് ജീവിക്കുന്ന ഒരാൾ താൻ ജീവിക്കുന്ന രാജ്യത്തിലെ നിയമങ്ങൾ അനുസരിക്കുവാൻ ബാധ്യസ്ഥനായതിനോടും ഇത് ഉപമിക്കാവുന്നതാണ്. ഏതായിരുന്നാലും ജിന്നുകളിൽപ്പെട്ട ഇബ്‌ലീസ് പ്രസ്തുത ദൈവിക കൽപന ധിക്കരിക്കുകയും മ്ലേച്ഛനായി ദൈവ കോപത്തിന് പാത്രമാവുകയുമാണുണ്ടായത്. ഇതാണ് 2:34 ൽ പറഞ്ഞിരിക്കുന്നത്.

**അല്ലാഹുവിൽ നിന്ന് മുഹമ്മദ് നബിയിലേക്ക് വെളിപാടുകൾ എത്തിക്കുന്നത് ജിബ്‌രീൽ എന്ന മലക്കാണെന്ന് 2:97ലും പരിശുദ്ധാത്മാവാണെന്ന് 16:102 ലും പറയുന്നു. ഇത് വൈരുധ്യമല്ലേ?**

ജിബ്‌രീലിന്റെ മറ്റൊരു പേരാണ് പരിശുദ്ധാത്മാവ് (റൂഹുൽ ഖുദുസ്) എന്ന വസ്തുത പ്രവാചകൻ (സ) വ്യക്തമാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിക്കപ്പെട്ട സൂക്തങ്ങളിലൊന്നിൽ ജിബ്‌രീൽ എന്നും മറ്റൊന്നിൽ

പരിശുദ്ധാത്മാവ് എന്നും വിളിച്ചിരിക്കുന്നത് ഒരു മലക്കിനെ തന്നെ യാണ് എന്നർഥം. (ക്രൈസ്തവർ വിശ്വസിക്കുന്നത് പോലെ പരിശുദ്ധാത്മാവ് ദൈവത്തിന്റെ മൂന്ന് വ്യക്തിത്വങ്ങളിൽ ഒന്നാണെന്നല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്).

**പുതിയ വെളിപാട് പഴയ വെളിപാടുകളെ ശരിവെക്കുന്നുവെന്ന് 2:97 ലും പകരം വെക്കുന്നുവെന്ന് 16:101 ലും പറയുന്നു. ഇവ തമ്മിൽ വൈരുധ്യമില്ലേ?**

മുൻ വേദങ്ങളെയെല്ലാം ശരിവെച്ചുകൊണ്ടാണ് അവസാനത്തെ വേദഗ്രന്ഥമായ ഖുർആൻ അവതരിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യം വ്യക്തമാക്കുന്ന ഒരു ഖുർആൻ സൂക്തം കാണുക:

(നബിയേ), നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.(5:48).

ഈ സൂക്തത്തിൽ മുൻ വേദഗ്രന്ഥങ്ങളെ കാത്തു രക്ഷിക്കുന്ന (മുഹൈമിൻ) ഗ്രന്ഥമായാണ് ഖുർആനിനെ പരിചയപ്പെടുത്തിയിരിക്കുന്നത്. മനുഷ്യരുടെ കൈകടത്തലുകൾക്ക് വിധേയമായ പൂർവ്വ വേദങ്ങളെ അവയുടെ കളങ്കമില്ലാത്ത രൂപത്തിൽ സംരക്ഷിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ എന്നർഥം. പൂർവ്വവേദങ്ങളിലെ അടിസ്ഥാന ആശയങ്ങളോടെല്ലാം ഖുർആൻ യോജിക്കുന്നു. അവ അവതരിക്കപ്പെട്ട രൂപത്തിൽ പൂർണമായും ദൈവികമായിരുന്നുവെന്ന് അംഗീകരിക്കുകയും അതുകൊണ്ട് തന്നെ പൂർവ്വവേദങ്ങളെ സത്യപ്പെടുത്തുകയുമാണ് ഖുർആൻ ചെയ്യുന്നത്.

പൂർവ്വവേദങ്ങളെ സത്യപ്പെടുത്തുക എന്ന് പറഞ്ഞാൽ അവയുടെ പേരിൽ ഇന്ന് നിലനിൽക്കുന്ന ഗ്രന്ഥങ്ങളെ അംഗീകരിക്കുക എന്ന് അർഥമില്ല. ഇന്ന് നിലനിൽക്കുന്ന ഖുർആനൊഴിച്ചുള്ള വേദഗ്രന്ഥങ്ങളെല്ലാം മാനുഷിക കൃത്രിമങ്ങൾ കൊണ്ട് വികൃതമാക്കപ്പെട്ടവയാണ്. അവയിലെ ദൈവിക വചനങ്ങളെയും മനുഷ്യവചനങ്ങളേയും വേർതിരിച്ചെടുക്കാൻ വയ്യാത്തവണ്ണം അവ കൂടികുഴഞ്ഞിരിക്കുന്നു. അവയുടെ ഒന്നിന്റെയും ഒറിജിനൽ പ്രതി ഇന്ന് ലഭ്യമല്ലതാനും. അതുകൊണ്ട് തന്നെ ഖുർആനിന്റെ അവതരണത്തോടെ പൂർവീക ഗ്രന്ഥങ്ങളെല്ലാം ദുർബലപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഈ ദുർബലപ്പെടുത്തൽ പോലും അവയെ കാത്തുരക്ഷിക്കുന്നതിന്റെ ഭാഗമാ





ണ് എന്നുള്ളതാണ് വസ്തുത. മനുഷ്യവചനങ്ങളും ദൈവികവചനങ്ങളും കൂടിക്കലർന്ന് സ്ഥിതിചെയ്യുന്ന വേദഗ്രന്ഥങ്ങൾ യഥാർഥത്തിൽ അവയുടെ അവതരണ ഉദ്ദേശ്യത്തിന് വിരുദ്ധമായ ഫലമാണ് ഉളവാക്കുന്നത്. അതിനാൽ അവയെ ദുർബലപ്പെടുത്തുകയും അവയുടെ മൗലികമായ ആശയങ്ങളെ മനുഷ്യകൈകടത്തലുകളില്ലാതെ വ്യക്തമാക്കുകയും ചെയ്യുന്നതിലൂടെ ഖുർആൻ പൂർവ്വവേദങ്ങളിലെ അടിസ്ഥാന ആശയങ്ങളെ സംരക്ഷിക്കുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്.

അതിനാൽ ഖുർആൻ പൂർവ്വവേദങ്ങളെ ദുർബലപ്പെടുത്തിയതും സത്യപ്പെടുത്തിയതും അവയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ്. പുതിയ വെളിപാട് പഴയ വെളിപാടുകളെ സത്യപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് പറയുന്ന ഖുർആൻ വാക്യം അവയെ ദുർബലപെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്ന വാക്യവുമായി യാതൊരു വിധ വൈരുധ്യവും പുലർത്തുന്നില്ല. ഒരു വാക്യം മറ്റേ വാക്യത്തിന്റെ വിശദീകരണമായിട്ടാണ് നിലകൊള്ളുന്നത്.

**ഖുർആൻ ശുദ്ധമായ അറബി ഭാഷയിലാണ് എന്ന് 16:103 ൽ പറയുന്നു. എന്നാൽ ഖുർആനിൽ ഒട്ടനവധി അനറബി പദങ്ങൾ ഉപയോഗിക്കപ്പെട്ടതായി കാണുന്നുണ്ട്. സൂചിപ്പിക്കപ്പെട്ട ഖുർആൻ വാക്യം തെറ്റാണെന്നല്ലേ ഇതിനർഥം?**

സൂറത്തു നഹ്‌ലിലെ 103 ാം വചനം ഖുർആനിനെതിരെയുള്ള സത്യനിഷേധികളുടെ ഒരു വാദത്തെ ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. ജാബിർ റൂമി എന്ന ഒരു അനറബിയുമായി പ്രവാചകനുണ്ടായിരുന്ന അടുപ്പത്തെ അടിസ്ഥാനമാക്കി ഖുർആൻ വചനങ്ങൾ അയാൾ പറഞ്ഞു കൊടുക്കുന്നതാണെന്ന ഒരു വിമർശനം മക്കാമുശ്രിക്കുകൾ ഉന്നയിക്കുകയുണ്ടായി. അറബി സാഹിത്യകാരൻമാരെ വെല്ലുവിളിക്കുന്ന ഒരു മഹൽ ഗ്രന്ഥത്തിലെ വചനങ്ങൾ ഒരു അനറബിയുടെ സൃഷ്ടിയാണെന്ന വാദത്തിന്റെ ബാലിശത വ്യക്തമാക്കുകയാണ് 16:103 ചെയ്യുന്നത്.

ഈ വചനത്തിൽ, ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയുമാകുന്നുവെന്നാണ് ഖുർആനിനെ സൂചിപ്പിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത്. അറബിയ്യുൻ മുബീൻ എന്നാണ് പ്രയോഗം. ഇതിന് ശുദ്ധമായ അറബി ഭാഷ എന്നർഥമില്ല. സ്പഷ്ടമായ അറബി ഭാഷ എന്നാണർഥം.

ലോകത്തിലെ എല്ലാ ഭാഷകളിലും ഇതര ഭാഷകളിൽ നിന്നുള്ള പദങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ആധുനിക ഭാഷകളിൽ മിക്കതിലും അവയുടെ ശബ്ദ സമ്പത്തിൽ കാൽഭാഗത്തിലധികവും ഇതര ഭാഷകളിൽ നിന്നുള്ള പദങ്ങളാണുള്ളത്. അറബിയിൽ- വിശേഷിച്ചും പൗരാണിക അറബിയിൽ- ഇത്തരം പദങ്ങൾ തുലോം വിരളമാണ്. എങ്കിലും ഗ്രീക്കിലെ ഇവാൻഗലിയോൺ എന്ന പദത്തിൽ നിന്നുണ്ടായ ഇഞ്ചീൽ എന്ന അറബി പ്രയോഗത്തെപോലെയുള്ള ചില അറബീകരിക്കപ്പെട്ട പദങ്ങൾ ഖുർആനിലുണ്ട്. എന്നാൽ ഇവ അന്യഭാഷാ പ്രയോഗങ്ങളാണ് എന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇവാൻഗലിയോൺ ഇഞ്ചീലാകുന്നതോടെ ആ പദം അറബിയായി മാറികഴിഞ്ഞുവെന്നുള്ളതാണ് വാസ്തവം. കീസ് എന്ന അറബി പദത്തിൽനിന്നാണ് മലയാളത്തിലെ കീശയുടെ വ്യുൽപത്തി. ഇതിനാൽ കീശ മലയാള പദമല്ല എന്ന് പറയുന്നത് വിവരക്കേടാണ്. ഇതേ പോലെതന്നെയാണ് എല്ലാ ഭാഷകളുടെയും സ്ഥിതി.

ചുരുക്കത്തിൽ ഖുർആൻ സ്പഷ്ടമായ അറബിയിലാണെന്ന പ്രസ്താവനയുമായി അതിലെ മറ്റു ഭാഷകളിലെ പദങ്ങളിൽ നിന്ന് കടന്നുവന്ന വാക്കുകളുടെ സാന്നിധ്യം യാതൊരു വിധത്തിലും വൈരുധ്യം പുലർത്തുന്നില്ല.

**ഖുർആനിനെപ്പറ്റി തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട് (26:196) എന്നു പറഞ്ഞിട്ടുണ്ടല്ലോ, ഹിബ്രുവിലും ഗ്രീക്കിലും എഴുതപ്പെട്ട പൂർവ്വ വേദഗ്രന്ഥങ്ങളിൽ ഖുർആൻ അടങ്ങിയിട്ടുണ്ട് എന്നുപറയുന്നത് വിഡ്ഢിത്തമല്ലേ?**

ഖുർആൻ മുൻഗാമികളുടെ ഗ്രന്ഥങ്ങളിലുണ്ട് എന്ന് പറഞ്ഞതിന്റെ താൽപര്യം അത് അതേപോലെ തന്നെ പൗരാണിക വേദഗ്രന്ഥങ്ങളിലുണ്ട് എന്നല്ല. ഖുർആനിലുള്ളതെല്ലാം പൂർവ്വീക വേദങ്ങളിലുണ്ടായിരുന്നുവെങ്കിൽ പിന്നെ ഖുർആൻ അവതരിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. മുഹമ്മദ് നബി(സ) യെ പ്പറ്റി തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതൻ (7:157) എന്നു പറഞ്ഞതിൽ നിന്ന് മുഹമ്മദ് നബിയെ അദ്ദേഹത്തിന്റെ ഭൗതിക രൂപത്തിൽ തന്നെ പൂർവ്വവേദങ്ങളിൽ കണ്ടെത്താൻ കഴിയുമെന്ന് മനസ്സിലാക്കുകയല്ലല്ലോ ചെയ്യേണ്ടത്. ഇതേ





പോലെ തന്നെയാണ് ഖുർആൻ പൂർവ്വിക ഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുണ്ട് എന്നു പറഞ്ഞതിന്റെ താല്പര്യം. അറബിയിലുള്ള ഖുർആൻ അതേപോലെ തന്നെ ഹിബ്രുവിലും അരാമിക്കിലുമുള്ള പൂർവ്വികഗ്രന്ഥങ്ങളിൽ സ്ഥിതി ചെയ്യുന്നു എന്നല്ല ഇതിന്നർഥം. പ്രത്യുത, ഖുർആനിന്റെ അടിസ്ഥാന ആശയങ്ങളെല്ലാം പൂർവ്വിക ഗ്രന്ഥങ്ങളിൽ പറഞ്ഞതു തന്നെയാണെന്ന് വ്യക്തമാക്കുകയാണ് ഈ സൂക്തത്തിലൂടെ അല്ലാഹു ചെയ്യുന്നത്. ഖുർആൻ ഏതെങ്കിലുമൊരു പുത്തൻ സിദ്ധാന്തം ലോകർക്കു മുമ്പിൽ അവതരിപ്പിക്കുകയല്ല ചെയ്യുന്നതെന്നും പൂർവ്വീക ഗ്രന്ഥങ്ങളെല്ലാം പഠിപ്പിച്ചതും എന്നാൽ ആ ഗ്രന്ഥങ്ങളുടെ ആളുകളെന്ന് സ്വയം അവകാശപ്പെടുന്നവർ വിസ്മരിച്ചതുമായ ആദർശങ്ങൾ കളങ്കലേശമില്ലാതെ അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് അതെന്നും പഠിപ്പിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. അതോടൊപ്പം തന്നെ അന്തിമ വേദഗ്രന്ഥമായ ഖുർആനിനെപ്പറ്റി പൂർവ്വിക ഗ്രന്ഥങ്ങളിലെല്ലാം പ്രവചിച്ചിട്ടുണ്ടെന്ന വസ്തുത കൂടി ഈ വാക്യം വ്യക്തമാക്കുന്നുണ്ട്. ഏതായിരുന്നാലും ഖുർആൻ അതേപടി തന്നെ മുൻ വേദങ്ങളിൽ ഉണ്ടായിരുന്നുവെന്ന് ഈ വചനത്തിൽ പറയുന്നില്ല. അതിനാൽ ചോദ്യത്തിൽ പരാമർശിച്ച രീതിയിലുള്ള വിഡ്ഢിത്തം ഖുർആനിൽ എവിടെയും നമുക്ക് കാണാൻ കഴിയുന്നുമില്ല.

**ലൂത്ത് നബിയുടെ സമുദായത്തെ അല്ലാഹു നശിപ്പിച്ചപ്പോൾ ലൂത്ത് നബിയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും അല്ലാഹു രക്ഷിച്ചുവെന്ന് ഖുർആനിൽ പലയിടത്തും പറയുന്നുണ്ട്. ഇതിൽ 26:171 ഒരു കിഴവി ഒഴികെയുള്ള കുടുംബക്കാരെയെന്നും 7:83 ൽ ഭാര്യ ഒഴികെയുള്ള കുടുംബക്കാരെയെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇത് വൈരുധ്യമല്ലേ?**

ഈ സൂക്തങ്ങളിൽ ഒരേ വ്യക്തിയെ കുറിച്ചു തന്നെയാണ് സൂചിപ്പിച്ചിരിക്കുന്നത്. ലൂത്ത് നബിയുടെ വൃദ്ധയായ ഭാര്യ ഒഴികെയുള്ള കുടുംബക്കാരെയെല്ലാം ദൈവിക ശിക്ഷയിൽ നിന്ന് അല്ലാഹു രക്ഷിച്ചുവെന്ന വസ്തുത തന്നെയാണ് ഈ രണ്ട് സൂക്തങ്ങളിലുമുള്ളത്. വൃദ്ധയായിരുന്നിട്ടും ലൂത്ത് നബിയുടെ സമുദായം സ്വീകരിച്ചിരുന്ന സ്വവർഗരതിയെന്ന ദുർവൃത്തിക്ക് കൂട്ടുനിന്ന ഭാര്യയെ സൂചിപ്പിക്കുവാൻ വേണ്ടിയാണ് ഖുർആൻ കിഴവി എന്ന് വിളിച്ചിരിക്കുന്നത്. പ്രവാചക പത്നിയായിരുന്നിട്ടും ധർമ്മത്തിന്റെ പാതയിലേക്ക് കടന്നുവ

രാൻ കഴിയാതിരുന്ന അവരെ സത്യനിഷേധികൾക്കുള്ള ഉദാഹരണ മായി 66:10ൽ എടുത്തു കാണിച്ചിട്ടുമുണ്ട്.

**ലൂത്ത് നബി തന്റെ ജനതയോട് പ്രകൃതിവിരുദ്ധ രതിയെക്കുറിച്ച് ചോദ്യം ചെയ്തപ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നു വെന്ന് വിവരിക്കുന്നേടത്ത് ഖുർആനിൽ രണ്ട് വചനങ്ങളിൽ വ്യത്യസ്ത പരാമർശം കാണുന്നു: ഇവരെ നിങ്ങളുടെ നാട്ടിൽ നിന്നും പുറത്താക്കുക. ഇവർ പരിശുദ്ധി പ്രാപിക്കുന്ന ആളുക ളാകുന്നു എന്നു പറഞ്ഞത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജന തയുടെ മറുപടി. (7:82). നീ സത്യവാൻമാരുടെ കൂട്ടത്തിലാണെങ്കി ൽ ഞങ്ങൾക്കു അല്ലാഹുവിന്റെ ശിക്ഷ നീ കൊണ്ടുവാ എന്നു പറഞ്ഞതു മാത്രമായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി (29:29). അദ്ദേഹത്തിന്റെ ജനത ഒരു മറുപടി മാത്രമേ പറ ഞ്ഞിട്ടുള്ളൂവെങ്കിൽ ഈ രണ്ടു വചനങ്ങളിൽ ഒന്ന് ശരിയാകാൻ സാധ്യതയില്ലല്ലോ?**

തന്റെ സമുദായത്തിൽ വ്യാപകമായിരുന്ന സ്വവർഗ രതിയെന്ന മഹാപാപത്തിനെതിരെ ജനങ്ങളെ ബോധവൽക്കരിച്ചിരുന്ന പ്രവാച കനായിരുന്നു ലൂത്ത് നബി(അ). അദ്ദേഹം തന്റെ ജനതയോട് ഒരു പ്രാവശ്യം മാത്രമായിരിക്കുകയില്ല സംസാരിച്ചിരിക്കുക. പലതവണ, പലരോടും അദ്ദേഹം പ്രകൃതിവിരുദ്ധ രതിക്കെതിരെ സംസാരിച്ചിട്ടു ണ്ടാകും. അപ്പോൾ അവരുടെ മറുപടി വ്യത്യസ്തമായിരിക്കും. ഇവിടെ സൂചിപ്പിക്കപ്പെട്ട സൂക്തങ്ങളിൽ വ്യത്യസ്തങ്ങളായ രണ്ടു സന്ദർഭ ങ്ങളാണ് പ്രതിപാദിപ്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ അവ രുടെ പ്രതികരണം വ്യത്യസ്തമായിരിക്കുക സ്വാഭാവികമാണ്.

7:80 മുതൽ 7:82 വരെയുള്ള സൂക്തങ്ങളുടെ സാരം പരിശോധി ക്കുക:

“ലൂത്വിനെയും (നാം അയച്ചു) അദ്ദേഹം തന്റെ ജനതയോട്, നിങ്ങ ൾക്കു മുമ്പ് ഒരാളും ചെയ്തിട്ടില്ലാത്ത നീചവൃത്തിക്ക് നിങ്ങൾ ചെല്ലു കയോ?എന്നു പറഞ്ഞ സന്ദർഭം (ഓർക്കുക). സ്ത്രീകളെ വിട്ട് പുരു ഷൻമാരുടെ അടുത്ത് തന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ടു പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു. ഇവരെ നിങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുക. ഇവർ പരിശുദ്ധി പ്രാപിക്കുന്ന ആളുകളാകുന്നു എന്നു പറഞ്ഞതു മാത്രമായിരുന്നു





അദ്ദേഹത്തിന്റെ ജനതയുടെ മറുപടി”.

പ്രകൃതി വിരുദ്ധ ലൈംഗിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന തന്റെ ജനതയോട് ലൂത്ത് (അ) ഒരു തവണ നടത്തിയ ഉൽബോധനവും അതിന് അവരുടെ പ്രതികരണവുമാണ് മുകളിലെ സൂക്തങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു സാഹചര്യമാണ് 29:28,29 സൂക്തങ്ങളിലുള്ളതെന്ന് അവയുടെ സാരം പരിശോധിച്ചാൽ ബോധ്യമാവും. “ലൂത്തിനെയും (ദൂതനായി അയച്ചു) തന്റെ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിങ്ങൾക്കുമുമ്പ് ലോകരിൽ ഒരാളും അത് ചെയ്യു കയുണ്ടായിട്ടില്ല. നിങ്ങൾ കാമനിവൃത്തിക്കായി പുരുഷൻമാരുടെ അടുത്ത് ചെല്ലുകയും (പ്രകൃതിപരമായ) മാർഗം ലംഘിക്കുകയും നിങ്ങളുടെ സദസ്സിൽ വെച്ച് നിഷിദ്ധവൃത്തി ചെയ്യുകയുമാണോ? അപ്പോൾ അദ്ദേഹത്തിന്റെ ജനത നൽകിയ മറുപടി നീ സത്യവാൻമാ രുടെ കൂട്ടത്തിലാണെങ്കിൽ ഞങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷ നീ കൊണ്ടുവാ എന്നു മാത്രമായിരുന്നു.” (29:28,29)

ലൂത്ത് നബി (അ) രണ്ട് തവണ തന്റെ ജനതയോട് നടത്തിയ ഉൽബോധനങ്ങളാണ് സൂറത്തുൽ അഅ്റാഫിലും സൂറത്തു അൻക ബൂത്തിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഉൽബോധനങ്ങ ളിലെ വാചകങ്ങൾ വ്യത്യസ്തമായതുപോലെ ജനതയുടെ മറുപ ടിയും വ്യത്യസ്തമായിരുന്നു. എന്ന് പറഞ്ഞത് മാത്രമായിരുന്നു അദ്ദേ ഹത്തിന്റെ ജനതയുടെ മറുപടി എന്ന് പറഞ്ഞതിൽ നിന്ന് ലൂത്ത് നബി (അ) സംസാരിച്ചപ്പോഴെല്ലാം അദ്ദേഹത്തിന്റെ ജനത ഒരേയൊരു വാചകം മാത്രമാണ് മറുപടിയായി ആവർത്തിച്ച് പറഞ്ഞത് എന്ന് അർഥമാക്കുന്നില്ല. പ്രകൃതി വിരുദ്ധ രതിയുടെ അധാർമികതയെക്കു റിച്ച് അവരെ ഉണർത്തിക്കൊണ്ട് അദ്ദേഹം ഉന്നയിച്ച ചോദ്യത്തിന് ശരിയായ മറുപടി പറയാനോ ചിന്തിച്ച് തങ്ങളുടെ നിലപാട് നന്നാക്കി തീർക്കുവാനോ അവർ സന്നദ്ധരായില്ല. അദ്ദേഹം അവരോട് സംസാ രിച്ചപ്പോഴെല്ലാം ധിക്കാരത്തോട് കൂടിയുള്ള പ്രതികരണം മാത്രമാണ് അവരിൽ നിന്നുണ്ടായത്. ഇക്കാര്യമാണ് ഈ വിഷയം പ്രതിപാദി ക്കപ്പെട്ട ഖുർആൻ സൂക്തങ്ങളിലെല്ലാം വ്യക്തമാക്കപ്പെട്ടിട്ടുള്ളത്. ഈ സൂക്തങ്ങൾ തമ്മിൽ യാതൊരു വിധ വൈരുധ്യവുമില്ല. യഥാർഥ മറുപടിയുടെ അഭാവം സൂചിപ്പിക്കുന്നതിന് വേണ്ടിയാണ് “ പറഞ്ഞത്

മാത്രമായിരുന്നു അവരുടെ മറുപടി" എന്ന് പറഞ്ഞിരിക്കുന്നത്.

**ഇബ്റാഹീം നബിയുടെ ചരിത്രം പറയുമ്പോൾ 21:51,59 ൽ തന്റെ ജനതയോട് അദ്ദേഹം അതിശക്തമായി പ്രതികരിക്കുകയും വിഗ്രഹങ്ങളെ തകർക്കുകയുമെല്ലാം ചെയ്തതായി പ്രതിപാദിക്കുന്നതിന് വിരുദ്ധമായി 19:41 ,49 ൽ തന്റെ പിതാവിന്റെ ഭീഷണിക്ക് വഴങ്ങിക്കൊണ്ട് അവരെയെല്ലാം വെടിഞ്ഞ് അദ്ദേഹം പോയി എന്നാണ് കാണുന്നത്. ഈ വൈരുധ്യം എങ്ങനെ വിശദീകരിക്കാനാവും ?**

ഖുർആനിന്റെ ചരിത്ര പ്രതിപാദനരീതിയെ പറ്റിയുള്ള തികഞ്ഞ അജ്ഞതയിൽ നിന്നാണ് ഈ ആരോപണം ഉണ്ടായിരിക്കുന്നത്. ഇബ്റാഹീം നബിയുടെ ജീവിതത്തിലുണ്ടായ വ്യത്യസ്ത സംഭവങ്ങൾ വിവിധ സൂക്തങ്ങളിലായി ഖുർആൻ പരാമർശിക്കുന്നുണ്ട്. ഈ പരാമർശങ്ങൾ സംഭവങ്ങൾ നടന്ന ക്രമത്തിലല്ല വിശദീകരിക്കപ്പെട്ടിട്ടുള്ളത്. പല സംഭവങ്ങളും പല സൂക്തങ്ങളിലായി പരന്നുകിടക്കുകയാണ്. അതിൽപ്പെട്ട രണ്ട് സംഭവങ്ങളാണ് സൂറത്തു മർയമിലെ സൂക്തങ്ങളിലും (19:41,49) സൂറത്തു അമ്പിയാഇലെ സൂക്തങ്ങളിലും (21:51-59) വിശദീകരിക്കപ്പെട്ടിരിക്കുന്നത്. ഇവ രണ്ടും ഇബ്റാഹീം നബിയുടെ ജീവിതത്തിലെ രണ്ട് സംഭവങ്ങളുടെ വിവരണമാണ് എന്നതിനാൽ തന്നെ ഇവ തമ്മിൽ വൈരുധ്യമുണ്ടെന്ന് പറയുന്നത് അടിസ്ഥാന രഹിതമാണ്.

സൂറത്തുൽ അമ്പിയാഇലെ 51 മുതലുള്ള സൂക്തങ്ങളിൽ തന്റെ സമുദായത്തെ വിഗ്രഹാരാധനക്കെതിരെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ഇബ്റാഹീം നബി സ്വീകരിച്ച മാർഗവും അതിന്റെ പ്രതികരണമെന്നോണം അദ്ദേഹത്തിന് നേരിടേണ്ടി വന്ന അഗ്നി പരീക്ഷയുമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു സാഹചര്യമാണ് സൂറത്തു മർയമിലെ 41 മുതലുള്ള സൂക്തങ്ങളിലുള്ളത്. വിഗ്രഹാരാധകനും വിഗ്രഹവിൽപനക്കാരനുമായ തന്റെ പിതാവിനെ ഏകദൈവാരാധനയുടെ സത്യസരണിയിലേക്ക് ക്ഷണിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പരാമർശങ്ങളും അതിന്ന് പിതാവ് നൽകിയ മറുപടിയുമാണ് ഈ സൂക്തങ്ങളിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നത്. വിഗ്രഹാരാധനയിൽ നിന്ന് വിട്ടുമാറി നിന്നാൽ ഞാൻ നിന്നെ കല്ലെറിഞ്ഞോടിക്കുമെന്ന പിതാവിന്റെ ഭീഷണിക്ക് മുമ്പിൽ പതറാതെ ഏകദൈവരാധനയിൽ നിന്ന് അൽപം പോലും വ്യതിചലിക്കാൻ താൻ സന്നദ്ധനല്ലെന്ന് പ്രഖ്യാപിക്കുന്ന ഇബ്റാഹീം (അ) നെയാണ് 19:47-49 സൂക്തങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്.





"അങ്ങനെ അവരെയും അല്ലാഹുവിന് പുറമേ അവർ ആരാധിക്കുന്നവയെയും വെടിഞ്ഞ് അദ്ദേഹം പോയപ്പോൾ അദ്ദേഹത്തിന് നാം ഇസ്ഹാഖിനെയും യഅ്ഖൂബിനെയും നൽകി. അവരെയൊക്കെ നാം പ്രവാചകൻമാരാക്കുകയും ചെയ്തു"(19:49) എന്ന് പറഞ്ഞതിനർഥം പിതാവ് ഭീഷണിപ്പെടുത്തിയ ഉടനെത്തന്നെ ഇബ്റാഹീം (അ) നാട്ടിൽ നിന്ന് വിട്ടുമാറി പോയി എന്നല്ല; പ്രത്യുത, പിതാവിൽ നിന്നും കുടുംബാംഗങ്ങളിൽനിന്നും വിഗ്രഹാരാധനയിൽനിന്നും അദ്ദേഹം അകന്ന് മാറി നിന്നുവെന്നും അനന്തരം അദ്ദേഹത്തിന് അല്ലാഹു പുത്രനെയും പൗത്രനെയും നൽകി എന്നും പിന്നീട് ഇരുവർക്കും പ്രവാചകത്വം നൽകി അനഗ്രഹിച്ചുവെന്നും വ്യക്തമാക്കുകയാണ്. പിതാവിന്റെയും കുടുംബത്തിന്റെയും ദൈവങ്ങളെ വെടിഞ്ഞ് ഏകദൈവത്വത്തിന്റെ പ്രബോധനത്തിൽ മുഴുകിയതിനെത്തുടർന്നാണ് ഇബ്റാഹീം നബി(അ)ക്ക് അല്ലാഹു പുത്രപൗത്രൻമാരെ നൽകുകയും അവർക്കും പ്രവാചകത്വം നൽകി അനുഗ്രഹിക്കുകയും ചെയ്തത് എന്നത്രെ ഈ വചനത്തിന്റെ താൽപര്യം. സ്ഥലകാലങ്ങളെ പരാമർശിക്കാതെ അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ ചൂണ്ടിക്കാണിച്ചിരിക്കയാണ് 19:49,50 വചനങ്ങളിൽ. അതുകൊണ്ട് തന്നെ സൂറത്തുഅമ്പിയാഇലും മറ്റു അധ്യായങ്ങളിലും വിശദീകരിക്കപ്പെട്ട ഇബ്റാഹീം നബിയുടെ ജീവിതസംഭവങ്ങളുമായി ഈ വചനങ്ങൾ വൈരുധ്യം പുലർത്തുന്നുവെന്നു പറയുന്നത് അടിസ്ഥാന രഹിതമാണ്.

**നൂഹ് നബിയേയും കുടുംബത്തെയും വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷപ്പെടുത്തിയെന്ന 21:76 ലെ പരാമർശത്തിന് വിരുദ്ധമായി അദ്ദേഹത്തിന്റെ മകൻ പ്രളയത്തിലകപ്പെട്ട് നശിച്ചുവെന്ന് 11:42,43 ൽ പറയുന്നുണ്ടല്ലോ. ഇത് വ്യക്തമായ വൈരുധ്യമല്ലേ?**

ഈ ചോദ്യത്തിന്റെ ഉത്തരം സൂറത്തു ഹൂദിൽ നിന്ന് ഉദ്ധരിക്കപ്പെട്ട സൂക്തങ്ങൾക്ക് തൊട്ടു പിറകെയുള്ള സൂക്തങ്ങളിൽ തന്നെയുണ്ട്, അത് കാണുക:

"നൂഹ് തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു: എന്റെ

രക്ഷിതാവേ, എന്റെ മകൻ എന്റെ കുടുംബാഗങ്ങളിൽപ്പെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണ്താനും. നീ വിധി കർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധി കർത്താവുമാണ്. അവൻ (അല്ലാഹു) പറഞ്ഞു: നൂഹേ, തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽപ്പെട്ടവനല്ല. തീർച്ചയായും അവൻ ശരിയല്ലാത്തത് ചെയ്തവനാണ്. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യം എന്നോട് ആവശ്യപ്പെടരുത്. നീ വിവരമില്ലാത്തവരുടെ കൂട്ടത്തിലായിപ്പോകരുതെന്ന് ഞാൻ നിന്നോട് ഉപദേശിക്കുകയാണ്". (11:45,46)

പ്രവാചകൻമാരുടെ കുടുംബം സത്യവിശ്വാസികളായ സഖാക്കളാണെന്ന് വ്യക്തമാക്കുകയാണ് ഈ വചനങ്ങളിലൂടെ അല്ലാഹു ചെയ്യുന്നത്. അതുകൊണ്ട് തന്നെ അവിശ്വാസിയായ മകൻ നൂഹ് നബിയുടെ കുടുംബത്തിൽപ്പെട്ടവനല്ല. 21:76 ൽ പറഞ്ഞ അദ്ദേഹത്തെയും കുടുംബത്തെയും മഹാദു:ഖത്തിൽ നിന്ന് രക്ഷപ്പെടുത്തി എന്ന പരാമർശത്തിന്റെ വരുതിയിൽ അവിശ്വാസിയായ മകൻ വരുന്നില്ല എന്നർഥം.

**നൂഹ് നബിയെ അദ്ദേഹത്തിന്റെ ജനത വിരട്ടിയോടിച്ചുവെന്ന് 54:9 ൽ പറയുന്നു. എന്നാൽ അദ്ദേഹം കപ്പൽ നിർമ്മിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ ജനതയിലെ പ്രമാണിക്കൂട്ടം അദ്ദേഹത്തിന് അടുത്ത് കൂടെ കടന്നുപോയി എന്നും, പരിഹസിച്ചുവെന്നും 11:38ൽ കാണാം. നാട്ടിൽ നിന്ന് ഓടിക്കപ്പെട്ട നൂഹ് നബിയുടെ കപ്പൽ നിർമാണം നാട്ടുകാർ കണ്ടു എന്നു പറയുന്നത് അടിസ്ഥാനരഹിതമല്ലേ?**

എതിരാളികളുടെ പീഡനങ്ങൾ സഹിക്കവയ്യാതെ സ്വന്തം നാട്ടിൽ നിന്ന് നൂഹ് നബി എങ്ങോട്ടെങ്കിലും പലായനം ചെയ്തതായി ഖുർആനിൽ എവിടെയും പറയുന്നില്ല. ഇവിടെ പരാമർശിക്കപ്പെട്ട സൂറത്തുൽ ഖമറിലെ വചന (54:9) ത്തിന്റെ സാരം ഇങ്ങനെയാണ്.

"അവർക്ക് മുമ്പ് നൂഹിന്റെ ജനതയും നിഷേധിച്ചുകളഞ്ഞിട്ടുണ്ട്. അങ്ങനെ നമ്മുടെ ദാസനെ അവർ നിഷേധിച്ചു തള്ളുകയും ഭ്രാന്തൻ എന്ന് പറയുകയും ചെയ്തു. അദ്ദേഹം വിരട്ടി ഓടിക്കപ്പെടുകയും ചെയ്തു.

ഈ സൂക്തത്തിൽ അദ്ദേഹം വിരട്ടി ഓടിക്കപ്പെടുകയും ചെയ്തു, എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'വസ്ദുജിർ' എന്ന പദത്തെയാണ്. 'സജറ' എന്ന മൂലപദത്തിൽ നിന്ന് വ്യുൽപന്നമായതാണ്





ഈ പദം. നാട്ടിൽ നിന്ന് ആട്ടിയോടിക്കുന്നതിനോ, പലായനത്തിന് നിർബന്ധിക്കുന്നതിനോ അല്ല ഈ പദം ഉപയോഗിക്കുന്നത്. മറിച്ച് ഒരു കാര്യത്തിൽനിന്ന് പിന്തിരിപ്പിക്കുവാൻ വേണ്ടിയുള്ള പീഡനത്തിന്റെ ഭാഗമായി പരിഹസിക്കുകയും, ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുകയും ചെയ്തുകൊണ്ട് വിരട്ടി ഓടിക്കുന്നതിനാണ് ഈ പദം പ്രയോഗിക്കുക. നൂഹ് നബി സത്യമത പ്രചാരണത്തിൽ ഏർപ്പെട്ടപ്പോൾ തന്റെ സമുദായം അത് നിഷേധിക്കുകയും അദ്ദേഹത്തെ പരിഹസിക്കുകയും ചെയ്തതോടൊപ്പം തന്നെ ആദർശ പ്രബോധനത്തിന് സമ്മതിക്കാതെ അദ്ദേഹത്തെ വിരട്ടി ഓടിക്കുകയും ചെയ്തുവെന്ന് മാത്രമാണ് 54:9 ൽ പറയുന്നത്. എന്നാൽ ഈ പീഡനങ്ങളെല്ലാം സഹിച്ചുകൊണ്ടുതന്നെ നൂഹ് നബി (അ) തന്റെ നാട്ടിൽ ഒരു സഹസ്രാബ്ദകാലത്തോളം പ്രബോധന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടു പോയി എന്നും എന്നിട്ടും അംഗുലീപരിമിതരായ ആളുകളെ മാത്രമേ സത്യസരണിയിലേക്ക് കൊണ്ടുവരാൻ സാധിച്ചുള്ളൂവെന്നും അവസാനമാണ് അദ്ദേഹത്തിന്റെ പ്രാർഥന പ്രകാരം പ്രളയമുണ്ടായത് എന്നുമുള്ള ചരിത്രങ്ങൾ വിവിധ സ്ഥലങ്ങളിലായി ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, ഖുർആനിലെ വിടെയും നൂഹ് നബിയുടെ പലായനത്തെപ്പറ്റി യാതൊരു പരാമർശവും നടത്തിയിട്ടില്ല. അതിനാൽ കപ്പൽ നിർമ്മിക്കുമ്പോഴും മുമ്പുമെല്ലാം അദ്ദേഹത്തെ പരിഹസിക്കുകയും വിരട്ടുകയും ചെയ്ത നാട്ടുകാരുടെ നടപടിയെ വിമർശിക്കുന്ന സൂക്തങ്ങളുമായി വൈരുധ്യം പുലർത്തുന്ന പരാമർശങ്ങൾ ഖുർആനിൽ എവിടെയുമില്ല.

**തന്റെ മരണത്തിനു മുമ്പ് ഫറോവ പശ്ചാത്തപിക്കുകയും അയാളെ ദൈവം രക്ഷപ്പെടുത്തുകയും ചെയ്തതായി 10:90–92 വരെ സൂക്തങ്ങളിൽ പറയുന്നു. എന്നാൽ മരണം ആസന്നമാകുമ്പോഴുള്ള പശ്ചാത്താപം സ്വീകാര്യമല്ലെന്ന് 4:18ലും പറയുന്നു. ഇത് വൈരുധ്യമല്ലേ?**

അറിവില്ലായ്മ നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് താമസിയാതെ ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്തവർക്ക് പൊറുത്തു കൊടുക്കാമെന്ന ദൈവിക വാഗ്ദാനത്തിന് ശേഷം, മരണം ആസന്നമായി ജീവൻ തൊണ്ടക്കുഴിയിലെത്തുമ്പോൾ ഞാൻ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറഞ്ഞു കൊണ്ടുള്ള പ്രഹസനമല്ല ഇതു

കൊണ്ടു വിവക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുകയാണ് ഖുർആൻ 4:18ൽ ചെയ്യുന്നത്. മരണത്തെ മുഖാമുഖം കണ്ടുകൊണ്ടിരിക്കുമ്പോൾ ഏത് ക്രൂരനായ അവിശ്വാസിയും പശ്ചാത്താപവിവശനായി തീരുമെന്ന വസ്തുത ഖുർആനിലെ വ്യത്യസ്ത സൂക്തങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. (ഉദാ:63:10,11) ഏകച്ഛത്രാധിപതിയായിരുന്ന ഫറോവയുടെ അന്ത്യവും ഇക്കാര്യത്തിനുള്ള തെളിവായിട്ടാണ് ഖുർആൻ എടുത്തുകാണിക്കുന്നത്.

“ഇസ്റാഈൽ സന്തതികളെ നാം കടൽ കടത്തി കൊണ്ടുപോയി. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും ധിക്കാരവും അതിക്രമവുമായി അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങിമരിക്കാറായപ്പോൾ അവൻ പറഞ്ഞു, ഇസ്റാഈൽ സന്തതികൾ ഏതൊരു ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ യാതൊരു ദൈവവുമില്ല എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു. ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു. (അല്ലാഹു അവനോട് പറഞ്ഞു) മുമ്പൊക്കെ ധിക്കരിക്കുകയും കുഴപ്പക്കാരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്തിട്ട് ഇപ്പോഴാണോ (നീ വിശ്വസിക്കുന്നത്). എന്നാൽ നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിന് വേണ്ടി ഇന്ന് നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തിയെടുക്കുന്നതാണ്. തീർച്ചയായും മനുഷ്യരിൽ ധാരാളം പേർ നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പറ്റി അശ്രദ്ധരാകുന്നു.” (10:90-92)

ഈ സൂക്തങ്ങളിലെവിടെയും മരണ വക്ത്രത്തിലുള്ള ഫറോവയുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചുവെന്നോ അവന് പൊറുത്തുകൊടുത്തുവെന്നോ പറയുന്നില്ല. ഏതൊരു സ്വേച്ഛാധിപതിയും മരണത്തെ മുഖാമുഖം കാണുമ്പോൾ പശ്ചാത്താപ വിവശനായിത്തീരുമെന്ന വസ്തുതക്കുള്ള തെളിവായികൊണ്ടാണ് ഈ സൂക്തത്തിൽ ഫറോവയുടെ ചരിത്രം വിവരിച്ചിരിക്കുന്നത്.

എന്നാൽ നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിന് വേണ്ടി ഇന്ന് നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തിയെടുക്കുന്നതാണ് എന്ന ദൈവീക വചനം ഫറോവയ്ക്ക് രക്ഷ ലഭിച്ചുവെന്നാണ് വ്യക്തമാക്കുന്നതെന്ന് ഈ സൂക്തങ്ങൾ ഒരു തവണ വായിച്ചവരൊന്നും പറയുകയില്ല. മറ്റു ശരീരങ്ങളെ പോലെ ഫറോവയുടെ ശരീരം ജീർണിക്കരുതെന്നും അത് മാനവ രാശിക്ക് ദൃഷ്ടാ





ന്തമായി തീരണമെന്നുമുള്ള ദൈവീക തീരുമാനത്തിന്റെ പ്രഖ്യാപനമാണിത്. പ്രസ്തുത പ്രഖ്യാപനത്തിന്റെ പുലർച്ചയെന്നോണം ഇന്നും ഫറോവയുടെ ശരീരം ജീർണിക്കാതെ കിടക്കുന്നുവെന്നത് ഖുർആനിന്റെ ദൈവീകതയ്ക്കുള്ള ജീവിക്കുന്ന തെളിവുകളിലൊന്നാണ്.

**അല്ലാഹുവിന്റെ വചനങ്ങൾക്ക് മാറ്റം വരുത്താൻ ആരുമില്ല എന്ന് 6:115 ൽ പറഞ്ഞതിന്ന് വിരുദ്ധമായി ആയത്തുകൾ അല്ലാഹു ദുർബലപ്പെടുത്തുമെന്ന് 2:106 ലും പറയുന്നതായി കാണാം. ഈ വൈരുധ്യത്തെ എങ്ങനെ വിശദീകരിക്കും?**

സത്യ സമ്പൂർണങ്ങളും നീതി യുക്തങ്ങളുമായ ദൈവീക വചനങ്ങളിൽ യാതൊരു വിധ നീക്കു പോക്കുകളും പാടില്ലെന്നാണ് 6:115 ഉം ഇക്കാര്യം വിശദീകരിക്കപ്പെട്ട മറ്റു സൂക്തങ്ങളും വ്യക്തമാക്കുന്നത്. ദൈവീക വചനങ്ങൾക്ക് പകരം അവയോട് കിടയൊക്കുന്നതോ അവയേക്കാൾ പ്രായോഗികമോ യുക്തമോ ആയ വേറെ വചനങ്ങൾ ആവിഷ്ക്കരിക്കുവാൻ ആർക്കും കഴിയില്ല. മാനവരാശിക്ക് ആത്യന്തികമായി ഗുണകരമായത് എന്താണെന്നും ദോഷകരമായതെന്താണെന്നും കൃത്യമായി അറിയാവുന്ന പടച്ചതമ്പുരാന്റെ വചനങ്ങൾക്ക് പകരം വെക്കുവാൻ പറ്റിയ വചനങ്ങളൊന്നും കൊണ്ടുവരാൻ മനുഷ്യർക്ക് കഴിയില്ല. ജനഹിതം മാനിച്ച് ദൈവീക വിധിവിലക്കുകൾക്ക് വിരുദ്ധമായ മാർഗങ്ങളിലൂടെ സഞ്ചരിച്ച ജനസമൂഹങ്ങൾക്ക് തിക്തമായ ഫലങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. അതിനാൽ ദൈവീക വചനങ്ങളെ മാറ്റി മറിച്ച് പ്രായോഗികവും മനുഷ്യർക്കാകമാനം ആത്യന്തികമായ നൻമ വരുത്തുന്നതുമായ നിയമങ്ങൾ നിർമ്മിക്കുവാൻ ആര് വിചാരിച്ചാലും സാധ്യമല്ല. മുകളിൽ പരാമർശിക്കപ്പെട്ട വചനങ്ങളെയോ അവയുൾക്കൊള്ളുന്ന വിധിവിലക്കുകളെയോ മാറ്റി മറിക്കുവാൻ ആർക്കും അവകാശമില്ലെന്നും അങ്ങനെ മാറ്റിമറിക്കുവാൻ ആരെങ്കിലും ധൃഷ്ടരായാൽ അതിന്റെ തിക്ത ഫലം അനുഭവിക്കേണ്ടി വരുമെന്നുമാണ് ഇവ നൽകുന്ന പാഠം.

ദൈവീക വചനങ്ങളെ മാറ്റിമറിക്കുവാൻ സൃഷ്ടികൾക്കാർക്കും അവകാശമില്ലെന്ന പരാമർശം ഏതെങ്കിലും വചനത്തെ ദുർബലപ്പെടുത്തുവാൻ അല്ലാഹുവിന് അധികാരമുണ്ടായിരിക്കുന്നതിന് വിരുദ്ധമാകുന്നില്ല. സമൂഹത്തിന്റെ പരിണാമത്തിനിടയിൽ ചില നിയമങ്ങൾ

ദുർബലപ്പെടുത്തുകയും പുതിയ നിയമങ്ങൾ നിർദേശിക്കുകയും ചെയ്യുവാനുള്ള അവകാശവും അല്ലാഹുവിന് തന്നെയാണ്. പൂർവ്വ വേദങ്ങളിലെ വിധികളിൽ ചിലവ ശേഷം വന്ന വേദങ്ങളിൽ തിരുത്തപ്പെട്ടിട്ടുണ്ട്. തൗറാത്തിലും ഇഞ്ചീലിലുമുള്ള ചില വിധികൾ ഖുർആനിലുള്ള പുതിയ വിധികളാൽ ദുർബലമാക്കപ്പെട്ടിട്ടുണ്ട്. ഖുർആനിൽ തന്നെ ആദ്യകാലത്ത് അവതരിപ്പിക്കപ്പെട്ട ചില വിധികൾ പിന്നീട് ദുർബലമാക്കിയിട്ടുണ്ട്. ഇതെല്ലാം ചെയ്തത് മനുഷ്യ സമൂഹത്തെയും അതിന്റെ പരിണാമത്തെയും കുറിച്ച് നന്നായി അറിയാവുന്ന അല്ലാഹു തന്നെയാണ്. അതുകൊണ്ട് തന്നെ ഈ മാറ്റങ്ങളൊന്നും സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാറില്ല. എന്നാൽ ധാർമിക രംഗത്തെ ദൈവിക വിധിവിലക്കുകളെ തൃണവൽഗണിക്കുകയും തന്നിഷ്ടം പ്രവർത്തിക്കുകയും ചെയ്ത സമൂഹങ്ങളെല്ലാം അതിന്റെ തിക്ത ഫലം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ദൈവിക വിധിവിലക്കുകളെ മാറ്റി മറിക്കാൻ ആർക്കും അവകാശമില്ലെന്ന് വ്യക്തമാക്കുന്ന സൂക്തങ്ങൾ സാമൂഹ്യ പരിണാമത്തിനനുസരിച്ച് അല്ലാഹു തന്നെ ചില നിയമങ്ങളിൽ മാറ്റം വരുത്തുമെന്ന് പഠിപ്പിക്കുന്ന സൂക്തങ്ങളുമായി യാതൊരു വിധത്തിലും വൈരുധ്യം പുലർത്തുന്നില്ലെന്നർഥം.

**വ്യഭിചാര കുറ്റത്തിന് നൂറടി നൽകണമെന്ന 24:2 ലെ വിധിക്ക് വിരുദ്ധമായി അവരിലെ സ്ത്രീകളെ വീട്ടുതടങ്കലിൽ വെക്കണമെന്ന് 4:15 ലും പുരുഷൻമാരെ പീഡിപ്പിക്കണമെന്ന് 4:16 ലും പറയുന്നു. ഇത് വൈരുധ്യമല്ലേ?**

സാംസ്കാരികമായി വട്ടപ്പൂജ്യത്തിലായിരുന്ന ഒരു ജനതയെ 23 വർഷം കൊണ്ട് മാതൃകായോഗ്യമായ ഒരു സമൂഹമാക്കി മാറ്റിയ ഒരു ഗ്രന്ഥമാണ് ഖുർആൻ. പ്രസ്തുത സമൂഹത്തിന്റെ മാറ്റം നടന്നത് ഒരൊറ്റ നിമിഷം കൊണ്ടായിരുന്നില്ല. വികല വിശ്വാസങ്ങളിൽ നിന്ന് അവരെ വിമലീകരിക്കുകയും സംസ്ക്കരിക്കാൻ പോന്ന കർമങ്ങളിലൂടെ അവരെ വിശുദ്ധീകരിക്കുകയും ചെയ്തതോടൊപ്പം തലമുറകളായി അവർ ആമഗ്നരായിരുന്ന അധാർമികവൃത്തികളിൽ നിന്ന് ഘട്ടംഘട്ടമായി അവരെ മോചിപ്പിക്കുകയുമാണ് ഖുർആൻ ചെയ്തത്. ആ സമൂഹത്തിന്റെ, പരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ അവതരിപ്പിക്കപ്പെട്ട നിയമങ്ങൾ വ്യത്യസ്തങ്ങളായിരിക്കുക സ്വാഭാവികമാണ്. അങ്ങനെയല്ലായിരുന്നുവെങ്കിൽ അത്തരമൊരു സമൂഹത്തെ





ആമൂലാഗ്രം പരിവർത്തിപ്പിക്കുക സാധ്യമാവുമായിരുന്നില്ല. മദ്യപാനവും വ്യഭിചാരവുമെല്ലാം നിയമം മൂലം നിരോധിക്കപ്പെട്ടത് ഘട്ടങ്ങളായിട്ടായിരുന്നു.

വ്യഭിചാരിക്കും വ്യഭിചാരിണിക്കും ആദ്യം വിധിക്കപ്പെട്ട ശിക്ഷയാണ് 4:15,16 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. വ്യഭിചാരത്തിലേർപ്പെടുന്ന സ്ത്രീ പുരുഷൻമാരെ പീഡിപ്പിക്കണമെന്നായിരുന്നു ആദ്യത്തെ കൽപന. അതോടൊപ്പം പ്രസ്തുത ദുർവൃത്തിയിലേർപ്പെടുന്ന സ്ത്രീകളെ വീടുകളിൽ തടഞ്ഞുവെക്കണമെന്നും അത് വ്യാപിക്കുവാൻ ഇടവരുത്തരുതെന്നും കൂടി കൽപ്പിക്കപ്പെട്ടു. എന്നാൽ ഈ കൽപന അല്ലാഹു അവർക്കൊരു മാർഗം ഉണ്ടാക്കുന്നത് വരെ(4:15) യാണെന്ന് വ്യക്തമാക്കപ്പെടുകയും ചെയ്തു. വ്യഭിചാരവൃത്തിയിൽ മുങ്ങിക്കുളിച്ചിരുന്ന ഒരു സമൂഹത്തെ പരിവർത്തിപ്പിക്കുന്നതിന്റെ ആദ്യപടിയായിരുന്നു ഇത്. ശേഷം ഇസ്ലാമിക സമൂഹം വളർന്നപ്പോൾ പ്രസ്തുത ദുർവൃത്തിക്കുള്ള കൃത്യവും വ്യക്തവുമായ ശിക്ഷാവിധികൾ നിർദേശിക്കപ്പെടുകയും ചെയ്തു. വിവാഹിതരല്ലാത്ത വ്യഭിചാരികൾക്കുള്ള വ്യക്തമായ ശിക്ഷ 24:2ൽ അവതരിപ്പിക്കപ്പെട്ടതോടെ 4:15,16 ലെ നിയമം ദുർബലപ്പെടുത്തപ്പെട്ടുവെന്ന് വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. അഥവാ സമൂഹപരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിലുണ്ടായ രണ്ട് നിയമങ്ങളാണ് 4:15,16 ലും24:2ലും വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. ഇവ തമ്മിൽ വൈരുധ്യമില്ല. അവസാനം അവതരിപ്പിക്കപ്പെട്ട നിയമമെന്ന നിലയ്ക്ക് 24:2ലെ നിർദേശമാണ് അതിന്റെ അവതരണത്തിന് ശേഷം അവസാന നാളുവരെയുള്ള വിശ്വാസികൾക്ക് ബാധകമായിട്ടുള്ളത്.

**ക്രൈസ്തവർക്ക് യാതൊന്നും ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ടി വരികയില്ലെന്ന് 5:69 ൽ പറയുന്നു. ഇതിന് വിരുദ്ധമായി അവർക്ക് സ്വർഗം നിഷിദ്ധമാണെന്ന് 5:72 ലും പറയുന്നു. ഇതിലേതാണ് ശരി?**

ജൻമമല്ല, വിശ്വാസവും കർമവുമാണ് മനുഷ്യരുടെ മോചനത്തിനുള്ള മാർഗമെന്ന് വ്യക്തമാക്കുന്നതാണ് സൂറത്തുൽ മാഇദയിലെ 69-ാം വചനം. ഈ വചനം തന്നെ 2:62 ലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വചനത്തിന്റെ സാരം ഇങ്ങനെയാണ്:

സത്യവിശ്വാസികളോ യഹൂദരോ സാബികളോ ക്രൈസ്തവരോ

ആരാകട്ടെ അവരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദു:ഖിക്കേണ്ടി വരികയുമില്ല.''

ഈ സൂക്തത്തിൽ മോക്ഷത്തിനുള്ള മാർഗമായി നിർദേശിക്കപ്പെട്ടിട്ടുള്ളത് മൂന്ന് കാര്യങ്ങളാണ്. (ഒന്ന്) അല്ലാഹുവിലുള്ള വിശ്വാസം. (രണ്ട്) അന്ത്യദിനത്തിലുള്ള വിശ്വാസം. (മൂന്ന്) സൽകർമങ്ങൾ പ്രവർത്തിക്കുക. ഏത് വിഭാഗത്തിൽ പെട്ടവരായിരുന്നാലും ഈ മൂന്നു കാര്യങ്ങളുമുണ്ടെങ്കിൽ സ്വർഗപ്രവേശം ലഭിക്കുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു ഏകനും അദ്വിതീയനും അതുല്യനുമാണെന്ന് വിശ്വസിക്കുകയും അവന്നു മാത്രം ആരാധനകൾ അർപ്പിക്കുകയും ചെയ്യുന്നവനാണ് അല്ലാഹുവിൽ വിശ്വസിച്ചവൻ എന്നാലർത്ഥം. മരണാനന്തര ജീവിതത്തിൽ അടിയുറച്ച് വിശ്വസിക്കുകയും കർമ്മങ്ങൾക്കുള്ള പ്രതിഫലം പരലോകത്ത് വെച്ച് ലഭിക്കണമെന്ന് കാംക്ഷിക്കുകയുമാണ് അന്ത്യദിനത്തിലുള്ള വിശ്വാസം കൊണ്ട് വിവക്ഷിക്കുന്നത്. ദൈവികമെന്ന് ഉറപ്പുള്ള വിജ്ഞാന സ്രോതസ്സുകളിൽ പരാമർശിക്കപ്പെട്ട നൻമകൾ ചെയ്യുകയും തിൻമകളിൽനിന്ന് അകന്ന് നിൽക്കുകയും ചെയ്യുന്നവനാണ് സൽകർമങ്ങൾ ചെയ്യുന്നവൻ. ഇക്കാര്യങ്ങൾ ജീവിതത്തിലുള്ള ഒരാൾക്ക് ദു:ഖിക്കേണ്ടി വരികയില്ലെന്ന സുവിശേഷമറിയിക്കുകയാണ് മുകളിൽ വിവരിക്കപ്പെട്ട സൂക്തം ചെയ്യുന്നത്.

ക്രിസ്തുവിനെ അനുധാവനം ചെയ്തുകൊണ്ട് മോക്ഷത്തിന്റെ മാർഗത്തിലെത്തിച്ചേരേണ്ട ക്രൈസ്തവർ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അവഗണിച്ചുകൊണ്ട് നരകത്തിന്റെ പാതയിലെത്തിച്ചേർന്നതിനെ വിമർശിക്കുകയാണ് 5:72 മുതൽ 75 വരെ സൂക്തങ്ങളിൽ ഖുർആൻ ചെയ്യുന്നത്. യേശു തന്നെയാണ് ദൈവമെന്നും ത്രിയേകത്വത്തിലെ ഒരു വ്യക്തി മാത്രമാണ് അല്ലാഹുവെന്നും വിശ്വസിക്കുന്ന ക്രൈസ്തവർ മോക്ഷത്തിലെത്തിച്ചേരുവാൻ 5:69ൽ നിർദേശിക്കപ്പെട്ട ഒന്നാമത്തെ കാര്യത്തിൽ തന്നെ പിഴച്ചുപോവുകയാണ് ചെയ്തിട്ടുള്ളതെന്നും അതിനാൽ അവർക്ക് സ്വർഗം നിഷിദ്ധമാണെന്നും വ്യക്തമാക്കുകയുമാണ് ഈ സൂക്തങ്ങളിൽ ചെയ്യുന്നത്. ഇവ 5:69 ന്റെ അനുപൂരകമായ സൂക്തങ്ങളാണ് എന്നർഥം. ത്രിയേക വിശ്വാസത്തിൽ നിന്ന് രക്ഷപ്പെട്ട് കൊണ്ട് ഏകദൈവാരാധനയിലേക്ക് കടന്നുവരികയും ദൈവികമെന്ന് ഉറപ്പ് പറയാവുന്ന ഖുർആനിലും അതിന്റെ





പ്രായോഗിക ജീവിതമാതൃകയായ നബിചര്യയിലും വിശദീകരിക്കപ്പെട്ട സൽകർമ്മങ്ങൾ ചെയ്യുകയും പരലോക മോക്ഷത്തിനു വേണ്ടി പ്രാർഥിക്കുകയും ചെയ്താൽ ക്രൈസ്തവരടക്കമുള്ള സകല മനുഷ്യർക്കും സമാധാനത്തിന്റെ ഭവനമായ സ്വർഗത്തിൽ പ്രവേശനം കിട്ടുമെന്നാണ് 5:69 ൽ പറയുന്നത്. ക്രൈസ്തവരുടെ വിശ്വാസാചാരങ്ങളെ വിമർശിക്കുകയും വേദഗ്രന്ഥത്തിലെ തിരുത്തലുകളെ വ്യക്തമാക്കുകയും ചെയ്യുന്ന ഒട്ടനവധി സൂക്തങ്ങൾ ഖുർആനിലുണ്ട്. ഇവയുമായി യാതൊരു രീതിയിലും 5:69 സൂക്തം വൈരുധ്യം പുലർത്തുന്നില്ല.

## ഖുർആൻ സുവ്യക്തമായ അറബിയിലാണെന്ന് 16:103 പറയുന്നതിനു വിരുദ്ധമായി അല്ലാഹുവിന് മാത്രമേ അതിന്റെ വ്യാഖ്യാനം അറിയൂ എന്ന് 3:7 ൽ പരാമർശിക്കുന്നു ഇത് വൈരുധ്യമല്ലേ?

ഖുർആൻ സുവ്യക്തമായ അറബി ഭാഷയിൽ ആർക്കും മനസ്സിലാക്കാവുന്ന സരളമായ ശൈലിയിലാണ് കാര്യങ്ങൾ വിശദീകരിച്ചിരിക്കുന്നത്. ഒരു അനറബിയിൽ നിന്ന് കേട്ട കാര്യങ്ങളാണ് മുഹമ്മദ് പാടിക്കൊണ്ടിരിക്കുന്നത് എന്ന മക്കാമുശ്രിക്കുകളുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ടാണ് 19:103ൽ ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയുമാകുന്നു എന്നു പറഞ്ഞരിക്കുന്നത്. 3:7 ലാകട്ടെ ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു വസ്തുതയാണ് ഖുർആൻ വ്യക്തമാക്കുന്നത്.

(നബിയേ), നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ (മുഹ്കമാത്ത്) വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിന്റെ മൗലികഭാഗം. ആശയത്തിൽ സാദൃശ്യമുള്ള (മുതശാബിഹാത്ത്) ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പം ഉണ്ടാക്കാനുദ്ദേശിച്ചുകൊണ്ടും ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിനു മാത്രമെ അറിയുകയുള്ളൂ. അറിവിൽ അടിയുറച്ചവരാകട്ടെ, അവർ പറയും: ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു, എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. ബുദ്ധിശാലികൾ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.” (3:7)

ഈ സൂക്തത്തിൽ രണ്ട് തരം വചനങ്ങളെ കുറിച്ച് പറഞ്ഞിരിക്കു

ന്നു. ഭാഷ സുവ്യക്തമായതും അർഥനിർണയത്തിൽ യാതൊരു വിധ സംശയത്തിനും പഴുതില്ലാത്തതും ദുർവ്യാഖ്യാനം ചെയ്യാൻ സാധ്യത തീരെ കുറവായിട്ടുള്ളതുമായ വാക്യങ്ങളാണ് ഒന്നമത്തേത്. മുഹ്ക മത്തായ വാക്യങ്ങളെന്ന് വിളിക്കപ്പെട്ടിട്ടുള്ള ഇവയാണ് ഖുർആനിന്റെ മൂല ഘടകം.

മതത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളും ആദർശ വിശ്വാസ ങ്ങളും ആരാധനാ കർമങ്ങളും സദാചാര നിയമങ്ങളും വിധിവില ക്കുകളും എല്ലാം വിവരിക്കപ്പെട്ടിട്ടുള്ളത് ഇത്തരം വാക്യങ്ങളിലാണ്. വിശുദ്ധ ഖുർആനിന്റെ അമാനുഷികതയും അന്തിമ പ്രവാചകന്റെ സത്യതയും വ്യക്തമാക്കാനുതകുന്ന വചനങ്ങളും ഇത്തരത്തിലുള്ളവ തന്നെ. ഒരു സത്യാന്വേഷിയുടെ ആത്മസംതൃപ്തിക്കും മാർഗദർശന ത്തിനും ആവശ്യമായ കാര്യങ്ങളെല്ലാം യാതൊരു വിധ സംശയത്തി നും പഴുതില്ലാത്ത വിധം സുവ്യക്തമായി ഇത്തരം സൂക്തങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ മനുഷ്യന്റെ വിശദീകരണങ്ങൾക്കതീതമായ കാര്യ ങ്ങളും ഖുർആനിന്റെ പ്രതിപാദനത്തിൽ കടന്നുവരുന്നുണ്ട്. ഇന്ദ്രിയാ തീതമായ കാര്യങ്ങളെ ക്കുറിച്ച് വിശദീകരിക്കുവാൻ മനുഷ്യഭാഷ അപര്യാപ്തമാണെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആനിൽ ഇത്തരം കാര്യങ്ങൾ മനുഷ്യഭാഷയിൽ ഉപ യോഗിച്ചുവരാറുള്ള പദങ്ങളും വിവരണങ്ങളും ഉപയോഗിച്ചുകൊ ണ്ടാണ് വിശദീകരിച്ചിരിക്കുന്നത്. ഇത്തരം പദങ്ങൾ മനുഷ്യവ്യാഖ്യാ നങ്ങൾക്ക് വിധേയമാക്കി ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ വേണ്ടി ശ്രമിക്കുന്ന വക്രമനസ്സുള്ളവരെ വിമർശിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. മനുഷ്യരുടെ ആശയവിനിമയത്തിൽ ഉപയോഗിക്കുന്ന പദങ്ങളോട് സാദൃശ്യമുള്ളതും എന്നാൽ അർഥനിർണയത്തിൽ അവ്യക്തതയ്ക്കു സാധ്യതയുള്ളതുമായ വാക്യങ്ങളെയാണ് മുത ശാബിഹാത്ത് എന്നുപറയുന്നത്. ഇത്തരം വാക്യങ്ങൾ വ്യാഖ്യാന ത്തിന് വിധേയമാക്കാതെ അപ്പടി തന്നെ അംഗീകരിക്കുകയാണ് സത്യ വിശ്വാസികൾ ചെയ്യേണ്ടതെന്ന് പഠിപ്പിക്കുകയാണ് സൂറത്തു ആലു ഇംറാനിലെ ഏഴാം വചനം ചെയ്യുന്നത്.

ഖുർആനിലെ രണ്ടുതരം വാക്യങ്ങളെ കുറിച്ച് പഠിപ്പിക്കുന്ന 3:7, അത് സുവ്യക്തമായ അറബി ഭാഷയിലാണ് അവതരിക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്ന 16:103 മായി യാതൊരു വിധ വൈരുധ്യവും പുലർത്തു





ന്നില്ല. മാനുഷികമായ വ്യാഖ്യാനങ്ങൾക്കതീതമായ മുതശാബിഹാ ത്തായ വാക്യങ്ങളും സുവ്യക്തമായ അറബിയിൽ തന്നെയാണ് അവ തരിക്കപ്പെട്ടിരിക്കുന്നത്. ഇവയുടെ ആശയം ഏതൊരു സാധാരണ ക്കാരനും മനസ്സിലാക്കാവുന്നതു തന്നെയാണ്. എന്നാൽ ഇന്ദ്രിയാ തീതവും മനുഷ്യവിജ്ഞാനത്തിനു പുറത്തുള്ളതുമായ കാര്യങ്ങളെ ക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന പ്രസ്തുത സൂക്തങ്ങളെ വ്യാഖ്യാനി ക്കുവാൻ ശ്രമിക്കുന്നത് മൂലം കുഴപ്പമുണ്ടാവുക മാത്രമെയുള്ളൂവെന്ന വസ്തുതയാണ് 3:7ൽ പറഞ്ഞിരിക്കുന്നത്. സ്ഥലകാല നൈരന്തര്യ ത്തിനകത്തുള്ള കാര്യങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കുവാനായി നൽക പ്പെട്ട മനുഷ്യ മസ്തിഷ്കം ഉപയോഗിച്ച് ഇന്ദ്രിയാതീതമായ കാര്യ ങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുന്നത് വ്യർഥമാണെന്ന ആധുനിക ഭൗതികത്തിന്റെ വീക്ഷണം ഈ ഖുർആൻ വചനത്തിന്റെ സത്യത യാണ് വ്യക്തമാക്കുന്നത്.

**ഫറോവ വെള്ളത്തിൽ മുങ്ങി നശിച്ചുവെന്ന് 28:40, 17:103, 43:55 തുട ങ്ങിയ സൂക്തങ്ങളിൽ പറയുന്നതിന് വിരുദ്ധമായി 10:93 ൽ അദ്ദേഹ ത്തെ രക്ഷപ്പെടുത്തി എന്നു പറയുന്നുണ്ട്. ഇതു രണ്ടും കൂടി ശരി യാ കുന്നതെങ്ങനെ?**

ഫറോവയെ സമുദ്രത്തിൽ നിന്ന് രക്ഷപ്പെടുത്തി എന്നു ഖുർ ആനിൽ ഒരിടത്തും പറയുന്നില്ല. 10:93 ൽ, എന്നാൽ നിന്റെ പുറകെ വരുന്നവർക്കു നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിനുവേണ്ടി ഇന്നു നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തിയെടുക്കുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ലോകർക്കാകമാനം ഒരു ദൃഷ്ടാന്തമായി ഫറോ വയുടെ മൃതശരീരത്തെ ജീർണത ബാധിക്കാതെ രക്ഷപ്പെടുത്തുമെ ന്ന ദൈവീക വാഗ്ദാനത്തിന്റെ പുലർച്ചയെന്നോണം, പ്രസ്തുത ശരീരം ഇന്നും നശിക്കാതെ ഈജിപ്തിലെ പുരാവസ്തു കേന്ദ്രത്തി ൽ പ്രദർശനത്തിനുണ്ട് എന്ന വസ്തുത ഖുർആൻ വിമർശകരെ ചിന്തിപ്പിക്കേണ്ടതാണ്.

**മോശയുടെ ജനനകാലത്താണ് ഇസ്റാഈല്യർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളെയെല്ലാം കൊന്നുകളയുവാൻ ഫറോവ കൽപന പുറ പ്പെടുവിച്ചതെന്ന് 20: 38, 39 ൽ പറയുന്നതിന് വിരുദ്ധമായി 40:23 -25 ൽ മോശ പ്രവാചകനായതിനു ശേഷമാണ് പ്രസ്തുത കല്പന പുറപ്പെടുവിച്ചതെന്ന് കാണുന്നു. ഇതിലേതാണ് ശരി?**

ഇസ്റാഈല്യർക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നുകളയാൻ ഫറോവ രണ്ടു തവണ കല്പന പുറപ്പെടുവിച്ച തായി ഖുർആനിൽ നിന്ന് മനസ്സിലാകുന്നുണ്ട്. ഇസ്റാഈല്യരുടെ എണ്ണം വർധിക്കുന്നത് തങ്ങളുടെ അധികാരസ്ഥാനത്തിന് ഭീഷണി യാകുമെന്ന് കരുതി, മോശയുടെ ജനനകാലത്തെ ഫറോവ ഈ കല്പന പുറപ്പെടുവിച്ചതായി ബൈബിളിൽ (പുറപ്പാട് 1:8-16) പറ യുന്നുണ്ട്. ഇക്കാര്യമാണ് ഖുർആനിൽ 28:4 ലും 20:38,39 ലും സൂചി പ്പിച്ചിരിക്കുന്നത്. ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു സാഹചര്യത്തിൽ ഇസ്റാഈല്യരിലെ ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നുകളയുവാൻ ഫറോവ കല്പന പുറപ്പെടുവിച്ചതായി 7:127 ലും 40:23-25 ലും ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഏകദൈവാദർശത്തിന്റെ പ്രബോധകനായി നിയോഗിക്കപ്പെട്ട മൂസാ നബിയുടെ കൂടെ സത്യ വിശ്വാസം സ്വീകരിച്ചവരുടെ ആൺമക്കളെ കൊന്നുകളയാനായി രുന്നു പ്രസ്തുത കല്പന. ഇക്കാര്യം ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

“ഫിർഔനിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാനും താങ്കളെയും താങ്കളുടെ ദൈവങ്ങളേയും വിട്ടു കളയാനും താങ്കൾ മൂസായേയും അവന്റെ ആൾക്കാരെയും അനു വദിക്കുകയാണോ? അവൻ പറഞ്ഞു, നാം അവരുടെ ആൺമക്കളെ കൊന്നൊടുക്കുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്യുന്നതാണ്. തീർച്ചയായും നാം അവരുടെ മേൽ സർവാധിപ ത്യമുള്ളവരായിരിക്കും. (7:127)

ഇക്കാര്യം തന്നെയാണ് 40:23 മുതൽ 25 വരെയുള്ള സൂക്തങ്ങ ളിലും ഖുർആൻ വ്യക്തമാക്കുന്നത്. മൂസാ(അ)യുടെ ജനനത്തിനു മുമ്പും അദ്ദേഹത്തിന്റെ പ്രവാചകത്വ ലബ്ധിക്കുശേഷവും ഫിർഔൻ ഒരേ രീതിയിലുള്ള കല്പന പുറപ്പെടുവിച്ചത് ഉദ്ധരിക്കുകയാണ് ഖുർ ആൻ ചെയ്യുന്നത്. ഇത് ഖുർആനിലെ ഒരു വൈരുധ്യമല്ലെന്നർഥം.

**മദ്യം ചെകുത്താനിൽ നിന്നുള്ള മ്ലേച്ഛവൃത്തിയാണെന്ന് 5:90 ൽ ഖുർആൻ വ്യക്തമാക്കുന്നു. എന്നാൽ സ്വർഗത്തിൽ മദ്യത്തിന്റെ അരുവികളുണ്ടെന്ന് 47:15 ൽ പറയുന്നു. പൈശാചിക മ്ലേച്ഛവൃ ത്തിക്ക് സ്വർഗത്തിൽ പ്രവേശനം നൽകുന്നതെങ്ങനെയാണ്?**

ഭൂമിയിലെ വിഭവങ്ങളോട് താരതമ്യം ചെയ്യാവുന്നവയല്ല സത്യ





വിശ്വാസികൾക്ക് സ്വർഗത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങളെന്ന് ഒരു പാട് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായി എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കപ്പെട്ടിട്ടു ള്ളതെന്ന് ഒരാൾക്കും അറിയാവുന്നതല്ല. (32:17) എന്ന് ഖുർആൻ പറയുമ്പോഴും ഇതുതന്നെയാണ് അർഥമാക്കുന്നത്. പകർച്ചവരാത്ത ശുദ്ധജലത്തിന്റെ അരുവികളും രുചിഭേദം വരാത്ത പാലിന്റെ അരു വികളുമൊന്നും (47:15) നമ്മുടെ ഭൗതിക ജീവിതത്തിന് പരിചയമു ള്ളതല്ലല്ലോ? സ്വർഗ്ഗത്തിൽ ലഭിക്കുന്ന മദ്യം ഇതേ പോലെ തന്നെ നമുക്ക് പരിചയമുള്ള മദ്യമല്ല. ലഹരി പിടിപ്പിക്കുന്നതും മനുഷ്യരെ ഉൻമത്തരാക്കുന്നതുമാണ് നമുക്ക് പരിചയമുള്ള മദ്യം. ഈ ലഹരി യാണ് മദ്യത്തെ പൈശാചികമാക്കിത്തീർക്കുന്നത്. സ്വർഗത്തിൽ ല ഭിക്കുന്ന മദ്യം ലഹരിയുണ്ടാക്കുന്നതല്ലെന്ന വസ്തുത ഖുർആനിൽ ഒന്നിലധികം തവണ (37,47,56:19) വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. സ്വർഗ്ഗ ത്തിൽ ലഭിക്കുന്ന മദ്യം പൈശാചിക മ്ലേച്ഛവൃത്തിയല്ല എന്നർഥം. അതിന്റെ യഥാർഥ അവസ്ഥ എന്താണെന്ന് നമുക്കറിയില്ല. ഏതായി രുന്നാലും ലഹരിയുണ്ടാക്കുന്ന പൈശാചിക പാനീയമായ മദ്യം സ്വർഗത്തിലുണ്ടാവുമെന്ന് ഖുർആനിലൊരിടത്തും പറഞ്ഞിട്ടില്ലാത്ത തുകൊണ്ടു തന്നെ ഇക്കാര്യത്തിലുള്ള ഖുർആനിക പരാമർശങ്ങ ളിൽ വൈരുധ്യമുണ്ടെന്ന് വാദിക്കുന്നത് അടിസ്ഥാന രഹിതമാണ്.

# രണ്ട്
## ഖുർആനും ബൈബിളും

**ബൈബിളിലേതിന് ഏകദേശം സമാനമായ ചരിത്രകഥകൾ തന്നെയാണല്ലോ ഖുർആനിലുമുള്ളത്. ബൈബിളിലേതിൽനിന്ന് എന്ത് വ്യതിരിക്തതയാണ് ഖുർആനിലെ ചരിത്ര കഥനത്തിനുള്ളത്?**

ദൈവികബോധനത്തിൻെറ അടിസ്ഥാനത്തിൽ സമൂഹത്തെ നയിച്ച ദൈവദൂതന്മാരിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളുടെയും പ്രവാചകന്മാരുടെ വചനങ്ങളുടെയും സ്വാധീനമുള്ള ഗ്രന്ഥമാണ് ബൈബിൾ എന്ന വിഷയത്തിൽ മുസ്‌ലിംകൾക്ക് സംശയമൊന്നുമില്ല. ദൈവിക വചനങ്ങളും പ്രവാചക വചനങ്ങളും ചരിത്രകാരൻെറ വീക്ഷണങ്ങളും പുരോഹിത നിർദ്ദേശങ്ങളുമെല്ലാം കൂടിക്കുഴഞ്ഞാണ് ബൈബിളിലുള്ളത്. പ്രവാചകന്മാരുടെ ജീവിത കഥകളാണ് ബൈബിളിൻെറ നട്ടെല്ല് എന്ന് പറയാം. ഈ ജീവിത കഥകൾക്കുമേൽ പുരോഹിത വചനങ്ങളുടെ മാംസം പൊതിഞ്ഞുകൊണ്ടാണ് ബൈബിൾ നിർമിക്കപ്പെട്ടിരിക്കുന്നത് എന്നുപറഞ്ഞാൽ അതിൽ അൽപംപോലും അതിശയോക്തിയില്ല. ബൈബിളിലെ പ്രവാചക കഥനങ്ങളാകട്ടെ ദൈവിക ബോധനത്തിൻെറയും ദൃക്സാക്ഷി വിവരണങ്ങളുടെയുമെല്ലാം അടിത്തറയിൽനിന്നുകൊണ്ട് പിൽക്കാല ഗ്രന്





ഥകാരന്മാർ രചിച്ചവയാണ്. അതിനാൽ തന്നെ, ബൈബിൾ ചരിത്രം നല്ലൊരു ശതമാനം സത്യസന്ധവും സ്വീകാര്യവുമാണ് എന്നതാണ് വാസ്തവം.

ഖുർആനിലെ ചരിത്രകഥനം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അത് നൂറ് ശതമാനം ദൈവികമാണ്. മനുഷ്യരുടെ യാതൊരു വിധത്തിലുമുള്ള കൈകടത്തലുകൾ അതിലില്ല. അതിനാൽ ഖുർആനിലെ ചരിത്രം പൂർണമായി അന്യൂനവും പ്രമാദമുക്തവുമാണ്. അതിൽ യാതൊരുവിധ അബദ്ധങ്ങളും ആരോപിക്കാൻ ആർക്കും കഴിയില്ല; അങ്ങനെ ആരോപിക്കുന്നവർക്കൊന്നും പ്രസ്തുത വിമർശനങ്ങൾ സത്യസന്ധമാണെന്ന് വസ്തുനിഷ്ഠമായി സമർത്ഥിക്കാനാവില്ല, തീർച്ച.

ദൈവികബോധനത്തിൻെറ സ്വാധീനമുള്ള ബൈബിളിലെയും ദൈവികബോധനം മാത്രമടങ്ങിയ ഖുർആനിലെയും ചരിത്രകഥനങ്ങൾ തമ്മിൽ സാമ്യമുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അടിസ്ഥാനപരമായി സാമ്യതയുള്ള കഥകളാണ് ഖുർആനിലും ബൈബിളിലുമുള്ളതെങ്കിലും അവയുടെ വിശദീകരണങ്ങളിൽ അവഗണിക്കാനാവാത്ത അന്തരങ്ങളുണ്ട്. ഈ അന്തരങ്ങളാവട്ടെ ഖുർആനിൻെറ ദൈവികത വെളിവാക്കുകയും ബൈബിളിൽ മാനുഷികമായ കരവിരുതുകൾ നടന്നിട്ടുണ്ടെന്ന വസ്തുത വ്യക്തമാക്കുകയും ചെയ്യുന്നവയാണ്.

ചരിത്രകഥനത്തിൽ ബൈബിളിൽനിന്ന് വ്യത്യസ്തമായി ഖുർആൻ പുലർത്തുന്ന സവിശേഷതകളെ ഇങ്ങനെ സംക്ഷേപിക്കാം:

1. സൃഷ്ടികർത്താവിനെക്കുറിച്ച് പരാമർശിക്കുമ്പോൾ അവൻെറ മഹത്വത്തിന് അനുഗുണവും ഔന്നത്യത്തിന് ഗ്ലാനി സംഭവിക്കാത്തതുമായ പരാമർശങ്ങൾ മാത്രമെ ഖുർആനിലുള്ളൂ. ബൈബിളിലാകട്ടെ, യഹോവയുടെ മഹത്വം ഉൽഘോഷിക്കുന്നുണ്ടെങ്കിലും ഇസ്രായീൽ വംശീയതയുടെ സ്വാധീനമുള്ള വചനങ്ങളെത്തുമ്പോൾ ഈ മഹത്വത്തിന് വിരുദ്ധമായ നിരവധി പരാമർശങ്ങൾ നടത്തുന്നതായി കാണുന്നുണ്ട്. മനുഷ്യനെ ദൈവത്തിൻെറ പ്രതിഛായയിൽ അവന്ന് സദൃശനായാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് (ഉൽ 1:26) പറയുന്നത് മുതൽക്കാരംഭിക്കുന്നു ദൈവമഹത്വത്തിന് വിരുദ്ധമായ പരാമർശങ്ങൾ. വിശ്രമമാവശ്യമുള്ളവനായി ദൈവത്തെ ചിത്രീകരിക്കുന്നതോ

ടെ (ഉൽ 2:2,3) ദൈവനിന്ദ അതിൻെറ പരമ കാഷ്ഠയിലെത്തുന്നു. ഏദെൻ തോട്ടത്തിൽ ഒളിച്ച ആദാമിനെയും ഹവ്വയെയും അന്വേഷിച്ച് തിരഞ്ഞുനടക്കുന്ന ബൈബിളിലെ ദൈവം (ഉൽ 3:8-13) കിരാതവർഗ ങ്ങൾക്കിടയിലെ പ്രാകൃത സങ്കൽപത്തേക്കാൾ താഴ്ന്ന ദൈവസങ്കൽ പമാണ് ദ്യോതിപ്പിക്കുന്നത്. താൻ ചെയ്തുപോയ കാര്യമാലോചിച്ച് ദുഃഖിക്കുകയും (ഉൽ 6:6) മുൻകൂട്ടി തീരുമാനിച്ചുറച്ച കാര്യങ്ങളിൽ നിന്ന് മനസ് മാറുകയും (പുറ 32:14) ചെയ്യുന്ന ഇസ്രായേലിൻെറ ദൈവം (പുറപ്പാട് 20:5) ഗോത്രപിതാവായ യാക്കോബുമായി മല്ലയു ദ്ധം നടത്തി പരാജയപ്പെട്ട കഥകൂടി (ഉൽ 32:28) ബൈബിൾ പറയു മ്പോൾ ഇസ്രായേൽ വംശീയതയുടെ സ്വാധീനം എത്രത്തോളം അതി ൻെറ രചനയിലുണ്ടായിട്ടുണ്ടെന്ന് സുതരാം ബോധ്യമാകുന്നു. ഖുർആ നാകട്ടെ, പ്രപഞ്ചത്തിൻെറ സ്രഷ്ടാവും നിയന്താവുമായി അല്ലാഹു വിനെ പരിചയപ്പെടുത്തുമ്പോഴൊന്നും തന്നെ അവൻെറ മഹത്വത്തി നോ വിശുദ്ധിക്കോ കോട്ടം തട്ടിക്കുന്ന യാതൊരു പരാമർശവും നട ത്തുന്നില്ല. അറബികളുടെയോ ഖുറൈശികളുടെയോ മാത്രം ദൈവമ ല്ല ഖുർആനിലെ അല്ലാഹു, പ്രത്യുത സർവ്വലോക രക്ഷിതാവാണ്. ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക: “അല്ലാഹു-അവനല്ലാ തെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രി ക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേ താണ് ആകാശഭൂമികളിൽ ഉള്ളതെല്ലാം” (വി.ഖു. 2:55).

“അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമികളിലും സാക്ഷാൽ ദൈവം. നിങ്ങളുടെ രഹസ്യവും നിങ്ങളുടെ പരസ്യവും അവൻ അറി യുന്നു. നിങ്ങൾ നേടിയെടുക്കുന്നതും അവൻ അറിയുന്നു” (വി.ഖു. 6:3).

“അവൻെറ പക്കലാകുന്നു അദൃശ്യകാര്യത്തിൻെറ ഖജനാവു കൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവൻ അറിയാതെ ഒരു ഇല പോലും അനങ്ങു ന്നില്ല. ഭൂമിയുടെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാക ട്ടെ പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക് തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാകില്ല” (വി. ഖു.6:59). “ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ). നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ അവൻ ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു. കന്നുകാലികളിൽ





നിന്നും ഇണകളെ (ഉണ്ടാക്കിയിരിക്കുന്നു) അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർദ്ധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നു മില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു” (വി.ഖു. 42:11).

“(നബിയേ) പറയുക; കാര്യം അല്ലാഹു ഏകനാണ് എന്നതാ കുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനി ച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ലതാനും (വി.ഖു. 112:1-4)

2. ഖുർആനിലെയും ബൈബിളിലെയും ചരിത്രകഥനങ്ങൾ തമ്മി ലുള്ള അന്തരത്തിൻെറ ആത്മാവ് സ്ഥിതിചെയ്യുന്നത് അവയിലെ ദൈവസങ്കൽപങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങ ളിലാണ്. ആദമിൻെറ കഥ വിവരിക്കുന്നിടത്തുതന്നെ കാണുന്ന അന്ത രങ്ങൾ ശ്രദ്ധിക്കുക.

(i) ആദമിനോടും ഇണയോടും തിന്നരുതെന്ന് കൽപിച്ച പഴം നന്മ തിന്മകളെക്കുറിച്ച അറിവിൻെറ വൃക്ഷത്തിൻേറതായിരുന്നുവെ ന്നാണ് ബൈബിൾ പറയുന്നത്. (ഉൽ 2:17), ബൈബിൾ പ്രകാരം അത് തിന്നുക വഴിയാണ് മനുഷ്യന് നന്മതിന്മകളെക്കുറിച്ച് അറിവു ണ്ടായത് (ഉൽ 3:6, 7; 3:22) നന്മതിന്മകളെ വ്യവഛേദിച്ച് മനസ്സിലാ ക്കാൻ കഴിവില്ലാത്ത മനുഷ്യനോട് എങ്ങനെയാണ് വിലക്കപ്പെട്ട കനി തിന്നരുതെന്ന് കൽപിക്കുക? വിധിവിലക്കുകൾ പ്രസക്തമാകുന്നത് നന്മതിന്മകളെക്കുറിച്ച അറിവുണ്ടാവുന്നതോടെയാണല്ലോ. (നന്മ തിന്മ കളെക്കുറിച്ച ജ്ഞാനത്തിൻെറ അഭാവത്തിൽ മൃഗങ്ങളുടെ ലോകത്ത് വിധിവിലക്കുകൾ അപ്രസക്തമാണ് എന്നോർക്കുക). ഖുർആനിലെ വിടെയും വിലക്കപ്പെട്ട കനിയെക്കുറിച്ച് ‘നന്മതിന്മകളെക്കുറിച്ച അറി വിൻെറ വൃക്ഷ’മെന്ന് പരിചയപ്പെടുത്തുന്നില്ല. നന്മതിന്മകളെക്കുറി ച്ച അറിവും നന്മ സ്വീകരിച്ച് ഉന്നതനാകുവാനും തിന്മകളിലൂടെ അധ മനാകുവാനുമുള്ള സാധ്യതയും അവൻെറ സൃഷ്ടിയിൽതന്നെ നിലീ നമാണെന്നാണ് ഖുർആനിക പരാമർശങ്ങളിൽനിന്ന് മനസ്സിലാകുന്ന ത്. നന്മ തിന്മകൾ വ്യവഛേദിച്ച് മനസ്സിലാക്കുവാനും തടടിസ്ഥാന ത്തിൽ വസ്തുക്കൾക്ക് നാമകരണം ചെയുവാനുമുള്ള കഴിവ് നൽക പ്പെടുകയും അങ്ങനെ മാലാഖമാരേക്കാൾ ഉന്നതനാവുകയും ചെയ്ത മനുഷ്യനെയാണ് ഖുർആൻ വരച്ചുകാണിക്കുന്നത്. വിലക്കപ്പെട്ട കനി

യും നന്മതിന്മകളെക്കുറിച്ച അറിവും തമ്മിൽ യാതൊരു വിധത്തിലും ഖുർആൻ ബന്ധപ്പെടുത്തുന്നില്ല. "ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കുവാൻ പോവുകയാണെന്ന് നിൻെറ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു: അവിടെ കുഴപ്പം ഉണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവനെയാണോ നീ നിയോഗിക്കുന്നത്? ഞങ്ങളാകട്ടെ നിൻെറ മഹത്വത്തെ പ്രകീർത്തിക്കുകയും നിൻെറ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നവരല്ലോ. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾക്കറിഞ്ഞുകൂടാത്തത് എനിക്കറിയാം. അവൻ (അല്ലാഹു) ആദമിനെ നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ. അവർ പറഞ്ഞു: നിനക്ക് സ്തോത്രം! നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവ്വജ്ഞനും അഗാധജ്ഞാനിയും. അനന്തരം അവൻ (അല്ലാഹു) പറഞ്ഞു: ആദമേ ഇവർക്ക് അവയുടെ നാമങ്ങൾ പറഞ്ഞുകൊടുക്കൂ. അങ്ങനെ അവൻ (ആദം) അവർക്ക് ആ നാമങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ആകാശഭൂമികളിലെ അദൃശ്യകാര്യങ്ങളും നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതുമെല്ലാം എനിക്ക് അറിയാമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ലേ" (വി.ഖു.2:30–33).

ii) വിലക്കപ്പെട്ട കനി തിന്നരുതെന്ന ദൈവിക കൽപനയിൽ പ്രസ്തുത കനിതിന്നാൽ നീ മരിക്കുമെന്ന് ദൈവം ആദാമിനോട് പറയുന്നതായാണ് ബൈബിൾ ഉദ്ധരിക്കുന്നത് (ഉൽ 2:17). ദൈവിക കൽപന ലംഘിക്കുവാൻ മനുഷ്യരെ പ്രേരിപ്പിച്ച സർപ്പമാകട്ടെ "നിങ്ങൾ മരിക്കുകയില്ല. അത് തിന്നാൽ നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മതിന്മകളെ തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപോലെ ആയിത്തീരുമെന്നും ദൈവത്തിനറിയാം" എന്ന് പറഞ്ഞുകൊണ്ടാണ് അവരെ പ്രലോഭിപ്പിച്ചത് (ഉൽ 3:5). വിലക്കപ്പെട്ട കനി തിന്നപ്പോൾ ദൈവം ഭീഷണിപ്പെടുത്തിയതുപോലെ ആദിമനുഷ്യർ മരിച്ചില്ല, പ്രത്യുത അവർക്ക് നന്മതിന്മകളെക്കുറിച്ച് ജ്ഞാനമുണ്ടാവുകയാണ് ചെയ്തത് (ഉൽ 3:6,7, 3:22). ദൈവം കളവ് പറഞ്ഞ് ആദി മനുഷ്യരെ ഭീഷണിപ്പെടുത്തിയെന്നും യാഥാർത്ഥ്യം ബോധ്യപ്പെടുത്തിയത് സർപ്പമാണെന്നുമാണ് ഈ കഥ ശരിയാണെങ്കിൽ വന്നുചേരുക. ദൈവിക മഹ





ത്വത്തിന് ഇടിവ് വരുത്തുന്ന ഇത്തരം കഥകളൊന്നുംതന്നെ ഖുർആനിലില്ല.

iii) നന്മതിന്മകളെക്കുറിച്ച അറിവിൻെറ കനിതിന്ന മനുഷ്യനെ ഭയപ്പെടുകയും ജീവൻെറ കനികൂടി തിന്ന് മനുഷ്യൻ ദൈവത്തെപ്പോലെയാകാതിരിക്കുവാൻ മുൻകരുതലെടുക്കുകയും ചെയ്യുന്ന ദൈവത്തെയാണ് ഉൽപത്തി പുസ്തകത്തിൽ നാം കാണുന്നത് (ഉൽ 3: 22–24). വിലക്കപ്പെട്ട കനി തിന്നുക വഴി എന്തെങ്കിലും തരത്തിലുള്ള ദൈവികാംശം മനുഷ്യനുണ്ടായതായി ഖുർആൻ പഠിപ്പിക്കുന്നില്ല. ദൈവത്തിൻെറ ഔന്നത്യത്തെയും സർവ്വജ്ഞതയെയും ചോദ്യംചെയ്യുന്ന ഇത്തരം കഥകളൊന്നും ഖുർആനിലില്ല.

(iv) വിലക്കപ്പെട്ട കനി തിന്നുവാൻ മനുഷ്യനെ പ്രേരിപ്പിച്ചത് സർപ്പമാണെന്നാണ് ബൈബിൾ പറയുന്നത് (ഉൽ 3:1–5, 3:13). ഇങ്ങനെ ചെയ്യുക വഴി ദൈവശാപത്തിന് സർപം വിധേയമായി എന്നും, പ്രസ്തുത ശാപത്തിൻെറ ഫലമായാണ് സർപ്പം ഉരസ്സുകൊണ്ട് ഇഴഞ്ഞുനടക്കുന്നതെന്നും, മനുഷ്യനും സർപ്പവും തമ്മിലുള്ള വിരോധത്തിൻെറ അടിസ്ഥാനകാരണമിതാണെന്നുമാണ് ബൈബിൾ പാഠം (ഉൽ 3:14–15). മനുഷ്യൻെറ ശത്രുവായ സാത്താനാണ് മനുഷ്യനെ വഴിതെറ്റിക്കുകയും വിലക്കപ്പെട്ട കനി തിന്നുവാൻ പ്രേരിപ്പിക്കുകയും ചെയ്തതെന്നാണ് ഖുർആൻ പറയുന്നത് (ഖുർആൻ 2:35, 36). ഖുർആനിലെ ഇവ്വിഷയകമായ പരാമർശങ്ങളിലൊന്നും സർപ്പം കടന്നുവരുന്നേയില്ല. ദൈവികശാപത്തിൻെറ ഫലമായിട്ടാണ് സർപം ഇഴഞ്ഞ് നടക്കുകയും മനുഷ്യരാൽ വെറുക്കപ്പെടുന്നവനാവുകയും ചെയ്തതെങ്കിൽ പ്രസ്തുത ശാപത്തിന് മുമ്പുള്ള സർപം ഏത് തരത്തിലുള്ളതായിരുന്നുവെന്ന ചോദ്യത്തിന് ഖുർആനിക വിശദീകരണങ്ങളുടെ വെളിച്ചത്തിൽ യാതൊരു സാധുതയുമില്ല.

(v) വിലക്കപ്പെട്ട കനി തിന്നതുവഴി ദൈവം ശപിച്ചതിനാലാണ് സ്ത്രീക്ക് ഗർഭപീഢയും പ്രസവ വേദനയുമുണ്ടായത് എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (ഉൽ 3:16). ആദിമാതാവിൻെറ തെറ്റിനുള്ള ശിക്ഷയാണ് ഇന്നും മാതാക്കൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്നർത്ഥം. ഗർഭധാരണത്തെയും പ്രസവത്തെയുമെല്ലാം ശിക്ഷയായിക്കാണുന്നതിന് പകരം ദൈവികാനുഗ്രഹമായാണ് ഖുർആൻ മനസിലാക്കിത്തരുന്നത് (ഖുർആൻ 29:8, 46:15, 31:14). വിലക്കപ്പെട്ട കനി

യുമായി പ്രസവവേദനക്കോ ഗർഭപീഢക്കോ എന്തെങ്കിലും തരത്തിൽ ബന്ധമുള്ളതായി ഖുർആൻ പഠിപ്പിക്കുന്നേയില്ല.

(vi) മനുഷ്യരുടെ അധ്വാനവും കൃഷിയുമെല്ലാം വിലക്കപ്പെട്ട കനി തിന്നതുമൂലമുണ്ടായ ദൈവിക ശാപത്തിൻെറ ഫലമായുണ്ടായവയായാണ് ബൈബിൾ പരിചയപ്പെടുത്തുന്നത് (ഉൽ 3:18, 19). ഖുർആനിലാകട്ടെ അധ്വാനിക്കുവാനും സമ്പാദിക്കുവാനുമെല്ലാമുള്ള മനുഷ്യ കഴിവിനെ ദൈവികാനുഗ്രഹമായാണ് (62:10) വിശേഷിപ്പിച്ചിരിക്കുന്നത്. മനുഷ്യാധ്വാനവും വിലക്കപ്പെട്ട കനിയുമായി ബന്ധപ്പെടുത്തുന്ന യാതൊരു ഖുർആനിക പരാമർശവുമില്ല.

(vii) വിലക്കപ്പെട്ട കനി തിന്ന ആദാമും ഹവ്വയും പശ്ചാത്തപിക്കുകയോ ദൈവം അവർക്ക് പൊറുത്ത് കൊടുക്കുകയോ ചെയ്തതായുള്ള യാതൊരു പരാമർശവും ബൈബിളിലില്ല. ഖുർആനാകട്ടെ, തങ്ങളുടെ തെറ്റിൽ പശ്ചാത്താപവിവശരായ ആദിമാതാപിതാക്കളുടെ ക്ഷമായാചനയും കാരുണ്യമൂർത്തിയായ ദൈവം തമ്പുരാൻെറ പൊറുത്തുകൊടുക്കലും പ്രാധാന്യത്തോട് കൂടിത്തന്നെ പരാമർശിക്കുന്നുണ്ട്. “അവർ രണ്ടുപേരും പറഞ്ഞു. ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽതീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും” (വി.ഖു.7:23). “അനന്തരം ആദം തൻെറ രക്ഷിതാവിങ്കൽനിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ” (വി.ഖു. 2:37,38)

3) തങ്ങളുടെ താൽപര്യത്തിനനുസരിച്ച് പ്രവാചകന്മാരുടെ കഥനങ്ങൾ അവതരിപ്പിക്കുകയാണ് ബൈബിൾ പുസ്തകങ്ങളുടെ രചയിതാക്കൾ ചെയ്തത്. അതുകൊണ്ടുതന്നെ സമൂഹത്തിൽ നിലനിന്നിരുന്ന സകല വൃത്തികേടുകളും പ്രവാചകന്മാരിൽ ആരോപിക്കുവാൻ ബൈബിൾ കർത്താക്കൾക്ക് യാതൊരു വൈമനസ്യവുമുണ്ടായിരുന്നില്ല. സമൂഹത്തിൻെറ തിന്മകളെ ന്യായീകരിക്കാനായി പ്രസ്തുത തിന്മകളെല്ലാം പ്രവാചകന്മാരിൽ ആരോപിക്കുവാനുള്ള പ്രവണതയാണ് ബൈബിളിൽ നാം കാണുന്നത്. ധർമനിഷ്ഠനും കുറ്റമറ്റ മനുഷ്യനുമായി ബൈബിൾ പരിചയപ്പെടുത്തുന്ന നോഹിനെ





(ഉൽ 6:9, 10) തന്നെയാണ് ആദ്യമായി വീഞ്ഞുണ്ടാക്കിയവനായും കുടിച്ച് തുണിയുരിഞ്ഞുപോയിട്ട് മക്കൾ തുണിയുടുത്തുകൊടുക്കേണ്ട അവസ്ഥയോളമെത്തുന്ന തരത്തിൽ ലഹരി ബാധിച്ചവനായുമെല്ലാം ഉൽപത്തി പുസ്തകം (9:20–23) വരച്ചുകാണിക്കുന്നത്. വിശുദ്ധനും നീതിമാനുമെന്ന് ബെബിൾ പറയുന്ന (2 പത്രോസ് 2:78) ലോത്ത് മദ്യപിച്ച് മത്തനായി തൻെറ പെൺമക്കളുമായി ശയിക്കുകയും അവർക്ക് സ്വന്തം പിതാവിൽ മക്കളുണ്ടാവുകയും ചെയ്ത കഥ ഉൽപത്തി പുസ്തകം (19:31–36) വിവരിക്കുന്നുണ്ട്. ചതിയനും വഞ്ചകനുമായിരുന്നു ഇസ്രായേലിൻെറ പിതാവായ യാക്കോബെന്നാണ് ബൈബിൾ പറയുന്നത് (27:1–46). തൻെറ പടയാളിയുടെ ഭാര്യയുമായി ബന്ധപ്പെടുകയും അവൾ ഗർഭിണിയായപ്പോൾ അതിൻെറ ഉത്തരവാദിത്തം അവളുടെ ഭർത്താവിൽ കെട്ടിവെക്കാൻ ശ്രമിക്കുകയും പ്രസ്തുത ശ്രമം പരാജയപ്പെട്ടപ്പോൾ പടയാളിയെ ചതിച്ചുകൊല്ലുകയും അങ്ങനെ അയാളുടെ ഭാര്യയെ സ്വന്തമാക്കുകയുമെല്ലാം ചെയ്ത വ്യക്തിയാണ് ബൈബിൾ പ്രകാരം ദാവീദ് (2 ശാമു 11:1–27).ദാവീദിൻെറ പുത്രനും ലോകത്തിലെ ഏറ്റവും വലിയ ജ്ഞാനിയുമായി ബൈബിൾ പരിചയപ്പെടുത്തുന്ന സോളമൻ (1 രാജാ 10:23) വിവാഹബന്ധം വിലക്കപ്പെട്ടവരുമായി ബന്ധപ്പെടുകയും അവരെ അഗാധമായി സ്നേഹിക്കുകയും (1 രാജാ 11:2) അവരുടെ സമ്മർദ്ദത്തിന് വഴങ്ങി അന്യദേവതമാരെ ആരാധിക്കുകയു (1 രാജാ 11:3–7)മെല്ലാം ചെയ്ത വ്യക്തിയാണ്. ഇസ്രായേലിൻെറ രക്ഷകനായി വന്ന യേശുക്രിസ്തുവിനെയും മാതൃബഹുമാനമില്ലാത്തവനായും (യോഹ 2:5, 19:26) സഹിഷ്ണുതയില്ലാത്തവനായും (മത്താ 12:34, 12:39, യോഹ 8:44) ക്ഷിപ്രകോപിയായും (യോഹ 2:13–17, മത്താ 21:19) ജനങ്ങൾക്ക് മദ്യമുണ്ടാക്കിക്കൊടുത്ത് അവരെ ലഹരിപിടിപ്പിച്ചവനായും (യോഹ 2:1–11)മെല്ലാമാണ് ബൈബിൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽനിന്ന് തികച്ചും വ്യതിരിക്തമാണ് ഖുർആനിലെ സംഭവവിവരണങ്ങൾ. പ്രവാചകന്മാരെല്ലാം സദ്‌വൃത്തരും മാതൃകാ‌യോഗ്യരും വിശുദ്ധരുമായിരുന്നുവെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. “നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അവർ. ഇനി ഇക്കൂട്ടർ അവയൊക്കെ നിഷേധിക്കുകയാണെങ്കിൽ അവയിൽ അവിശ്വസിക്കുന്നവരല്ലാത്ത ഒരു ജനവിഭാഗത്തെ നാം അത് ഭരമേൽപിച്ചിട്ടുണ്ട്. അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതി

നാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക. (നബി യേ,) പറയുക. ഇതിൻെറ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്കുവേണ്ടിയുള്ള ഒരു ഉത്ബോധനമല്ലാതെ മറ്റൊന്നുമല്ല" (വി.ഖു. 6:89, 90).

"അവരെ നാം നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകു ന്ന നേതാക്കളാക്കുകയും ചെയ്തു. നല്ലകാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും സക്കാത്ത് നൽകണ മെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെ ആയിരുന്നു അവർ ആരാധിച്ചിരുന്നത്" (വി.ഖു. 21:73). ദുർമാർഗമൊ ന്നുമില്ലാത്ത നോഹയെയും (7:61) സൽമാർഗനിഷ്ഠനായ ലൂത്തി നെയും (70:80–84) സദ്വൃത്തനായ യാക്കോബിനെയും (21:72) വിന യാന്വിതരും ദൈവിക മാർഗത്തിൽ ഉറച്ച് നിന്നവരുമായ ദാവൂദിനെ യും സുലൈമാനെയും (27:15, 38:30) പരിശുദ്ധ പ്രവാചകനും മഹാ നും (3:45) മാതൃബഹുമാനമുള്ളവനു (19:32)മായ യേശുവിനെയു മാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്.

4. ബൈബിളിലെ ചരിത്ര വിശദീകരണത്തിലുടനീളം ഇസ്രാ യേലീ വംശീയത നിഴലിക്കുന്നതായി കാണാൻ കഴിയും. അബ്രഹാ മിൻെറ ചരിത്രം മുതൽക്കാരംഭിക്കുന്നു ഈ വംശീയതയുടെ കടന്നു കയറ്റമെന്നുള്ളതാണ് വസ്തുത. അബ്രഹാമിൻെറ പുത്രന്മാരായ യിശ്മായേലിനെയും ഇസഹാഖി നെയും കുറിച്ചു വിവരിക്കുന്ന ഉൽപത്തി പുസ്തകഭാഗങ്ങളിൽ യഹൂദ വംശീയതയുടെയും അടിമ കളോടുള്ള അവരുടെ ക്രൂരമായ പെരുമാറ്റത്തിൻെറയും പ്രതിബിംബ മാണ് കാണാൻ കഴിയുന്നത്. അബ്രഹാമിന് തൻെറ ആദ്യഭാര്യയായ സാറായിൽ സന്താന സൗഭാഗ്യമില്ലായിരുന്നതിനാൽ സാറാ തന്നെ തൻെറ അടിമയായിരുന്ന ഹാഗാറിനെ അദ്ദേഹത്തിന് ഭാര്യയായി നൽകുകയാണുണ്ടായത്. 'ഭാര്യയായ സാറായ് തൻെറ ഈജിപ്തുകാ രിയായ ദാസി ഹാഗാറിനെ ഭർത്താവായ അബ്രാമിന്ന് ഒരു ഭാര്യയായി കൊടുത്തു. അബ്രാം ഹാഗാറിനെ പ്രാപിച്ചു. അവൾ ഗർഭിണിയായി' (ഉൽപത്തി16:3). അബ്രഹാമിൽ നിന്ന് ഗർഭിണിയായ ഹാഗാർ സാറായോട് അപമര്യാദയായി പെരുമാറിയപ്പോൾ ഹാഗാറിനെ ക്രൂരമായി മർദിക്കുവാനും ഗർഭിണിയായ അവളെ വീട്ടിൽ നിന്നും ഓടിക്കുവാനും സാറായെ അബ്രഹാം അനുവദിച്ചുവെന്നാണ് ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നത്. 'അബ്രാം സാറായി





യോട് പറഞ്ഞു:' നോക്കൂ, നിൻെറ ദാസി നിൻെറ കീഴിൽ തന്നെയാ ണ്. നിനക്ക് ഇഷ്ടമുള്ള വിധം നീ അവളോട് പെരുമാറിക്കൊള്ളുക! തുടർന്നു സാറായ് ഹാഗാറിനോട് ക്രൂരമായി പെരുമാറി. ഹാഗാർ അവിടെ നിന്ന് ഓടിപ്പോയി' (ഉൽപത്തി 16:6). തന്നിൽ നിന്ന് ഗർഭിണി യായ സ്ത്രീയെ അവർ അടിമയായി എന്ന കാരണത്താൽ അടിച്ചോടി ക്കുവാൻ കൂട്ടുനിൽക്കുന്ന അബ്രഹാമിൻെറ ചിത്രം നിർമിക്കുക വഴി അടിമസ്ത്രീകളോട് ഏതു തരം ക്രൂരതയും പ്രവർത്തിക്കുവാനുള്ള നിയമം നിർമിക്കുവാനാണ് യഹൂദ റബ്ബിമാർ ശ്രമിച്ചിരിക്കുന്നത്.

തങ്ങളുടെ ക്രൂരമായ ജീവിതരീതിക്കനുസൃതമായി മഹാന്മാരുടെ ജീവിതത്തെ മാറ്റിയെഴുതിയപ്പോഴുണ്ടായ വൈരുദ്ധ്യങ്ങൾ ചരിത്രമെ ഴുത്തിലുടനീളം കാണാൻ കഴിയും. വാർദ്ധക്യകാലത്തുണ്ടായ തൻെറ പുത്രൻ യിശ്മായേലിനെയും ഭാര്യ ഹാഗാറിനെയും മരുഭൂമിയിൽ തനിച്ചാക്കുവാനുള്ള ദൈവിക കൽപന നിറവേറ്റിയ മഹാനാണ് വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന ഇബ്രാഹീം (അ). ഉൽപത്തി പുസ്തകമാകട്ടെ ഈ സംഭവത്തെയും ഹാഗാർ എന്ന അടിമസ്ത്രീ യെയും പുത്രനെയും പീഡിപ്പിക്കാനുള്ള സാറായുടെ ശ്രമത്തിന് അബ്രഹാം കൂട്ടുനിന്നതിന് ഉദാഹരണമായിട്ടാണ് ഉദ്ധരിക്കുന്നത്. ഇരുപത്തൊന്നാം അധ്യായം നോക്കുക: 'ശിശു വളർന്നു. ഇസഹാഖി ൻെറ മുലകുടി മാറ്റിയ ദിവസം അബ്രഹാം വലിയൊരു വിരുന്നു നൽകി. ഈജിപ്റ്റുകാരിയായ ഹാഗാറിൽ അബ്രഹാമിന് ജനിച്ച പുത്രൻ തൻെറ പുത്രനായ ഇസഹാഖിനോടൊന്നിച്ചു കളിക്കുന്നത് സാറാ കണ്ടു. സാറാ അബ്രഹാമിനോടുപറഞ്ഞു: 'ഈ അടിമപ്പെണ്ണി നെയും പുത്രനെയും അടിച്ചു പുറത്താക്കുക. ഈ അടിമപ്പെണ്ണിൻെറ പുത്രൻ എൻെറ പുത്രനായ ഇസഹാഖിന്നൊപ്പം അവകാശിയായി ത്തീർന്നു കൂടാ'. യിശ്മായേലും തൻെറ പുത്രനാകയാൽ ഇക്കാര്യം അബ്രഹാമിന് ഏറെ അനിഷ്ടമായി. എന്നാൽ ദൈവം അബ്രഹാമി നോട് അരുൾ ചെയ്തു. 'അടിമപ്പെണ്ണിനേയും കുട്ടിയേയും പ്രതി നീ അനിഷ്ടം വിചാരിക്കേണ്ട. സാറാ പറയുന്നതു പോലെ പ്രവർ ത്തിക്കുക. ഇസഹാഖിലൂടെയായിരിക്കും നിൻെറ സന്തതിപരമ്പര അറിയപ്പെടുക. അടിമപ്പെണ്ണിൻെറ പുത്രനെയും ഞാൻ ഒരു ജനത യാക്കും. അയാളും നിൻെറ സന്തതിയാണല്ലോ'. അബ്രഹാം അതി രാവിലെ എഴുന്നേറ്റ് അപ്പവും ഒരു തുരുത്തിവെള്ളവും ഹാഗാറിനെ ഏൽപിച്ചു. കുട്ടിയെ തോളിൽവെച്ച് അവളെ പറഞ്ഞയച്ചു.അവർ

അവിടം വിട്ടു, ബേർശേബ മരുഭൂമിയിൽ അലഞ്ഞു നടന്നു' (ഉൽപത്തി 21:8-14).

യഥാർത്ഥത്തിൽ യിശ്മായേലിനെ മരുഭൂമിയിൽ ഉപേക്ഷിച്ച സംഭവം നടക്കുന്നത് ഇസ്ഹാഖിൻെറ ജനനത്തിനു മുമ്പാണ്. ഇസ്ഹാഖിനുള്ള ഔന്നത്യത്തിൻെറയും അടിമസ്ത്രീയോടും മകനോടും ചെയ്യാവുന്ന ക്രൂരതകളുടെയും തെളിവായുദ്ധരിക്കുന്നതിന്നു വേണ്ടിയാണ് പ്രസ്തുത സംഭവത്തെ ഇസ്ഹാഖിൻെറ ജനനത്തിന് ശേഷത്തേക്ക് വലിച്ചിഴച്ചത്. യിശ്മയേൽ വളരെ ചെറിയ ഒരു കുഞ്ഞായിരുന്ന കാലത്താണ് ഈ സംഭവം നടന്നതെന്ന് മുകളിലുദ്ധരിച്ച ഉൽപത്തി വചനത്തിൽ നിന്നു വ്യക്തമാണ്. 'കുട്ടിയെ തോളിൽ വെച്ച് അവളെ പറഞ്ഞയച്ചു' (21:14) വെന്ന് പറഞ്ഞതിൽ നിന്ന് തോളത്ത് വെക്കാൻ മാത്രമേ യിശ്മായിലിന് അന്ന് പ്രായമുണ്ടായിരുന്നുള്ളൂവെന്ന് മനസ്സിലാകുന്നു.'തുരുത്തിയിലെ വെള്ളം തീർന്നപ്പോൾ അവൾ കുട്ടിയെ ഒരു കുറ്റിക്കാട്ടിൽ ഉപേക്ഷിച്ചു. അവൾ അവിടെ നിന്ന് കുറച്ചകലെ, അതായത് ഏകദേശം ഒരു വിൽപാടു ദൂരെ മാറി പുറം തിരിഞ്ഞിരുന്ന്. 'എനിക്ക് കുഞ്ഞിൻെറ മരണം കാണേണ്ട' എന്നു പറഞ്ഞു. അവൾ ദൂരെ മാറി പിൻതിരിഞ്ഞിരുന്നപ്പോൾ കുട്ടി ഉറക്കെ കരഞ്ഞു' (ഉൽപത്തി 21:15,16). ഈ വചനങ്ങളെല്ലാം വളരെ ചെറിയ ഒരു ശിശുവായിരിക്കുമ്പോഴാണ് യിശ്മായേൽ തൻെറ മാതാവിനോടൊപ്പം മരുഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്നു. 'ഹാഗാർ യിശ്മായിലിനെ പ്രസവിച്ചപ്പോൾ അബ്രഹാമിന് എൺപത്താറ് വയസ്സായിരുന്നു' (ഉൽപത്തി 16:16). 'പുത്രനായ ഇസ്ഹാഖ് പിറന്നപ്പോൾ അബ്രഹാമിന്ന് നൂറ് വയസ്സായിരുന്നു' (ഉൽപത്തി 21:5). ഇതിൽ നിന്ന് ഇസ്ഹാഖ് ജനിക്കുമ്പോൾ യിശ്മായേലിന് പതിനാലു വയസ്സ് പ്രായമായിരുന്നുവെന്ന് മനസ്സിലാക്കാം. ഇസ്ഹാഖിൻെറ മുലകുടി മാറിയ ദിവസമാണ് ഉൽപത്തി പുസ്തകം പറയുന്നതുപോലെ യിശ്മായിലിനെയും മാതാവിനെയും മരുഭൂമിയിൽ ഉപേക്ഷിച്ചതെങ്കിൽ അന്ന് യിശ്മായീൽ പതിനാറു വയസ്സു പ്രായമുള്ളയാളായിരിക്കണം. ഒരു പതിനാറു വയസ്സുകാരനെ മാതാവ് തോളിൽ വെക്കുമോ? മരുഭൂമിയിൽ ഉപേക്ഷിക്കപ്പെട്ട യിശ്മായേലിൻെറ ചിത്രം ഉൽപത്തി പുസ്തകം ഇരുപത്തിയൊന്നാം അധ്യായപ്രകാരം ഒരു പതിനാറുകാരൻേറതല്ലെന്നുറപ്പാണ്. ഈ വൈരുദ്ധ്യത്തിനുള്ള കാരണം യഹൂദ





റബ്ബിമാരുടെ കൈക്രിയകളാണ്. സ്വന്തം ഇച്ഛയ്ക്കനുസരിച്ച് പ്രവാചകന്മാരുടെ ചരിത്രം മാറ്റിയെഴുതിയപ്പോൾ സ്വാഭാവികമായുണ്ടായ വൈരുദ്ധ്യങ്ങളെക്കുറിച്ച് റബ്ബിമാർ അജ്ഞരായിരുന്നുവെന്നു വേണം മനസ്സിലാക്കുവാൻ.

സ്വപുത്രനെ ബലിയറുക്കുവാനുള്ള ദൈവകൽപന നിറവേറ്റുവാൻ സന്നദ്ധനായ അബ്രഹാമിനെക്കുറിച്ച് വിവരിക്കുന്നിടത്തും ഈ വൈരുദ്ധ്യം പ്രകടമാവുന്നുണ്ട്. അവ ഇസ്രായേല്യരിൽ മാത്രമേ ദൈവാനുഗ്രഹമുണ്ടായിട്ടുള്ളുവെന്ന് സ്ഥാപിക്കുന്നതിന് വേണ്ടി ബലികർമ്മത്തെ മാറ്റിയെഴുതിയതുകൊണ്ടുണ്ടായതാണ്. വാർദ്ധക്യത്തിൽ ഇബ്രാഹീമിന് ആദ്യമുണ്ടായ പുത്രനെ ബലിയറുക്കുവാൻ കൽപിച്ചു കൊണ്ട് അദ്ദേഹത്തെ അല്ലാഹു പരീക്ഷിച്ചുവെന്നും ത്യാഗങ്ങളുടെ തീച്ചൂളയിലൂടെ ജീവിച്ചു വളർന്ന മഹാനായ ഇബ്രാഹീം പ്രസ്തുത പരീക്ഷണത്തിൽ വിജയിച്ചുവെന്നു മാണ് ഖുർആൻ പഠിപ്പിക്കുന്നത്. ബലിയറുക്കുവാൻ ദൈവം കൽപിച്ചത് അബ്രഹാമിൻെറ ആദ്യത്തെ പുത്രനെത്തന്നെയായിരുന്നുവെന്നാണ് ഉൽപത്തി പുസ്തകത്തിൽ നിന്ന് മനസ്സിലാവുന്നത്. സ്വന്തം പുത്രനെ അറുക്കുവാൻ വേണ്ടി കൈകാലുകൾ കെട്ടി ബലിപീഠത്തിന് മുകളിൽ കിടത്തിക്കൊണ്ട് കത്തി എടുത്ത സമയത്ത് ആകാശത്തു നിന്ന് കർത്താവിൻെറ മാലാഖ പറഞ്ഞതായി ഉൽപത്തി പുസ്തകം ഉദ്ധരിക്കുന്നത് നോക്കുക: 'കുട്ടിയുടെ മേൽ കൈവെക്കരുത്. അവനെ ഒന്നും ചെയ്യരുത്. നിൻെറ പുത്രനെ, നിൻെറ ഏകജാതനെ തന്നെ തരുവാൻ നീ വൈമനസ്യം കാണിക്കായ്കയാൽ, നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു (ഉൽപത്തി 22:12). 'നിൻെറ ഏകജാതനെ' (Your only son) എന്നാണ് മാലാഖ പറയുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. ബലിയറുക്കുവാനായി കൽപിക്കപ്പെട്ട കാലത്ത് അബ്രഹാമിന് ഒരൊറ്റപുത്രൻ മാത്രമേയുണ്ടായിരുന്നുള്ളുവെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. ആദ്യപുത്രനായ യിശ്മായേലിനെയല്ലാതെ ദ്വിതീയനായ ഇസ്ഹാഖിനെ ബലിയറുക്കാനാണ് കൽപനയുണ്ടായതെങ്കിൽ 'നിൻെറ ഏകജാതനെ' എന്നു മാലാഖ പറയുമായിരുന്നുവോ?

യഥാർത്ഥത്തിൽ ബലിയറുക്കുവാനുള്ള ദൈവകൽപനയിൽ നിന്നു തന്നെ ഇക്കാര്യം വ്യക്തമായും മനസ്സിലാകുന്നുണ്ട്. ' ദൈവം കൽപിച്ചു: 'നിൻെറ പുത്രനെ, നീ അത്യധികം സ്നേഹിക്കുന്ന ഏക

ജാതനായ ഇസ്ഹാഖിനെ, കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോകുക. അവിടെ ഞാൻ കൽപിക്കുന്ന മലയിൽ അവനെ എനിക്കു ഹോമിക്കുക' (ഉൽപത്തി 22:2).ഇവിടെ, ഏകജാതനായ ഇസ്ഹാഖി' നെ എന്നാണ് ദൈവകൽപനയിലുള്ളത്. ഇസഹാഖ് എങ്ങനെയാണ് ഏകജാതനാകുന്നത്? അദ്ദേഹം അബ്രഹാമിൻെറ ദ്വിതീയ പുത്രനാണല്ലോ. ഇവിടെ, ഈ കൽപനയിൽ 'ഇസ്ഹാഖിനെ'യെന്ന് യഹൂദ റബ്ബിമാർ കൂട്ടിച്ചേർത്തതാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അടിമസ്ത്രീയിൽ ജനിച്ച മക്കൾ സ്വന്തം പുത്രന്മാരായി അറിയപ്പെടുന്നത് അപമാനമായി കരുതപ്പെട്ടിരുന്ന യഹൂദപാരമ്പര്യത്തിന് അനുസൃതമായ രീതിയിൽ അബ്രാഹാമിൻെറ ചരിത്രം വളച്ചൊടിക്കപ്പെട്ടപ്പോഴാണ് 'ഇസ്ഹാഖ്' ഏകജാതനായി മാറിയത്. അടിമ സ്ത്രീയിലുണ്ടായ പുത്രനെ അബ്രഹാം മകനായിത്തന്നെ പരിഗണിച്ചിരുന്നില്ല എന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

എന്നാൽ ഉൽപത്തി പുസ്തകം തന്നെ നൽകുന്ന അബ്രഹാമിൻെറ ചരിത്രവുമായി ഇത് വ്യക്തമായ വൈരുദ്ധ്യം പ്രകടിപ്പിക്കുന്നു. അബ്രഹാം യിശ്മായിലിനെ പുത്രനായിത്തന്നെയാണ് പരിഗണിച്ചിരുന്നത് എന്നാണ് ഉൽപത്തി പുസ്തകത്തിൽ നിന്ന് മനസ്സിലാകുന്നത്. ജനനം മുതൽ (16:15,16) പരിഛേദനയിലും മറ്റു കർമ്മങ്ങളിലും (17:23) പ്രാർത്ഥനയിലും (17:20) അങ്ങനെ സകലവിധ കാര്യങ്ങളിലും യിശ്മായിലിനെ സ്വപുത്രനായിത്തന്നെയാണ് അബ്രഹാം പരിഗണിച്ചിരുന്നത് എന്നു തന്നെയാണ് ഉൽപത്തിപുസ്തകത്തിലുള്ളത്. മാത്രവുമല്ല, ഇഷ്ടഭാര്യയിൽ ജനിച്ച രണ്ടാമത്തെപുത്രന് അനിഷ്ടഭാര്യയിൽ ജനിച്ച ആദ്യപുത്രന് നൽകേണ്ട അവകാശം നൽകുന്നത് പഴയനിയമപ്രകാരം പാപമാണ്. ആവർത്തന പുസ്തകത്തിലെ ദൈവകൽപന നോക്കുക: 'ഒരാൾക്ക് രണ്ടു ഭാര്യമാർ ഉണ്ട് എന്നും അവരിൽ ഒരുവളെ അയാൾ സ്നേഹിക്കുകയും മറ്റവളെ വെറുക്കുകയും ചെയ്യുന്നുവെന്നും കരുതുക. സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്ന ഭാര്യമാരിൽ അയാൾക്ക് സന്താനങ്ങൾ ജനിക്കുകയും ആദ്യജാതൻ അയാൾ വെറുക്കുന്ന ഭാര്യയിൽ നിന്നു ജനിക്കയും ചെയ്താൽ, തൻെറ സ്വത്തുക്കൾ സന്താനങ്ങൾക്ക് അവകാശമായി ഭാഗിച്ചു കൊടുക്കുമ്പോൾ, വെറുക്കുന്നവളിൽ നിന്ന് ജനിച്ചവനും ആദ്യജാതനുമായവനു പകരം സ്നേഹിക്കുന്നവളിലുണ്ടായ പുത്രനെ ആദ്യജാതനായി അയാൾ പരിഗണിക്കരുത്. അയാൾ





തനിക്കുള്ള എല്ലാ സ്വത്തിൽ നിന്നും ഇരട്ടി ഓഹരി നൽകി വെറുക്കുന്ന ഭാര്യയുടെ പുത്രനെ ആദ്യജാതനായി അംഗീകരിക്കണം. അയാളുടെ വീര്യത്തിൻെറ ആദ്യഫലം ആ പുത്രനാണല്ലോ. ആദ്യജാതനുള്ള അവകാശം ആ പുത്രനുതന്നെ' (ആവർത്തനം 21:15-17). ഹാഗാർ അടിമസ്ത്രീയായിരുന്നതിനാൽ അബ്രാഹാമിനാൽ വെറുക്കപ്പെട്ടവളായിരുന്നുവെന്ന യഹൂദ റബ്ബിമാരുടെ വാദം അംഗീകരിച്ചാൽതന്നെ, മുകളിൽ വിവരിച്ച ദൈവകൽപനപ്രകാരം ആദ്യജാതനുള്ള അവകാശത്തിന് അർഹൻ യിശ്മായേൽ തന്നെയാണെന്ന് വ്യക്തമാണ്. ഇസ്ഹാഖിനെ അബ്രഹാമിൻെറ ഏകജാതനായി പരിചയപ്പെടുത്തുക വഴി ഉൽപത്തി 22:2 പ്രകാരം ദൈവംതന്നെ യിശ്മായേൽ അബ്രഹാമിൻെറ പുത്രനല്ലെന്ന് അംഗീകരിച്ചുവെന്ന് പറയേണ്ടിവരും.

ഈ വൈരുദ്ധ്യത്തിനുള്ള കാരണം തങ്ങളുടെ വംശീയ ദുരഭിമാനത്തിന് മാറ്റുകൂട്ടുവാൻ വേണ്ടി പ്രവാചകചരിത്രത്തിൽ യഹൂദ റബ്ബിമാർ നടത്തിയ കൈക്രിയകളാണ്. അബ്രഹാമിൻെറ ദ്വിതീയ പുത്രനായ ഇസ്ഹാഖിൻെറ മകനായ യാക്കോബിൻെറ പുത്രന്മാരാണ് ഇസ്രായേല്യർ. ദൈവികമായ സകല അനുഗ്രഹങ്ങളും വർഷിക്കപ്പെട്ടിരിക്കുന്നതും വർഷിക്കപ്പെടാൻപോവുന്നതും ഇസ്രായീല്യർക്കിടയിൽ മാത്രമാണെന്നായിരുന്നു യഹൂദ റബ്ബിമാർ പ്രചരിപ്പിച്ചിരുന്നത്. സ്വപുത്രനെ ബലിയറുക്കുവാനുള്ള കൽപനയനുസരിച്ചുകൊണ്ട് ദൈവാനുഗ്രഹത്തിന് പാത്രമായ അബ്രഹാമിന് ദൈവം നൽകുന്ന വരദാനങ്ങളെക്കുറിച്ച് ഉൽപത്തി പുസ്തകത്തിലുണ്ട്. അതിങ്ങനെയാണ് 'നീ ഇതു ചെയ്തിരിക്കയാൽ, നിൻെറ പുത്രനെ, നിൻെറ ഏകജാതനെ തരാൻ നീ മടിക്കായ്കയാൽ എന്നാണെ, ഞാൻ ഇങ്ങനെ പ്രതിജ്ഞ ചെയ്യുന്നു- ഇതു കർത്താവാണ് അരുൾ ചെയ്യുന്നത്: ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിൻെറ സന്തതിയെ ഞാൻ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽത്തരി കളെപ്പോലെയും അത്യധികം വർദ്ധിപ്പിക്കും. നിൻെറ സന്തതികൾ ശത്രുക്കളുടെ പട്ടണവാതിലുകൾ കൈവശപ്പെടുത്തും. നീ എൻെറ വാക്ക് അനുസരിച്ചതിനാൽ നിൻെറ സന്തതികളിലൂടെ ഭൂമിയിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും'(ഉൽപത്തി 22:16-19). യിശ്മായേലാണ് ബലിയറുക്കപ്പെടാനായി കൽപിക്കപ്പെട്ടതെങ്കിൽ ഈ അനുഗ്രഹങ്ങൾ മുഴുവനുമുണ്ടാവുക

യിശ്മായേൽ സന്തതികളിലാണെന്നു വരും. യഹൂദന്മാരാകട്ടെ യിശ്മായീലിൻെറ അനുജസഹോദരനായ ഇസ്ഹാഖിൻെറ സന്തതി പരമ്പരകളിലാണ് ഉൾപ്പെടുന്നത്. തങ്ങളിലല്ലാതെ ദൈവാനുഗ്രഹമുണ്ടാവുകയെന്നത് ഇസ്രാഈല്യർക്ക് ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റാത്ത കാര്യമായിരുന്നു. അതുകൊണ്ടു കൂടിയാണ് യഹൂദ റബ്ബിമാർ ഇസ്ഹാഖിനെ അബ്രഹാമിൻെറ ഏകജാതനാക്കി മാറ്റിയത്.

തങ്ങളുടെ വംശീയ ദുരഭിമാനത്തിൻെറ സംരക്ഷണത്തിനു വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്തവരും അടിമസ്ത്രീയിലുണ്ടായ സ്വപുത്രന് പുത്രപദവി നൽകുവാൻ വിസമ്മതിച്ചിരുന്നവരുമായിരുന്നു ഇസ്രാഈല്യർ എന്നാണ് അബ്രഹാമിൻെറ ചരിത്രത്തിൽ യഹൂദറബ്ബിമാർ നടത്തിയ കൈക്രിയകൾ കാണിക്കുന്നത്. വംശീയ ദുരഭിമാനത്തിൻെറ കാര്യത്തിൽ തങ്ങളുടെ പൂർവ്വികന്മാരുടെ സ്വഭാവം പൂർണ്ണമായിത്തന്നെ ഉൾക്കൊള്ളുന്ന അഭിനവ ഇസ്രാഈല്യരുടെ സ്ഥിതിയും ഇതിൽ നിന്ന് വലിയ വ്യത്യാസമുള്ളതല്ലല്ലോ.

ഇസ്രായേലിൻെറ ഗോത്രപിതാവായ യാക്കോബ് ദൈവത്തോടും മനുഷ്യരോടും മല്ലടിച്ച് ജയിച്ച കഥയിലും (ഉൽ 32:28) യഹൂദ വംശീയതയല്ലാതെ മറ്റൊന്നും സത്യാന്വേഷികൾക്ക് കാണാനാവില്ല. സ്വന്തം ജാതിയിൽപെട്ടവരെ മക്കളോടും വിജാതീയരെ പട്ടികളോടും ഉപമിച്ചതായി യേശുവെപ്പറ്റി പറഞ്ഞതിലും (മത്താ 15:26) നമുക്ക് കാണാനാവുന്നത് യഹൂദ വംശീയത തന്നെ. ഖുർആനിലെ ചരിത്രപരാമർശങ്ങളിലൊന്നുംതന്നെ ഇത്തരത്തിലുള്ള വംശീയതയുടെ എന്തെങ്കിലും ലാഞ്ഛനയുള്ള യാതൊരു പരാമർശവും കാണാൻ കഴിയില്ല.

5) ചരിത്രപരമായി കൃത്യമല്ലാത്ത നിരവധി പരാമർശങ്ങൾ ബൈബിളിലുണ്ട്. ഖുർആൻ ഇതിൽനിന്ന് തികച്ചും വ്യതിരിക്തമാണ്. ഖുർആനിൽ വിവരിച്ചിരിക്കുന്ന ചരിത്രസംഭങ്ങളിലേതിലെങ്കിലും ചരിത്രപരമായി കൃത്യമല്ലാത്ത പരാമർശങ്ങളുൾക്കൊള്ളുന്നുണ്ടെന്ന് വസ്തുനിഷ്ഠമായി സ്ഥാപിക്കുവാൻ ആർക്കും കഴിയില്ല.

ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്ന പല സംഭവങ്ങളും ചരിത്രപരമായി കൃത്യമല്ലെന്ന വസ്തുത ബൈബിൾ പണ്ഡിതന്മാർതന്നെ അംഗീകരിക്കുന്നുണ്ട്. 'ചരിത്രപരമായി കൃത്യമല്ലാത്ത ചില പ്രസ്താ





വനകളും ബൈബിളിൽ കണ്ടെന്നുവരാം (ദാനി 5)'. എന്നാണ് കത്തോലിക്കരുടെ "ബൈബിൾ വിജ്ഞാനകോശം'' പറയുന്നത് (പുറം:12)

ഡോ.മൈക്കിൾ കാരിമറ്റം എഴുതുന്നു: 'ആധുനിക ശാസ്ത്രത്തിൻേറയും ചരിത്രപഠനങ്ങളുടേയും മറ്റും കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾ തെറ്റായി തോന്നിയേക്കാം. ശാസ്ത്രമോ, ലോകചരിത്രമോ പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല, രക്ഷാചരിത്രമാണ് ബൈബിൾ എന്ന ബോധ്യത്തോടെ വേണം ബൈബിളിലെ പഠനങ്ങളെ സമീപിക്കുവാൻ. ഓരോ പുസ്തകവും എഴുതപ്പെട്ട കാലത്തു നിലനിന്നിരുന്ന പ്രപഞ്ചവീക്ഷണങ്ങളും സാഹിത്യശൈലികളും മാനുഷിക ഗ്രന്ഥകാരന്മാരെ സ്വാധീനിച്ചിട്ടുണ്ട് എന്ന കാര്യം മറക്കാവതല്ല. ഗ്രന്ഥകാരൻ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന രക്ഷാകരസത്യം എന്ത് എന്ന് മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്.' (മൈക്കിൾ കാരിമറ്റം: വിശ്വാസത്തിൻെറ വേരുകൾ പുറം 30)

വിശദീകരണത്തിന് വഴങ്ങാത്ത ബൈബിൾ വിവരണങ്ങൾ ദൃഷ്ടാന്തകഥകളാ(parable)ണെന്ന വിശദീകരണത്തിൽ അഭയം തേടുകയാണ് ബൈബിൾ പണ്ഡിതന്മാർ ചെയ്യുന്നത്. റെയ്മണ്ട്-ഇ-ബ്രൗൺ എഴുതുന്നു: 'ദൈവനിവേശിതമായതെല്ലാം ചരിത്രമാണെ ന്നാണ് പലരുടെയും ധാരണ. അത് ശരിയല്ല. കവിത, നാടകം, ഐതിഹ്യം, കഥ എന്നിവയൊക്കെ ദൈവനിവേശിതമാകാം. യോനായുടെ പുസ്തകം ചരിത്രമല്ല; ഒരു ഉപമാകഥ (parable) യാണെന്നു സൂചിപ്പിച്ചുവല്ലോ...... യോനായെന്നു പേരുള്ള ഒരു യഥാർത്ഥ വ്യക്തിയെ വലിയൊരു മത്സ്യം വിഴുങ്ങിയെന്ന് വിശ്വസിക്കാൻ നാം ബാധ്യസ്ഥരാണെന്ന് ദൈവനിവേശനം അർത്ഥമാക്കുന്നില്ല. യോനായുടെ പുസ്തകം ഒരു ചരിത്രഗ്രന്ഥമാണെങ്കിൽ മാത്രമെ അതിൽ പ്രതിപാദിച്ചിട്ടുള്ള സംഭവം ചരിത്രവസ്തുതയാണോയെന്ന ചോദ്യം ഉദിക്കുകയുള്ളൂ.' (Raymond-E-Brown: Responses to 101 Questions on the Bible Page 31)

ബൈബിളിലെ ചരിത്രപരമായ അബദ്ധങ്ങൾക്കുള്ള രണ്ട് ഉദാഹരണങ്ങൾ കാണുക:

(i) യാക്കോബിൻെറ പന്ത്രണ്ട് പുത്രന്മാരിൽ ഒരാളുടെ പേരാണ്

'ദാൻ'. ഭാര്യയായ റാഹേലിൻെറ ദാസി ബിൽഹയിൽ യാക്കോബിനുണ്ടായ ഒന്നാമത്തെ സന്തതി. (ഉൽപ്പത്തി 30:1-6) ദാനിൻെറ പുത്രപാരമ്പര്യത്തിനാണ് ദാൻ കുടുംബം എന്ന് പറയുന്നത്. (സംഖ്യ 26:42,43) എഫ്രയീം ഗോത്രത്തിന് തെക്കും ഫെലിസ്ത്യ ദേശത്തിന് വടക്കുകിഴക്കുമുള്ള ഒരു ഇടുങ്ങിയ മലമ്പ്രദേശമായിരുന്നു ആദ്യ കാലത്ത് ഈ ഗോത്രത്തിൻേറതായുണ്ടായിരുന്നത്. കാനാന്യരുടെ ഉപദ്രവങ്ങൾ കാരണം ദാന്യരിൽ ചിലർ ദക്ഷിണ പലസ്തീനിലുള്ള തങ്ങളുടെ നാടുപേക്ഷിച്ച് പുറപ്പെട്ട് കാനാൻ ദേശത്തിൻെറ വടക്കേ അതിർത്തിയിലുള്ള 'ലേശേം' (ലേയീശ് എന്നും പേരുണ്ട്) എന്ന ഗ്രാമം പിടിച്ചടക്കി അതിന് തങ്ങളുടെ പിതാവായ ദാനിൻെറ പേര് നൽകുകയും അവിടെ കുടിയേറിപ്പാർക്കുകയും ചെയ്തു. ഇക്കാര്യം യോശുവയുടെ പുസ്തകത്തിൽ സൂചിപ്പിക്കുന്നത് കാണുക: "തങ്ങളുടെ ദേശം നഷ്ടപ്പെട്ടപ്പോൾ ദാനിയർ ലേശെമിനെതിരെ പൊരുതി അത് പിടിച്ചടക്കി; വാളിന്നിരയാക്കി അവർ അത് കൈവശമാക്കി അവിടെ പാർത്തു. അവർ ലേശെമിന്ന് ദാൻ എന്ന് പേരു കൊടുത്തു; തങ്ങളുടെ പൂർവ്വികനായ ദാനിൻെറ പേര്' (യോശുവ 19:47)

ഇതിൽനിന്ന് അബ്രഹാമിന് ശേഷം ഒരുപാട് കാലം കഴിഞ്ഞാണ് ദാൻ എന്ന പേരിൽ ഒരു പ്രദേശമുണ്ടായത് എന്ന വസ്തുത സുതരാം വ്യക്തമാണ്. എന്നാൽ അബ്രഹാമിൻെറ കാലത്തുതന്നെ ദാൻ എന്ന പ്രദേശമുണ്ടായിരുന്നുവെന്ന് തോന്നിപ്പിക്കുന്ന വ്യക്തമായ വചനങ്ങൾ ബൈബിളിലുണ്ട്. ഉൽപ്പത്തി പുസ്തകം നോക്കുക: "സഹോദര പുത്രനെ തടവുകാരനായി കൊണ്ടുപോയ വിവരമറിഞ്ഞപ്പോൾ അബ്രഹാം തൻെറ വീട്ടിൽ പിറന്നവരും പരിശീലനം നേടിയവരുമായ മുന്നൂറ്റി പതിനെട്ട് യോദ്ധാക്കളുമായി പുറപ്പെട്ട് ശത്രുവിനെ ദാൻവരെ പിന്തുടർന്നു" (ഉൽപ്പത്തി 14:14)

അബ്രഹാമിൻെറ കാലത്ത് ദാൻ എന്ന ഒരു പ്രദേശം തന്നെ നിലവിലുണ്ടായിരുന്നില്ലെന്നാണ് ബൈബിൾ പറയുന്നത്. പിന്നെയെങ്ങനെയാണ് അബ്രഹാം ദാനിലേക്ക് പോവുക? ഇത് ബൈബിളിലുള്ള വ്യക്തമായ ചരിത്രവൈരുദ്ധ്യങ്ങളിലൊന്നാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

(ii) ഇസ്രായേൽ സ്ഥാപിച്ച രണ്ട് സംഭരണശാലാനഗരങ്ങളെക്കുറിച്ച് ബൈബിൾ നമുക്ക് പറഞ്ഞ് തരുന്നുണ്ട്. പീഥോമും രാംസെസുമാണവ. പുറപ്പാട് പുസ്തകം പറയുന്നത് കാണുക. "അപ്പോൾ അവർ കഠിനാധ്വാനംകൊണ്ട് ഇസ്രായേൽ ജനങ്ങളെ പീഡിപ്പിക്കുവാൻ കങ്കാണികളെ ഏർപ്പെടുത്തി. ഇങ്ങനെ പീഥോം, രാംസെസ് എന്നീ സംഭരണശാലാ നഗരങ്ങൾ അവർ ഫറോവോനുവേണ്ടി നിർമ്മിക്കുകയും ചെയ്തു" (പുറ 1:11)





ഈ രണ്ട് നഗരങ്ങളും സ്ഥാപിക്കപ്പെട്ടത് രാംസെസ് രണ്ടാമന്റെ (ബി.സി 1279-1212) കാലത്താണ്. 'രാംസെസ് II എന്ന ഫറോവായുടെ ഓർമ്മക്കായാണത്രെ നഗരത്തിന് ഈ പേര് നൽകപ്പെട്ടത്" (ഡോ. ഡി. ബാബുപോൾ: വേദശബ്ദ രത്നാകരം, പുറം 584). "യോസേഫിനെക്കുറിച്ച് അറിവില്ലാത്ത ഒരു പുതിയ രാജാവായാണ് രാംസെസിനെ ബൈബിൾ പരിചയപ്പെടുത്തുന്നത്. 'യോസേഫിനെക്കുറിച്ച് അറിവില്ലാതിരുന്ന പുതിയ ഒരു രാജാവ് ഈജിപ്തിൽ അധികാരമേറ്റു" (പുറ 1:8)വെന്നാണ് രാംസെസിൻെറ അധികാരാരോഹണത്തെപ്പറ്റി ബൈബിൾ പറയുന്നത്. യോസേഫിന് ശേഷം കുറെ കാലംകഴിഞ്ഞാണ് രാംസെസ് അധികാരമേറ്റതെന്നർത്ഥം. ഈ രാംസെസിൻെറകാലത്ത് നിർമ്മിക്കപ്പെട്ടതാണ് രാംസെസ് നഗരം. യോസഫിൻെറ കാലത്ത് ഇങ്ങനെയൊരു നഗരമുണ്ടായിരുന്നില്ലെന്നർത്ഥം.

എന്നാൽ ഉൽപത്തി പുസ്തകം പറയുന്നത് ഇതിൽനിന്ന് തികച്ചും വിരുദ്ധമായ സംഗതിയാണ്. യാക്കോബിനും പുത്രന്മാർക്കും കൂടി ഫറോവയുടെ നിർദ്ദേശപ്രകാരം കൈവശംകൊടുക്കപ്പെട്ട നഗരമാണ് രാംസെസ് എന്നാണ് ഉൽപത്തി പുസ്തകത്തിലുള്ളത്. "യോസേഫ് പിതാവിനെയും സഹോദരന്മാരെയും ഈജിപ്തിൽ കുടിയിരുത്തി. ഈജിപ്ത് ദേശത്തിലെ ഏറ്റവും നല്ല പ്രദേശമായ രാംസസ് ദേശത്ത് ഫറോവാൻ കൽപിച്ചത് പ്രകാരം, അവർക്ക് കൈവശാവകാശം കൊടുത്തു" (ഉൽപത്തി 47:11)

യോസേഫിൻെറ കാലത്ത് രാംസെസ് നഗരംതന്നെയുണ്ടായിരുന്നില്ല. പിന്നെയെങ്ങനെയാണ് രാംസെസ് നഗരത്തിൻെറ കൈവശാവകാശം അദ്ദേഹം പിതാവിനും സഹോദരങ്ങൾക്കും നൽകുക?

ഇങ്ങനെ ബൈബിളിൽ ഒട്ടനവധി അബദ്ധങ്ങൾ നമുക്ക് കാണാനാവും. ഈ അബദ്ധങ്ങളെ ന്യായീകരിക്കുവാനോ വ്യാഖ്യാനിക്കുവാനോ കഴിയാതെ പ്രയാസപ്പെടുകയാണ് ബൈബിൾ പണ്ഡിതന്മാർ.

**ബൈബിളിലും ഖുർആനിലും ഏകദേശം സമാനമായ ചരിത്രക ഥകളാണ് പരാമർശിച്ചിട്ടുള്ളത് എന്ന വസ്തുതയിൽനിന്ന് മുഹമ്മദ് നബി (സ) ബൈബിളിൽനിന്ന് കോപ്പിയടിച്ച് പകർത്തി എഴുതിയ താണ് ഖുർആൻ എന്ന് വാദിച്ചുകൂടെ?**

ഏകനായ സ്രഷ്ടാവ് നിയോഗിച്ചയച്ച പ്രവാചകന്മാരെക്കുറിച്ച് ബൈബിളിലും ഖുർആനിലും വന്ന സമാനമായ ചരിത്രപരാമർശങ്ങ ളുടെ വെളിച്ചത്തിൽ ബൈബിളിൽനിന്ന് പകർത്തിയെഴുതിയതാണ് ഖുർആൻ എന്ന വാദം മിഷനറിമാരും ഓറിയൻറലിസ്റ്റുകളും ഭൗതി കവാദികളുമെല്ലാമായ വിമർശകർ ഒരേസ്വരത്തിൽ ഉന്നയിക്കാറുണ്ട്. ഈ വാദത്തിൽ എത്രത്തോളം കഴമ്പുണ്ട്? താഴെ പറയുന്ന വസ്തു തകളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഈ വാദം ശുദ്ധ അസംബ ന്ധമാണെന്ന് ബോധ്യമാകും.

ഒന്ന്) മുഹമ്മദ് നബി (സ) നിരക്ഷരനായിരുന്നു. ബൈബിൾ പഴയനിയമവും പുതിയനിയമവും വായിച്ചു മനസ്സിലാക്കി അതിൽ നിന്ന് പകർത്തിയെഴുതുക അദ്ദേഹത്തിന് സ്വന്തമായി അസാധ്യമാ യിരുന്നു. ശിഷ്യന്മാരിൽ ആരുടെയെങ്കിലും സഹായത്തോടെ അദ്ദേ ഹം അത് നിർവഹിച്ചുവെന്ന് കരുതാനും വയ്യ. അങ്ങനെ ചെയ്തി രുന്നുവെങ്കിൽ ശിഷ്യന്മാരിൽ ചിലർക്കെങ്കിലും അത് അറിയാൻ കഴി യേണ്ടതായിരുന്നു. അത് മുഖേന മുഹമ്മദ് നബി (സ)യുടെ വിശ്വാ സ്യതയിൽ അവർ സംശയിക്കുകയും അവർ തമ്മിലുള്ള ബന്ധ ത്തിന് ഉലച്ചിൽതട്ടുകയും ചെയ്യുമായിരുന്നു. മുഹമ്മദ് നബി (സ)യു ടെ ശരീരത്തിൽ ഒരു പോറലെങ്കിലുമേൽക്കുന്നതിന് പകരം സ്വന്തം ജീവൻ ബലിയർപ്പിക്കുവാൻ സന്നദ്ധരായവരായിരുന്നു പ്രവാചക ശിഷ്യന്മാർ എന്നോർക്കുക. പ്രവാചകനിൽ (സ) ഏതെങ്കിലുംതര ത്തിലുള്ള അവിശ്വാസ്യതയുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ ത്യാഗം ചെയ്യാൻ സന്നദ്ധരായ ഒരു അനുയായിവൃന്ദത്തെ വളർത്തിയെടു ക്കുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ലെന്ന് തീർച്ചയാണ്.

“ഇതിന് മുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിൻെറ വലതുകൈകൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്ക് സംശയിക്കാമാ യിരുന്നു'' (വി.ഖു. 29:48).

രണ്ട്) മുഹമ്മദ് നബി(സ)യുടെ ജീവിതകാലത്ത് ബൈബിൾ





പഴയനിയമമോ പുതിയനിയമമോ അറബിയിലേക്ക് പരിഭാഷപ്പെടു ത്തപ്പെട്ടിട്ടുണ്ടായിരുന്നില്ല. അറബിയിലുള്ള പഴയനിയമവും പുതി യനിയമവുമെല്ലാം ഉണ്ടായതുതന്നെ ഇസ്‌ലാമിൻെറ ദിഗ്‌വിജയങ്ങൾ ക്ക് ശേഷമാണ്. പഴയ നിയമ രേഖകളെക്കുറിച്ച് സൂക്ഷ്മ പഠനം ന ടത്തിയ ഏണസ്റ്റ് വൂർഥ്‌വിൻ എഴുതുന്നത് കാണുക: “ഇസ്‌ലാമി ൻെറ വ്യാപനത്തോടുകൂടി അറബിയുടെ ഉപയോഗം വ്യാപകമാവു കയും ഇസ്‌ലാമിക രാജ്യങ്ങളിലെ ജൂതന്മാരുടെയും ക്രിസ്ത്യാനി കളുടെയും ദൈനംദിനജീവിതത്തിലെ ഭാഷയായി അറബി മാറുക യും ചെയ്തു. ബൈബിളിൻെറ അറബി പതിപ്പുകൾ അനിവാര്യമാക്കി ത്തീർത്ത ഈ സാഹചര്യത്തിൽ സ്വതന്ത്രവും പ്രാഥമികമായ വ്യാഖ്യാന സംബന്ധിയുമായ നിരവധി പതിപ്പുകൾ പുറത്തുവന്നു”.

(Ernst Wurthewein: The Text of The Old Testament Page 104). ഒമ്പതാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിലാണ് പഴയ നിയമബൈ ബിൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടതെന്നാണ് ലഭ്യമായ കയ്യെഴുത്ത് രേഖകൾ വ്യക്തമാക്കുന്നത് (Ibid Page 224-225). ഏക ദേശം ഇക്കാലത്തുതന്നെയാവണം പുതിയ നിയമവും അറബിയി ലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടത്. പ്രഗത്ഭനായ സിഡ്നി എച്ച്. ഗ്രിഫി ത്തിൻെറ വരികൾ കാണുക:

“അറബിയിലുള്ള സുവിശേഷങ്ങളടങ്ങിയ ഏറ്റവും പുരാതനമാ യ കയ്യെഴുത്ത് രേഖ ‘സിനായ് അറബി കയ്യെഴുത്ത് പ്രതി 72’ (Sinai Arabic MS72) ആണ്. ജറുസലേം സഭയുടെ ഗ്രീക്ക് പ്രാർത്ഥനാ കല ണ്ടറിൻെറ കാലക്രമാടിസ്ഥാനത്തിൽ അധ്യായങ്ങൾ രേഖപ്പെടുത്തി യ നാല് കാനോനിക സുവിശേഷങ്ങളും ഇതിലുണ്ട്. രേഖയുടെ അന്ത്യത്തിലെ കുറിപ്പ് വ്യക്തമാക്കുന്നത് ഈ കയ്യെഴുത്ത് രേഖ അറബി കലണ്ടർ 284ൽ അഥവാ ക്രിസ്താബ്ദം 897ൽ റംലയിലെ സ്റ്റീഫൻ (Stephen of Ramlah) എഴുതിയതാണെന്ന് (Sidney H Griffith: The Gospel in Arabic: An Enquiry Into its Appearance In the First Abbasi Century Page 132) എന്നാൽ അപ്പോസ്തല പ്രവൃത്തിക ളും പൗലോസിൻെറ ലേഖനങ്ങളും കാതോലിക ലേഖനങ്ങളുമുൾ ക്കൊള്ളുന്ന Sinai Arabic MS151 എന്ന കയ്യെഴുത്ത് രേഖ ഹിജ്റ253 ൽ അഥവാ ക്രിസ്താബ്ദം 867ൽ സുറിയാനിയിൽനിന്ന് അറബിയി ലേക്ക് ബിസ്ർബ്നുസിർറി എന്നയാൾ വിവർത്തനം ചെയ്തതായി കാണുന്നുണ്ട്. ഇതിൽ സുവിശേഷങ്ങളില്ലെന്ന കാര്യം പ്രത്യേകം

ശ്രദ്ധേയമാണ്. (Ibid Page 131).

മുഹമ്മദ് നബി(സ)ക്ക് ശേഷം രണ്ട് നൂറ്റാണ്ടുകളെങ്കിലും കഴിഞ്ഞാണ് പുതിയനിയമവും പഴയനിയമവുമെല്ലാം അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. നിരക്ഷരനായിരുന്ന മുഹമ്മദ് നബി (സ) മറ്റാരിൽനിന്നെങ്കിലും അറബിയിലുള്ള ബൈബിൾ വായിച്ചുകേട്ട ശേഷം അതിലെ കഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതിയതാണ് ഖുർആൻ എന്ന വാദവും ഇവിടെ അപ്രസക്തമാവുകയാണ്. അറബിയിൽ നിലവിലില്ലാത്ത ഒരു ഗ്രന്ഥം വായിച്ചുകേട്ടുവെന്ന് കരുതുന്നത് നിരർത്ഥകമാണെന്ന് പറയേണ്ടതില്ലല്ലോ.

മൂന്ന്) പ്രവാചകന്മാരുടെ ചരിത്രം വിവരിക്കുന്നിടത്ത് അധാർമ്മികരും അസാന്മാർഗികരുമായിരുന്നു അവരെന്ന് വരുത്തിത്തീർക്കുന്ന തരത്തിലാണ് ബൈബിൾ അത് നിർവ്വഹിച്ചിരിക്കുന്നത്. മദ്യപിച്ച് നഗ്നനായ നോഹും ലഹരിമൂത്ത് സ്വപുത്രിമാരുമായി ശയിച്ച ലോത്തും ചതിയനായ യാക്കോബും വിഷയലമ്പടനായ ദാവീദും മദ്യം വിളമ്പിയ യേശുവുമെല്ലാം, ധർമ്മത്തിലേക്ക് ജനങ്ങളെ നയിക്കാനായി നിയോഗിക്കപ്പെട്ടവരായിരുന്നു പ്രവാചകന്മാർ എന്ന സങ്കൽപത്തിന് കടകവിരുദ്ധമായ കഥകളാണെന്ന് പറയേണ്ടതില്ലല്ലോ. ഖുർആനിലെ ചരിത്രവിവരണത്തിൽ ഇത്തരം യാതൊരു കഥകളും കാണുന്നില്ല. ബൈബിളിൽനിന്ന് മുഹമ്മദ് നബി (സ) പകർത്തിയെഴുതിയതായിരുന്നു ഈ കഥകളെങ്കിൽ പ്രവാചകന്മാരിൽ ബൈബിൾ ആരോപിച്ച അധാർമ്മികതകളിലേതെങ്കിലും ഖുർആനിലും സ്ഥാനം പിടിക്കേണ്ടതായിരുന്നു. അങ്ങനെയില്ലെന്ന് മാത്രമല്ല, പ്രവാചകന്മാരെല്ലാം ഉന്നതരും വിശുദ്ധരുമായിരുന്നുവെന്ന വസ്തുത വ്യക്തമാക്കുന്നതാണ് ഖുർആനിലെ പ്രവാചക കഥനങ്ങളെല്ലാമെന്ന കാര്യം അത് ബൈബിളിൽനിന്ന് പകർത്തിയെഴുതിയതാണെന്ന വാദത്തിൻെറ നട്ടെല്ലൊടിക്കുന്നുണ്ട്.

നാല്) ചരിത്രത്തിൻെറ അളവുകോലുകൾ വെച്ചുനോക്കുമ്പോൾ വസ്തുനിഷ്ഠചരിത്രത്തിന് നിരക്കാത്ത നിരവധി പ്രസ്താവനകൾ ബൈബിൾ നടത്തുന്നുണ്ട്. ഇത് ബൈബിൾ പണ്ഡിതന്മാർ തന്നെ അംഗീകരിക്കുന്നതാണ്. ''ചരിത്രപരമായി കൃത്യമല്ലാത്ത ചില പ്രസ്താവനകളും ബൈബിളിൽ കണ്ടേന്നുവരാം" (ബൈബിൾ വിജ്ഞാനകോശം പുറം 12). ബൈബിളിൽനിന്ന് പകർത്തിയെഴുതിക്കൊണ്ട് മുഹമ്മദ് നബി (സ)രചിച്ചതായിരുന്നു ഖുർആനെങ്കിൽ അതിൽ





ബൈബിളിലേതുപോലെ ചരിത്രപരമായി കൃത്യമല്ലാത്ത പ്രസ്താവനകൾ കാണപ്പെടേണ്ടതായിരുന്നു. എന്നാൽ, അത്തരം യാതൊരു പ്രസ്താവനയും ഖുർആനിലില്ല.

അഞ്ച്) ആധുനിക ശാസ്ത്രത്തിൻെറ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ബൈബിളിൽ നിരവധി അശാസ്ത്രീയമായ പരാമർശങ്ങൾ കാണാനാവും. സൂര്യൻെറ സൃഷ്ടിക്ക് മുമ്പുതന്നെ രാപ്പകലുകളുണ്ടായതായി വിവരിക്കുന്ന ഉൽപത്തി പുസ്തകം മുതലാരംഭിക്കുന്നു ബൈബിളിലെ ശാസ്ത്രവിരുദ്ധമായ പരാമർശങ്ങൾ. രാപ്പകലുകളുണ്ടാവുന്നത് സൂര്യചന്ദ്രന്മാരുടെ ചലനം മൂലമാണെന്നും (യേശു 10:12,13), ഭൂമി ഇളകാതെ നിശ്ചലമായി നിൽക്കുകയാണെന്നും (സങ്കീ 104:5) മുയൽ അയവിറക്കുന്ന ജീവിയാണെന്നു (ആവ 14:7) മെല്ലാമുള്ള ബൈബിൾ പരാമർശങ്ങൾ അതിൻെറ അശാസ്ത്രീയതക്ക് ഉദാഹരണങ്ങളാണ്. ഈ പരാമർശങ്ങളെല്ലാം വരുന്നത് പ്രവാചകകഥനങ്ങൾക്കിടയിലാണെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ബൈബിളായിരുന്നു ഖുർആനിൻെറ രചനയ്ക്കുപയോഗിച്ചിരുന്ന സ്രോതസ്സെങ്കിൽ ഈ അശാസ്ത്രീയമായ പരാമർശങ്ങളെല്ലാം ഖുർആനിലും സ്ഥാനം പിടിക്കുമായിരുന്നു. ഈ പരാമർശങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണെന്ന അറിവ് മുഹമ്മദ് നബി (സ) യുടെ കാലത്തുണ്ടായിരുന്നില്ലെന്നോർക്കുക. എന്നാൽ ഖുർആനിൽ ഇത്തരം യാതൊരുവിധ പരാമർശങ്ങളുമില്ല. ഖുർആനിലെ ഒരൊറ്റ വചനമെങ്കിലും ഏതെങ്കിലും ശാസ്ത്രവസ്തുതകളുമായി വൈരുദ്ധ്യം പുലർത്തുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല. ബൈബിളിൽനിന്ന് പകർത്തിക്കൊണ്ട് മുഹമ്മദ് നബി (സ) രചിച്ച ഗ്രന്ഥമാണ് ഖുർആനെന്ന് വാദിക്കുകയാണെങ്കിൽ തനിക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് വരാനിരിക്കുന്ന ശാസ്ത്രമുന്നേറ്റങ്ങൾ കൂടി മുൻകൂട്ടി കാണാൻ കഴിയുകയും അതിൻെറ അടിസ്ഥാനത്തിൽ ബൈബിളിലുള്ള അശാസ്ത്രീയതകൾ അറിഞ്ഞ് അവയെല്ലാം അരിച്ചൊഴിവാക്കി സംശുദ്ധമായ ചരിത്രം മാത്രം എടുത്തുദ്ധരിക്കുകയും ചെയ്ത അതിമാനുഷനാണ് അദ്ദേഹമെന്ന് പറയേണ്ടിവരും. സർവ്വശക്തനായ സ്രഷ്ടാവിൻെറ വചനങ്ങളാണ് ഖുർആനിലുള്ളതെന്ന വസ്തുത നിഷേധിക്കുവാൻ തെളിവ് പരതുന്നവർ മുഹമ്മദ് നബി (സ)യെ ദൈവമാക്കുന്ന പരിണാമഗുപ്തിയിലാണ് എത്തിച്ചേരുകയെന്നർത്ഥം.

ആറ്) ബൈബിളിൽ പറയാത്ത ചില പ്രവാചകന്മാരുടെയും സമു

ദായങ്ങളുടെയും ചരിത്രം ഖുർആൻ വിവരിക്കുന്നുണ്ട്. ആദ്, സമൂദ് ഗോത്രങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ഹൂദ് നബിയുടെയും സാലിഹ് നബിയുടെയും ചരിത്രം ഉദാഹരണം. ബൈബിളിലെവിടെയും കാണാനാവാത്ത പ്രവാചകന്മാരാണിവർ. ബൈബിളിൽനിന്ന് കോപ്പിയടിക്കുകയാണ് മുഹമ്മദ് നബി (സ)ചെയ്തതെങ്കിൽ ഈ ചരിത്രങ്ങൾ അദ്ദേഹത്തിന് എവിടെനിന്നാണ് കിട്ടിയത്?

ഏഴ്) ബൈബിളിൽ പരാമർശിക്കപ്പെട്ട പ്രവാചകന്മാരുടെ ചരിത്രം പറയുമ്പോൾതന്നെ ബൈബിളിലൊരിടത്തും പരാമർശിക്കാത്ത നിരവധി സംഭവങ്ങൾ ഖുർആനിൽ വിശദീകരിക്കുന്നുണ്ട്. നൂഹ് നബി (അ)യും അവിശ്വാസിയായ മകനും തമ്മിൽ നടന്ന സംഭാഷണവും മകൻ പ്രളയത്തിൽപെട്ട സംഭവവിവരണവും സൂറത്തു ഹൂദിൽ (11:42–46) കാണാം. ഇങ്ങനെ യാതൊന്നും ബൈബിളിലെവിടെയുമില്ല. ഇബ്രാഹീം നബിയും നംറൂദും തമ്മിൽ നടന്ന സംവാദവും (ഖുർആൻ 2:258) പിതാവുമായി നടന്ന സംഭാഷണവും (ഖുർആൻ 6:74, 19:41–49, 43:26,27) മരണാനന്തര ജീവിതത്തിന്റെ സത്യത ബോധ്യപ്പെടുന്നതിനായി, പക്ഷികളെ കഷ്ണിച്ച് നാല് മലകളിൽ വെച്ചശേഷം അവയെ വിളിച്ചാൽ അവ ഓടിവരുന്നതാണെന്ന് അല്ലാഹു അദ്ദേഹത്തോട് പറഞ്ഞ സംഭവവും (2:260) തീയിലേക്ക് വലിച്ചെറിയപ്പെടുകയും അതിൽ നിന്ന് അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്ത ചരിത്രവു(21:56–70)മൊന്നും ബൈബിളിലൊരിടത്തും കാണാൻ കഴിയില്ല. ദൈവിക കൽപന പ്രകാരം ഒരു പശുവിനെ അറുക്കാൻ മൂസാ (അ) ഇസ്രായീല്യരോട് നിർദേശിക്കുകയും, പശുവിന്റെ പ്രത്യേകതകൾ ചോദിച്ച് അതിന്റെ നിർവ്വഹണം അവർ പ്രയാസകരമാക്കുകയും ചെയ്ത സംഭവവും (ഖുർആൻ 2:67–71) കൊലപാതകക്കുറ്റം തെളിയിക്കാനായി പശുവിനെ അറുത്ത് അതിന്റെ ഒരുഭാഗംകൊണ്ട് അടിക്കുവാൻ കൽപിച്ച കഥനങ്ങളും (2:72, 73) മൂസാ നബി (അ)യുടെ ജീവിതവുമായി ബന്ധപ്പെടുത്തി ബൈബിളിലൊരിടത്തും പ്രസ്താവിക്കുന്നില്ല. ഈസാ നബി (അ)യുടെ ജനനം മുതൽ തന്നെയുള്ള ബൈബിളിൽ പറയാത്ത പല സംഭവങ്ങളും ഖുർആനിൽ പരാമർശിക്കുന്നുണ്ട്. സകരിയ്യായുടെ സംരക്ഷണത്തിൽ പ്രാർത്ഥനാസ്ഥലത്ത് താമസിച്ചുകൊണ്ടിരുന്ന മർയമിന്റെ കുട്ടിക്കാലത്ത് അവർക്ക് അത്ഭുതകരമായി ഭക്ഷണസാധനങ്ങൾ ലഭിച്ച സംഭവം (ഖുർആൻ 3:37), മർയമിന്റെ പ്രസവസമ





യത്ത് അവർക്ക് നൽകപ്പെട്ട പ്രത്യേക അനുഗ്രഹങ്ങളെക്കുറിച്ച വിവരണം (19:23–26), ഈസാ (അ) തൊട്ടിലിൽവെച്ച് സംസാരിച്ച് തന്റെ നിയോഗം പ്രഖ്യാപിച്ചുകൊണ്ട് തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച ചരിത്രം (19:29,30), കളിമണ്ണുകൊണ്ട് പക്ഷിയുടെ രൂപമുണ്ടാക്കി ഈസാ (അ) അതിൽ ഊതിയപ്പോൾ അല്ലാഹുവിന്റെ അനുമതിപ്രകാരം അതൊരു പക്ഷിയായി രൂപാന്തരപ്പെട്ട സംഭവം (3:49) ഇതൊന്നുംതന്നെ ബൈബിളിൽ ഒരിടത്തും പരാമർശിക്കുന്നുപോലുമില്ല. ബൈബിളിൽനിന്ന് മുഹമ്മദ് നബി (സ) പകർത്തിയെഴുതിക്കൊണ്ടാണ് ഖുർആൻ രചിച്ചതെങ്കിൽ ബൈബിളിലൊരിടത്തും പരാമർശിക്കാത്ത പ്രവാചകന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട കഥകൾ അദ്ദേഹത്തിന് എവിടെനിന്നുകിട്ടി? സത്യത്തിൽ ഖുർആൻ ദൈവ വചനമായതുകൊണ്ടാണ് ബൈബിളിലെവിടെയും സൂചിപ്പിക്കാത്ത സംഭവങ്ങൾപോലും അതിൽ നമുക്ക് കാണാൻ കഴിയുന്നത്. മർയത്തിന്റെ ബാല്യകാല സംഭവങ്ങൾ വിവരിക്കവെ ഖുർആൻ പറഞ്ഞത് എത്ര ശരി! “(നബിയേ) നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അവയൊക്കെ. അവരിൽ ആരാണ് മർയത്തിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുവാനായി അവർ തങ്ങളുടെ അമ്പുകൾ ഇട്ടുകൊണ്ട് നറുക്കെടുപ്പ് നടത്തിയിരുന്ന സമയത്ത് നീ അവരുടെ അടുത്തുണ്ടായിരുന്നില്ലല്ലോ. അവർ തർക്കത്തിലേർപ്പെട്ടുകൊണ്ടിരുന്നപ്പോഴും നീ അവരുടെ അടുത്തുണ്ടായിരുന്നില്ല” (വി.ഖു. 3:44).

എട്ട്) ബൈബിളിൽ പരാമർശിക്കപ്പെട്ട കഥകൾ പറയുമ്പോഴും ബൈബിളിൽനിന്ന് വ്യത്യസ്തമായി കൃത്യതയും സൂക്ഷ്മതയും ഖുർആൻ കാത്തുസൂക്ഷിക്കുന്നത് കാണാം. ഉദാഹരണത്തിന് മോശ-സീനായ് പർവതത്തിലേക്ക് പോയ അവസരത്തിൽ ഇസ്രായീല്യർക്ക് അവരുടെ ആവശ്യപ്രകാരം സ്വർണംകൊണ്ട് കാളക്കുട്ടിയെ നിർമിച്ച് ആരാധനക്കായി നൽകിയത് മോശയുടെ കൂട്ടാളിയും പ്രവാചകനുമായ അഹരോണായിരുന്നുവെന്നാണ് പുറപ്പാട് പുസ്തകം (32:1–6) പറയുന്നത്. ഖുർആനും ബൈബിളുമെല്ലാം പരിശുദ്ധ പ്രവാചകനായി പരിചയപ്പെടുത്തുന്ന ഹാറൂനി(അ)ൽ നിന്ന് വിഗ്രഹാരാധനക്ക് കൂട്ടുനിൽക്കുകയെന്ന മഹാപാപം സംഭവിക്കാനിടയില്ലെന്ന് ഏത് സാമാന്യ ബുദ്ധിക്കും മനസ്സിലാവും. ഖുർആനും പ്രസ്തുത സംഭവം വിവരിക്കുന്നുണ്ട്. പക്ഷെ, സ്വർണപശുവിനെയുണ്ടാക്കു

കയും അതിനെ ആരാധിക്കുവാൻ ഇസ്രായീല്യരെ പ്രേരിപ്പിക്കുകയും ചെയ്തത് ഹാറൂന(അ)ല്ല; പ്രത്യുത ഇസ്രായീല്യരിൽപെട്ട ഒരു കപടനായ സാമിരിയാണ് ഇത് ചെയ്തതെന്നും അതുമൂലം അയാൾ ദൈവകോപത്തിനും ശപിക്കപ്പെട്ട രോഗത്തിനും വിധേയനായെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത് (20:85-95). ബൈബിളിൽ പരാമർശിക്കപ്പെട്ട കഥകൾ വിവരിക്കുമ്പോഴും അതിലെ നെല്ലും പതിരും വേർതിരിച്ച് സത്യസന്ധവും സൂക്ഷ്മവുമായ രീതിയിൽ അവ ജനസമക്ഷം വെക്കുന്ന ഖുർആൻ ദൈവികമാണെന്ന് അതിൻെറ ഈ പ്രത്യേകത തന്നെ സുതരാം വ്യക്തമാക്കുന്നു.



# മൂന്ന്
# ഖുർആനും വേദക്കാരും

**പ്രവാചക പത്നിയായ ഖദീജ (റ)യുടെ ബന്ധുവും ക്രിസ്ത്യാനിയുമായിരുന്ന വറഖത്തുബ്നു നൗഫൽ പറഞ്ഞുകൊടുത്ത് എഴുതിയതാണ് ഖുർആനിലെ ചരിത്രകഥകളെന്ന ആരോപണത്തെക്കുറിച്ച് എന്ത് പറയുന്നു?**

മുഹമ്മദ് (സ) നബിക്ക് വഹ്യ് കിട്ടിയശേഷം അദ്ദേഹത്തെ പത്നി ഖദീജ (റ) തൻെറ ബന്ധുവായ വറഖത്തുബ്നു നൗഫലിൻെറ അടുക്കലേക്ക് കൊണ്ടുപോയതായി പറയുന്ന സഹീഹുൽ ബുഖാരിയിലെ രണ്ട് ഹദീസുകളുടെ വെളിച്ചത്തിലാണ് ഇസ്‌ലാം വിമർശകന്മാർ വറഖയാവാം മുഹമ്മദി(സ)ന് ബൈബിളിലെ വിവരങ്ങൾ പറഞ്ഞുകൊടുത്തതെന്ന് സമർത്ഥിക്കുന്നത്. പ്രസ്തുത ഹദീസുകൾ കാണുക:

ആയിശ (റ) പറയുന്നു: "നബി തിരുമേനി (സ)ക്ക് തുടക്കത്തിൽ ലഭിച്ച ദൈവിക സന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടുന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയം പോലെ സ്പഷ്ടമായി പുലർന്നുകൊണ്ടേയിരുന്നു. പിന്നീട് തിരുമേനിക്ക് ഏകാന്തവാസം പ്രിയങ്കരമായിത്തോന്നി. അങ്ങനെ ഏതാനും രാത്രികൾ ഹിറാഗുഹയിൽ ഏകാന്തവാസം അനുഷ്ഠിച്ചു.

ആ രാത്രികൾക്കുള്ള ആഹാരപദാർത്ഥങ്ങളുമായി ഗുഹയിലേക്ക് പോകും. കുറെ രാത്രി ആരാധനയിൽ മുഴുകി അവിടെ കഴിച്ചുകൂട്ടും. പിന്നെ ഖദീജാ (റ)യുടെ അടുക്കലേക്ക് തിരിച്ചുവരും. വീണ്ടും ആഹാരപദാർത്ഥങ്ങൾ തയ്യാറാക്കി പുറപ്പെടും. ഹിറാ ഗുഹയിൽവെച്ച് തിരുമേനിക്ക് സത്യം വന്നുകിട്ടുന്നതുവരെ ഈ നില തുടർന്നുപോന്നു. അങ്ങനെ മലക്ക് തിരുമേനി (സ)യുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. "വായിക്കുക" എന്ന് പറഞ്ഞു. നബി (സ) പ്രതിവചിച്ചു. എനിക്ക് വളരെ വിഷമം അനുഭവപ്പെട്ടു. അനന്തരം എന്നെ വിട്ട് വീണ്ടും "വായിക്കുക" എന്ന് കൽപിച്ചു. വായിക്കാൻ അറിയില്ലെന്ന് ഞാൻ അപ്പോഴും മറുപടി നൽകി. മലക്ക് എന്നെ പിടിച്ച് ശക്തിയായി ആശ്ലേഷിച്ചു. എനിക്ക് വളരെ വിഷമം തോന്നി. പിന്നീട് എന്നെ വിട്ടശേഷം "വായിക്കുക" എന്ന് പറഞ്ഞു. എനിക്ക് വായന അറിയില്ലായെന്ന് പിന്നെയും ഞാൻ പറഞ്ഞപ്പോൾ മൂന്നാമതും മലക്ക് എന്നെ പിടിച്ച് ശക്തിയോടെ ആശ്ലേഷിച്ചു. അനന്തരം എന്നെ വിട്ടിട്ട് പറഞ്ഞു: "സ്രഷ്ടാവായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് അത്യുദാരനത്രെ" ഉടനെ പിടക്കുന്ന ഹൃദയത്തോടെ ഈ സന്ദേശവുമായി തിരുമേനി (സ) മടങ്ങി. ഖുവൈലിദിൻെറ മകൾ ഖദീജയുടെ അടുക്കൽ കയറിച്ചെന്ന് പുതച്ചുതരിക, പുതച്ചുതരിക എന്ന് അവിടുന്ന് അഭ്യർത്ഥിച്ചു. അവർ പുതച്ചുകൊടുത്തു. ആ ഭയം നിശ്ശേഷം നീങ്ങിയപ്പോൾ നടന്ന സംഭവങ്ങളെല്ലാം ഖദീജാ ബീവിയെ ധരിപ്പിച്ചു. തൻെറ ജീവന് എന്തെങ്കിലും ആപത്ത് സംഭവിക്കുമോ എന്ന് ഭയപ്പെടുന്നതായി അദ്ദേഹം അവരോട് പറഞ്ഞു. അപ്പോൾ ഖദീജ പറഞ്ഞു: ഇല്ല, അല്ലാഹുവാണെ സത്യം. അവൻ അങ്ങയെ ഒരിക്കലും അപമാനിക്കുകയില്ല. താങ്കൾ കുടുംബബന്ധം പുലർത്തുന്നു. പരാശ്രയരുടെ ഭാരം ചുമക്കുന്നു. അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം ചെയ്തുകൊടുക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. വിപൽഘട്ടങ്ങളിൽ ശരിയായ സഹായം നൽകുന്നു. പിന്നീട് തിരുമേനി (സ)യെയും കൂട്ടി ഖദീജ (റ) തൻെറ പിതൃവ്യപുത്രനായ വറഖത്ത്ബ്നു നൗഫലിബ്നി അസദിബ്നി അബ്ദിൽ ഉസ്സയുടെ അടുക്കലേക്ക് ചെന്നു. വറഖത്ത് അജ്ഞാനകാലത്ത് ക്രിസ്ത്യാനിയായവനും ഹിബ്രു ഭാഷയിൽ എഴുതാൻ പഠിച്ചവനുമായിരുന്നു. തന്നിമിത്തം അദ്ദേഹം സുവിശേഷത്തിൽനിന്ന് ചില ഭാ





ഗങ്ങൾ ഹിബ്രുവിൽ എഴുതിയെടുക്കാറുണ്ടായിരുന്നു. അദ്ദേഹം വയോവൃദ്ധനായി കൺകാഴ്ച തന്നെ നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ഖദീജ (റ) പറഞ്ഞു: "പിതൃവ്യപുത്രാ താങ്കളുടെ സഹോദര പുത്രന്റെ വിശേഷങ്ങൾ ഒന്ന് ശ്രദ്ധിക്കുക". വറഖത്ത് ചോദിച്ചു: "എൻെറ സഹോദര പുത്രാ നീ എന്താണ് ദർശിച്ചത്?" കണ്ടകാഴ്ചകളെല്ലാം തിരുമേനി (സ) വറഖത്തിനെ അറിയിച്ചു. വറഖത്ത് പറഞ്ഞു: ഇത് അല്ലാഹു മൂസാ (അ)യുടെ അടുക്കലേക്ക് അയച്ചിരുന്ന അതേ നന്മയുടെ രഹസ്യ സന്ദേശവാഹകനാണ്. താങ്കൾ മതപ്രബോധനം ചെയ്യുന്ന സന്ദർഭത്തിൽ ഞാനൊരു യുവാവായിരുന്നെങ്കിൽ! താങ്കളെ സ്വദേശത്ത് നിന്ന് സ്വജനത ബഹിഷ്കരിക്കുന്ന ഘട്ടത്തിൽ ഞാനൊരു യുവാവായിരുന്നുവെങ്കിൽ!!" തിരുമേനി (സ) ചോദിച്ചു. അവർ എന്നെ ബഹിഷ്കരിക്കുകയോ? വറഖത്ത് പറഞ്ഞു. താങ്കൾ കൊണ്ടുവന്നതുപോലെയുള്ള സന്ദേശങ്ങളുമായി വന്ന ഒരു മനുഷ്യനും തൻെറ ജനതയുടെ ശത്രുതയ്ക്ക് പാത്രമാകാതിരുന്നിട്ടില്ല. താങ്കളുടെ പ്രവർത്തനങ്ങൾ നടക്കുന്നദിവസം ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ സുശക്തമായ ഒരു സഹായം താങ്കൾക്ക് നൽകുമായിരുന്നു. പക്ഷെ, പിന്നീട് അധികം കഴിഞ്ഞില്ല. വറഖത്ത് മരണമടഞ്ഞു. ദൈവിക സന്ദേശങ്ങളുടെ അവതരണം നിലയ്ക്കുകയും ചെയ്തു" (സഹീഹുൽ ബുഖാരി).

ഈ ഹദീസുകൾ സത്യസന്ധവും മുൻധാരണയില്ലാത്തതുമായ വായനയ്ക്ക് വിധേയമാക്കിയാൽതന്നെ വറഖത്തുബ്നു നൗഫലിൽ നിന്നാണ് പ്രവാചകൻ (സ) ചരിത്രകഥകൾ മനസ്സിലാക്കിയത് എന്ന വാദം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാവും. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക:

(1) മുഹമ്മദ് നബി (സ)ക്ക് പ്രവാചകത്വം ലഭിക്കുമ്പോൾ വറഖത്തുബ്നു നൗഫൽ വാർധക്യംമൂലം കാഴ്ച നഷ്ടപ്പെട്ട വ്യക്തിയായിരുന്നു. ഇതുകഴിഞ്ഞ് അൽപകാലത്തിനകം അദ്ദേഹം മരണപ്പെട്ടിരിക്കണം. പൂർവ്വപ്രവാചകന്മാരെക്കുറിച്ച ഖുർആനിക പരാമർശങ്ങൾ അവതരിക്കുന്ന കാലത്ത് അദ്ദേഹം ജീവിച്ചിരുന്നുവെന്ന് കരുതാൻ വയ്യ. അദ്ദേഹം പറഞ്ഞുകൊടുത്ത് എഴുതിയതാകാം ഖുർആനിലെ പ്രവാചക കഥനങ്ങളെന്ന് കരുതുന്നത് അതുകൊണ്ടുതന്നെ യുക്തിസഹമല്ല.

(2) പൂർവ്വ പ്രവാചകന്മാരിൽ ചിലരുടെ കഥകൾ അടങ്ങിയ ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ടത് പ്രവാചകനും (സ) അനുചരന്മാരും തമ്മിൽ സംഭാഷണം നടത്തുമ്പോഴുള്ള പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും വേദക്കാരായ യഹൂദ ക്രൈസ്തവരുമായി സംവദിക്കുമ്പോൾ അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനുമായിരുന്നു. ഈ സമയത്തൊന്നും വറഖത്തുബ്നു നൗഫൽ പ്രവാചകനോടൊപ്പമുണ്ടായിരുന്നില്ലല്ലോ. പിന്നെയെങ്ങനെയാണ് പ്രവാചകൻ (സ) പൂർവ്വ പ്രവാചകന്മാരുടെ ചരിത്രത്തിൽനിന്ന് സൂക്ഷ്മവും കൃത്യവുമായി കാര്യങ്ങളുദ്ധരിക്കുക?

(3) മുഹമ്മദ് നബി (സ)ക്ക് വറഖത്തുബ്നു നൗഫൽ അദ്ദേഹത്തിൻെറ പ്രവാചകത്വ ലബ്ധിക്കുമുമ്പ് എന്തെങ്കിലും കാര്യങ്ങൾ പഠിപ്പിച്ചുകൊടുത്തിരുന്നെങ്കിൽ ആ സമൂഹത്തിലെ ചിലർക്കെങ്കിലും അക്കാര്യം അറിയാമായിരുന്നിരിക്കണം. പ്രവാചകൻെറ അനുചരന്മാരിലോ ശത്രുക്കളിലോ പെട്ട സമകാലികരായ ആരുംതന്നെ വറഖത്ത്ബ്നു നൗഫൽ പഠിപ്പിച്ചുകൊടുത്ത കാര്യങ്ങളാണ് മുഹമ്മദ് നബി (സ) ഖുർആനിൽ ഉൾക്കൊള്ളിക്കുന്നത് എന്ന ആരോപണമുന്നയിച്ചിരുന്നില്ല.

4) ജൂത-ക്രൈസ്തവ വേദങ്ങളിൽ പാണ്ഡിത്യമുണ്ടായിരുന്ന വറഖത്തുബ്നു നൗഫൽ മുഹമ്മദ് നബിക്ക് പൂർവ്വ പ്രവാചകന്മാരുടെ കഥകൾ പഠിപ്പിച്ചുകൊടുത്തിരുന്നുവെങ്കിൽ യഹൂദരും ക്രൈസ്തവരും വികലമാക്കിയ പ്രവാചക കഥനങ്ങളായിരിക്കണം അദ്ദേഹം പറഞ്ഞുകൊടുത്തിരിക്കുക. പ്രസ്തുത വിശദീകരണങ്ങളിൽ ബൈബിളിൽ ഇന്ന് കാണപ്പെടുന്ന രീതിയിലുള്ള അശാസ്ത്രീയവും ചരിത്രവിരുദ്ധവും വൈരുദ്ധ്യങ്ങളാൽ നിബിഡവുമായ കഥാകഥനങ്ങളുമുണ്ടാവും. അദ്ദേഹം പറഞ്ഞുകൊടുത്തതിൻെറ അടിസ്ഥാനത്തിൽ എഴുതിയതായിരുന്നു ഖുർആനെങ്കിൽ അതിലും ഇത്തരം അബദ്ധങ്ങളുണ്ടാവേണ്ടതായിരുന്നു. എന്നാൽ ഖുർആനിൽ ഇത്തരം അബദ്ധങ്ങളൊന്നുമില്ല.

5) പൂർവ്വ വേദങ്ങളിൽ പണ്ഡിതനായിരുന്ന വറഖത്തുബ്നു നൗഫൽ മുഹമ്മദ് നബി (സ)ക്കുണ്ടായ ആദ്യ ദിവ്യബോധനത്തിൻെറ അനുഭവങ്ങൾ കേട്ടപ്പോൾ ഇത് ദൈവിക ബോധനത്തിൻെറ ആരംഭമാണെന്നും "താങ്കളെ ജനം കയ്യൊഴിയുമ്പോൾ ഞാൻ ജീവിച്ചിരിക്കുന്നുവെങ്കിൽ ഞാൻ താങ്കളെ ശക്തമായി പിന്തുണക്കു"മെന്നും പറഞ്ഞതായാണ് നടേ ഉദ്ധരിച്ച ഹദീസുകൾ വ്യക്തമാക്കുന്നത്. തന്നിൽനിന്ന് കേട്ടുപഠിച്ച പ്രവാചകകഥകളുടെ അടിസ്ഥാനത്തിൽ താനും പ്രവാചകനാണെന്ന് വരുത്തിത്തീർക്കാൻ മുഹമ്മദ് (സ) ശ്രമിക്കുകയാണെന്ന ഒരു ചെറിയ ശങ്കപോലും വറഖത്തുബ്നു നൗഫലിനുണ്ടായില്ല. മുമ്പൊരിക്കലും മുഹമ്മദി(സ)ന് പൂർവ്വപ്രവാചകന്മാരുടെ കഥകൾ വറഖത്തുബ്നു നൗഫൽ പഠിപ്പിച്ചുകൊടുത്തിട്ടില്ലെന്ന സത്യം ഇതിലൂടെ സുതരാം വ്യക്തമാവുന്നുണ്ട്.





## താൻ ജീവിച്ചിരുന്ന സമൂഹത്തിലെ യഹൂദരും ക്രൈസ്തവരും പറയുന്ന കഥകളിൽനിന്ന് മുഹമ്മദ് നബി രൂപപ്പെടുത്തിയെടുത്തതാണ് ഖുർആനിലെ ചരിത്രകഥനങ്ങളെന്ന് വന്നുകൂടെ?

യഹൂദ ക്രൈസ്തവരോടൊപ്പം ജീവിക്കുവാൻ അവസരം ലഭിച്ച മുഹമ്മദ് നബി (സ) അവർ പറഞ്ഞിരുന്ന പ്രവാചകകഥകൾ കേട്ടിരിക്കാനിടയുണ്ടെന്നും പ്രസ്തുത കഥകളിൽ സ്വന്തമായ ഭാവന കൂട്ടിക്കലർത്തി അദ്ദേഹം രൂപപ്പെടുത്തിയെടുത്തതാണ് ഖുർആനിലെ ചരിത്രകഥകളെന്നും വാദിക്കുന്നവരുണ്ട്. ഈ വാദം തീരെ ദുർബ്ബലവും വ്യക്തമായ ചരിത്ര വസ്തുതകൾക്ക് വിരുദ്ധവുമാണ്. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക:

(1) ജൂതന്മാരൊ ക്രൈസ്തവരോ ഒരു മതസമൂഹമെന്ന നിലയ്ക്ക് മക്കയിൽ ഉണ്ടായിരുന്നതായി യാതൊരു രേഖയുമില്ല; ഒരു തെളിവുമില്ല. മുഹമ്മദ് നബി(സ)യുടെ കാലത്തോ മുമ്പോ യഹൂദ മതക്കാരോ ക്രൈസ്തവരോ മക്കയിൽ മതസമൂഹങ്ങളായി നിലനിന്നിരുന്നില്ലെന്നാണ് ചരിത്രം വ്യക്തമാക്കുന്നത്.

(i) മുഹമ്മദ് നബി (സ)ക്കുമുമ്പുതന്നെ അറേബ്യൻ ബഹുദൈവാരാധന വെറുത്ത ഏതാനും മക്കക്കാർ സ്വന്തമായി അബ്രാഹാമീ മതത്തിൻെറ വേരുകൾ തേടുകയും ഏകദൈവാരാധകരായി നിലനിൽക്കുകയും ചെയ്തിരുന്നതായി ചരിത്രഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. 'ഹനീഫുകൾ' എന്ന് വിളിക്കപ്പെടുന്ന ഇവർ നാല് പേരാണ്. വറഖത്തുബ്നു നൗഫൽ, അബ്ദുല്ലാഹിബ്നു ജഹ്ശ്, ഉഥ്മാനുബ്നു ഹുവാരിഥ്, സൈദുബ്നു അംറ് എന്നിവരാണവർ. തങ്ങളുടെ സമൂഹത്തിൽ നിലനിന്ന വിഗ്രഹാരാധനയെ വെറുക്കുകയും അബ്രഹാമീ മാർഗത്തിൽനിന്ന് സ്വസമൂഹം വഴിതെറ്റിയതിൽ ദുഃഖിക്കുകയും യഥാർത്ഥ ദൈവിക മതത്തിൻെറ വേരുകൾ തേടിപ്പോ

വുകയും ചെയ്തവരായിരുന്നു അവർ. അവരിലൊരാളായ വറഖത്തു ബ്നു നൗഫൽ ഈ അന്വേഷണത്തിൻെറ ഫലമായാണ് ക്രിസ്തു മതം സ്വീകരിച്ചത്. ഇവരെല്ലാവരും ഇബ്രാഹീമിൻെറ മതമായ യഥാർ ത്ഥ ദൈവികമതത്തിൻെറ വേരുകൾ തേടി മക്കവിട്ട് വ്യത്യസ്ത നാടു കളിൽ അലഞ്ഞുതിരിഞ്ഞതായി ചരിത്രഗ്രന്ഥങ്ങൾ വ്യക്തമാക്കു ന്നു. യഹൂദരോ ക്രൈസ്തവരോ മക്കയിൽ ഉണ്ടായിരുന്നെങ്കിൽ ഏക ദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഇബ്രാഹീമീ മാർഗത്തിൻെറ വേരുകൾ തേടി അവർ ഒരിക്കലും മക്ക വിടേണ്ടി വരികയില്ലായിരുന്നു.

(ii) യമനിൽ അതിശക്തമായ ക്രൈസ്തവ ഭരണമായിരുന്നു മുഹമ്മദ് നബി (സ)യുടെ ജനനകാലത്ത് നിലനിന്നിരുന്നത്. ക്രൈ സ്തവ ഭരണാധികാരിയായിരുന്ന അബ്റഹ മക്കക്കെതിരെ നയിച്ച വിപ്ലവം പ്രസിദ്ധമാണ്. 'ആനക്കലഹം' എന്നറിയപ്പെട്ട പ്രസ്തുത വിപ്ലവം നടന്ന വർഷമാണ് മുഹമ്മദ് നബി (സ)യുടെ ജനനം. മക്ക യിലെ കഅ്ബാലയം പൊളിച്ചു കളയുകയും താൻ സൻആയിൽ നിർമ്മിച്ച ഖുലൈസ് എന്ന ദേവാലയത്തിലേക്ക് ജനശ്രദ്ധയാകർ ഷിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട ആനക്ക ലഹത്തെ അല്ലാഹു അമ്പേ പരാജയപ്പെടുത്തിയ കഥ ഖുർആനി ലെ 105-ാം അധ്യായത്തിൽ സംക്ഷിപ്തമായി വിവരിക്കുന്നുണ്ട്. അതി ങ്ങനെയാണ്: "ആനക്കാരെക്കൊണ്ട് നിൻെറ രക്ഷിതാവ് പ്രവർത്തി ച്ചത് എങ്ങനെയെന്ന് നീ കണ്ടില്ലേ? അവരുടെ തന്ത്രം അവൻ പിഴവി ലാക്കിയില്ലേ? ചുട്ടുപഴുപ്പിച്ച കളിമൺ കല്ലുകൾ കൊണ്ട് അവരെ എറിയുന്ന കൂട്ടംകൂട്ടമായിക്കൊണ്ടുള്ള പക്ഷികളെ അവരുടെ നേർക്ക് അവൻ അയക്കുകയും ചെയ്തു. അങ്ങനെ അവൻ അവരെ തിന്നൊ ടുക്കപ്പെട്ട വൈക്കോൽ തുരുമ്പുപോലെയാക്കി" (വി.ഖു. 10).

കഅ്ബാലയം തകർക്കുകയും മക്കക്കാരെ ക്രൈസ്തവവൽക്ക രിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് അബ്റഹത്തിൻെറ ആനപ്പടയുടെ പുറപ്പാടുണ്ടായത്. മക്കയിൽ ക്രൈസ്തവ സമൂഹ മുണ്ടായിരുന്നുവെങ്കിൽ ഇത്തരമൊരു പടനീക്കമുണ്ടാകുമായിരുന്നി ല്ലെന്ന് വ്യക്തമാണ്.

(iii) മക്കയിൽ ഇസ്‌ലാമിനുമുമ്പ് നിലനിന്നിരുന്ന രേഖകളിലോ കവിതകളിലോ ഒന്നുംതന്നെ ജൂതരെയോ ക്രൈസ്തവരെയോ സംബ ന്ധിച്ച യാതൊരു പരാമർശവുമില്ല.





(2) ഖുർആനിൽ ആകെ 114 അധ്യായങ്ങളാണുള്ളത്. ഇതിൽ 27 എണ്ണം മദീനയിൽ വെച്ചും 87 എണ്ണം മക്കയിൽവെച്ചുമാണ് അവ തരിപ്പിക്കപ്പെട്ടത്. ഓരോ പ്രവാചകൻെറയും ചരിത്രം വിവരിക്കുന്ന സൂക്തങ്ങളും അവ അവതരിപ്പിക്കപ്പെട്ട സ്ഥലവുമാണ് താഴെ കൊടു ക്കുന്നത്.

| പ്രവാചകൻ | മക്ക | മദീന |
|---|---|---|
| ആദം (അ) | 7:11-25, 15:26-4, 17:61-65, 18:50, 20:115-126, 38:67-88 | 2:30-38 |
| ഇദ്‌രീസ് (അ) | 19:56-57, 21:85 | |
| നൂഹ് (അ) | 7:59-64, 10:71-7, 11:25-4, 21:76-7, 23:23-3, 26:105-12, 29: 14-15, 37:76-8, 54:9-17, 6:83-87, 14:9, 17:3-7, 38:12-14, 40:5-6, 42:12, 50:12-14, 51:46, 53:52 | 4:163-165, 9:70, 57:26 |
| ഹൂദ് (അ) | 11:50-60, 7:6-27, 23:31-41, 26:123-140, 41:15-16, 46:21-25, 51:41-42, 53:50-55, 54:18-22 | 66:10 |
| സാലിഹ് (അ) | 11:61-68, 15:80-84, 17:59, 26:141-159, 27:45-53, 41:17-18, 54:23-32, 91:11-15, 89:6-14 | 69:6-8 |

| പ്രവാചകൻ | മക്ക | മദീന |
|---|---|---|
| ഇബ്രാഹിം (അ) | 14:35-40, 6:74-83, 21:51-70, 26:69-83, 29:16-27, 19:41-48, 37:83-98, 16:120-123, 53:37. | 2:124-141, 2:258, 22:26-27 |
| ഇസ്മായിൽ(അ) | 4:37, 37:99-11 | 2:127-129 |
| ഇസ്ഹാഖ് (അ) | 37:112-113, 11:69-73, 15:51-56, 51:24-30, 19:49 | |
| ലൂത്ത് (അ) | 7:80-84, 11:69-8, 5:51-77, 26:160-17, 27:54-5, 29:28-3, 37:133-13, 51:31-3, 54:33-4 | |
| ശുഐബ് (അ) | 7:85-93, 11:84-95 | |
| അയ്യൂബ് (അ) | 6:84 21:83-84 38:41-44 | 4:163 |
| യൂനുസ് (അ) | 10:98, 21:87-8, 37:139-148, 68:48-50 | |
| മൂസാ (അ) | 19:51-53, 28: 1-44, 28:76-83, 20:9-10, 27:7-1, 17:101-10, 7:103-155, 7:159-17, 43:46-5, 33:6, 26:10-6, 79:15-25, 41:45 | |
| ഈസ(അ) | 19:16-40 21:90-91 | 3:33-62, 5:72-77, 5:110-120, 4: 156-15, 61:1, 57:27. |





മുകളിൽ സൂചിപ്പിച്ച വസ്തുതകളിൽനിന്ന് സുതരാം വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. പ്രവാചക ചരിത്രങ്ങൾ വിശദീകരിക്കുന്ന സൂക്തങ്ങളിലധികവും അവതരിപ്പിക്കപ്പെട്ടത് മക്കയിലാണ്. അവിടെയാകട്ടെ മുഹമ്മദ് നബി (സ)ക്ക് കണ്ടുമുട്ടാനോ സംസാരിക്കാനോ ആയി യഹൂദരോ ക്രൈസ്തവരോ തീരെയുണ്ടായിരുന്നുമില്ല. പിന്നെയെങ്ങനെയാണ് പൂർവ്വ പ്രവാചകന്മാരുടെ ചരിത്രങ്ങൾ ഖുർആനിലുണ്ടായത്? ഖുർആൻ പറയുന്നതാണ് ശരിയായ ഉത്തരം! “നിങ്ങളുടെ കൂട്ടുകാരൻ വഴിതെറ്റിയിട്ടില്ല, ദുർമാർഗിയായിട്ടുമില്ല. അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉത്ബോധനം മാത്രമാകുന്നു” (വി. ഖു.53:2-4).

(3) മുഹമ്മദ് നബി(സ)യുടെ ജീവിതത്തിൽ, മക്കയിലോ മദീനയിലോവെച്ച് ക്രൈസ്തവ സമൂഹവുമായി സമ്പർക്കത്തിലാകേണ്ട സാഹചര്യങ്ങളൊന്നുമുണ്ടായതായി ചരിത്രത്തിൽനിന്ന് മനസ്സിലാക്കാനാവുന്നില്ല. മദീനയിൽവെച്ച് ജൂത സമൂഹങ്ങളുമായി സമ്പർക്കത്തിലായിരുന്നു പ്രവാചകനും അനുയായികളുമെന്നത് നേരാണ്. എന്നാൽ അവിടെയും ക്രൈസ്തവർ ഒരു സമൂഹമായി നിലനിൽക്കുന്നുണ്ടായിരുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യം കാത്തോലിക്ക വിജ്ഞാനകോശം പോലും സമ്മതിക്കുന്നുണ്ട്. “ഹിജാസിനെ (അറേബ്യൻ ഉപദ്വീപ്) ഒരിക്കലും ക്രിസ്തുമത സന്ദേശ പ്രചരണം സ്പർശിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവിടെ ക്രൈസ്തവസഭകളുടെ ശുചീകരണം പ്രതീക്ഷിക്കാവതല്ല; അതൊട്ടുകാണാനും കഴിയുന്നില്ല” (The New Catholic Encyclopaedia Vol. I, Page 721-722)

പ്രഗത്ഭ ഗവേഷകനായ റിച്ചാർഡ് ബെല്ലിൻെറ നിരീക്ഷണവും ഇതുതന്നെ! “ഹിജാസിലോ മക്കയുടെയോ മദീനയുടെയെങ്കിലുമോ പ്രാന്തപ്രദേശങ്ങളിലോ ക്രൈസ്തവത നിലനിന്നിരുന്നുവെന്നതിന് യാതൊരു തെളിവുമില്ല” (Richard Bell: The Origin of Islam in Its Christian Environment Page 42).

ഖുർആനിൽ യേശുവിനെയും മാതാവിനെയും അവരുടെ കുടുംബത്തെയുംകുറിച്ച് പലസ്ഥലങ്ങളിലും പരാമർശിച്ചിട്ടുണ്ട്. ബൈബിളിൽപോലും പരാമർശിച്ചിട്ടില്ലാത്ത പല സംഭവങ്ങളും യേശുവിൻെറ ജീവിതവുമായി ബന്ധപ്പെടുത്തി ഖുർആൻ ഉദ്ധരിക്കുന്നു

ണ്ട്. ഈ കാര്യങ്ങൾ മുഹമ്മദ് നബി (സ)ക്ക് എവിടെനിന്നു കിട്ടി? മറ്റ് പ്രവാചകന്മാരുമായി ബന്ധപ്പെട്ട പരാമർശങ്ങൾ യഹൂദന്മാരുമായുള്ള സഹവർത്തിത്വത്തിൻെറകാലത്ത് അവർ പറഞ്ഞുകൊടുത്ത കഥകളുടെ വെളിച്ചത്തിൽ എഴുതിയതാണെന്ന് വാദിക്കുന്നവർ യേശുവിനെയും മാതാവിനെയുംക്കുറിച്ച ഖുർആനിക വിവരണങ്ങളുടെ സ്രോതസ്സെന്തായിരുന്നുവെന്ന്, മറ്റ് പ്രവാചകന്മാരുടെ ചരിത്രകഥകളുടെ കാര്യത്തിൽ അവർ സ്വീകരിച്ച അതേ മാനദണ്ഡമുപയോഗിച്ച്, വ്യക്തമാക്കുവാൻ ബാധ്യസ്ഥരാണ്. പക്ഷെ, അവർക്ക് അതിന് സാധ്യമല്ല. യഥാർത്ഥത്തിൽ യേശുവിനെയും മാതാവിനെയും കുറിച്ച ഖുർആനിലുള്ള അറിവിൻെറ സ്രോതസ്സെന്തായിരുന്നുവെന്ന് ഖുർആൻതന്നെ സൂചിപ്പിക്കുന്നുണ്ട്. അതല്ലാതെ മറ്റൊരു വിശദീകരണവും ഇക്കാര്യത്തിൽ മനുഷ്യബുദ്ധിയെ സംതൃപ്തമാക്കുന്നതായി നിലവിലില്ല. “(നബിയേ) നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അവയൊക്കെ. അവരിൽ ആരാണ് മർയത്തിൻെറ സംരക്ഷണം ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുവാനായി അവർ തങ്ങളുടെ അമ്പുകൾ ഇട്ടുകൊണ്ട് നറുക്കെടുപ്പ് നടത്തിയിരുന്ന സമയത്ത് നീ അവരുടെ അടുത്തുണ്ടായിരുന്നില്ലല്ലോ. അവർ തർക്കത്തിലേർപ്പെട്ടുകൊണ്ടിരുന്നപ്പോഴും നീ അവരുടെ അടുത്തുണ്ടായിരുന്നില്ല” (വി.ഖു. 3:44)

**പൂർവ്വ വേദങ്ങളെക്കുറിച്ചറിയാവുന്ന പ്രവാചക ശിഷ്യനായ സൽമാനുൽ ഫാരിസി പറഞ്ഞുകൊടുത്തതിൻെറ അടിസ്ഥാനത്തിലാണ് പ്രവാചകന്മാരുടെ കഥകൾ ഖുർആനിൽ സ്ഥലം പിടിച്ചത് എന്ന് കരുതിക്കൂടെ?**

പ്രഗൽഭനായ ഒരു പ്രവാചക ശിഷ്യനായിരുന്നു സൽമാനുൽ ഫാരിസി (റ). മദീനയ്ക്ക് ചുറ്റും കിടങ്ങ് കുഴിച്ചുകൊണ്ട് മക്കക്കാരുടെ ആക്രമണത്തെ പ്രതിരോധിക്കാമെന്ന അദ്ദേഹത്തിൻെറ നിർദ്ദേശമാണ് ഖൻദഖ് യുദ്ധത്തിൽ മുസ്‌ലിംകളുടെ വിജയത്തിന് നിമിത്തമായ പല കാരണങ്ങളിലൊന്ന്. സൽമാനുൽ ഫാരിസിയെക്കുറിച്ച് പറയുമ്പോൾ ഖൻദഖ് യുദ്ധമാണ് ഇസ്‌ലാമിക ചരിത്രം പഠിച്ചവരുടെ മനസ്സിൽ ആദ്യമായി ഓടിയെത്തുക.

അഗ്നിആരാധനയിലധിഷ്ഠിതമായ സരതുഷ്ട്രമതത്തിലായിരുന്ന സൽമാൻ പിന്നീട് ക്രിസ്തുമതം സ്വീകരിച്ചു. സത്യാന്വേഷിയായിരുന്ന അദ്ദേഹത്തിന് ക്രിസ്തുമതത്തിൻെറ ആശയങ്ങൾ പൂർണ സംതൃപ്തി നൽകാത്തതുകൊണ്ട് തൻെറ അന്വേഷണം തുടരുകയും അവസാനം ഇസ്‌ലാമിലെത്തിച്ചേരുകയും ചെയ്തു. സൽമാനുൽ ഫാരിസി (റ) ഇസ്‌ലാം സ്വീകരിച്ചത് മദീനയിൽവെച്ചാണ്. അതിനുശേഷമാണ് അദ്ദേഹം പ്രവാചകൻെറ (സ) സഹചാരിയായിത്തീർന്നത്. ഖുർആനിൻെറ ഏകദേശം മൂന്നിൽ രണ്ടുഭാഗവും അവതരിപ്പിക്കപ്പെട്ടത് മക്കയിൽവെച്ചാണ്. പൂർവ്വ പ്രവാചകന്മാരെക്കുറിച്ച പരാമർങ്ങളധികവും മക്കയിൽ അവതരിപ്പിക്കപ്പെട്ട സൂക്തങ്ങളിലാണുള്ളത്. മദീനയിൽ വെച്ച് പ്രവാചകൻെറ അനുചരനായിത്തീർന്ന സൽമാനുൽ ഫാരിസി പറഞ്ഞുകൊടുത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ എങ്ങനെയാണ് മക്കയിൽവെച്ച് മുഹമ്മദ് നബി (സ) പൂർവ്വ പ്രവാചകന്മാരുടെ ചരിത്രമെഴുതുക? ഖുർആനിന് സമാന്തരമായ ഒരു രചനയുണ്ടാക്കുവാനുള്ള അതിൻെറ വെല്ലുവിളിയും പ്രസ്തുത വെല്ലുവിളിക്ക് ഉത്തരം നൽകുന്നതിൽ അറബി സാഹിത്യകാരന്മാർ കാലാകാലങ്ങളായി പരാജയപ്പെടുകയാണ് ചെയ്യുന്നതെന്ന യാഥാർത്ഥ്യവും ഖുർആനിൻെറ സാഹിത്യശൈലി അതുല്യവും അനുകരണാതീതവുമാണെന്ന വസ്തുത വ്യക്തമാക്കുന്നുണ്ട്. അറബിയല്ലാത്ത-പേർഷ്യക്കാരനായ ഒരാളെങ്ങനെയാണ് അതുല്യമായ ഒരു അറബി സാഹിത്യസൃഷ്ടിയുടെ സ്രോതസ്സായിത്തീരുക? ഇങ്ങനെ ഏത് കോണിലൂടെ നോക്കിയാലും സൽമാനുൽ ഫാരിസി (റ) യാണ് ഖുർആനിലെ ചരിത്ര കഥനങ്ങളുടെ സ്രോതസ്സെന്ന വാദം പരിഗണന പോലുമർഹിക്കാത്ത ഒരു കേവല വാദം മാത്രമാണെന്ന വസ്തുത വ്യക്തമാവും.

**പ്രവാചകൻെറ പത്നിമാരിൽ ചിലർ വേദക്കാരികളായിരുന്നവരാണല്ലോ. അവരിൽനിന്ന് ലഭിച്ച അറിവിൻെറ അടിസ്ഥാനത്തിലാണ് പൂർവ്വ പ്രവാചകന്മാരെക്കുറിച്ച് ഖുർആനിൽ മുഹമ്മദ് നബി (സ) പരാമർശിച്ചത് എന്ന് കരുതിക്കൂടെ?**

മുമ്പ് വേദക്കാരികളായിരുന്ന രണ്ട് സ്ത്രീകൾ പ്രവാചകൻെറ (സ) ജീവിതപങ്കാളികളായിരുന്നുവെന്നത് ശരിയാണ്. യഹൂദനായ ഹുയയ്യുബ്നു അക്തബിൻെറ മകൾ സഫിയ്യയാണ് ഒന്ന്. ഈജിപ്തിലെ കിബ്ത്തി നേതാവ് സമ്മാനിച്ച മാരിയത്തുൽ കിബ്ത്തിയ്യയെന്ന ക്രൈസ്തവ വനിതയാണ് മറ്റൊന്ന്. ഇവർ രണ്ടുപേരും പ്രവാചക

ജീവിതത്തിലേക്ക് കടന്നുവന്നത് മദീനാ കാലഘട്ടത്തിലാണ്. ബനൂ നളീർ ഗോത്ര ഉപരോധവുമായി ബന്ധപ്പെട്ട് ഗോത്രത്തലവനായ ഹുയയ്യും സഫിയ്യയുടെ ഭർത്താവും കൊല്ലപ്പെട്ടതിനെ തുടർന്നാണ് ഹിജ്റ ഏഴാം വർഷത്തിൽ അവരെ മുഹമ്മദ് നബി (സ) വിവാഹം ചെയ്യുന്നത്. മാരിയത്തുൽ കിബ്ത്തിയ്യയും പ്രവാചക ജീവിതത്തിലേക്ക് കടന്നുവരുന്നത് ഹിജ്റ ഏഴാം വർഷത്തിൽ തന്നെയാണ്. പൂർവ്വ പ്രവാചകന്മാരുടെ ചരിത്രം വിവരിക്കുന്ന ഖുർആൻ സൂക്തങ്ങളിൽ ബഹുഭൂരിഭാഗവും അവതരിപ്പിക്കപ്പെട്ടത് മക്കയിലാണെന്നിരിക്കെ മദീനാ ജീവിതത്തിൻെറ ഏഴു വർഷങ്ങൾക്കുശേഷം പ്രവാചക ജീവിതത്തിലേക്ക് കടന്നുവന്ന രണ്ട് വനിതകളെങ്ങനെയാണ് പ്രസ്തുത ചരിത്രങ്ങളുടെ സ്രോതസ്സായിത്തീരുക?

കോപ്റ്റിക് ക്രൈസ്തവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ശൈശവ സുവിശേഷ (Gospel of the Infancy) ത്തിലുള്ള കഥകളാണ് തൊട്ടിലിൽവെച്ച് ഉണ്ണിയേശു സംസാരിച്ചതായും പ്രസവവേദനയുടെ സമയത്ത് ഈത്തപ്പന കുലുക്കി പഴം ലഭിച്ചതായുമുള്ള കഥകളെല്ലാമെന്നും ഇവ കോപ്റ്റിക് ക്രിസ്ത്യാനിയായിരുന്ന മാരിയത്തുൽ കിബ്ത്തിയ്യ പറഞ്ഞുകൊടുത്തതാണെന്നുമാണ് മറ്റൊരു വാദം. ഈ വാദവും അടിസ്ഥാന രഹിതമാണ്. തൊട്ടിലിൽവെച്ച് യേശു സംസാരിച്ചതായി സൂചിപ്പിക്കുന്ന വാക്യമുൾക്കൊള്ളുന്ന ഖുർആനിലെ പത്തൊൻപതാം അധ്യായം സൂറത്തുമർയം മക്കയിൽവെച്ച് അവതരിപ്പിക്കപ്പെട്ടതാണ്. ഹിജ്റ ഏഴാം നൂറ്റാണ്ടിൽ മാത്രം പ്രവാചക ജീവിതത്തിലേക്ക് കടന്നുവന്ന മാരിയത്തുൽ കിബ്ത്തിയ്യ പറഞ്ഞുകൊടുത്ത കഥയുടെ അടിസ്ഥാനത്തിൽ മക്കയിൽവെച്ച് എങ്ങനെയാണ് മുഹമ്മദ് നബി (സ) ഈ സംഭവങ്ങളെഴുതുക? മുഹമ്മദ് നബി (സ)യുടെ കാലത്ത് കോപ്റ്റിക് ക്രൈസ്തവർക്കിടയിൽ ശൈശവ സുവിശേഷം പ്രചാരത്തിലിരുന്നുവെന്ന് ഖണ്ഡിതമായി തെളിയിക്കാൻ ഈ വിമർശനമുന്നയിച്ചവർക്കൊന്നും കഴിഞ്ഞിട്ടില്ല. ഇനി കഴിഞ്ഞാൽതന്നെ യേശുവിൻെറ ശൈശവകാല സംഭവങ്ങളെക്കുറിച്ച ഖുർആനിക പരാമർശങ്ങൾ ശൈശവ സുവിശേഷത്തിൻെറ അടിസ്ഥാനത്തിൽ എഴുതിയതാണെന്ന് വസ്തുനിഷ്ഠമായി സ്ഥാപിക്കുവാൻ ആർക്കുംതന്നെ സാധിക്കുകയില്ല.



# നാല്
# ഖുർആനും യഹൂദ പുരാണങ്ങളും

**മൂസാ (അ)യും ഖിള്റും (അ) തമ്മിൽ നടന്ന സംഭാഷണവും പിന്നീട് നടന്ന സംഭവങ്ങളും ഖുർആനിൽ വിവരിക്കുന്നുണ്ടല്ലോ. ഏലീജാ പ്രവാചകനും യോശുവ ബെൻ ലെവി എന്ന റബ്ബിയും കൂടി നടത്തിയ യാത്രയെക്കുറിച്ച യഹൂദ ഐതിഹ്യത്തിൻെറ മാതൃകയിൽ മുഹമ്മദ് നബി രചിച്ചതല്ലേ ഈ കഥ?**

മൂസാ (അ)യും ഖിള്റും (അ) തമ്മിൽ നടന്ന സംഭാഷണങ്ങളും പിന്നീടുണ്ടായ സംഭവങ്ങളുമെല്ലാം സാമാന്യം വിശദമായിത്തന്നെ ഖുർആനിലെ സൂറത്തുൽ കഹ്ഫിൽ (18:65-82) വിവരിക്കുന്നുണ്ട്. ഏലിജായും യോശുവ ബെൻ ലെവിയെന്ന റബ്ബിയും കൂടി നടത്തിയതായി യഹൂദ ഐതിഹ്യത്തിൽ പറയുന്ന യാത്രയ്ക്കും സംഭവങ്ങൾക്കും മൂസാ-ഖിള്ർ സംഭവത്തെക്കുറിച്ച ഖുർആനിക വിശദീകരണങ്ങളുമായി സാമ്യമുണ്ടെന്നും അതുകൊണ്ട് യഹൂദ ഐതിഹ്യത്തിൽനിന്ന് കടമെടുത്തുകൊണ്ട് മുഹമ്മദ് നബി (സ) കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കഥയാണിതെന്നുമാണ് വാദം. Jellinek, Betha-Midrasch, V, 133-5ൽ ഈ ഐതിഹ്യം വിശദീകരിച്ചിട്ടുണ്ടെന്നും, Zunz, Gesmmelt Vortrage, X, 130ലാണ് ഇതും ഖുർആനിക കഥ

യും തമ്മിൽ സാമ്യമുണ്ടെന്ന് ആദ്യമായി സൂചിപ്പിച്ചിട്ടുള്ളതെന്നും ഓറിയൻറലിസ്റ്റുകളുടെ രചനയായ Encyclopedia of Islam (Page 903 Under the title ``Al-Khidr")ൽ പറയുന്നുണ്ട്. ചരിത്ര വസ്തുതകളും പ്രമാണങ്ങളും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയാൽ ഈ വാദം അടിസ്ഥാനരഹിതമാണെന്ന് ബോധ്യമാകും:

(1) യഹൂദന്മാർക്കിടയിൽ മുഹമ്മദ് നബി (സ)യുടെ കാലത്ത് ഇത്തരം ഒരു ഐതിഹ്യം നിലനിൽക്കുകയും അതിൽ ചില മാറ്റങ്ങൾ വരുത്തി മുഹമ്മദ് നബി (സ) ഖുർആനിലൂടെ അവതരിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ അന്നുണ്ടായിരുന്ന യഹൂദന്മാർ ഇക്കാര്യം എടുത്തുപറയുകയും നബി (സ)യെ വിമർശിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ യാതൊന്നും സംഭവിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

(2) യഹൂദ മതത്തിൽനിന്ന് ഇസ്ലാം സ്വീകരിച്ച ഒട്ടനവധി പ്രവാചക ശിഷ്യന്മാരുണ്ടായിരുന്നു. തങ്ങൾ കേട്ടുവളർന്ന ഒരു ഐതിഹ്യം ഏതാനും മാറ്റങ്ങളോടെ അവതരിപ്പിച്ച രീതിയാണ് മൂസാ-ഖിള്ർ (അ) സംഭവ വിവരണത്തിൻെറ കാര്യത്തിൽ ഖുർആനിലുള്ളതെങ്കിൽ അവർ ഇക്കാര്യം സൂചിപ്പിക്കുകയും പ്രവാചകനുമായും മറ്റു ഹാബിമാരുമായും ഇത് ചർച്ച നടത്തുകയും ചെയ്യുമായിരുന്നു. അത്തരം യാതൊരു സംഭവവും രേഖപ്പെടുത്തപ്പെട്ടിട്ടില്ലാത്തതിനാൽ തന്നെ അക്കാലത്തെ യഹൂദർക്കിടയിൽ ഇത്തരമൊരു ഐതിഹ്യം പ്രചാരത്തിലില്ലായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്.

(3) പതിനൊന്നാം നൂറ്റാണ്ടിന് മുമ്പ് നിലനിന്ന യാതൊരു യഹൂദ രേഖയിലും ഏലിജാ-യോശുവാ ഐതിഹ്യം പ്രതിപാദിക്കുന്നില്ല. (Brannon-M. Wheeler: ``The Jewish Origins of Quran IB: 65-82? Re examining Arent Jan Wensinck's Theory": Journel of the American Oriental Society Vol 118, Page 115). മുഹമ്മദ് നബി (സ)യുടെ കാലത്ത് ഇത് പ്രചാരത്തിലിരുന്നെങ്കിൽ ഇതിനേക്കാൾ പ്രാചീനമായ യഹൂദ രേഖകളിൽ ഈ കഥ കാണേണ്ടതായിരുന്നു.

(4) ഖുർആനിൽ പറഞ്ഞ മൂസാ-ഖിള്ർ സംഭവവും യഹൂദ ഐതിഹ്യങ്ങളും സൂക്ഷ്മ പഠനത്തിന് വിധേയമാക്കിയശേഷം ഓറിയൻറലിസ്റ്റായ ബ്രന്നോൻ എം. വീലർ എത്തിച്ചേരുന്ന നിഗമനമിങ്ങനെയാണ്: "ഈ പണ്ഡിതരോ (യൂദ ഐതിഹ്യത്തിൽനിന്ന് കോപ്പിയ





ടിച്ചതാണ് മൂസാ-ഖിള്ർ കഥയെന്ന് വാദിക്കുന്നവർ) വെൻസിൽക്കോ Hibbur Yafeh me-ka-yeshuaയുടെ തലക്കെട്ടിന് കീഴിൽ നൽകിയിട്ടുള്ള ഈ കഥ പതിനൊന്നാം നൂറ്റാണ്ടിലെ കൈറവാൻകാരനായ നിസ്സിം ബിൻ ഷഹിനിൻെറ പേരിലുള്ള ഒരു അറബി രചനയുടെ ഹിബ്രു പരാവർത്തനം മാത്രമാണെന്ന വസ്തുത ശ്രദ്ധിച്ചിട്ടേയില്ല....... ഇതിൻെറ അറബി ഒറിജിനൽ കണ്ടെത്തിയശേഷവും, പതിനൊന്നാം നൂറ്റാണ്ടിന് മുമ്പുള്ള ഒരു ഹിബ്രു സ്രോതസ്സും ഈ കഥയുൾക്കൊള്ളുന്നില്ലെന്ന വസ്തുത പരിഗണിക്കാതെ ഇതിനെയാണ് ഖുർആൻ ആശ്രയിച്ചതെന്ന് പണ്ഡിതന്മാർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്....... ഏലിജയുടെയും യോശുവ ബിൻലെവിയുടെയും കഥയെ ആശ്രയിച്ച് എഴുതപ്പെട്ടതല്ല ഖുർആൻ 18:65-82 എന്ന് ലഭ്യമായ തെളിവുകളെല്ലാം വ്യക്തമാക്കുന്നുണ്ട്. ഖുർആൻ 18:65-82ൻെറ വ്യാഖ്യാനങ്ങളെ, വിശേഷിച്ചും ഉബയ്യുബ്നു കഅ്ബിൻെറ കഥയെയും അതിൻെറ പിൽക്കാല വിശദീകരണങ്ങളെയും ആശ്രയിച്ചുകൊണ്ടാണോ ഇബ്നു ഷാഹിനിൻെറ കഥ രചിക്കപ്പെട്ടിട്ടുള്ളതെന്ന കാര്യം ഇപ്പോഴും ഒരു പ്രശ്നമായിത്തന്നെ അവശേഷിക്കുന്നു. ഖുർആനും ഉബയ്യുബ്നു കഅ്ബിൻെറ കഥയുടെ മൂലരൂപവുമായി താരതമ്യം ചെയ്യുമ്പോൾ, ഇബ്നു ഷാഹിൻെറ രചന പുതിയതും ആദ്യകാല ഇസ്ലാമിക സ്രോതസ്സുകളുമായി യോജിക്കുന്ന നിരവധി കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ഏലീജയുടെയും യോ ശുവ-ബിൻലെവിയുടെയും കഥയിൽ ഖുർആൻ 18:65-82ലില്ലാത്തതും ഈ വചനങ്ങളുടെ വ്യാഖ്യാന ഗ്രന്ഥങ്ങളിലുള്ളതുമായ പല കാര്യങ്ങളുടെയും പ്രതിഫലനങ്ങളുണ്ട്. ഖിള്റിനുപകരം ഏലീജായെ ഉപയോഗിക്കുവാൻ ഇബ്നുഷാഹിനെ പ്രേരിപ്പിച്ചത് ഇസ്ലാമിക സ്രോതസ്സുകളിൽ ഈ രണ്ട് വ്യക്തിത്വങ്ങളും തമ്മിലുള്ള അടുത്ത ബന്ധമായിരിക്കാമെന്ന് വ്യാഖ്യാനിക്കാവുന്നതാണ്". (Ibid Page 155-171) ഖുർആനിക കഥയുടെ അടിസ്ഥാനത്തിൽ പതിനൊന്നാം നൂറ്റാണ്ടിലെ ഏതോ യഹൂദൻെറ മനസ്സിൽ രൂപംകൊണ്ട ഐതിഹ്യമെടുത്ത് പൊക്കി ഈ ഐതിഹ്യത്തിൻെറ അടിസ്ഥാനത്തിൽ മുഹമ്മദ് നബി (സ) പടച്ചുണ്ടാക്കിയതാണ് മൂസാ-ഖിള്റ് സംഭവമെന്ന് വാദിക്കുന്നവർ സ്വന്തം കണ്ണുപൊട്ടിച്ച് അന്ധനാകാൻ ശ്രമിക്കുന്നവനെപ്പോലെയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

## ഖുർആനിലെ സുലൈമാൻ നബി-ബൽഖീസ് രാജ്ഞി കഥ യഹൂദ തർഗുമിലെ സോളമൻ-ശേബ കഥയിൽനിന്ന് മുഹമ്മദ് നബി പകർത്തിയെഴുതിയതാണെന്ന ആരോപണത്തെക്കുറിച്ച് എന്ത് പറയുന്നു?

ഖുർആനിലെ ഇരുപത്തിയേഴാം അധ്യായമായ സൂറത്തുന്നംലിലെ 20മുതൽ 46വരെയുള്ള സൂക്തങ്ങളിൽ സബഇലെ രാജ്ഞിയായിരുന്ന ബിൽഖീസിനെപ്പറ്റി സുലൈമാൻ നബി (അ) മരംകൊത്തിപ്പക്ഷിയിൽനിന്നും അറിഞ്ഞതും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് എഴുത്തെഴുതിയതും അവർ സുലൈമാൻ നബി (അ) യുടെ കൊട്ടാരം സന്ദർശിച്ചതുമെല്ലാം ഒരു കഥാകഥനത്തിന്റെ രൂപത്തിൽതന്നെ അവതരിപ്പിക്കുന്നുണ്ട്. പ്രസ്തുത ഖുർആൻ സൂക്തങ്ങളുടെ സാരം കാണുക: “അദ്ദേഹം പക്ഷികളെ പരിശോധിക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്തുപറ്റി? മരംകൊത്തിയെ കാണുന്നില്ലല്ലോ, അഥവാ അത് സ്ഥലംവിട്ടുപോയ കൂട്ടത്തിലാണോ? ഞാൻ അതിന് കഠിനശിക്ഷ നൽകുകയോ അല്ലെങ്കിൽ അറുക്കുകയോ തന്നെ ചെയ്യും. അല്ലെങ്കിൽ വ്യക്തമായ വല്ല ന്യായവും അത് എനിക്ക് ബോധിപ്പിച്ചുതരണം. എന്നാൽ അത് എത്തിച്ചേരാൻ അധികം താമസിച്ചില്ല. എന്നിട്ടത് പറഞ്ഞു: താങ്കൾ സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ സൂക്ഷ്മമായി മനസിലാക്കിയിട്ടുണ്ട്. ‘സബഇ’ൽ നിന്ന് യഥാർത്ഥമായ ഒരു വാർത്തയും കൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. ഒരു സ്ത്രീ അവരെ ഭരിക്കുന്നതായി ഞാൻ കണ്ടെത്തുകയുണ്ടായി. എല്ലാ കാര്യങ്ങളിൽനിന്നും അവൾക്ക് നൽകപ്പെട്ടിട്ടുണ്ട്. അവൾക്ക് ഗംഭീരമായ ഒരു സിംഹാസനവുമുണ്ട്. അവളും അവളുടെ ജനതയും അല്ലാഹുവിന് പുറമെ സൂര്യനെ പ്രണാമം ചെയ്യുന്നതായിട്ടാണ് ഞാൻ കണ്ടെത്തിയത്. പിശാച് അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ നേർമാർഗത്തിൽനിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ നേർവഴിപ്രാപിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞുകിടക്കുന്നത് പുറത്ത് കൊണ്ടുവരികയും നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുകയും ചെയ്യുന്നവനായ അല്ലാഹുവിന് അവർ പ്രണാമം ചെയ്യാതിരിക്കാൻവേണ്ടി (പിശാച് അങ്ങനെ ചെയ്യുന്നു). മഹത്തായ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല. സുലൈമാൻ പറഞ്ഞു: നീ സത്യം പറയുന്നതാണോ അതല്ലാ നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലായിരിക്കുന്നുവോ എന്ന് നാം നോക്കാം. നീ എന്റെ ഈ എഴുത്ത് കൊണ്ടുപോയി അവർക്കിട്ട് കൊടുക്കുക. പിന്നീട് നീ അവരിൽനിന്ന് മാറിനിന്ന് അവർ എന്ത് മറുപടി നൽകുന്നുവെന്ന് നോക്കുക. അവൾ പറഞ്ഞു: ഹേ, പ്രമുഖന്മാരേ, എനിക്ക് ഇതാ മാന്യമായ ഒരു എഴുത്ത് നൽകപ്പെട്ടിരിക്കുന്നു. അത് സുലൈമാന്റെ പക്കൽനിന്നുള്ളതാണ്. ആ കത്ത് ഇപ്രകാരമത്രെ: ‘പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. എനിക്കെതിരിൽ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എന്റെ അടുത്ത് വരികയും ചെയ്യുക’. അവൾ പറഞ്ഞു: ഹേ പ്രമുഖന്മാരേ, എന്റെ ഈ കാര്യത്തിൽ നിങ്ങൾ എനിക്ക് നിർദ്ദേശം നൽകുക. നിങ്ങൾ എന്റെ അടുത്ത് സന്നിഹിതരായിട്ടല്ലാതെ യാതൊരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ല ഞാൻ. അവർ പറഞ്ഞു: നാം ശക്തിയുള്ളവരും ഉഗ്രമായ സമരവീര്യമുള്ളവരുമാണ്. അധികാരം അങ്ങേക്കാണല്ലോ. അതിനാൽ എന്താണ് കൽപിച്ചരുളേണ്ടതെന്ന് ആലോചിച്ചുനോക്കുക. അവൾ പറഞ്ഞു: തീർച്ചയായും രാജാക്കന്മാർ ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശമുണ്ടാക്കുകയും അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യന്മാരാക്കുകയും ചെയ്യുന്നവതാണ്. അപ്രകാരമാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവും കൊണ്ടാണ് ദൂതന്മാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോവുകയാണ്. അവൻ (ദൂതൻ) സുലൈമാന്റെ അടുത്ത് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾ എന്നെ സമ്പത്ത് തന്ന് സഹായിക്കുകയാണോ? എന്നാൽ എനിക്ക് അല്ലാഹു നൽകിയിട്ടുള്ളതാണ് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിനേക്കാൾ ഉത്തമം. പക്ഷെ, നിങ്ങൾ നിങ്ങളുടെ പാരിതോഷികം കൊണ്ട് സന്തോഷം കൊള്ളുകയാകുന്നു. നീ അവരുടെ അടുത്തേക്ക് തന്നെ മടങ്ങിച്ചെല്ലുക. തീർച്ചയായും അവർക്ക് നേരിടാൻ കഴിയാത്ത സൈന്യങ്ങളെയും കൊണ്ട് നാം അവരുടെ അടുത്ത് ചെല്ലുകയും നിന്ദ്യരും അപമാനിതരുമായ നിലയിൽ അവരെ നാം അവിടെനിന്ന് പുറത്താക്കുകയും ചെയ്യുന്നതാണ്. അദ്ദേഹം (സുലൈമാൻ) പറഞ്ഞു: ഹേ പ്രമുഖന്മാരേ, അവർ കീഴൊതുങ്ങിക്കൊണ്ട് എന്റെ അടുക്കൽ വരുന്നതിന്

മുമ്പായി നിങ്ങളിൽ ആരാണ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്ന് തരിക? ജിന്നുകളുടെ കൂട്ടത്തിലെ ഒരു മല്ലൻ പറഞ്ഞു: അങ്ങ് അങ്ങയുടെ ഈ സദസ്സിൽനിന്ന് എഴുന്നേൽക്കുന്നതിന് മുമ്പായി ഞാൻ അത് അങ്ങേക്ക് കൊണ്ടുവന്ന് തരാം. തീർച്ചയായും ഞാൻ അതിന് കഴിവുള്ളവനും വിശ്വസ്തനുമാകുന്നു. വേദത്തിൽനിന്നുള്ള വിജ്ഞാനം കരസ്ഥമാക്കിയിട്ടുള്ള ആൾ പറഞ്ഞു: താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരുന്നതിന് മുമ്പായി ഞാൻ അത് താങ്കൾക്ക് കൊണ്ടുവന്ന് തരാം. അങ്ങനെ അത് (സിംഹാസനം) തന്റെ അടുക്കൽ സ്ഥിതിചെയ്യുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നന്ദി കാണിക്കുമോ അതല്ല നന്ദികേട് കാണിക്കുമോ എന്ന് എന്നെ പരീക്ഷിക്കുവാനായി എന്റെ രക്ഷിതാവ് എനിക്ക് നൽകിയ അനുഗ്രഹത്തിൽപെട്ടതാകുന്നു ഇത്. വല്ലവനും നന്ദികാണിക്കുന്നപക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവൻ നന്ദി കാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്നപക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും ഉൽകൃഷ്ടനുമാകുന്നു. അദ്ദേഹം (സുലൈമാൻ) പറഞ്ഞു: നിങ്ങൾ അവളുടെ സിംഹാസനം അവൾക്ക് തിരിച്ചറിയാത്ത വിധത്തിൽ മാറ്റുക. അവൾ യാഥാർത്ഥ്യം മനസിലാക്കുമോ അതല്ല അവൾ യാഥാർത്ഥ്യം കണ്ടെത്താത്തവരുടെ കൂട്ടത്തിലായിരിക്കുമോ എന്ന് നമുക്ക് നോക്കാം. അങ്ങനെ അവൾ വന്നപ്പോൾ (അവളോട്) ചോദിക്കപ്പെട്ടു: താങ്കളുടെ സിംഹാസനം ഇതുപോലെയാണോ? അവൾ പറഞ്ഞു: ഇത് അത് തന്നെയാണെന്ന് തോന്നുന്നു. ഇതിന് മുമ്പുതന്നെ ഞങ്ങൾക്ക് അറിവ് നൽകപ്പെട്ടിരുന്നു. ഞങ്ങൾ മുസ്‌ലിംകളാവുകയും ചെയ്തിരുന്നു. അല്ലാഹുവിന് പുറമെ അവൾ ആരാധിച്ചിരുന്നതിൽനിന്ന് അദ്ദേഹം അവളെ തടയുകയും ചെയ്തു. തീർച്ചയായും അവൾ സത്യനിഷേധികളായ ജനതയിൽ പെട്ടവളായിരുന്നു. കൊട്ടാരത്തിൽ പ്രവേശിച്ചുകൊള്ളുക എന്ന് അവളോട് പറയപ്പെട്ടു. എന്നാൽ അവൾ അത് കണ്ടപ്പോൾ അത് ഒരു ജലാശയമാണെന്ന് വിചാരിക്കുകയും തന്റെ കണങ്കാലുകളിൽനിന്ന് വസ്ത്രം മേലോട്ട് നീക്കുകയും ചെയ്തു. സുലൈമാൻ പറഞ്ഞു: ഇത് സ്ഫടിക കഷണങ്ങൾ പാകിമിനുക്കിയ ഒരു കൊട്ടാരമാകുന്നു. അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. ഞാനിതാ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴ്പ്പെട്ടിരിക്കുന്നു" (വി.ഖു. 27:20-44)





സോളമന്റെകാലത്ത് ശേബായിലെ രാജ്ഞി അദ്ദേഹത്തിന്റെയടുക്കൽ ചെന്നതും അദ്ദേഹത്തിന്റെ ജ്ഞാനവും പ്രതാപവും കണ്ട് വളരെയേറെ പ്രശംസിച്ചതുമായി ബൈബിൾ പഴയ നിയമത്തിലുമുണ്ട്. (1 രാജാക്കന്മാർ 10:1-13; 2 ദിനവൃത്താന്തം 9:1-12). എന്നാൽ ഖുർആനിലേതുപോലെയുള്ള വിശദമായ പരാമർശങ്ങൾ ബൈബിളിലെവിടെയുമില്ല. എന്നാൽ ചില യഹൂദ തർഗൂമുകളിൽ ഈ കഥ ഏകദേശം ഖുർആനിലേതിന് തുല്യമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. തർഗൂമുകളിലെ ഈ വിവരണങ്ങളിൽനിന്ന് മുഹമ്മദ് നബി (സ) പകർത്തിയെഴുതിയതാണ് സുലൈമാൻ-ബിൽഖീസ് രാജ്ഞി കഥയെന്നാണ് വിമർശകരുടെ വാദം.

'തർഗൂം' എന്ന അരമായ പദത്തിനർത്ഥം വിവർത്തനം അല്ലെങ്കിൽ വ്യാഖ്യാനമെന്നാണ്. പഴയ നിയമഗ്രന്ഥങ്ങൾക്ക് യഹൂദരുടെ ഇടയിൽ പ്രചാരത്തിലായ അരമായ വിവർത്തനങ്ങളോ പരാവർത്തനങ്ങളോ ആണ് തർഗൂമുകൾ എന്ന് അറിയപ്പെടുന്നത്. പല തർഗൂമുകളും വിവർത്തനങ്ങൾ എന്നതിനേക്കാളുപരി വ്യാഖ്യാനങ്ങളാണ് എന്നാണ് എൻസൈക്ലോപീഡിയ ജൂദായിക്ക പറയുന്നത്. പഴയ നിയമത്തെക്കുറിച്ച് സൂക്ഷ്മമമായി പഠിക്കുവാനും വിവിധ കാലങ്ങളിൽ നിലനിന്നിരുന്ന വ്യാഖ്യാന രീതികൾ മനസ്സിലാക്കുവാനും തർഗൂമുകൾ പ്രയോജനപ്പെടുന്നു.

'എസ്തേറിന്റെ പുസ്തകത്തിനുള്ള രണ്ടാം തർഗൂം ആയ തർഗൂം ഷെനി' (Targum Sheni) യിൽ സോളമനും ശേബാരാജ്ഞിയും തമ്മിൽ നടന്ന കൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഈ വിവരണമാകട്ടെ, ഏകദേശം ഖുർആനിലേതിന് സമാനമാണ് താനും. ഇതിൽനിന്ന് തർഗൂം ഷെനിയിൽനിന്ന് മുഹമ്മദ് നബി (സ)പകർത്തിയെഴുതിയതാണ് സോളമൻ-ബിൽഖീസ് കഥയെന്ന് പറയാനാകുമോ?

യഹൂദ പുരോഹിതന്മാർക്ക് മാത്രം പ്രാപ്യമായ താർഗൂമുകൾ പോലും സൂക്ഷ്മമമായി പരിശോധിച്ച് അവയിൽനിന്ന് പകർത്തിയെഴുതുവാൻ നിരക്ഷരനായ മുഹമ്മദ് നബി (സ)ക്ക് കഴിഞ്ഞുവെന്ന വാദം തന്നെ ശുദ്ധ അസംബന്ധമാണ്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അക്കാലത്തെ യഹൂദ പുരോഹിതന്മാർ ആരെങ്കിലും പ്രസ്തുത ആരോപണം ഉന്നയിക്കേണ്ടതായിരുന്നു. എന്നാൽ ഈ ആരോപണത്തിന് ഒന്നര നൂറ്റാണ്ടിലേറെ പഴക്കമില്ലെന്നതാണ് വാസ്തവം.

ഉപലബ്ധമായ തർഗൂമുകളിൽ ഏറ്റവും പഴക്കമുള്ളതിൻെറ കാലം ക്രിസ്താബ്ദം 700 നടുത്തായിരിക്കുമെന്നാണ് എൻസൈക്ലോപീഡിയ ജൂദായിക്ക പറയുന്നത് ("Targums" CD. Rom Edition) തർഗൂം ഷെനിയാകട്ടെ എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണെന്നാണ് പണ്ഡിതാഭിപ്രായം (Ibid)

മുഹമ്മദ് നബിക്ക് ശേഷം പതിറ്റാണ്ടുകൾ കഴിഞ്ഞാണ് തർഗൂം ഷെനി രചിക്കപ്പെട്ടതെന്നർത്ഥം.

മുഹമ്മദ് നബി (സ)ക്ക് ശേഷം രചിക്കപ്പെട്ട തർഗൂമിൽനിന്ന് കോപ്പിയടിച്ചാണ് അദ്ദേഹം ഖുർആൻ രചിച്ചതെന്ന വാദം എന്തു മാത്രം ബാലിശമാണ്!

യഥാർത്ഥത്തിൽ, തർഗൂം രചയിതാക്കളാണ് ഖുർആനിലെ സോളമൻ-ശേബാരാജ്ഞി കഥയിൽനിന്ന് കടമെടുത്തത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഖുർആനിനുശേഷം എഴുതപ്പെട്ട ഒരു കൃതിയിൽ ഇത്തരമൊരു കടമെടുക്കൽ നടന്നിരിക്കാനുള്ള സാധ്യത ഒട്ടും നിഷേധിക്കാനാവില്ല. ഇക്കാര്യം എൻസൈക്ലോപീഡിയ ജൂതായിക്കതന്നെ സമ്മതിക്കുന്നുമുണ്ട്. "ഇതിലെ ചില പ്രസക്ത ഭാഗങ്ങൾ ഖുർആനിലും കാണപ്പെടുന്നുണ്ട്. (27:20-40). ഇതിൽനിന്ന് ഈ തർഗൂമിൻെറ രചയിതാവ് അറബി സ്രോതസ്സുകളെയും തൻെറ രചനക്ക് ഉപയോഗിച്ചിട്ടുണ്ടെന്നാണ് മനസിലാവുന്നത്". (``Targum Sheni", Encyclopaedia Judaica CD-Rom Edition)

യഹൂദ പുരാണങ്ങളെ അവലംബിച്ചുകൊണ്ട് മുഹമ്മദ് നബി (സ) മെനഞ്ഞുണ്ടാക്കിയ കഥയാണ് സുലൈമാൻ-ബിൽഖീസ് കഥയെന്ന വിമർശകരുടെ വാദം തകരുക മാത്രമല്ല; പ്രത്യുത ഖുർആൻ ദൈവികമാണെന്ന വസ്തുത ഒരിക്കൽകൂടി ബോധ്യപ്പെടുക കൂടിയാണ് ഇവിടെ ചെയ്യുന്നത്. യഹൂദ തർഗൂമുകൾ രചിക്കപ്പെട്ടത് ഖുർആനിന് ശേഷമാണെന്ന വസ്തുത നാം മനസ്സിലാക്കി. ഖുർആനിലും തർഗൂമുകളിലുമൊഴിച്ച് മറ്റെവിടെയും ഈ കഥ വിശദാംശങ്ങളോടെ കാണുന്നുമില്ല. മുഹമ്മദ് നബിയാണ് ഖുർആൻ രചിച്ചതെങ്കിൽ അദ്ദേഹത്തിന് ഈ കഥയെവിടെനിന്നുകിട്ടി? പൂർവകാല ചരിത്രത്തെക്കുറിച്ച് ശരിക്കറിയാവുന്ന സർവ്വശക്തൻെറ വചനങ്ങളാണ് ഖുർആനെന്ന വസ്തുതയാണ് ഇവിടെയും വ്യക്തമായി വെളിപ്പെടുന്നത്.



# അഞ്ച്
# ഖുർആനും ചരിത്രവും

## ഖുർആനിലെ ചരിത്രപരാമർശങ്ങൾ അതിൻെറ ദൈവികതയ്ക്കുള്ള തെളിവാകുന്നതെങ്ങനെയാണ്?

കുറെയധികം ചരിത്ര പരാമർശങ്ങളുണ്ട് ഖുർആനിൽ. ആദിമനുഷ്യനായ ആദമിൽനിന്ന് തുടങ്ങി വിവിധ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്ക് നിയോഗിക്കപ്പെട്ട വ്യത്യസ്ത പ്രവാചകന്മാരുടെയും സമൂഹങ്ങളുടെയും ചരിത്രത്തിൽനിന്നുള്ള ശകലങ്ങൾ ഖുർആനിലുടനീളം കാണാം. കാലാനുക്രമമായ രീതിയിലുള്ള ചരിത്രാഖ്യാനമോ കഥാകഥനമോ അവതരിപ്പിക്കുകയെന്നതിലുപരിയായി പഠിപ്പിക്കുവാനുദ്ദേശിക്കുന്ന ആശയത്തിന് ഉപോൽബലകമായ ചരിത്രസംഭവങ്ങൾ വിവരിക്കുന്ന ഒരു സവിശേഷമായ രീതിയാണ് പൊതുവായി ഖുർആനിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. സത്യാസത്യവിവേചകമായ വേദഗ്രന്ഥം ധർമവും അധർമവുമെന്തെന്ന് വ്യവഛേദിച്ച് പഠിപ്പിക്കുന്നതിനിടെ ഉദാഹരണങ്ങളെന്നവണ്ണമാണ് ചരിത്രശകലങ്ങൾ കടന്നുവരുന്നതെന്ന് വേണമെങ്കിൽ പറയാം.

വ്യത്യസ്ത ഘട്ടങ്ങളിൽ വിവിധ സാഹചര്യങ്ങളിലായാണല്ലോ ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ടത്. ഓരോ സാഹചര്യങ്ങ

ളിലേക്കും ഉപയുക്തമായ രീതിയിലുള്ള ചരിത്രശകലങ്ങൾ പ്രസ്തുത സാഹചര്യത്തിൽ അവതീർണമായ ഖുർആൻ സൂക്തത്തിലാണുണ്ടാവുക. എങ്കിലും പ്രസ്തുത ചരിത്ര പരാമർശങ്ങളെല്ലാം അബദ്ധരഹിതവും വൈരുധ്യങ്ങളിൽനിന്ന് മുക്തവുമായി നിലനിൽക്കുന്നുവെന്നത് ഖുർആനിൻെറ അമാനുഷികത വ്യക്തമാക്കുന്നുണ്ട്.

എന്നോ കഴിഞ്ഞുപോയ സംഭവങ്ങളാണ് ഖുർആൻ സൂക്തങ്ങളിൽ പരാമർശിക്കപ്പെടുന്നത്. പ്രസ്തുത സംഭവങ്ങൾക്ക് സാക്ഷിയായ ഒരാളിലൂടെയല്ല അത് ലോകം ശ്രവിക്കുന്നത്. ആ സംഭവങ്ങളെക്കുറിച്ച വ്യക്തവും സൂക്ഷ്മവുമായ അറിവ് മറ്റേതെങ്കിലും ഭൗതിക സ്രോതസ്സിൽനിന്ന് അദ്ദേഹം സമ്പാദിച്ചിട്ടുമില്ല. ആ വ്യക്തിയിലൂടെ മാനവരാശിക്ക് അവതരിപ്പിക്കപ്പെട്ട സംഭവ വിവരണങ്ങളിലാവട്ടെ അബദ്ധങ്ങളൊന്നും കാണാൻ കഴിയുന്നുമില്ല. എങ്കിൽ പിന്നെ ഈ സംഭവവിവരണങ്ങൾ അദ്ദേഹത്തിൻെറ സ്വന്തം വകയാണെന്ന് എങ്ങനെ സങ്കൽപിക്കാനാവും? അദ്ദേഹം പറയുന്നതാകട്ടെ സർവ്വജ്ഞനായ തമ്പുരാനാണ് ഈ സംഭവവിവരണങ്ങളെല്ലാം അടങ്ങിയ ഖുർആൻ തനിക്ക് അവതരിപ്പിച്ച് തന്നതെന്നുമാണ്. അന്തിമ പ്രവാചകൻ (സ) കളവ് പറഞ്ഞതായി സമകാലികരായ അവിശ്വാസികൾപോലും ആരോപിച്ചിരുന്നുമില്ല. ഖുർആനിലെ സംഭവവിവരണങ്ങളുടെ സൂക്ഷ്മതയും കൃത്യതയും അതിൻെറ അമാനുഷികതയ്ക്കും ദൈവികതയ്ക്കും തെളിവാണെന്ന വസ്തുതയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. ഇക്കാര്യം ഖുർആൻ തന്നെ സ്വയം വ്യക്തമാക്കുന്നുമുണ്ട്. യൂസുഫ് നബി (സ)യുടെ ചരിത്രം വിവരിച്ചുകൊണ്ട് ഖുർആൻ പറഞ്ഞു: "(നബിയേ) നിനക്ക് നാം സന്ദേശമായി നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതത്രെ അത്. (യൂസുഫിനെതിരിൽ) തന്ത്രം പ്രയോഗിച്ചുകൊണ്ട് അവർ തങ്ങളുടെ പദ്ധതി കൂടിത്തീരുമാനിച്ചപ്പോൾ നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ലല്ലോ" (വി.ഖു.12:102). പ്രവാചകന്മാരെ സംബന്ധിച്ചും മറ്റുമുള്ള കൃത്യമായ സംഭവവിവരണങ്ങൾ സർവ്വശക്തൻ ബോധനം നൽകിയ അദൃശ്യവർത്തമാനങ്ങളാണെന്നും പ്രസ്തുത വർത്തമാനങ്ങളുൾക്കൊള്ളുന്ന പരിശുദ്ധ ഖുർആൻ ദൈവികമാണെന്നതിന് അവ തന്നെ സ്വയം സാക്ഷിനിൽക്കുന്നുവെന്നും അർത്ഥം.

**ഖുർആനിൽ മർയത്തെക്കുറിച്ച് 'ഹാറൂണിൻെറ സഹോദരി'യെന്ന് പറഞ്ഞിട്ടുണ്ടല്ലോ. മർയത്തിന് നൂറ്റാണ്ടുകൾക്ക്മുമ്പ് ജീവിച്ച ഹാറൂൺ അവരുടെ സഹോദരനാകുന്നതെങ്ങനെയാണ്?**





ഖുർആനിൽ ചരിത്രപരമായ അബദ്ധങ്ങളുണ്ടെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ക്രിസ്തുമത പ്രചാരകർ സ്ഥിരമായി ഉന്നയിക്കുന്ന ഒരു വിമർശനമാണിത്. മോശയുടെ സഹോദരനായിരുന്ന ഹാറൂണിൻെറ സഹോദരിയാണ് മർയമെന്ന് തെറ്റിദ്ധരിച്ച മുഹമ്മദ് നബി (സ)യുടെ രചനയിലുണ്ടായ ഒരു അബദ്ധമാണ് ഖുർആനിലെ സൂറത്തു മർയമിലുള്ളതെ (19:27-28)ന്നാണ വാദം. മോശയുടെയും അഹറോൻെറയും സഹോദരിയായ മിറിയാമിനെ പഴയ നിയമം പരിചയപ്പെടുത്തുന്നുണ്ട് (പുറപ്പാട് 15:20-21; ആവർത്തനം 24:9). അഹറോൻെറ സഹോദരിയായ മിറിയാമും യേശുമാതാവായ മറിയാമും തമ്മിൽ മുഹമ്മദ് നബിക്ക് മാറിപ്പോയതാണെന്നും അതുവഴിയാണ് മറിയമിനെ ഹാറൂണിൻെറ സഹോദരിയായി അവതരിപ്പിച്ചതെന്നുമാണ് മിഷനറിമാരുടെ പ്രധാനപ്പെട്ട വാദം. ഈ വാദം എത്രമാത്രം വസ്തുനിഷ്ഠമാണെന്ന് ഖുർആനിൽ ഹാറൂനി(അ)നെയും മർയമിനെയും പറ്റി പരാമർശിക്കുന്ന സൂക്തങ്ങളിലൂടെ ഒരാവർത്തി കടന്നുപോയാൽ തന്നെ സുതരാം വ്യക്തമാവും.

ഹാറൂൻ (അ) മൂസാ നബി(അ)യുടെ സഹോദരനും ഫിർഔനിൻെറ അടുത്തേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനുമാണെന്ന് വ്യക്തമാക്കുന്ന നിരവധി ഖുർആൻ സൂക്തങ്ങളുണ്ട്. 2:248, 4:163, 6:84, 7:122, 7:142, 7:150-151, 10:75, 10:87, 10:89, 19:28, 19:53, 20:30-35, 20:42, 20:70, 20:92-94, 21:48, 21:23, 21:45, 24-35-36, 26:13, 26:48, 28:34-35, 37:114-122 എന്നീ സൂക്തങ്ങൾ ഇവയിൽ ചിലത് മാത്രം. ഇസ്രായീലിലേക്ക് നിയോഗിക്കപ്പെട്ട പ്രഥമ പ്രവാചകനായി മൂസാ (അ)യെ അവതരിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളും നിരവധിയുണ്ട്. 2:108, 2:248, 4:153, 5:20-26, 6:84, 14:8, 19:51-53, 22:44, 25:35-36, 28:3, 37:114-122, 18:60-82, 20:9-48, 27:7-12, 28:29-35, 79:15-19, 7:109-126, 10:79-82, 20:56-73, 26:38-51, 33:7, 2:53, 2:87, 2:136, 3:84, 6:91, 6:154, 7:144-145, 10:87, 11:110, 14:5, 17:2, 21:48 തുടങ്ങി നിരവധി സൂക്തങ്ങൾ! മോശെ പ്രവാചകന് ശേഷം തലമുറകൾ കഴിഞ്ഞാണ് യേശു ക്രിസ്തുവിൻെറ നിയോഗമെന്ന് സൂചിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളും നിരവധിയുണ്ട്. 3:49-51, 5:46, 5:72, 43:59, 61:6, 61:14, 4:171, 5:75, 42:13, 4:172, 19:30, 43:64, 43:63, 3:52-54, 5:11-113, 57:27, 61:14 എന്നീ സൂക്തങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. യേശുവിൻെറ മാതാവാണ് മർയമെ

ന്ന് വ്യക്തമാക്കുന്ന സൂക്തങ്ങളും അനവധിയുണ്ട്. 3:35-37, 19:22-26, 21:91, 66:12, 5:75, 21:91, 4:156, 4:171, 5:116, 21:91, 3:42-51, 19:16-21 എന്നിവ ഉദാഹരണം. ഈ സൂക്തങ്ങൾ വ്യക്തമാക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ഖുർആൻ അവതരിപ്പിച്ചവന് ഹാറൂനിൻെറ സഹോദരിയല്ല മർയമെന്ന് അറിയാമായിരുന്നുവെന്ന വസ്തുതയാണത്. യേശുവിന് തലമുറകൾക്ക് മുമ്പ് ജീവിച്ച വ്യക്തിയായി നിരവധി സൂക്തങ്ങളിൽ പരിചയപ്പെടുത്തപ്പെട്ടിരിക്കുന്ന ഹാറൂനിൻെറ സഹോദരിയായിരുന്നു യേശു മാതാവായ മർയമെന്ന് തെറ്റിദ്ധരിച്ച് എഴുതിയതല്ല 'ഹാറൂനിൻെറ സഹോദരി'യെന്ന സംബോധനയെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

പിന്നെയെന്തുകൊണ്ടാണ് ഖുർആനിൽ മർയത്തെ സൂചിപ്പിച്ചുകൊണ്ട് 'ഹാറൂനിൻെറ സഹോദരി'യെന്ന അഭിസംബോധനയുണ്ടായത്? മർയത്തെ ഹാറൂനിൻെറ സഹോദരിയായി അഭിസംബോധന ചെയ്യുന്ന സൂക്തം കാണുക: "അനന്തരം കുഞ്ഞിനെയും വഹിച്ചുകൊണ്ട് അവൾ തൻെറ ആളുകൾക്കടുത്ത് ചെന്നു. അവർ പറഞ്ഞു: മർയമേ..... ആക്ഷേപകരമായ ഒരു കാര്യംതന്നെയാണ് നീ ചെയ്തിരിക്കുന്നത്. ഹാറൂനിൻെറ സഹോദരീ...... നിൻെറ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിൻെറ മാതാവ് ഒരു ദുർന്നടപടിക്കാരിയുമായിരുന്നില്ല" (ഖുർആൻ 19:27,28).

ഈ സൂക്തങ്ങളിൽ യേശുവിൻെറ ജനനത്തോടനുബന്ധിച്ച ഇസ്രായീല്യരുടെ പ്രതികരണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 'ഹാറൂനിൻെറ സഹോദരീ......'യെന്നത് ഖുർആനിൻെറ ഒരു കേവല പ്രസ്താവനയല്ല; പ്രത്യുത, അക്കാലത്തെ ഇസ്രായീല്യരുടെ അഭിസംബോധനയെ ഖുർആൻ ഉദ്ധരിക്കുകയാണെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ യേശുവിൻെറ ജനനകാലത്ത് ഇത്തരം വല്ല അഭിസംബോധനാ രീതിയും നിലവിലുണ്ടായിരുന്നോ എന്ന അന്വേഷണം ഏറെ പ്രസക്തമാണ്. അങ്ങനെയൊരു അന്വേഷണം നടത്തുമ്പോൾ ഖുർആനിൻെറ ചരിത്രപരതയെ സംശയിക്കുവാനായി മെനഞ്ഞുണ്ടാക്കിയ ഈ വാദം അതിൻെറ അമാനുഷികതയ്ക്കും അജയ്യതയ്ക്കുമുള്ള തെളിവാണെന്ന വസ്തുതയാണ് ബോധ്യപ്പെടുക.

മോശ കഴിഞ്ഞാൽ പിന്നെ പഞ്ചപുസ്തകങ്ങളിൽ ഏറ്റവുമധികം





നിറഞ്ഞുനിൽക്കുന്ന വ്യക്തിയാണ് അഹറോൺ. മോശയുടെ സഹോദരനും സഹായിയുമായ പ്രവാചകൻ. അദ്ദേഹത്തെയും മക്കളെയുമാണ് യഹോവ പൗരോഹിത്യത്തിനുവേണ്ടി തെരഞ്ഞെടുത്തത്. 'നിൻെറ സഹോദരനായ അഹരോനെയും അയാളുടെ പുത്രന്മാരായ നാദാബ്, അബിഹൂ, ലെയാസാർ, ഈതാമാർ എന്നിവരെയും എനിക്ക് പുരോഹിതരായി സേവനം അനുഷ്ഠിക്കാൻ ഇസ്രായേൽ മക്കളുടെ ഇടയിൽനിന്ന് നിൻെറ അടുത്തേക്ക് വിളിക്കുക" (പുറ: 28:1) എന്ന മോശയോടുള്ള യഹോവയുടെ കൽപനയുടെ അടിത്തറയിലാണ് യഹൂദ പൗരോഹിത്യം രൂപപ്പെട്ടിരിക്കുന്നത്. പ്രധാന പുരോഹിതനായി കരുതപ്പെട്ട അഹരോൻെറ പുത്രന്മാരെയും (ലേവ്യ 1:7) ഭവനത്തെയും (സങ്കീ 115:10) സൂചിപ്പിക്കാൻ അഹറോൺ വംശജർ (Aaronites) എന്ന് പ്രയോഗിച്ചതായി കാണാം. പൗരോഹിത്യം അഹറോണിൽനിന്ന് ആരംഭിച്ചതാണെന്നാണ് ഈ പ്രയോഗം വ്യക്തമാക്കുന്നതെന്ന് സൂചിപ്പിക്കപ്പെടുന്നു. പഴയ നിയമത്തിൻെറ പൗരോഹിത്യ കൂട്ടായ്മയെ 24 ഗണങ്ങളായി വിഭജിച്ചിരുന്നു. ഓരോ ഗണവും ഓരോ ആഴ്ചയിൽ ദേവാലയ ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചിരുന്നു (1 ദിനവൃത്താന്തം 24:1-19) ഈ പുരോഹിത ഗണത്തിൽപെട്ട ഒരാളായിരുന്നു സ്നാപകയോഹന്നാൻെറ പിതാവായ സഖറിയാ. (ലൂക്കാ 1:5-9). പൗരോഹിത്യഗണത്തിൽപെട്ട വിശിഷ്ട വ്യക്തികളെ അഹറോനോട് ചേർത്ത് വിളിക്കുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. സഖറിയായുടെ ഭാര്യയായ എലിസബത്തിനെക്കുറിച്ച് ലൂക്കോസ് പറയുന്നത് ഇങ്ങനെയാണ്: "അഹറോൻെറ പുത്രിമാരിൽ ഒരുവളായിരുന്നു അവൻെറ ഭാര്യ: അവളുടെ പേര് എലിസബത്ത്" (ലൂക്കാ 1:5). അഹറോണുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് ജീവിച്ച വ്യക്തിയാണ് എലിസബത്ത്. എന്നിട്ടും ബൈബിൾ അവരെക്കുറിച്ച് പറയുന്നത് "അഹറോൻെറ പുത്രി"യെന്നാണ്. യേശുവിൻെറ ജനനത്തിന് തൊട്ടുമുമ്പാണ് യോഹന്നാൻെറ ജനനം. അക്കാലത്തെ ഒരു പൊതുവായ പ്രയോഗശൈലിയായിരുന്നു വിശിഷ്ട വ്യക്തികളെ അഹറോൻെറ പേരുമായി ബന്ധപ്പെടുത്തിക്കൊണ്ട് പരാമർശിക്കുന്ന ശൈലിയെന്ന വസ്തുത എലിസബത്തിനെ 'അഹറോൻെറ പുത്രി'യെന്ന് വിളിച്ചതിൽനിന്ന് വ്യക്തമായി മനസ്സിലാക്കാനാവും.

യേശുവിൻെറ മാതാവായ മർയം എലിസബത്തിൻെറ ബന്ധുവായിരുന്നുവെന്ന് ബൈബിൾ പറയുന്നുണ്ട് (ലൂക്കോസ് 1:36). മർയ

ത്തെക്കുറിച്ച് ബൈബിളിലില്ലാത്ത ഒട്ടനവധി വിവരങ്ങൾ ഖുർആൻ നൽകുന്നുണ്ട്. മർയം ഗർഭത്തിലായിരുന്നപ്പോൾ മാതാവ് അവരെ നേർച്ചയാക്കിയതും പ്രതീക്ഷയ്ക്ക് വിപരീതമായി ജനിച്ചത് പെൺ കുഞ്ഞായതും എങ്കിലും അവർ നേർച്ച പൂർത്തീകരിക്കുവാൻ തീരുമാനിച്ചതും ബന്ധുവായിരുന്ന സകരിയ്യായെ അവരുടെ സംരക്ഷണ ച്ചുമതല ഏൽപിച്ചതുമെല്ലാം ഖുർആൻ വിശദീകരിക്കുന്നുണ്ട്.

സകരിയ്യാ(അ)യുടെ സംരക്ഷണത്തിൽ വളർന്നവളായിരുന്നു മർയമെന്നർത്ഥം. അങ്ങനെയുള്ള മർയമിനെക്കുറിച്ച് ഇസ്രായീല്യർ "ഹാറൂണിൻെറ സഹോദരി"യെന്ന് പറയാനുള്ള സാധ്യത നിഷേധിക്കാനാവില്ലല്ലോ. പുരോഹിത ഗണത്തിലെ പ്രധാനികളെ അഹരോണുമായി ബന്ധപ്പെടുത്തി അഭിസംബോധന ചെയ്യുന്ന രീതി ഇസ്രായീൽ സമൂഹത്തിൽ നിലനിന്നിരുന്നുവെന്ന വസ്തുത നടേ നാം മനസ്സിലാക്കിയിട്ടുണ്ട്. പുരോഹിത പ്രധാനിയും പ്രവാചകനും ദേവാലയത്തിൻെറ സംരക്ഷണ ഉത്തരവാദിത്തം വഹിച്ച വ്യക്തിയുമായിരുന്ന സെഖറിയാവിൻെറ സംരക്ഷണത്തിൽ കഴിയുന്ന മർയത്തെ അവർ 'ഹാറൂണിൻെറ സഹോദരി'യെന്ന് വിളിച്ചിരിക്കാൻ തീർച്ചയായും സാധ്യതയുണ്ട്. അതുകൊണ്ടുതന്നെയാണ് ഖുർആൻ ഇക്കാര്യം ഉദ്ധരിച്ചതെന്ന് വ്യക്തമാണ്.

ഈ വസ്തുത നബി (സ) തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. സഹീഹു മുസ്ലിം ഉദ്ധരിച്ചിരിക്കുന്ന ഒരു ഹദീസ് കാണുക: "മുഗീറത്തുബ്നു ശുഅ്ബയിൽനിന്ന് നിവേദനം: ഞാൻ നജ്റാനിൽ വന്നപ്പോൾ അവിടത്തെ ക്രൈസ്തവർ എന്നോട് ചോദിച്ചു: "നിങ്ങൾ ഖുർആനിൽ മറിയത്തെക്കുറിച്ച്" "ഹാറൂണിൻെറ സഹോദരീ"യെന്ന് വായിക്കുന്നു. എന്നാൽ മോശ യേശുവിന് ദീർഘകാലംമുമ്പ് ജനിച്ച വ്യക്തിയാണല്ലോ". ഞാൻ ദൈവദൂതൻെറ (സ) സന്നിധിയിൽ മടങ്ങിയെത്തിയപ്പോൾ ഇക്കാര്യം അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ പ്രവാചകൻ (സ) പറഞ്ഞു: പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും പേരിനോടൊപ്പം തങ്ങളുടെ പേര് ചേർത്തുവിളിക്കുന്ന പതിവ് അവർക്കുണ്ടായിരുന്നു" (സഹീഹുമുസ്ലിം: കിത്താബുൽ അദബ്).

മൂസാ(അ)യുടെ സഹോദരനും പ്രവാചകനുമായിരുന്ന ഹാറൂനിൻെറ പേരിനോട് ചേർത്ത് മർയത്തെ വിളിച്ചതാണ് 'ഹാറൂനിൻെറ





സഹോദരീ'യെന്ന വസ്തുത വ്യക്തമാക്കുകയാണ് പ്രവാചകൻ (സ) ഇവിടെ ചെയ്തിരിക്കുന്നത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് മുഹമ്മദ് നബി (സ) തന്നെ മറുപടി പറഞ്ഞുകഴിഞ്ഞ വിമർശനമാണിതെന്നർത്ഥം.

ഖുർആനിൽ ചരിത്രാബദ്ധങ്ങൾ ആരോപിക്കുവാൻ ശ്രമിക്കുന്നവർ കാണാൻ കൂട്ടാക്കാത്ത ഒരു വസ്തുതകൂടി ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. പുണ്യ പുരുഷന്മാരുടെ പേരിനോടൊപ്പം ചേർത്ത് പ്രധാന വ്യക്തികളെ വിളിക്കുന്ന സമ്പ്രദായം യേശുവിൻെറ കാലത്ത് വ്യാപകമായിരുന്നുവെന്ന വസ്തുത ബൈബിൾ വ്യക്തമാക്കുന്നതായി നാം മനസ്സിലാക്കി. എന്നാൽ ഇത്തരമൊരു സമ്പ്രദായം ക്രൈസ്തവർക്കിടയിൽ നിലനിന്നിരുന്നില്ലെന്നാണ് നജ്റാനിലെ ക്രൈസ്തവരുടെ മുഗീറത്തുബ്നു ശുഅ്ബയോടുള്ള ചോദ്യത്തിൽനിന്ന് മനസ്സിലാകുന്നത്. പിന്നെയെങ്ങനെയാണ് അത്തരമൊരു സമ്പ്രദായം നിലനിന്നിരുന്നുവെന്ന് മുഹമ്മദ് നബി (സ)ക്ക് മനസ്സിലായത്? യേശുവിൻെറ കാലത്ത് നിലനിന്ന രീതിയിൽതന്നെ ഹാറൂനിൻെറ പേരിനോട് ചേർത്താണ് മർയത്തെ ഇസ്രായീൽ പ്രമാണിമാർ വിളിച്ചതെന്ന് മുഹമ്മദ് നബി (സ) എങ്ങനെ അറിഞ്ഞു? ഈ ചോദ്യങ്ങൾക്ക് ഒരേയൊരു ഉത്തരം മാത്രമേയുള്ളൂ. വിശുദ്ധ ഖുർആൻ പറഞ്ഞ ഉത്തരം: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു"

"(നബിയേ) നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അവയൊക്കെ. അവരിൽ ആരാണ് മർയത്തിൻെറ സംരക്ഷണം ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുവാനായി അവർ തങ്ങളുടെ അമ്പുകൾ ഇട്ടുകൊണ്ട് നറുക്കെടുപ്പ് നടത്തിയിരുന്ന സമയത്ത് നീ അവരുടെ അടുത്തുണ്ടായിരുന്നില്ലല്ലോ. അവർ തർക്കത്തിലേർപ്പെട്ടുകൊണ്ടിരുന്നപ്പോഴും നീ അവരുടെ അടുത്തുണ്ടായിരുന്നില്ല" (വി.ഖു. 3:44).

**ഫിർഔൻെറ ചരിത്രവുമായി ബന്ധപ്പെടുത്തി ഖുർആൻ പറയുന്ന ഹാമാൻെറ കഥ ബൈബിളിലെവിടെയുമില്ല. പഴയ നിയമത്തിലെ എസ്തേറിൻെറ പുസ്തകത്തിൽ അഹശ്വേരോശ് രാജാവുമായി ബന്ധപ്പെട്ട് പരാമർശിക്കുന്ന ഹാമാൻെറ കഥയെ ഫറോവയു**

**മായി മുഹമ്മദ് നബി കൂട്ടിക്കുഴച്ചപ്പോഴല്ലേ ഈ കഥയുണ്ടായത്?**

ഖുർആനിൽ ആറ് ആയത്തുകളിൽ ഹാമാനെക്കുറിച്ച് പരാമർശിക്കുന്നുണ്ട് (28:6, 28:38, 29:39, 40:24, 40:36–37) ഇവയെല്ലാം മൂസാ നബി (അ)യുടെ ജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സൂക്തങ്ങൾതന്നെയാണ്. ഫറോവയുടെ കൊട്ടാരവുമായി ബന്ധമുള്ള വ്യക്തിയാണ് ഖുർആനിലെ ഹാമാൻ. ഫറോവയുമായി ബന്ധമുള്ള ഒരു ഹാമാനെപ്പറ്റി ബൈബിളിലെവിടെയും നാം വായിക്കുന്നില്ല. എന്നാൽ എസ്തേറിന്റെ പുസ്തകത്തിൽ അഹശ്വേരോശ് രാജാവിന്റെ കീഴിലുള്ള ഒരു പ്രഭുവായ ഹാമാനെക്കുറിച്ച് പറയുന്നുണ്ട്. മുഹമ്മദ് നബിക്ക് ഫറോവയും അഹശ്വേരോശ്‌രാജാവും തമ്മിൽ പരസ്പരം മാറിപ്പോയതിനാൽ സംഭവിച്ചുപോയ ഒരു കൈപ്പിഴയുടെ ഫലമായി വന്നുചേർന്നതാണ് ഖുർആനിലെ ഫറോവാ–ഹാമാൻ കഥയെന്നാണ് വിമർശകരുടെ ആരോപണം. പതിനേഴാം നൂറ്റാണ്ടിനുശേഷം എഴുതപ്പെട്ട ഓറിയൻറലിസ്റ്റുകളുടെയും ക്രിസ്ത്യൻ മിഷനറിമാരുടെയും ഒരുവിധം എല്ലാ ഖുർആൻ വിമർശനഗ്രന്ഥങ്ങളിലും ഈ ആരോപണം കാണാം. വാമൊഴിയായി കാര്യങ്ങൾ കേട്ടറിഞ്ഞശേഷം തന്റേതായ ഭാഷാശൈലിയിൽ ബൈബിൾ കഥകൾ അവതരിപ്പിക്കാൻ ശ്രമിച്ച മുഹമ്മദി(സ)ന് സംഭവിച്ച ഒരു കൈപ്പിഴയായാണ് ഇതിനെ ഓറിയൻറലിസ്റ്റുകൾ വിലയിരുത്തുന്നത്. ഈ വിലയിരുത്തലുകൾ എത്രത്തോളം സത്യസന്ധമാണ് എന്ന് പരിശോധിക്കുന്നതിനുമുമ്പ് ഫറോവയേയും ഹാമാനെയും ബന്പ്പെടുത്തിക്കൊണ്ടുള്ള പരാമർശങ്ങളുൾക്കൊള്ളുന്ന ഖുർആൻ സൂക്തങ്ങൾ പരിശോധിക്കുക.

“ഫിർഔൻ പറഞ്ഞു: പ്രമുഖന്മാരേ ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ എനിക്കുവേണ്ടി കളിമണ്ണ് കൊണ്ട് (ഇഷ്ടിക) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നതസൗധം ഉണ്ടാക്കിത്തരിക. മൂസായുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്ന് എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ വിചാരിക്കുന്നത്” (വി.ഖു.28:38). “ഫിർഔൻ പറഞ്ഞു: ഹാമാനേ എനിക്ക് ആ മാർഗങ്ങളിൽ അഥവാ ആകാശ മാർഗങ്ങളിൽ എത്തിച്ചേരുവാനും എന്നിട്ട് മൂസായുടെ ദൈവത്തിന്റെ അടുത്തേക്ക് എത്തി നോക്കുവാനും തക്കവണ്ണം എനിക്കുവേണ്ടി നീ ഒരു ഉന്നത സൗധം പണിത് തരൂ. തീർച്ചയായും അവൻ (മൂസാ) കളവ് പറയു





കയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അപ്രകാരം ഫിർഔന് തന്റെ ദുഷ്പ്രവൃത്തി അലംകൃതമായി തോന്നിക്കപ്പെട്ടു. നേരായ മാർഗത്തിൽനിന്ന് അവൻ തടയപ്പെടുകയും ചെയ്തു. ഫറോവയുടെ തന്ത്രം നഷ്ടത്തിൽ തന്നെയാകുന്നു” (വി.ഖു. 40:36, 37).

ഈ സൂക്തങ്ങളിൽ പറയുന്ന കാര്യങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്:

(1) ഹാമാൻ ഫിർഔനിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനാണ്. മന്ത്രിയാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കളുടെ പക്ഷം.

(2) മൂസാ (അ) പറഞ്ഞ ദൈവം ആകാശത്തെവിടെയെങ്കിലും ഉണ്ടോയെന്ന് നോക്കാനായി ഒരു ഗോപുരം നിർമ്മിക്കുവാൻ ഫിർഔൻ ഹാമാനോട് കൽപിച്ചു.

(3) കളിമണ്ണുകൊണ്ട് ചുട്ടെടുത്ത ഇഷ്ടിക ഉപയോഗിച്ചുകൊണ്ട് സൗധം നിർമ്മിക്കാനാണ് ഫിർഔൻ ആവശ്യപ്പെട്ടത്.

ഖുർആൻ മുന്നോട്ടുവെക്കുന്ന ഈ കാര്യങ്ങളുടെ വെളിച്ചത്തിൽ വിമർശനങ്ങൾ ഓരോന്നായി പരിശോധിക്കുമ്പോൾ അവയെല്ലാം ഖുർആനിക പ്രകാശത്തിനുമുമ്പിൽ കരിഞ്ഞുപോകുന്ന കേവലം ധൂളികൾ മാത്രമാണെന്ന് ബോധ്യമാകും.

വിമർശനങ്ങളും അവയ്ക്ക് നൽകുവാനുള്ള മറുപടിയും ഇങ്ങനെ സംഗ്രഹിക്കാം.

ഒന്ന്) ഫറോവയുടെ ചരിത്രവുമായി ബന്ധപ്പെടുത്തി ബൈബിളിലെവിടെയും ഹാമാൻ എന്ന ഒരാളെക്കുറിച്ച് യാതൊന്നും പറയുന്നില്ല. അതിനാൽ ഖുർആനിൽ പറയുന്ന ഫിർഔൻ–ഹാമാൻ കഥ ഒരു കെട്ടുകഥ മാത്രമാണ്.

ബൈബിൾ കഥകളെല്ലാം നൂറുശതമാനം സത്യസന്ധവും വസ്തുനിഷ്ഠവുമാണെന്ന സങ്കൽപത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിമർശനം ഉന്നയിക്കപ്പെടുന്നത്. ഈ സങ്കൽപം തന്നെ അടിസ്ഥാനമില്ലാത്തതാണ്. ചരിത്രകാരന്റെ വീക്ഷണത്തിൽ നോക്കിയാൽ തീരെ വസ്തുതാപരമല്ലാത്ത നിരവധി പരാമർശങ്ങൾ നടത്തുന്ന ഗ്രന്ഥമാണ് ബൈബിളെന്ന വസ്തുത സുതരാം ബോധ്യമാകും. അതുകൊണ്ടുതന്നെ ബൈബിൾ വിവരണങ്ങളുടെ മാത്രം വെളിച്ചത്തിൽ ഫിർഔൻ–ഹാമാൻ കഥയുടെ ചരിത്രപരത സംശയിക്കുന്നതിൽ യാതൊരർത്ഥവുമില്ല. അതിന് മറ്റ് സ്രോതസ്സുകളുടെ പിൻബ

ലമുണ്ടോയെന്ന് പരിശോധിച്ചശേഷം മാത്രമെ ഈ ആരോപണം എത്രമാത്രം വസ്തുതാപരമാണെന്ന് പറയാനൊക്കൂ.

ബൈബിളിലെ ഫറോവായുടെ കഥകളിൽതന്നെ ചരിത്രപരമായി കൃത്യമല്ലാത്ത പരാമർശങ്ങൾ പലതുമുണ്ട്. ഫറോവയെന്ന നാമം ഉപയോഗിക്കുന്നിടത്തുമുതൽ ആരംഭിക്കുന്നു പ്രശ്നങ്ങളെന്നതാണ് വാസ്തവം. ബൈബിളിൽ പലരെയും ഫറോവയെന്ന് അഭിസംബോധന ചെയ്തതായി കാണാൻ കഴിയും. അബ്രഹാമിൻെറ കാലത്തുണ്ടായിരുന്ന രാജാവിനെ പഴയ നിയമ പുസ്തകം പരിചയപ്പെടുത്തുന്നത് ഫറോവയെന്നാണ്. ഉൽപത്തി പുസ്തകം പന്ത്രണ്ടാം അധ്യായത്തിൽ പത്തുമുതൽ ഇരുപതുവരെ വചനങ്ങളിൽ അബ്രഹാമിൻെറ കാലത്തെ രാജാവിനെക്കുറിച്ച് ആറ് തവണ ഫറോവയെന്ന് പറഞ്ഞിട്ടുണ്ട്. യോസഫിൻെറ കാലത്തെ രാജാവിനെയും ബൈബിൾ ഫറോവയെന്നാണ് വിളിക്കുന്നത്. ഉൽപത്തി പുസ്തകത്തിൻെറ നാൽപത്, നാൽപത്തിയൊന്ന് അധ്യായങ്ങളിൽ യോസഫിൻെറ കാലത്തെ രാജാവിനെ ഫറോവയെന്ന് അഭിസംബോധന ചെയ്യുന്നതായി കാണാം. യോസഫിൻെറ കാലത്തെ രാജാവിനെ ഉൽപത്തി പുസ്തകത്തിൽ തൊണ്ണൂറ് തവണയാണ് ഫറോവയെന്ന് വിളിച്ചിരിക്കുന്നത്. മോശയുടെ കാലത്തെ ഈജിപ്തിലെ രാജാവിനെക്കുറിച്ച് പുറപ്പാട് പുസ്തകത്തിൽ നൂറ്റി ഇരുപത്തൊന്ന് പ്രാവശ്യം ഫറോവയെന്ന് പ്രയോഗിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അബ്രഹാമിൻെറയും യോസഫിൻെറയും മോശയുടെയുമെല്ലാം കാലത്ത് ഈജിപ്ത് ഭരിച്ച രാജാക്കന്മാരെ ബൈബിൾ ഫറോവയെന്നാണ് വിളിച്ചിരിക്കുന്നത്.

ചരിത്രപരമായി നോക്കിയാൽ ഈ അഭിസംബോധനതന്നെ അബദ്ധമാണെന്ന് കാണാൻ കഴിയും.

ഈജിപ്തിൻെറ പൗരാണിക ചരിത്രത്തെ മുപ്പത് രാജവംശങ്ങളുടെ (Dynasty) കാലഘട്ടങ്ങളായി വിഭജിച്ചുകൊണ്ടാണ് പഠിക്കുന്നത്. ക്രിസ്തുവിന് മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച ഈജിപ്ഷ്യൻ ചരിത്രകാരനായ മാനെത്തോ (Manetho) തയ്യാറാക്കിയ രാജാക്കന്മാരുടെ പട്ടികയെയാണ് മുപ്പത് രാജവംശകാലങ്ങളായി തിരിച്ചിരിക്കുന്നത്. യാതൊരുവിധ രേഖകളും ലഭ്യമല്ലാത്ത 3100 ബി.സിക്കുമുമ്പുള്ള കാലത്തെ 'രാജവംശങ്ങൾക്ക് മുമ്പുള്ള കാലഘട്ട' (Predynastic era) മെന്ന് വിളിക്കുന്നു. രാജവംശങ്ങളുടെ കാലം ഇങ്ങനെയാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.





| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

Nicholas Grimal: A History of Ancient Egypt:

Blackwell Publishers, Oxford.

ഈജിപ്തിലെ രാജാക്കന്മാരെ വിളിക്കാൻ ബൈബിൾ ഉപയോഗിച്ചിരിക്കുന്ന പേരാണ് ഫറോവയെന്ന് സൂചിപ്പിച്ചുവല്ലോ. പെർ-ആ (Per-aa) യെന്ന പദത്തിൽനിന്നാണ് ഫറോവയുടെ ഉൽപത്തി. മഹാഭവനം (Great house) എന്നാണ് ഈ പദത്തിനർത്ഥം. ഫറോവയെന്ന് ഈജിപ്തിലെ രാജാക്കന്മാർ അഭിസംബോധന ചെയ്യപ്പെട്ടുതുടങ്ങിയത് എന്ന് മുതൽക്കാണ്? ഹാർപേർസ് ബൈബിൾ ഡിക്ഷ്ണറി എഴുതുന്നത് കാണുക: 'പെർ' എന്നും 'ആ' യെന്നുമുള്ള രണ്ട് ഈജിപ്ഷ്യൻ പദങ്ങളിൽനിന്നാണ് ഈ പദ (ഫറോവ)ത്തിൻെറ ഉൽപത്തി. "മഹാഭവന"മെന്നാണ് ഈ ഈജിപ്ഷ്യൻ പദസമുച്ചയത്തിൻെറ യഥാർത്ഥ സാരം. ക്രിസ്തുവിന് മുമ്പ് മൂന്നാം സഹസ്രാബ്ദം മുതൽ രണ്ടാം സഹസ്രാബ്ദത്തിൻെറ ആദ്യ പകുതിവരെ ഈ നാമമുപയോഗിച്ചിരുന്നത് രാജകൊട്ടാരത്തിനായിരുന്നു. പതിനെട്ടാം രാജവംശത്തിലെ തുത്മോസ് മൂന്നാമൻെറ (Thutmose III 1504-1450 BC) കാലംമുതൽ പെർ-ആ രാജാവിനെത്തന്നെ വിളിക്കുന്ന നാമമായിത്തീർന്നു. ഇരുപത്തിരണ്ടാം രാജവംശത്തിലെ ശോഷെൻക് ഒന്നാമൻെറ (Shoshenq I 945-924 BC) കാലംമുതൽ രാജനാമത്തോടൊപ്പം, ബൈബിളിൽ കാണുന്നതുപോലെ ഫറോവയെന്ന് ചേർത്ത് വിളിക്കുന്ന സമ്പ്രദായമുണ്ടായി (ഉദാ: ഫറോവാ ശോഷെൻക്) (Harper's Bible Dictionary Page 781)

ഡോ. ബാബുപോൾ തൻെറ ബൈബിൾ നിഘണ്ടുവിൽ പറയുന്നതും ഇതുതന്നെയാണ്: "ഫറവോ. ഈജിപ്തിലെ രാജാവ്: 'മഹാഭവനം' എന്ന് അർത്ഥമുള്ള ഒരു പദത്തിൽനിന്ന് ഉരുത്തിരിഞ്ഞ സ്ഥാനനാമമാണ് ഫറവോ. ക്രി. മു. മൂന്നാം സഹസ്രാബ്ദം മുതൽ ഉപയോഗമുണ്ടായിരുന്നെങ്കിലും ക്രി. മു. 1500വരെ ആ പദം രാജാവിനെ സൂചിപ്പിച്ചിരുന്നില്ല. കൊട്ടാരം, ഡർബാർ അഥവാ രാജസദസ്സ് എന്നായിരുന്നു ആദ്യത്തെ അർത്ഥം. വ്യക്തിനാമത്തോടൊപ്പം ഫറവോ (ഉദാ: ഫറവോ നെക്കോ, ഫറവോ ഹോഫ്റ) എന്ന് ചേർക്കുന്ന രീതി ക്രി. മു 945 മുതൽ തുടങ്ങി" (ഡോ. ഡി. ബാബുപോൾ: വേദശബ്ദ രത്നാകരം പുറം 445).

പുതിയ രാജ്യത്വ (New Kindom) കാലത്ത് പതിനെട്ടാം രാജവം





ശത്തിൻെറ ഭരണകാലത്താണ് ഈജിപ്തിലെ രാജാക്കന്മാരെ ഫറോവയെന്ന് അഭിസംബോധന ചെയ്യാനാരംഭിച്ചതെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയും വ്യക്തമാക്കുന്നുണ്ട് (Encyclopaedia-Electronic Edition -Pharoah) ദി ഫങ്ക് ആൻറ് വാഗ്നൽസ് എൻസൈക്ലോപീഡിയ (The Funk and Wagnalls New Encyclopaedia Infopaedia 2.0-Electronic Edition-"Pharoah) നെൽസൺസ് ഇല്ലസ്ട്രേറ്റഡ് ബൈബിൾ ഡിക്ഷ്ണറി (Sr. Herbert Lockyer (General Editor): Nelson's Illustrated Bible Dictionary (1986) ``Pharoah") തുടങ്ങിയ ആധികാരിക ഗ്രന്ഥങ്ങളെല്ലാം ക്രിസ്തുവിന് മുമ്പ് പതിനഞ്ചാം നൂറ്റാണ്ടിന് മുമ്പ് ഫറോവയെന്ന പദപ്രയോഗം രാജാക്കന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് നിലനിന്നിരുന്നില്ലെന്ന വസ്തുത അംഗീകരിക്കുന്നു.

അബ്രഹാമിൻെറ കാലത്തെ ഈജിപ്തിലെ രാജാവിനെ ബൈബിൾ ഫറോവയെന്ന് വിളിക്കുന്നുണ്ടെന്ന് പറഞ്ഞല്ലോ. ഉൽപത്തി പുസ്തകത്തിൽ അബ്രഹാമിൻെറ കഥ വിശദമായി വിവരിക്കുന്നുണ്ട് (11:26-25:18). എന്നാൽ എന്നാണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് വ്യക്തമാക്കുന്ന കൃത്യമായ രേഖകളൊന്നുമില്ല. ദി അക്കാദമിക് അമേരിക്കൻ എൻസൈക്ലോപീഡിയ ബി.സി. മൂന്നാം സഹസ്രാബ്ദത്തിൻെറ അന്ത്യത്തിലോ രണ്ടാം സഹസ്രാബ്ദത്തിൻെറ തുടക്കത്തിലോ ആയിരിക്കണം അബ്രഹാം ജീവിച്ചതെന്നാണ് അഭിപ്രായപ്പെടുന്നത് (Abraham) ബി.സി. 1850കളിലായിരിക്കണം അബ്രഹാമിൻെറ കാലഘട്ടമെന്നാണ് 'ഡിക്ഷ്ണറി ഓഫ് പ്രോപർ നെയിംസ് ആൻറ് പ്ലെയിസസ് ഇൻ ദ ബൈബിളി'ൻെറ പക്ഷം (O. odelain & R. Seguineau: Dictionary of Proper Names and Places in the Bible. (London 1991) Page 7 ``Abraham") ദി ലയൺ ഹാൻറ് ബുക്ക് റ്റു ദ ബൈബിളിനും ഏകദേശം ഇതേ അഭിപ്രായംതന്നെയാണുള്ളത്. (David Alexander and Pat Alexander (Ed): The Lion Hand Book to the Bible, (1973-Oxford) Page 152, 153) ആധുനിക ഗവേഷണങ്ങളുടെ വെളിച്ചത്തിൽ അബ്രഹാം ബി.സി. 2300നടുത്ത് ജീവിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്ന് 'ദി ഹച്ചിൻസൺസ് ന്യൂ സെൻറുറി എൻസൈക്ലോപീഡിയ' പറയുന്നു. (The Hutchinson New Century Encyclopaedia" (1995-Electronic Edition) ``Abraham"). ബി.സി. 2000ത്തിനും 2300നുമിടയിലായിരിക്കണം അബ്രഹാമിൻെറ കാലമെന്നാണ് പ്രസിദ്ധമായ

കോളിൻ ജെം ഡിക്ഷ്ണറി ഓഫ് ദി ബൈബിളിൻെറയും പക്ഷം (Rev: James L. Dow, Collins Gem Dictionary of the Bible (1985-Britain) ``Abraham" Page 18) ബാബിലോണിലെ ഹമുറബി (ക്രി:മു: 1728-1686)യുടെ സമകാലീനനായിരുന്നു അബ്രഹാമെന്ന അഭിപ്രായ വും കി: മു: 1500ന് അടുപ്പിച്ചാണ് അബ്രഹാമിൻെറ കാലമെന്ന മക്കെൻ സിയുടെ അഭിപ്രായവും ഡോ. ബാബു പോൾ തൻെറ വേദശബ്ദ രത്നാകരത്തിൽ ഉദ്ധരിക്കുന്നുണ്ട് (പുറം 50). എന്നാൽ ആധുനിക ഉൽഖനന ഗവേഷണങ്ങൾ അബ്രഹാമിൻെറ കാലത്തെ പുറകോട്ട് കൊണ്ടുപോകുന്നുവെന്നും ബി.സി. 2300നോടടുത്തായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതെന്നാണ് ഉൽഖനന രേഖകൾ നൽകുന്ന തെളിവുകൾ വ്യക്തമാക്കുന്നതെന്നും നിരവധി ഗവേഷകന്മാർ വ്യക് തമാക്കിയിട്ടുണ്ട്. (Chain Bermant and Michael Weitzman: Ebla: A Revelation in Archeology (Great Britain 1979) Page 6-184 & Howard La Fay: ``Ebla: Splender of an Unknown Empire" National Geographic Magazine, December 1978) ചുരുക്കത്തിൽ, ക്രിസ്തുവിന് 1500 വർഷ ങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന വ്യക്തിയാണ് അബ്രഹാം എന്ന പുരാ തന ഗ്രന്ഥകർത്താക്കളുടെ അഭിപ്രായത്തിന് വിരുദ്ധമായി ബി.സി. 2300നടുത്ത കാലത്തായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതെന്ന നിഗ മനത്തിലെത്താനാണ് ആധുനിക ഉൽഖനന ഗവേഷണങ്ങൾ നൽകു ന്ന വിവരങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നത്.

ഈജിപ്തിലെ രാജവംശ ചരിത്രവുമായി ബന്ധപ്പെടുത്തി പരി ശോധിച്ചാൽ ആറുമുതൽ പന്ത്രണ്ടുവരെ രാജവംശങ്ങളുടെ കാല ങ്ങൾക്കിടയിലായിരിക്കണം അബ്രഹാമിൻെറ ജീവിതമെന്നാണ് മ നസ്സിലാകുന്നത്. ആധുനിക ഗവേഷകന്മാരുടെ അഭിപ്രായം പരിഗ ണിച്ചാൽ ആറാം രാജവംശത്തിൻെറ കാലത്തായിരിക്കണം (ബി.സി. 2300) അബ്രഹാം ജീവിച്ചിരുന്നത്. അങ്ങനെയെങ്കിൽ പുരാതന രാജ ത്വ (Old Kingdom) കാലത്തായിരിക്കും അദ്ദേഹത്തിൻെറ ജീവിതം. ഇനി പന്ത്രണ്ടാം രാജവംശത്തിൻെറ കാലത്താണ് അബ്രഹാം ജീവി ച്ചിരുന്നതെന്ന പഴയ അഭിപ്രായം പരിഗണിച്ചാലും മധ്യരാജത്വ (Middle Kingdom) കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് മാത്ര മെ വരികയുള്ളൂ. ഈജിപ്തിലെ രാജാക്കന്മാരെ ഫറോവയെന്ന് വിളി ക്കാനാരംഭിച്ചത് പുതിയ രാജത്വകാലത്ത് പതിനെട്ടാം രാജവംശത്തി ൻെറ സമയത്താണെന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. പിന്നെയെങ്ങ





നെയാണ് അബ്രഹാമിൻെറ കാലത്തെ ഈജിപ്തിലെ രാജാവിനെ ഫറോവയെന്ന് വിളിക്കുക? അബ്രഹാമിന് നൂറ്റാണ്ടുകൾ കഴിഞ്ഞ് നിലവിൽവന്ന ഫറോവയെന്ന അഭിസംബോധന രീതി അദ്ദേഹത്തി ൻെറ കാലത്ത് എങ്ങനെയാണ് ഉപയോഗിക്കപ്പെടുക? ഫറോവമാരു ടെ കഥ പറയുമ്പോൾ ബൈബിൾ സൂക്ഷ്മത പുലർത്തുന്നില്ലെന്ന വസ്തുതയാണ് നമുക്ക് ഇവിടെ ബോധ്യപ്പെടുന്നത്.

യോസഫിൻെറ ചരിത്രവിവരണത്തിലും ഇതേ പ്രശ്നം നിലനിൽ ക്കുന്നുണ്ട്. യോസഫിൻെറ ഈജിപ്തിലേക്കുള്ള വരവ് എന്നായിരു ന്നു? ബൈബിളിലെ സംഭവ വിവരണങ്ങളുടെ വെളിച്ചത്തിൽ ഹിക് സോസ് വംശത്തിൻെറ ഭരണകാലത്തായിരിക്കണം ഇത് നടന്നതെ ന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ആരാണ് ഹിക്സോസ് വംശം? ഡോ. ഡി. ബാബുപോൾ എഴുതുന്നു: 'ക്രി. മു. 1720-1550 കാലത്ത് ഈജിപ്ത് ഭരിച്ചിരുന്നത് ഹിക്സോസ് വംശത്തിലെ ഫറോ വമാരായിരുന്നു. ഇവർ ഏഷ്യാ വൻകരയിൽനിന്നുവന്ന് കാലക്രമ ത്തിൽ ഭരണാധികാരികളായിത്തീർന്നവരാണ്. ആദ്യകാലത്ത് നില വിലുള്ള ഭരണയന്ത്രംതന്നെ ഉപയോഗപ്പെടുത്തിയെങ്കിലും പിന്നെ പ്പിന്നെ കൂടുതലായി സെമിറ്റിക് വംശജരെ ഉന്നത സ്ഥാനങ്ങളിൽ നിയമിക്കാൻ തുടങ്ങി" (വേദശബ്ദ രത്നാകരം പുറം 272). ഹിക് സോസ് വംശക്കാരുടെ ഭരണകാലത്താണ് യോസഫിൻെറ ഈജിപ് തിലേക്കുള്ള പ്രവേശനമുണ്ടായതെന്ന ഡോ. ഡി. ബാബുപോളിൻെറ അഭിപ്രായംതന്നെയാണ് നെൽസൺസ് ഇല്ലസ്ട്രേറ്റഡ് ബൈബിൾ ഡിക്ഷ്ണറിയും (Nelsons Illustrated Bible Dictionary ``Egypt" Page 324) വില്യം നീൽസ് വൺ വാല്യം ബൈബിൾ കമെൻററിയും (Willian Neil's One Volume Bible Commentary ``Genesis: The Story of Joseph" Page 63) ദി ന്യൂ ജെംറാം ബിബ്ലിക്കൽ കമൻററിയുമെല്ലാം (The New Jerome Biblical Commentary Page 37) മുന്നോട്ടുവെക്കുന്നത്. ഹിക്സോസ് വംശജരുടെ ഭരണകാലത്താണ് യോസഫിൻെറ ഈ ജിപ്ത് ആഗമനമുണ്ടായതെന്ന കാര്യത്തിൽ പ്രമുഖരായ ബൈബിൾ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമൊന്നുമില്ലെന്നർത്ഥം.

ഹിക്സോസ് വംശം ഏതുകാലത്താണ് ഈജിപ്ത് ഭരിച്ചിരുന്ന തെന്ന് നടേ സൂചിപ്പിച്ചുവല്ലോ. ക്രി.മു. 1720-1550ആണ് ഹിക്സോസ് വംശത്തിൻെറ കാലം. ഈജിപ്തിലെ മധ്യരാജത്വകാല (Middle Kingdom) മാണിത്. ഇക്കാലത്താണ് ഈജിപ്തിലേക്കുള്ള യോസഫിൻെറ

ആഗമനമുണ്ടായത്. പതിനഞ്ചാം രാജവംശത്തിൻെറ കാലത്തായിരിക്കണം ഇത് സംഭവിച്ചിരിക്കുകയെന്നാണ് പണ്ഡിതാഭിപ്രായം. ഫറോവയെന്ന അഭിസംബോധനാ രീതി പുതിയ രാജവംശകാലത്താണല്ലോ ആരംഭിച്ചത്. യോസഫിൻെറ കാലത്തെ രാജാവിനെ ഫറോവയെന്ന് ബൈബിൾ വിളിച്ചിരിക്കുന്നതും അബദ്ധമാണെന്നർത്ഥം.

അബ്രഹാമിൻെറയും യോസഫിൻെറയും കാലത്തെ ഈജിപ്ഷ്യൻ ചക്രവർത്തിമാരെ ഫറോവമാരെന്ന് ബൈബിൾ അഭിസംബോധന ചെയ്യുവാനുള്ള കാരണമെന്താണ്? മോശെ പ്രവാചകന് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ബൈബിൾ പഴയ നിയമത്തിലെ പുസ്തകങ്ങളിൽ മിക്കതും എഴുതപ്പെടുന്നത്. വിവിധ ഗ്രന്ഥകാരന്മാരുടെ രചനകളാണല്ലോ അവയിലുള്ളത്. അബ്രഹാമിൻെറയും യോസഫിൻെറയുമെല്ലാം കഥ ബൈബിളിൽ എഴുതപ്പെട്ട കാലത്ത് ഈജിപ്തിലെ രാജാക്കന്മാരെ വിളിച്ചിരുന്നത് ഫറോവമാരെന്നായിരുന്നിരിക്കണം. ഈ പ്രയോഗത്തിൽനിന്ന് ഈജിപ്തിൽ എക്കാലത്തും രാജാക്കന്മാരെ ഫറോവമാരെന്നായിരിക്കണം വിളിച്ചതെന്ന നിഗമനത്തിലെത്തിയ ഗ്രന്ഥകാരന്മാരുടെ സൂക്ഷ്മതക്കുറവുകൊണ്ട് സംഭവിച്ച അബദ്ധമാണിത്. ഈജിപ്തിൻെറ പുരാതന ചരിത്രമോ ഫറോവയെന്ന പദത്തിൻെറ വ്യുൽപത്തിയോ അറിയാത്ത ഗ്രന്ഥകാരന്മാർക്ക് സംഭവിച്ച സ്വാഭാവികമായ ഒരു കൈപ്പിഴ മാത്രമാണിത്. ഈജിപ്ഷ്യൻ പുരാവിജ്ഞാനീയത്തിൻെറ വളർച്ചയാണ് ഇതൊരു അബദ്ധമാണെന്ന് നമുക്ക് വ്യക്തമാക്കിത്തരികയും ബൈബിൾ രചയിതാക്കൾക്ക് ഇതേപോലെയുള്ള നിരവധി അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത വെളിച്ചത്തുകൊണ്ടുവരികയും ചെയ്തത്.

ഫറോവയുടെ ചരിത്രവിവരണവുമായി ബന്ധപ്പെട്ട് ബൈബിൾ സൂക്ഷ്മത പാലിക്കുന്നില്ലെന്ന വസ്തുത ആ പേര് ഉപയോഗിച്ചതിലുള്ള അബദ്ധംതന്നെ സുതരാം വ്യക്തമാക്കുന്നുണ്ട്. ഖുർആനിൽ വിവരിച്ചിട്ടുള്ള ഫറോവാ-ഹാമാൻ കഥ ബൈബിളിലില്ലെന്ന ഏക കാരണത്താൽ നിഷേധിക്കുന്നതിന് യാതൊരുവിധ ന്യായീകരണവുമില്ലെന്ന് ഇതിൽനിന്നുതന്നെ ശരിക്കും വ്യക്തമാണ്. ഫറോവമാരെക്കുറിച്ച് ബൈബിൾ കൃത്യവും സൂക്ഷ്മവും കളങ്കരഹിതവുമായ ചരിത്രം പ്രദാനം ചെയ്യുന്നുവെങ്കിൽ മാത്രമെ അതിൻെറ മാത്രം അടിസ്ഥാനത്തിൽ ഖുർആനിലെ ഫറോവാ-ഹാമാൻ കഥയെ വിലയിരുത്താവൂ. ഫറോവയെന്ന പദത്തിൻെറ ഉപയോഗത്തിൽപോലും





കൃത്യതയില്ലാത്ത ബൈബിളിനെ ഇക്കാര്യത്തിൽ ഒരു മാനദണ്ഡമാക്കുവാനേ പറ്റില്ല. മോശയ്ക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് എഴുതപ്പെട്ടതിനാൽ ഫറോവയെന്ന നാമം പ്രയോഗിക്കുന്നതിൽ ഇത്തരമൊരു അബദ്ധമുണ്ടായെങ്കിൽ ഇതേ കാരണത്താൽ ഫറോവയുടെ മന്ത്രിയുമായി ബന്ധപ്പെട്ട ഒരു കഥ വിട്ടുപോയിരിക്കുവാനുള്ള സാധ്യതയും നിഷേധിക്കുവാനാവില്ലല്ലോ.

ഖുർആനാകട്ടെ, അതിലെ മറ്റെല്ലാ വിഷയങ്ങളിലുമെന്നപോലെ ഫറോവയുടെ നാമപ്രയോഗത്തിലും സംഭവവിവരണങ്ങളിലുമെല്ലാം തികഞ്ഞ സൂക്ഷ്മത പുലർത്തിക്കൊണ്ട് അതിൻെറ ദൈവികത വെളിപ്പെടുത്തുന്നത് കാണാൻ കഴിയും. അത്ഭുതകരമാണ് ഇക്കാര്യത്തിൽ ഖുർആൻ പുലർത്തുന്ന സൂക്ഷ്മതയും കൃത്യതയുമെന്നതാണ് വസ്തുത. ബൈബിളിലെ ഫറോവയെന്ന ശബ്ദത്തിന് തത്തുല്യമാണ് ഖുർആനിലെ ഫിർഔൻ. അബ്രഹാമിൻെറയോ യോസഫിൻെറയോ കാലത്തെ രാജാവിനെക്കുറിച്ച് ഖുർആനിലൊരിടത്തും ഫിർഔൻ എന്ന് പ്രയോഗിക്കുന്നില്ല. യൂസുഫ് നബി (അ)യുടെ കാലത്ത് ഈജിപ്ത് ഭരിച്ചിരുന്നയാളെ ഖുർആൻ വിളിക്കുന്നത് 'മലിക്ക്' എന്നാണ് (ഉദാ: 12:43-54, 12:72-76). 'മലിക്ക്' എന്നാൽ രാജാവ് എന്നർത്ഥം. യോസഫിൻെറ കാലത്തെ ഭരണാധികാരിയെ കേവലം രാജാവ് എന്ന് വിളിക്കുന്ന ഖുർആൻ മോശയുടെ കാലത്തെ ചക്രവർത്തിയെ ഫിർഔൻ എന്നുതന്നെ വിളിക്കുന്നുണ്ട്. മോശയുടെ ചരിത്രവുമായി ബന്ധപ്പെടുത്തി ഫിർഔനിൻെറ നാമം നിരവധി തവണ ഖുർആനിൽ കാണാം. (ഉദാ: 7:104-137, 8:52-54, 10:75-90, 20:24-78, 26:10-66, 28:3-42, 24-46, 43:46-85, 51:38-40, 79:17-25).

പുതിയ രാജത്വകാലത്താണ് ഫറോവയെന്ന അഭിസംബോധനാ രീതിയുണ്ടായതെന്ന് നടേ സൂചിപ്പിച്ചുവല്ലോ. ബി.സി. 1552-1069 ആണ് പുതിയ രാജത്വകാലം. ക്രിസ്തുവിന് മുമ്പ് പതിനാലാം നൂറ്റാണ്ടിൻെറ മധ്യത്തിൽ ബി.സി. 1352നും 1348നും ഇടക്കായിരിക്കണം രാജാക്കന്മാരെ ഫറോവയെന്ന് അഭിസംബോധന ചെയ്യുന്ന രീതിയുടെ തുടക്കമെന്നാണ് പണ്ഡിതാഭിപ്രായം. ബി.സി. പതിമൂന്നാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിലാണ് മോശ ജനിച്ചതെന്നാണ് കരുതപ്പെടുന്നത്. ഫറോവയെന്ന അഭിസംബോധനാ രീതി പ്രചുരപ്രചാരം സിദ്ധിച്ച കാലത്താണ് മോശയുടെ ജനനവും ദൗത്യവുമെല്ലാം ഉണ്ടായതെന്നർത്ഥം. മോശയുടെ പ്രബോധനകാലത്തെ രാജാവിനെ ഫിർ

ഔൻ എന്ന് സംബോധന ചെയ്തിരുന്ന ഖുർആനിക രീതി പൂർണ മായും ശരിയായ ചരിത്രവും പുരാവസ്തു ശാസ്ത്രവുമായി എല്ലാ നിലയ്ക്കും യോജിക്കുന്നതാണെന്ന വസ്തുത അതിൻെറ ദൈവി കതയ്ക്കുള്ള തെളിവ് കൂടിയാണ്.

ഫറോവയെക്കുറിച്ച പരാമർശങ്ങളുടെ കാര്യത്തിൽ ഖുർആൻ കൃത്യതയും സൂക്ഷ്മതയും പുലർത്തുന്നുവെന്നും ബൈബിൾ പല അബദ്ധങ്ങളും വരുത്തുന്നുണ്ടെന്നുമുള്ള വസ്തുതകൾ നാം മനസ്സി ലാക്കി. ചരിത്രകഥനങ്ങളുടെ വിഷയത്തിൽ ഖുർആൻ വെച്ചുപുലർ ത്തുന്ന കൃത്യതയ്ക്ക് കാരണം അതിൻെറ ദൈവികതയാണെന്ന വസ്തുത അൽപം ചിന്തിച്ചാൽ തന്നെ ബോധ്യപ്പെടും. ബൈബിള ല്ലാത്ത മറ്റൊരു സ്രോതസ്സും പുരാതന ചരിത്രത്തിൻെറ കാര്യത്തിൽ നിലവിലില്ലാതിരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ട ഖുർആനിക വച നങ്ങൾ അബദ്ധങ്ങളിൽനിന്ന് പൂർണമായി മുക്തമാണെന്ന വസ്തു ത അതിൻെറ ദൈവികതയല്ലാതെ മറ്റെന്താണ് വ്യക്തമാക്കുന്നത്? ബൈബിളിൽ അബദ്ധങ്ങൾ പരാമർശിക്കപ്പെട്ട അതേ ചരിത്രംതന്നെ കൈകാര്യം ചെയ്യുമ്പോഴും ഖുർആനിൽ അതേ അബദ്ധം ആവർത്തി ക്കപ്പെടുന്നില്ലെന്ന വസ്തുത പൗരാണിക സംഭവങ്ങളെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതാണ് അതെന്ന് വ്യക്തമാക്കുന്നു.

ഫറോവയുടെ ചരിത്ര കഥനത്തിൻെറ കാര്യത്തിൽ പല സ്ഥല ത്തും അബദ്ധങ്ങൾ പറ്റിയിട്ടുള്ള ബൈബിളിൽ പരാമർശിക്കുന്നില്ലെ ന്ന കാരണത്താൽ പ്രസ്തുത കഥനത്തിൽ പൂർണമായി കൃത്യത പുലർത്തുന്ന ഗ്രന്ഥമായ ഖുർആനിൽപറഞ്ഞിരിക്കുന്ന ഫറോവാ -ഹാമാൻ കഥ മുഹമ്മദ് നബിക്കുണ്ടായ ആശയക്കുഴപ്പത്തിൽനിന്നു ണ്ടായ കെട്ടുകഥയാണെന്ന് വാദിക്കുന്നത് ഏത് മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിൽ നോക്കിയാലും വിവരക്കേടാണ്.

രണ്ട്) എസ്തേറിൻെറ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന അഹ ശ്വറോശ് രാജാവിൻെറ കീഴിലുള്ള ഹാമാൻ എന്ന പ്രഭുവിൻെറ കഥ യും ഫറോവയുടെ കഥയും കൂടിക്കുഴഞ്ഞതുമൂലമാണ് ഖുർആനിൽ ഫറോവാ-ഹാമാൻ കഥയുണ്ടായത്.

ഖുർആനിൽ ചരിത്രാബദ്ധമുണ്ടെന്ന് വരുത്തുവാൻവേണ്ടി വിമർ ശകന്മാർ ഇവിടെ അവലംബമാക്കിയിരിക്കുന്നത് ബൈബിൾ പഴയ





നിയമത്തിലെ എസ്തേറിൻെറ പുസ്തകത്തെയാണ്. എസ്തേറിൻെറ പുസ്തകം മൂന്ന് മുതൽ ഏഴുവരെ അധ്യായങ്ങളിൽ അഹശ്വറോശ് രാജാവിൻെറ പ്രഭുവായ ഹാമാനെക്കുറിച്ച് പറയുന്നുണ്ടെന്നത് ശരി യാണ്. എസ്തേറിൻെറ പുസ്തകത്തിലെ ഹാമാൻ ചരിത്രപുരുഷനും ഖുർആനിലെ ഹാമാൻ കെട്ടുകഥയുമാണെന്ന വാദത്തിന് എന്ത് അടിത്തറയാണുള്ളത്? ഖുർആനിനേക്കാൾ ആധികാരികമാണ് എ സ്തേറിൻെറ പുസ്തകമെന്ന് തെളിയിക്കാൻ കഴിഞ്ഞാൽ ഈ വാദ ത്തിന് അൽപം പ്രസക്തിയുണ്ടെന്നെങ്കിലും പറയാമായിരുന്നു. എന്നാൽ എസ്തേറിൻെറ പുസ്തകത്തിൻെറ അവസ്ഥയെന്താണ്? യഹൂദരും ക്രൈസ്തവരുമായ പല പണ്ഡിതന്മാരും ഈ പുസ് തകം ആധികാരികമല്ലെന്ന് പ്രഖ്യാപിക്കുകയും വേദ പുസ്തക ത്തിൻെറ ഭാഗമല്ലെന്ന് വാദിക്കുകയും ചെയ്യുന്നുണ്ടെന്നതാണ് വാസ് തവം.

റവ. എ.സി. ക്ലെയ്റ്റൺ എഴുതുന്നത് കാണുക: "യഹൂദന്മാരിലും ക്രിസ്ത്യാനികളിലും ചിലർ ഈ പുസ്തകത്തിൽ ആദ്ധ്യാത്മിക ഉപദേശങ്ങൾ കുറവായിരിക്കുന്നുവെന്നും ഇതിൽ യഹോവ എന്നോ ദൈവം എന്നോ ഉള്ള നാമം ഒരു പ്രാവശ്യംപോലും കാണുന്നില്ലെന്നു മുള്ള കാരണത്താൽ ഇത് ഒരു കഥയാണെന്ന് വിചാരിച്ച് ഇതിനെ വേദപുസ്തകത്തിൽ ഉൾപ്പെടുത്താതിരിക്കുന്നു. എന്നാൽ മിക്കവാറും യഹൂദന്മാരും ക്രിസ്ത്യാനികളും അംഗീകരിച്ചിട്ടുണ്ട്" (ബൈബിൾ നിഘണ്ടു, പേജ് 83).

ഇക്കാര്യം അൽപംകൂടി വിശദമായി ഡോ. ഡി. ബാബുപോൾ തൻെറ വേദശബ്ദ രത്നാകരത്തിൽ വിവരിക്കുന്നുണ്ട്. "എസ്തേറി ൻെറ കഥ ബൈബിളിൽ ഉൾപ്പെടുത്തുന്നത് ദീർഘകാലം തർക്കവി ഷയമായിരുന്നു. ക്രി. പി.90ൽ ജാംനിയയിൽ കൂടിയ സുനഹദോ സാണ് യഹൂദന്മാരുടെ വേദഗ്രന്ഥത്തിൽ -ക്രിസ്ത്യാനികൾക്ക് പഴയ നിയമം- ഈ കഥയ്ക്ക് സ്ഥാനം അനുവദിച്ചത്. ആദിമ ക്രൈസ് തവരുടെ ഇടയിൽ എസ്തേറിൻെറ സ്വീകാര്യത തർക്കവിഷയമായി തുടർന്നു. 396ൽ ചേർന്ന കാർത്തേജ് സുനഹദോസാണ് ഇത് ബൈബിളിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചത്. 367ൽ അത്താനാ ഷ്യോസ് തയ്യാറാക്കിയ പട്ടികയിൽ ഡ്യൂട്രോ കാനോനിക്കൽ എന്നാ യിരുന്നു സ്ഥാനം. മെലിറ്റോ, ടിയോഡോർ, അംഫിലോക്കിയൂസ്, നാസിയാൻസിലെ ഗ്രിഗോറിയോസ് ഇവരുടെയൊക്കെ അഭിപ്രാ

യവും എസ്തേറിൻെറ കാനോനികതയ്ക്ക് അനുകൂലമായിരുന്നില്ല. ആറാം നൂറ്റാണ്ടിൽ ഇത് തർക്കവിഷയമായിരുന്നുവെന്ന് ജൂനിനിയോസും രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദ പണ്ഡിതന്മാരുടെ എതിർപ്പിന് കാരണം ഗ്രന്ഥത്തിൻെറ മതനിരപേക്ഷതയും വൈദേശിക സ്വഭാവവുമായിരുന്നു. 4:14,16 തുടങ്ങി ചുരുക്കം പരാമർശങ്ങൾ ഒഴിച്ചാൽ ദൈവം ഈ കൃതിയിൽ ദൃശ്യനേയല്ല. പേർഷ്യൻ രാജാവിനെക്കുറിച്ച് 187 പരാമർശങ്ങളുണ്ട്. പൂരിംതിരുനാൾ, മോശയുടെ ന്യായപ്രമാണത്തിൽ ഇല്ലായിരുന്നു എന്നതിനാൽ 30 പ്രവാചകന്മാർ ഉൾപ്പെടെ 85 മൂപ്പന്മാർ ആ തിരുനാളിൽ വായിക്കേണ്ടിയിരുന്ന ഈ കൃതിയെ അംഗീകരിക്കാൻ വിസമ്മതിച്ചുവെന്ന് മറ്റൊരിടത്തും കാണുന്നു" (വേദശബ്ദരത്നാകരം: പേജ് 156).

കത്തോലിക്കരുടെ ബൈബിൾ വിജ്ഞാനകോശം പറയുന്നതും ഇതുതന്നെ: "ബി.സി. രണ്ടാം നൂറ്റാണ്ടുമുതൽ എ.ഡി. ഒന്നാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഖുംറാനിലെ എസീം സമൂഹം എസ്തേറിനെ ഹിബ്രുകാനനിൽ ഉൾപ്പെടുത്തിയില്ല. പൂരിം തിരുനാൾ ദൈവസ്ഥാപിതമായതല്ലാത്തതിനാൽ യഹൂദ തിരുനാളുകളിൽ ഒന്നായി അതിനെ അവർ കണ്ടില്ല. അതുകൊണ്ടാവാം ഈ ഗ്രന്ഥത്തിന് അവർ വലിയ പ്രാധാന്യം കൊടുക്കാതിരുന്നത്.......... ആദിമകാലങ്ങളിൽ എസ്തേറിന കാനോനികം അല്ലെങ്കിൽ പ്രാമാണിക ഗ്രന്ഥമായി ക്രിസ്ത്യാനികളും കണ്ടിരുന്നില്ല. ഇതിൽ വെളിവാകുന്ന കടുത്ത വർഗസ്നേഹവും സ്വജനപക്ഷപാതവും അതേസമയം വിജാതീയരോടുള്ള അസഹിഷ്ണുതയുമാകാം ഇതിന് കാരണം. പൗരസ്ത്യസഭകളിൽ പ്രത്യേകിച്ച് സിറിയ, അനാതോളിയ തുടങ്ങിയ പ്രദേശങ്ങളിലെ സഭകൾ ഇതിന് കാനോനികത്വം കൽപിച്ചിരുന്നില്ല. സഭാ പിതാക്കന്മാരായ സാർദിസിലെ മെലിറ്റോ, കാപ്പതോച്ചിയായിലെ ഗ്രിഗറി നസിയാൻസൺ (329-390), മെപ്സുവെസ്തയിലെ തിയഡോർ (350?-420) തുടങ്ങിയവരൊക്കെ ഈ ഗ്രന്ഥത്തെ കാനോകിക ഗ്രന്ഥങ്ങളുടെ കൂടെ ഉൾപ്പെടുത്തിയിരുന്നില്ല. അത്തനേഷ്യസ് (295-373) ഇതിൻെറ കാനോനികത നിരസിച്ചുവെങ്കിലും യൂദിത്ത്, തോബിത്ത് തുടങ്ങിയ ഉത്തര കാനോനിക ഗ്രന്ഥങ്ങളുടെ കൂടെ ഇതിനെ ഉൾപ്പെടുത്തി. ഒറിജൻ (185?-254), എപ്പിഫാനോസ് (314-403), ജറുസലേമിലെ സിറിൽ (386) തുടങ്ങിയ പിതാക്കന്മാർ എസ്തേറിനെ കാനോനിക ഗ്രന്ഥമായി കണക്കാക്കി.





ട്രുള്ളോ സിനഡിൽ (എ.ഡി. 692) ഇതിനെ പ്രാമാണിക ഗ്രന്ഥമായി അംഗീകരിച്ചു" (ബൈബിൾ വിജ്ഞാനകോശം പേജ് 172).

എസ്തേറിൻെറ പുസ്തകം തീരെ പ്രാമാണികമല്ലെന്നും ചരിത്രരേഖയായി എടുക്കാവുന്നതല്ലെന്നും എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയും വ്യക്തമാക്കുന്നുണ്ട് (``Encyclopaedia Brittannica ``Esthay") എസ്തേറിൻെറ പുസ്തകത്തിലെ കഥകളെല്ലാം കേവലം കഥകൾ മാത്രമാണെന്നും അവയ്ക്ക് യാതൊരുവിധ ചരിത്രപരതയും അവാശപ്പെടാനാകില്ലെന്നുമാണ് പല ആധുനിക ഗവേഷകന്മാരുടെയും പക്ഷമെന്ന വസ്തുത ദി ജ്യൂയിഷ് എൻസൈക്ലോപീഡിയയും സമ്മതിക്കുന്നു (The Jewish Encyclopaedia (1905) Vol. 5 Page 235-236)

തീരെ ചരിത്രപരത അവകാശപ്പെടാൻ കഴിയാത്ത എസ്തേറിൻെറ പുസ്തകത്തിലെ ഒരു കേവല പരാമർശത്തിൻെറ അടിസ്ഥാനത്തിൽ ഖുർആനിലെ ഫിർഔൻ-ഹാമാൻ കഥയ്ക്ക് യാതൊരുവിധ അടിത്തറയുമില്ലെന്ന് പറയുന്നതെങ്ങനെ? യഥാർത്ഥത്തിൽ, എസ്തേറിൻെറ പുസ്തകത്തിൽ പറയുന്ന ഹാമാനും ഖുർആനിലെ ഹാമാനും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന വസ്തുത രണ്ട് ഗ്രന്ഥങ്ങളിലെയും ഹാമാനെക്കുറിച്ച പരാമർശങ്ങളുള്ള ഭാഗങ്ങൾ ഒരു ആവർത്തി വായിക്കുന്ന ആർക്കും ബോധ്യമാകും. എന്നാൽ ബൈബിളിൽനിന്ന് പകർത്തിയെഴുതിയുണ്ടാക്കിയതാണ് ഖുർആനെന്ന് വരുത്താൻവേണ്ടി ഗവേഷണങ്ങളിലേർപ്പെടുന്നവർ പലപ്പോഴും ഇക്കാര്യം വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നുവെന്നതാണ് വാസ്തവം. എസ്തേറിൻെറ പുസ്തകമാകുന്ന മാനദണ്ഡത്തിൻെറ വെളിച്ചത്തിൽ മാത്രമെ ഹാമാനെപ്പറ്റി മനസ്സിലാകൂയെന്ന് വാശി പിടിക്കുന്നവർ ആ പുസ്തകം എത്രത്തോളം വസ്തുനിഷ്ഠവും സത്യസന്ധവും ചരിത്രപരവുമാണെന്ന് പരിശോധിക്കുവാൻ മിനക്കെടാറില്ല. പ്രസ്തുത പരിശോധന നടക്കുമ്പോൾ മാത്രമെ തങ്ങൾ മാനദണ്ഡമായുപയോഗിക്കുന്നത് തീരെ മാനദണ്ഡമാക്കുവാൻ കൊള്ളാത്ത ഗ്രന്ഥമാണെന്ന വസ്തുത ബോധ്യപ്പെടുകയുള്ളൂ.

ഖുർആനിൽ പരാമർശിച്ചിരിക്കുന്ന ഫിർഔൻ-ഹാമാൻ കഥയ്ക്ക് ബൈബിളിലെ ഏതെങ്കിലും കഥകളുമായി പ്രത്യക്ഷമോ പരോക്ഷമോ ആയ യാതൊരുവിധ ബന്ധവുമില്ലെന്ന വസ്തുത നടേ സൂചിപ്പിച്ച കാര്യങ്ങളിൽനിന്ന് നാം മനസ്സിലാക്കി. ഇനി പ്രസ്തുത കഥ

യ്ക്ക് ഏതെങ്കിലും അർത്ഥത്തിലുള്ള ചരിത്രപരത അവകാശപ്പെടാനാകുമോയെന്നാണ് പരിശോധിക്കപ്പെടേണ്ടത്. ഫറോവയും ഹാമാനുമുൾപ്പെടുന്ന ഖുർആനിക കഥയ്ക്ക് ഉപോൽബലകമായി ബൈബിളല്ലാത്ത മറ്റുവല്ല സ്രോതസ്സുകളും വല്ല തെളിവുകളും നൽകുന്നുണ്ടോ? നാം പരിശോധിക്കുക.

ഫറോവ-ഹാമാൻ കഥയുമായി ബന്ധപ്പെടുത്തി ഖുർആൻ പറയുന്ന കാര്യങ്ങളെ ഇങ്ങനെ വ്യവഛേദിച്ചെഴുതാം.

(1) ഫറോവ ദൈവമാണെന്ന് അവകാശപ്പെട്ടിരുന്നു.

(2) ഫറോവ ആകാശത്തേക്ക് കയറിപ്പോകാൻ ശ്രമിച്ചിരുന്നു.

(3) ഹാമാൻ ഫറോവയുടെ ഒരു ഉദ്യോഗസ്ഥനായിരുന്നു.

(4) ഫറോവ ഹാമാനോട് കളിമണ്ണുകൊണ്ട് ചുട്ടെടുത്ത ഇഷ്ടികയുപയോഗിച്ച് ഒരു ഗോപുരം നിർമ്മിക്കുവാനാവശ്യപ്പെട്ടിരുന്നു.

ബൈബിളിലും ഖുർആനിലും പരാമർശിക്കപ്പെട്ടിരിക്കുന്ന ഫറോവയുമായി ബന്ധപ്പെട്ട കഥകൾ പരിശോധിക്കാൻ ഇവയല്ലാത്ത മറ്റുവല്ല സ്രോതസ്സുകളും നമുക്ക് ലഭ്യമാണോ? ഈ ചോദ്യത്തിന് പത്തൊൻപതാം നൂറ്റാണ്ടുവരെ നൽകപ്പെട്ടിരുന്ന ഉത്തരം "ഇല്ല" യെന്നായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. പുരാതന ഈജിപ്തിനെക്കുറിച്ച പഠനശാഖ (Egyptology) ഇന്ന് ഏറെ പുരോഗമിച്ചിട്ടുണ്ട്. പുരാതന ഈജിപ്തിൽ നിലനിന്നിരുന്ന ചിത്രലിപി (Hieroglyph) കൾ വായിക്കുവാൻ കഴിഞ്ഞതുമൂലം ഈജിപ്തോളജി കഴിഞ്ഞ രണ്ട് ശതാബ്ദത്തിനുള്ളിൽ അഭൂതപൂർവ്വമായ വളർച്ച നേടി. ഫറോവമാരെയും ഹിക്സോസുകാരെയുമെല്ലാംകുറിച്ച് ബൈബിളിലോ ഖുർആനിലോ ഇല്ലാത്ത പല അറിവുകളും ചിത്രലിപിയുടെ വായനമൂലം നമുക്ക് ലഭിച്ചു. ഈജിപ്തുകാരെയും ഫറോവമാരെയും കുറിച്ച് വിജ്ഞാനകോശങ്ങളിൽനിന്ന് നടേ ഉദ്ധരിച്ച പല അറിവുകളും ഈ വായനമൂലം ലഭിച്ചവയാണ്. ഹിരോഗ്ലിഫ് ലിപികളുടെ വായനയുടെ ചരിത്രം വിവരിക്കുന്നിടത്ത് എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക പറയുന്ന വരികൾ ശ്രദ്ധേയമാണ്. "1799ൽ നടന്ന റോസറ്റാ സ്റ്റോണിൻെറ (Rosetta Stone) കണ്ടെത്തലാണ് ആ രഹസ്യം തുറക്കുവാനുള്ള അവസാനത്തെ താക്കോൽ നമുക്ക് തന്നത്. മൂന്നുതരം വ്യത്യസ്ത എഴുത്തുരേഖകളുണ്ടായിരുന്നു പ്രസ്തുത ശിലയിൽ; ഹീരോഗ്ലിഫിക്, ഡെമോട്രിക്, ഗ്രീക്ക് രേഖകൾ. ഈ മൂന്ന്





രേഖകളും സമാനമാണെന്ന ഗ്രീക്ക് രേഖയിലെ പ്രഖ്യാപനമാണ് ഇത് പരിഭാഷപ്പെടുത്തുന്ന കാര്യത്തിലെ ശ്രദ്ധേയമായ കാൽവെപ്പുകൾക്ക് കാരണമായത്....

എ.ഐ.സിൽവെക്ര ഡി-സാസിയെന്ന ഫ്രഞ്ച് പണ്ഡിതനും ജെ.ഡി. അക്കർബാദ് എന്ന സ്വീഡിഷ് നയതന്ത്രജ്ഞനും ഡെമോട്രിക്മൂലത്തിലെ നിരവധി നാമങ്ങൾ മനസ്സിലാക്കുന്നതിൽ വിജയിച്ചു. ഏതാനും ചിഹ്നങ്ങളുടെ സ്വരമൂല്യം കൃത്യമായി നിശ്ചയിക്കുവാനും അക്കർബാദിന് കഴിഞ്ഞു. തോമസ് യങ്ങ് എന്ന ഇംഗ്ലീഷുകാരൻ അഞ്ച് ഹീരോഗ്ലിഫുകളെ കൃത്യമായി മനസ്സിലാക്കുകയും ചെയ്തു.

മറ്റൊരു ഫ്രഞ്ചുകാരനായ ജീൻ-ഫ്രാൻതോയിസ് ചാം പോളിയൻ പ്രസ്തുത ശിലാലിഖിതം പൂർണമായി വായിക്കുന്നതിൽ വിജയിച്ചു. ഭാഷകളുടെ സ്വാഭാവിക സൗകര്യത്തിലേക്ക് അദ്ദേഹം ഈ ശിലാലിഖിതത്തെ കൊണ്ടുവന്നു. (തൻെറ പതിനാറാമത്തെ വയസിൽതന്നെ ഗ്രീക്കിനും ലാറ്റിനിനോടുമൊപ്പം ആറ് പൗരാണിക പൗരസ്ത്യ ഭാഷകളിൽ നൈപുണ്യം നേടിയ വ്യക്തിയാണ് ഇദ്ദേഹം). ഓരോ ചിഹ്നവും മറ്റ് ചിഹ്നങ്ങളുമായി താരതമ്യം ചെയ്ത് ഹീരോഗ്ലിഫുകളുടെ സ്വരമൂല്യം നിർണയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ചാംപോളിയൻെറ കണ്ടെത്തലുകളെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയുമാണ് പിന്നീട് നടന്ന ഗവേഷണങ്ങൾ ചെയ്തത്" (Encyclopaedia Brittanica Online-``Heiroglyphs")

പത്തൊൻപതാം നൂറ്റാണ്ടിൽ മാത്രമാണ് ആധുനിക മനുഷ്യർക്ക് പൗരാണിക ഈജിപ്തുകാരെക്കുറിച്ച് വേദഗ്രന്ഥങ്ങളിൽ നിന്നല്ലാത്ത അറിവുകൾ ലഭിക്കുന്നതെന്ന് നാം മനസ്സിലാക്കി. ഈ അറിവുകൾ ഇവ്വിഷയകമായ ഖുർആനിക പരാമർശങ്ങളെ അനുകൂലിക്കുകയാണോ അതല്ല നിഷേധിക്കുകയാണോ ചെയ്യുന്നതെന്ന അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്. ഹീരോഗ്ലിഫ് ലിപിയുടെ വായനയിൽനിന്ന് നമുക്ക് ലഭിക്കുന്ന അറിവുകൾ ഖുർആനിക പരാമർശങ്ങളുമായി യോജിക്കുന്നുവെന്നുവന്നാൽ ഖുർആൻ നൽകുന്ന വിജ്ഞാനം പ്രമാദമുക്തമാണെന്ന വസ്തുതയാണ് അതുമൂലം നമുക്ക് മനസ്സിലാക്കാനാവുക. പത്തൊൻപതാം നൂറ്റാണ്ടിൽ മാത്രം ആധുനിക മനുഷ്യൻ മനസ്സിലാക്കിയ കാര്യങ്ങളുമായി പൊരുത്തപ്പെടുന്ന പരാമർശങ്ങൾ ഏഴാം നൂറ്റാണ്ടിൽ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തി

ലുണ്ടാവുകയെന്നത് അതിൻെറ ദൈവികതയല്ലാതെ മറ്റെന്താണ് വെളിപ്പെടുത്തുന്നത്?

ഫിർഔൻ–ഹാമാൻ കഥയുമായി ബന്ധപ്പെട്ട് ഖുർആനിൽ സൂചിപ്പിക്കപ്പെട്ട കാര്യങ്ങളെ സംഗ്രഹിച്ച് നേരത്തെ പരാമർശിച്ച നാല് കാര്യങ്ങളിലേക്ക് ഈജിപ്റ്റോളജിയിൽ നടന്ന ഗവേഷണ പഠനങ്ങൾ എന്തെങ്കിലും വെളിച്ചം പകരുന്നുണ്ടോയെന്ന് നാം പരിശോധിക്കുക.

(1) ദൈവമാണെന്ന ഫറോവയുടെ അവകാശവാദം: ബൈബിളിൽ അബ്രഹാമിൻെറയും യോസഫിൻെറയും മോശയുടെയുമെല്ലാം കാലത്ത് ജീവിച്ചിരുന്ന ഈജിപ്ഷ്യൻ രാജാക്കന്മാരെ ഫറോവയെന്ന് വിളിച്ചിരിക്കുന്നുവെന്നും ഇത് ചരിത്രപരമായി നോക്കിയാൽ അബദ്ധമാണെന്നും മൂസാ (അ)യുടെ കാലത്തെ ഈജിപ്ഷ്യൻ ചക്രവർത്തിയെ മാത്രം ഫിർഔനെന്ന് വിളിച്ച ഖുർആനിക രീതിയാണ് സൂക്ഷ്മവും കൃത്യവുമായതെന്നും നടേ നാം മനസ്സിലാക്കി. മോശയുടെ കാലത്ത് ജീവിച്ചിരുന്ന ഫറോവ താൻ ദൈവമാണെന്ന് അവകാശപ്പെട്ടിരുന്നുവെന്ന് ഖുർആൻ പറയുന്നുണ്ട്.

“ഫിർഔൻ പറഞ്ഞു: പ്രമുഖന്മാേ,ര ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല” (വി.ഖു. 28:3).

“അങ്ങനെ അവൻ (തൻെറ ആൾക്കാരെ) ശേഖരിച്ചു. എന്നിട്ട് വിളംബരം ചെയ്തു. ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു എന്നവൻ പറഞ്ഞു” (വി.ഖു. 79:23,24).

ഈജിപ്റ്റോളജിയുടെ രംഗത്ത് നടന്ന പുതിയ ഗവേഷണങ്ങൾ ഈ പരാമർശങ്ങളുടെ സത്യതയ്ക്ക് സാക്ഷ്യം നിൽക്കുന്നു. എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക എഴുതുന്നത് കാണുക: “ആകാശ ദൈവമായ ഹോറസിൻെറയും സൂര്യദൈവങ്ങളായ റേ, ആമോൻ, ആറ്റോൺ എന്നിവരോടുമൊപ്പം വ്യവഹരിക്കപ്പെട്ടുപോന്ന തങ്ങളുടെ രാജാവായ ഫറോവ ഒരു ദൈവമാണെന്നായിരുന്നു ഈജിപ്തുകാർ വിശ്വസിച്ചത്. ഫറോവ മരണപ്പെട്ടാലും അയാളുടെ ദിവ്യമായ കഴിവുകൾ നിലനിൽക്കുമെന്നും അത് മരണത്തിൻെറ ദൈവവും ഹോറസിൻെറ പിതാവുമായ ഹോസിറസിലൂടെ തൻെറ പുത്രനും പുതിയ ഫറോവയുമായ വ്യക്തിയിലേക്ക് സന്നിവേശിക്കുമെന്നുമായിരുന്നു അവരുടെ വിശ്വാസം.

ഫറോവയുടെ ദിവ്യത്വം വഴിയാണ് അയാൾക്ക് മാന്ത്രികമായ





കഴിവുകളുണ്ടായതെന്നും അവർ വിശ്വസിച്ചു. അയാളുടെ കിരീടത്തിന്മേലുള്ള സർപ്പമായ യുറായസ് തൻെറ ശത്രുക്കൾക്കുനേരെ തീപ്പൊരി പാറിക്കുമെന്നും യുദ്ധഭൂമിയിൽ ആയിരക്കണക്കിന് ശത്രുക്കളെ പരാജയപ്പെടുത്താൻ അയാൾക്ക് കഴിയുമെന്നും സർവ്വശക്തനും സർവ്വജ്ഞനും പ്രകൃതിയെയും വിളവെടുപ്പിനെയുമെല്ലാം നിയന്ത്രിക്കുന്നവനുമാണ് അയാളെന്നുമായിരുന്നു അവരുടെ വിശ്വാസം” (Brittanica Online-``Pharoah")

ഹാർപേർസ് ബൈബിൾ ഡിക്ഷണറിയും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്: “തങ്ങളുടെ രാജാവ് ഒരു ദൈവമാണെന്നായിരുന്നു ഈജിപ്തുകാരുടെ സങ്കൽപം. രാജകീയ ഫാൽക്കൻ ദൈവമായ ഹോറസിൻെറ ജഢാവതാരമാണ് ഫറോവ. അഞ്ചാം രാജവംശം മുതൽക്കെങ്കിലും (2494–2345 ബി.സി) മഹാനായ സൂര്യദൈവമായ റേയുടെ പുത്രനാണ് ഫറോവയെന്ന വിശ്വാസം നിലനിന്നിരുന്നു. അയാൾ മരിക്കുമ്പോൾ ഓസിറസ് ദേവനായിത്തീരുമെന്നും പരലോകത്ത് മറ്റ് ദേവന്മാരോടൊപ്പം കൂടിച്ചേരുമെന്നുമായിരുന്നു വിശ്വാസം. താത്വികമായി, ഈജിപ്തിലെ ഭൂപ്രദേശങ്ങളെല്ലാം ഫറോവയുടേതായിരുന്നു” (Harper's Bible Dictionary Page 781)

ചുരുക്കത്തിൽ, ഖുർആൻ പരാമർശിക്കുന്നതുപോലെ മോശയുടെ കാലത്ത് ഈജിപ്ത് ഭരിച്ചിരുന്ന ഫറോവ താൻ ദൈവമാണെന്ന് അവകാശപ്പെട്ടിരുന്നുവെന്നും പ്രസ്തുത അവകാശവാദം ഈജിപ്തുകാർ അംഗീകരിച്ചിരുന്നുവെന്നും തന്നെയാണ് പൗരാണിക ഈജിപ്തിനെക്കുറിച്ച ആധുനിക പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇക്കാര്യം ബൈബിൾ വ്യാഖ്യാനഗ്രന്ഥങ്ങളും അംഗീകരിക്കുന്നു.

(ii) ഫറോവയുടെ ആകാശാരോഹണം: മൂസാ നബി (അ)യുടെ കാലത്തെ ഫിർഔൻ ഒരു ആകാശസൗധം നിർമിക്കുവാൻ ആവശ്യപ്പെട്ടുവെന്നും അതുവഴി മൂസാ (അ) പറഞ്ഞ രീതിയിലുള്ള ഒരു ദൈവം ആകാശത്തെവിടെയെങ്കിലും ഉണ്ടോയെന്ന് നോക്കാൻ ശ്രമിച്ചുവെന്നും ഖുർആൻ വ്യക്തമാക്കുന്നു.

“ഫിർഔൻ പറഞ്ഞു: പ്രമുഖന്മാരേ, ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണുകൊണ്ട് (ഇഷ്ടിക) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നത സൗധം ഉണ്ടാക്കിത്തരിക. മൂസാ

യുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്ന് എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ കരുതുന്നത്" (വി.ഖു. 28:38).

"ഫിർഔൻ പറഞ്ഞു: ഹാമാനേ എനിക്ക് ആ മാർഗങ്ങളിൽ അഥവാ ആകാശമാർഗങ്ങളിൽ എത്തിച്ചേരുവാനും എന്നിട്ട് മൂസായുടെ ദൈവത്തിൻെറ അടുത്തേക്ക് എത്തിനോക്കുവാനുംതക്കവണ്ണം എനിക്കുവേണ്ടി നീയൊരു ഉന്നത സൗധം പണിത് തരൂ. തീർച്ചയായും അവൻ (മൂസാ) കളവ് പറയുകയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അപ്രകാരം ഫിർഔന് തൻെറ ദുഷ്പ്രവൃത്തി അലംകൃതമായി തോന്നിക്കപ്പെട്ടു. നേരായ മാർഗത്തിൽനിന്ന് അവൻ തടയപ്പെടുകയും ചെയ്തു. ഫറോവയുടെ തന്ത്രം നഷ്ടത്തിൽ തന്നെയായിരുന്നു" (വി.ഖു. 40:36-37). ഹാമാനോട് പ്രത്യേകമായി ഫിർഔൻ ആവശ്യപ്പെട്ട കാര്യമാണ് ഖുർആനിൽ പറഞ്ഞിരിക്കുന്നത്. ഇതേക്കുറിച്ച കൃത്യമായ വല്ല അറിവും ഈജിപ്ഷ്യൻ ശിലാലിഖിതങ്ങളിലുണ്ടോയെന്ന് ഇനിയും കണ്ടെത്തിക്കഴിഞ്ഞിട്ടില്ല. എന്നാൽ ആകാശാരോഹണത്തിന് താൽപര്യമുള്ളവരായിരുന്നു ഫറോവമാർ എന്ന കാര്യം പൗരാണിക ഈജിപ്തിനെക്കുറിച്ച് പഠിച്ച ഗവേഷകന്മാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രസിദ്ധ ഈജിപ്റ്റോളജിസ്റ്റായ ക്രിസ്ത്യൻ ജാക് എഴുതുന്നത് കാണുക: "ദൈവങ്ങളുടെ മുന്നിൽ ഫറോവ തൻെറ പ്രാമാണികത്വം പ്രകടിപ്പിക്കുന്നു. അദ്ദേഹം തനിക്ക്ആകാശത്തിലേക്ക് കയറിപ്പോകാനായി ഒരു ഗോവണിയുണ്ടാക്കുവാൻ അവരോട് ആവശ്യപ്പെടുന്നു. അവർ അദ്ദേഹത്തെ അനുസരിച്ചില്ലെങ്കിൽ അവയ്ക്ക് ഭക്ഷണങ്ങളോ നൈവേദ്യങ്ങളോ നൽകുകയില്ല". (Christian Jacgq: Egyptian Magic (Translated by Janet M. Davis U.K. 1985, page II) പൗരാണിക ഈജിപ്തിലെ ശിലാലിഖിതങ്ങളിലൊന്നിൻെറ വായനയിൽനിന്ന് മനസ്സിലായ കാര്യമാണ് മുകളിൽ ഉദ്ധരിച്ചത്. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. ഫറോവമാരിൽ ഒരാളോ അല്ലെങ്കിൽ ഒന്നിലധികം പേരോ ആകാശത്തിലേക്ക് കയറിപ്പോകാൻ ആഗ്രഹിച്ചിരുന്നുവെന്നും അതിനായി ഗോവണി പണിയാൻ ശ്രമിച്ചിരുന്നുവെന്നതുമാണവ. മൂസാ (അ) പറഞ്ഞ ദൈവത്തിൻെറ അസ്തിത്വമന്വേഷിച്ച് ആകാശത്തിലേക്ക് കയറിപ്പോകാനായി ഗോവണി നിർമ്മിക്കുവാൻ കൽപിച്ചവനായി ഫിർഔനിനെ പരിചയപ്പെടുത്തുന്ന ഖുർആനിലെ പരാമർശങ്ങൾക്ക് ഉപോൽബലകമായ തെളിവു





കളാണ് പൗരാണിക ഈജിപ്തിനെക്കുറിച്ച പഠനങ്ങൾ നൽകുന്നത് എന്നർത്ഥം.

(iii) ഹാമാൻ, ഫറോവയുടെ ഉദ്യോഗസ്ഥൻ

ഹാമാനിൻെറ നാമം ആറുതവണ ഖുർആനിലുണ്ട്. 28:6, 28:8, 28:38, 29:39, 40:24, 40:36 എന്നീ സൂക്തങ്ങളിലാണ് പ്രസ്തുത പേരുള്ളത്. എല്ലാം ഫിർഔനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സന്ദർഭങ്ങളിലുള്ളതാണ്. ചില സൂക്തങ്ങൾ കാണുക:

"ഫിർഔൻ പറഞ്ഞു: പ്രമുഖന്മാരേ ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണുകൊണ്ട് (ഇഷ്ടിക) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നത സൗധം ഉണ്ടാക്കിത്തരിക. മൂസായുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്ന് എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ കരുതുന്നത്" (വി.ഖു. 28:38).

"ഫിർഔൻ പറഞ്ഞു: ഹാമാനേ എനിക്ക് ആ മാർഗങ്ങളിൽ അഥവാ ആകാശമാർഗങ്ങളിൽ എത്തിച്ചേരുവാനും എന്നിട്ട് മൂസായുടെ ദൈവത്തിൻെറ അടുത്തേക്ക് എത്തിനോക്കുവാനും തക്കവണ്ണം എനിക്കുവേണ്ടി നീയൊരു ഉന്നത സൗധം പണിത് തരൂ. തീർച്ചയായും അവൻ (മൂസ) കളവ് പറയുകയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അപ്രകാരം ഫിർഔന് തൻെറ ദുഷ്പ്രവൃത്തി അലംകൃതമായി തോന്നിക്കപ്പെട്ടു. നേരായ മാർഗത്തിൽനിന്ന് അവൻ തടയപ്പെടുകയും ചെയ്തു. ഫറോവയുടെ തന്ത്രം നഷ്ടത്തിൽ തന്നെയായിരുന്നു" (വി.ഖു. 40:36-37).

ഈ സൂക്തങ്ങളിൽനിന്ന് ആരാണ് ഹാമാനെന്നോ അദ്ദേഹവും ഫിർഔനും തമ്മിലുള്ള ബന്ധമെന്തായിരുന്നുവെന്നോ കൃത്യവും സൂക്ഷ്മവുമായി വ്യക്തമാവുന്നില്ലെന്നത് ശരിയാണ്. എന്നാൽ ഫിർഔനിൻെറ രാജസദസ്സിലെ ഒരു പ്രധാനിയായിരുന്നു ഹാമാനെന്നും കെട്ടിടം പണികളുടെ ചുമതല അദ്ദേഹത്തിനായിരുന്നുവെന്നും ഈ ആയത്തുകൾ സുതരാം വ്യക്തമാക്കുന്നുണ്ട്. ഈ ആയത്തുകളിൽ പരാമർശിക്കപ്പെട്ട ആശയങ്ങളുമായി പൊരുത്തമുള്ള യാതൊരു കഥയും ബൈബിളിൽ കാണുന്നില്ല. എസ്തേറിൻെറ പുസ്തകങ്ങളിൽ കാണുന്ന അഹശ്വറോശ് രാജാവിൻെറ പ്രഭുവായ ഹാമാനും ഖുർ

ആനിൽ പറഞ്ഞിരിക്കുന്ന ഹാമാനും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന വസ്തുത നടേ നാം സമർത്ഥിക്കുകയുണ്ടായി. ഫറോവയുടെ കൊട്ടാര സദസ്സിൽ ഹാമാൻ എന്നുപേരായ ഒരാളുണ്ടായിരുന്നുവോ? ഇക്കാര്യത്തിൽ പുരാതന ഈജിപ്തിനെക്കുറിച്ച പഠനങ്ങളിലേതെങ്കിലും വല്ല വെളിച്ചവും നൽകുന്നുണ്ടോ?

ഇക്കാര്യത്തിൽ ഏറെ പഠനം നടത്തിയ വ്യക്തിയാണ് ഡോ. മോറിസ് ബുക്കായി. പൗരാണിക ഈജിപ്തിലുണ്ടായിരുന്നതായി ഖുർആനിൽ പറയുന്ന ഹാമാനെക്കുറിച്ച് എന്തെങ്കിലുമറിയണമെങ്കിൽ പൗരാണിക ഈജിപ്ഷ്യനിൽ അവഗാഹമുള്ള ആരോടെങ്കിലും ചോദിക്കുകയാണ് മാർഗമെന്ന് കരുതിയ മോറിസ്ബുക്കായി ആ വഴിക്ക് തൻെറ അന്വേഷണം തിരിച്ചുവിടുകയും അതുവഴി അത്ഭുതകരമായ ചില വസ്തുതകൾ പുറത്തുകൊണ്ടുവരികയുംചെയ്തു. ഡോ. മോറിസ് ബുക്കായി തന്നെ എഴുതട്ടെ! “എൻെറ ‘ഖുർആനിനെക്കുറിച്ച പരിചിന്തനങ്ങൾ ,(Reflections on the Qur'an) എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചതുപോലെ പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് ക്ലാസിക്കൽ അറബിയിൽ നല്ല പരിജ്ഞാനമുള്ള ഒരു വിദഗ്ദ്ധനോട് ഇക്കാര്യം സൂചിപ്പിക്കുന്നതിലേക്ക് പ്രസ്തുത അന്വേഷണം എന്നെ നയിച്ചു. ഇക്കാര്യങ്ങളെല്ലാം പൂർണമായി പൂർത്തീകരിക്കുന്ന പ്രഗൽഭനായ ഒരു ഫ്രഞ്ച് ഈജിപ്റ്റോളജിസ്റ്റ് എൻെറ ചോദ്യത്തിന് ഉത്തരം നൽകുവാൻ ദയവുകാണിച്ചു.

ഖുർആനിൽ എഴുതിയതുപോലെതന്നെ കോപ്പിയെടുത്ത ‘ഹാമാൻ’ എന്ന പദം കാണിച്ചുകൊണ്ട് ഏഴാം നൂറ്റാണ്ടിലുള്ള ഒരു രേഖയിൽ ഈജിപ്ഷ്യൻ ചരിത്രവുമായി ബന്ധപ്പെട്ട ഒരാളെ സൂചിപ്പിക്കുവാനായി ഉപയോഗിച്ച പദമാണ് ഇതെന്ന് ഞാൻ അദ്ദേഹത്തെ തെര്യപ്പെടുത്തി.

ഈ പദത്തിൻെറ ഹീരോഗ്ലിഫിക് ലിപ്യന്തരണം താൻ കണ്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഏഴാം നൂറ്റാണ്ടിലുള്ള ഒരു രേഖയിൽ ഇത് കാണുക തികച്ചും അസംഭവ്യമാണെന്നും അക്കാലത്ത് ഹീരോഗ്ലിഫുകൾ പൂർണമായിത്തന്നെ വിസ്മൃതിയിലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസ്തുത നാമത്തെക്കുറിച്ച തൻെറ അനുമാനത്തെ ഉറപ്പിക്കുവാൻ ‘രാൻകെ’യുടെ “പുതിയ രാജത്വകാലത്തെ വ്യക്തിനാമങ്ങളുടെ നിഘണ്ടു’ (Henmann Ranke: Dictionary of Personal Names of the New Kingdom) എന്ന ഗ്രന്ഥത്തെ അവലംബിക്കുവാൻ അദ്ദേഹം എന്നോട് ആവശ്യപ്പെട്ടു. ആ പുസ്തകം വായിച്ചപ്പോൾ അദ്ദേഹം എൻെറ മുന്നിൽവെച്ച് എഴുതിയതുപോലെതന്നെയുള്ള ഹീരോഗ്ലിഫ് ലിപികളിൽ എഴുതപ്പെട്ട പ്രസ്തുത നാമവും അതിൻെറ ജർമ്മൻ ഭാഷയിലുള്ള ലിപ്യന്തരണവും കാണാൻ എനിക്ക് കഴിഞ്ഞു.





ആ വിദഗ്ദ്ധൻ സങ്കൽപിച്ചുപറഞ്ഞതെല്ലാം ശരിയാണെന്ന് ഈ നിഘണ്ടു എന്നെ ബോധ്യപ്പെടുത്തി. ഹാമാൻെറ തൊഴിൽ വായിച്ചപ്പോൾ ഞാൻ അക്ഷരാർത്ഥത്തിൽ സ്തബ്ധനായിപ്പോയി. “കല്ലുവെട്ടുകുഴിയിലെ തൊഴിലാളികളുടെ നേതാവ്” (The Chief of the Workers in the Stone-quarries). ഖുർആനിൽ എന്താണോ പറയുന്നത് കൃത്യമായും അതുതന്നെ! ഫറോവയുടേതായി ഖുർആൻ ഉദ്ധരിക്കുന്ന വചനം ഒരു കെട്ടിട നിർമ്മാതാവിനെയാണല്ലോ അഭിസംബോധന ചെയ്യുന്നത്.

ഹാമാനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ച നിഘണ്ടുവിൽ പരാമർശിക്കപ്പെട്ട പുറത്തിൻെറ ഫോട്ടോകോപ്പിയും ഖുർആനിലെ പ്രസ്തുത നാമമുള്ള പേജുകളും നടേ പറഞ്ഞ വിദഗ്ദ്ധന് കാണിച്ചുകൊടുത്തപ്പോൾ അയാളും അമ്പരന്നുപോയി; അയാൾക്ക് മിണ്ടാട്ടം നിന്നുപോയി.....

നിഘണ്ടുവിൻെറ കർത്താവായ റാൻകെ സൂചിപ്പിക്കുന്ന ഒരു കാര്യം ശ്രദ്ധേയമാണ്. “വാൾട്ടർ റെൻസിൻസ്കിയെന്ന ഈജിപ്റ്റോളജിസ്റ്റ് 1906ൽ പുറത്തിറക്കിയ ഒരു ഗ്രന്ഥത്തിൽ താൻ ‘ഹാമാൻ’ എന്ന നാമം ഓസ്ട്രിയയിലുള്ള വിയന്നയിലെ ഹോഫ്മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ശിലാഫലകത്തിൽ കൊത്തിവെച്ചതായാണ് കണ്ടതെന്ന് പറയുന്നുണ്ട്. കുറെയേറെ വർഷങ്ങൾക്കുശേഷം എനിക്ക് ആ ശിലാഫലകത്തിലെ ഹീരോഗ്ലിഫുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തൊഴിൽ വായിക്കാൻ സാധിച്ചു. അപ്പോഴാണ് പ്രസ്തുത നാമത്തോടൊപ്പം ചേർത്തിരിക്കുന്ന നിർണ്ണയപദം (determinative) അദ്ദേഹം ഫറോവയുമായി വളരെ അടുത്ത വ്യക്തിയാണെന്ന് പ്രാധാന്യപൂർവ്വം വ്യക്തമാക്കുന്നുണ്ടെന്ന് മനസ്സിലായത്” (Dr. Maurice Bucaille: Moses and Pharoah, The Hebrews in Egypt (1995-Tokyo) Page 192-193).

എന്തുമാത്രം അത്ഭുതകരമാണ് ഈ കണ്ടെത്തൽ! ഫിർഔനിൻെറ രാജസദസ്സിലുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വ്യക്തിയായാണ് ഖുർആൻ ഹാമാനെ പരിചയപ്പെടുത്തുന്നത്. ഈജിപ്ഷ്യൻ ഹീരോഗ്ലിഫുകൾ നൽകുന്ന അറിവും മറ്റൊന്നല്ല. ഫറോവമാരുടെ കാലത്ത് ഹാമാൻ എന്ന ഒരാൾ ജീവിച്ചിരുന്നിട്ടേയില്ലെന്ന വിമർശകരുടെ വാദം ഈജിപ്റ്റോളജിയിൽ നടന്ന പുതിയ ഗവേഷണങ്ങൾ തിരസ്ക്കരിക്കുന്നതാണ് നാം ഇവിടെ കാണുന്നത്. ബൈബിളിൻെറ വെളിച്ചത്തിൽ ഖുർആനിനെ വിമർശിക്കുവാൻ ധൃഷ്ടരായവർക്ക് ഹീരോഗ്ലിഫുകളുടെ വായന വല്ലാത്തൊരു തിരിച്ചടിയാണ് നൽകുന്നത്.

ഖുർആനാണ് കൃത്യവും സൂക്ഷ്മവുമായ ചരിത്ര പരാമർശങ്ങൾ നടത്തുന്നത് എന്ന് ബോധ്യപ്പെടുത്തുക മാത്രമല്ല, പുതിയ പഠനങ്ങൾ ചെയ്യുന്നത്; പ്രത്യുത, ബൈബിൾ ഇക്കാര്യത്തിൽ തീരെ സൂക്ഷ്മമല്ലാത്ത പദപ്രയോഗങ്ങളും പരാമർശങ്ങളുമാണ് നടത്തുന്നത് എന്നുകൂടി അവ വ്യക്തമാക്കുന്നു. ബൈബിൾ അപ്രമാദിയും ഖുർആൻ അബദ്ധങ്ങളാൽ നിബിഡവുമാണെന്ന് സമർത്ഥിക്കാനായി ശ്രമിക്കുന്നവർ നിരത്തുന്ന തെളിവുകൾ അവർക്കെതിരെയുള്ള ബൂമറാംഗുകളായി മാറുന്നതാണ് ഇവിടെയും നാം കാണുന്നത്.

(iv) ചുട്ടെടുത്ത ഇഷ്ടികകൊണ്ടുള്ള ഗോപുരം: ഫിർഔൻ ഹാമാനോടായി ആവശ്യപ്പെടുന്നതായി ഖുർആൻ പറയുന്നത് ചുട്ടെടുത്ത കളി മണ്ണുകൊണ്ടുള്ള ഇഷ്ടികയുപയോഗിച്ച് ഒരു ഗോപുരം നിർമ്മിക്കുവാനാണ്. അഹങ്കാരത്തോടെയുള്ള ഫിർഔനിൻെറ കൽപന ഖുർആൻ ഉദ്ധരിക്കുന്നു:

“ഫിർഔൻ പറഞ്ഞു: പ്രമുഖന്മാരേ ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണുകൊണ്ട് (ഇഷ്ടിക) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നത സൗധം ഉണ്ടാക്കിത്തരിക. മൂസായുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്ന് എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ കരുതുന്നത്” (വി.ഖു. 28:38).

ഖുർആൻ വിമർശകരുടെ പരിഹാസത്തിന് പാത്രമായ പരാമർശങ്ങളിലൊന്നാണിത്. ഫറോവമാരുടെ കാലത്ത് ചുട്ടെടുത്ത ഇഷ്ടി





കകൊണ്ട് കെട്ടിടം നിർമ്മിക്കുന്ന വിദ്യ ഈജിപ്തിൽ നിലവിലുണ്ടായിരുന്നില്ലെന്നും റോമാക്കാരുടെ കാലത്താണ് പ്രസ്തുത സമ്പ്രദായം ആരംഭിച്ചത് എന്നും ഈജിപ്ഷ്യൻ പുരാവസ്തു ഗവേഷണത്തിൻെറ വെളിച്ചത്തിൽ പത്തൊൻപതാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ചില പുസ്തകങ്ങളിലെ ചില പരാമർശങ്ങളുടെ അടിസ്ഥാനത്തിലാണ് വിമർശനമുന്നയിക്കപ്പെടാറുള്ളത്. ചുട്ടെടുത്ത കളിമണ്ണുകൊണ്ടുള്ള ഇഷ്ടികയുണ്ടാക്കുന്ന വിദ്യതന്നെ നിലവിലില്ലാതിരുന്ന കാലത്ത് എങ്ങനെയാണ് അങ്ങനെയുള്ള ഇഷ്ടികകൊണ്ട് കെട്ടിടമുണ്ടാക്കാൻ ആവശ്യപ്പെടുകയെന്ന് വിമർശകർ പരിഹസിക്കുകയും ചെയ്യുന്നു. ഈജിപ്ഷ്യൻ പുരാവസ്തു പഠനത്തിലെ പുതിയ കണ്ടെത്തലുകൾ മനസ്സിലാക്കുമ്പോൾ ഈ പരിഹാസം മുഴുവൻ വിമർശകരുടെ വദനത്തിലേക്കുതന്നെ തിരിച്ചുചെല്ലുന്നതാണ് നമുക്ക് കാണാനാകുന്നത്.

പൗരാണിക ഈജിപ്തിലെ കെട്ടിട നിർമ്മാണ രീതികളെക്കുറിച്ച് ആധികാരികമായി പഠിച്ചയാളാണ് എ.ജെ. സ്പെൻസർ. 1979ൽ പുറത്തിറങ്ങിയ അദ്ദേഹത്തിൻെറ “പുരാതന ഈജിപ്തിലെ ഇഷ്ടിക വാസ്തുവിദ്യ” (Brick Architecture in Ancient Egypt) എന്ന ഗ്രന്ഥമാണ് ഇവ്വിഷയകമായി ഇന്ന് നിലവിലുള്ള ഏറ്റവും ആധികാരികമായ രേഖ. പ്രസ്തുത പുസ്തകത്തിൽ പറയുന്നത് കാണുക: “റോമാക്കാരുടെ കാലംവരെ ചുട്ടെടുത്ത ഇഷ്ടികയുപയോഗിക്കുന്ന രീതിക്ക് പൊതുവായ പ്രചാരമുണ്ടായിരുന്നില്ലെങ്കിലും അതിനേക്കാൾ കുറെ മുമ്പുതന്നെ ഈ വസ്തുവെക്കുറിച്ച അറിവ് ഈജിപ്തുകാർക്കുണ്ടായിരുന്നുവെന്നും ഇടയ്ക്കൊക്കെ അത് ഉപയോഗിക്കപ്പെട്ടിരുന്നുവെന്നും വ്യക്തമാക്കുന്ന മതിയായ തെളിവുകളുണ്ട്. രാജവംശകാലത്തിന് മുമ്പ് (Predynastic) തന്നെ അബിദോസിലും മഹാസ്നായിലുമുണ്ടായിരുന്ന പൊടിചൂളകളിൽ ചുട്ടെടുത്ത കളിമണ്ണുകൊണ്ടുണ്ടാക്കിയ വലിയ കഷണങ്ങളെ ഇഷ്ടികകളെന്ന് വിളിക്കാനാവുകയില്ലെങ്കിലും അത് സാധാരണ കളിമണ്ണ് ചുട്ടെടുക്കുന്ന വിദ്യ അവർക്ക് അറിവുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. കത്തിക്കുന്നതുവഴി കളിമൺ ഇഷ്ടികകൾ ശക്തമായിത്തീരുമെന്ന അറിവ് ആദ്യകാല ഈജിപ്തുകാർക്ക് ഉണ്ടായിരുന്നില്ലെന്ന് കരുതാൻ യാതൊരു ന്യായവുമില്ല. ഏതെങ്കിലുമൊരു കെട്ടിടം യാദൃച്ഛികമായോ മറ്റോ അഗ്നിക്കിരയായതിൽനിന്ന് അവർ ഇത് മനസ്സിലാ

ക്കിയിരിക്കണം. സക്കാറയിൽ ഒന്നാം രാജവംശകാലത്തുണ്ടായിരുന്ന ചില സ്തൂപങ്ങളിൽതന്നെ യാദൃച്ഛികമായി നിർമ്മിക്കപ്പെട്ട ചുട്ടെടുത്ത ഇഷ്ടികകൾ കാണപ്പെടുന്നുണ്ട്. കൊള്ളക്കാർ കത്തിച്ചതു മൂലമോ മറ്റോ ആയിരിക്കണം ഇതുണ്ടായതെന്നാണ് അനുമാനം. എങ്കിലും പുരാതന രാജത്വകാലത്ത് ഈജിപ്തുകാർ കരുതിക്കൂട്ടി ചുട്ടെടുത്ത ഇഷ്ടികകൾ നിർമ്മിച്ചിരുന്നുവെന്നതിന് ഇതുവരെ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. മധ്യരാജത്വകാലത്തെ നൂബിയയിലെ വലിയ കോട്ടകളിൽ ഉപയോഗിച്ചിരിക്കുന്ന വിരിപ്പുപലകക(Paving-slabs) ളാണ് അവർ മനഃപൂർവ്വം നിർമ്മിച്ച ചുട്ടെടുത്ത ഇഷ്ടികകൾക്കുള്ള ഏറ്റവും പഴയ തെളിവ്. 30 X 30 X 5 സെ.മീ. അളവിലുള്ള ഈ പലകകൾ സാധാരണ കളിമൺ ഇഷ്ടികകളെ അപേക്ഷിച്ച് ഈർപ്പത്തിനോടും തേയ്മാനത്തോടും ഉയർന്ന പ്രതിരോധശേഷി പ്രകടിപ്പിക്കുന്നതാണ് അത് ഈ ആവശ്യാർത്ഥം ഉപയോഗിക്കുവാൻ കാരണം". (A.J. SPENCER: Brick Architecture In Ancient Egypt (1979-U.K) Page 140).

ചുട്ടെടുത്ത ഇഷ്ടികകൾ ഉപയോഗിച്ചുകൊണ്ട് കെട്ടിടമുണ്ടാക്കുന്ന രീതി പൗരാണിക ഈജിപ്തുകാർക്ക് അറിയാമായിരുന്നുവെങ്കിലും അത് സാർവ്വത്രികമായി ഉപയോഗിക്കപ്പെട്ടിരുന്നില്ലെന്ന് സ്പെൻസർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ ശക്തമായ സൗധങ്ങളുണ്ടാക്കുമ്പോൾ അവ പരിഗണിക്കപ്പെട്ടിരുന്നുവെന്ന് അദ്ദേഹം തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. നടേ പറഞ്ഞതിൽനിന്ന് ചുട്ടെടുത്ത ഇഷ്ടികകൾ എല്ലാ കാലങ്ങളിലുമുള്ള ഈജിപ്തുകാർക്ക് പരിചിതമായിരുന്നുവെന്നും എന്നാൽ അതിൻെറ ഈടുകൊണ്ട് സാധാരണ കളിമൺ കട്ടകളിൽനിന്ന് വ്യത്യസ്തമായ ഉപയോഗമുള്ളപ്പോൾ മാത്രമായിരുന്നു അത് ഉപയോഗിച്ചിരുന്നതെന്നുമാണ് നമുക്ക് മനസ്സിലാവുന്നതെന്ന് ഉപസംഹരിക്കാം" (Ibid Page 141)

ഖുർആനിൽ പരാമർശിക്കപ്പെട്ട കാര്യങ്ങളുമായി ഈജിപ്റ്റോളജിയിലെ പുതിയ പഠനങ്ങൾ നൽകുന്ന അറിവ് പൂർണ്ണമായി യോജിച്ചുവരുന്നതാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. മൂസാ നബി (അ) യുടെ കാലത്തിന് മുമ്പുതന്നെ കളിമൺ ഇഷ്ടികകൾ ചുട്ടെടുത്തുകൊണ്ട് ബലവത്താക്കുന്ന രീതി ഈജിപ്തുകാർക്ക് അറിയാമായിരുന്നുവെന്ന അറിവ് ഫിർഔൻ ഹാമാനോടായി "എനിക്കുവേണ്ടി കളിമൺ ഇഷ്ടിക ചുട്ടെടുക്കുക" (28:38)യെന്ന് പറഞ്ഞ





തായി ഖുർആൻ ഉദ്ധരിക്കുന്നത് പൂർണമായും ചരിത്രപരമാണെന്ന് വ്യക്തമാക്കുന്നു. ആകാശത്തിലേക്ക് കയറിപ്പോയി മൂസാ (അ) പറയുന്ന ദൈവമെങ്ങാനും അവിടെയുണ്ടോയെന്ന് നോക്കുവാനായാണ് സൗധം പണിയാൻ ഫിർഔൻ ആവശ്യപ്പെട്ടത്. സാധാരണയിൽ നിന്ന് വ്യത്യസ്തമായ ഉന്നത സൗധം നിർമിക്കുകയാണ് ഫിർഔനിൻെറ ആവശ്യം. ഈജിപ്തുകാർ സാധാരണ കെട്ടിട നിർമാണത്തിന് ഉപയോഗിച്ചിരുന്ന കളിമൺ കട്ടകൾ പോര ഈ സൗധത്തിന്. അതുകൊണ്ടാണ് പ്രത്യേകമായിത്തന്നെ 'കളിമണ്ണുകൊണ്ട് ചുട്ടെടുക്കുക'യെന്ന് ആജ്ഞാപിച്ചത്. ഉറപ്പുള്ള ഉന്നത സൗധം നിർമ്മിക്കാൻ ഈജിപ്തുകാർ പ്രത്യേക ആവശ്യങ്ങൾക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ചുട്ടെടുത്ത ഇഷ്ടിക തന്നെ വേണമെന്നാണ് ഫിർഔനിൻെറ കൽപന. ഹീരോഗ്ലിഫ് ലിപികളെക്കുറിച്ച് യാതൊന്നും അറിയാതിരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ട വിശുദ്ധ വേദഗ്രന്ഥത്തിലെ പരാമർശങ്ങളെല്ലാം ഹീരോഗ്ലിഫുകൾ നൽകുന്ന അറിവുകളുമായി പൂർണമായും യോജിക്കുന്നുവെന്ന വസ്തുത ഖുർആനിൻെറ ദൈവികതയല്ലാതെ മറ്റെന്താണ് വ്യക്തമാക്കുന്നത്?

**ഖുർആനിൽ സ്നാപക യോഹന്നാന് മുമ്പ് ആർക്കും യോഹന്നാൻ എന്ന പേരുണ്ടായിരുന്നില്ലെന്ന് പറയുന്നുണ്ടല്ലോ. പഴയ നിയമത്തിൽ 27 തവണ യോഹന്നാൻ എന്ന നാമം പ്രയോഗിച്ചിരിക്കെ ഈ ഖുർആനിക പരാമർശം ചരിത്രപരമായ ഒരു വങ്കത്തമല്ലേ?**

ഖുർആനിലെ പത്തൊൻപതാം അധ്യായമായ സൂറത്തുമറിയം തുടങ്ങുന്നതുതന്നെ സകരിയ്യാ (അ)യുടെ വൃത്താന്തവുമായിക്കൊണ്ടാണ്. വാർധക്യകാലത്ത് വന്ധ്യയായ ഭാര്യയോടൊപ്പം ജീവിക്കുന്ന സകരിയ്യാ (അ)യുടെ ഒരു അനന്തരാവകാശിക്കുവേണ്ടിയുള്ള പ്രാർത്ഥനയും പ്രസ്തുത പ്രാർത്ഥനക്കുള്ള ഉത്തരമായി ഒരു ആൺകുഞ്ഞുണ്ടായ കഥയുമെല്ലാം ഖുർആൻ വിവരിക്കുന്നുണ്ട്. സകരിയ്യായുടെ പ്രാർത്ഥനയ്ക്കുള്ള ഉത്തരമെന്നോണം സർവ്വശക്തൻ അദ്ദേഹത്തിന് നൽകിയ വാഗ്ദാനം ഏഴാം വചനത്തിൽ പറയുന്നുണ്ട്. അതിൻെറ സാരം ഇങ്ങനെയാണ്:

"ഹേ സക്കരിയാ, തീർച്ചയായും നിനക്ക് നാം ഒരു ആൺകുട്ടിയെപറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവൻെറ പേര് യഹ്യാ

എന്നാകുന്നു. മുമ്പ് നാം ആരെയും അവൻെറ പേരുള്ളവരാക്കിയി ട്ടില്ല" (വി.ഖു.19:7)

ഈ വചനത്തിൽ "മുമ്പ് നാം ആരെയും അവൻെറ പേരുള്ളവ രാക്കിയിട്ടില്ല"യെന്ന് യഹ്‌യാ (അ)യെക്കുറിച്ച് പറഞ്ഞത് ചരിത്രപര മായി അബദ്ധമാണെന്നാണ് ആരോപണം. 'യോഹന്നാൻ സ്‌നാപ ക'ന് അറബിയിൽ പറയുന്ന പേരാണ് യഹ്‌യായെന്ന് പല ഖുർആൻ വ്യാഖ്യാതാക്കളും വ്യക്തമാക്കിയിട്ടുണ്ട്. ഇംഗ്ലീഷിൽ പുറത്തിറങ്ങിയ ചില ഖുർആൻ പരിഭാഷാ ഗ്രന്ഥങ്ങളിൽ യഹ്‌യായെന്നതിന് പകര മായി ജോൺ (John) എന്നെഴുതുകയും മറ്റുചിലവയിൽ യഹ്‌യാ യെന്നെഴുതി ജോൺ എന്ന് ബ്രാക്കറ്റിൽ ചേർക്കുകയും ചെയ്തിട്ടു ണ്ട്. അപ്പോൾ യോഹന്നാൻ സ്‌നാപകനുമുമ്പ് യോഹന്നാൻ എന്ന പേരുള്ളവരായി ആരുംതന്നെ ജീവിച്ചിരുന്നില്ല എന്നാണ് ഈ സൂക് തത്തിൽ പറഞ്ഞതെന്ന് വരുന്നു. പഴയ നിയമത്തിൽതന്നെ ഇരുപ ത്തിയേഴ് പ്രാവശ്യം യോഹന്നാൻ എന്ന നാമം പ്രയോഗിക്കപ്പെട്ടിട്ടു ണ്ട്. പഴയ നിയമത്തിലെ യോഹന്നൻമാരൊന്നും തന്നെ അത്ര പ്രസി ദ്ധരല്ലാത്തതിനാൽ മുഹമ്മദി(സ)ന് അവരെക്കുറിച്ച് അറിയുമായി രുന്നില്ല. അതുകൊണ്ട് വന്നുഭവിച്ച അബദ്ധമാണിത്': ഖുർആൻ വിമർ ശകരുടെ വാദം പോകുന്നത് ഇങ്ങനെയാണ്.

ഈ വിമർശനം പ്രധാനമായും ഒരു പദത്തെ ചുറ്റിപ്പറ്റിയുള്ളതാ ണ്. 'യഹ്‌യാ'യെന്നതാണ് ആ പദം. യോഹന്നാൻ സ്‌നാപകനെക്കു റിക്കാൻ ഖുർആനിൽ പ്രയോഗിക്കപ്പെട്ട പദമാണത്. പദോൽപത്തി യെക്കുറിച്ച് സൂക്ഷ്മമായി ഗവേഷണം നടത്താത്ത വ്യാഖ്യാതാക്കൾ യഹ്‌യായെന്ന പദത്തിന് പകരമായും തത്തുല്യമായും യോഹന്നാൻ എന്ന് പ്രയോഗിച്ചിട്ടുണ്ടെന്നത് നേരാണ്. ഖുർആനിൽ പറഞ്ഞിരി ക്കുന്നത് "മുമ്പ് നാം ആരെയും അവൻെറ പേര് (യഹ്‌യാ) ഉള്ളവ രാക്കിയിട്ടില്ല"യെന്നാണ്. ഖുർആനിൽ മുമ്പ് ആർക്കുമുണ്ടായിരുന്നി ല്ലെന്ന് പറയുന്നത് 'യഹ്‌യാ'യെന്ന നാമമാണ്; യോഹന്നാൻ എന്ന പേരല്ല. യഹ്‌യ=യോഹന്നാൻ എന്ന് കരുതിയ വ്യാഖ്യാതാക്കളാണ് ഖുർആനിൽ പറഞ്ഞത് യോഹന്നാൻ എന്നാണെന്ന് വരുത്തിത്തീർ ത്തത്. ബൈബിൾ പഴയ നിയമത്തിൽ പലതവണ യോഹന്നാൻ എന്ന പേര് ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്നത് നേരാണ്. "യഹ്‌യാ"യെന്ന ല്ല അവിടെയൊന്നും പ്രയോഗിച്ചിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അറബി ബൈബിളിൽനിന്നുള്ള ഏതാനും





ഉദ്ധരണികൾ കാണുക:

ثمانية وعشرون رجلا، ١٢ ومن بني عزجد
يوحانان بن هقاطان ومعه عشرة رجال،

(എസ്രാ 8:14)

٦ ظهر رسول من الله اسمه يوحنا •

(യോഹന്നാൻ 1:6)

"യഹ്‌യാ"യെന്ന അറബി പദത്തിന് തത്തുല്യമായ ഹിബ്രു പദ മാണോ 'യോഹന്നാൻ' എന്നാണ് നാം ആദ്യമായി പരിശോധിക്കേ ണ്ടത്. ഇവ്വിഷയകമായ പ്രാഥമിക പരിശോധനയ്ക്ക് നാം അറബി ബൈബിൾ പരിശോധിച്ചാൽ മതിയാവും. 1 രാജാക്കന്മാർ 25:23, 1 ദി നവൃത്താന്തരം 3:15, 1 ദിനവൃത്താന്തം 3:24, എസ്രാ 8:12 തുടങ്ങിയ പഴയ നിയമ ഉദ്ധരണികളിൽ യോഹന്നാനെക്കുറിച്ച് പറയുന്നുണ്ട്. ഇവിടെയെല്ലാം അറബി ബൈബിളിൽ യൂഹന്നായെന്നാണ് പറഞ്ഞി രിക്കുന്നത് "യോഹന്നാൻ സുവിശേഷം" എന്ന തലക്കെട്ട് അറബി ബൈബിളിൽ 'ബിശാറത്തു യൂഹന്നാ' (بشارة يوحنا) യെന്നാണ്. അ റബി പുതിയ നിയമത്തിൽ യോഹന്നാൻ സ്‌നാപകനെയും യേശു ശിഷ്യനായ യോഹന്നാനെയുമെല്ലാം 'യൂഹന്നാ'യെന്നുതന്നെയാണ് വിളിച്ചിരിക്കുന്നത്; എവിടെയും 'യഹ്‌യാ'യെന്ന് കാണുന്നില്ല. 'യോ ഹന്നാൻ' എന്ന ഹിബ്രു ശബ്ദത്തിന് തത്തുല്യമായ അറബി പദമാ യിരുന്നു 'യഹ്‌യാ'യെങ്കിൽ അറബി ബൈബിളിൽ യോഹന്നാൻ എ ന്ന പദത്തിന് പകരമായി യഹ്‌യായെന്ന് പ്രയോഗിക്കുമായിരുന്നു വെന്ന് തീർച്ചയാണ്.

സത്യത്തിൽ, യഹ്‌യാ, യോഹന്നാൻ എന്നിവ തികച്ചും വ്യത്യസ് തങ്ങളായ രണ്ട് നാമങ്ങളാണ്. യോഹന്നാൻ എന്ന ഹിബ്രു പദത്തി നർത്ഥം 'യഹോവ കാരുണ്യം ചെയ്തിരിക്കുന്നു" (Jehovah has graced) എന്നാണ്. രണ്ട് പദങ്ങൾ ചേർന്നുണ്ടായ ഒരു നാമമാണ് യോഹന്നാൻ. യൂ+ഹന്നാൻ. യഹോവയുടെ ചുരുക്കമായാണ് 'യൂ'യെ ന്ന് പ്രയോഗിച്ചിരിക്കുന്നത്. 'ഹന്നാൻ എന്ന ഹിബ്രു പദം 'ഹനാൻ'

എന്ന അരമായിക് മൂലത്തിൽ നിന്നുണ്ടായതാണ്. 'അനുകമ്പ'യെന്നാണ് അർത്ഥം. 'യഹോവ അനുകമ്പയുള്ളവനായിരിക്കുന്നു"എന്നോ "യഹോവയുടെ അനുകമ്പ"എന്നോ ആണ് യോഹന്നാൻ എന്ന പദത്തിൻെറ മൂലാർത്ഥം. എന്നാൽ 'യഹ്‌യാ'യെന്ന അറബിപദമുണ്ടായിരിക്കുന്നത് 'ഹയാ' എന്ന മൂലത്തിൽനിന്നാണ്. ഈ പദത്തിന് രണ്ട് അർത്ഥമുണ്ട്. ഒന്ന് 'അൽഹയാത്തി'ൽനിന്ന് നിർധരിക്കപ്പെട്ടത്. 'ജീവൻ' എന്നർത്ഥം. മറ്റൊന്ന് 'അൽ-ഹയാഇ'ൽ നിന്നുള്ളത്. 'നാണം' എന്ന് സാരം 'യഹ്‌യാ'യുടെ ഉൽപത്തി ഇവ രണ്ടിൽ ഏതിൽനിന്നായിരുന്നാലും യോഹന്നാൻ എന്ന ഹിബ്രു പദവുമായി യാതൊരു ബന്ധവും ഇതിനില്ലെന്ന് വ്യക്തമാണ്. രണ്ടിൻെറയും മൂലങ്ങൾ വ്യത്യസ്തങ്ങളാണ്; അർത്ഥങ്ങൾ തമ്മിൽ യാതൊരു വിധ സാമ്യവുമില്ലതാനും.

യേശുവിന് തൊട്ടുമുമ്പ് വന്ന സകരിയ്യായുടെ പുത്രനെയാണ് ഖുർആൻ 'യഹ്‌യാ'യെന്ന് വിളിക്കുന്നത്. സകരിയ്യയുടെയും എലിസബത്തിൻെറയും പുത്രനാണ് ബൈബിളിലെ യോഹന്നാൻ സ്നാപകൻ. എന്നാൽ 'യഹ്‌യാ'യെന്ന പദവും 'യോഹന്നാൻ' എന്ന പദവും തമ്മിൽ യാതൊരുവിധ ബന്ധവുമില്ല. രണ്ടും രണ്ട് മൂലങ്ങളിൽനിന്നുണ്ടായവ; രണ്ട് അർത്ഥങ്ങളുൾക്കൊള്ളുന്നവ. ഇതെങ്ങനെ സംഭവിച്ചു? ഒരാളുടെ തന്നെ രണ്ട് നാമങ്ങളാണോ യഹ്‌യായും യോഹന്നാനും? അതല്ല വിമർശകർ ആരോപിക്കുന്നതുപോലെ മുഹമ്മദ് നബി (സ)ക്ക് പറ്റിയ ഒരു കൈപ്പിഴയാണോ ഇത്?

ഈ ചോദ്യങ്ങൾക്ക് വസ്തുനിഷ്ഠമായ ഉത്തരം ലഭിക്കണമെങ്കിൽ ഖുർആനും ബൈബിളുമല്ലാത്ത മറ്റുവല്ല രേഖകളും സ്നാപക യോഹന്നാനെക്കുറിച്ച് പറയുന്നതായി നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെ വല്ല രേഖകളുമുണ്ടെങ്കിൽ അവ ഇക്കാര്യത്തിൽ നൽകുന്ന അറിവ് ഏറെ പ്രധാനപ്പെട്ടതാണ്. യോഹന്നാനോ യഹ്‌യയോ എന്താണ് യഥാർത്ഥ നാമമെന്ന് കണ്ടുപിടിക്കുന്നതിനുവേണ്ടി മാത്രമല്ല പ്രസ്തുത രേഖകൾ പ്രയോജനപ്രദമാവുക. അതുവഴി ഏത് ഗ്രന്ഥമാണ് കൃത്യവും സൂക്ഷ്മവുമായ പരാമർശങ്ങൾ നടത്തുന്നതെന്ന് മനസ്സിലാക്കുവാനും ഏതിനാണ് അപ്രമാദിത്വമുള്ളതെന്ന് വ്യക്തമായി അറിയുവാനും കഴിയും.

യോഹന്നാൻ സ്നാപകനെക്കുറിച്ച്, അദ്ദേഹം ഒരു വിശുദ്ധ പുരുഷനായിരുന്നുവെന്ന് വിശ്വസിക്കുന്ന ക്രൈസ്തവരും മുസ്‌ലിംകളു





മല്ലാത്ത മറ്റേതെങ്കിലും വിഭാഗങ്ങളുണ്ടോയെന്ന അന്വേഷണം പ്രസക്തമാണ്. അങ്ങനെയൊന്നുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഖുർആനും ബൈബിളുമല്ലാത്ത ഒരു സ്രോതസ്സായി അവരുടെ ഗ്രന്ഥങ്ങളോ രേഖകളോ സ്വീകരിക്കുവാൻ പറ്റുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷെ, അങ്ങനെയെന്തെങ്കിലുമുണ്ടോ?

യോഹന്നാൻ സ്നാപകനെ പിന്തുടരുന്നവരാണ് തങ്ങളെന്നും അദ്ദേഹം അന്തിമ പ്രവാചകനായിരുന്നുവെന്നും അവകാശപ്പെടുന്ന ഒരു വിഭാഗം ഇറാഖിലും ഇറാനിലും ഇന്നുമുണ്ട്. പോർച്ചുഗീസ് ക്രിസ്ത്യൻ മിഷനറിമാർ ഇവരെ വിളിച്ചത് 'യോഹന്നാൻ സ്നാപകൻെറ ക്രിസ്ത്യാനികൾ' (Christians of John the Baptist) എന്നായിരുന്നു. ഏകദൈവാരാധകരായ ഇവരുടെ പ്രധാനപ്പെട്ട ഒരു ആചാരമാണ് ജ്ഞാനസ്നാനം (Baptism). തങ്ങളുടെ മതത്തെയും വർഗത്തെയും കുറിക്കുവാൻവേണ്ടി മൻഡായി (Mandai) എന്നും മതവിശ്വാസികളെ സൂചിപ്പിക്കുവാൻ മാൻഡിയന്മാർ (Mandaens) എന്നുമാണ് അവർ ഉപയോഗിക്കുന്നത്. ഇസ്‌ലാമിനോട് സമാനമായ ഒട്ടനവധി വിശ്വാസാചാരങ്ങൾ മാൻഡിയൻമാർക്കുണ്ട്. ജ്ഞാനസ്നാനം, പ്രാർത്ഥനകൾ, ഉപവാസം, ദാനം തുടങ്ങിയവയാണ് ഇവരുടെ അടിസ്ഥാനാചാരങ്ങൾ. അരമായ ഭാഷയോട് സാദൃശ്യമുള്ളതും സെമിറ്റിക് മൂലത്തിൽനിന്ന് നിർധരിക്കപ്പെട്ടതുമായ മാൻഡിയാക് ഭാഷ (Mandiac language) യിലാണ് ഇവരുടെ മതഗ്രന്ഥങ്ങളെല്ലാം എഴുതപ്പെട്ടിരിക്കുന്നത്. ഗിൻസാ റാബ, ദ്രാഷ ഇദ് യഹ്‌യ, ആദാം ബോഗ്റ, ദി കിലെസ്ത, നിയാനി എന്നിവയാണ് ഇവരുടെ മതഗ്രന്ഥങ്ങൾ.

ബാഗ്ദാദിലെ കൗൺസിൽ ഓഫ് ജനറൽ അഫയേഴ്സിന് കീഴിൽ പ്രവർത്തിക്കുന്ന മാൻഡിയൻ റിസർച്ച് സെൻററിൽനിന്ന് ഈ മതവിഭാഗത്തെക്കുറിച്ച കൂടുതൽ അറിവ് ലഭിക്കും. www.mandaean.com-au, www.mandaean.org എന്നീ വെബ്സൈറ്റുകളിൽനിന്ന് ഈ മതവിഭാഗത്തിൻെറ വിശ്വാസാചാരങ്ങളെക്കുറിച്ച് മനസ്സിലാക്കാനാവും.

മാൻഡിയൻമാർ തങ്ങളുടെ പ്രവാചകനും ഗുരുവുമായി സ്വീകരിച്ചിരിക്കുന്നത് യോഹന്നാൻ സ്നാപകനെയാണെന്ന് പറഞ്ഞുവല്ലോ. അവർ അദ്ദേഹത്തെ വിളിക്കുന്നത് യഹ്‌യാ യൂഹന്നായെന്നാണ്. സ്നാപക യോഹന്നാൻേറതായി അവർ വിശ്വസിക്കുന്ന ഉപദേശങ്ങളുടെയും അധ്യാപനങ്ങളുടെയും സമാഹാരമാണ് 'ദ്രാഷാ ഇദ് യഹ്

യ'യെന്ന ഗ്രന്ഥം. 'യഹ്യായുടെ പുസ്തകം' എന്നർത്ഥം. അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥമായ ഗിൻസ റാബയിലെ നാനൂറ്റി പത്താം അധ്യായം തന്നെ' യഹ്യായുടെ പ്രാർത്ഥനകൾ' എന്ന തലക്കെട്ടോടുകൂടിയതാണ്. ഇവയിൽനിന്നെല്ലാംതന്നെ മാൻഡിയൻമാർ യോഹന്നാൻ സ്നാപകനെ വിളിക്കുന്നത് യഹ്യാ യൂഹന്നായെന്നായിരുന്നുവെന്ന് വ്യക്തമാകുന്നു. ഖുർആനിൽ പറഞ്ഞതുപോലെ യോഹന്നാൻ സ്നാപകന് യഹ്യായെന്ന പേര് കൂടിയുണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് കൃത്യമായി മനസ്സിലാകുന്നുണ്ട്.

മാൻഡായിക്കുകാരുടെ ഗ്രന്ഥങ്ങളിൽനിന്നും ലേഖനങ്ങളിൽനിന്നുമെല്ലാം യോഹന്നാൻ സ്നാപകൻെറ നാമം യഹ്യാ യൂഹന്നായെന്നായിരുന്നുവെന്ന് മനസ്സിലാകുന്നുണ്ടെന്ന് പറഞ്ഞല്ലോ. എന്നാൽ ഖുർആനിലൊരിടത്തും അദ്ദേഹത്തെ യഹ്യാ യൂഹന്നായെന്ന് വിളിച്ചിട്ടില്ല. എന്തുണ്ടൊണിത്?

ഈ ചോദ്യത്തിന് ഉത്തരം ലഭിക്കണമെങ്കിൽ എന്തുകൊണ്ടാണ് ഈ ഇരട്ട നാമം ഉപയോഗിക്കുന്നതെന്ന് കൃത്യമായി മനസ്സിലാക്കണം. മാൻഡിയൻമാരെയും അവരുടെ വിശ്വാസസംഹിതകളെയും ആചാര രീതികളെയുംകുറിച്ച് വിശദമായി പഠിച്ചയാളാണ് ഇ.എസ്. ഡ്രോവർ. അവരുടെ 'ദി മാൻഡിയൻസ് ഓഫ് ഇറാഖ് ആൻറ് ഇറാൻ', 'ദി കാനോനിക്കൽ പ്രെയർ ബുക്ക് ഓഫ് ദി മാൻഡിയൻസ്' എന്നീ പുസ്തകങ്ങൾ ഇവ്വിഷയകമായ ആധികാരിക രേഖകളായി പരിഗണിക്കപ്പെടുന്നവയാണ്. അവരും ആർ. മാക്കൂച്ചും കൂടിച്ചേർന്ന് എഴുതിയ ഗ്രന്ഥമാണ് എ മാൻഡായിക് ഡിക്ഷ്ണറി. (E.S. Drowoer: & R. Marcuch: A MANDAIC DICTIONARY 1963 OXFORD) മാൻഡിയന്മാരുടെ സാങ്കേതിക ശബ്ദങ്ങളും അവർ അവയുപയോഗിച്ചിരുന്ന രീതിയുമെല്ലാം ഈ ശബ്ദകോശത്തിലുണ്ട്. പ്രസ്തുത ഡിക്ഷ്ണറിയുടെ 185-ാം പുറത്തിൽ യഹ്യാ (iahia) യുടെയും 190-ാം പുറത്തിൽ യോഹന്നാ (iuhana) യുടെയും സാരം നൽകിയിട്ടുണ്ട്. അവ നോക്കുക:





**iahia** (Ar. يحيى) a man's *malwáša* name, used often together with the orig. Aram. form as **iahia iuhana**, John the Baptist Ginzā 213, HpGn 282, 284, Jeffrey 290, AF 241 n. 3. Var. **iihia** MG 13:middle. **iahia iuhana br šarat simat** Morg. 195:1; **iahia br zakaria** Gy 213:10, 218:23, PD 354 etc.

(E.S. Drowoer: & R. Marcuch: A MANDAIC DICTIONARY 1963 OXFORD) (പേജ് 185)

**iuhana** (יוֹחָנָן, ࡉࡅࡄࡀࡍࡀ) John, esp. John the Baptist, called also **iahia iuhana** (otherwise a frequent Mand. name) MSchr 195 n. 2, Jb ii 70 ff., HpGn 282, 284, AF 241, Kessler PRE xii 181; Tondelli, *Biblica* 9/1928 pp. 206–24. **iuhana maṣbana** Gy 189:1 ff. MR 137 n. 2; **iuhana mitlid bʿurašlam iuhana lagiṭ iardna** etc. Jb 70:8 ff.; **iuhana brh̲ d̲-aba saba zakria** Gy 57:5; **nbaṭ br iuhana** Gy 362:8, cf. 364:9; **baqaria iuhana** RD A 8 John's herdsmen.

(E.S. Drowoer: & R. Marcuch: A MANDAIC DICTIONARY 1963 OXFORD) (പേജ് 190)

ഇവയിൽനിന്നും മറ്റ് മാൻഡിയൻ സാഹിത്യങ്ങളിൽനിന്നുമായി അവരുടെ പേരുകളെക്കുറിച്ച് നമുക്ക് മനസ്സിലാകുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. എല്ലാ മാൻഡിയന്മാർക്കും പൊതുവെ രണ്ട് പേരുകളുണ്ടായിരിക്കും. ഒന്നാമത്തെ പേര് മൽവാഷാ നാമമെന്നും (malwasha name) രണ്ടാമത്തെ പേര് ലഖബ് (lagab) എന്നുമാണ് അറിയപ്പെടുക. എന്തിനാണ് ഈ രണ്ട് പേരുകൾ? ഇവ എന്താണ് അർത്ഥമാക്കുന്നത്?

ഇ.എസ്. ഡ്രോവർ എഴുതുന്നു: "രണ്ടാമത്തെ പേര് പൊതുവെ ഒരു മുഹമ്മദൻ നാമമായിരിക്കും. ഇതാണ് എല്ലാ സാധാരണ ആവശ്യങ്ങൾക്കും ഉപയോഗിക്കപ്പെടാറുള്ളത്. ആദ്യത്തെ പേര് (malwasha) ആണ് അയാളുടെ യഥാർത്ഥ ആത്മീയ നാമം. മതപരവും മാന്ത്രി

കവുമായ സന്ദർഭങ്ങളിലെല്ലാം ഈ പേരാണ് ഉപയോഗിക്കുക" (E.S. Drower: The Mandaeans of Iraq and Iran (1962-Lieden) Page 81)

യോഹന്നാൻ സ്നാപകൻെറ മാൽവാഷാ നാമമാണ് യഹ്‌യ. യോഹന്നാൻ എന്നത് അദ്ദേഹത്തിൻെറ ലഖബും. ജനങ്ങൾ പൊതുവെ അദ്ദേഹത്തെ വിളിച്ചിരുന്നത് യോഹന്നാൻ എന്നായിരിക്കണം. കാരണം മാൻഡിയൻമാർ എല്ലാ സാധാരണ ആവശ്യങ്ങൾക്കും പൊതുവായി ലഖബാണ് വിളിച്ചിരുന്നത്. എന്നാൽ അദ്ദേഹത്തിൻെറ യഥാർത്ഥ ആത്മീയ നാമം യഹ്‌യായെന്നായിരുന്നു. മതപരമായ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി ഈ നാമമാണ് ഏറെ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. യഹ്‌യായുടെ പുസ്തകത്തിലെ മിക്ക അധ്യായങ്ങളും ആരംഭിക്കുന്നതുതന്നെ "യഹ്‌യാ രാത്രികളിൽ പ്രഖ്യാപിക്കുന്നു; യോഹന്നാ രാത്രിയുടെ സന്ധ്യകളിലും" എന്ന് പറഞ്ഞുകൊണ്ടാണ്. ചുരുക്കത്തിൽ യോഹന്നാൻ സ്നാപകൻെറ യഥാർത്ഥ ആത്മീയ നാമം 'യഹ്‌യാ'യെന്നായിരുന്നു; ജനങ്ങൾ ആ സമൂഹത്തിൽ നിലനിന്നിരുന്ന സമ്പ്രദായപ്രകാരം അദ്ദേഹത്തിൻെറ ലഖബ് ആയ 'യോഹന്നാ' എന്ന പേരിലാണ് പൊതുവായി അദ്ദേഹത്തെ വിളിച്ചിരുന്നത് എന്ന് മാത്രമേയുള്ളൂ.

ഖുർആനിൽ 'യഹ്‌യാ'യെന്ന് മാത്രമെ പ്രവാചക നാമമായി ഉപയോഗിക്കപ്പെട്ടിട്ടുള്ളൂവെന്ന് പറഞ്ഞുവല്ലോ. അതാണ്, അത് മാത്രമാണ് അദ്ദേഹത്തിൻെറ യഥാർത്ഥ നാമം എന്നുള്ളതുകൊണ്ടാണിത്. ദൈവിക കൽപന പ്രകാരം മാതാപിതാക്കൾ അദ്ദേഹത്തിന് നൽകിയ പേരായാണ് ഖുർആൻ 'യഹ്‌യാ'യെന്ന നാമത്തെ പരിചയപ്പെടുത്തുന്നത്. അതായിരുന്നു അദ്ദേഹത്തിൻെറ യഥാർത്ഥ ആത്മീയ നാമം എന്ന് മാൻഡിയൻ സാഹിത്യങ്ങളിൽനിന്ന് നമുക്ക് മനസ്സിലാകുന്നതോടെ ഖുർആനിൻെറ ദൈവികത ഒരിക്കൽകൂടി വ്യക്തമാവുകയാണ് ചെയ്യുന്നത്; ഒപ്പം, ബൈബിളിൽനിന്ന് പകർത്തിയെഴുതിയതാണ് ഖുർആൻ എന്ന വാദത്തിൻെറ മൂലത്തിൽതന്നെ ഈ വസ്തുതകൾ കഠാരകുത്തിക്കയറ്റുന്നു. ബൈബിളിലെവിടെയും പരാമർശിക്കപ്പെട്ടിട്ടില്ലാത്ത യോഹന്നാൻ സ്നാപകൻെറ യഥാർത്ഥ നാമമായ 'യഹ്‌യാ' ഖുർആനിൽ വന്നത് യാദൃച്ഛികമാകാനിടയില്ലെന്ന് ഏതൊരു സാധാരണക്കാരന്നും മനസ്സിലാക്കാവുന്നതേയുള്ളൂ. സകരിയ്യാ (അ)യുടെ വാർധക്യകാലത്ത് വന്ധ്യയായ ഭാര്യയിൽ പുത്രനെ പ്രദാനം ചെയ്യുകയും പുത്രന് 'യഹ്‌യാ' യെന്ന് പേരിടാൻ നിർദ്ദേശി





ക്കുകയും ചെയ്ത തമ്പുരാനിൽനിന്ന് അവതീർണമായ ഗ്രന്ഥമായതിനാലാണ് ഖുർആനിൽ ഇക്കാര്യത്തിലും കൃത്യവും സൂക്ഷ്മവുമായ പരാമർശങ്ങളുണ്ടായത് എന്ന് മാത്രമേ ചിന്തിക്കുവാൻ കഴിയുകയുള്ളൂ.

ബൈബിളിൽ സ്നാപകനെ കുറിക്കുവാൻ യോഹന്നാൻ എന്ന് മാത്രമെ പ്രയോഗിക്കപ്പെട്ടിട്ടുള്ളൂവെന്നതും സ്വാഭാവികമാണ്. അദ്ദേഹത്തിന് ശേഷം പതിറ്റാണ്ടുകൾ ഏറെക്കഴിഞ്ഞ് രചിക്കപ്പെട്ട സുവിശേഷങ്ങളിലാണ് യോഹന്നാൻ സ്നാപകനെക്കുറിച്ച പരാമർശങ്ങളുള്ളത്. നടേ സൂചിപ്പിച്ചതുപോലെ തൻെറ കാലത്ത് അദ്ദേഹം ജനങ്ങളാൽ പൊതുവായി വിളിക്കപ്പെട്ടത് യോഹന്നായെന്നായിരിക്കണം. അതുകൊണ്ടുതന്നെ വാമൊഴിയായി പ്രചരിച്ച അദ്ദേഹത്തിൻെറ ജീവിതകഥനങ്ങളിലും ഉപദേശങ്ങളിലും യോഹന്നായെന്ന പേരായിരിക്കണം പ്രധാനമായും ഉപയോഗിക്കപ്പെട്ടത്. പതിറ്റാണ്ടുകൾ കഴിഞ്ഞ് രചിക്കപ്പെട്ട സുവിശേഷങ്ങളുടെ കർത്താക്കൾ യോഹന്നായെന്നാണ് അദ്ദേഹത്തിൻെറ നാമമെന്ന് കരുതിയത് സ്വാഭാവികം മാത്രം. എന്നാൽ ബൈബിൾ പുസ്തകങ്ങളുടെ കർത്താക്കൾക്ക് തങ്ങളുടെ ഗ്രന്ഥരചനയിൽ ദൈവനിവേശനമുണ്ടായിരുന്നുവെന്ന ക്രൈസ്തവ വിശ്വാസത്തിന് കോട്ടം തട്ടിക്കുന്ന പല തെളിവുകളിലൊന്നാണ് ഇതുമെന്ന വസ്തുത വിസ്മരിച്ചുകൂടാ. അങ്ങനെയൊരു ദൈവിക ഇടപെടലിൻെറ സ്വാധീനത്താൽ രചിക്കപ്പെട്ടതായിരുന്നു സുവിശേഷങ്ങളെങ്കിൽ തീർച്ചയായും സ്നാപകൻെറ യഥാർത്ഥമായ ആത്മീയ നാമമായിരുന്നു അവയിൽ പ്രതിപാദിക്കേണ്ടിയിരുന്നത്. എന്നാൽ ജനങ്ങൾക്കിടയിൽ പ്രചാരത്തിലിരുന്ന യോഹന്നാൻ എന്ന പേര് മാത്രമെ സുവിശേഷങ്ങൾ ഉപയോഗിക്കുന്നുള്ളൂ. തങ്ങൾക്ക് വാമൊഴിയായി പകർന്നുകിട്ടിയതിനേക്കാൾ അധികമായ യാതൊരു അറിവും സുവിശേഷ കർത്താക്കൾക്ക് ഉണ്ടായിരുന്നില്ലെന്ന വസ്തുതയാണല്ലോ ഇത് വെളിപ്പെടുത്തുന്നത്.

യഹ്‌യായുടെ ലഖബ് ആയ 'യോഹന്നാ'യെക്കുറിച്ച് എന്തെങ്കിലും അറിവ് ഖുർആൻ നൽകുന്നുണ്ടോയെന്ന് പരിശോധിക്കുമ്പോൾ അതിൻെറ ദൈവികത ഒന്നുകൂടി നമുക്ക് ബോധ്യപ്പെടുകയും സർവ്വശക്തനായ സ്രഷ്ടാവിന് മുമ്പിൽ നമ്രശിരസ്കരാവുന്നതിലേക്ക് നാം നയിക്കപ്പെടുകയും ചെയ്യുന്നു. 'യൂ', 'ഹന്നാൻ' എന്നീ രണ്ട് വാക്കുകളുടെ സമ്മേളനത്തിൽനിന്നാണ് യൂഹന്നായെന്ന പദമു

ണ്ടായിട്ടുള്ളതെന്നും 'ഹന്നാൻ' എന്ന ഹിബ്രു പദം 'ഹനാൻ' എന്ന അരമായ മൂലത്തിൽനിന്നുണ്ടായതാണെന്നും 'അനുകമ്പ'യെന്നാണ് ഈ പദത്തിന് അർത്ഥമെന്നും നേരത്തെ സൂചിപ്പിച്ചത് ഓർക്കുക. 'ഹനാൻ' എന്ന അറബി പദവും ഇതേ അർത്ഥമുൾക്കൊള്ളുന്നതാണ്. അറബി-ഹിബ്രു-അരാമിക് തുടങ്ങിയ ഭാഷകളെല്ലാം ഒരേ സെമിറ്റിക് മൂലത്തിൽനിന്നുണ്ടായവയാണല്ലോ.

ഖുർആനിൽ ഒരു തവണമാത്രമെ 'ഹനാൻ' എന്ന പദം ഉപയോഗിച്ചിട്ടുള്ളൂ; സൂറത്തുമർയമിലെ പതിമൂന്നാം (19:13) സൂക്തത്തിൽ. ആ സൂക്തത്തിൻെറ മലയാളം ലിപ്യന്തരണം ഇങ്ങനെയാണ്:

വ ഹനാനൻ മിൻ ലദുന്നാ വ സകാത്തൻ വ കാന തഖിയ്യാ "ഈ വചനത്തിൻെറ മലയാള പരിഭാഷ "നമ്മുടെ പക്കൽനിന്നുള്ള അനുകമ്പയും പരിശുദ്ധിയും നൽകി; അദ്ദേഹം (യഹ്‌യാ) ധർമ്മനിഷ്ഠയുള്ളവനായിരുന്നു" (19:13)വെന്നാണ്.

ഈ വചനത്തിൽ യഹ്‌യായെക്കുറിച്ച് 'നമ്മുടെ പക്കൽനിന്നുള്ള അനുകമ്പ' (ഹനാനൻ മിൻ ലദുന്ന)യെന്ന് പ്രയോഗിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്. യഹ്‌യാ 'ദൈവത്തിൽനിന്നുള്ള അനുകമ്പ'യാണെന്നർത്ഥം. യൂഹന്നയെന്ന പദത്തിനർത്ഥം 'ദൈവത്തിൽനിന്നുള്ള അനുകമ്പ'യെന്നാണെന്ന് മുമ്പ് സൂചിപ്പിച്ചത് ഓർക്കുക. 'യോഹന്ന'യിലെ അതേ ഹനാൻ തന്നെയാണ് ഖുർആൻ ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. യൂഹന്നയിലെ യൂ ഒഴിവാക്കി അതിൻെറ മൂലരൂപത്തിന് തത്തുല്യമായ 'ഹനാൻ' എന്ന് പ്രയോഗിക്കുകയാണ് ഖുർആൻ ചെയ്തിരിക്കുന്നത്.

ഇവിടെ 'യൂ' ഒഴിവാക്കിയിരിക്കുന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 'യഹോവ'യുടെ ചുരുക്കമായാണ് 'യൂ'യെന്ന് ഉപയോഗിച്ചിരിക്കുന്നതെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അറബിയിൽ ഏക ദൈവത്തെക്കുറിക്കുവാൻ യഹോവയെന്ന് ഉപയോഗിക്കാറില്ല. അതുകൊണ്ടുതന്നെ യഹോവയുടെ ചുരുക്കപ്പേരായ 'യൂ'യെന്ന് ഖുർആനിൽ പ്രയോഗിക്കുന്നത് സംഗതമല്ലല്ലോ. യൂഹന്നായെന്നത് യഹ്‌യായുടെ യഥാർത്ഥ നാമമല്ലെന്നും അദ്ദേഹത്തിൻെറ സ്വഭാവ സവിശേഷതകളുടെ അടിസ്ഥാനത്തിൽ ജനം വിളിച്ചിരുന്ന പേരായിരുന്നുവെന്നും അത് അദ്ദേഹത്തിൻെറ സവിശേഷത മാത്രമാണ് വെളിപ്പെടുത്തുന്നതെന്നും ഓർക്കുക. അതുകൊണ്ടുതന്നെ 'ദൈവത്തിൽ





നിന്നുള്ള അനുകമ്പ'യെന്ന അർത്ഥത്തിലുള്ള യൂഹന്നായെന്ന് അതേപോലെ അറബിയിൽ പ്രയോഗിച്ചിരുന്നുവെങ്കിൽ ആ പദം അർത്ഥരഹിതമാകുമായിരുന്നു. യൂഹന്നായെന്നത് അദ്ദേഹത്തിൻെറ പേരല്ലല്ലോ. എന്നാൽ 'യൂ' ഒഴിവാക്കിക്കൊണ്ട് 'ദൈവത്തിൽനിന്നുള്ള ഹനാൻ' എന്ന് കൃത്യമായി ഖുർആൻ പ്രയോഗിച്ചത് കാണുമ്പോൾ അതിൻെറ സൂക്ഷ്മതയും കൃത്യതയും നമുക്ക് വ്യക്തമായി മനസ്സിലാവുകയും തെറ്റുപറ്റാത്ത സ്രഷ്ടാവിൽ നിന്നുള്ളതാണ് ഖുർആനെന്ന് സുതരാം ബോധ്യപ്പെടുകയും ചെയ്യുന്നു. ഖുർആനിൽ ഒരേയൊരു സ്ഥലത്ത് മാത്രമെ ഹനാൻ എന്ന പദം ഉപയോഗിച്ചിട്ടുള്ളൂവെന്നും അത് യഹ്‌യായെക്കുറിച്ചാണെന്നതുംകൂടി ഇതോടൊപ്പം ചേർത്തുവായിക്കുമ്പോൾ ആർക്കാണ് അതിൻെറ ദൈവികത ബോധ്യപ്പെടാതിരിക്കുക?

ഇനി നാം ചോദ്യത്തിലേക്ക് തിരിച്ചുപോവുക. ഖുർആനിലെ സൂറത്തുമർയം ഏഴാം വചനത്തിൽ (19:7) പറയുന്നതെന്താണ്?

"ഹേ സക്കരിയാ, തീർച്ചയായും നിനക്ക് നാം ഒരു ആൺകുട്ടിയെപറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവൻെറ പേർ യഹ്‌യാ എന്നാകുന്നു. മുമ്പ് നാം ആരെയും അവൻെറ പേരുള്ളവരാക്കിയിട്ടില്ല" (വി.ഖു.19:7)

ഈ വചനം രണ്ടുതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.:

ഒന്ന്) ഇവിടെ "ലം നജ്അൽ ലഹു മിൻ ഖബ്‌ലു സമിയ്യാ"യെന്ന വചനഭാഗത്തെയാണ് "മുമ്പ് ആരെയും അവൻെറ പേരുള്ളവരാക്കിയിട്ടില്ല"യെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. 'സമിയ്യൻ' എന്ന പദത്തെയാണ് പേരുള്ളവൻ എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഇതിന് "മിഥ്‌ലൻ" എന്നും "ശബീഹൻ" എന്നുമെല്ലാം അർത്ഥമുണ്ട്. അദ്ദേഹത്തെ പോലെയുള്ളവൻ എന്നർത്ഥം. അപ്പോൾ ഈ വചനഭാഗത്തിന് "മുമ്പ് ആരെയും അദ്ദേഹത്തെപ്പോലെയുള്ളവനാക്കിയിട്ടില്ല"എന്ന അർത്ഥംവരും. വൃദ്ധനായ പിതാവിന് വന്ധ്യയായ ഭാര്യയിലുണ്ടായ കുഞ്ഞാണ് യഹ്‌യ. ഇങ്ങനെയൊരു സംഭവം അദ്ദേഹത്തിന് മുമ്പുണ്ടായിട്ടില്ല. ഈ അർത്ഥത്തിൽ യഹ്‌യായെപ്പോലെ ഒരാൾ അദ്ദേഹത്തിന് മുമ്പുണ്ടായിട്ടില്ലെന്നാണ് ഈ വചനത്തിന് ചില പണ്ഡിതന്മാർ നൽകിയ വ്യാഖ്യാനം.

രണ്ട്) ഈ വചനഭാഗത്തിൻെറ നേർക്കുനേരെയുള്ള അർത്ഥം

പരിഗണിച്ചുകൊണ്ട് 'യഹ്‌യാ'യെന്ന പേര് സ്നാപകനുമുമ്പ് മറ്റാർക്കുമുണ്ടായിട്ടില്ലെന്നാണ് മറ്റൊരു വിഭാഗം പണ്ഡിതന്മാരുടെ വ്യാഖ്യാനം.

രണ്ട് വ്യാഖ്യാനങ്ങൾ പ്രകാരം പരിശോധിച്ചാലും ഈ ഖുർആൻ സൂക്തത്തിൽ യാതൊരു വിധ അബദ്ധവുമില്ലെന്നതാണ് വാസ്തവം. യഹ്‌യാ(അ)ക്കുമുമ്പ് വൃദ്ധനായ പിതാവിന് വന്ധ്യയായ മാതാവിലുണ്ടായ ഒരു കുഞ്ഞിൻെറ കഥ ബൈബിളോ ഖുർആനോ പരാമർശിക്കുന്നില്ല. രണ്ടാമത്തെ വ്യാഖ്യാനത്തിൽ കടിച്ചുതൂങ്ങി ഖുർആനിൽ അബദ്ധം ആരോപിക്കുവാൻ വേണ്ടി ശ്രമിക്കുന്നവരുടെ വിമർശനങ്ങൾ ഖുർആനിൻെറ പ്രോജ്ജ്വല പ്രകാശത്തിന് മുമ്പിൽ കരിഞ്ഞുവീഴുന്നതാണ് നാം കണ്ടത്. യഹ്‌യായെന്ന ഒരു നാമം സ്നാപകനുമുമ്പ് ആർക്കെങ്കിലും നൽകപ്പെട്ടതായി സൂചിപ്പിക്കുന്ന രേഖകളൊന്നും തന്നെയില്ല. യഹ്‌യാ=യോഹന്നാൻ എന്ന സമവാക്യം ഖുർആനിൻേറതല്ല. അതുകൊണ്ടുതന്നെ അത് വിമർശനങ്ങൾക്കുമുമ്പിൽ തകരും. എന്നാൽ ഖുർആൻ മുന്നോട്ടുവെക്കുന്ന ആശയങ്ങളാകട്ടെ ഓരോ വിമർശനങ്ങളുന്നയിക്കപ്പെടുമ്പോഴും പൂർവ്വാധികം പ്രോജ്ജ്വലമായി വിളങ്ങുകമാത്രമേയുള്ളൂ.

**യോസഫിൻെറ യജമാനനായി ബൈബിൾ പരിചയപ്പെടുത്തുന്നത് പോത്തിഫർ എന്ന ഈജിപ്തുകാരനെയാണ്. ഖുർആനിലാകട്ടെ യൂസുഫ് നബി (അ)യുടെ യജമാനനെ അസീസ് എന്നാണ് വിളിച്ചിരിക്കുന്നത്. ഇത് ഒരു വൈരുധ്യമല്ലേ?**

ബൈബിളിലെ ഉൽപത്തി പുസ്തകം മുപ്പത്തിയൊൻപതാം അധ്യായത്തിൽ യാക്കോബിൻെറ പുത്രനായ യോസഫ് ഈജിപ്തിലെത്തിയതും ഫറോവയുടെ ഉദ്യോഗസ്ഥനായ പോത്തിഫറുടെ വീട്ടിൽ കഴിഞ്ഞതും അവിടെവെച്ച് യജമാനൻെറ ഭാര്യ അദ്ദേഹത്തെ പ്രലോഭിപ്പിക്കാൻ ശ്രമിച്ചതും അതിൽനിന്ന് അദ്ദേഹം രക്ഷപ്പെട്ടതുമായ കാര്യങ്ങൾ വിശദമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. അത് ഇങ്ങനെയാണ്.

“ഇതിനിടയിൽ യിസ്മാഈല്യർ യോസഫിനെ ഈജിപ്തിലേക്ക് കൊണ്ടുപോയി. അവിടെ ഫറോവയുടെ ഒരു ഉദ്യോഗസ്ഥനും അംഗരക്ഷകസേനയുടെ നായകനുമായ ഈജിപ്തുകാരൻ പോത്തിഫർ അയാളെ വിലക്കുവാങ്ങി. കർത്താവ് യോസഫിൻെറ കൂടെയു





ണ്ടായിരുന്നതിനാൽ അയാൾ വിജയിയായി. യജമാനനായ ഈജിപ്തുകാരൻെറ വീട്ടിൽ അയാൾ താമസിച്ചു. കർത്താവ് യോസഫിൻെറ കൂടെയുണ്ട് എന്നും അയാൾ ചെയ്യുന്നതെല്ലാം വി ജയപ്രദമാക്കുന്നതിന് സഹായിക്കുന്നുണ്ടെന്നും യജമാനൻ കണ്ടു. അതുകൊണ്ട് യജമാനൻ യോസഫിൽ പ്രീതനായി. യോസഫ് അയാളെ സ്വീകരിച്ചു. പോത്തിഫർ യോസഫിനെ തൻെറ ഗൃഹത്തിലെ മേൽനോട്ടക്കാരനായി നിയമിച്ചു. തനിക്കുള്ളതെല്ലാം അയാളുടെ ചുമതലയിൽ ഏൽപിച്ചുകൊടുത്തു. അയാൾ യോസേഫിനെ തൻെറ ഗൃഹത്തിനും തനിക്കുള്ള എല്ലാറ്റിനും ചുമതലക്കാരനാക്കി. അപ്പോൾ മുതൽ യോസേഫ് നിമിത്തം കർത്താവ് ഈജിപ്തുകാരൻ പോത്തിഫറുടെ കുടുംബത്തെ അനുഗ്രഹിച്ചു. കർത്താവിൻെറ അനുഗ്രഹം വീട്ടിലും വയലിലും അയാൾക്കുള്ള സകലതിന്മേലുമുണ്ടായി. അതുകൊണ്ട് പോത്തിഫർ തനിക്കുള്ളതെല്ലാം യോസേഫിൻെറ ചുമതലയിൽവിട്ടു. യോസേഫ് വീട്ടിലുണ്ടായിരുന്നതിനാൽ ഭക്ഷണത്തിനപ്പുറം മറ്റൊന്നിനും പോത്തിഫറിന് ശ്രദ്ധിക്കേണ്ടി വന്നില്ല. സുന്ദരനും സുമുഖനുമായിരുന്നു യോസേഫ്. കുറെകാലം കഴിഞ്ഞപ്പോൾ യജമാനൻെറ ഭാര്യ യോസേഫിൽ കണ്ണുവെച്ചു. “എന്നോടൊപ്പം ശയിക്കുക” എന്ന് അവൾ പറഞ്ഞു. യോസേഫ് വിസമ്മതിച്ചു. യജമാനൻെറ ഭാര്യയോട് അയാൾ പറഞ്ഞു; 'നോക്കൂ, ഞാൻ ഇവിടെയുള്ളതുകൊണ്ട് എൻെറ യജമാനൻ വീട്ടിലെ ഒരു കാര്യത്തെപ്പറ്റിയും ക്ലേശിക്കുന്നില്ല. തനിക്കുള്ളതെല്ലാം അദ്ദേഹം എന്നെ ഏൽപിച്ചിരിക്കയാണ്. ഈ വീട്ടിൽ അയാൾ എന്നേക്കാൾ വലിയവനല്ല. വീട്ടിൽ എനിക്കൊന്നും അപ്രാപ്യമാക്കിയിട്ടില്ല; നിങ്ങളെയൊഴിച്ച്. കാരണം നിങ്ങൾ അദ്ദേഹത്തിൻെറ ഭാര്യയാണല്ലോ. അപ്പോൾപിന്നെ ഞാൻ എങ്ങനെ ഈ വലിയ അധർമ്മം പ്രവർത്തിക്കും; ദൈവത്തിന് എതിരായി പാപം ചെയ്യും? ". ദിവസം തോറും യോസേഫിനോട് അവൾ ഇക്കാര്യം പറഞ്ഞിരുന്നെങ്കിലും അവളുടെ കൂടെ ശയിക്കാനോ അവളുടെയടുക്കൽ ഇരിക്കാനോ അയാൾ കൂട്ടാക്കിയില്ല. ഒരുദിവസം ജോലി ചെയ്യുന്നതിനായി യോസേഫ് വീട്ടിനുള്ളിലേക്ക് കടന്നു. പുരുഷന്മാർ ആരും വീട്ടിലില്ലായിരുന്നു. അയാളുടെ മേലങ്കിയിൽ കയറിപ്പിടിച്ച് 'എന്നോടൊപ്പം ശയിക്കുക' എന്ന് അവൾ ആവശ്യം ഉന്നയിച്ചു. മേലങ്കി അവളുടെ കയ്യിൽ ഉപേക്ഷിച്ച് അയാൾ ഓടി വീടിന് വെളിയിലേക്ക് പോയി. അയാൾ

മേലങ്കി ഉപേക്ഷിച്ച് വീടിന് പുറത്തേക്ക് ഓടിപ്പോയി എന്ന് കണ്ടപ്പോൾ അവൾ വീട്ടിലുള്ളവരെ വിളിച്ചുവരുത്തി ഇപ്രകാരം പറഞ്ഞു: 'നോക്കൂ, നമ്മെ അപമാനിക്കാൻ അദ്ദേഹം ഒരു എബ്രായനെ നമ്മുടെയിടയിൽ കൊണ്ടുവന്നിരിക്കുന്നു! എന്റെ കൂടെ ശയിക്കുന്നതിന് അയാൾ അകത്ത് കയറിവന്നു. ഞാൻ ഉച്ചത്തിൽ നിലവിളിച്ചു. ഞാൻ ശബ്ദം ഉയർത്തി നിലവിളിക്കുന്നതുകേട്ട ഉടൻ അയാൾ മേലങ്കി ഉപേക്ഷിച്ച് ഓടി വീടിന് വെളിയിലിറങ്ങിപ്പോയി'. യോസഫിന്റെ യജമാനൻ വീട്ടിൽ വരുന്നതുവരെ അവൾ അയാളുടെ മേലങ്കി കൈവശംവെച്ചു. നേരത്തെ പറഞ്ഞ കഥ തന്നെ അവൾ അയാളോടും പറഞ്ഞു: 'അങ്ങ് ഞങ്ങൾക്ക് കൊണ്ടുവന്ന എബ്രായദാസൻ മാനം കെടുത്താൻ എന്റെ അടുക്കൽ വന്നു. ഞാൻ ശബ്ദം ഉയർത്തി കരഞ്ഞയുടൻ അയാൾ മേലങ്കി എന്റെയടുത്ത് ഉപേക്ഷിച്ച് വീടിന് വെളിയിലേക്ക് ഓടിപ്പോയി'. 'അങ്ങയുടെ ദാസൻ ഈ വിധത്തിലാണ് എന്നോട് പെരുമാറിയതെന്ന് ഭാര്യ പറയുന്നത് കേട്ടപ്പോൾ അദ്ദേഹം കോപംകൊണ്ട് ജ്വലിച്ചു. യജമാനൻ യോസേഫിനെ പിടിച്ച് രാജാവിന്റെ തടവുകാരെ അടച്ചിരുന്ന ജയിലിൽ അടച്ചു. യോസേഫ് ജയിലിലായി. എന്നാൽ, കർത്താവ് അയാളോട് കൂടെയായിരുന്ന് അചഞ്ചലമായ സ്നേഹം പ്രകടിപ്പിച്ചു. തന്മൂലം തടവറ സൂക്ഷിപ്പുകാരന് അയാളോട് പ്രീതി തോന്നി. അവിടെയുള്ള എല്ലാ തടവുകാരെയും തടവറ സൂക്ഷിപ്പുകാരൻ യോസേഫിന്റെ മേൽനോട്ടത്തിൽ വിട്ടുകൊടുത്തു; അവിടെ നടന്നതിനെല്ലാം അയാളായിരുന്നു നടത്തിപ്പുകാരൻ. കർത്താവ് യോസേഫിനോട് കൂടെയുണ്ടായിരുന്നതിനാൽ യോസേഫിനെ ഭരമേൽപിച്ച ഒരു കാര്യത്തിനും തടവറ സൂക്ഷിപ്പുകാരൻ ശ്രദ്ധിക്കേണ്ടിയിരുന്നില്ല. യോസേഫിന്റെ പ്രവർത്തികൾ എല്ലാം ദൈവം വിജയകരമാക്കി" (ഉൽപത്തി 39: 1–23).

യൂസുഫ് നബി (അ)യുടെ ചരിത്രം അൽപം വിശദമായിത്തന്നെ ഒരു കഥാകഥനത്തിന്റെ രീതിയിൽ ഖുർആൻ പന്ത്രണ്ടാം അധ്യായമായ സൂറത്തു യൂസുഫിൽ വിവരിക്കുന്നുണ്ട്. നടേ ഉദ്ധരിച്ച ബൈബിളിൽ വചനങ്ങളിൽ സൂചിപ്പിക്കപ്പെട്ട സംഭവങ്ങൾ വിവരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ സാരം കാണുക:

"ഈജിപ്തിൽനിന്ന് അവനെ (യൂസുഫിനെ) വിലക്കെടുത്തയാൾ തന്റെ ഭാര്യയോട് പറഞ്ഞു: ഇവന് മാന്യമായ താമസസൗ





കര്യം നൽകുക. ഇവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ നമുക്ക് അവനെ മകനായി സ്വീകരിക്കാം. അപ്രകാരം യൂസുഫിന് നാം ആ ഭൂപ്രദേശത്ത് സൗകര്യമുണ്ടാക്കികൊടുത്തു. സ്വപ്നവാർത്തകളുടെ വ്യാഖ്യാനം അദ്ദേഹത്തിന് നാം അറിയിച്ചുകൊടുക്കുവാൻ വേണ്ടിയാണ് അത്. അല്ലാഹു തന്റെ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷെ, മനുഷ്യരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല. അങ്ങനെ അദ്ദേഹം പൂർണ്ണ വളർച്ചയെത്തിയപ്പോൾ അദ്ദേഹത്തിന് നാം യുക്തിബോധവും അറിവും നൽകി. സുകൃതം ചെയ്യുന്നവർക്ക് അപ്രകാരം നാം പ്രതിഫലം നൽകുന്നു. അവൻ (യൂസുഫ്) ഏതൊരുവളുടെ വീട്ടിലാണോ അവൾ അവനെ വശീകരിക്കുവാൻ ശ്രമം നടത്തി. വാതിലുകൾ അടച്ചുപൂട്ടിയിട്ട് അവൾ പറഞ്ഞു. ഇങ്ങോട്ട് വാ. അവൻ പറഞ്ഞു: അല്ലാഹുവിൽ ശരണം! നിശ്ചയമായും അവനാണ് എന്റെ രക്ഷിതാവ്. അവൻ എന്റെ താമസം ക്ഷേമകരമാക്കിയിരിക്കുന്നു. തീർച്ചയായും അക്രമം പ്രവർത്തിക്കുന്നവൻ വിജയിക്കുകയില്ല. അവൾക്ക് അവനിൽ ആഗ്രഹം ജനിച്ചു. തന്റെ രക്ഷിതാവിന്റെ പ്രമാണം കണ്ടറിഞ്ഞില്ലായിരുന്നുവെങ്കിൽ അവന് അവളിലും ആഗ്രഹം ജനിച്ചേനെ. അപ്രകാരം (സംഭവിച്ചത്) തിന്മയും നീചവൃത്തിയും അവനിൽനിന്ന് നാം തിരിച്ചുവിടുന്നതിന് വേണ്ടിയത്രെ. തീർച്ചയായും അവൻ നമ്മുടെ നിഷ്കളങ്കരായ ദാസന്മാരിൽ പെട്ടവനാകുന്നു. അവർ രണ്ടുപേരും വാതിൽക്കലേക്ക് മത്സരിച്ചോടി. അവൾ പിന്നിൽനിന്ന് അവന്റെ കുപ്പായം (പിടിച്ചു. അത്) കീറി. അവർ ഇരുവരും വാതിൽക്കൽ വെച്ച് അവളുടെ നാഥനെ (ഭർത്താവിനെ) കണ്ടുമുട്ടി. അവൾ പറഞ്ഞു. താങ്കളുടെ ഭാര്യയുടെ കാര്യത്തിൽ ദുരുദ്ദേശം പുലർത്തിയവനുള്ള പ്രതിഫലം, അവൻ തടവിലാക്കപ്പെടുക എന്നതോ, വേദനയേറിയ മറ്റേതെങ്കിലും ശിക്ഷയോതന്നെ ആയിരിക്കണം. യൂസുഫ് പറഞ്ഞു: അവളാണ് എന്നെ വശീകരിക്കുവാൻ ശ്രമം നടത്തിയത്. അവളുടെ കുടുംബത്തിൽപെട്ട ഒരു സാക്ഷി ഇപ്രകാരം സാക്ഷ്യപ്പെടുത്തി. അവന്റെ കുപ്പായം മുന്നിൽനിന്നാണ് കീറിയിട്ടുള്ളതെങ്കിൽ അവൾ സത്യമാണ് പറഞ്ഞത്. അവനാകട്ടെ കളവ് പറയുന്നവരുടെ കൂട്ടത്തിലാണ്. എന്നാൽ അവന്റെ കുപ്പായം പിന്നിൽനിന്നാണ് കീറിയിട്ടുള്ളതെങ്കിൽ അവൾ കളവാണ് പറഞ്ഞത്. അവനാകട്ടെ സത്യം പറയുന്നവരുടെ കൂട്ടത്തിലാണ്. അങ്ങനെ

അവൻെറ (യൂസുഫിൻെറ) കുപ്പായം പിന്നിൽനിന്നാണ് കീറിയിട്ടുള്ളത് എന്ന് കണ്ടപ്പോൾ അയാൾ (ഗൃഹനാഥൻ -തൻെറ ഭാര്യയോട്) പറഞ്ഞു. തീർച്ചയായും ഇത് നിങ്ങളുടെ (സ്ത്രീകളുടെ) തന്ത്രത്തിൽ പെട്ടതാണ്. നിങ്ങളുടെ തന്ത്രം ഭയങ്കരംതന്നെ. യൂസുഫേ, നീ ഇത് അവഗണിച്ചേക്കുക. (പെണ്ണേ) നീ നിൻെറ പാപത്തിന് മാപ്പ് തേടുക. തീർച്ചയായും നീ പിഴച്ചവരുടെ കൂട്ടത്തിലാകുന്നു. നഗരത്തിലെ ചില സ്ത്രീകൾ പറഞ്ഞു. പ്രഭുവിൻെറ ഭാര്യ തൻെറ വേലക്കാരനെ വശീകരിക്കാൻ ശ്രമിക്കുന്നു. അവൾ അവനോട് പ്രേമബദ്ധയായി കഴിഞ്ഞിരിക്കുന്നു. തീർച്ചയായും അവൾ വ്യക്തമായ പിഴവിൽ അകപ്പെട്ടതായി ഞങ്ങൾ കാണുന്നു. അങ്ങനെ ആ സ്ത്രീകളുടെ കുസൃതിയെപ്പറ്റി അവൾ കേട്ടറിഞ്ഞപ്പോൾ അവരുടെ അടുത്തേക്ക് അവൾ ആളെ അയക്കുകയും, അവർക്ക് ചാരിയിരിക്കാവുന്ന ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്തു. അവരിൽ ഓരോരുത്തർക്കും (പഴങ്ങൾ മുറിക്കാൻ) അവൾ ഓരോ കത്തികൊടുത്തു. (യൂസഫിനോട്) അവൾ പറഞ്ഞു. നീ അവരുടെ മുമ്പിലേക്ക് പുറപ്പെടുക. അങ്ങനെ അവനെ അവർ കണ്ടപ്പോൾ അവർക്ക് അവനെപ്പറ്റി വിസ്മയം തോന്നുകയും, അവരുടെ സ്വന്തം കൈകൾതന്നെ അറുത്ത് പോവുകയും ചെയ്തു. അവർ പറഞ്ഞു. അല്ലാഹു എത്ര പരിശുദ്ധൻ. ഇത് ഒരു മനുഷ്യനല്ല, ആദരണീയനായ ഒരു മലക്ക് തന്നെയാണ്. അവൾ പറഞ്ഞു: എന്നാൽ ഏതൊരുവൻെറ കാര്യത്തിൽ നിങ്ങളെന്നെ ആക്ഷേപിച്ചുവോ അവനാണ് ഇത്. തീർച്ചയായും അവനെ ഞാൻ വശീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അപ്പോൾ അവൻ (സ്വയം കളങ്കപ്പെടുത്താതെ) കാത്തുസൂക്ഷിക്കുകയാണ് ചെയ്ത്. ഞാൻ അവനോട് കൽപിക്കുന്നപ്രകാരം അവൻ ചെയ്തില്ലെങ്കിൽ തീർച്ചയായും അവൻ തടവിലാക്കപ്പെടുകയും നിന്ദ്യരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും. അവൻ (യൂസുഫ്) പറഞ്ഞു. എൻെറ രക്ഷിതാവേ, ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനേക്കാളും എനിക്ക് കൂടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെവിട്ട് നീ തിരിച്ചുകളയാത്ത പക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങനെ ഞാൻ അവിവേകികളുടെ കൂട്ടത്തിലായിപ്പോവുകയും ചെയ്യും. അപ്പോൾ അവൻെറ പ്രാർത്ഥന തൻെറ രക്ഷിതാവ് സ്വീകരിക്കുകയും അവരുടെ കുതന്ത്രം അവനിൽനിന്ന് അവൻ തട്ടിത്തിരിച്ച് കളയുകയും ചെയ്തു. തീർച്ചയായും അവൻ എല്ലാം കേൾക്കുന്ന





വനും കാണുന്നവനുമത്രെ. പിന്നീട് തെളിവുകൾ കണ്ടറിഞ്ഞതിനു ശേഷവും അവർക്ക് തോന്നി; അവനെ ഒരവധിവരെ തടവിലാക്കുകതന്നെ വേണമെന്ന്” (വി.ഖു. 12:21-35).

ഖുർആനും ബൈബിളും ഒരേ കഥയാണ് പരാമർശിക്കുന്നതെങ്കിലും അവയുടെ വിശദാംശങ്ങളിൽ ഏറെ വ്യത്യാസങ്ങളുണ്ടെന്ന് ഇവ രണ്ടും വായിച്ചുനോക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. യൂസുഫ് കുറ്റക്കാരനാണെന്ന് യജമാനനും മറ്റും കരുതിയെന്ന രൂപത്തിലാണ് ബൈബിളിൻെറ വിവരണം. ഖുർആനിലാകട്ടെ യൂസുഫിൻെറ നിരപരാധിത്വം ബോധ്യപ്പെട്ടശേഷവും അദ്ദേഹത്തെ തടവിലാക്കുവാൻ യജമാനൻ തീരുമാനിച്ചതായാണ് പറഞ്ഞിരിക്കുന്നത്. മേലങ്കി ഊരി ഓടിയ യൂസുഫിനെയാണ് ബൈബിൾ പരിചയപ്പെടുത്തുന്നത്. യജമാന ഭാര്യ പിന്നിൽനിന്ന് പിടിച്ചപ്പോൾ കുപ്പായം കീറിയതായാണ് ഖുർആനിലെ വിവരണം. ഇങ്ങനെ വിശദാംശങ്ങളിൽ നിരവധി വ്യത്യാസങ്ങളുണ്ടെന്നതാണ് വാസ്തവം.

യജമാനൻെറ പേരുമായി ബന്ധപ്പെട്ട് ഖുർആൻ നടത്തുന്ന പരാമർശങ്ങളുടെ വെളിച്ചത്തിലാണ് വിമർശകന്മാർ ഖുർആനിൽ അബദ്ധം ആരോപിക്കുന്നത്. ‘ബൈബിളിൽ വ്യക്തമായിത്തന്നെ യജമാനൻെറ പേര് പറഞ്ഞിരിക്കുന്നു. പോത്തിഫർ. ഖുർആനിലാകട്ടെ യൂസുഫി(അ)ൻെറ യജമാനനെക്കുറിച്ച് പരാമർശിക്കുമ്പോൾ അസീസ് എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. പോത്തിഫർ എന്ന നാമവുമായി ഒരു നിലക്കും യോജിക്കുന്ന പേരല്ല അസീസ്. മാത്രവുമല്ല, ഒരു ശുദ്ധ അറബി പദമാണ് ‘അസീസ്’. യോസഫിൻെറ കാലത്തെ ഈജിപ്തിൽ ജീവിച്ച ഒരു വ്യക്തിക്ക് ശുദ്ധമായ ഒരു അറബിപ്പേരുണ്ടായിരുന്നുവെന്ന് കരുതുന്നതുപോലും വിഡ്ഢിത്തമാണ്. യഹൂദ ക്രിസ്ത്യാനികളിൽനിന്ന് യോസഫിൻെറ കഥകേട്ട് നാളുകൾക്കുശേഷം മുഹമ്മദ് ഖുർആനിൽ അത് എഴുതിച്ചേർത്തപ്പോൾ ഉണ്ടായ ഒരു അബദ്ധമാണിത്.......’ വിമർശകരുടെ ന്യായവാദങ്ങൾ ഇങ്ങനെ പോകുന്നു.

തങ്ങളുടെ വാദം സ്ഥാപിക്കുന്നതിനായി വിമർശകർ ഉദ്ധരിക്കുന്ന ഖുർആൻ സൂക്തങ്ങളുടെ സാരമാണ് താഴെ:

“നഗരത്തിലെ ചില സ്ത്രീകൾ പറഞ്ഞു: പ്രഭു(അൽ-അസീസ്)വിൻെറ ഭാര്യ തൻെറ വേലക്കാരനെ വശീകരിക്കാൻ ശ്രമിക്കുന്നു.

അവൾ അവനോട് പ്രേമബദ്ധയായിക്കഴിഞ്ഞിരിക്കുന്നു. തീർച്ചയായും അവൾ വ്യക്തമായ പിഴവിൽ അകപ്പെട്ടതായി ഞങ്ങൾ കാണുന്നു" (വി.ഖു: 12:30).

"(ആ സ്ത്രീകളെ) വിളിച്ചുവരുത്തിയിട്ട് അദ്ദേഹം (രാജാവ്) ചോദിച്ചു. യൂസുഫിനെ വശീകരിക്കുവാൻ നിങ്ങൾ ശ്രമം നടത്തിയപ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരുന്നു? അവർ പറഞ്ഞു. അല്ലാഹു എത്ര പരിശുദ്ധൻ. ഞങ്ങൾ യൂസുഫിനെപ്പറ്റി ദോഷകരമായ ഒന്നും മനസിലാക്കിയിട്ടില്ല. പ്രഭു(അൽ-അസീസ്)വിൻെറ ഭാര്യ പറഞ്ഞു: ഇപ്പോൾ സത്യം വെളിപ്പെട്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ വശീകരിക്കുവാൻ ശ്രമിക്കുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹം സത്യവാന്മാരുടെ കൂട്ടത്തിൽതന്നെയാകുന്നു" വി.ഖു: 12:51).

ഈ സൂക്തങ്ങളിൽ പ്രഭുവെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'അൽ അസീസ്' എന്ന അറബി പദത്തെയാണ്. ചില ഇംഗ്ലീഷ് പരിഭാഷകളിൽ ഈ പദം ഭാഷാന്തരം ചെയ്യാതെ അൽ-അസീസ് എന്നു തന്നെ അതേപോലെ ഒരു നാമമെന്ന രൂപത്തിൽ കൊടുത്തിട്ടുണ്ട്. അത് എടുത്തുകൊണ്ടാണ് പോത്തിഫറിന് പകരമായി അസീസ് എന്നാണ് ഖുർആനിൽ പ്രയോഗിച്ചിരിക്കുന്നതെന്ന് വിമർശകർ വാദിക്കുന്നത്.

അസീസ് എന്ന അറബി നാമത്തിൻെറ അർത്ഥം 'പ്രതാപി' യെന്നാണ്. അറബികൾ ഇത് ഒരു പേരായും പേരിൻെറ ഭാഗമായും ഉപയോഗിക്കാറുണ്ടെന്നത് ശരിയാണ്. അമുസ്‌ലിംകളും ഈ പേര് ഉപയോഗിക്കാറുണ്ട്. ഇറാഖി മന്ത്രിയായ താരീഖ് അസീസിൻെറ പേര് ഉദാഹരണം.

അസീസിൻെറ മുമ്പിൽ 'അൽ' എന്ന അവ്യയം (definite article) ചേർത്ത് അൽ-അസീസ് എന്നാണ് നടേ സൂചിപ്പിക്കപ്പെട്ട ഖുർആൻ സൂക്തങ്ങളിൽ പ്രയോഗിച്ചിരിക്കുന്നത്. ഒരു പേര് എന്ന നിലയ്ക്ക് അറബിയിൽ അൽ-അസീസ് എന്നുപയോഗിക്കാറില്ല. ഇംഗ്ലീഷിൽ the Lord എന്ന് പറയുന്നതിന് സമാനമായ ഒരു പ്രയോഗമാണിത്. അതുകൊണ്ടാണ് മലയാളത്തിൽ 'പ്രഭു'വെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. വ്യക്തിയുടെ സ്ഥാനമാണ് അല്ലാതെ പേരല്ല അൽ-അസീസ് എന്ന പ്രയോഗം ദ്യോതിപ്പിക്കുന്നത്. ബൈബിളിൽ പോത്തിഫർ എന്ന് വിളിച്ച വ്യക്തിയുടെ പേര് സൂചിപ്പിച്ചുകൊണ്ടു





ള്ള ഒരു പ്രയോഗമെന്ന നിലയ്ക്കല്ല, പ്രത്യുത അദ്ദേഹത്തിൻെറ സ്ഥാനം വ്യക്തമാക്കുന്ന ഒരു പദമെന്ന നിലയ്ക്കാണ് ഖുർആനിൽ അൽ-അസീസ് എന്ന് പറഞ്ഞിരിക്കുന്നത് എന്നർത്ഥം. പോത്തിഫറിനെക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നത്" ഫറോവാൻെറ ഒരു ഉദ്യോഗസ്ഥനും അംഗരക്ഷക സേനയുടെ നായകനു" (ഉൽ 39:1) മെന്നാണല്ലോ. ഈ ഉന്നത സ്ഥാനം വ്യക്തമാക്കാനാണ് ഖുർആൻ "അൽ-അസീസ്" എന്ന് പ്രയോഗിച്ചതെന്നാണ് മനസ്സിലാവുന്നത്.

ബൈബിളിൽ പ്രയോഗിച്ച പോത്തിഫർ എന്ന നാമം എന്തുകൊണ്ടാണ് ഖുർആനിൽ ഉപയോഗിക്കാതിരുന്നത് എന്ന് ഖണ്ഡിതമായിപ്പറയാൻ നമുക്കാവില്ല. സർവ്വശക്തൻെറ വചനങ്ങളുടെ സമാഹാരമാണ് ഖുർആൻ. അതിലെ ഓരോ പദവും ഉപയോഗിച്ചതിനു പിന്നിൽ എന്തെന്ത് യുക്തികളാണുള്ളതെന്ന് പറയാൻ പരിമിതമായ അറിവ് മാത്രം നൽകപ്പെട്ട നമുക്ക് കഴിയില്ല. ഇക്കാര്യത്തിൽ സ്ഥിരപ്പെട്ട ഹദീസുകളോ പണ്ഡിതാഭിപ്രായങ്ങളോ ഉദ്ധരിക്കപ്പെട്ടതായി കാണാനും കഴിയുന്നില്ല. 'പോത്തിഫർ' എന്ന് ഖുർആനിൽ പറയാതിരുന്നതിൻെറ കാരണം കൃത്യമായി സർവ്വശക്തനേ അറിയൂ.

എങ്കിലും, 'പോത്തിഫർ' എന്ന ഈജിപ്ഷ്യൻ നാമത്തിൻെറ അർത്ഥമെന്താണെന്ന് മനസ്സിലാക്കുമ്പോൾ ഖുർആനിൽ പദങ്ങൾ പ്രയോഗിച്ചതിലുള്ള സൂക്ഷ്മത നമുക്ക് ഒരിക്കൽകൂടി ബോധ്യപ്പെടുമെന്ന കാര്യം ഇവിടെ ചൂണ്ടിക്കാട്ടാമെന്ന് തോന്നുന്നു. പോത്തിഫർ എന്ന ഈജിപ്ഷ്യൻ പദത്തിനർത്ഥം 'റേ' യാൽ നൽകപ്പെട്ടവൻ" (he whom Re has given-Harpers Bible Dictionary P. 809) ഈജിപ്തുകാരുടെ സൂര്യദേവൻെറ പേരാണ് 'റേ' സൂര്യദേവൻെറ ദാനം' എന്ന് വേണമെങ്കിൽ "പോത്തിഫർ" എന്ന പേര് പരിഭാഷപ്പെടുത്താം.

സൂര്യാരാധനയുമായി ബന്ധപ്പെട്ടതാണ് ഈ പേര്. ബഹുദൈവാരാധനയുമായി ബന്ധപ്പെടുന്ന നാമങ്ങളോ പ്രയോഗങ്ങളോ ഉപയോഗിക്കുവാൻ പാടില്ലെന്നാണ് ഇസ്‌ലാമിൻെറ അനുശാസന. ഇതുകൊണ്ടുകൂടിയായിരിക്കാം ഖുർആൻ 'പോത്തിഫർ' എന്ന പേരുപയോഗിക്കാതെ അദ്ദേഹത്തിൻെറ സ്ഥാനത്തെ ദ്യോതിപ്പിക്കുന്ന 'അൽ-അസീസ് എന്നുമാത്രം പ്രയോഗിച്ചത്. ഖുർആൻ 'പോത്തിഫർ' എന്ന പേര് ഉപയോഗിക്കുകയാണെങ്കിൽ 'സൂര്യദേവൻെറ ദാന'മാണ് അദ്ദേഹമെന്ന് അംഗീകരിക്കുന്നുവെന്നാണല്ലോ വന്നുചേരുക.

ദൈവിക വചനങ്ങളുടെ സമാഹാരമാണ് ഖുർആൻ എന്ന വസ്തുത ഇവിടെയും വ്യക്തമായി വെളിപ്പെടുന്നു. ബൈബിളിൽനിന്ന് മുഹമ്മദ് നബി (സ) പകർത്തിയെഴുതിയതായിരുന്നു യോസേഫിൻെറ കഥയെങ്കിൽ സ്വാഭാവികമായും പോത്തിഫർ എന്ന യജമാനനാമം ഖുർആനിൽ സ്ഥാനം പിടിക്കേണ്ടതായിരുന്നു. പോത്തിഫർ എന്നാൽ "സൂര്യദേവൻെറ ദാനം" എന്നാണ് അർത്ഥമെന്ന് മുഹമ്മദ് നബിക്ക് അറിയാമായിരുന്നുവെന്നും അത് ബഹുദൈവ വിശ്വാസമുൾക്കൊള്ളുന്നതായതിനാൽ ഖുർആനിൽനിന്ന് ഒഴിവാക്കിയെന്നും കരുതുന്നത് ശുദ്ധ ഭോഷ്ക്കാണെന്ന് പറയേണ്ടതില്ല. ഖുർആനിൻെറ അവതരണ കാലത്ത് ഈജിപ്ഷ്യൻ ഭാഷ അറിയാവുന്നവരായി ആരും തന്നെ അറേബ്യയിലുണ്ടായിരുന്നില്ലെന്ന വസ്തുത ഓർക്കുക. അതേപോലെതന്നെ പോത്തിഫർ എന്ന നാമമൊഴിവാക്കിയത് യാദൃച്ഛികമാണെന്ന് കരുതാനും ന്യായമില്ല. ബൈബിളിൽനിന്ന് കാര്യങ്ങൾ പകർത്തിയെഴുതുമ്പോൾ അതിൽ പല തവണ പ്രയോഗിക്കപ്പെട്ട ഒരു പേര് യാദൃച്ഛികമായി ഒഴിവായിപ്പോയെന്ന് കരുതുന്നതെങ്ങനെ? ഖുർആനിൻെറ ദൈവികതയ്ക്കുള്ള തെളിവാണിതെന്ന് പറയുന്നത് അതുകൊണ്ടാണ്. സർവ്വജ്ഞനായ തമ്പുരാൻെറ വചനങ്ങളിലെവിടെയും യാതൊരു സ്ഖലിതവുമുണ്ടാവുകയില്ലെന്ന വസ്തുത ഇവിടെ നമുക്ക് ബോധ്യപ്പെടുന്നു. ഖുർആനിനെതിരെ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളും ഖുർആനിൻെറ ദൈവികത വ്യക്തമാവുന്നിടത്തേക്കാണ് നമ്മെ നയിക്കുന്നതെന്നുള്ളത് എന്തുമാത്രം വിസ്മയകരമായിരിക്കുന്നു!

**മുഹമ്മദ് നബിയുടെ നിശായാത്രയെക്കുറിച്ച് പറയുമ്പോൾ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അഖ്സായിലേക്ക് അദ്ദേഹത്തെ കൊണ്ടുപോയെന്നാണല്ലോ ഖുർആനിൽ പറയുന്നത്. മുഹമ്മദ് നബിയുടെ കാലത്ത് മസ്ജിദുൽ അഖ്സായെന്ന ഒരു കെട്ടിടം ഇല്ലെന്നിരിക്കെ ചരിത്രപരമായി നോക്കിയാൽ ഈ ഖുർആനിക പരാമർശം ഒരു അബദ്ധമല്ലേ?**

മുഹമ്മദ് നബി (സ)യുടെ നിശാപ്രയാണത്തെക്കുറിച്ച് പറയുന്നത് ഖുർആനിൽ പതിനേഴാം അധ്യായത്തിൻെറ ഒന്നാം വചനത്തിലാണ്. പ്രസ്തുത വചനത്തിൻെറ സാരം ഇങ്ങനെയാണ്:

"തൻെറ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാ





മിൽനിന്ന് മസ്ജിദുൽ അഖ്സായിലേക്ക്-അതിൻെറ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു-നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ" (വി.ഖു: 17:1)

'ഒരൊറ്റ രാത്രികൊണ്ട് മുഹമ്മദ് നബിയെ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അഖ്സായിലേക്ക് നിശായാത്ര ചെയ്യിച്ചുവെന്ന് പറയുമ്പോൾ ഇങ്ങനെ രണ്ട് സ്ഥലങ്ങൾ നിലനിൽക്കണമല്ലോ. എന്നാൽ മസ്ജിദുൽ അഖ്സായെന്ന പേരിൽ ഇന്ന് ജെറുസലേമിൽ നിലനിൽക്കുന്ന കെട്ടിടം നിർമ്മിക്കപ്പെട്ടത് മുഹമ്മദ് നബിക്ക് ശേഷം വർഷങ്ങൾ കഴിഞ്ഞാണ്. സോളമൻ നിർമിച്ച ജെറുസലേം ദേവാലയമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതെങ്കിൽ അത് മുഹമ്മദ് നബിയുടെ കാലത്ത് നിലനിന്നിരുന്നില്ലെന്നുറപ്പാണ്. ക്രിസ്താബ്ദം 70ൽ തന്നെ-ഖുർആനിൽ പറഞ്ഞ ഇസ്രാഇന് അഞ്ചര നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ അത് തകർക്കപ്പെട്ടിട്ടുണ്ട്. പിന്നെയെങ്ങനെയാണ് ജെറുസലേം ദേവാലയത്തിലേക്ക് മുഹമ്മദ് നബി നിശായാത്ര നടത്തുക? യഹൂദരിൽനിന്ന് ജെറുസലേം ദേവാലയത്തെക്കുറിച്ച് കേട്ടറിഞ്ഞ മുഹമ്മദ് നബി അത് ഇപ്പോഴും നിലനിൽക്കുന്നുവെന്ന് തെറ്റിദ്ധരിച്ചാണ് മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അഖ്സയിലേക്ക് നിശായാത്ര നടത്തിയെന്ന കഥ മെനഞ്ഞെടുത്തത്'- വിമർശകരുടെ വാദം ഇങ്ങനെ പോകുന്നു.

ഈ വാദങ്ങളിൽ എത്രത്തോളം കഴമ്പുണ്ടെന്ന് നോക്കുവാൻ മസ്ജിദുൽ അഖ്സാ, മസ്ജിദുൽ ഹറാം തുടങ്ങിയ പദങ്ങളുടെ വിവക്ഷയെന്താണെന്ന് പരിശോധിക്കണം. 'മസ്ജിദ്' എന്ന അറബി പദം 'സജദ'യെന്ന ധാതുവിൽനിന്നുണ്ടായതാണ്. 'സജദ'യെന്നാൽ സാഷ്ടാംഗം ചെയ്യുക എന്നർത്ഥം. സുജൂദ് അഥവാ സാഷ്ടാംഗം ചെയ്യപ്പെടുന്ന സ്ഥല (ഇസ്മുമകാൻ)മാണ് 'മസ്ജിദ്'. പൊതുവായി 'ആരാധനാ സ്ഥലം' എന്നും അർത്ഥം പറയാം. സർവ്വശക്തനായ സ്രഷ്ടാവിനെ ആരാധിക്കുവാൻവേണ്ടി നിശ്ചയിക്കപ്പെട്ട സ്ഥലത്തെക്കുറിച്ചുകൊണ്ടാണ് ഖുർആനിൽ 'മസ്ജിദ്' എന്ന് പ്രയോഗിച്ചിരിക്കുന്നത്. ജെറുസലേം ദേവാലയത്തിൻെറ തകർച്ചയെ സൂചിപ്പിക്കുന്ന ഖുർആനിക വചനത്തിലും ആരാധനാലയത്തെക്കുറിക്കാൻ

'മസ്ജിദ്' (17:7) എന്നുതന്നെയാണ് പ്രയോഗിച്ചിരിക്കുന്നത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. മസ്ജിദ് എന്ന പദത്തിന് ആരാധനാ സ്ഥലം എന്ന് മാത്രമെ അർത്ഥമുള്ളൂ; ഒരു കെട്ടിടമുണ്ടെങ്കിലും ഇല്ലെങ്കിലും സർവ്വശക്തന് ആരാധനകളർപ്പിക്കപ്പെടുന്ന സ്ഥലത്തെക്കുറിക്കുവാൻ മസ്ജിദ് എന്ന് പറയും. 'മസ്ജിദ്' എന്ന പദം ഒരു കെട്ടിടത്തെക്കുറിക്കുന്നില്ല, പ്രത്യുത ചെയ്യുന്ന പ്രവൃത്തിയെ -ആരാധന-മാത്രമാണ് ദ്യോതിപ്പിക്കുന്നത് എന്നർത്ഥം.

സഹീഹുൽ ബുഖാരി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു ഹദീസ് ഇക്കാര്യം കുറെക്കൂടി വ്യക്തമായി മനസ്സിലാക്കിത്തരുന്നു.

ജാബിർ (റ)ൽനിന്ന് നിവേദനം: തിരുമേനി (സ) അരുളി: എനിക്ക് മുമ്പുള്ളവർക്ക് നൽകാത്ത അഞ്ച് കാര്യങ്ങൾ എനിക്ക് അല്ലാഹു നൽകിയിരിക്കുന്നു. ഒരു മാസത്തെ വഴിദൂരത്തെ ഭയംകൊണ്ട് ഞാൻ സഹായിക്കപ്പെട്ടു. ഭൂമിയെ (സർവ്വവും) എനിക്ക് സാഷ്ടാംഗം ചെയ്യുവാനുള്ള സ്ഥലമായും ശുചീകരിക്കുവാനുള്ള ഒരു വസ്തുവായും അല്ലാഹു അംഗീകരിച്ചുതന്നു. എന്റെ അനുയായികളിൽ ഏതെങ്കിലും ഒരാൾക്ക് നമസ്കാര സമയം എത്തിയാൽ (പള്ളിയും വെള്ളവും ഇല്ലെങ്കിലും) അവിടെവെച്ച് അവൻ നമസ്കരിക്കട്ടെ. ശത്രുക്കളുമായുള്ള യുദ്ധത്തിൽ പിടിച്ചെടുക്കുന്ന ധനം ഉപയോഗിക്കുവാൻ എനിക്ക് അനുമതി നൽകിയിരിക്കുന്നു. എനിക്കുമുമ്പ് ആർക്കും അത് അനുവദിച്ചുകൊടുത്തിരുന്നില്ല. ശുപാർശ എനിക്ക് അനുവദിച്ചുതന്നു. നബിമാരെ അവരവരുടെ ജനതയിലേക്ക് മാത്രമാണ് മുമ്പ് നിയോഗിച്ചിരുന്നത്. എന്നെ നിയോഗിച്ചിരിക്കുന്നതാകട്ടെ മനുഷ്യരാശിയിലേക്ക് ആകമാനവും" (സഹീഹുൽ ബുഖാരി).

മുമ്പുള്ള പ്രവാചകന്മാർക്കൊന്നും നൽകപ്പെടാത്ത, മുഹമ്മദ് നബി (സ)ക്ക് മാത്രമായി നൽകപ്പെട്ടിട്ടുള്ള അഞ്ച് കാര്യങ്ങളിൽ രണ്ടാമതായി പറഞ്ഞ കാര്യം ശ്രദ്ധിക്കുക: "ഭൂമിയെ (സർവ്വവും) എനിക്ക് സാഷ്ടാംഗം ചെയ്യുവാനുള്ള സ്ഥലമായും ശുചീകരിക്കുവാനുള്ള ഒരു വസ്തുവായും അല്ലാഹു അംഗീകരിച്ചുതന്നു. എന്റെ അനുയായികളിൽ ഏതെങ്കിലും ഒരാൾക്ക് നമസ്കാര സമയം എത്തിയാൽ (പള്ളിയും വെള്ളവും ഇല്ലെങ്കിലും) അവിടെവെച്ച് അവൻ നമസ്കരിക്കട്ടെ".

ഇവിടെ 'സാഷ്ടാംഗം ചെയ്യുവാനുള്ള സ്ഥലം' എന്ന് പരിഭാ





ഷപ്പെടുത്തിയിരിക്കുന്നത് 'മസ്ജിദ്' എന്ന പദത്തെയാണ്. മുമ്പുള്ള പ്രവാചകന്മാർക്കും അനുയായികൾക്കുമെല്ലാം സാഷ്ടാംഗത്തിനായി ചില പ്രത്യേക സ്ഥലങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നുവെന്നും അവിടെവെച്ചുള്ള ആരാധനകൾ മാത്രമെ സ്വീകാര്യമായി പരിഗണിക്കപ്പെട്ടിരുന്നുള്ളൂവെന്നും മുഹമ്മദ് നബിയോടെ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടായിയെന്നും അദ്ദേഹത്തിന്റെ സമുദായത്തിന് ഭൂമിയിൽ എവിടെവെച്ചും ആരാധനകൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്നുമാണല്ലോ ഈ പരാമർശം വ്യക്തമാക്കുന്നത്. മുഹമ്മദ് നബി (സ)യുടെ സമുദായത്തിന് ഭൂമി മുഴുവൻ മസ്ജിദാണെന്ന് പറയുമ്പോൾ ഭൂമിയിൽ എല്ലായിടത്തും ആരാധനകൾക്കായി മന്ദിരമുണ്ടാക്കിയിട്ടുണ്ട് എന്ന് ആരും മനസ്സിലാക്കുന്നില്ല. ഭൂമിയിൽ എവിടെവെച്ചും സാഷ്ടാംഗം നമിക്കുവാനും ആരാധനകൾ അർപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം അവർക്കുണ്ടെന്നാണല്ലോ ഇതിന്നർത്ഥം. മസ്ജിദ് എന്ന പദം ഒരു കെട്ടിടത്തെക്കുറിക്കുന്നില്ലെന്ന വസ്തുതയാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്.

വിമർശിക്കപ്പെട്ട സൂക്തത്തിൽ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അഖ്സായിലേക്കുള്ള നിശാപ്രയാണത്തെക്കുറിച്ചാണല്ലോ സൂചിപ്പിച്ചിരിക്കുന്നത്. മസ്ജിദുൽ അഖ്സായെക്കുറിച്ച് മുഹമ്മദ് നബി (സ) തെറ്റിദ്ധരിച്ചുകൊണ്ട് എഴുതിയതാണെന്ന വിമർശകരുടെ വാദം അംഗീകരിച്ചാൽ തന്റെ കൺമുമ്പിലുള്ള കാര്യങ്ങളെക്കുറിച്ചുപോലും അദ്ദേഹം തീരെ ബോധമില്ലാത്തവനായിരുന്നുവെന്ന് പറയേണ്ടിവരും. മക്കയിലെ കഅ്ബാലയത്തിന് ചുറ്റുമുള്ള വിശുദ്ധ ദേവാലയമാണ് മസ്ജിദുൽ ഹറാം എന്ന് അറിയപ്പെടുന്നത്. കഅ്ബാലയത്തിന് ചുറ്റും ഇപ്പോൾ നിലനിൽക്കുന്ന രീതിയിലുള്ള ഒരു കെട്ടിടം നബി (സ)യുടെ നിശായാത്രയുടെ കാലത്ത് ഉണ്ടായിരുന്നതായി ഒരു ചരിത്രരേഖയുമില്ല. എന്നാൽ കഅ്ബാലയത്തിന് ചുറ്റുമുള്ള നിർണിതമായ പ്രദേശങ്ങൾ ഇബ്രാഹീം (അ) നബിയുടെ കാലംമുതൽതന്നെ ഹറം എന്ന് വിളിക്കപ്പെട്ടിരുന്നു. കഅ്ബാലയത്തിന് ചുറ്റും നിർണിതമായ സ്ഥലത്തെ ഉദ്ദേശിച്ചുകൊണ്ട് ഖുർആനിൽതന്നെ മസ്ജിദുൽ ഹറാം എന്ന് പറഞ്ഞിട്ടുമുണ്ട്.

"മസ്ജിദുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്. അവർ നിങ്ങളോട് അവിടെവെച്ച് യുദ്ധംചെയ്യുന്നതുവരെ" (വി.ഖു. 2:191).

"ഇനി ആർക്കെങ്കിലും അത് (ബലിമൃഗം) കിട്ടാത്തപക്ഷം ഹജ്ജിനിടയിൽ മൂന്നുദിവസവും, നിങ്ങൾ (നാട്ടിൽ) തിരിച്ചെത്തിയിട്ട് ഏഴുദിവസം ചേർത്ത് ആകെ 10 ദിവസം നോമ്പ് അനുഷ്ഠിക്കേണ്ടതാണ്. കുടുംബസമേതം മസ്ജിദുൽ ഹറാമിൽ താമസിക്കുന്നവരല്ലാത്തവർക്കാകുന്നു ഈ വിധി" (വി.ഖു. 2:196).

ഇവയിൽനിന്ന് ഇബ്രാഹീം നബി (അ) നിർണയിക്കുകയും മക്കാവിജയത്തിൻെറ ദിവസം നബി (സ) അനുചരനായ തമീമുബ്നു ഖുസാഅ(റ)യെ പറഞ്ഞയച്ച് ഉറപ്പിക്കുകയും ചെയ്ത അതിർത്തിക്കകത്തെ പ്രദേശങ്ങളെ പൊതുവായി ഉദ്ദേശിച്ചുകൊണ്ടാണ് ഖുർആൻ മസ്ജിദുൽ ഹറാം എന്ന് പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാണ്. മാത്രവുമല്ല, ഇസ്റാഇനെക്കുറിച്ച് വിശദീകരിക്കുന്ന ഹദീസുകളിൽ നിശായാത്രയാരംഭിച്ചത് മസ്ജിദുൽ ഹറാമിൽനിന്നാണെന്നും ഉമ്മു ഹാനീ(റ)യുടെ വീട്ടിൽനിന്നാണെന്നും പറഞ്ഞിട്ടുമുണ്ട്. കഅ്ബാലയത്തിനടുത്തായിരുന്നു ഉമ്മു ഹാനീ(റ)യുടെ വീട്. ഉമ്മു ഹാനീ (റ)യുടെ ഗൃഹത്തിൽനിന്ന് ആരംഭിച്ച നിശായാത്രയെക്കുറിച്ച് ഖുർആനിലും ഹദീസുകളിലുമെല്ലാം മസ്ജിദുൽ ഹറാമിൽനിന്ന് എന്ന് പറഞ്ഞതിൽനിന്നുതന്നെ മസ്ജിദുൽ ഹറാം എന്നതുകൊണ്ട് ഒരു കെട്ടിടമല്ല വിവക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാണ്. വാദത്തിനുവേണ്ടി വിമർശകരുടെ വാദം അംഗീകരിച്ചാൽപോലും മുഹമ്മദ് നബി തന്നെ ഇസ്രാഅ് ആരംഭിച്ചത് മസ്ജിദുൽ ഹറാമിൽനിന്നാണെന്നും ഉമ്മു ഹാനീ (റ)യുടെ വീട്ടിൽനിന്നാണെന്നും പറയുമ്പോൾ ഇവിടെ ഒരു പ്രത്യേക കെട്ടിടമല്ല പ്രത്യുത കഅ്ബാലയത്തിന് ചുറ്റുമുള്ള സാഷ്ടാംഗം ചെയ്യപ്പെടുന്ന സ്ഥലം എന്നാണ് അദ്ദേഹം മസ്ജിദുൽ ഹറാംകൊണ്ട് വിവക്ഷിച്ചിട്ടുള്ളതെന്ന് സമ്മതിക്കേണ്ടിവരും. മസ്ജിദുൽ ഹറാമിനെക്കുറിച്ച പരാമർശങ്ങളിൽ ഒരു പ്രത്യേക കെട്ടിടമല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന വസ്തുത വിമർശകർക്കുപോലും അംഗീകരിക്കാതിരിക്കാനാവില്ല എന്നർഥം.

ഇതേപോലെന്നെയാണ് 'മസ്ജിദുൽ അഖ്സാ'യെക്കുറിച്ച പരാമർശങ്ങളുടെ സ്ഥിതിയും. 'അങ്ങേ അറ്റത്തെ സാഷ്ടാംഗസ്ഥാനം' എന്നാണ് മസ്ജിദുൽ അഖ്സായെന്നാൽ അർഥം. സോളമൻ നിർമിച്ച ദേവാലയത്തെ ബേത്ത്-ഹ-മിഖ്ദാഷ് (Bet ha-Miqdash) എന്നാണ് യഹൂദന്മാർ വിളിക്കുന്നത്. അറബിയിൽ 'ബൈത്തുൽ മുഖദ്ദസ്' എന്ന് പറയുന്ന ഈ ദേവാലയം നിന്ന സ്ഥലമാണ് മസ്ജിദുൽ അഖ്





സാ കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. സോളമൻ നിർമിച്ച ദേവാലയത്തിൻെറ അറ്റകുറ്റപണികൾ യോശിയാവ് തീർത്തതായും ക്രിസ്തുവിന് 586 വർഷങ്ങൾക്ക് മുമ്പ് നെബുക്കദ് നെസർ അത് തകർത്തതായും അൻപത് വർഷങ്ങൾക്ക് ശേഷം യഹൂദർ വീണ്ടും അത് പണിതതായും നെഹമിയായുടെ നിർദ്ദേശപ്രകാരം അതിൻെറ മതിലുകളും കോട്ടകളുമെല്ലാം വീണ്ടും പണിതതായുമെല്ലാം നമുക്ക് ബൈബിൾ പഴയ നിയമത്തിൽനിന്ന് മനസിലാകുന്നുണ്ട്. ഈ ദേവാലയം പിന്നീട് പൂർണമായി നശിപ്പിക്കപ്പെട്ടത് ക്രിസ്താബ്ദം 70ൽ റോമാക്കാരുടെ ഭരണകാലത്താണ്. സോളമൻെറ കാലംമുതൽ ഏകദൈവാരാധന നിർവ്വഹിക്കപ്പെട്ടിരുന്ന സ്ഥലമായിരുന്നു ബൈത്തുൽ മുഖദ്ദസ് എന്ന വസ്തുത ബൈബിളിൽനിന്നുതന്നെ വ്യക്തമാണെന്നർഥം.

ഇസ്രായീല്യർ വിശുദ്ധ സ്ഥലമായി ഗണിച്ചിരുന്ന ബേത്ത് ഹാമിഖ്ദാഷിലായിരുന്നു പ്രാർഥനകൾക്കും ബലിയർപ്പണത്തിനും മറ്റ് കൂദാശകൾക്കുമെല്ലാം ജനം ഒരുമിച്ച് കൂടിയിരുന്നത്. അവിടെ വെച്ചായിരുന്നു യാഹ്വെക്ക് മുമ്പിൽ യഹൂദ പുരോഹിതന്മാർ സാഷ്ടാംഗം നമിച്ചിരുന്നത്. ജറുസലേം ദേവാലയത്തിലെ ആരാധനയെക്കുറിച്ച് യഹൂദവിജ്ഞാന കോശം പറയുന്നത് കാണുക:

"കൽക്കരിക്കഷ്ണങ്ങൾ പെറുക്കിയെടുത്ത പുരോഹിതൻ വിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ജ്വലിച്ചുകൊണ്ടിരിക്കുന്ന അൾത്താരയിലേക്ക് അവ എറിയുകയും സ്വയം സാഷ്ടാംഗം നമിക്കുകയും ചെയ്തശേഷം അവിടെനിന്ന് പിരിയുന്നു. പിന്നെ നറുക്കെടുപ്പിലൂടെ സുഗന്ധം പുകയ്ക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട പുരോഹിതൻ തൻെറ കയ്യിൽ കുന്തിരിക്കത്തിൻെറ താലവുമായി കടന്നുവരുന്നു. കർമ്മത്തിന് ഉത്തരവാദപ്പെടുത്തപ്പെട്ട പുരോഹിതനും അയാളെ അനുഗമിക്കുന്നു. ഈ പുരോഹിതൻെറ നിർദ്ദേശമനുസരിച്ചാണ് അനുഷ്ഠാനങ്ങൾ നടക്കുന്നത്. അയാൾ 'പുകയ്ക്കുക'യെന്ന് നിർദ്ദേശിക്കുമ്പോൾ മാത്രമെ മറ്റേയാൾ പുകയ്ക്കുകയുള്ളൂ. ഹാളിനും അൾത്താരക്കുമിടയിലുള്ള സ്ഥലത്തുനിന്ന് ജനം നീങ്ങിക്കഴിഞ്ഞാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട പുരോഹിതൻ സുഗന്ധം പുകയ്ക്കുകയും സ്വയം സാഷ്ടാംഗം നമിച്ച് പിരിയുകയും ചെയ്യുന്നു. വിശുദ്ധ സ്ഥലത്ത് സുഗന്ധം പുകയ്ക്കൽ നടന്നുകൊണ്ടിരിക്കുമ്പോൾ ദേവാലയത്തിനകത്തും പുറത്തും കൂടിയിരിക്കുന്ന ജനം പ്രാർഥനയിൽ മുഴുകുന്നു. സുഗന്ധം പുകച്ച പുരോഹിതൻ

പോയതിനുശേഷം പുരോഹിതന്മാരെല്ലാം വരിവരിയായി വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുകയും സ്വയം സാഷ്ടാംഗം നമിച്ചശേഷം പുറത്തുപോവുകയും ചെയ്യുന്നു". (``Temple'' Encyclopaedia Judaica: CD Rom Edition: 1997, Judaica Multimedia (Israel) Limited)

പ്രധാനികളായ പല റബ്ബിമാരും യെരുശലേം ദേവാലയത്തിനകത്തുവെച്ച് മാത്രമെ സാഷ്ടാംഗം നമിക്കാൻ പാടുള്ളൂവെന്ന് വാദിച്ചിരുന്നുവെന്ന യഹൂദ വിജ്ഞാനകോശത്തിന്റെ പ്രസ്താവന ശ്രദ്ധേയമാണ് (Ibid). മുൻ പ്രവാചകന്മാർക്കെല്ലാം ചില പ്രത്യേക സ്ഥലങ്ങൾ മസ്ജിദുകളായി (സാഷ്ടാംഗസ്ഥലം) നിശ്ചയിച്ചിരുന്നുവെന്ന നടേ സൂചിപ്പിക്കപ്പെട്ട ഹദീസിലെ പ്രസ്താവന ഇതോട് ചേർത്ത് വായിക്കുക.

മസ്ജിദുൽ അഖ്സയിലേക്കാണ് നിശാ പ്രയാണമുണ്ടായതെന്ന് ഖുർആൻ പറയുമ്പോൾ ഒരു പ്രത്യേക കെട്ടിടമല്ല വിവക്ഷിക്കുന്നതെന്നും 'അങ്ങേയറ്റത്തെ സാഷ്ടാംഗ സ്ഥാനമായ ബൈത്തുൽ മുഖദ്ദസ് സ്ഥിതിചെയ്തിരുന്ന സ്ഥലമാണെന്നുമുള്ള വസ്തുതകൾ വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്.

ഇസ്രായീല്യർക്ക് സാഷ്ടാംഗത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥലമായിരുന്നു ബൈത്തുൽ മുഖദ്ദസ് സ്ഥിതിചെയ്തിരുന്ന മസ്ജിദുൽ അഖ്സായെന്നും അത് ഒരു പ്രത്യേക കെട്ടിടമെന്ന നിലയ്ക്കല്ല ഖുർആൻ പറഞ്ഞിട്ടുള്ളതെന്നുമുള്ള വിശദീകരണത്തെ ഖണ്ഡിക്കുവാൻവേണ്ടി സഹീഹുൽ ബുഖാരിയിലുള്ള ഒരു ഹദീസ് വിമർശകർ ഉദ്ധരിക്കാറുണ്ട്. പ്രസ്തുത ഹദീസ് ഇങ്ങനെയാണ്:

"അബൂദർറ് (റ)നിവേദനം: ഞാൻ ചോദിച്ചു. ദൈവദൂതരേ ആദ്യമായി ഭൂമിയിൽ സ്ഥാപിതമായ പള്ളിയേതാണ്? നബി (സ) അരുളി: മസ്ജിദുൽ ഹറാം. പിന്നീട് ഏത് പള്ളിയാണെന്ന് ഞാൻ ചോദിച്ചു. നബി (സ) അരുളി: മസ്ജിദുൽ അഖ്സാ. എത്രകൊല്ലം ഇടവിട്ടാണ് ഇവ രണ്ടും സ്ഥാപിതമായത്? നബി (സ) അരുളി: നാൽപത് കൊല്ലം ഇടവിട്ട്. ഇനി എവിടെവെച്ചാണോ നമസ്കാര സമയമായത് അവിടെവെച്ച് നീ നമസ്കരിച്ചുകൊള്ളുക. തീർച്ചയായും അതിലാണ് പുണ്യമിരിക്കുന്നത്. (സഹീഹുൽ ബുഖാരി)

ഈ ഹദീസിൽ പറഞ്ഞിരിക്കുന്നത് മസ്ജിദുൽ അഖ്സായുടെ നിർമ്മിതിയെക്കുറിച്ചാണെന്നും അതുകൊണ്ടുതന്നെ നിർമ്മിക്കപ്പെട്ട





ഒരു കെട്ടിടമാണ് മസ്ജിദുൽ അഖ്സാകൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്നുമാണ് വിമർശകരുടെ വാദം. അബ്രഹാം നിർമിച്ചതെന്ന് കരുതപ്പെടുന്ന കഅ്ബയുടെയും സോളമൻ നിർമിച്ച ദേവാലയത്തിന്റെയും നിർമാണത്തിനിടയ്ക്ക് നാൽപതുവർഷത്തെ ഇടവേള മാത്രമാണുള്ളതെന്ന് പറഞ്ഞ മുഹമ്മദ് നബി (സ)യെ പരിഹസിക്കുവാനും ചില വിമർശകർ ഒരുമ്പെടുന്നുണ്ട്.

ഹദീസിനെക്കുറിച്ച വിമർശനങ്ങൾക്ക് പ്രഗൽഭരായ ഹദീസ് പണ്ഡിതന്മാർതന്നെ മറുപടി പറഞ്ഞിട്ടുണ്ട്. പ്രസ്തുത മറുപടി ഇങ്ങനെ സംക്ഷേപിക്കാം.

ഒന്ന്) ഇബ്രാഹീം നബി (അ)യല്ല മസ്ജിദുൽ ഹറാമിന്റെ സ്ഥാപകൻ. അദ്ദേഹത്തിന് മുമ്പുതന്നെ അത് നിലനിന്നിരുന്നുവെന്ന് ഖുർആനിൽ നിന്നുതന്നെ വ്യക്തമാവുന്നുണ്ട്.

"ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽനിന്ന് (ചിലരെ) കൃഷിയൊന്നുമില്ലാത്ത ഒരു താഴ്വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു" (വി.ഖു. 14:37)

രണ്ട്) ഏകദൈവാരാധനയ്ക്കുവേണ്ടി ഭൂമിയിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ കേന്ദ്രമാണ് കഅ്ബ.

"തീർച്ചയായും മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിലുള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു)" (വി.ഖു. 3:96)

ആദിമനുഷ്യനായ ആദമിന്റെ കാലംമുതൽതന്നെ ഈ ആരാധനാ കേന്ദ്രമുണ്ടായിരുന്നു. ഇബ്രാഹീം നബി പ്രസ്തുത കേന്ദ്രത്തിൽ ഒരു ആലയം പണിയുകയാണ് ചെയ്തത്.

മൂന്ന്) ബൈത്തുൽ മുഖദ്ദസ് സ്ഥാപിച്ചത് സുലൈമാനാ(അ)ണെന്ന് ഖുർആനിലോ ഹദീസുകളിലോ കാണുന്നില്ല. ആദമിന്റെയോ പുത്രന്മാരുടെയോ കാലത്ത്-കഅ്ബാ നിർമാണത്തിന് നാൽപത് വർഷങ്ങൾക്ക് ശേഷമായിരിക്കണം ഈ കേന്ദ്രം സ്ഥാപിക്കപ്പെട്ടത്.

നാല്) ഇബ്രാഹീം നബി (അ)ക്ക് മുമ്പുതന്നെ കഅ്ബാലയമുണ്ടായിരുന്നുവെന്നതുപോലെ സുലൈമാൻ നബി (അ)ക്കുമുമ്പും

മസ്ജിദുൽ അഖ്സയുണ്ടായിരുന്നു. ഇബ്രാഹിം നബിയും സുലൈമാൻ നബിയും പ്രസ്തുത സ്ഥലങ്ങൾ പുനരുജ്ജീവിപ്പിക്കുകയും അവിടെ ദേവാലയങ്ങൾ പണിയുകയുമാണ് ചെയ്തത്. സോളമന് മുമ്പുതന്നെ ജെറുസലേമിൽ ഒരു വിശുദ്ധ സ്ഥലമുണ്ടായിരുന്നുവെന്നതിലേക്ക് ബൈബിൾ പഴയ നിയമം സൂചനകൾ നൽകുന്നുണ്ട്.

ജെറുസലേം നഗരത്തിലെ ഒരു പ്രധാന കേന്ദ്രമായ മോരിയാ മലയെക്കുറിച്ച് ബൈബിൾ നിഘണ്ടു എഴുതുന്നത് കാണുക:

"മോരിയാ മല-ഓഫാൽ കുന്നിന് വടക്കാണ് മോരിയാ മല സ്ഥിതിചെയ്തിരുന്നത്. പുരാതന കാലംമുതൽ ഇത് കാനന്യർക്ക് ഒരു വിശുദ്ധ സ്ഥലമായിരുന്നു. അബ്രഹാം തന്റെ മകനായ ഇസ്ഹാഖിനെ ബലികഴിക്കുന്നതിന് പോയതും ഇവിടെതന്നെ. ഉൽപത്തി 22:8 (റവ. എ.സി. ക്ലെയിറ്റൺ ബൈബിൾ നിഘണ്ടു. പേജ് 447).

ആദാമിന്റെ കാലംമുതൽ ആദരിക്കപ്പെട്ട ഒരു ആരാധനാ സ്ഥലമായതുകൊണ്ടാകാം ഈ സ്ഥലം പ്രത്യേകമായി പരിഗണിക്കപ്പെട്ടത്. ഇതുകൊണ്ടുതന്നെയാവണം സോളമൻ അവിടെത്തന്നെ ഒരു ദേവാലയം സ്ഥാപിച്ചത്. നടേ ഉദ്ധരിക്കപ്പെട്ട ഹദീസിൽ ഉണ്ടെന്ന് വിമർശകർ ഉന്നയിച്ച അബദ്ധം യഥാർത്ഥത്തിൽ അവരുടെ മൂഢസങ്കൽപങ്ങളിൽനിന്ന് ഉയിർക്കൊണ്ടതാണെന്ന സത്യമാണ് ഇവിടെ വ്യക്തമാകുന്നത്. ഭൂമിയിൽ മാനവൻ കാല് കുത്തിയതിനുശേഷം ആദ്യമായി നിർണയിക്കപ്പെട്ട ആരാധനാ സ്ഥലമായ മസ്ജിദുൽ ഹറാമിൽനിന്ന് രണ്ടാമതായി ഉണ്ടാക്കിയ മസ്ജിദുൽ അഖ്സായിലേക്കാണ് മുഹമ്മദ് നബി (സ) നിശാപ്രയാണം നടത്തിയത്. പ്രത്യേകമായി അനുഗ്രഹിക്കപ്പെട്ട ഒരു പ്രദേശത്തുനിന്ന് അതേപോലെതന്നെയുള്ള മറ്റൊരു സ്ഥലത്തേക്കുള്ള യാത്രയാണിത്; ഒരു കെട്ടിടത്തിൽനിന്ന് മറ്റൊരു കെട്ടിടത്തിലേക്കുള്ള യാത്രയല്ല. ഖുർആനിൽ അബദ്ധങ്ങൾ ചികയുന്നവർക്കാണ്, ഖുർആനിനല്ല യഥാർത്ഥത്തിൽ തെറ്റ് പറ്റുന്നത് എന്ന വസ്തുതയാണ് ഇവിടെയും നാം കാണുന്നത്.

**മൂസാനബി സീനായ് മലയിലേക്ക് പോയ അവസരത്തിൽ കാളക്കുട്ടിയുടെ പ്രതിമയുണ്ടാക്കിയത് ഒരു ശമരിയക്കാരൻ (സാമിരി) ആയിരുന്നുവെന്നാണല്ലോ ഖുർആൻ പറയുന്നത്. മോശെയ്**





**ക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ശമരിയ പട്ടണമുണ്ടായത് എന്നിരിക്കെ ഖുർആനിലെ ഈ പരാമർശം ചരിത്രവിരുദ്ധമല്ലേ?**

ഖുർആനിലെ ഇരുപതാം അധ്യായമായ സൂറത്തുത്വാഹയിലെ 85 മുതൽ 97വരെയുള്ള വചനങ്ങളിൽ മൂസാ (അ) തൗറാത്ത് സ്വീകരിക്കുന്നതിന്നായി സീനാമലയിൽ പോയ സമയത്ത് ഇസ്രായീല്യരിൽപെട്ട ഒരു സാമിരി അവരുടെ സ്വർണാഭരണങ്ങളെല്ലാം ശേഖരിച്ച് അതുകൊണ്ട് ഒരു സ്വർണക്കാളയെ നിർമിക്കുകയും അയാളുടെ നിർദ്ദേശപ്രകാരം മറ്റുള്ളവർ അതിനെ ആരാധിക്കുവാൻ ആരംഭിക്കുകയും ചെയ്ത സംഭവങ്ങൾ വിശദീകരിക്കുന്നുണ്ട്. ഖുർആനിലെ പ്രസ്തുത കഥാകഥനം കാണുക: "അവൻ (അല്ലാഹു) പറഞ്ഞു: എന്നാൽ നീ പോന്നശേഷം നിന്റെ ജനതയെ നാം പരീക്ഷിച്ചിരിക്കുകയാണ്. 'സാമിരി' അവരെ വഴിതെറ്റിച്ച് കളഞ്ഞിരിക്കുന്നു. അപ്പോൾ മൂസ തന്റെ ജനങ്ങളുടെ അടുത്തേക്ക് കുപിതനും ദുഃഖിതനുമായിട്ട് തിരിച്ചുചെന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് ഉത്തമമായ ഒരു വാഗ്ദാനം നൽകിയില്ലേ? എന്നിട്ട് നിങ്ങൾക്ക് കാലം ദീർഘമായിപ്പോയോ? അഥവാ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള കോപം നിങ്ങളിൽ ഇറങ്ങണമെന്ന് ആഗ്രഹിച്ചുകൊണ്ടുതന്നെ എന്നോടുള്ള നിശ്ചയം നിങ്ങൾ ലംഘിച്ചതാണോ? അവർ പറഞ്ഞു: ഞങ്ങൾ ഞങ്ങളുടെ ഹിതം അനുസരിച്ച് താങ്കളോടുള്ള നിശ്ചയം ലംഘിച്ചതല്ല. എന്നാൽ ജനങ്ങളുടെ ആഭരണചുമടുകൾ ഞങ്ങൾ വഹിപ്പിക്കപ്പെട്ടിരുന്നു. അങ്ങനെ ഞങ്ങൾ അത് (തീയിൽ) എറിഞ്ഞ് കളഞ്ഞു. അപ്പോൾ സാമിരിയും അപ്രകാരം അത് (തീയിൽ) ഇട്ടു. എന്നിട്ട് അവർക്ക് അവൻ (ലോഹംകൊണ്ട്) ഒരു മുക്രയിടുന്ന കാളക്കുട്ടിയുടെ രൂപമുണ്ടാക്കിക്കൊടുത്തു. അപ്പോൾ അവർ അന്യോന്യം പറഞ്ഞു. നിങ്ങളുടെ ദൈവവും മൂസായുടെ ദൈവവും ഇതുതന്നെയാണ്. എന്നാൽ അദ്ദേഹം മറന്നുപോയിരിക്കുകയാണ്. എന്നാൽ അതൊരു വാക്കുപോലും അവരോട് മറുപടി പറയുന്നില്ലെന്നും അവർക്ക് യാതൊരു ഉപദ്രവവും ഉപകാരവും ചെയ്യാൻ അതിന് കഴിയില്ലെന്നും അവർ കാണുന്നില്ലേ? മുമ്പുതന്നെ ഹാറൂൻ അവരോട് പറഞ്ഞിട്ടുണ്ടായിരുന്നു: എന്റെ ജനങ്ങളേ, ഇത് (കാളക്കുട്ടി)മൂലം നിങ്ങൾ പരീക്ഷിക്കപ്പെടുകമാത്രമാണുണ്ടായത്. തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് പരമകാരുണികനത്രെ. അതുകൊണ്ട് നിങ്ങൾ എന്നെ പിന്തുടരുകയും

എൻെറ കൽപന അനുസരിക്കുകയും ചെയ്യുക. അവർ പറഞ്ഞു: മൂസാ ഞങ്ങളുടെ അടുത്തേക്ക് മടങ്ങിവരുവോളം ഞങ്ങൾ ഇതിനുള്ള ആരാധനയിൽ നിരതരായിതന്നെ ഇരിക്കുന്നതാണ്. അദ്ദേഹം (മൂസ) പറഞ്ഞു: ഹാറൂനേ, ഇവർ പിഴച്ചുപോയതായി നീ കണ്ടപ്പോൾ എന്നെ പിന്തുടരാതിരിക്കാൻ നിനക്ക് എന്ത് തടസ്സമാണ് ഉണ്ടായത്. നീ എൻെറ കൽപനക്ക് എതിര് പ്രവർത്തിക്കുകയാണോ ചെയ്തത്? അദ്ദേഹം (ഹാറൂൻ) പറഞ്ഞു: എൻെറ ഉമ്മയുടെ മകനേ നീ എൻെറ താടിയിലും തലയിലും പിടിക്കാതിരിക്കൂ. 'ഇസ്രാഈൽ സന്തതികൾക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിക്കളഞ്ഞു. എൻെറ വാക്കിന് നീ കാത്തുനിന്നില്ല.' എന്ന് നീ പറയുമെന്ന് ഞാൻ ഭയപ്പെടുകയാണുണ്ടായത് (തുടർന്ന് സാമിരിയോട്) അദ്ദേഹം പറഞ്ഞു: ഹേ സാമിരി, നിൻെറ കാര്യം എന്താണ്? അവൻ പറഞ്ഞു: അവർ (ജനങ്ങൾ) കണ്ടുമനസ്സിലാക്കാത്ത ഒരു കാര്യം ഞാൻ കണ്ടുമനസ്സിലാക്കി. അങ്ങനെ ദൈവദൂതൻെറ കാൽപ്പാടിൽനിന്നും ഞാൻ ഒരു പിടിപിടിക്കുകയും എന്നിട്ട് അത് ഇട്ടുകളയുകയും ചെയ്തു. അപ്രകാരം ചെയ്യാനാണ് എൻെറ മനസ്സ് എന്നെ പ്രേരിപ്പിച്ചത്. അദ്ദേഹം (മൂസ) പറഞ്ഞു: എന്നാൽ നീ പോ. തീർച്ചയായും നിനക്ക് ഈ ജീവിതത്തിലുള്ളത് 'തൊട്ടുകൂടാ' എന്ന് പറയലായിരിക്കും. തീർച്ചയായും നിനക്ക് നിശ്ചിതമായ ഒരു അവധിയുണ്ട്. അത് അതിലംഘിക്കപ്പെടുകയേ ഇല്ല. നീ പൂജിച്ചുകൊണ്ടിരിക്കുന്ന നിൻെറ ആ ദൈവത്തിൻെറ നേരെ നോക്കൂ. തീർച്ചയായും നാം അതിനെ ചുട്ടെരിക്കുകയും എന്നിട്ട് നാം അത് പൊടിച്ച് കടലിൽ വിതറിക്കളയുകയും ചെയ്യുന്നതാണ്" (വി.ഖു. 20:85–97)

ഈ വചനങ്ങളിൽ ഒരു 'സാമിരി'യാണ് സ്വർണ്ണക്കാളയെ നിർമ്മിച്ചതെന്നാണല്ലോ പറയുന്നത്. 'സാമിരി'യെന്നത് ഒരു വ്യക്തിയുടെ പേരല്ലയെന്നാണ് ഖുർആനിലെ 'അസ്സാമിരി'യെന്ന പദപ്രയോഗത്തിൽനിന്ന് മനസ്സിലാകുന്നത്. ശമരിയക്കാരൻ (Samiritan) എന്നാണ് ചില ഖുർആൻ വ്യാഖ്യാതാക്കൾ 'അസ്സാമിരി'ക്ക് അർത്ഥം നൽകിയിരിക്കുന്നത്. എന്നാൽ ശമര്യപട്ടണമുണ്ടായതുതന്നെ ഏകദേശം ബി.സി. 870ലെ ഇസ്രായേൽ ഭരണാധികാരിയായിരുന്ന ഒമ്രിയുടെ കാലത്തായിരുന്നുവെന്നാണ് ബൈബിൾ പഴയ നിയമം വ്യക്തമാക്കുന്നത്: "യഹൂദ രാജാവായ ആസായുടെ വാഴ്ചയുടെ 31-ാം വൽസരം ഒമ്റി ഇസ്രായീലിൽ ഭരണം ആരംഭിച്ചു. അയാൾ





പന്ത്രണ്ട് വൽസരം ഭരണം നടത്തി. അതിൽ ആറ് വൽസരം തിറുസായിൽ ഭരണം നടത്തി. അയാൾ രണ്ട് താലന്ത് വെള്ളികൊടുത്ത് ശമര്യാമല ശമറിനോട് വാങ്ങി. അയാൾ ആ മല കോട്ടകെട്ടി സുരക്ഷിതമാക്കി. മലയുടെ ഉടമയായിരുന്ന ശമറിൻെറ പേരിന് അനുസൃതമായി ആ നഗരത്തിന് ശമര്യായെന്ന് പേരിട്ടു" (1 രാജാ 16:24)

മോശെയ്ക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് 'ശമരിയ'യെന്ന നഗരമുണ്ടായത്. പിന്നെയെങ്ങനെയാണ് ഒരു ശമരിയക്കാരൻ മോശയുടെ കാലത്ത് സ്വർണംകൊണ്ട് കാളക്കുട്ടിയെയുണ്ടാക്കുക? ബൈബിളിൽ പറയുന്നതിന് വിരുദ്ധമായി അഹറോണല്ല പ്രത്യുത 'സാമിരി'യാണ് സ്വർണവിഗ്രഹമുണ്ടാക്കിയതെന്ന് മുഹമ്മദ് (സ) പറഞ്ഞത് യഹൂദ ഗ്രന്ഥമായ പിർഗ്വി റബ്ബി എലിയെസറിലെ (Pirgey Rabbi Eliezer) ഒരു പ്രയോഗം തെറ്റിദ്ധരിച്ചുകൊണ്ടാണെന്നാണ് മനസിലാകുന്നത്. ഇസ്രായീല്യരിലെ ഒരു വിഭാഗമാണ് ശമരിയക്കാർ എന്ന് മനസിലാക്കിയ മുഹമ്മദ് (സ) യഹൂദ ഗ്രന്ഥത്തിലെ പരാമർശങ്ങൾ തെറ്റായി മനസിലാക്കിയതിനാലാണ് സാമിരിയാണ് സ്വർണവിഗ്രഹമുണ്ടാക്കിയതെന്ന കഥയുണ്ടായത്- ഇവ്വിഷയകമായ വിമർശനങ്ങളുടെ സംക്ഷിപ്തമാണിത്.

ഈ വിമർശനത്തെ മൂന്നായി വിഭജിക്കാം.

ഒന്ന്) ബൈബിളിൽ പറയുന്നതുപോലെ മോശയുടെ സഹോദരനായ അഹറോണാണ് സ്വർണവിഗ്രഹമുണ്ടാക്കിയത്. സാമിരിയാണെന്ന് മുഹമ്മദ് നബി തെറ്റിദ്ധരിച്ചതാണ്.

രണ്ട്) 'സാമിരി'യെന്ന പേര് ലഭിച്ചത് യഹൂദഗ്രന്ഥമായ പിർഗ്വിറബ്ബി എലിയെസറിലെ ഒരു പരാമർശം തെറ്റായി മനസ്സിലാക്കിയതുമൂലമാണ്. ഈ ഗ്രന്ഥമാണ് ഇവ്വിഷയകമായി മുഹമ്മദി(സ)ൻെറ പ്രധാന സ്രോതസ്സ്.

മൂന്ന്). ശമരിയ പട്ടണമുണ്ടായത് മോശയ്ക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് എന്നിരിക്കെ ശമര്യക്കാരനാണ് സ്വർണവിഗ്രഹം നിർമിച്ചതെന്ന പരാമർശം. ചരിത്രപരമായി നോക്കിയാൽ ശുദ്ധ വങ്കത്തമാണ്.

ഈ വിമർശനങ്ങളിൽ എത്രത്തോളം കഴമ്പുണ്ടെന്ന് പരിശോധിക്കുക.

ഒന്ന്). അഹറോണാണ് സ്വർണംകൊണ്ട് കാളക്കുട്ടിയെ നിർമി

ച്ചതെന്ന് ബൈബിൾ പറയുന്നുണ്ടെന്നത് ശരിയാണ്. പുറപ്പാട് പുസ്തകം പറയുന്നത് നോക്കുക: "മോശെയെ പർവ്വതത്തിൽനിന്ന് വരാൻ വൈകുന്നത് കണ്ട് ജനം അഹറോൻെറ ചുറ്റുംകൂടി പറഞ്ഞു: 'എഴുന്നേൽക്കൂ, ഞങ്ങളെ നയിക്കാൻ ഞങ്ങൾക്ക് ദേവന്മാരെ ഉണ്ടാക്കിത്തരൂ. ഞങ്ങളെ ഈജിപ്തിൽനിന്ന് കൊണ്ടുവന്ന ഈ മോശെക്ക് എന്ത് സംഭവിച്ചെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂട'. അപ്പോൾ അഹറോൻ അവരോട് പറഞ്ഞു: 'നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ സ്വർണവളയങ്ങൾ എടുത്ത് എൻെറ അടുത്ത് കൊണ്ടുവരൂ'. അതനുസരിച്ച് എല്ലാവരും തങ്ങളുടെ കാതുകളിൽ ഉണ്ടായിരുന്ന സ്വർണവളയങ്ങളെടുത്ത് അഹറോണിൻെറ അടുത്ത് കൊണ്ടുവന്നു. അയാൾ അവ വാങ്ങി. ഒരു കൊത്തുളികൊണ്ട് രൂപംനൽകി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അവർ പറഞ്ഞു: 'ഇസ്രായീലെ, ഇതാ നിന്നെ ഈജിപ്തിൽനിന്ന് കൊണ്ടുവന്ന നിൻെറ ദേവന്മാർ!'. ഇതുകണ്ടപ്പോൾ അഹറോൻ കാളക്കുട്ടിയുടെ മുമ്പിൽ ഒരു ബലിപീഠമുണ്ടാക്കി. അയാൾ പ്രഖ്യാപിച്ചു: 'നാളെ കർത്താവിന് ഒരു ഉത്സവമായിരിക്കും'. ജനങ്ങൾ അടുത്ത ദിവസം രാവിലെ എഴുന്നേറ്റ് ഹേമബലി കഴിക്കുകയും സമാധാന ബലി അർപ്പിക്കുകയും ചെയ്തു. ജനങ്ങളിരുന്ന് തീനും കുടിയും കഴിഞ്ഞു കൂത്താടാൻ തുടങ്ങി" (പുറ: 32:1-6).

പ്രവാചകനായ ഹാറൂൻ (അ) വിഗ്രഹാരാധന നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്തുവെന്ന ബൈബിൾ പരാമർശം ഖുർആൻ അംഗീകരിക്കുന്നേയില്ല. സാമിരിയുടെ ദുരുപദേശം മൂലം ജനം വഴിപിഴച്ചുപോകുമ്പോൾ അവരെ തടഞ്ഞുനിർത്തി സത്യമാർഗത്തിലേക്ക് അവരെ ക്ഷണിക്കുന്നവനായാണ് ഹാറൂനി(അ)നെ ഖുർആൻ പരിചയപ്പെടുത്തുന്നത്.

"മുമ്പുതന്നെ ഹാറൂൻ അവരോട് പറഞ്ഞിട്ടുണ്ടായിരുന്നു: എൻെറ ജനങ്ങളേ, ഇത് (കാളക്കുട്ടി) മൂലം നിങ്ങൾ പരീക്ഷിക്കപ്പെടുകമാത്രമാണ് ഉണ്ടായത്. തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് പരമകാരുണികനത്രെ. അതുകൊണ്ട് നിങ്ങൾ എന്നെ പിന്തുടരുകയും എൻെറ കൽപന അനുസരിക്കുകയും ചെയ്യുക. അവർ പറഞ്ഞു: മൂസാ ഞങ്ങളുടെ അടുത്തേക്ക് മടങ്ങിവരുവോളം ഞങ്ങൾ ഇതിനുള്ള ആരാധനയിൽ നിരതരായി തന്നെ ഇരിക്കുന്നതാണ്" (വി.ഖു. 20:90,91).





യഥാർത്ഥത്തിൽ അഹറോൻ വിഗ്രഹാരാധനയെന്ന മഹാപാപം ചെയ്തിട്ടില്ലെന്നുതന്നെയാണ് പുറപ്പാട് പുസ്തകത്തിൻെറ മുപ്പത്തിരണ്ടാം അധ്യായം ഒന്ന് മനസ്സിരുത്തി വായിച്ചാൽ നമുക്ക് മനസ്സിലാവുക. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

i) വിഗ്രഹാരാധനയെന്ന മഹാപാപം ചെയ്തവർക്ക് മോശ വിധിച്ച ശിക്ഷയെപ്പറ്റി പുറപ്പാട് പുസ്തകം പറയുന്നത് ഇങ്ങനെയാണ്: "അഹറോൻ അവരെ കെട്ടഴിച്ചുവിടുകയാൽ ശത്രുക്കളുടെ മുമ്പിൽ പരിഹാസ്യരാകുമാറ് ജനം നിയന്ത്രണംവിട്ടുപോയെന്ന് കണ്ട മോശെ പാളയത്തിൻെറ വാതിൽക്കൽനിന്നിട്ടുപറഞ്ഞു: 'കർത്താവിൻെറ പക്ഷത്തുള്ളവർ എൻെറ അടുത്ത് വരട്ടെ'. ലേവിയുടെ പുത്രന്മാരെല്ലാം ഉടനടി മോശെയുടെ ചുറ്റും വന്നുകൂടി. അപ്പോൾ അയാൾ പറഞ്ഞു: 'ഇസ്രായീലിൻെറ ദൈവമായ കർത്താവ് ഇങ്ങനെ അരുൾ ചെയ്യുന്നു: ഓരോരുത്തനും തൻെറ വാളുമേന്തി പാളയത്തിലെ കൂടാരവാതിലുകൾതോറും ചെന്ന് തൻെറ സഹോദരന്മാരെയും സുഹൃത്തുക്കളെയും അയൽക്കാരെയും കൊന്നുകളയുക.'. ലേവിയുടെ പുത്രന്മാർ മോശെ പറഞ്ഞതുപോലെ പ്രവർത്തിച്ചു. അന്ന് ജനത്തിൽ മൂവായിരത്തോളം പുരുഷന്മാർ കൊല്ലപ്പെട്ടു" (പുറ 32:25-28).

പാപം ചെയ്തവരെ കൊന്നുകളയാനാണ് ഇവിടെ മോശ കൽപിക്കുന്നത്. എന്നാൽ ബൈബിൾ പ്രകാരം ഈ പാപത്തിന് കാരണക്കാരനായ അഹറോൻ കൊല്ലപ്പെടുന്നതായി നാം കാണുന്നില്ല. അദ്ദേഹം ഈ സംഭവത്തിനുശേഷവും കുറെനാൾ ജീവിച്ചിരുന്നതായി പഴയ നിയമം വ്യക്തമാക്കുന്നു. അഹറോണായിരുന്നു സ്വർണവിഗ്രഹം നിർമിക്കുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്തതെങ്കിൽ അദ്ദേഹം ഒന്നാമതായിത്തന്നെ കൊല്ലപ്പെടുമായിരുന്നു. പാപത്തിന് കാരണക്കാരനായ സ്വന്തം സഹോദരനെ സംരക്ഷിക്കുകയും സഹോദരൻ വഴി പാപികളായവരെ കൊന്നൊടുക്കുകയും ചെയ്തുകൊണ്ട് മോശെ അനീതി ചെയ്തുവെന്ന് കരുതാൻ നിവൃത്തിയില്ല. അഹറോൺ വിഗ്രഹാരാധനക്ക് നേതൃത്വം കൊടുത്തിരുന്നുവെങ്കിൽ അദ്ദേഹം കൊല്ലപ്പെടുമായിരുന്നു; തീർച്ച. മോശയുടെ കൽപനപ്രകാരം നടന്ന കൂട്ടക്കൊലയിൽ അഹ്റോൺ ഉൾപ്പെട്ടിരുന്നില്ലെന്ന വസ്തുത അദ്ദേഹമല്ല സ്വർണവിഗ്രഹം നിർമ്മിച്ചതെന്ന് വ്യക്തമാക്കുന്നുണ്ട്.

ii). സ്വർണവിഗ്രഹമുണ്ടാക്കുകയും അതിനെ ആരാധിക്കുവാൻ

ജനത്തെ പ്രേരിപ്പിക്കുകയും ചെയ്ത അഹറോണെ രക്ഷിക്കുവാൻ മോശ ധൃഷ്ടനായിരുന്നെങ്കിൽതന്നെ വിഗ്രഹാരാധനയെന്ന പാപം ചെയ്ത സ്വന്തം സഹോദരങ്ങളെയും അയൽക്കാരെയും കൊന്നൊടുക്കുവാനുള്ള മോശയുടെ കൽപന ശിരസാവഹിച്ച ലേവിയർ അദ്ദേഹത്തിൻെറ പക്ഷപാതിത്വത്തെ ചോദ്യം ചെയ്യുമായിരുന്നുവെന്നത് തീർച്ചയാണ്. തങ്ങളുടെ സഹോദരങ്ങളെയും സ്വന്തക്കാരെയും കൊന്നൊടുക്കുമ്പോൾ ഈ പാപത്തിന് യഥാർത്ഥത്തിൽ ഉത്തരവാദിയായ മോശയുടെ സഹോദരൻ രക്ഷപ്പെടുന്നത് അവർക്ക് സഹിക്കില്ലെന്നുറപ്പാണ്. അതുകൊണ്ടുതന്നെ അവർ മോശയെ വിമർശിക്കുമായിരുന്നു. എന്നാൽ അത്തരം വിമർശനങ്ങളോ ചോദ്യം ചെയ്യലുകളോ ഒന്നുംതന്നെ ബൈബിൾ ഉദ്ധരിക്കുന്നില്ല. അഹറോണല്ല സ്വർണവിഗ്രഹം നിർമിച്ചതെന്നാണ് ഇതും മനസ്സിലാക്കിത്തരുന്നത്.

iii) കാളക്കുട്ടിയുടെ സ്വർണവിഗ്രഹം നിർമിക്കുകയും അതിനെ ആരാധിക്കുകയും ചെയ്തവരെക്കുറിച്ചുള്ള ദൈവവിധി ഇങ്ങനെയാണ് പഴയ നിയമം രേഖപ്പെടുത്തിയിരിക്കുന്നത് "എനിക്കെതിരെ പാപം ചെയ്തവൻെറ പേർ എൻെറ പുസ്തകത്തിൽനിന്ന് തുടച്ചുനീക്കും" (പുറപ്പാട് 32:33). അഹറോൻെറ നാമം ദൈവികഗ്രന്ഥത്തിൽ നിന്ന് തുടച്ചുനീക്കിയിട്ടില്ലെന്ന് പഴയനിയമ പുസ്തകങ്ങളിലൂടെ ഒരാവർത്തി വായിക്കുന്ന ആർക്കും ബോധ്യപ്പെടും. മാത്രവുമല്ല, ഈ സംഭവത്തിനുശേഷം അഹറോണ് കൂടുതൽ ദൈവാനുഗ്രഹങ്ങളും സ്ഥാനമാനങ്ങളും ലഭിക്കുന്നതായാണ് ബൈബിൾ മനസിലാക്കിത്തരുന്നത്. ലേവിയരുടെ നേതൃത്വവും വിശുദ്ധ പൗരോഹിത്യത്തിൻെറ പ്രതാപവുമെല്ലാം അഹരോണിലും പുത്ര പാരമ്പര്യത്തിലുമാണ് ദൈവം നിക്ഷിപ്തമാക്കിയത് (സംഖ്യ 18:1-20). ഇതിൽനിന്നെല്ലാം സ്വർണവിഗ്രഹം നിർമിക്കുകയെന്ന മഹാപാപം ചെയ്തത് അഹരോണായിരിക്കാനിടയില്ലെന്ന് സുതരാം വ്യക്തമാകുന്നു.

രണ്ട്) യഹൂദഗ്രന്ഥമായ പിർഗ്വി റബ്ബി ഏലിയെസറിൽ മോശയുടെ സമൂഹം കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കി ആരാധിച്ച കഥ പറയുന്നുണ്ടെന്നത് നേരാണ്. ഈ കഥാകഥനത്തിനിടക്ക് സമ്മായെൽ (Sammael) കാളവിഗ്രഹത്തിനകത്ത് ഒളിച്ചിരിക്കുകയും മുക്രശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഇസ്രായേലിനെ വഞ്ചിക്കുകയും ചെയ്തു"





വെന്ന ഒരു പരാമർശമുണ്ട്. യഹൂദ വിശ്വാസപ്രകാരം മരണത്തിൻെറ മാലാഖയാണ് 'സമ്മായെൽ'. ഈ പരാമർശം തെറ്റായി മനസ്സിലാക്കിക്കൊണ്ടാണ് 'സാമിരി'യാണ് വിഗ്രഹം നിർമിച്ചതെന്ന് മുഹമ്മദ് (സ) പറഞ്ഞതെന്നാണ് ആരോപണം. മുഹമ്മദ് നബി (സ) 'സമ്മായെലി'നെ സാമിരിയായി തെറ്റിദ്ധരിച്ചതുകൊണ്ടാണ് ഖുർആനിൽ സാമിരിയാണ് വിഗ്രഹമുണ്ടാക്കിയതെന്ന കഥയുണ്ടായതെന്നാണ് വിമർശകരുടെ വാദമെന്നർത്ഥം.

ഈ വാദത്തിൻെറ നിരർത്ഥകത മനസ്സിലാക്കാൻ പിർഗ്വി റബ്ബി ഏലിയെസരിനെക്കുറിച്ച് യഹൂദ വിജ്ഞാനകോശം എന്താണ് പറയുന്നതെന്ന് പരിശോധിച്ചാൽ മാത്രം മതി. ഈ പുസ്തകത്തെക്കുറിച്ച് ദി ജ്യൂയിഷ് എൻസൈക്ളോപീഡിയ എഴുതുന്നത് കാണുക. "പതിമൂന്നാം അധ്യായത്തിൻെറ അവസാനത്തിൽ രചയിതാവ് അറേബ്യയിലെയും സ്പെയിനിലെയും റോമിലെയും മുഹമ്മദൻ വിജയങ്ങളുടെ മൂന്ന് ഘട്ടങ്ങളെക്കുറിച്ച് സ്പഷ്ടമായി പ്രതിപാദിച്ചതിൽനിന്നും ഇശ്മയേലിൻെറ പേരിനോടൊപ്പം ഫാത്തിമയുടെയും ആയിഷയുടെയും പേരുകൾ നൽകിയതിൽനിന്നും ജോഷാണ് ഏഷ്യാമൈനറിൽ ഇസ്ലാം പ്രബലമായിരുന്ന കാലത്താണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടതെന്ന അഭിപ്രായം ആദ്യമായി അവതരിപ്പിച്ചത്. മുപ്പത്തിയാറാം അധ്യായത്തിൽ മിശിഹയുടെ ആഗമനത്തിന് മുമ്പുള്ള രണ്ട് സഹോദരന്മാരുടെ ഒന്നിച്ചുള്ള ഭരണത്തെക്കുറിച്ച് പരാമർശിച്ചതിൽ നിന്ന് ഈ രചന നടന്നത് ഒമ്പതാം നൂറ്റാണ്ടിൽ ഹാറൂൺ അർറഷീദിൻെറ രണ്ട് പുത്രന്മാർ-അൽ അമീനും അൽ മഅ്മൂനും-ഇസ്ലാമിക സാമ്രാജ്യം ഭരിക്കുന്ന കാലത്തായിരിക്കാമെന്നും ഊഹിക്കാവുന്നതാണ്" (The Jewish Encyclopaedia 1905, Funk & Wangnalls Company Vol X Page 59)

മുഹമ്മദ് നബി (സ)ക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് രചിക്കപ്പെട്ട ഒരു പുസ്തകത്തിലെ പരാമർശം അബദ്ധത്തിൽ മനസ്സിലാക്കിയാണ് സാമിരിയെന്ന പദം അദ്ദേഹം ഖുർആനിൽ പ്രയോഗിച്ചതെന്ന വിമർശനം എന്തുമാത്രം വലിയ വങ്കത്തമാണ്! കിട്ടുന്ന ആയുധമെല്ലാമെടുത്ത് ഖുർആനിനെതിരെ പ്രയോഗിക്കാൻ ശ്രമിക്കുമ്പോൾ അവ എത്രത്തോളം വസ്തുനിഷ്ഠമാണെന്നുപോലും നോക്കാൻ വിമർശകർ സന്നദ്ധരാകാറില്ലെന്നതിനുള്ള പല ഉദാഹരണങ്ങളിലൊന്നാണിത്.

മൂന്ന്) 'ശോമറോനിം' എന്ന ഹിബ്രു പദമാണ് ശമരിയക്കാർ എന്ന് മലയാളത്തിലും Samaritans എന്ന് ഇംഗ്ലീഷിലും പരിഭാഷപ്പെടുത്തപ്പെടുന്നത്. ആരാണ് ശമരിയക്കാർ? ബൈബിൾ നിഘണ്ടു പറയുന്നത് കാണുക:

"ഇവർ ക്രി.മു. 722ൽ സർഗോൻ രാജാവ് ശമര്യയെ കീഴടക്കി തൻെറ ദേശത്തിലേക്ക് നാടുകടത്തിയ ഇസ്രായീല്യർക്ക് പകരം കുടി പാർപ്പിട്ട വിദേശീയരുടെ സന്തതികളാകുന്നു. ഈ അന്യരായ അശ്യൂര്യർ ആദ്യം വന്നപ്പോൾ അശൂർ ദേശത്തിൽ ആരാധിച്ചതുപോലെ അവരുടെ പഴയ ദേവതകളെതന്നെ ശമര്യയിലും ആരാധിച്ചു. എന്നാൽ ഇവർക്ക് പല കഷ്ടതകൾ സംഭവിച്ചപ്പോൾ യഹോവയാണ് കാനാൻ ദേശത്തിലെ പരദേവതയെന്ന് വിചാരിച്ച് പ്രവാസത്തിൽ നിന്ന് കൊണ്ടുവരപ്പെട്ട ഒരു പുരോഹിതൻെറ ഉപദേശപ്രകാരം യഹോവയെ ആരാധിച്ചുതുടങ്ങി. ഇവർ ഇതിനായി പുരോഹിതന്മാരെ നിയമിച്ചു. അത് നിമിത്തം യഹൂദന്മാർ ഇവരെ വളരെ ദോഷിച്ചു. 1: രാജാ 17:33. പിന്നീട് ഏകദേശം 80 സംവൽസരങ്ങൾക്ക് ശേഷം അശ്യൂർ രാജാവ് വീണ്ടും പല അന്യജാതിക്കാരെ ശമര്യയിൽ കുടി പാർപ്പിച്ചു. യസ്ര 4:10. ക്രി. മു 536 യഹൂദന്മാർ പ്രവാസത്തിൽനിന്ന് മടങ്ങിവന്നതോടുകൂടി അവരും ശമര്യരും തമ്മിൽ വിരോധമുണ്ടായി. എസ്ര 4:7 നെഹ 4:7. ശമര്യയർ അനന്തരകാലത്ത് ഗരീസി മലയിൽ ഒരു വലിയ ദേവാലയം പണിതു. അതുമൂലം യഹൂദന്മാർക്ക് ഇവരോട് വൈര്യം ജ്വലിച്ചു. ഈ വൈര്യം പുതിയ നിയമകാലത്ത് വർദ്ധമാനമായിരുന്നു" (ബൈബിൾ നിഘണ്ടു പുറം 586, 587)

ശമരിയക്കാരെക്കുറിച്ച് ഡോ. ഡി. ബാബു പോൾ തൻെറ 'വേദശബ്ദരത്നാകരത്തിൽ' അൽപം വിശദമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്: "ശമരിയക്കാർ: ശമരിയാ പ്രവിശ്യയിൽ വസിക്കുന്നവർ. ശേഖേമിൽ പാർത്ത് എബ്രായരുടെ ദൈവത്തെതന്നെ ആരാധിച്ചവരാണ് തങ്ങൾ എന്ന അവകാശവാദം യഹൂദന്മാർ അംഗീകരിക്കുന്നില്ല. അവരുടെ അഭിപ്രായത്തിൽ രണ്ട് രാജാ 17:24ൽ പറയുന്ന കുടിയേറ്റക്കാരാണ് ശമരിയക്കാരുടെ മുൻഗാമികൾ. യരൂശലേമിൽനിന്ന് നിഷ്കാസിതരായ പുരോഹിതന്മാർ കർമ്മിതരായിരുന്ന ഗെരിസിം ദേവാലയം യവനസ്വാധീനത്തിന് വശഗമായിരുന്നു എന്നും യഹൂദർ ആരോപിക്കുന്നു.





പുറജാതിക്കാരുമായി സമ്മിശ്രപ്പെട്ടാണ് ശമരിയായിലെ യഹൂദർ നിലകൊണ്ടത് എന്നതിൽ തർക്കമില്ല. എന്നാൽ പുറജാതിക്കാരുടെ ദേവന്മാരെ അവർ ആരാധിച്ചുവെന്ന് സ്ഥാപിക്കാവതല്ല. പുറത്തുനിന്ന് കൊണ്ടുവന്ന ദേവന്മാർക്ക് വലിയ ആയുസ് ആ മണ്ണിൽ കിട്ടിയെന്ന് തോന്നുന്നില്ല. പ്രവാസത്തിൽനിന്ന് മടങ്ങിയവർ യരൂശലേം ദേവാലയം പുനരുദ്ധരിക്കാൻ ശ്രമിച്ചപ്പോൾ ശമരിയക്കാർക്ക് സഹകരിക്കണമെന്നുണ്ടായിരുന്നു. അതിന് കഴിയാതെ വന്നപ്പോഴാണ് 'എന്നാൽ കാണിച്ചുതരാം' എന്ന മട്ടിൽ ശമരിയക്കാർ പരാതിയുമായി ഇറങ്ങിയത്. യഹൂദരും ശമരിയക്കാരും തമ്മിൽ ഇണയില്ലാപിണക്കം തുടങ്ങുന്നത് ഈ ഘട്ടംമുതലാണ്. യഹൂദർ വംശീയ വിശുദ്ധി തെളിയിക്കാൻ വംശാവലിക്ക് പ്രാധാന്യം നൽകിത്തുടങ്ങിയതും ശമരിയക്കാരെ അകറ്റിനിർത്താൻവേണ്ടി കൂടെയായിരുന്നുവെന്ന് കരുതാവുന്നതാണ്. മഖാബിയ വിപ്ലവകാലത്ത് ശമരിയക്കാർ യഹൂദരുടെ കൂടെയല്ല നിലയുറപ്പിച്ചത്. യരൂശലേം ദേവാലയം അശുദ്ധമാക്കാൻ ശമരിയക്കാർ ശ്രമിച്ചതിനെക്കുറിച്ച് ജോസിഫസ് എഴുതിയിട്ടുണ്ട്. ക്രി.പി. 35ൽ ശമരിയക്കാർ ഒരു 'മിശിഹാ' യെ കണ്ടെത്തി. പൊന്തിയോസ് പിലാത്തോസ് മശിഹയുടെ 'ഓശാന യാത്ര' അലങ്കോലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കലാപങ്ങളാണ് പിലാത്തോസിൻെറ സ്ഥാനചലനത്തിലേക്ക് നയിച്ചത് എന്ന് തോന്നുന്നു.

യഹൂദരുടെ പഴയ നിയമം ഇന്നത്തെ രൂപം കൈവരിക്കും മുമ്പെ ശമരിയക്കാർ പിണങ്ങിയിരുന്നു. അതുകൊണ്ടാണല്ലോ അവർ പഞ്ചഗ്രന്ഥി മാത്രം അംഗീകരിക്കുന്നത്. ഒരു മഹാപുരോഹിതനാണ് ശമരിയക്കാരുടെ നേതാവ്: ആത്മീയമായും ഭൗതികമായും ന്യായപ്രമാണത്തിന് വിശദീകരണവും വ്യാഖ്യാനവും കൊടുക്കുന്നതിൽ അവർ പരീശന്മാരെപോലെയായിരുന്നു. മശിഹയുടെ ആഗമനം അവരും പ്രതീക്ഷിച്ചിരുന്നു. 'നേരെയാക്കുന്നവൻ' എന്ന് അർത്ഥമുള്ള താഹേബ് എന്ന പദമാണ് അവർ ഉപയോഗിച്ചിരുന്നത്. പെസഹാ ഉൾപ്പെടെ എല്ലാ അനുഷ്ഠാനങ്ങളിലും യഹൂദരിൽനിന്ന് വ്യതിരിക്തമാണ് ശമര്യാ രീതികൾ. ശമര്യക്കാർ ഇപ്പോഴുമുണ്ട്: ഏകദേശം നാനൂറ് കുടുംബങ്ങൾ" (വേദശബ്ദ രത്നാകരം പുറം 634).

ശമരിയക്കാരെക്കുറിച്ച യഹൂദരുടെയും ക്രൈസ്തവരുടെയും പരമ്പരാഗത വാദമാണിത്. എന്നാൽ ശമരിയക്കാർ ഈ വാദം അംഗീകരിക്കുന്നില്ല. ഹാർപേഴ്സ് ബൈബിൾ ഡിക്ഷ്ണറി എഴുതുന്നത്

കാണുക: "ഒരു മതവിഭാഗമെന്ന നിലക്ക് ശമരിയക്കാർ വളരെയേറെ നിഷ്ഠയുള്ളവരും തോറ പ്രകാരം ജീവിക്കുന്നവരും അവരുടെ മതപാരമ്പര്യത്തിൽ അഭിമാനിക്കുന്നവരുമാണ്. യഹൂദന്മാരല്ല, തങ്ങളാണ് മോശ പഠിപ്പിക്കുകയും പുരാതന കാലത്ത് ഗരിസിം മലയിൽ അനുഷ്ഠിച്ചുവരികയും ചെയ്ത പൗരാണിക ഇസ്രായീലിൻെറ യഥാർത്ഥ വിശ്വാസമുൾക്കൊള്ളുന്നവരെന്നാണ് അവരുടെ വാദം. അവർ തങ്ങളെ വിളിക്കുന്നത് ഷാമറിം (Shamerim) എന്നാണ്. "(തോറ). പ്രകാരം ജീവിക്കുന്നവർ" എന്നാണ് ഈ പദത്തിനർത്ഥം. യഹൂദന്മാർ യഹൂദായുടെ പിൻമുറക്കാരാണെന്നതുപോലെ പുരാതന ഇസ്രായേലിലെ യോസഫിൻെറ പിൻമുറക്കാരായ ജനവിഭാഗമാണ് തങ്ങളെന്നാണ് അവർ മനസ്സിലാക്കുന്നത്. ഷിലോഹിൽ ഒരു സമാന്തര ദേവാലയമുണ്ടാക്കിയെന്ന് കരുതപ്പെടുന്ന ഏലിയെന്ന പുരോഹിതനാണ് യഥാർത്ഥ വിശ്വാസത്തിൽനിന്ന് പിഴച്ചുകൊണ്ട് യഹൂദ മതമുണ്ടാക്കിയത്. യഹൂദ ബൈബിളിലെ രണ്ടും മൂന്നും ഭാഗങ്ങളിൽ പറയുന്ന ഇസ്രായേലിൻെറ വിശ്വാസത്തെക്കുറിച്ച ചരിത്രം വിശുദ്ധമല്ലെന്നും മതഭ്രംശം സംഭവിച്ചവയാണെന്നും അവർ കുറ്റപ്പെടുത്തുന്നു. ശമരിയക്കാർ വിശുദ്ധ ഗ്രന്ഥമായി അംഗീകരിക്കുന്നത് അവരുടെ സവിശേഷമായ സംശോധനയ്ക്ക് വിധേയമാക്കപ്പെട്ട പഞ്ചഗ്രന്ഥിയെ മാത്രമാണ്" (Harpers Bible Dictionary Page 899)

എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക എഴുതുന്നത് ഇങ്ങനെയാണ്: 'ശമരിയക്കാർ അവരെ സ്വയം വിളിക്കുന്നത് ബനൂ ഇസ്രായീല്യർ (ഇസ്രായേൽ സന്തതികൾ) എന്നും ഷാമെറിം (ആചരിക്കുന്നവൻ) എന്നുമാണ്. കാരണം അവരുടെ മതാനുഷ്ഠാനങ്ങളുടെയെല്ലാം പൂർണമായ പ്രമാണം പഞ്ചഗ്രന്ഥി (പഴയ നിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ)യാണ്. മറ്റ് യഹൂദന്മാർ അവരെ ശൊമോറിം (Shomorim) അഥവാ ശമരിയക്കാർ എന്നാണ് വിളിക്കുന്നത്. തൽമൂദിൽ (നിയമത്തിൻെറയും സിദ്ധാന്തത്തിൻെറയും വ്യാഖ്യാനത്തിൻെറയും റബ്ബിമാരുടെ സംഗ്രഹഗ്രന്ഥം) അവരെ കുത്തിം (Kutim) എന്നാണ് വിളിച്ചിരിക്കുന്നത്. അസീറിയൻ വിജയത്തിനുശേഷം ശമരിയയിൽ കുടിയേറിയ മെസപ്പെട്ടോമിയൻ കുത്തിയന്മാരുടെ (Cuthaeans) പിൻമുറക്കാരാണ് ഇവർ എന്ന സങ്കൽപത്തിലാണ് ഈ അഭിസംബോധന" (``Samiritan" Encyclopaedia Brittanica CD 99 Standard Edition)





തങ്ങൾ യോസഫിൻെറ പിൻമുറക്കാരാണെന്നാണ് ശമരിയക്കാരുടെ വാദമെന്നും ഈ വാദത്തിന് ഉപോൽബലകമായ പൂർണമായും തള്ളിക്കളയാൻ പറ്റാത്ത തെളിവുകളുണ്ടെന്നുമുള്ള വസ്തുതകൾ എൻസൈക്ലോപീഡിയ ജൂദായിക്കയും സമ്മതിക്കുന്നുണ്ട്. ശമരിയക്കാർ എന്ന പേരിൽനിന്ന് വളരെകുറച്ച് കാര്യങ്ങൾ മാത്രമെ മനസ്സിലാക്കാൻ കഴിയുന്നുള്ളൂ. 2 രാജാക്കന്മാർ 17:29ൽ ഒരു തവണ മാത്രമാണ് ബൈബിൾ "ഷൊറോണിം" എന്ന് പ്രയോഗിച്ചിരിക്കുന്നത്. ഇതിന് ഇംഗ്ലീഷിൽ Samaritans എന്നതിനേക്കാൾ Samarians എന്ന് ഭാഷാന്തരം ചെയ്യുന്നതാണ് ശരി. ശമരിയക്കാർ ഈ പേര് സ്വയം ഉപയോഗിക്കുന്നില്ലെന്നതാണ് ഒന്നാമത്തെ കാര്യം. ദീർഘകാലമായി അവർ സ്വയം വിളിക്കുന്നത് ഷാമെറിൻ (Shamerin) എന്നാണ്. "സത്യം ആചരിക്കുന്നവർ" അല്ലെങ്കിൽ "സത്യത്തിൻെറ സംരക്ഷകർ" എന്നാണ് ഇതിന്നർത്ഥം........

ശമരിയയിൽ ജീവിച്ചിരുന്നവരുടെയും അസ്സീറിയക്കാരുടെ ശമരിയാ വിജയ (722/1 B.C.E) ത്തിൻെറ കാലത്തുണ്ടായിരുന്ന മറ്റുള്ളവരുടെയും മിശ്രണത്തിൽനിന്നാണ് ശമരിയക്കാർ ഉണ്ടായതെന്ന വിശ്വാസമായിരുന്നു ഇരുപതാം നൂറ്റാണ്ടിൻെറ മധ്യംവരെ പൊതുവായി നിലനിന്നിരുന്നത്. രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിലെ 17ാം അധ്യായമായിരുന്നു ശമരിയക്കാരുടെ ഉൽപത്തിയെക്കുറിച്ച് നമുക്ക് അറിവ് നൽകുന്ന പ്രധാനപ്പെട്ട ഒരു സ്രോതസ്സ്. എന്നാൽ ഈ ബൈബിൾ ഭാഗം പുനഃപരിശോധനക്ക് വിധേയമാക്കിയപ്പോൾ ശമരിയക്കാരുടെതന്നെ പുരാവൃത്താന്തങ്ങൾക്കും ചരിത്രങ്ങൾക്കും കൂടുതൽ പരിഗണന നൽകുന്നതിലേക്ക് നാം നയിക്കപ്പെട്ടിരിക്കുകയാണ്. സെഫർ ഹ യാമീം (Sefer ha-Yamim) എന്ന രണ്ടാം ദിനവൃത്താന്ത (Chronicle II) ത്തിൻെറ പ്രസിദ്ധീകരണത്തോടെ ശമരിയക്കാരുടെ ചരിത്രത്തെക്കുറിച്ച അവരുടെതന്നെ വീക്ഷണം പൂർണമായും വെളിവായിരിക്കുകയാണ്. ദിനവൃത്താന്തങ്ങളും ശമരിയക്കാരുടേതല്ലാത്ത മറ്റ് പല കാര്യങ്ങളുമെല്ലാം ഇതിലുണ്ട്.

ഇതുപ്രകാരം യോസേഫിൻെറ ഗോത്രങ്ങളായ എഫ്രയീമിൻെറയും മനാശ്ശെയുടെയും നേരിട്ടുള്ള പിൻഗാമികളാണ് ശമരിയക്കാർ. അഹറോണിൽനിന്ന് തുടങ്ങി എലിസറിലൂടെയും ഫിനെഹാസിലൂടെയുമുള്ള മഹാപൗരോഹിത്യവും ക്രിസ്താബ്ദം പതിനേഴാം നൂറ്റാണ്ടുവരെ അവർ അവകാശമാക്കിയിരുന്നു. ഫലസ്തീൻെറ കേന്ദ്രഭാ

ഗത്തുള്ള പുരാതന ഭൂപ്രദേശത്ത് മറ്റ് ഇസ്രായീലി ഗോത്രങ്ങളുമായി സമാധാനത്തിൽ കഴിയുകയായിരുന്നു ശമരിയക്കാരെന്നും ശേഖേമിൽനിന്ന് ശിലോഹിലേക്ക് മാറ്റിക്കൊണ്ട് ഉത്തര ഉപാസനാരീതികളെ തകിടം മറിക്കുകയും ചില ഉത്തര ഇസ്രായേലികളെ തൻെറ പുതിയ ആരാധനാ സമ്പ്രദായത്തിലേക്ക് മാറ്റുകയും ചെയ്ത ഏലിയുടെ കാലംവരെ ഇത് തുടർന്നുവെന്നുമാണ് അവർ വാദിക്കുന്നത്. ശമരിയക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഒരു വലിയ മാർഗഭ്രംശമാണ്" (``Samaritans" The Encyclopaedia Judaica CD Rom Edition)

ശമരിയക്കാർ തങ്ങൾ യോസഫിൻെറ പിൻമുറക്കാരാണെന്നാണ് അവകാശപ്പെടുന്നതെന്നും ഈ അവകാശവാദം അപ്പടി നിഷേധിക്കുവാൻ സാധ്യമല്ലെന്നാണ് പുതിയ ഗവേഷണങ്ങൾ വ്യക്തമാക്കുന്നതെന്നുമുള്ള വസ്തുതകൾ യഹൂദ വിജ്ഞാനകോശംപോലും സമ്മതിക്കുന്നുവെന്നർത്ഥം. ഒരു വിഭാഗത്തിൻെറ ഉൽപത്തിയെയും വിശ്വാസങ്ങളെയുംകുറിച്ച് അവരുടെ ശത്രുക്കൾ നൽകുന്ന അറിവിൻെറ അടിസ്ഥാനത്തിലല്ല വിലയിരുത്തേണ്ടതെന്ന് സാമാന്യ മര്യാദയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ശമരിയക്കാരുടെ ഉൽപത്തിയെക്കുറിച്ച യഹൂദ വീക്ഷണം തള്ളപ്പെടേണ്ടതാണെന്ന് നമുക്ക് ബോധ്യപ്പെടുന്നു. ശമരിയക്കാരിൽ ഇന്നും അവശേഷിക്കുന്ന നാനൂറോളം കുടുംബങ്ങൾ വിശ്വസിക്കുന്നത് തങ്ങൾ യോസേഫിൻെറ പിൻമുറക്കാരാണെന്നാണ്. ആ വിശ്വാസത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മാത്രവുമല്ല, പ്രസ്തുത വിശ്വാസത്തിൽ അൽപമെല്ലാം കഴമ്പുണ്ടെന്നുതന്നെയാണ് പുതിയ ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. പ്രസ്തുത ഗവേഷണങ്ങളാകട്ടെ ഇരുപതാം നൂറ്റാണ്ടിൽ നടന്നവയുമാണ്.

ഇതിൽനിന്ന് ഒരുകാര്യം നമുക്ക് സുതരാം വ്യക്തമാവുന്നു. മൂസാ (അ)യുടെ കാലത്ത് സ്വർണവിഗ്രഹം നിർമിക്കുകയും അതിനെ ആരാധിക്കുവാൻ ഇസ്രായീല്യരെ പ്രചോദിപ്പിക്കുകയും ചെയ്തത് ഒരു ശമരിയക്കാരനാണെന്ന (അസ്സാമിരി) ഖുർആനിക പ്രസ്താവനയിൽ ചരിത്രവിരുദ്ധമായി യാതൊന്നുമില്ലെന്ന വസ്തുതയാണത്. ശമരിയക്കാർ യോസഫിൻെറ പിൻമുറക്കാരാണെങ്കിൽ മൂസാ (അ)യുടെ കാലത്ത് അവരുണ്ടായിരിക്കുമെന്ന് തീർച്ചയാണ്. തങ്ങളാണ് ഇസ്രാഈൽ സന്തതികളുടെ യഥാർത്ഥ വിശ്വാസാനുഷ്ഠാനങ്ങളുടെ വക്താക്കൾ എന്ന് ഇന്നും അവകാശപ്പെടുന്ന അവരുടെ





മുൻഗാമികളും സ്വാഭാവികമായി മൂസ(അ)യോടൊപ്പം കടൽ കടന്ന് എത്തിയിരിക്കുമല്ലോ. അവരിൽപെട്ട ഒരാളായിരിക്കണം സ്വർണ വിഗ്രഹം നിർമ്മിച്ചുകൊണ്ട് ഇസ്രായീല്യരെ വഴിതെറ്റിച്ചത്. ഖുർആൻ പറഞ്ഞത് പൂർണമായും സത്യസന്ധമാണെന്ന വസ്തുതയാണ് ഇവിടെ അനാവൃതമാവുന്നത്.

സ്വർണവിഗ്രഹം നിർമിച്ചത് അഹറോണാണെന്ന ബൈബിൾ പരാമർശം അടിസ്ഥാനരഹിതമാണെന്ന് പുറപ്പാട് പുസ്തകംതന്നെ വ്യക്തമാക്കുന്നു. ഒരു സാമിരിയാണ് കുറ്റവാളിയെന്ന ഖുർആനിക പരാമർശത്തിന് ഉപോൽബലകമായ തെളിവുകളാണ് പുതിയ ഗവേഷണ ഫലങ്ങളിലൂടെ വെളിവായിക്കൊണ്ടിരിക്കുന്നത്. ബൈബിളിൽ മാനുഷിക കരവിരുതുകൾ നടന്നിട്ടുണ്ടെന്നും ഖുർആൻ തെറ്റുപറ്റാത്ത ദൈവിക ഗ്രന്ഥമാണെന്നുമുള്ള വസ്തുതകൾ തന്നെയാണ് ഖുർആനിനെതിരെയുള്ള വിമർശനങ്ങളോരോന്നും വെളിച്ചത്തുകൊണ്ടുവരുന്നത്.

**മൂസാനബിയുടെ കാലത്ത് ചിലരെ ക്രൂശിക്കുവാൻ കൽപിച്ചതായി ഖുർആനിലുണ്ടല്ലോ. പൗരാണിക ഈജിപ്തിനെക്കുറിച്ച പഠനങ്ങൾ അവിടെയൊന്നും ക്രൂശീകരണം ഒരു ശിക്ഷയായി നിലനിന്നിരുന്നുവെന്നതിന് യാതൊരു തെളിവും നൽകുന്നില്ലയെന്നല്ല. മോശക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ക്രൂശീകരണം ഒരു ശിക്ഷാമുറയായി ഉപയോഗിക്കുവാനാരംഭിച്ചത് എന്ന നിഗമനവും ഈ ഖുർആനിക പരാമർശങ്ങൾ അബദ്ധമാണെന്നല്ലേ വ്യക്തമാക്കുന്നത്?**

മൂസാനബി(അ)യുടെ കാലത്ത് ക്രൂശീകരണം ഒരു ശിക്ഷയായി നിലനിന്നിരുന്നുവെന്ന് സൂചിപ്പിക്കുന്ന ഒന്നിലധികം ഖുർആൻ സൂക്തങ്ങളുണ്ട്. ചില സൂക്തങ്ങളുടെ സാരം കാണുക:

"നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിൽനിന്നായി ഞാൻ മുറിച്ചുകളയുക തന്നെ ചെയ്യും. പിന്നെ നിങ്ങളെ മുഴുവൻ ഞാൻ ക്രൂശിക്കുകയും ചെയ്യും, തീർച്ച" (വി.ഖു. 7:124)

"അവൻ (ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുവാദം തരുന്നതിന് മുമ്പായി നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ. തീർച്ചയായും ഇവൻ നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ച നിങ്ങളുടെ

തലവൻ തന്നെയാണ്. വഴിയെ നിങ്ങൾ അറിഞ്ഞുകൊള്ളും. തീർച്ചയായും നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർവശങ്ങളിൽനിന്നായിക്കൊണ്ട് ഞാൻ മുറിച്ചുകളയുകയും നിങ്ങളെ മുഴുവൻ ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്" (വി.ഖു. 26:49).

"അവൻ (ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് സമ്മതം തരുന്നതിന് മുമ്പ് നിങ്ങൾ അവനെ വിശ്വസിച്ചുകഴിഞ്ഞുവെന്നോ? തീർച്ചയായും നിങ്ങൾക്ക് ജാലവിദ്യ പഠിപ്പിച്ചുതന്ന നിങ്ങളുടെ നേതാവ് തന്നെയാണ് അവൻ. ആകയാൽ തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും കാലുകളും എതിർവശങ്ങളിൽനിന്നായി മുറിച്ചുകളയുകയും ഈന്തപ്പന തടികളിൽ നിങ്ങളെ ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്. ഞങ്ങളിൽ ആരാണ് ഏറ്റവും കഠിനമായതും നീണ്ടുനിൽക്കുന്നതുമായ ശിക്ഷ നൽകുന്നവൻ എന്ന് തീർച്ചയായും നിങ്ങൾക്ക് മനസ്സിലാകുകയും ചെയ്യും" (വി.ഖു. 20:71).

മൂസാനബി(അ)യുടെ മുമ്പ് യൂസുഫ് നബി (അ)യുടെ കാലത്തുതന്നെ ക്രൂശീകരണം നിലനിന്നിരുന്നതായി സൂചിപ്പിക്കുന്ന ഖുർആൻ വചനങ്ങളുമുണ്ട്. യൂസുഫ് നബി (അ)യോടൊപ്പം ജയിലിലടക്കപ്പെട്ടയാളുടെ സ്വപ്നത്തിന് അദ്ദേഹം നൽകിയ വ്യാഖ്യാനത്തെക്കുറിച്ച് പരാമർശിക്കവെ ഖുർആൻ ഇങ്ങനെ പറയുന്നത് കാണാം: "ജയിലിലെ രണ്ട് സുഹൃത്തുക്കളേ എന്നാൽ നിങ്ങളിലൊരുവൻ തൻെറ യജമാനന് വീഞ്ഞ് കുടിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽമറ്റേയാൾ ക്രൂശിക്കപ്പെടും. എന്നിട്ട് അയാളുടെ തലയിൽനിന്ന് പറവകൾ കൊത്തിത്തിന്നും. ഏതൊരു കാര്യത്തെപ്പറ്റി നിങ്ങളിരുവരും വിധി ആരായുന്നുവോ ആ കാര്യം തീരുമാനിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു" (വി.ഖു. 12:41)

മൂസാനബി (അ)ക്ക് മുമ്പുതന്നെ ഈജിപ്തിൽ നിലനിന്നിരുന്ന ഒരു ശിക്ഷാമുറയായാണ് ഖുർആൻ ക്രൂശീകരണത്തെ പരിചയപ്പെടുത്തുന്നത് എന്ന് ഈ സൂക്തങ്ങളിൽനിന്ന് സുതരാം വ്യക്തമാണ്. പൗരാണിക ഈജിപ്തിനെക്കുറിച്ച പഠനഗ്രന്ഥങ്ങളിലൊന്നുംതന്നെ ഫറോവമാരുടെ കാലത്ത് ക്രൂശീകരണം നിലനിന്നതായി വ്യക്തമാക്കുന്ന രേഖകൾ അവതരിപ്പിക്കുന്നില്ലെന്നത് ശരിയാണ്. എന്നാൽ അതുകൊണ്ടുമാത്രം അന്ന് അങ്ങനെയൊരു ശിക്ഷാസമ്പ്രദായം തന്നെ നിലനിന്നിരുന്നില്ലായെന്ന് പറയാനാവില്ല. പൗരാണിക ഈ





ജിപ്തിനെക്കുറിച്ച പഠനത്തിന് അവിടെനിന്ന് ഉൽഖനനം ചെയ്തെടുത്ത ശിലാരേഖകളെയും സീലുകളെയും പ്രതിമകളെയുമെല്ലാമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇവയിൽനിന്ന് മാത്രമായി ഈജിപ്തിൻെറ ഒരു സമ്പൂർണ്ണ ചരിത്രം നിർമിക്കാനാവില്ല. ഇവയിൽ രേഖപ്പെടുത്തപ്പെടാത്ത നിരവധി കാര്യങ്ങളുണ്ടായിരിക്കാം. രേഖപ്പെടുത്തപ്പെട്ട കാര്യങ്ങളിൽതന്നെ വായിക്കാൻ കഴിയാത്തവയുണ്ടായിരിക്കാം; വായിക്കാൻ കഴിഞ്ഞവയിൽതന്നെ സ്ഖലിതങ്ങളുണ്ടാകുവാനുള്ള സാധ്യതയും പൂർണമായി തള്ളിക്കളയാനാവില്ല. അതുകൊണ്ടുതന്നെ പൗരാണിക ഈജിപ്തിനെക്കുറിച്ച പഠനങ്ങൾ അവിടെ ക്രൂശീകരണം നിലനിന്നിട്ടില്ലായെന്ന് വ്യക്തമാക്കുന്ന രേഖകൾ വെളിപ്പെടുത്താത്തിടത്തോളം അവിടെ ക്രൂശീകരണമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഖുർആനിക പരാമർശങ്ങൾ അബദ്ധമാണെന്ന് പറയാനാകില്ല. ഖുർആനിക പരാമർശങ്ങൾക്ക് ഉപോൽബലകമായ രേഖകൾ ലഭിച്ചിട്ടില്ലാത്തതുപോലെതന്നെ അതിനെ നിഷേധിക്കുന്ന രേഖകളുമില്ലാത്ത സ്ഥിതിക്ക് ആ പരാമർശങ്ങളിൽ അബദ്ധമാരോപിക്കുന്നതിന് യാതൊരു അടിസ്ഥാനവുമില്ല.

എന്താണ് ക്രൂശീകരണം? 'ഓക്സ്ഫോർഡ് കംപാനിയൻ ടു ദ ബൈബിൾ' പറയുന്നത് കാണുക: "വധശിക്ഷയായോ മൃതശരീരത്തെ പ്രദർശിപ്പിക്കുന്നതിന്നായോ കുരിശിലോ മരത്തിലോ ഒരാളെ ആണിയടിക്കുകയോ ബന്ധിക്കുകയോ ചെയ്യുക". (Bruce M Metzger Michael D Coogan (Ed), Oxford Companion to the Bible, 1993, Oxford University Press, Oxford & Newyork page 141) ഇന്ന് ക്രൈസ്തവർ മതചിഹ്നമായി ഉപയോഗിക്കുന്ന രീതിയിലുള്ളതായിരുന്നില്ല ആദ്യകാലത്തെ കുരിശ്. ഒരു മരത്തടിയിൽ കൈകളും കാലുകളും അരക്കെട്ടുമെല്ലാം ആണിയിൽ തറച്ച് ഇഞ്ചിഞ്ചായി കൊല്ലുന്ന സമ്പ്രദായമാണ് ക്രൂശീകരണത്തിൻെറ ആദിമരൂപം. പിന്നീട് എക്സ് (X) ആകൃതിയിൽ രണ്ട് തടികൾവെച്ച് അതിൽ ക്രൂശീകരിക്കുന്ന രീതിയുണ്ടായി. അതിനും ശേഷമാണ് ഒരു തടിമരത്തിൻെറ മുകൾ ഭാഗത്ത് മറ്റൊരു മരക്കഷണം കൂട്ടിവെച്ച് ടി (T) ആകൃതിയിലും ഇന്ന് ക്രൈസ്തവർ മതചിഹ്നമായി ഉപയോഗിക്കുന്ന + ആകൃതിയിലുമെല്ലാമുള്ള കുരിശുകളുണ്ടായത്. അതുകൊണ്ടാണ് 'മരത്തിലോ കുരിശിലോ ആണിയടിച്ചുകൊല്ലുന്നതാണ് ക്രൂശീകരണം' എന്ന്

ഓക്സ്ഫോർഡ് കംപാനിയൻ ടു ദി ബൈബിളിൽ പറഞ്ഞത്. ആണി യടിച്ച് കൊല്ലുകയെന്ന കർമ്മമാണ്, അതിനുപയോഗിക്കുന്ന വസ്തുവിൻെറ ആകൃതിയല്ല ക്രൂശീകരണത്തെ അന്വർത്ഥമാക്കുന്നത് എന്ന് സാരം.

മരത്തിൽ തറച്ചുകൊല്ലുന്ന ഏർപ്പാട് മോശയുടെ കാലത്തും യോസഫിൻെറ കാലത്തുമെല്ലാം നിലനിന്നിരുന്നുവെന്നതിന് ബൈബിൾ തന്നെ തെളിവുകൾ നൽകുന്നുണ്ട്. യോസഫിൻെറ സ്വപ്നവ്യാഖ്യാനത്തെക്കുറിച്ച് ഉൽപത്തി പുസ്തകം പറയുന്നത് ഇങ്ങനെയാണ്: "യോസഫ് പറഞ്ഞു: ഇതാണ് സ്വപ്നത്തിൻെറ വ്യാഖ്യാനം. മൂന്ന് കുട്ട മൂന്ന് ദിവസമാണ്. മൂന്ന് ദിവസത്തിനകം ഫറോവാൻ നിൻെറ തലവെട്ടി നിന്നെ കഴുമരത്തിൽ കെട്ടിത്തൂക്കും. പക്ഷികൾ നിൻെറ മാംസം ഭക്ഷിക്കും" (ഉൽപത്തി 40:18-19)

ഇക്കാര്യം പരാമർശിക്കുമ്പോൾ ഖുർആൻ 'ക്രൂശിക്കുക'യെന്നാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

മോശ എഴുതിയതായി കരുതപ്പെടുന്ന ആവർത്തന പുസ്തകത്തിലും മരത്തിൽ തൂക്കിക്കൊല്ലുന്നതിനെക്കുറിച്ച പരാമർശങ്ങളുണ്ട്: "വധശിക്ഷ അർഹിക്കുന്ന കുറ്റം ചെയ്തവനെ വധിച്ച് മരത്തിൽ തൂക്കിക്കഴിഞ്ഞാൽ അയാളുടെ ജഡം രാത്രി മുഴുവൻ ആ മരത്തിൽ കിടക്കരുത്. ആ ദിവസംതന്നെ അയാളെ സംസ്ക്കരിക്കണം. തൂക്കിക്കൊല്ലപ്പെടുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്. നിൻെറ ദൈവമായ കർത്താവ് നിനക്ക് അവകാശമായി തരുന്ന ദേശം നീ മലിനമാക്കരുത്" (ആവ 21:22-23)

മോശക്ക് ശേഷം വന്ന യോശുവയുടെ കാലത്തും ഈ ശിക്ഷാരീതി നിലനിന്നിരുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നുണ്ട്: "ആയിയിലെ രാജാവിനെ വൈകുന്നേരംവരെ ഒരു മരത്തിൽ കെട്ടിത്തൂക്കിയിട്ടു. സൂര്യാസ്തമയം ആയപ്പോൾ യോശുവയുടെ കൽപനപ്രകാരം ശവം മരത്തിൽനിന്ന് ഇറക്കി; നഗരവാതിൽക്കലിട്ടു. അവർ അതിനുമുകളിൽ ഒരു കൽക്കൂന ഉണ്ടാക്കി. അത് ഇന്നോളം അവിടെയുണ്ട്" (യോശുവ 8:29)

ആവർത്തനപുസ്തകത്തിലെ 'മരത്തിൽ തൂക്കപ്പെട്ടവനെ'ക്കുറിച്ച പരാമർശങ്ങളെ യേശുവിൽ ആരോപിക്കപ്പെട്ട ക്രൂശീകരണവുമായി പൗലോസ് ബന്ധിപ്പിക്കുന്നത് കാണുക: "നമുക്കുവേണ്ടി ശാപവി





ധേയനായിത്തീർന്ന ക്രിസ്തു നിയമത്തിൻെറ ശാപത്തിൽ നിന്ന് നമ്മെ മോചിപ്പിച്ചിരിക്കുന്നു. 'മരത്തിൽ തൂങ്ങി മരിക്കുന്നവരെല്ലാം ശപിക്കപ്പെട്ടവരാണ്' എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ. അങ്ങനെ അബ്രാഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുയേശുവിലൂടെ വിജാതീയർക്കും ലഭിക്കാനും തത്ഫലമായി വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവ് വിശ്വാസംവഴി നമുക്കും ലഭിക്കാനും യേശുക്രിസ്തു അരുൾചെയ്തു" (ഗലാത്യർ 3:13)

അപ്പോസ്തല പ്രവൃത്തികളിലും യേശുവിനെക്കുറിച്ച് പറയുമ്പോൾ 'അവർ അവനെ മരത്തിൽ തൂക്കിക്കൊന്നു' (അപ്പോ 10:39) വെന്നാണ് പറയുന്നത്. ഇതിൽനിന്നെല്ലാം യോസഫിൻെറ കാലത്ത് നിലനിന്നതും മോശ ആവർത്തനപുസ്തകത്തിൽ പറഞ്ഞതും യോശുവ നടപ്പിലാക്കിയതുമെല്ലാം യേശുവിൻെറ കാലത്ത് നിലനിന്നിരുന്ന ക്രൂശീകരണത്തിൻെറതന്നെ വ്യത്യസ്ത രൂപങ്ങളായിരുന്നുവെന്ന് സുതരാം വ്യക്തമാണ്.

ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ ഈജിപ്തുകാർക്കിടയിൽ ക്രൂശീകരണമെന്ന ശിക്ഷാ സമ്പ്രദായം നിലനിന്നിരുന്നതായി ബൈബിൾ പണ്ഡിതന്മാർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സ്മിത്തിൻെറ ബൈബിൾ ഡിക്ഷ്ണറി പറയുന്നത് കാണുക: "ഈജിപ്തുകാരുടെയും (ഉൽപത്തി 40:19), കാർത്തേജിനിയന്മാരുടെയും പേർഷ്യക്കാരുടെയും (എസ്തേർ 7:10) അസീറിയക്കാരുടെയും സ്കീത്യരുടെയും ഇന്ത്യക്കാരുടെയും ജർമൻകാരുടെയും വളരെ ആദ്യകാലം തൊട്ടുതന്നെ ഗ്രീക്കുകാരുടെയും റോമക്കാരുടെയും ഇടയിൽ ക്രൂശീകരണം ഉപയോഗിക്കപ്പെട്ടിരുന്നു. ആദിമ യഹൂദന്മാർക്ക് ഈ ശിക്ഷാ സമ്പ്രദായം അറിയാമായിരുന്നോയെന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. യഹൂദന്മാർ റോമക്കാരിൽനിന്നായിരിക്കണം ഈ സമ്പ്രദായം സ്വീകരിച്ചത്. ഇത് ഏറ്റവും ഭീകരമായ മരണരീതിയായി എല്ലാവരും ഒരുപോലെ അംഗീകരിച്ചിരുന്നു" (``Crucifixion'' Smith's Bible Dictionary Online)

പുരാതന ഈജിപ്തിൽ ക്രൂശീകരണം നിലനിന്നതിന് തെളിവുകളില്ലെന്ന് പറഞ്ഞ് ഖുർആനിൽ അബദ്ധം ആരോപിക്കുന്നതിന് മുമ്പ് മിഷനറിമാർ സ്വന്തം വേദഗ്രന്ഥം ഒന്ന് മനസ്സിരുത്തി വായിച്ചുനോക്കേണ്ടതായിരുന്നു. യോസഫിൻെറയും മോശയുടെയും കാലത്ത്

ക്രൂശീകരണം നിലനിന്നിരുന്നുവെന്ന് പറയുന്നത് ഖുർആൻ മാത്രമല്ല; ബൈബിളും കൂടിയാണ്. ഇരുവേദഗ്രന്ഥങ്ങളും ഒരുപോലെ പറയുന്ന ഇക്കാര്യത്തിന് വിരുദ്ധമായ തെളിവുകൾ പുരാതന ഈജിപ്തിനെക്കുറിച്ച പഠനങ്ങൾ നൽകാത്തിടത്തോളം ഇതിൽ അബദ്ധമാരോപിക്കുന്നതിൽ യാതൊരു കഴമ്പുമില്ല.



# ആറ്

# ഖുർആനും പ്രവചനങ്ങളും

## ഖുർആനിലുണ്ടെന്ന് പറയപ്പെടുന്ന പ്രവചനങ്ങൾ എങ്ങനെയാണ് അതിന്റെ ദൈവികതക്കുള്ള തെളിവാകുക?

മനുഷ്യർക്ക് സന്മാർഗദർശനം നൽകുന്നതിനുവേണ്ടി സർവ്വശക്തനാൽ നിയുക്തരാവുന്നവരെക്കുറിക്കാൻ 'പ്രവാചകൻ' എന്ന പ്രയോഗമാണ് പൊതുവെ സെമിറ്റിക് മതഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നത്. പഴയ നിയമ ബൈബിളിൽ 'നബി'യെന്ന ഹിബ്രുപദമാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. പുതിയ നിയമത്തിലെ 'പ്രൊഫെതസേ'യെന്നും ഖുർആനിലെ 'നബി'യെന്നുമെല്ലാമുള്ള പ്രയോഗങ്ങളുടെ അർത്ഥം പ്രവാചകൻ എന്നാണ്. 'ഭാവികാര്യങ്ങളെക്കുറിച്ച് പറയുന്നവൻ' എന്നാണ് പ്രവാചകൻ എന്ന പദത്തിനർത്ഥം. മനുഷ്യരുടെ ആത്യന്തിക ജീവിത ലക്ഷ്യമായ മരണാനന്തര ജീവിതത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നവരായതുകൊണ്ടാവാം ദൈവദൂതന്മാരെ പ്രവാചകൻ എന്ന് വിളിക്കപ്പെട്ടത്.

മരണാനന്തര ജീവിതത്തിലെ രക്ഷാശിക്ഷകളെക്കുറിച്ച് പഠിപ്പിക്കുന്നതോടൊപ്പംതന്നെ ഭൂമിയിൽ സംഭവിക്കാനിരിക്കുന്ന ചില കാര്യങ്ങളെക്കുറിച്ചും പല പ്രവാചകന്മാരും മുൻകൂട്ടി പറഞ്ഞിരുന്നുവെ

ന്നാണ് വേദഗ്രന്ഥങ്ങളിൽനിന്ന് മനസിലാകുന്നത്. മാത്രവുമല്ല, വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഏതെങ്കിലുമൊരു പ്രവാചകൻെറ പ്രവചനം തെറ്റിയാൽ അത് അയാൾക്കുള്ള അയോഗ്യതയായും അയാളെ ദൈവത്തിൻെറ പേരിൽ തോന്ന്യാസം പറയുന്നവനായും വ്യാജ പ്രവാചകനായും മനസിലാക്കണമെന്നായിരുന്നു ദൈവിക കൽപനയെന്നും ബൈബിളിൽനിന്ന് മനസിലാകുന്നുണ്ട്. ആവർത്തന പുസ്തകത്തിൽ ദൈവം മോശയോട് പറയുന്നതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു വചനം കാണുക.

“ഒരു പ്രവാചകൻ കർത്താവിൻെറ നാമത്തിൽ സംസാരിച്ചിട്ട് ആ വചനം യാഥാർത്ഥ്യമാകാതിരിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്താൽ, ആ വചനം കർത്താവ് അരുൾ ചെയ്തിട്ടുള്ളതല്ല. പ്രവാചകൻ അത് തോന്യാസമായി പറഞ്ഞതാണ്; നീ അയാളെ ഭയപ്പെടേണ്ടതില്ല” (ആവ 18:22).

വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് പറയുമ്പോഴും അയാളുടെ പ്രവചനം സത്യമായിത്തീരുമെന്നതാണ് അയാൾ ദൈവത്താൽ നിയോഗിക്കപ്പെട്ടവനാണെന്നുള്ളതിന് തെളിവായി ബൈബിൾ പറയുന്നത്. യിരെമ്യാവിൻെറ ഒരു പ്രവചനം ശ്രദ്ധിക്കുക. “സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാം” (യിരെമ്യാ 28:9).

തനിക്കുശേഷം വരാനിരിക്കുന്ന ദൈവദൂതനെക്കുറിച്ച് യേശു പ്രവചിച്ചപ്പോഴും അയാളുടെ അടയാളങ്ങളിലൊന്നായി വരാനിരിക്കുന്ന കാര്യങ്ങൾ പറയുമെന്ന് പറഞ്ഞതായി കാണാം.

“ഇനിയും പലകാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവർ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും” (യോഹന്നാൻ 16:12,13).

യഥാർത്ഥത്തിൽ നടേ സൂചിപ്പിക്കപ്പെട്ട മൂന്ന് ബൈബിൾ വചനങ്ങളും അന്തിമ പ്രവാചകനായ മുഹമ്മദ് നബി (സ)യെക്കുറിച്ച പ്രവചനങ്ങളാണുൾക്കൊള്ളുന്നത്. സമാധാന (ഇസ്‌ലാം)വുമായി





കടന്നുവരുന്ന അവസാനത്തെ പ്രവാചകൻ വരാനിരിക്കുന്ന കാര്യങ്ങൾ പ്രവചിക്കുമെന്നും പ്രസ്തുത പ്രവചനങ്ങളെല്ലാം തെറ്റാതെ സംഭവിക്കുമെന്നുമാണ് ഈ വചനങ്ങൾ വ്യക്തമാക്കുന്നത്. മുഹമ്മദ് നബി (സ)യിലൂടെ ലോകത്തിന് അവതീർണമാക്കുന്ന വിശുദ്ധ ഖുർആനിൽ പ്രവചനങ്ങളുണ്ടാവുമെന്നും അവ പൂർണമായും പൂർത്തീകരിക്കപ്പെടുമെന്നും പൂർവ്വിക പ്രവാചകന്മാർതന്നെ പ്രവചിച്ചിട്ടുണ്ടെന്നർത്ഥം.

ഭാവി കാര്യങ്ങളെക്കുറിച്ച് കൃത്യവും വ്യക്തവുമായി അറിയുക സർവ്വശക്തനായ സ്രഷ്ടാവിന് മാത്രമാണ്. അവൻ പഠിപ്പിച്ചുകൊടുക്കുന്നത് മാത്രമെ സൃഷ്ടികൾ ആരായിരുന്നാലും അവർക്കെല്ലാം അറിയുകയുള്ളൂ. ഒരാൾ ഭാവി കാര്യത്തെക്കുറിച്ച് പ്രവചിക്കുകയും പ്രസ്തുത പ്രവചനങ്ങൾ യാതൊരു തെറ്റുമില്ലാത്തവിധം പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ പ്രസ്തുത പ്രവചനങ്ങളുടെ സ്രോതസ്സ് ദൈവമായിരിക്കുമെന്ന് നമുക്ക് മനസിലാക്കാം.ഖുർആൻ ദൈവിക വചനമാണെന്നതിന് അതിലെ പ്രവചനങ്ങൾ സാക്ഷീകരിക്കുന്നുവെന്ന് പറയുന്നത് ഇതുകൊണ്ടാണ്. കാലാതീതനായ സർവ്വലോക സ്രഷ്ടാവിൽ നിന്നുള്ളതാണ് ഖുർആനെന്ന വസ്തുത അതിലെ പ്രവചനങ്ങളും അൽപംപോലും തെറ്റുപറ്റാതെയുള്ള അവയുടെ പൂർത്തീകരണവും വ്യക്തമാക്കുന്നുവെന്നർത്ഥം.

**ബൈബിളിലും നിരവധി പ്രവചനങ്ങളുണ്ടെന്നും അവ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നും വസ്തുതകൾ അതിൻെറ ദൈവികത വ്യക്തമാക്കുന്നുവെന്ന് സുവിശേഷകന്മാർ പറയാറുണ്ടല്ലോ. ഇത് ശരിയാണോ?**

ബൈബിളിൻെറ ദൈവികതയെക്കുറിച്ച് പറയുമ്പോൾ സാധാരണയായി സുവിശേഷകൻമാർ ഊന്നൽ നൽകാറുള്ളത് അതിലെ പ്രവചനങ്ങളിലാണ്. ബൈബിൾ പുസ്തകങ്ങളിൽ കാണപ്പെടുന്ന പ്രവചനങ്ങളിലധികവും സത്യസന്ധമായി പുലർന്നിട്ടുണ്ടെന്നും ഇനിയും പുലർന്നിട്ടില്ലാത്തവ തീർച്ചയായും പുലരുമെന്നും അതിനാൽ സർവ്വജ്ഞനായ ദൈവത്തിൽ നിന്നുള്ളതാണ് ബൈബിളെന്ന് ഈ പ്രവചനങ്ങൾ വ്യക്തമാക്കുന്നു വെന്നുമാണ് വാദം. പ്രഗൽഭസുവിശേഷകനായ എ.വി.തോമസ് എഴുതുന്നത് കാണുക: “തിരുവെഴുത്തിലെ പ്രവചനങ്ങൾ സ്ഥലകാല പരിമിതികൾക്കതീതമായി

അൽഭുതകരമായി നിറവേറിയിരിക്കുന്ന വസ്തുത ആരെയും വിസ്മയിപ്പിക്കും". (എ. വി. തോമസ് : തിരുവചന സംഗ്രഹം പുറം 26)

'സമ്പൂർണ ദൈവശാസ്ത്രം' പറയുന്നത് ഇങ്ങനെയാണ്: 'ഒരു പ്രവചനം യഥാർത്ഥത്തിൽ പ്രവചനമായി പരിഗണിക്കപ്പെടണമെങ്കിൽ അതിനു മുൻകൂട്ടി പറഞ്ഞതൊക്കെയും സംഭവിക്കണം. ഒരു പ്രവചനത്തിൻെറ ഏതെങ്കിലും ഒരു ഭാഗം പരാജയപ്പെട്ടാൽ അത് പരാജയാധീനമായ മനുഷ്യമനസ്സിൽ നിന്ന് ഉളവായതാണ്. ദൈവത്തിൽ നിന്നുള്ളതല്ല. ബൈബിൾ നിർദ്ദേശിക്കുന്ന പരിശോധനാക്രമം ഇതാണ്. ഈ നിലവാരത്തിൽ നിലയുറപ്പിച്ചു നാം നിരീക്ഷിക്കുമ്പോൾ ബൈബിൾ പൂർണ്ണമായും വിശ്വസനീയം എന്നു മനസ്സിലാകും'. (സമ്പൂർണ്ണ ദൈവശാസ്ത്രം പുറം 89)

ഈ അവകാശവാദങ്ങൾ എത്രത്തോളം സത്യസന്ധമാണ്? ബൈബിൾ പ്രവചനങ്ങളുണ്ടാവാമെന്നും അവ പൂർത്തീകരിക്കപ്പെടാൻ സാധ്യതയുണ്ടെന്നും മുസ്‌ലിംകൾ അംഗീകരിക്കുന്നു. ദൈവിക ബോധനങ്ങളും പ്രവാചകവചനങ്ങളും ബൈബിളിൽ ഉണ്ട് എന്നതു കൊണ്ടാണിത്. ദൈവികബോധനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവാചകന്മാർ നടത്തിയ പ്രവചനങ്ങളെല്ലാം പുലരുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ ബൈബിളിൽ ദൈവികവചനങ്ങളും പ്രവാചക വചനങ്ങളും മാത്രമല്ല; പുരോഹിതന്മാരുടെയും മതനേതാക്കളുടെയും ചരിത്രകാരന്മാരുടെയുമെല്ലാം വചനങ്ങളുണ്ട്. അതിനാലാണ് ബൈബിൾ പ്രവചനങ്ങളിൽ ചിലവ സംഭവിക്കാത്തതായി നിലനിൽക്കുന്നത്. മാനുഷികമായ കരവിരുതുകൾ നടന്നിട്ടുള്ളതിനാൽ ബൈബിൾ പുസ്തകങ്ങളിലെ സംഭവിച്ചിട്ടില്ലാത്ത പ്രവചനങ്ങൾ ദൈവത്തിൽ ആരോപിച്ച് അവൻ വരും കാലത്തെപ്പറ്റി അജ്ഞനാണെന്ന് വരുത്തിത്തീർക്കുന്നത് അവിവേകമാണ്. ബൈബിൾ പൂർണമായും പരിശുദ്ധാത്മപ്രചോദിതമായി എഴുതപ്പെട്ടതാണെന്ന് വാദിക്കുന്നവർ ദൈവത്തെ പരിമിതനും ഭാവിയെപ്പറ്റി കൃത്യമായി അറിവില്ലാത്തവനുമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. ദൈവം സംഭവിക്കു മെന്ന്പറഞ്ഞ കാര്യം സംഭവിച്ചില്ലെന്ന് വന്നാൽ പിന്നെ ആ ദൈവത്തിന് എന്ത് വില?

ബൈബിളിലെ ചില പൂർത്തീകരിക്കപ്പെടാത്ത പ്രവചനങ്ങൾ കാണുക:





**ആദാം മരിച്ചില്ല:** ഉൽപത്തി പുസ്തകത്തിൽ കാണുന്ന ദൈവത്തിൻെറ ഒന്നാമത്തെ പ്രവചനം തന്നെ തെറ്റിയിട്ടുണ്ടെന്നാണ് പ്രസ്തുത പുസ്തകത്തിൽ നിന്ന് മനസ്സിലാകുന്നത്. ദൈവം ആദാമിനോട് പറയുന്ന പ്രവചനം ഇങ്ങനെയാണ്, "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിലെ ഫലം നീ തിന്നുകൂടാ. അതു തിന്നുന്ന നാൾ നീ തീർച്ചയായും മരിക്കും". (ഉൽപത്തി 2:17)

ആദിമനുഷ്യനോടുള്ള ദൈവത്തിൻെറ ഈ പ്രവചനം നിറവേറിയോ? ആദാമും ഹവ്വയും പഴം പറിച്ചു തിന്നുവെന്ന് ബൈബിൾ പറയുന്നു: 'വൃക്ഷത്തിൻെറ കനി തിന്നാൻ നല്ലതും കണ്ണിന് ആനന്ദകരവും ആ വൃക്ഷം ജ്ഞാനപ്രാപ്തിക്കു കാമ്യവുമാണെന്നു കണ്ടപ്പോൾ സ്ത്രീ അതിൻെറ കനി പറിച്ചു തിന്നു. കുറേ ഭർത്താവിനും കൊടുത്തു. അയാളും തിന്നു. അപ്പോൾ ഇരുവരുടേയും കണ്ണുകൾ തുറന്നു". (ഉൽ 3:6,7)

ഈ അനുസരണക്കേട് കാണിച്ചതാകട്ടെ പിശാചിൻെറ പ്രലോഭനത്തിന് വശംവദമായിട്ടാണ്. പ്രസ്തുത പ്രലോഭനം ഇങ്ങനെയായിരുന്നു. "നിങ്ങൾ മരിക്കുകയില്ല. അതു തിന്നാൽ നിങ്ങളുടെ കണ്ണു തുറക്കുമെന്നും നന്മതിന്മകളെ തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആയിത്തീരുമെന്നും ദൈവത്തിനറിയാം"(ഉൽ 3:5) എന്നാൽ എന്താണ് സംഭവിച്ചത്? പഴം പറിച്ചു തിന്നപ്പോൾ ആദവും ഹവ്വയും മരിച്ചില്ല. മാത്രവുമല്ല, പിശാച് പ്രവചിച്ചതുപോലെ അവർ നന്മതിന്മകളെക്കുറിച്ച് അറിയുന്നവരായിത്തീരുകയും ചെയ്തു: "അനന്തരം കർത്താവായ ദൈവം അരുൾ ചെയ്തു, "നോക്കുക മനുഷ്യൻ നന്മതിന്മകൾ അറിഞ്ഞ് നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു." (ഉൽ 3:22) ആദമാകട്ടെ പിന്നെയും 930 വർഷം ജീവിക്കുകയും ചെയ്തു. ഉൽപത്തി പുസ്തകം ദൈവനിശ്വസ്തമാണെങ്കിൽ ദൈവത്തിൻെറ മനുഷ്യരോടുള്ള ഒന്നാം പ്രവചനം തെറ്റിയെന്നും പിശാചിൻെറ പ്രവചനം പുലർന്നുവെന്നും സമ്മതിക്കേണ്ടിവരും!

**അബ്രഹാമിനോടുള്ള പ്രവചനം:** അബ്രഹാമിനോട് ദൈവം നടത്തുന്ന ഒരു പ്രവചനമുണ്ട്, ഉൽപത്തി പുസ്തകത്തിൽ. കാനാൻ ദേശത്തിലേക്കുള്ള തനിക്ക് ശേഷം വരുന്ന തലമുറയുടെ പുനരാഗമ

നത്തെക്കുറിച്ച് പറയുന്ന പ്രവചനം ഇങ്ങനെയാണ് “ നിൻെറ പിൻഗാമികൾ അന്യദേശത്തു പ്രവാസികളായിരിക്കും. അവർ അവിടെ അടിമകളായിരിക്കും. നാനൂറു വത്സരം മർദ്ദിക്കപ്പെടും. ഇതു തീർച്ച. പക്ഷെ, അവർ അടിമകളായിരിക്കുന്ന ജനതയുടെ മേൽ ഞാൻ വിധി നടത്തും. അവർ അവിടം വിട്ടു പോരുന്നത് ധാരാളം സമ്പത്തുമായിട്ടായിരിക്കും. അബ്രാമേ, നീയോ നല്ല വാർദ്ധക്യത്തിലെത്തി, സമാധാനത്തിൽ പിതാക്കന്മാരോട് ചേരും, സംസ്കരിക്കപ്പെടും, നിൻെറ സന്താനങ്ങൾ നാലാം തലമുറയിൽ ഇവിടെ മടങ്ങിയെത്തും; അമോരിയുടെ അതിക്രമം ഇനിയും പൂർത്തിയായിട്ടില്ല.” (ഉൽപത്തി 15:13-17)

അബ്രഹാമിൻെറ സന്തതികൾ നാലാം തലമുറയിൽ കാനൻ ദേശത്ത് മടങ്ങിയെത്തുമെന്നാണല്ലോ ഇവിടെ പ്രവചിക്കപ്പെട്ടിരുന്നത്. അബ്രഹാമിൻെറ സന്തതികൾ കാനൻ ദേശത്തേക്ക് മടങ്ങിയെത്തിയത് മോശയുടെ കാലത്താണ്. മോശയാകട്ടെ ഏഴാമത്തെ തലമുറയിലുള്ള വ്യക്തിയുമാണ്. അബ്രഹാമിൻെറ പുത്രൻ ഇസ്ഹാഖ് (ഉൽ21:1-3), ഇസ്ഹാഖിൻെറ പുത്രൻ യാക്കോബ് (ഉൽ 25:19-26), യാക്കോബിൻെറ പുത്രൻ ലേവി (ഉൽ 35:22), ലേവിയുടെ പുത്രൻ കഹാത് (പുറ 6:16), കഹാതിൻെറ പുത്രൻ അംറാം (പുറ 6:18), അംറാമിൻെറ പുത്രൻ മോശെ (പുറ 6:20). മോശ അബ്രഹാമിന് ശേഷം ഏഴാം തലമുറയിൽ വരുന്നയാളാണ്; നാലാം തലമുറയിൽ വരുന്ന വ്യക്തിയല്ല. ദൈവത്തിൻെറ പ്രവചനം തെറ്റുന്നതായാണ് ഇവിടെ നാം കാണുന്നത്.

**യാക്കോബിനോടുള്ള പ്രവചനം:** കാനൻ ദേശത്തെക്കുറിച്ച് യാക്കോബിനോട് ദൈവം വാഗ്ദാനം നൽകിയതായി ഉൽപത്തി പുസ്തകത്തിൽ കാണാം. അത് ഇങ്ങനെയാണ്: ‘നിൻെറ പിതാവായ അബ്രഹാമിൻെറ ദൈവവും ഇസഹാഖിൻെറ ദൈവവുമായ കർത്താവാണ് ഞാൻ. നീ കിടക്കുന്ന ഈ ദേശം നിനക്കും നിൻെറ പിൻമുറക്കാർക്കും ഞാൻ നൽകും.” (ഉൽപത്തി 28:13)

എന്നാൽ ഈ വാഗ്ദാനം യാക്കോബിൻെറ ജീവിതകാലത്ത് നിറവേറിയില്ല. യാക്കോബിനോട് “നിനക്കും നൽകും” എന്നു പറഞ്ഞ ദൈവത്തിൻെറ പ്രചവനം പൂർത്തിയായില്ല എന്നർത്ഥം.

**മോശെയോടുള്ള പ്രവചനം:** ദൈവം മോശയോട് നൽകുന്ന





വാഗ്ദാനം ഇങ്ങനെയാണ് “പോകുക, ഈജിപ്തിൽ നിന്ന് നീ മോചിപ്പിച്ചു കൊണ്ടുവന്ന ജനവും നീയും ഇവിടം വിട്ടു പോകുക.” “നിൻെറ അനന്തരാവകാശികൾക്ക് ഇത് നൽകും” എന്നു പറഞ്ഞു അബ്രഹാമിനും ഇസ്ഹാക്കിനും യാക്കോബിനും ഞാൻ വാഗ്ദാനം ചെയ്ത ദേശത്തോട്ടു പോകുക. ഞാൻ നിനക്കു മുമ്പേ ഒരു മാലാഖയെ അയച്ച് കനാനിയർ, അമോരിയർ, ഹിത്തിയർ, പെരിസിയർ, ഹിവിയർ, യെബൂസിയർ എന്നിവരെ ഓടിച്ചു കളയും”. (പുറപ്പാട് 33:1,2)

ഈ പ്രവചനം നിറവേറിയില്ല. മോശയുടെ കാലത്ത് കനാനിയരോ യെബൂസിയരോ ഓടിപ്പോയതായി ബൈബിളോ മറ്റു രേഖകളോ പഠിപ്പിക്കുന്നില്ല.

**യെശയ്യാവിൻെറ പ്രവചനം:** ഈജിപ്തിനെക്കുറിച്ച് യെശയ്യാവിനുണ്ടായ അരുളപ്പാടാണ് പത്തൊൻപതാം അധ്യായത്തിലുള്ളത്. ഈ അരുളപ്പാടിലെ പല കാര്യങ്ങളും എങ്ങനെയും വ്യാഖ്യാനിക്കാൻ പറ്റുന്നവയാണ്. എന്നാൽ ചില വചനങ്ങൾ വ്യക്തമായ സൂചന നൽകുന്നുണ്ട്. ഒരു വാക്യം കാണുക: “അക്കാലത്ത് ഈജിപ്തു ദേശത്ത് കനാൻ ഭാഷ സംസാരിക്കുന്ന അഞ്ചു നഗരങ്ങൾ ഉണ്ടായിരിക്കും.” (യെശ 19:18)

ഈ പ്രവചനം നിറവേറിയോ? ചരിത്രത്തിലെവിടെയും ഈജിപ്തിലെ അഞ്ചു നഗരങ്ങളിൽ കനാൻ ഭാഷ സംസാരിക്കുന്ന അവസ്ഥയുലുണ്ടായതായി കാണുന്നില്ല. ഇത് ഭാവിയിൽ സംഭവിക്കാൻ പോകുന്ന പ്രവചനമാണെന്ന് കരുതാനും നിർവ്വാഹമില്ല. കനാൻ ഭാഷ നാമാവശേഷമായിട്ട് കുറെ കൊല്ലങ്ങളായി. ഇന്ന് അത്തരമൊരു ഭാഷ തന്നെ വ്യാവഹാരിക ലോകത്ത് നിലനിൽക്കുന്നില്ല.

**ജെറൂസലേമിനെക്കുറിച്ച പ്രവചനം:** യെശയ്യാവിൻെറ പുസ്തകത്തിലെ ഒരു പ്രവചന പ്രകാരം യെശയ്യാവിന് ശേഷം പരിച്ഛേദനം ചെയ്യാത്ത ആരും തന്നെ ജെറൂസലേമിൽ പ്രവേശിക്കുകയില്ല. പ്രവചനം കാണുക “സിയോനേ, ഉണരുണരൂ; നിൻെറ ശക്തി ആർജിക്കു; വിശുദ്ധ നഗരമായ ജെറുശലമേ, നീ നിൻെറ അഴകാർന്ന വസ്ത്രങ്ങൾ ധരിക്കൂ; കാരണം പരിച്ഛേദനം നടത്താത്തവനോ, ശുദ്ധിയില്ലാത്തവനോ ഇനി നിന്നിൽ പ്രവേശിക്കയില്ല.” (യെശയ്യാവ് 52:1) ഈ പ്രവചനത്തിന് ശേഷം ലക്ഷക്കണക്കിന്

പരിച്ഛേദനം ചെയ്യാത്ത മനുഷ്യർ ജെറുസലേമിൽ പോവുകയും അവിടെ താമസമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും ചെയ്തു കൊണ്ടിരിക്കുന്നു. യെശയ്യാവിൻെറ ഈ പ്രവചനവും തെറ്റിയെന്നർത്ഥം.

**ടൈറിനെക്കുറിച്ച പ്രവചനം:** ബാബിലോൺ രാജാവായ നെബുക്കദ്നസ്സർ ടൈറിനെതിരെ ആഞ്ഞടിക്കുമെന്നും ടൈർനഗരം പൂർണമായിത്തന്നെ തകർക്കപ്പെടുമെന്നും ശേഷം അതിൽ ആൾപാർപ്പുണ്ടാകുകയില്ലെന്നുമെല്ലാം ദൈവം പറയുന്നതായി എസെക്കിയേൽ പുസ്തകം ഉദ്ധരിക്കുന്നുണ്ട്: "കർത്താവായ ദൈവം അരുൾ ചെയ്യുന്നു: വടക്കു നിന്ന് ബാബിലോൺ രാജാവായ നെബുകദ്നെസറിനെ, രാജാക്കന്മാരുടെ രാജാവിനെ ഞാൻ ടൈറിന് എതിരെ കൊണ്ടുവരും." (എസക്കിയേൽ 26:7)

"നിൻെറ സമ്പത്തുകൾ അവർ കൊള്ളയടിക്കും. നിൻെറ കച്ചവടച്ചരക്കുകൾ അവർ അപഹരിക്കും. നിൻെറ മതിലുകൾ ഇടിച്ചു നിരത്തി നിൻെറ മനോഹര ഭവനങ്ങൾ നശിപ്പിക്കും. നിൻെറ കല്ലും തടിയും മണ്ണും അവർ ജലരാശിയിലേക്ക് എറിയും. നിൻെറ ഗാനധാര ഞാൻ അവസാനിപ്പിക്കും. നിൻെറ കിന്നരങ്ങളുടെ നാദം ഇനി കേൾക്കുകയില്ല. ഞാൻ നിന്നെ വെറുമൊരു പാറയാക്കും.വല വിരിച്ച് ഉണക്കാനുള്ള ഒരു സ്ഥലമാകും നീ. നിന്നെ ഒരിക്കലും പുനരുദ്ധരിക്കില്ല. കർത്താവായ ഞാൻ അരുൾ ചെയ്തിരിക്കുന്നു. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്തിരിക്കുന്നത്."

"അതിനാൽ നിന്നിൽ ഒരിക്കലും ആൾപ്പാർപ്പുണ്ടാകില്ല; ജീവിക്കുന്നവരുടെ ദേശത്ത് നിനക്ക് ഇടം ലഭിക്കയുമില്ല. ഞാൻ നിന്നെ ഭയങ്കരമായ നാശത്തിൽ എത്തിക്കും; നീ പിന്നെ ബാക്കിയുണ്ടാകില്ല; അന്വേഷിച്ചാലും നിന്നെ ഒരിക്കലും കണ്ടെത്തുകയില്ല. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്യുന്നത്."(26:20,21)

"ഭയങ്കരമായ നാശം നിനക്ക് ഉണ്ടായിരിക്കുന്നു; എന്നന്നേക്കുമായി നീ പൊയ്പ്പോയിരിക്കുന്നു."(21:36)

ഈ പ്രവചനത്തിൽ പറയുന്നതുപോലെയുള്ളൊരു നാശം ടൈർ നഗരത്തിന് ഉണ്ടായിട്ടുണ്ടോ? ഇല്ലെന്നാണ് ഉത്തരം. യേശുവും പൗലോസുമെല്ലാം ടൈറിൽ പോവുകയും താമസിക്കുകയും ചെയ്തതായുള്ള പരാമർശങ്ങൾ പുതിയനിയമത്തിലുണ്ട്. ഏതാനും ചില പുതിയ നിയമ പരാമർശങ്ങൾ കാണുക: 'യേശു അവിടെ നിന്ന്





ടൈർ-സിദോൻ ദേശത്തേക്കു പോയി. ഇതാ, ആ പ്രദേശത്തു നിന്ന് ഒരു കനാൻകാരി വന്ന് നലിവിളിച്ചു പറഞ്ഞു." (മത്തായി15:21)

"യേശു അവിടെ നിന്ന് പുറപ്പെട്ട് ടൈർ സിദോൻ പ്രദേശത്തേക്കു പോയി. അവിടെ അവൻ ഒരു വീട്ടിൽ പ്രവേശിച്ചു. തൻെറ സാന്നിദ്ധ്യം ആരും അറിയരുതെന്ന് അവൻ ആഗ്രഹിച്ചെങ്കിലും രഹസ്യമായി കഴിയാൻ അവനു സാധിച്ചില്ല." (മാർക്കോസ് 7:24)

'യേശു ടൈർ ദേശത്തു നിന്നു മടങ്ങി സിദോൻ വഴി ദെക്കാപ്പൊലിസിലൂടെ ഗലീലാ കടൽത്തീരത്തേക്കു പോയി.' (മാർക്കോസ് 7:3)

'ടൈറിൽ ചരക്ക് ഇറക്കാൻ ഉണ്ടായിരുന്നതു കൊണ്ട് ഞങ്ങൾ അവിടെ കരക്ക് ഇറങ്ങി. ശിഷ്യന്മാരെ കണ്ടുപിടിച്ച് ഏഴു ദിവസം ഞങ്ങൾ അവിടെ താമസിച്ചു.' (അപ്പോ 21:3)

ഇതിന്നർത്ഥം യേശുവിൻെറയും അപ്പോസ്തലൻമാരുടെയുമെല്ലാം കാലത്ത് ടൈർ നിലവിലുണ്ടായിരുന്നുവെന്നും അവിടെ ജനവാസമുണ്ടായിരുന്നുവെന്നുമാണല്ലോ. ടൈറിനെക്കുറിച്ച എസക്കിയേലിൻെറ പ്രവചനം തെറ്റിപ്പോയിയെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാകുന്നത്.

**യേശുവിൻെറ രണ്ടാം വരവിനെക്കുറിച്ച പ്രവചനങ്ങൾ:** യേശു രണ്ടാമതു ഭൂമിയിലേക്ക് വരുമെന്നും ഇവിടെ ദൈവരാജ്യം സ്ഥാപിക്കുമെന്നും സൂചിപ്പിക്കുന്ന ചില പ്രവചനങ്ങൾ ബൈബിളിലുണ്ട്. അവ കാണുക.

'മനുഷ്യപുത്രൻ തൻെറ രാജ്യത്തിൽ വരുന്നത് കാണും മുമ്പ് മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ട്.' (മത്തായി 16:28)

'മനുഷ്യ പുത്രനെ ശക്തിയുടെ വലതുഭാഗത്തിരിക്കുന്നവനായും വാനമേഘങ്ങളോടെ വരുന്നവനായും നിങ്ങൾ കാണും.' (മാർക്കോസ് 14:62)

'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ദൈവരാജ്യം കാണും മുമ്പു മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ട്.' (ലൂക്ക് 9:27)

ഈ വചനങ്ങൾ പ്രകാരം യേശുവിൻെറ പുനരാഗമനവും ദൈവരാജ്യ സ്ഥാപനവുമെല്ലാം കാണുവാൻ അദ്ദേഹത്തിൻെറ അപ്പോസ്തലൻമാരിൽ ചിലർക്കെങ്കിലും അവസരം ലഭിക്കേണ്ടതായിരുന്നു. പക്ഷേ യേശു പോയി രണ്ടായിരം വർഷം കഴിഞ്ഞു. യേശു

വിൻെറ കാലത്തുണ്ടായിരുന്ന ഒരാൾ പോലും ഇന്ന് ജീവിച്ചിരിക്കുന്നില്ല. “ദൈവരാജ്യം കാണും മുമ്പ് മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ട്” എന്നും മറ്റുമുള്ള യേശുവിൻെറ പ്രവചനങ്ങൾ അബദ്ധങ്ങളായി ത്തീർന്നുവെന്ന് സാരം.

**ലോകാവസാനത്തെക്കുറിച്ച പ്രവചനം:** മർക്കോസിൻെറ സുവിശേഷത്തിൽ യേശു ലോകാവസാനത്തെക്കുറിച്ച് പറയുന്ന ഒരു ഭാഗമുണ്ട്. സൂര്യൻ ഇരുളുകയും ചന്ദ്രൻ കെട്ടുപോകുകയും നക്ഷത്രങ്ങൾ ഉതിർന്നു വീഴുകയുമെല്ലാം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞ ശേഷം ഇതെല്ലാം ആ തലമുറയിൽ തന്നെ സംഭവിക്കുമെന്നാണ് യേശു സൂചിപ്പിച്ചിരിക്കുന്നത്. മർക്കോസ് യേശുവിനെ ഉദ്ധരിക്കുന്നത് കാണുക, ‘അപ്രകാരം തന്നെ, ഇവ സംഭവിക്കുന്നതു കാണുമ്പോൾ, അവൻ വളരെ അടുത്ത് പടിവാതിൽക്കൽ എത്തിയിരിക്കുന്നു എന്നു നിങ്ങൾ ഗ്രഹിച്ചുകൊള്ളുക. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഇവയെല്ലാം സംഭവിക്കുന്നതു വരെ ഈ തലമുറ  കടന്നുപോകയില്ല. ’ (മർ 13:29,30)

ലൂക്കോസും ഇക്കാര്യം ഉദ്ധരിക്കുന്നുണ്ട്. (ലൂക്കോ 21:32)

യേശുവിന് ശേഷം അനേകം തലമുറകൾ കഴിഞ്ഞുപോയി. ഇതുവരെ ലോകാവസാനം സംഭവിച്ചിട്ടില്ല. മർക്കോസ്, ലൂക്കോസ് എന്നിവർ രേഖപ്പെടുത്തിയ പ്രകാരമുള്ള യേശുവിൻെറ പ്രവചനം പിഴച്ചുവെന്ന് സാരം.

**പുനരുത്ഥാനത്തെക്കുറിച്ച പ്രവചനം:** യേശു തൻെറ പുനരുത്ഥാനത്തെക്കുറിച്ച് പ്രവചിക്കുന്നതായി മത്തായി ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്: ‘ദുഷ്ടവും അവിശ്വസ്തവുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാപ്രവാചകൻെറ അടയാളമല്ലാതെ  മറ്റൊരു അടയാളവും അതിനു നലകപ്പെടുകയില്ല. യോനാ, മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിൻെറ ഉദരത്തിൽ ആയിരുന്നു. അതുപോലെ മനുഷ്യ പുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ആയിരിക്കും.” (മത്തായി 12:39,40)

ഈ പ്രവചനപ്രകാരം മൂന്നു രാവും മൂന്നു പകലും യേശു കല്ലറയിൽ കിടന്നിട്ടുണ്ടാകണം. എന്നാൽ ബൈബിളിലെ വിശദീകരണങ്ങൾ പ്രകാരം യേശു രണ്ടു രാവും ഒരു പകലും മാത്രമേ കല്ലറയിൽ കിടന്നിട്ടുള്ളുവെന്ന് കാണാം. സുവിശേഷങ്ങൾ പ്രകാരം, വെള്ളിയാഴ്





ചയാണ് യേശു ക്രൂശിക്കപ്പെട്ടത്. വെള്ളിയാഴ്ച സന്ധ്യയോടെയാണ് യേശുവിൻെറ മൃതദേഹം കല്ലറയിൽ വെച്ചത്. ഞായാറാഴ്ച അതിരാവിലെ, ഇരുട്ടായിരിക്കെത്തന്നെ മഗ്ദലനമറിയയും മറ്റും കല്ലറയ്ക്കടുത്ത് ചെന്നപ്പോൾ അവിടെ മൃതശരീരം കണ്ടില്ലെന്നും യേശു പുനരുത്ഥാനം ചെയ്തിരുന്നുവെന്നുമാണ് സുവിശേഷ കർത്താക്കൾ പറയുന്നത്. അപ്പോൾ യേശുവിൻെറ ശരീരം എത്ര രാത്രിയും പകലും കല്ലറയിൽ കിടന്നിരിക്കണം? വെള്ളിയാഴ്ച രാത്രി- ശനിയാഴ്ച പകൽ- ശനിയാഴ്ച രാത്രി. രണ്ടു രാത്രിയും ഒരു പകലും മാത്രം! പുനരുത്ഥാനത്തെക്കുറിച്ച യേശുവിൻെറ പ്രവചനവും തെറ്റിയെന്നർത്ഥം.

**മരണാനന്തര ജീവിതത്തെക്കുറിച്ച പ്രവചനം:** മരണാനന്തര ജീവിതത്തെക്കുറിച്ച് യേശു നടത്തുന്ന പ്രധാനപ്പെട്ട ഒരു പ്രവചനം മത്തായി രേഖപ്പെടുത്തുന്നുണ്ട്. അതിങ്ങനെയാണ് “സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: യുഗസമാപ്തിയിലെ പുനർജീവിതത്തിൽ, മനുഷ്യപുത്രൻ തൻെറ മഹനീയ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ  എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചു കൊണ്ടു പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും” (മത്താ 19:28)

എന്താണ് ഈ പ്രവചനം അർത്ഥമാക്കുന്നത്? യേശുവിൻെറ പന്ത്രണ്ട് അപ്പോസ്തലന്മാരും മരണാനന്തരജീവിതത്തിൽ ആദരിക്കപ്പെടുകയും അവിടെ വെച്ച് പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ട് ഇസ്രായീലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ ന്യായം വിധിക്കുയും ചെയ്യുമെന്ന്. ആരൊക്കെയാണ് ഈ പന്ത്രണ്ട് അപ്പോസ്തലന്മാർ? മത്തായി 10: 1-5 വചനങ്ങളിൽ ആരൊക്കെയാണ് ഇവർ എന്നു പറയുന്നുണ്ട്. പത്രോസ് മുതൽ യൂദാ ഇസ്കാരിയാത്ത് വരെയുള്ള പന്ത്രണ്ടു പേർ! ഈ പന്ത്രണ്ടു പേരും മരണാനന്തര ജീവിതത്തിൽ ബഹുമാനിക്കപ്പെടുമെന്നാണ് നടേ ഉദ്ധരിച്ച പ്രവചനത്തിൽ പറയുന്നത്. അപ്പോൾ യൂദാ ഇസ്കാരിയാത്തിൻെറ കാര്യമെന്താണ്? യേശുവിനെ ഒറ്റുകൊടുത്ത വ്യക്തിയാണ് യൂദാസ്. അദ്ദേഹം ശപിക്കപ്പെവനാണെന്നാണ് എല്ലാ ക്രൈസ്തവസഭകളും വിശ്വസിക്കുന്നത്. മരണാനന്തര ജീവിതത്തെക്കുറിച്ച യേശുവിൻെറ പ്രവചനവും തെറ്റിയെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാകുന്നത്.

ബൈബിളിൽ പറയുന്ന ചില പ്രവചനങ്ങൾ തെറ്റിയെന്നുള്ള വസ്തുത അത് ദൈവികമാണെന്നുള്ള അവകാശവാദത്തിൻെറ അടിത്തറ തകർക്കുന്നതാണ്. ബൈബിളിൽ കാണപ്പെടുന്ന പ്രവചനങ്ങൾ മുഴുവൻ പ്രവാചകന്മാരാൽ രചിക്കപ്പെട്ടതാണെന്ന് വാദിക്കുകയാണെങ്കിൽ അവയിൽ വന്ന അബദ്ധങ്ങളും പ്രവാചകന്മാരിൽ ആരോപിക്കേണ്ടതായി വരും. അത് അവരെ വ്യാജപ്രവാചകരായി അവതരിപ്പിക്കുന്നതിന് തുല്യമാണ്. "ഒരു പ്രവാചകൻ കർത്താവിൻെറ നാമത്തിൽ സംസാരിച്ചിട്ട് ആ വചനം യാഥാർത്ഥ്യമാകാതിരിക്കുയോ, സംഭവിക്കാതിരിക്കുകയോ ചെയ്താൽ, ആ വചനം കർത്താവ് അരുൾ ചെയ്തിട്ടുള്ളതല്ല. പ്രവാചകൻ അതു തോന്ന്യാസമായി പറഞ്ഞതാണ്; നീ അയാളെ ഭയപ്പെടേണ്ടതില്ല" (ആവർത്തനം 18:18) എന്നാണ് പഴയനിയമത്തിൻെറ വിധി. ഒരാളുടെ പ്രവചനം പൂർത്തീകരിക്കപ്പെടാതിരിക്കുകയാണെങ്കിൽ അയാൾ വ്യാജപ്രവാചകനാണെന്നർത്ഥം. ബൈബിൾ പുസ്തകങ്ങളെല്ലാം അതിൽ പ്രതിപാദിക്കപ്പെട്ട പ്രവാചകൻ തന്നെയാണ് രചിച്ചതെന്ന് ശാഠ്യം പിടിക്കുകയാണെങ്കിൽ നോഹ മുതൽ യേശു വരെയുള്ളവരെല്ലാം വ്യാജന്മാരാണെന്ന് പറയേണ്ടി വരും. ബൈബിളിൽ മാനുഷികമായ കരവിരുതുകൾ നടന്നിട്ടുണ്ടെന്നും ദൈവികമായ നിശ്വസ്തത തീരെയില്ലാതെ രചിക്കപ്പെട്ട വചനങ്ങൾ അതിലുണ്ടെന്നും വിശ്വസിക്കുന്നതാണ് പ്രവാചകന്മാർ വ്യാജന്മാരാണെന്ന് പറയുന്നതിനേക്കാൾ നല്ലത്. അതാണ് ശരിയും!

**<u>പ്രവചനങ്ങൾ ഒരു ഗ്രന്ഥത്തിൻെറ ദൈവികത നിശ്ചയിക്കുന്നുവെങ്കിൽ നൊസ്ട്രാഡമസിൻെറ പുസ്തകങ്ങളും ദൈവികമാണെന്ന് പറയേണ്ടിവരികയില്ലേ? അദ്ദേഹത്തിൻെറ പല പ്രവചനങ്ങളും പൂർത്തീകരിക്കപ്പെട്ടതായി പറയുന്നുണ്ടല്ലോ.</u>**

പതിനാറാം നൂറ്റാണ്ടിൽ (1503-1566) ഫ്രാൻസിൽ ജീവിച്ച ഒരു ക്രിസ്ത്യൻ ജോൽസ്യനായിരുന്നു മിഖയേൽ-ഡി-നൊസ്ട്രാഡമസ്. അദ്ദേഹം രചിച്ച ശതകങ്ങൾ (Centuries) എന്ന കൃതിയിൽ നടത്തിയ പല പ്രവചനങ്ങളും അക്ഷരംപ്രതി പുലർന്നിട്ടുണ്ടെന്ന് പലരും വാദിക്കാറുണ്ട്. പന്ത്രണ്ട് അധ്യായങ്ങളിലായി 968 ചതുഷ്പദികളുള്ള ഈ പുസ്തകത്തിന് ഒട്ടനവധി വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. ഈ വ്യാഖ്യാനങ്ങളിലാണ് നൊസ്ട്രാഡമസിൻെറ പ്രവചനങ്ങളിൽ മിക്കതും





പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നും ഇനിയും പലതും പൂർത്തീകരിക്കപ്പെടുവാനുണ്ടെന്നും സമർത്ഥിച്ചിരിക്കുന്നത്. ഹെൻട്രി-സി-റോബർട്സിൻെറ The Complete Prophesies of Nostrademus, എറീക്കാചീഥാമിൻെറ The Prophesies of Nostrademus, The final Prophesies of Nostrademus, എ.കെ. ശർമ്മയുടെ The Complete Prophesies of the immortal seer Nostrademus തുടങ്ങിയവയാണ് ഇംഗ്ലീഷിലുള്ള പ്രധാനപ്പെട്ട നൊസ്ട്രാഡമസ് വ്യാഖ്യാന ഗ്രന്ഥങ്ങൾ. എ.കെ.ശർമയുടെ തന്നെ നൊസ്ട്രാഡമസ് കീ സമ്പൂർണ്ണ ഭവിഷ്യവാണിയാം, ഭോജ്രാജ് ദ്വിവേദിയുടെ നൊസ്ട്രഡാം കീ ഭവിഷ്യ വാണിയാം, സൽമാ സൈദിയുടെ വിശ്വവിഖ്യാത ഭവിഷ്യവേത്താ നോസ്ട്രാഡമസ് കീ ഭവിഷ്യ വാണിയാം തുടങ്ങിയ ഹിന്ദി വ്യാഖ്യാനഗ്രന്ഥങ്ങളും സുലഭമാണ്. പി.എസ്.എസ്. രചിച്ച നൊസ്ട്രാഡമസിൻെറ പ്രവചനങ്ങൾ എന്ന മലയാളത്തിലുള്ള ചെറിയ പുസ്തകം അർജുൻ ബുക്സ് ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ പുസ്തകങ്ങളിൽ കഴിഞ്ഞുപോയ പല ചരിത്രസംഭവങ്ങളും എടുത്തുദ്ധരിക്കുകയും ഇവയെല്ലാം നൊസ്ട്രാഡമസ് പ്രവചിച്ചിരുന്നുവെന്ന് സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്.

നൊസ്ട്രാഡമസിൻേറതായി പറയപ്പെടുന്ന പ്രവചനങ്ങളിലൂടെ കണ്ണോടിക്കുന്ന ഒരു സത്യാന്വേഷിയുടെ ശ്രദ്ധ പതിയുന്ന പല കാര്യങ്ങളുമുണ്ട്. അവയെ ഇങ്ങനെ സംക്ഷേപിക്കാം.

ഒന്ന്. നൊസ്ട്രാഡമസ് വരാനിരിക്കുന്ന യാതൊരു സംഭവവും കൃത്യവും വ്യക്തവുമായി പ്രവചിച്ചിട്ടില്ല.

രണ്ട്. അദ്ദേഹത്തിൻെറ പ്രവചനങ്ങളെ തങ്ങൾ ഇച്ഛരിക്കുന്ന രീതിയിൽ വ്യാഖ്യാനിക്കുകയാണ് നടേ സൂചിപ്പിച്ച ഗ്രന്ഥകാരന്മാർ ചെയ്യുന്നത്. ഈ വ്യാഖ്യാനത്തിന് അനുസൃതമായി മൂലഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണികളിൽപോലും മാറ്റങ്ങൾ വരുത്താൻ വ്യാഖ്യാതാക്കൾക്ക് യാതൊരു വൈമനസ്യവുമില്ല. ഉദാഹരണത്തിന് ഹിറ്റ്ലറെക്കുറിച്ചുള്ള പ്രവചനമാണെന്ന് എറീക്കാ ചീഥാം പറയുന്ന ഒരു ഉദ്ധരണിയുടെ (Centuries 2:24) ഫ്രഞ്ചുമൂലം അദ്ദേഹം എഴുതുന്നതിങ്ങനെയാണ്.

**Bestes Farouches de faim fleuves tranner,**
**Plus part du champ encontre <u>Hister</u> sera**

**En caige de fer le grand fera treisner,**

**Quand rien enfant de Germain observera**

ഇതേ പ്രവചനം ഹെൻട്രി സി റോബർട്സ് ഉദ്ധരിക്കുന്നത് കാണുക

**Bestes Farouches de faim fleuves tranner,**

**Plus part du camp encontre Ister sera**

**En cage de fer le grand sera treisner,**

**Quand rien enfant _Germain observera.**

നൊസ്ട്രാഡമസ് എഴുതിയതെന്ന് പറഞ്ഞ് രണ്ടുപേരും ഉദ്ധരിച്ച വരികളുടെ ഫ്രഞ്ച് മൂലമാണിവ. ഇവിടെ ഹെൻട്രി സി. റോബർട്സിൻെറ ഉദ്ധരണിയിൽ **Ister** എന്നും എറീക്കാ ചീഥാം **Hister** എന്നുമാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. കിഴക്കൻ യൂറോപ്പിലെ ഡാന്യൂബ് നദിയുടെ മറ്റൊരു പേരായ **Ister** എന്നാണ് നൊസ്ട്രാഡമസ് പറഞ്ഞതെന്ന സങ്കൽപത്തിൻെറ അടിസ്ഥാനതിൽ ഹെൻട്രി റോബർട്സ് കൊടുക്കുന്ന പരിഭാഷ ഇങ്ങനെയാണ്:

വന്യജീവികൾ വിശപ്പിനാൽ പുഴകൾക്ക് മീതെ നീന്തും

വയലുകളിലധികവും ഈസ്റ്ററിനടുത്താണ്.

ഇരുമ്പ് കൂടിലേക്ക് അയാൾ മഹാനെ വലിക്കും

ജർമനിയുടെ ശിശു അപ്പോളൊന്നും കാണുകയില്ല.

ഈ വചനത്തിൽ പറഞ്ഞത് ഹിറ്റ്ലറിനെക്കുറിച്ചാണെന്ന സങ്കൽപത്തിൽ എറീക്കാചീഥാം നൽകുന്ന പരിഭാഷ ഇങ്ങനെ:-

വിശപ്പിനാൽ വന്യരായ ജീവികൾ പുഴകൾ കടക്കും

യുദ്ധഭൂമിയിൽ ഭൂരിഭാഗവും ഹിറ്റ്ലറിനെതിരായിരിക്കും

അയാൾ നേതാവിനെ ഒരു ഇരുമ്പ് കൂടിലേക്ക് വലിക്കും

ജർമനിയുടെ ശിശു അപ്പോൾ നിയമമൊന്നും പാലിക്കുകയില്ല.

ഈ പ്രവചനം ഹിറ്റ്ലറിനെക്കുറിച്ചാണെന്ന് വരുത്താനായി മൂലത്തിൽ തന്നെ **Ister** എന്നത് **Hister** എന്ന് തിരുത്തപ്പെട്ടിരിക്കുന്നുവെന്ന വസ്തുത നൊസ്ട്രാഡമസിൻേറതായി ഉദ്ധരിക്കപ്പെടുന്ന പ്രവചനങ്ങളുടെയെല്ലാം വിശ്വാസ്യത തകർക്കുന്നു. ഓരോരുത്തരും





തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ മൂലഗ്രന്ഥത്തിൽതന്നെ തിരുത്തലുകൾ വരുത്തിക്കൊണ്ട് ഉദ്ധരിച്ച് വ്യാഖ്യാനിച്ചുകൊണ്ട് നൊസ്ട്രാഡമസ് പല കാര്യങ്ങളും പ്രവചിച്ചിട്ടുണ്ടെന്ന് വരുത്തുന്നു എന്നാണല്ലോ ഇതിന്നർത്ഥം. അങ്ങനെയുള്ള പ്രവചനങ്ങളെ എങ്ങനെ വിശ്വസിക്കാനാവും?

മൂന്ന്. നൊസ്ട്രാഡമസിൻെറ പ്രവചനങ്ങളെല്ലാം ആർക്കും എങ്ങനെയും വ്യാഖ്യാനിക്കാൻ കഴിയുന്നരീതിയിലുള്ളവയാണ്. അതുകൊണ്ടുതന്നെ ഓരോ വ്യാഖ്യാതാക്കളും തങ്ങൾ ഇച്ഛിക്കുന്ന രീതിയിലും രൂപത്തിലുമാണ് അവയെ വ്യാഖ്യാനിച്ചിരിക്കുന്നത്. ഉദാഹരണത്തിന് സെൻചുറീസ് 6:74ന് ഹെൻട്രി-സി-റോബർട്സ് നൽകുന്ന വ്യാഖ്യാനം നെപ്പോളിയനെക്കുറിച്ചാണെന്നാണ്. എറീക്കാ ചീഥാം പറയുന്നത് ഇംഗ്ലണ്ടിലെ എലിസബത്ത് രാജ്ഞിയെക്കുറിച്ചാണെന്നും എ.കെ. ശർമ പറയുന്നത് ഇന്ദിരാഗാന്ധിയെക്കുറിച്ചാണെന്നുമാണ്. ഇതിൽ ഏതാണ് ശരി? ഓരോരുത്തർക്കും തങ്ങൾക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിക്കാൻ പറ്റുന്ന വിധമാണ് നൊസ്ട്രാഡമസ് പ്രവചനങ്ങൾ നടത്തിയിട്ടുള്ളതെന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്.

സെൻചുറീസ് 6:74ന് ഹെൻറി സി. റോബർട്സ് നൽകിയിട്ടുള്ള ഇംഗ്ലീഷ് പരിഭാഷയുടെ മലയാളം ഭാഷാന്തരം ഇങ്ങനെയാണ്.

നിഷ്കാസിതൻ രാജ്യത്തേക്ക് വീണ്ടും വരും.

അവരുടെ ശത്രുക്കൾ ഗൂഢാലോചനക്കാരായി കാണപ്പെടും

മറ്റെന്നത്തേക്കാളധികം അവൻെറ സമയം വിജയകരമാവും

മൂന്നും എഴുപതും മരണത്താൽ നിശ്ചയിക്കപ്പെട്ടു.

(Henry -C-Roberts: The Complete Prophesies of Nostrademus Page 197) ഈ വചനത്തിന് ഹെൻട്രി-സി-റോബർട്സ് നൽകുന്ന വ്യാഖ്യാനം ഇങ്ങനെയാണ്:

“നെപ്പോളിയൻ ഒന്നാമനും അയാളുടെ സാമ്രാജ്യവും നിഷ്കാസനം ചെയ്യപ്പെട്ടുവെങ്കിലും അത് നെപ്പോളിയൻ മൂന്നാമൻ പുനഃസ്ഥാപിച്ചു. എങ്കിലും ഇംഗ്ലണ്ടിൽവെച്ച് 1873ൽ നടന്ന ഒരു ശസ്ത്രക്രി യയിൽ അദ്ദേഹം മരണപ്പെട്ടു'' (Ibid)

ഇതേ വചനത്തിന് എറീക്കാ ചീഥാം നൽകുന്ന വ്യാഖ്യാനം

ഇങ്ങനെ: ഇംഗ്ലണ്ടിലെ എലിസബത്ത് ഒന്നാമൻ അവരുടെ ചെറുപ്പ കാലത്ത് നിഷ്കാസനം ചെയ്യപ്പെട്ടു. ശേഷം അവരുടെ സഹോദരി മേരിട്ടുഡറിൻെറ ഭരണകാലത്ത് അവർ ഗൂഢാലോചനക്കാരുടെ ഇരയായിത്തീർന്നു. എങ്കിലും, എലിസബത്തിൻെറ കാലത്ത് ഇംഗ്ലണ്ട് ഉയർന്ന നിലയിലെത്തി. 1603ൽ തൻെറ എഴുപതാമത്തെ വയസിൽ എലിസബത്ത് മരണപ്പെട്ടു. മൂന്ന്, എഴുപത് തുടങ്ങിയ സംഖ്യകൾ അവരുടെ മരണവർഷത്തെയും വയസിനെയും കുറിക്കുന്നുവെന്നാണ് വ്യാഖ്യാതാക്കളുടെ പക്ഷം" (Erica Cheetham: The Final Prophesies of Nostrademus Page 361) എസ്.കെ. ശർമയുടെ വ്യാഖ്യാനം ഇങ്ങനെ: 'നിഷ്കാസിതയായ വനിത (ഇന്ദിരാഗാന്ധി) രണ്ടാംതവണ അധികാരത്തിൽവരുമെന്ന് നൊസ്ട്രാഡമസ് വ്യക്തമായി പ്രവചിച്ചിരുന്നു (സെൻചുറീസ് 6:74). ഈ നേരം അവരുടെ ശത്രുക്കൾ ഗൂഢാലോചനക്കാരാകുമെന്നും അദ്ദേഹം പറയുന്നു (അവരെ കൊല്ലുവാനല്ലെങ്കിൽ പിന്നെന്തിന്?) എങ്കിലും ഇത്തവണ അവരുടേത് വമ്പിച്ച വിജയമായിരിക്കും. പക്ഷെ, എഴുപത് വയസ്സിന് മുമ്പ് അവർ മരിക്കും' (A.K. Sharma: The Complete Prophesies of Immortal seer Nostradamus Page 12)

നാല്. നൊസ്ട്രാഡമിൻെറ വചനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് നടത്തപ്പെട്ട പല ഭാവികാല പ്രവചനങ്ങളും സംഭവിച്ചിട്ടില്ല. ഉദാഹരണത്തിന് നൊസ്ട്രാഡമസിൻെറ പ്രവചനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് 1967ൽ മൂന്നാം ലോക മഹായുദ്ധമുണ്ടാകുമെന്ന് പിട്രോണി തുസ്ക്കാനയെന്ന ഇറ്റാലിയൻ പണ്ഡിതൻ പറഞ്ഞിരുന്നു (മലയാള മനോരമ ദിനപത്രം 22-3-1952). അത് സംഭവിച്ചില്ല. അമേരിക്കക്കാരനായ ജോൺഹോഗ് 1999 ജൂലൈയിൽ ലോകമഹായുദ്ധമുണ്ടാകുമെന്ന് നൊസ്ട്രാഡമ്സിൻെറ വചനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവചിച്ചു (മംഗളം വാരിക 9-5-1990). അതും നടന്നില്ല. ഇങ്ങനെ ഭാവികാലത്തെപ്പറ്റി നൊസ്ട്രാഡമസിൻെറ വചനങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവചനങ്ങളൊന്നും കൃത്യമായി സംഭവിച്ചിട്ടില്ല. എന്നാൽ ഇവയ്ക്ക് വാർത്താ പ്രാധാന്യം നൽകാതെ നൊസ്ട്രാഡമസിൻെറ പ്രവചനങ്ങളെല്ലാം സംഭവിച്ചിട്ടുണ്ടെന്ന് വരുത്തിത്തീർത്ത് സാധാരണ വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതിൽ നൊസ്ട്രാഡമയിയന്മാർ ഒരു അളവോളം വിജയിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം.

അഞ്ച്. പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് പറയുന്ന നൊസ്ട്രാ





ഡമസിൻെറ പ്രവചനങ്ങൾക്ക് പൂർത്തീകരിക്കപ്പെട്ടുവെന്ന രീതിയിലുള്ള വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുള്ളത് പ്രസ്തുത സംഭവങ്ങൾക്ക് ശേഷമാണ്. ഉദാഹരണത്തിന് നടേ പറഞ്ഞ ഇന്ദിരാഗാന്ധിയെക്കുറിച്ചുള്ളതാണെന്ന് എ.കെ. ശർമ വ്യാഖ്യാനിച്ചിരിക്കുന്ന സെഞ്ചുറീസ് 6:74ന് അദ്ദേഹത്തിൻേറതുപോലെയുള്ള ഒരു വ്യാഖ്യാനം ഇന്ദിരാഗാന്ധിക്ക് മുമ്പ് ആരും നൽകിയിട്ടില്ല. അതേപോലെതന്നെയാണ് രാജീവ് ഗാന്ധിയെയും അദ്ദേഹത്തിൻെറ മരണത്തെയുംകുറിച്ചനൊസ്ട്രാഡമസിൻെറ പ്രവചനമാണെന്ന് ശർമ പറയുന്ന 7:75ൻെറയും സ്ഥിതി. 1991ൽ രാജീവ് ഗാന്ധി കൊല്ലപ്പെടുന്നതിന് മുമ്പ് ഈ വചനത്തെ രാജീവിൻെറ വധവുമായി ആരും ബന്ധപ്പെടുത്തുകയോ ഈ വചനത്തിൻെറ വെളിച്ചത്തിൽ രാജീവ് ഗാന്ധി കൊല്ലപ്പെടുമെന്ന് ആരെങ്കിലും പ്രവചിക്കുകയോ ചെയ്തിട്ടില്ല. എങ്ങനെയും വ്യാഖ്യാനിക്കാൻ പറ്റുന്ന വചനങ്ങളെ ഓരോ സംഭവങ്ങൾക്കുംശേഷം ആ സംഭവങ്ങളെക്കുറിച്ച പ്രവചനങ്ങളാണെന്ന് വരുത്തിത്തീർത്ത് വ്യാഖ്യാനിക്കുകയാണ് നൊസ്ട്രാഡമസ് വ്യാഖ്യാതാക്കൾ ചെയ്തിട്ടുള്ളത് എന്നർത്ഥം.

## മറ്റ് ഗ്രന്ഥങ്ങളിലുണ്ടെന്ന് പറയപ്പെടുന്ന പ്രവചനങ്ങളിൽനിന്ന് വ്യത്യസ്തമായി എന്ത് സവിശേഷതയാണ് ഖുർആനിലെ പ്രവചനങ്ങൾക്കുള്ളത്?

മറ്റ് ഗ്രന്ഥങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി ഖുർആനിലെ പ്രവചനങ്ങൾ കൃത്യവും സൂക്ഷ്മവുമാണ്. യാതൊരുവിധ വ്യാഖ്യാനക്കസർത്തുകളുമില്ലാതെത്തന്നെ ഏതൊരു സാധാരണക്കാരനും മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ സരളമാണവ. ഖുർആനിലെ പ്രവചനങ്ങൾക്ക് നിദാനമായ സംഭവങ്ങൾ കഴിഞ്ഞശേഷം വ്യാഖ്യാനിച്ച് ഒപ്പിക്കപ്പെട്ട കാര്യങ്ങളല്ല അവ. മറിച്ച്, ഖുർആനിലെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത സംഭവങ്ങൾ പ്രതീക്ഷിക്കുകയായിരുന്നു വിശ്വാസികൾ ചെയ്തിരുന്നത്.

ഉദാഹരണത്തിന് ഖുർആനിലെ പ്രധാനപ്പെട്ട ഒരു പ്രവചനം നോക്കുക: 'അടുത്ത നാട്ടിൽവെച്ച് റോമക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ പരാജയത്തിനുശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽതന്നെ അവർ വിജയം നേടുന്നതാണ്' (30:2-5)

പ്രവാചകൻെറ കാലത്തുതന്നെ പൂർത്തീകരിക്കപ്പെട്ട ഒരു ഖുർ

ആനിക പ്രവചനമാണിത്. ഈ പ്രവചനവുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്:

ഒന്ന്) മക്കയിൽവെച്ച് അവതരിപ്പിക്കപ്പെട്ട സൂക്തമാണിത്. ഹിജ്റയ്ക്ക് മുമ്പ് നടന്ന ഒരു യുദ്ധത്തിലാണ് അറേബ്യൻ ഉപദ്വീപിൻെറ അയൽപ്രദേശമായ റോമാസാമ്രാജ്യത്തെ പേർഷ്യൻ ചക്രവർത്തിയായ ഖുസ്യുപർവേസ് പരാജയപ്പെടുത്തിയത്. ക്രിസ്താബ്ദം 615ലാണ് ഈ പരാജയം സംഭവിച്ചത്. വേദക്കാരായ ക്രൈസ്തവരുടെ മേൽ അഗ്നിപൂജകരായ പേർഷ്യക്കാർ നേടിയ വിജയം മക്കാമുശ്രിക്കുകളെ സന്തോഷിപ്പിക്കുകയും മുസ്‌ലിംകളെ ദുഃഖിപ്പിക്കുകയും ചെയ്തത് സ്വാഭാവികമായിരുന്നു. ഈ സന്ദർഭത്തിലാണ് നടേ സൂചിപ്പിച്ച സൂക്തങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. ഈ സൂക്തങ്ങളിൽ യാതൊരുവിധ സങ്കീർണതയോ വളച്ചുകെട്ടോ ഇല്ല. ഏതൊരാൾക്കും മനസ്സിലാക്കാവുന്ന ആശയങ്ങളാണ് ഇതിലുള്ളത്. "ഏതാനും വർഷങ്ങൾക്കുള്ളിൽ റോമക്കാർ വിജയിക്കും" എന്ന പ്രവചനത്തിൻെറ അർത്ഥം മനസ്സിലാക്കാൻ കഴിയാത്ത ആരുംതന്നെ അന്ന് അറേബ്യയിലുണ്ടാകാനിടയില്ല.

രണ്ട്) ഈ വചനം അവതരിപ്പിക്കപ്പെട്ടപ്പോൾ പ്രവാചകാനുചരന്മാരിൽ പ്രമുഖനായ അബൂബക്കറും (റ) മക്കാ മുശ്രിക്കുകളിൽപെട്ട ഉമയ്യത്തുബ്നു ഖലഫും തമ്മിൽ ഒരു പന്തയം നടന്നു. ഏതാനും ഒട്ടകങ്ങൾക്കായിരുന്നു പന്തയം. 'ഫീ ബിദ്ഇ സിനീൻ' എന്നാണ് റോമാക്കാരുടെ വിജയം പ്രവചിച്ചുകൊണ്ട് ഖുർആൻ പറഞ്ഞത്. "ഏതാനും കൊല്ലങ്ങൾക്കുള്ളിൽ" എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്നത് ഈ പ്രയോഗത്തെയാണ്. മൂന്നുമുതൽ ഒൻപതുവരെയുള്ള എണ്ണത്തിനാണ് 'ബിദ്അ്' എന്ന് പ്രയോഗിക്കാറുള്ളത്. ഒൻപത് വർഷത്തിനുള്ളിൽ റോമാക്കാർ പേർഷ്യക്കാരുടെമേൽ വിജയം വരിക്കുമെന്ന് ഈ വചനങ്ങളിൽനിന്ന് മനസ്സിലാക്കിയതിൻെറ അടിസ്ഥാനത്തിലാണ് അബൂബക്കർ (റ) പന്തയത്തിലേർപ്പെട്ടത്. പന്തയത്തിൽ അബൂബക്കർ (റ) വിജയിച്ചു. ക്രിസ്താബ്ദം 622ൽ നടന്ന യുദ്ധത്തിൽ പേർഷ്യക്കാരെ റോമൻ ചക്രവർത്തിയായിരുന്ന ഹിരാക്ലിയസ് തോൽപിക്കുകയും സാമ്രാജ്യം പുനഃസ്ഥാപിക്കുകയും ചെയ്തതോടെ ഖുർആനിലെ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടു. അബൂബക്കറു(റ)മായി പന്തയത്തിലേർപ്പെട്ടവർ പന്തയത്തിന് നിശ്ചയിക്കപ്പെട്ട ഒട്ടകങ്ങൾ അദ്ദേഹത്തിന് നൽകുകയും, മുഹമ്മദ് (സ)ന





ബിയുടെ നിർദ്ദേശാനുസാരം അവദാനം ചെയ്യുകയുമാണുണ്ടായതെന്ന് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. ഖുർആനിൻെറ ഈ പച്ചയായ പ്രവചനത്തെക്കുറിച്ച് പ്രവാചകാനുചരന്മാർ ബോധവാന്മാരായിരുന്നുവെന്നും അവരെല്ലാം ഈ പ്രവചനത്തിൻെറ പൂർത്തീകരണം കാത്തിരിക്കുകയുമായിരുന്നുവെന്ന് ഈ സംഭവത്തിൽനിന്ന് സുതരാം വ്യക്തമാണ്. ഒരു സംഭവം നടന്ന ശേഷം അതിനനുസരിച്ച് ഒരു ഖുർആനിക വചനം പ്രവചനമായി വ്യാഖ്യാനിക്കപ്പെടുകയല്ല ചെയ്തതെന്ന് സാരം.

മൂന്ന്) ഈ സൂക്തങ്ങളിൽ ശേഷം പറയുന്ന കാര്യങ്ങളും കൃത്യമായി സംഭവിച്ചുവെന്ന് ചരിത്രം പരിശോധിച്ചാൽ ബോധ്യമാവും. 'അന്നേ ദിവസം സത്യവിശ്വാസികൾ അല്ലാഹുവിൻെറ സഹായം കൊണ്ട് സന്തുഷ്ടരാകുന്നതാണ്' എന്നാണ് റോമക്കാരുടെ വിജയത്തിൻെറ നാളിനെക്കുറിച്ച് ഖുർആൻ പറയുന്നത്. റോമാ സാമ്രാജ്യത്തിൻെറ വിജയത്തിൽ അഗ്നിപൂജകരുടെമേൽ വേദക്കാരുടെ വിജയമെന്ന രീതിയിൽ മുസ്‌ലിംകൾക്കുണ്ടായ സന്തോഷം പ്രത്യേകം പറയേണ്ടതില്ല. മാത്രവുമല്ല, പ്രസ്തുത വിജയത്തോടെ ഖുർആനിൻെറ ദൈവികത വ്യക്തമാവുന്ന ഒരു സംഭവത്തിനുകൂടി ലോകം സാക്ഷ്യം വഹിക്കുകയാണല്ലോ. ആ നിലക്കും മുസ്‌ലിംകൾ സന്തോഷഭരിതരായിരുന്നു. ഇവ മാത്രമായിരുന്നില്ല അന്നേദിവസത്തെ സത്യവിശ്വാസികളുടെ സന്തോഷം. പേർഷ്യയുടെ ഹൃദയഭാഗത്തേക്ക് റോമാക്കാർ പ്രവേശിക്കുകയും അവരുടെ വിജയം ഉച്ചിയിലെത്തുകയും ചെയ്തത് ക്രിസ്താബ്ദം 624ലാണ്. പേരിന് മാത്രമുള്ള ആയുധങ്ങളുമായി മുന്നൂറ്റി പതിമൂന്നുപേർ സർവ്വായുധവിഭൂഷിതരായ ആയിരത്തിലധികം പേരുമായി നടന്ന പോരാട്ടം. ഈ പോരാട്ടത്തിൽ അല്ലാഹുവിൻെറ സഹായത്താൽ സത്യവിശ്വാസികൾ വിജയിച്ചു. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. അല്ലാഹുവിൻെറ കൽപനപ്രകാരമുള്ള ആദ്യത്തെ സായുധ സമരത്തിലെ സത്യവിശ്വാസികളുടെ വിജയവും അതോടനുബന്ധിച്ച ആഹ്ലാദവുമുണ്ടായത് റോമാസാമ്രാജ്യത്തിൻെറ വിജയം ഉച്ചിയിലെത്തിയ അതേ കാലത്തായിരുന്നു. അല്ലാഹുവിൻെറ സഹായംകൊണ്ടുള്ള ആഹ്ലാദം! 'അന്നേദിവസം സത്യവിശ്വാസികൾ അല്ലാഹുവിൻെറ സഹായംകൊണ്ട് സന്തുഷ്ടരാകുന്നതാണ്' എന്ന പ്രവചനം എത്ര കൃത്യമായാണ് പൂർത്തീക

രിക്കപ്പെട്ടിരിക്കുന്നത്!

ഇങ്ങനെയുള്ളവയാണ് ഖുർആനിലെ പ്രവചനങ്ങളെല്ലാം. അവ ആർക്കും പരിശോധിക്കാവുന്ന തരത്തിൽ ഇന്നും ഖുർആനിൽ നില നിൽക്കുന്നു. ഏതൊരു സാധാരണക്കാരനും മനസ്സിലാവുന്നവയാണ് പ്രസ്തുത വചനങ്ങൾ.

## ഖുർആനിലെ മറ്റ് പ്രവചനങ്ങൾ ഏതൊക്കെയാണ്?

കുറേ പ്രവചനങ്ങൾ നടത്തുന്ന കേവല പ്രവചനഗ്രന്ഥമല്ല, പ്ര ത്യുത മനുഷ്യർക്ക് മാർഗദർശനം നൽകുന്ന ഗ്രന്ഥമാണ് ഖുർആൻ. നന്മയെന്തെന്നും തിന്മയെന്തെന്നും കൃത്യമായി വ്യവഛേദിച്ച് പഠി പ്പിക്കുന്ന ഗ്രന്ഥം. മനുഷ്യരെ സന്മാർഗ്ഗനിഷ്ഠരാക്കുവാൻ ഉപയുക് തമായ നിർദ്ദേശങ്ങൾ നൽകുന്നതിനിടയ്ക്കാണ് ഖുർആനിൽ പ്രവ ചനങ്ങളും ശാസ്ത്രീയ പരാമർശങ്ങളും ചരിത്രപാഠങ്ങളുമെല്ലാം ക ടന്നുവരുന്നത്. ഖുർആനിൻെറ പൊതുവായ ഇതിവൃത്തത്തിനും ആശയങ്ങൾക്കും അനുഗുണമായ രീതിയിലുള്ള പ്രവചനങ്ങളാണ് അതിലുള്ളത്. ഖുർആനിനെയും പ്രവാചക ദൗത്യത്തെയും മരണാ നന്തര ജീവിതത്തെയുംകുറിച്ച പ്രവചനങ്ങൾ. ഇവയിൽ അവസാന നാളിനെയും മരണാനന്തര ജീവിതത്തെയും കുറിച്ചവയല്ലാത്ത പ്രവ ചനങ്ങളെല്ലാം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവചനങ്ങ ളിൽ ചിലവ കാണുക:

ഒന്ന്) ഖുർആനിനെക്കുറിച്ചുള്ളവ

“പറയുക: ഈ ഖുർആൻപോലെന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതു പോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽപോലും” (17:88).

“നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻേറതുപോലുള്ള ഒരധ്യാ യമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾ ക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാ രാണെങ്കിൽ. നിങ്ങൾക്ക് അത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ-നിങ്ങൾ ക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല- മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂ ക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെ





ട്ടതാകുന്നു അത്” (2:23,24).

“തീർച്ചയായും ഈ ഉദ്ബോധനം തങ്ങൾക്ക് വന്നുകിട്ടിയ പ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടം വരുത്തിയവർതന്നെ.) തീർ ച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥംതന്നെയാകുന്നു. അതി ൻെറ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെ ത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവൻെറ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്” (41:41,42).

“തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർ ച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്” (15:9).

“തീർച്ചയായും അതിൻെറ (ഖുർആൻെറ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക” (75:17,18).

ഈ സൂക്തങ്ങളിലെ പ്രവചനങ്ങളെല്ലാം പൂർത്തീകരിക്കപ്പെ ട്ടുവെന്നതിന് കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകാലത്തെ ചരിത്രം സാക്ഷിയാണ്. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

(i) ഖുർആനിന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരുന്നതിനു വേണ്ടി പലരും ശ്രമിച്ചിട്ടുണ്ട്; ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ പരിശ്രമങ്ങളെല്ലാം പൂർണമായ പരാജയത്തിലാണ് കലാശിച്ചി ട്ടുള്ളത്.

(ii) ഖുർആനിലെ ചെറുതോ വലുതോ ആയ ഏതെങ്കിലും ഒരു അധ്യായത്തിന് തുല്യമായ ഒരു അധ്യായം കൊണ്ടുവരാൻപോലും ഇതുവരെ മനുഷ്യസമൂഹത്തിന് കഴിഞ്ഞിട്ടില്ല; ഇനിയൊട്ട് കഴിയു കയുമില്ല.

(iii) ഖുർആനിൽ മായം ചേർക്കുവാനും ദൈവികമല്ലാത്ത വചന ങ്ങൾ ഖുർആനിൻെറ ശൈലിയിൽ എഴുതി അതിൽ സമർത്ഥമായി വെച്ചുപിടിപ്പിക്കുവാനുമെല്ലാമുള്ള ശ്രമങ്ങൾ ഖുർആനിൻെറ അവ തരണകാലംമുതൽ ഇന്നുവരെ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ ശ്രമ ങ്ങൾക്കൊന്നും വിജയിക്കാൻ കഴിഞ്ഞിട്ടില്ല.

(iv) മുഹമ്മദ് നബി (സ) പഠിപ്പിച്ച അതേ രീതിയിൽതന്നെ മാറ്റ ങ്ങൾക്കൊന്നും വിധേയമാകാതെ നിലനിൽക്കുന്ന ഗ്രന്ഥമാണ് ഖുർ ആൻ. ഒരാൾക്കും ഒരിക്കലും മാറ്റംവരുത്താൻ കഴിയാത്ത രീതിയി ലുള്ളതാണ് അതിൻെറ സംരക്ഷണം.

(v) ഖുർആനിൻെറ അവതരണത്തോടൊപ്പംതന്നെ അത് ക്രോഡീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവാചകൻെറ (സ) മരണത്തിന് മുമ്പുള്ള റമദാനിൽ ജിബ്രീൽ (അ) പ്രത്യക്ഷപ്പെട്ട് പൂർണമായും ക്രോഡീകരിക്കപ്പെട്ട രീതിയിൽ രണ്ട് തവണ പ്രവാചകനെക്കൊണ്ട് ഖുർആൻ പൂർണമായി ഓതിപ്പിക്കുകയുണ്ടായി. ഇങ്ങനെ ക്രോഡീകരിക്കപ്പെട്ട അതേ ക്രമത്തിലും രൂപത്തിലുമാണ് ഇന്നും ഖുർആൻ നിലനിൽക്കുന്നത്.

രണ്ട്) മുഹമ്മദ് നബി (സ)യുടെ ദൗത്യത്തെക്കുറിച്ചുള്ളവ:-

"കൂടുതൽ എളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യം ഉണ്ടാക്കിത്തരുന്നതാണ്" (87:8).

"വഴിയെ നിനക്ക് നിൻെറ രക്ഷിതാവ് (അനുഗ്രഹങ്ങൾ) നൽകുന്നതും അപ്പോൾ നീ തൃപ്തിപ്പെടുന്നതുമാണ്" (93:5)."നിൻെറ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം" (17:79).

"തീർച്ചയായും നിനക്ക് ഈ ഖുർആൻ നിയമമായി നൽകിയവൻ തിരിച്ചെത്തേണ്ട സ്ഥാനത്തേക്ക് നിന്നെ തിരിച്ചുകൊണ്ടുവരികതന്നെ ചെയ്യും" (28:85).

"ചില്ലറ ശല്യമല്ലാതെ നിങ്ങൾക്ക് ഒരു ഉപദ്രവവും വരുത്താൻ അവർക്കാവുകയില്ല. ഇനി അവർ നിങ്ങളോട് യുദ്ധത്തിൽ ഏർപ്പെടുകയാണെങ്കിൽ അവർ പിന്തിരിഞ്ഞോടുന്നതാണ്. പിന്നീട് അവർക്ക് സഹായം ലഭിക്കുകയുമില്ല" (3:111).

"നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും, അവൻ അവരെ അപമാനിക്കുകയും, അവർക്കെതിരെ നിങ്ങളെ അവൻ സഹായിക്കുകയും, വിശ്വാസികളായ ആളുകളുടെ ഹൃദയങ്ങൾക്ക് അവൻ ശമനം നൽകുകയും ചെയ്യുന്നതാണ്" (9:14).

"തീർച്ചയായും ഞാനും എൻെറ ദൂതന്മാരും തന്നെയാണ് വിജയം നേടുക എന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു" (58:21).

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെതന്നെ





തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിൻെറ കാര്യത്തിൽ അവൻ അവർക്ക് സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്നുവെങ്കിൽ അവർ തന്നെയാകുന്നു ധിക്കാരികൾ" (24:55).

"തീർച്ചയായും നിനക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു" (48:1).

"അല്ലാഹു അവൻെറ ദൂതന് സ്വപ്നം സത്യപ്രകാരം സാക്ഷാൽക്കരിച്ചിരിക്കുന്നു. അതായത് അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം സമാധാനചിത്തരായിക്കൊണ്ട് തലമുണ്ഡനം ചെയ്തവരും മുടി വെട്ടിയവരുമായിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുക തന്നെ ചെയ്യുന്നതാണെന്ന സ്വപ്നം. എന്നാൽ നിങ്ങൾ അറിയാത്തത് അവൻ അറിഞ്ഞിട്ടുണ്ട്. അതിനാൽ അതിനുപുറമെ സമീപസ്ഥമായ ഒരു വിജയം അവൻ ഉണ്ടാക്കിത്തന്നു" (48:27)

ഈ സൂക്തങ്ങളിൽ മുഹമ്മദ് നബി (സ)യുടെ ദൗത്യത്തിൻെറ വിജയമാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ആദ്യം ഉദ്ധരിച്ച നാല് സൂക്തങ്ങളും മക്കയിലും ബാക്കിയുള്ളവ മദീനയിലുംവെച്ച് അവതരിപ്പിക്കപ്പെട്ടവയാണ്. മക്കാ വിജയത്തോടെ പൂർണമായി പൂർത്തീകരിക്കപ്പെട്ട പ്രവചനങ്ങളാണിവ. ഇവയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്:

(i) പീഡനങ്ങളും പ്രയാസങ്ങളും സഹിച്ച് പ്രബോധനപ്രവർത്തനങ്ങൾ നടത്തുന്നതിനിടെയാണ് മക്കയിൽവെച്ച് മുഹമ്മദ് നബി (സ)യോട് നിനക്ക് എളുപ്പമുണ്ടാകുമെന്നും തൃപ്തികരമായ രീതിയിൽ അനുഗൃഹീത സ്ഥാനത്ത് നിയോഗിക്കപ്പെടുമെന്നുമെല്ലാം ഖുർആൻ വാഗ്ദാനം ചെയ്യുന്നത്. അന്നത്തെ അവസ്ഥയിൽ ഒരാൾക്ക് സങ്കൽപിക്കാൻപോലും അസാധ്യമായിരുന്നു മുഹമ്മദ് നബി (സ)യുടെയും ഇസ്‌ലാമിൻെറയും വിജയങ്ങൾ. എന്നാൽ ഖുർആൻ പ്രവചിച്ചതുപോലെത്തന്നെ സംഭവിച്ചു. പ്രയാസപൂർണ്ണമായ മക്കാ ജീവി

ത്തിനുശേഷം മദീനയിലേക്ക് പലായനം ചെയ്യുകയും അവിടെ ഒരു ഇസ്‌ലാമിക സമൂഹം ഉണ്ടാവുകയും ചെയ്തതോടെ ഈ പ്രവചനങ്ങളുടെ പൂർത്തീകരണമായി. അവസാനം മക്കാ വിജയത്തോടെ അറേബ്യയുടെ സിംഹഭാഗവും ഇസ്‌ലാമിന് കീഴിൽ വരികയും ഈ പ്രവചനങ്ങളുടെ പൂർണമായ പൂർത്തീകരണം നടക്കുകയും ചെയ്തു.

(ii) മദീനയിലേക്കുള്ള പ്രവാചകൻെറ പലായനത്തിനിടെ ജുഹ്ഫയിൽവെച്ച് അവതരിപ്പിക്കപ്പെട്ടതാണ് ഉദ്ധരിച്ചിരിക്കുന്ന നാലാമത്തെ സൂക്തം (28:85). ജനിച്ചുവളർന്ന നാട്ടിൽനിന്ന് പലായനം ചെയ്യുന്നതിൽ പ്രയാസമുണ്ടായിരുന്ന പ്രവാചകനോട് “നിന്നെ മടക്കസ്ഥാനത്തേക്ക് തിരിച്ചുകൊണ്ടുവരും’ എന്ന് അല്ലാഹു വാഗ്ദാനം ചെയ്യുകയാണ് ഈ സൂക്തത്തിൽ ചെയ്യുന്നത്. മക്കയിലേക്ക് ഇനി മടങ്ങിവരാൻ ഒരിക്കലും കഴിയില്ലെന്ന് തോന്നുന്ന സമയത്താണ് ഈ വാഗ്ദാനമുണ്ടായതെന്നോർക്കുസ. പ്രവചനത്തിൻെറ പൂർതീകരണമായിക്കൊണ്ട് സർവ്വവിധ ബഹുമതികളോടുംകൂടി മക്കയിൽ പ്രവാചകൻ തിരിച്ചെത്തുകയും മക്കാരാജ്യം മുഴുവൻ പ്രവാചകൻെറ (സ) ഭരണത്തിൻകീഴിൽ വരികയും ചെയ്തു.

(iii) യുദ്ധം അനുവദിക്കപ്പെട്ടശേഷം അവതരിച്ച സൂക്തങ്ങളാണ് ഉദ്ധരിക്കപ്പെട്ട അവസാനത്തെ ആറ് സൂക്തങ്ങൾ. ഇവയിലെ ആദ്യ സൂക്തങ്ങളിൽ (3:11, 9:14) യുദ്ധരംഗത്ത് അവിശ്വാസികൾക്ക് യാതൊരുവിധത്തിലും കാര്യമാത്ര പ്രസക്തമായ നഷ്ടങ്ങളുണ്ടാവുകയില്ലെന്ന് പ്രവചിച്ചിരിക്കുന്നു. പ്രവാചകൻെറ കാലത്ത് നടന്ന 81 യുദ്ധങ്ങളിൽ ആകെ മുസ്‌ലിംകൾക്കുണ്ടായ ആൾനഷ്ടം 259 ആയിരുന്നു. ഈ യുദ്ധങ്ങളിലെല്ലാംകൂടി ആകെ 759 അമുസ്‌ലിംകൾ കൊലചെയ്യപ്പെട്ടുവെന്ന് മാത്രമല്ല ബഹുദൈവാരാധനയിൽ അധിഷ്ഠിതമായ ആ സാമൂഹ്യവ്യവസ്ഥ പാടെ തകരുകയും തൽസ്ഥാനത്ത് ഏകദൈവാരാധനയിലധിഷ്ഠിതമായ സാമൂഹ്യ സംവിധാനം സംസ്ഥാപിക്കപ്പെടുകയും ചെയ്തു. ഇങ്ങനെ, ഏത് വീക്ഷണത്തിലൂടെ നോക്കിയാലും അവിശ്വാസികൾക്കായിരുന്നു നഷ്ടം മുഴുവനും. മുസ്‌ലിംകൾക്കാവട്ടെ, യുദ്ധത്തിൽ സ്വാഭാവികമായുണ്ടാവുന്ന ചില്ലറ നാശനഷ്ടങ്ങളല്ലാതെ ഉണ്ടായിട്ടില്ല. ഖുർആനിലെ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഇവിടെയും നാം കാണുന്നത്.

(iv) സത്യവിശ്വാസികൾക്ക് സമ്പൂർണ്ണ വിജയം വാഗ്ദാനം ചെയ്യുന്നവയാണ് 58:2, 24:55 എന്നീ സൂക്തങ്ങൾ. അധികാരവും നിർഭയത്വവും മതസ്വാതന്ത്ര്യവും പൂർണമായി നൽകപ്പെടുന്ന നാളെയെക്കുറിച്ച വാഗ്ദാനം. മക്കാ വിജയത്തോടെ ഈ വാഗ്ദാനം പൂർണമായും പാലിക്കപ്പെട്ടു.





(v) അവസാനം ഉദ്ധരിച്ച സൂറത്തുൽ ഫത്ഹിലെ രണ്ട് വചനങ്ങൾ (48:1, 48:27) ഹിജ്റ ആറാം വർഷത്തിൽ നടന്ന ഹുദൈബിയാ സന്ധിയോടനുബന്ധിച്ച് അവതരിപ്പിക്കപ്പെട്ടവയാണ്. സന്ധിയിലെ വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്ക് ദോഷകരമാണെന്ന് തോന്നിപ്പിക്കുന്നതരത്തിലുള്ളവയായിരുന്നു. അതുകൊണ്ടുതന്നെ സഹാബിമാരിൽ പലരും ഈ സന്ധിയോട് വിയോജിപ്പുള്ളവരുമായിരുന്നു. എന്നിട്ടും പ്രസ്തുത സന്ധിയെക്കുറിച്ച് ഖുർആൻ പറഞ്ഞത് “പ്രത്യക്ഷമായ വിജയം” എന്നാണ്. ഹുദൈബിയാ സന്ധിയിലെ വ്യവസ്ഥകൾ കണ്ടാൽ ഒരാൾക്കുംതന്നെ ഇങ്ങനെ പറയാനാവില്ല. പക്ഷെ, പ്രസ്തുത സന്ധി വലിയൊരു വിജയംതന്നെയായിരുന്നുവെന്ന് കാലം തെളിയിച്ചു. സന്ധികാലത്താണ് ഇസ്‌ലാം അയൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും സമാധാനപൂർണമായ ആശയവിനിമയത്തിനുമുള്ള അവസരമുണ്ടായത്. അവസാനം, ഖുറൈശികൾക്ക് എല്ലാ അർത്ഥത്തിലും അനുകൂലമാണെന്ന് കരുതപ്പെട്ടിരുന്ന സന്ധിവ്യവസ്ഥകൾ ലംഘിക്കുവാൻ അവർതന്നെ ധൃഷ്ടരായി. അങ്ങനെയാണ് മക്കാ വിജയത്തിലേക്ക് നയിച്ച സംഭവങ്ങളുണ്ടായത്. 48:1ൽ പറഞ്ഞതുപോലെ ഹുദൈബിയാ സന്ധി പ്രത്യക്ഷമായ വിജയംതന്നെയായിരുന്നുവെന്ന് മക്കാവിജയത്തോടെ എല്ലാവർക്കും ബോധ്യമായി. 48:27ൽ പ്രവചിച്ചതുപോലെ ഹുദൈബിയ്യാ സന്ധികഴിഞ്ഞ് അടുത്തവർഷം തന്നെ മുഹമ്മദ് നബി (സ)യും അനുയായികളും മക്കയിലെത്തി ഉംറ നിർവഹിക്കുകയും ചെയ്തു.

### ഖുർആനിൽ ഉണ്ടെന്ന് പറയുന്ന പ്രവചനങ്ങൾ തൻെറ അനുയായികളെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും വിശ്വസ്തരാക്കുകയും ചെയ്യുന്നതിനായി മുഹമ്മദ് നബി ബോധപൂർവ്വം മെനഞ്ഞെടുത്തവയാണെന്ന് വന്നുകൂടെ?

പരിശുദ്ധ ഖുർആനിലെ പ്രവചനങ്ങൾ മുഹമ്മദ് നബി (സ)യുടെ ബോധപൂർവ്വമുള്ള രചനയാണെന്ന വാദം അടിസ്ഥാനരഹിതമാണ്. ഒരു മനുഷ്യന് അയാളെത്ര സമർത്ഥനായിരുന്നാലും ഖുർആനിലേതുപോലെയുള്ള പ്രവചനങ്ങൾ നടത്തുവാൻ കഴിയില്ല. ഏതൊരു

സേനാ നായകനുംചെയ്യുന്നതുപോലെ 'നമ്മൾ യുദ്ധത്തിൽ ജയിക്കും' എന്ന് തൻെറ അനുയായികളോട് പറഞ്ഞ് അവരെ പ്രചോദിപ്പിക്കുന്ന വചനങ്ങളാണ് ഖുർആനിലെ പ്രവചനങ്ങളെന്ന് മുസ്‌ലിംകൾ വാദിക്കുന്നതെന്ന് വിമർശിക്കപ്പെടാറുണ്ട്. ഈ വിമർശനം അടിസ്ഥാനരഹിതമാണ്. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

(ഒന്ന്) റോമാക്കാരുടെ വിജയത്തെ സംബന്ധിച്ച ഖുർആനിലെ പ്രവചനത്തിൽ കൃത്യമായി എത്രകൊല്ലത്തിനുള്ളിൽ വിജയിക്കുമെന്ന് പറഞ്ഞിട്ടില്ല. എന്നാൽ പ്രസ്തുത വചനങ്ങളിൽനിന്ന് മൂന്നിനും ഒൻപതിനുമിടയിൽ അത് സംഭവിക്കുമെന്ന് വ്യക്തവുമാണ്. ഈ സൂക്തങ്ങളിൽ പറഞ്ഞകാര്യമല്ലാതെ അതിനേക്കാൾ കൂടിയ യാതൊരു അറിവും ഇക്കാര്യത്തിൽ മുഹമ്മദ് നബി (സ)യുടെ പക്കലുണ്ടായിരുന്നില്ലെന്നാണ് ഹദീസുകളിൽനിന്ന് വ്യക്തമാവുന്നത്. താൻ സ്വയം നിർമിച്ചെടുത്തതായിരുന്നു ഈ പ്രവചനമെങ്കിൽ ഇത്തരമൊരു അവസ്ഥയുണ്ടാകാൻ സാധ്യതയില്ലല്ലോ.

(രണ്ട്) ഖുർആനിന് തുല്യമായ ഒരു ഗ്രന്ഥമോ അതല്ലെങ്കിൽ ഒരു അധ്യായമെങ്കിലുമോ കൊണ്ടുവരാൻ വേണ്ടിയുള്ള വെല്ലുവിളിയോടനുബന്ധിച്ച് 'അത് അവർക്ക് ഒരിക്കലും കഴിയില്ല'യെന്ന പ്രവചനം നടത്താൻ സർവ്വലോക രക്ഷിതാവിനല്ലാതെ മറ്റാർക്കും കഴിയില്ല. ഈ പ്രവചനം നടത്തുന്നത് അറബി സാഹിത്യത്തിലെ അതികായന്മാർക്ക് നടുവിൽ നിന്നാണെന്നോർക്കണം. തൻെറ രചനയേക്കാൾ മികച്ച ഒരു രചന നടത്താൻ ആർക്കും കഴിയില്ലെന്ന് പറയാൻ ഒരു മനുഷ്യനും സാധിക്കുകയില്ല. മുഹമ്മദ് നബി (സ)യാണെങ്കിൽ ഈ പ്രഖ്യാപനം തൻെറ പ്രവാചകത്വത്തിൻെറ ഭാഗമായിട്ടാണ് നിർവ്വഹിച്ചിരിക്കുന്നത്. ഈ പ്രഖ്യാപനത്തിന് വെല്ലുവിളിയുണ്ടായാൽ താൻ പ്രവാചകനാണെന്ന അവകാശവാദം തകരുമെന്ന് അദ്ദേഹത്തിന് അറിയുകയും ചെയ്യാം. അതുകൊണ്ടുതന്നെ സുബോധമുള്ള ഒരു മനുഷ്യനും തൻേറതുപോലെ രചന നിർവ്വഹിക്കാൻ ഒരാൾക്കും കഴിയില്ലെന്ന് പറയുകയില്ല. പ്രസ്തുത പ്രഖ്യാപനം ശരിയായിരുന്നുവെന്നതിനും ഖുർആനിലെ ഒരു അധ്യായത്തിന് തുല്യമായ അധ്യായം പോലും കൊണ്ടുവരാൻ ഒരാൾക്കും കഴിഞ്ഞിട്ടില്ലെന്നതിനും കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകാലത്തെ ചരിത്രം സാക്ഷ്യംനിൽക്കുകയും ചെയ്യുന്നു. ഒരു മനുഷ്യൻെറ കേവല പ്രഖ്യാപനമല്ല ഇവയെന്ന് ഇത് വ്യക്തമാക്കുന്നു.





(മൂന്ന്) ഖുർആനിനെ സംരക്ഷിക്കുമെന്ന ദൈവിക വാഗ്ദാനത്തിൻെറയും സ്ഥിതി ഇതുതന്നെയാണ്. മുഹമ്മദ് നബി (സ)യുടെ കാലത്ത് കൃത്യമായി രണ്ട് ചട്ടകൾക്കുള്ളിലായി ഖുർആൻ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലല്ലോ. ആ നിലയ്ക്ക് ഖുർആനിൽ യാതൊരുവിധ മാറ്റവുംവരാതെ അവസാനനാളുവരെ സംരക്ഷിക്കുമെന്ന് പറയാൻ സർവ്വശക്തനല്ലാതെ മറ്റാർക്കാണ് കഴിയുക?

(നാല്) ഇസ്‌ലാമിൻെറ വിജയത്തെക്കുറിച്ച പ്രവചനങ്ങൾ അനുയായികളെ ആവേശം കൊള്ളിക്കുവാനും പ്രചോദിപ്പിക്കുവാനുംവേണ്ടി മുഹമ്മദ് നബി (സ)രചിച്ചവയാകുവാനുള്ള സാധ്യതയും തീരെയില്ലെന്നാണ് പ്രസ്തുത വചനങ്ങൾ പരിശോധിച്ചാൽ നമുക്ക് ബോധ്യപ്പെടുക. ഒരു സേനാനായകൻെറ കേവല വാഗ്ദാനങ്ങളല്ല, പ്രത്യുത കാര്യങ്ങളെല്ലാം നിശ്ചയിച്ചുറപ്പിച്ചവൻെറ ദൃഢമായ പ്രഖ്യാപനങ്ങളാണ് ഈ വചനങ്ങളിൽ നാം കാണുന്നത്. അനുയായികളെ പ്രചോദിപ്പിക്കാനായി ഒരു നേതാവ് പറയുന്ന കാര്യങ്ങളെല്ലാം എങ്ങനെയാണ് കൃത്യവും വ്യക്തവുമായി സംഭവിക്കുക. അതൊരിക്കലുമുണ്ടാവുകയില്ലല്ലോ. എന്നാൽ ഇവ്വിഷയകമായ ഖുർആനിക പ്രവചനങ്ങൾ കൃത്യമായി പുലർന്നതായാണ് സംഭവങ്ങൾ പരിശോധിച്ചാൽ നമുക്ക് ബോധ്യപ്പെടുക.

(അഞ്ച്) ഹുദൈബിയാ സന്ധിയെ 'പ്രത്യക്ഷമായ വിജയം' എന്ന് വിശേഷിപ്പിക്കുവാൻ സർവ്വശക്തനല്ലാതെ മറ്റൊരാൾക്കും കഴിയില്ല. പ്രവാചകാനുചരന്മാർപോലും അസംതൃപ്തി പ്രകടിപ്പിച്ച വ്യവസ്ഥകളായിരുന്നു അവയിലുണ്ടായിരുന്നത്. വ്യവസ്ഥകൾ എഴുതിയശേഷം അദ്ദേഹത്തിൻെറ കൽപന അനുസരിക്കാൻപോലും അവർ വൈമനസ്യം പ്രകടിപ്പിച്ചു. എന്നിട്ടും പ്രസ്തുത കരാറിൽനിന്ന് പിന്നോട്ട് പോവാതെ ഇത് പ്രത്യക്ഷ വിജയമാണെന്ന ദൈവിക ബോധനത്തിൽ അടിയുറച്ചുനിന്നു;പ്രവാചകൻ (സ). മുസ്‌ലിം സമൂഹത്തിൻെറ വിജയത്തിലേക്ക് ഈ സന്ധി വഴിതെളിയിക്കുമെന്ന യാതൊരു സൂചനയും വ്യവസ്ഥകളിലെവിടെയുമുണ്ടായിരുന്നില്ല. എന്നിട്ടും പ്രസ്തുത സന്ധിയെ പ്രത്യക്ഷ വിജയമായി അവതരിപ്പിക്കണ മെങ്കിൽ അത് ഭാവിയെപ്പറ്റി കൃത്യമായി അറിയുന്നവന്ന് മാത്രമെ കഴിയൂ. മുഹമ്മദ് നബിയുടെ സൃഷ്ടിയാണ് ഈ പ്രവചനമെന്ന് സ്ഥാപിക്കാനാവില്ലെന്നർത്ഥം. സർവ്വജ്ഞനായ തമ്പുരാനിൽനിന്നുള്ളതാണ് ഖുർആൻ എന്ന വസ്തുതയാണ് ഇവയെല്ലാം വ്യക്തമാക്കുന്നത്.

കൂടുതലറിയാൻ:

ഡയറക്ടർ
നിച്ച് ഓഫ് ട്രൂത്ത്
കലാഭവൻ റോഡ്
കൊച്ചിൻ - 682 018
ഫോൺ: 0484 - 2367810, 2352421
ഫാക്സ്: 0484 - 2380746
Website: www.nicheoftruth.org
E-mail: islam@nicheoftruth.org